# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 2, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 2

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 2, ചൊവ്വ

സ്പീക്കർ

**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി

**ശ്രീ. പി. ഡി ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 80

**II അടിയന്തരപ്രമേയം**

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന 565
(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധ ക്ഷണിക്കൽ**

1. തീരദേശവാസികൾ നേരിടുന്ന പ്രശ്നങ്ങൾ – 581
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

2. ഇടക്കാലാശ്വാസം – 585
ശ്രീ. സി. ദിവാകരൻ

**IV ക്രമപ്രശ്നം**

ഒരേ വിഷയം ആവർത്തിച്ച് ഉന്നയിക്കപ്പെടുന്നത് സംബന്ധിച്ച് 589

**V സബ്മിഷൻ**

1. ബാർ കോഴ –
പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) 590

2. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി – 595
ശ്രീ. ജോസഫ് വാഴക്കൻ

**VI അറിയിപ്പ്**

സഭയ്ക്കുള്ളിലെ അംഗങ്ങളുടെ മോശമായ പെരുമാറ്റം 596

**VII റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് 598

**VIII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് 598

**IX നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട്
കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും 599

(2) 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ 599

(3) 2014-ലെ കേരള കാർഷിക സർവ്വകലാശാല(ഭേദഗതി)ബിൽ 600

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

*2014 ഡിസംബർ 2, ചൊവ്വ*


| വാല്യം 157} | ഔദ്യോഗിക റിപ്പോർട്ട് | { നമ്പർ 2 |
|---|---|---|


നിയമസഭ 2014 ഡിസംബർ മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

# I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ........ ഓർഡർ...... ചോദ്യം നമ്പർ *31

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

**1 (*31)** ശ്രീ. ഇ. കെ വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതു വിപണിയിൽ നിന്നും കടമെടുത്ത തുക എത്രയാണ്; കടപത്രത്തിലൂടെ എത്ര തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുവിപണിയിൽ നിന്നും കടമെടുക്കുന്ന തുക വികസന പ്രവർത്ത നങ്ങൾക്ക് വിനിയോഗിക്കണമെന്ന വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ ബഡ്ജറ്റിൽ വിഭാവന ചെയ്യതരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിലെ കുറവുംമൂലം റവന്യൂ വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധനവ് ഉണ്ടായില്ല. ഈ സാഹചര്യത്തിലും, വികസന പ്രവർത്തനങ്ങൾക്ക് കുറവുവരാതെ നിലനിർത്തിയത് സാമ്പത്തിക ഞെരുക്കം ഉണ്ടാകാൻ കാരണമായിട്ടുണ്ട്.

ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണ ത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്ന തിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി

വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20 ശതമാനം കുറവ്വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന. നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/13/ധന. 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/13/ധന. എന്നീ ഉത്തരവുകൾവഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 26-11-2014 വരെ പൊതുവിപണിയിൽ നിന്നും കടപ്പത്രം മുഖേന 42,663 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

<u>ശ്രീ. ഇ. കെ. വിജയൻ :</u> സർ, സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ലെന്ന് പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി തുടങ്ങിയത്. ഇത് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമാവുന്ന പ്രസ്താവനയാണോ ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ചുരുങ്ങിയ വാക്കുകളിൽ ചോദ്യം ചോദിക്കണം. ഒട്ടേറെ ബഹുമാന്യരായ അംഗങ്ങൾക്ക് ഉപചോദ്യം ചോദിക്കാനുണ്ട്. അവർക്ക് അവസരം കൊടുക്കാൻ കഴിയുന്നില്ല. ഇന്നലെ രണ്ട് ചോദ്യം മാത്രമാണ് എടുക്കാൻ കഴിഞ്ഞത്. ചോദ്യോത്തരത്തിന് ഒരു മണിക്കൂർ സമയം മാത്രമാണുള്ളത്. അതുകൊണ്ട് ചോദ്യം ചുരുക്കി ചോദിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 3,500 കോടിയിലധികം രൂപ ഖജനാവിൽ മിച്ചമുണ്ടായിരുന്നു. കടപ്പത്രം മുഖേന ഇതുവരെ 42,663 കോടി രൂപ സമാഹരിച്ചുവെന്നാണ് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചത്. അതായത് മാസത്തിൽ ആയിരം രൂപയിലേറെ കടബാധ്യതയിലേയ്ക്കാണ് ഈ ഗവൺമെന്റ് വന്നിട്ടുള്ളത്. ജനപ്രതിനിധികൾ എന്ന നിലയിൽ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ ഒരുപാട് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കേരളത്തിൽ പി.ഡബ്ല്യൂ.ഡി./ ഗ്രാമീണ റോഡുകളുടെ പ്രവർത്തനങ്ങളെല്ലാം നിലച്ചിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. കരാറുകാർക്ക് കൊടുക്കാൻ ഇപ്പോൾ എത്ര രൂപയാണ് കുടിശ്ശികയുള്ളത് ? നിയമന നിരോധനം നടപ്പിലാക്കിയതിന്റെ ഭാഗമായി ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഇവയൊക്കെ മറികടക്കാൻ ഗവൺമെന്റ് എന്താണ് ചെയ്യുന്നത് ; റോഡുകളുടെ പ്രവർത്തനങ്ങൾ നടത്താനായി എന്ത് സംവിധാനമാണുള്ളത് ?

ശ്രീ. കെ. എം. മാണി : സർ, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ ഖജനാവിൽ തുക മിച്ചം വച്ചിട്ട് പോയിയെന്ന് പറഞ്ഞാണ് ബഹുമാനപ്പെട്ട മെമ്പർ തുടങ്ങിയത്. എന്നാൽ 5000 കോടി രൂപയുടെ ബാധ്യത ഈ ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടാണ് അവർ അധികാരം വിട്ടുപോയത്. അതിനെയെല്ലാം മറികടന്ന് ഞങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ : സർ, പഞ്ചായത്ത് രാജ് ഭേദഗതി ബിൽ ഇന്നലെ പാസ്സാക്കി. ഇപ്പോൾ ഗ്രാമപഞ്ചായത്തുകളുടെ അവസ്ഥ എന്താണ് ; പണം ട്രഷറിയിലൂടെ കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി ഫണ്ട് വിനിയോഗത്തിന് നിയന്ത്രണം വന്നിരിക്കുകയാണ്. ട്രഷറിനിയന്ത്രണം പഞ്ചായത്തുകൾക്കും ബാധകമാക്കിയതോടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. അത് പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗം ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവമായ വിഷയമാണ്. അക്കാര്യം പരിശോധിക്കാം. അതിനെക്കുറിച്ച് ആലോചിച്ച് വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സത്യവിരുദ്ധമായ സ്റ്റേറ്റ്മെന്റ് നടത്തുന്നത് നിർഭാഗ്യകരമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുള്ള കണക്ക് അങ്ങയുടെ കൈവശമുണ്ട്. അതുവച്ച് അങ്ങ് ഇങ്ങനെ പറയാൻ പാടുണ്ടോ ? സാമ്പത്തിക പ്രതിസന്ധി ഉണ്ടെന്ന് പറഞ്ഞാൽ എന്താണ് ക്ഷീണം ? സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് ഖജനാവ് നിയന്ത്രണം ഏർപ്പെടുത്തിയതുപോലുള്ള പല നടപടികളും എടുത്തിട്ടുണ്ട്. ഖജനാവ് കാലിയാണ്; നിങ്ങൾ ധവളപത്രം ഇറക്കാൻ തയ്യാറുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മെമ്പറിന് ഈ ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് വരുത്താൻ എന്താണ് ഇത്ര നിർബന്ധം. ഇവിടെയൊരു പ്രതിസന്ധിയുമില്ല. സാമ്പത്തിക ബുദ്ധിമുട്ട് മാത്രമാണുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, റവന്യൂ കമ്മിയും ധന കമ്മിയും പൊതു കടവും കുറച്ചു കൊണ്ടുവരണമെന്ന 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായല്ല ഇവിടെ കാര്യങ്ങൾ നടക്കുന്നത്. പൊതു വിപണിയിൽ നിന്നുള്ള കടമെടുപ്പ് ക്രമാതീതമായി വർദ്ധിച്ചുവരികയാണെന്ന് കണക്കുകൾ തെളിയിക്കുകയാണ്.

ഈ തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതിരിക്കുകയും ശമ്പളവും പെൻഷനും പലിശയും കൊടുക്കാൻ മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇപ്പോൾ സംസ്ഥാനത്തുള്ളതെന്ന വസ്തുത അങ്ങ് അംഗീകരിക്കുമെന്നാണ് തോന്നുന്നത്. ചെലവുകൾ നിയന്ത്രിക്കുന്നതിനോ നികുതിയും നികുതി കുടിശ്ശികയും പിരിച്ചെടുക്കുന്നതിനോ സർക്കാർ താൽപ്പര്യം കാണിക്കുന്നില്ല. ഓരോ മാസവും ആയിരം കോടി രൂപയെങ്കിലും പൊതു കടമെടുപ്പ് തുടരുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇരുപത്തി മൂവായിരത്തിൽപ്പരം കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാതിരിക്കാൻ ആരാണ് ധനകാര്യ വകുപ്പിനെ വിലക്കുന്നത് ; ഏത് ശക്തിയാണ് അതിനെ നിയന്ത്രിക്കുന്നത് ?

<u>ശ്രീ. കെ. എം. മാണി</u> : സർ, കുരുടൻ ആനയെ കണ്ടതുപോലെയാണ് ഈ ഗവൺമെന്റ് കടമെടുത്ത് തീർക്കുന്നുവെന്ന് പറയുന്നത്. ഇനിയും 4148 കോടി രൂപ കൂടി കടമെടുക്കാം. കടമെടുക്കാനുള്ള പരിധി ഇനിയും കിടക്കുകയാണ്. മുഴുവൻ തുകയും ഞങ്ങൾ ഉപയോഗിച്ചിട്ടില്ല. ഞങ്ങളെ അഭിനന്ദിക്കുന്നതിന് പകരം നിങ്ങൾ വെറുതെ ഓരോ കാര്യങ്ങൾ സംസാരിക്കുകയാണ്. മറ്റ് കാര്യങ്ങൾ എന്തെങ്കിലുമാണെങ്കിൽ നോക്കാം.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ഒരു ചോദ്യത്തിനും മറുപടി പറയുന്നില്ല. നികുതി കുടിശ്ശികയുടെ കാര്യം ചോദിച്ചപ്പോൾ അതിന് മറുപടി ലഭിച്ചില്ല. ഇവിടെ ചോദിച്ച മൂന്ന് ചോദ്യത്തിനും മറുപടി ലഭിച്ചിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഏത് രീതിയിൽ മറുപടി പറയണമെന്ന് പറയാൻ ചെയറിന് സാധിക്കില്ല. ബഹുമാനപ്പെട്ട സി. ദിവാകരൻ നിയമസഭയെ *** ലെവലിലേയ്ക്ക് താഴ്ത്തരുത്. ചോദ്യോത്തര സമയത്ത് ഇത്തരത്തിൽ ബഹളം വയ്ക്കരുത്.

<u>ശ്രീ. മാത്യു റ്റി. തോമസ് :</u> സർ, ** ഇങ്ങനെ ആക്ഷേപിക്കരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ :</u> ഞാൻ പറഞ്ഞത് പിൻവലിച്ചിരിക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, 2014-15-ൽ കമ്മി പൂജ്യമാക്കുമെന്ന് മാണി സാർ നിയമസഭയിൽ പറഞ്ഞതാണ്. പക്ഷേ കമ്മി ഇപ്പോൾ ഏതാണ്ട് സർവ്വകാല റിക്കോർഡിൽ എത്തിനിൽക്കുകയാണ്. ബഡ്ജറ്റിൽ

വകയിരുത്തിയിട്ടില്ലാത്ത കാര്യങ്ങൾക്ക് ഓരോ ആഴ്ചയിലും മന്ത്രിസഭ കൂടുമ്പോൾ തുക പാസ്സാക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. ഇതൊന്നും ബഡ്ജറ്റിൽ വരുന്നില്ല. ധനകാര്യ വകുപ്പ് യഥാർത്ഥത്തിൽ ഒരു മാപ്പുസാക്ഷിയുടെ റോളിലാണ് നിൽക്കുന്നത്. വൻകിടക്കാരുടെ കുടിശ്ശിക പിരിക്കാനായി ഈ സർക്കാർ യാതൊരു ശ്രമവും നടത്തിയിട്ടില്ലെന്നുള്ളതാണ് അടിസ്ഥാനപരമായ പ്രശ്നം. മന്ത്രിസഭാ യോഗം കൂടി മൂവായിരത്തിലധികം കോടി രൂപയുടെ അധികഭാരം സാധാരണ ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മാണിസാറിന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്നത് കേന്ദ്രസർക്കാർ കാശ് കൊടുത്തില്ലെന്നാണ്. ഈ ഉത്തരത്തിൽ തെറ്റായ കാര്യങ്ങൾ മന്ത്രി പറഞ്ഞു എന്നുള്ളതാണ് പ്രശ്നം. 86 കോടി രൂപ കേന്ദ്രസർക്കാരിൽനിന്ന് ഈ ഗവൺമെന്റിന് അധികമായി ലഭിച്ചു. എന്നിട്ടും കാർഷിക കടം എഴുതിത്തള്ളിയിട്ട് ബാങ്കുകൾക്ക് ആ പണം കൊടുക്കാനോ വിദ്യാഭ്യാസ സഹായം കൊടുക്കാമെന്ന് പറഞ്ഞിട്ട് അതിനായി പണം കൃത്യമായി വിതരണം ചെയ്യുകയോ ചെയ്യുന്നില്ല. പെൻഷൻ കൊടുക്കുന്നില്ല, കെ. എസ്. ആർ. ടി. സി.-യുടെ കാര്യത്തിൽപ്പോലും 426 കോടി രൂപ അധിക വർദ്ധനവുണ്ടാക്കുന്ന നിലപാടാണുള്ളത്, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് പണം കൊടുക്കുന്നില്ല. സമസ്ത മേഖലകളിലും—സ്തംഭനമുണ്ടാക്കുന്ന ഗവൺമെന്റാണിത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീമതി ഇ. എസ്. ബിജിമോൾ, ചോദ്യത്തിലേയ്ക്ക് വരൂ. ഇക്കാര്യങ്ങളൊക്കെ പ്രസംഗിക്കാവുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ഈ വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ എന്ത് നടപടിയാണുള്ളതെന്നാണ് എന്റെ ചോദ്യം. പെൻഷനും മറ്റാനുകൂല്യങ്ങളും കൊടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? തോട്ടം മേഖല പ്രതിസന്ധിയിലായതുകൊണ്ട് മുഖ്യമന്ത്രി 15-ാം തീയതി യോഗം വിളിച്ചിരിക്കുകയാണ്. ഈ പ്രതിസന്ധിക്കിടയിലും തോട്ടങ്ങൾ വീണ്ടും പൂട്ടിക്കുന്നതിനുവേണ്ടി മാണി സാർ തോട്ടം മേഖലയിലുണ്ടാക്കിയ വർദ്ധനവ് പിൻവലിക്കുമോ ?

<u>ശ്രീ. കെ. എം. മാണി</u> : സർ, ഒരു പ്രസംഗമാണ് ഇവിടെ നടത്തിയത്. ഇതിൽ ഏതിന് ഉത്തരം പറയണമെന്ന് എനിക്കറിയില്ല. എങ്കിലും ഞാൻ പറയാം. ഇവിടെ കോൺട്രാക്ടർമാർക്കൊന്നും കുടിശ്ശിക കൊടുക്കാനില്ല. 2013 ഡിസംബർ വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തു. 2014 ആഗസ്റ്റ് വരെയുള്ള ബാക്കി തുക കൊടുക്കാനുണ്ട്. അതിപ്പോൾ അക്യൂമുലേറ്റഡായിട്ടുള്ളതാണ്. ഇതൊരു പുതിയ പ്രതിഭാസമല്ല. എല്ലാ കാലഘട്ടത്തിലും ഇങ്ങനെയുണ്ടാകും. 2014-15 സാമ്പത്തിക

വർഷത്തിൽ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റ് വിഹിതമായി ലഭിച്ച മുഴുവൻ തുകയും അതായത് 1153 കോടി രൂപ വിതരണത്തിനായി (ആഗസ്റ്റ് മാസം വരെയുള്ളത്) ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞു എന്ന് ലാന്റ് റവന്യൂ കമ്മീഷണർ എന്നെ അറിയിച്ചിട്ടുണ്ട്. വിധവാ പെൻഷൻ നൂറ് ശതമാനവും അലോട്ട്മെന്റ് കൊടുത്തു.

ശ്രീ. വി. ഡി. സതീശൻ : സർ, ചെലവ് വർദ്ധിച്ചുവരുന്നതുകൊണ്ടും വരുമാനം പ്രതീക്ഷിച്ചത്ര വരാത്തതുകൊണ്ടുമാണ് സാമ്പത്തിക പ്രയാസമുണ്ടാകാൻ കാരണമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. ഈ സാമ്പത്തിക പ്രയാസം നമ്മുടെ പദ്ധതിച്ചെലവിനേയോ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളേയോ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, പദ്ധതിയെയൊന്നും ബാധിക്കാൻ ഗവൺമെന്റ് അനുവദിക്കുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കഴിഞ്ഞ സഭാസമ്മേളനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നികുതി കുടിശ്ശിക സംബന്ധിച്ച് ഉത്തരം നൽകിയതിൽ 23500 കോടി രൂപ നികുതി കുടിശ്ശികയുണ്ടെന്ന് രേഖാമൂലം ഉത്തരം നൽകി. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി യോഗത്തിൽ ടാക്സസ് വകുപ്പ് സെക്രട്ടറി നൽകിയിട്ടുള്ള ഉത്തരത്തിലും 23,500 കോടി രൂപ കുടിശ്ശികയുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. പി.എ.സി.-യിൽ വന്ന റിപ്പോർട്ട് പ്രകാരം 10,000 കോടി രൂപ പെട്ടെന്നുതന്നെ പിരിച്ചെടുക്കാൻ കഴിയും. ഈ തുക പിരിച്ചെടുക്കുന്നതിന് എന്ത് തടസ്സമാണുണ്ടായത് ; എത്ര രൂപയുടെ സ്റ്റേ കോടതിവഴി കൊടുത്തിട്ടുണ്ട് ; നികുതിയടയ്ക്കേണ്ട ആളുകൾക്ക്, മന്ത്രിയുടെ വക എത്ര ആളുകൾക്ക് സ്റ്റേകൊടുത്തിട്ടുണ്ട് ; അതുവഴി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ എന്ത് തടസ്സമാണുണ്ടായത് ; 42000 കോടി രൂപയാണ് ഈ ഗവൺമെന്റ് പുതിയതായി കടം എടുത്തിരിക്കുന്നത്. എന്നിട്ടും കോൺട്രാക്ടർമാർക്ക് 2300 കോടി രൂപയുടെ കുടിശ്ശിക കൊടുക്കാൻ ബാക്കിയുണ്ട്. അഴിമതിയും ധൂർത്തും നടത്തിയിട്ടല്ലേ കേരളത്തിന് ഇങ്ങനെയൊരു സാമ്പത്തിക പ്രതിസന്ധിയുണ്ടായത് ?

ശ്രീ. കെ. എം. മാണി : സർ, എപ്പോഴും അഴിമതി അഴിമതി എന്നുപറഞ്ഞാൽ അതിന് വിലയില്ലാതായിപ്പോകും. വല്ലപ്പോഴുമൊക്കെ മാത്രമേ പറയാവൂ. അല്ലെങ്കിൽ ക്രെഡിബിലിറ്റി പോകും. 1-4-2013-ലെ ഓപ്പണിംഗ് ബാലൻസ് 12243 കോടി രൂപയായിരുന്നു. അതിൽ 2013-14 സാമ്പത്തിക

വർഷം 182 കോടി രൂപ പിരിച്ചു. 2014-15-ൽ 61 കോടി രൂപ പിരിച്ചു. നിലവിൽ 12741 കോടി രൂപ പിരിക്കാനുണ്ട്. ഇതെല്ലാം കളക്ടബിളല്ല. കളക്ടബിൾ എന്നുപറയുമ്പോൾ വലിയ തുകയൊക്കെ പിരിച്ചെടുക്കാൻ ബുദ്ധിമുട്ടാകും. കോടതിയിൽ സ്റ്റേയും വരും. 30 ശതമാനം തുക കെട്ടിവയ്പിച്ചുകൊണ്ടു മാത്രമേ ഇൻസ്റ്റാൾമെന്റ് കൊടുക്കുകയുള്ളൂ. അൺകണ്ടീഷണൽ സ്റ്റേ ഇപ്പോഴില്ല. അതുകൊണ്ട് കുറേ രൂപ പിരിഞ്ഞുകിട്ടാനുണ്ട്. എല്ലാ ഗവൺമെന്റിന്റെയും കാലഘട്ടത്തിൽ ഇങ്ങനെ കുറേ രൂപ പിരിഞ്ഞുകിട്ടാൻ കാണും. ആ തുകയെല്ലാം കിടക്കുന്നതു കൊണ്ട് ഗവൺമെന്റ് നികുതി പിരിക്കുന്നില്ലെന്നല്ല അതിന്റെ അർത്ഥം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ ചോദ്യം സ്പെസിഫിക്കാണ്. സ്റ്റേ കൊടുത്തതുകൊണ്ട് എത്ര തുക കുടിശ്ശികയുണ്ട് എന്നാണ്.

ശ്രീ. കെ. എം. മാണി : സർ, ഇപ്പോൾ ഈ ഉത്തരമേയുള്ളൂ. അതിന് വേറെ നോട്ടീസുണ്ടെങ്കിൽ പറയാം. അതായത്, ഗവൺമെന്റ് സ്റ്റേ കൊടുക്കുന്നത് 30% അടച്ചുകൊണ്ട് കണ്ടീഷണലായി മാത്രമേ കൊടുക്കാറുള്ളൂ. പഴയ കാലത്തെപ്പോലെ അൺ കണ്ടീഷണലായി കൊടുക്കുന്നില്ല.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, സംസ്ഥാനത്തിന്റെ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ടിന്റെ ഏകദേശം 60 ശതമാനത്തിന് മുകളിൽ സർവ്വീസ് സെക്ടറിൽനിന്നുമാണ് വരുന്നത്. ഈ മേഖലയിൽ നടത്തിയിട്ടുള്ള ചില പോളിസി ഡിസിഷനുകൾ ഒരു നെഗറ്റീവ് ഇംപാക്ട് ഉണ്ടാക്കുകയില്ലേ ; അങ്ങനെ ഉണ്ടാക്കിയാൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കൂടുതൽ പ്രതിസന്ധി യിലേക്ക് പോകുകയില്ലേ ; ചെറിയൊരു മാറ്റംപോലും അതിനെ പ്രതികൂലമായി ബാധിക്കും. അതായത് ടൂറിസംപോലുള്ള മേഖലകളെ ബാധിക്കും. സർവ്വീസ് മേഖലയിൽനിന്നുമാണ് 65 ശതമാനത്തിൽ കൂടുതൽ വരുമാനം വരുന്നത്. അത്തരം മേഖലകളെ ബാധിക്കുന്ന നടപടി സ്വീകരിച്ചാൽ അത് സമ്പദ്ഘടനയെ എങ്ങനെ ബാധിക്കും ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ടൂറിസം മേഖലയെയൊക്കെ ബാധിച്ചാൽ വരുമാനം കുറയും. മദ്യനിരോധനം ചിലപ്പോൾ ടൂറിസം മേഖലയെ ബാധിച്ചുവെന്നുവരാം. ബാധിച്ചാലും ഒരു സാമൂഹ്യപരിഷ്ക്കരണ മായതുകൊണ്ട്, സാമൂഹ്യനന്മയ്ക്കുവേണ്ടി മദ്യനിരോധനം കൊണ്ടുവരികയാണ്. ചിലപ്പോൾ ടൂറിസത്തിന്റെ വരുമാനത്തിൽ കുറവുണ്ടാകും.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയില്ല എന്നുള്ളതാണ്. എന്നാൽ അദ്ദേഹത്തിന്റെ വകുപ്പ് തയ്യാറാക്കി ക്യാബിനറ്റ് അംഗീകരിച്ച നോട്ടിൽ തുടങ്ങുന്നത് ഇതുപോലൊരു പ്രതിസന്ധി കേരള ചരിത്രത്തിലുണ്ടായിട്ടില്ല എന്നാണ്. മാത്രമല്ല, ഇങ്ങനെ പോകുകയാണെങ്കിൽ വർഷാവസാനം എത്തുമ്പോഴേയ്ക്കും ഒരു മാസമെങ്കിലും (ഏപ്രിൽ മാസത്തിൽ) ട്രഷറി അടച്ചിടേണ്ടിവരുമെന്നുള്ള കുറിപ്പ് അംഗീകരിച്ചിട്ടാണ് ഇവിടെവന്ന് പ്രതിസന്ധിയില്ലായെന്ന് പറയുന്നത്. I Will move a point of privilege. വസ്തുതാവിരുദ്ധമായി ധനകാര്യ വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുക യാണ്. അദ്ദേഹത്തിന്റെ ക്യാബിനറ്റ് നോട്ട് എന്താണെന്നുവച്ചാൽ പറയണം. ഞാൻ ചോദ്യം ചോദിക്കാം. അങ്ങ് കടം എടുക്കുന്നതുകൊണ്ട് ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ കടം വാങ്ങിയിട്ട് ശമ്പളവും പെൻഷനും മറ്റും ചെലവാക്കുന്ന തിനോടാണ് എതിർപ്പ്. ഈ വർഷം വാങ്ങിയ കടത്തിൽ തൊണ്ണൂറ് ശതമാനവും ഇത്തരത്തിലുള്ള അനാവശ്യ ചെലവുകൾക്കുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. കാരണം, കഴിഞ്ഞ വർഷത്തെ യഥാർത്ഥ കളക്ഷനെടുത്താൽ, ഈ വർഷത്തെ ബഡ്ജറ്റിന്റെ ടാർജറ്റ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മുപ്പത് ശതമാനം കൂടുതലാണ്. ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എന്റെ ചോദ്യം ഇതാണ്, ഇപ്പോഴും നമ്മുടെ നികുതി വരുമാനം പതിനൊന്നോ പന്ത്രണ്ടോ  ശതമാനമേ ഉയരുന്നുള്ളൂ. ഇതല്ലേ പ്രതിസന്ധിക്ക് കാരണം ?

<u>ശ്രീ. കെ. എം. മാണി</u> : സർ, പ്രതിസന്ധി എന്ന് എന്തിനാണ് ഇങ്ങനെ പറയുന്നത്. പ്രതിസന്ധിയില്ല,  സാമ്പത്തിക ബുദ്ധിമുട്ടാണുള്ളത്.  വരുമാനത്തിന്റെ കുറവ് പറഞ്ഞു. അങ്ങയെ ഒരു ഇക്കോണമിസ്റ്റായിട്ടാണ് ഞാൻ കരുതുന്നത്. ഗ്ലോബൽ ഇക്കണോമിക് സ്ലോ ഡൗണിനെക്കുറിച്ച് അങ്ങേയ്ക്ക് അറിയില്ലേ? ഗ്ലോബൽ ഇക്കണോമിക് സ്ലോ ഡൗൺ  that has affected India also.  ഗ്ലോബൽ ഇക്കണോമിക് സ്ലോ ഡൗണിന്റെ ഫലമായി റബ്ബറിന്റെ വിലയിടിഞ്ഞു. കേന്ദ്രഗവൺമെന്റിൽനിന്നുള്ള ഷെയറായ 392 കോടി രൂപയിൽ കുറവുണ്ടായി. ഇങ്ങനെയുള്ള കുറവുകൾ വന്നിട്ടും പിടിച്ചുനില്ക്കുന്നു. അതിൽ അഭിനന്ദിക്കണ്ടേ ; മുൻധനകാര്യ വകുപ്പുമന്ത്രി ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയോട് കരുണയെങ്കിലും കാണിക്കണ്ടേ ? നല്ല  പെർഫോമൻസ് നടത്തുമ്പോൾ  അതിനെ അപ്രീഷ്യേറ്റ് ചെയ്യണം.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും

ഫ്ളാഗ്ഷിപ്പ് പ്രോജക്ടുകൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ ഞാൻ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് stimulus package എന്നുള്ള പേരിൽ അവസാന നിമിഷം കുറേ എ.എസ്. കൊടുത്ത് പുതിയതായി അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ തലയിൽ കോടിക്കണക്കിന് രൂപയുടെ ബാധ്യത വച്ചിട്ടാണോ പഴയ ധനകാര്യ വകുപ്പുമന്ത്രി ആ സ്ഥാനത്തുനിന്ന് ഇറങ്ങിപ്പോയത് ?

ശ്രീ. കെ. എം. മാണി : സർ, 5000 കോടി രൂപയുടെ stimulus package-ന്റെ ഭാരമാണ് ഞാൻ ചുമന്നത്. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി എന്താണ് കാണിച്ചത്? ഞാൻ പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ എന്തൊരു ഭയമാണ്? ഇപ്പോൾ എന്ത് ആശ്വാസമായി. അതെല്ലാം കവർ ചെയ്തിട്ടാണ് ഇവിടെയിരിക്കുന്നത്. 5000 കോടി രൂപയാണ് അടുത്ത സർക്കാരിന്റെ തലയിൽ വച്ചിട്ടുപോയത്.

ശ്രീ. സി. കെ. നാണു : സർ, പല നിയോജകമണ്ഡലങ്ങളിലും വാട്ടർ അതോറിറ്റിയുടെ കോൺട്രാക്ടർമാർ ജോലിയെടുക്കുന്നില്ല. റോഡിലെ കുഴി അടയ്ക്കാൻ ടാറില്ലെന്നു മാത്രമല്ല പണം കൊടുക്കാത്തതിന്റെ പേരിൽ ചെറുകിട കോൺട്രാക്ടർമാർ ജോലി ചെയ്യുന്നുമില്ല. തിരുവനന്തപുരത്ത് ഇന്നലെ കോൺട്രാക്ടർ മാരുടെ ഒരു സമരം നടന്നു. ആ സമരത്തിൽ എല്ലാ കക്ഷിക്കാരും പങ്കെടുത്തു. അവർക്ക് വളരെക്കാലമായി ലഭിക്കാനുള്ള ജോലി ലഭിക്കുന്നില്ല എന്നുള്ളതാണ് വിഷയം. മന്ത്രിമാർ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വിദേശത്തുപോകുകയാണ് ; പക്ഷെ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള മന്ത്രിമാരുടെ യാത്രയ്ക്ക് നിരോധനമാണ്. മന്ത്രിമാരുടെ വരുമാനത്തിൽനിന്ന് 20% കട്ട് ചെയ്തിരിക്കുകയാണ്. കാരണം, സാമ്പത്തിക പ്രതിസന്ധിയെന്നാണ്. ഞാനൊരു സാമ്പത്തിക വിദഗ്ധനല്ല; പക്ഷേ എന്റെ ചോദ്യം, പത്രങ്ങൾ മുഴുവൻ എഴുതുന്നത് ലഭ്യമാകാനുള്ള നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലുള്ള അമാന്തത്തിന്റെ ഫലമായിട്ടാണ് സാമ്പത്തിക പ്രതിസന്ധി .....

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യത്തിലേക്ക് വരിക.

ശ്രീ. സി. കെ. നാണു : സർ, ഞാൻ ചോദ്യത്തിൽ ഊന്നിത്തന്നെയാണ് നിൽക്കുന്നത്. വേറെയൊന്നും പറയുന്നില്ല. ഞാൻ പറയുന്നത്, സാമ്പത്തിക

പ്രതിസന്ധി എന്നുള്ളത് സർക്കാർ ഉണ്ടാക്കുന്നതാണ്. അതിന്റെ ഉത്തരവാദിത്വം ധനകാര്യ വകുപ്പിനാണ്. ഞാൻ ആക്ഷേപിക്കുന്നതല്ല. സംസ്ഥാനത്തിന്റെ അഞ്ച് കൊല്ലത്തെ സാമ്പത്തിക താല്പര്യങ്ങൾ താങ്കളുടെ കൈകളിലാണ്. എല്ലാ വകുപ്പുകളും ആവശ്യമായ ഫണ്ടും മറ്റും കിട്ടാത്തതിനാൽ ബുദ്ധിമുട്ടിലാണ്. അസംബ്ലി മണ്ഡലം മുതൽ പഞ്ചായത്തുവരെ പ്രതിസന്ധിയുണ്ട്. അത് അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എം. മാണി</u> : സർ, സാമ്പത്തിക പ്രതിസന്ധി സർക്കാർ ഉണ്ടാക്കുന്നതല്ല. അത് പ്രതിപക്ഷം ഉണ്ടാക്കുന്നതാണ്. ഇക്കൊല്ലം 1,039 കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുത്ത ഗവൺമെന്റാണിത്. അതൊരു ചെറിയ കാര്യമല്ല. നിങ്ങൾ അത്ഭുതപ്പെടും. അങ്ങനെയുള്ള ഗവൺമെന്റാണിത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, നികുതി പിരിക്കാത്തതുകൊണ്ടാണ് സാമ്പത്തിക പ്രതിസന്ധിയുണ്ടായതെന്ന മുൻധനകാര്യ വകുപ്പുമന്ത്രിയുടെ വാദം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. കാരണം, അദ്ദേഹം പറഞ്ഞത് നികുതി വളർച്ച 12% ആണെന്നാണ്. നികുതി വളർച്ചാനിരക്കിന്റെ ദേശീയ ശരാശരി 11% ആണ്. മദ്ധ്യപ്രദേശ്, കേരളം, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് നാഷണൽ ആവറേജിന് മുകളിലുള്ളത്. ഡൽഹിയിൽ നെഗറ്റീവാണ്. ആന്ധ്രാപ്രദേശിൽ 4 ശതമാനവും വ്യവസായ വ്യാപാര സംസ്ഥാനമായ മഹാരാഷ്ട്രയിൽ 8 ശതമാനവുമാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കിന്റെ കാലത്തുള്ള 5000 കോടി രൂപയുടെ കുടിശ്ശികയടക്കമുള്ള തുക സമാഹരിക്കുന്ന നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചെറുപ്പക്കാരുടെ പ്രതിനിധിയെന്ന നിലയിൽ എന്റെ ചോദ്യം, ഇവിടെ നിയമന നിരോധനം ഉണ്ടെന്ന വ്യാജേന ചില ഉദ്യോഗസ്ഥർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ നിയമനത്തിന്റെ കാര്യത്തിൽ പ്രതിസന്ധിയുണ്ടാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. കെ. എം. മാണി</u> : സർ, നിയമനവുമായി ബന്ധപ്പെട്ട് വേക്കൻസി ഉണ്ടായിട്ടും മനഃപൂർവ്വം ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുന്നില്ലായെന്നുണ്ടെങ്കിൽ

തീർച്ചയായും പരിശോധിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പരിശോധിക്കും.

**ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ**

**2 (* 32)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതിയായ വിഭവ പിന്തുണയില്ലാതെ പദ്ധതികൾ പ്രഖ്യാപിക്കുന്നതും അക്കാരണത്താൽതന്നെ ഇവയൊന്നും നടപ്പിലാക്കുന്നതിന് സാധിക്കാതെ വരുന്നതും ഈ സർക്കാരിന്റെ കാലത്ത് തുടർക്കഥയാകുന്ന എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) പ്രഖ്യാപിത വാർഷിക പദ്ധതി യഥാസമയം നടപ്പിലാക്കാനും ഇതിനാവശ്യമായ തുക സമാഹരിക്കാനും സാധിക്കുന്നുണ്ടോ ; ഇതിനകമുള്ള പദ്ധതി നിർവ്വഹണവും ധനസമാഹരണവും സംബന്ധിച്ച വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് തുക കണ്ടെത്താൻ സാധിക്കാത്തപ്പോൾ തന്നെ മിഷൻ 676 പദ്ധതിയെന്നും മറ്റുമുള്ള പേരിൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതു തരത്തിൽ തുക കണ്ടെത്താമെന്നാണ് കരുതിയിരുന്നതെന്ന് വ്യക്തമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ&ബി) സംസ്ഥാനത്തിന് സമാഹരിക്കുവാൻ കഴിയുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള പദ്ധതി പ്രവർത്തനങ്ങളാണ് നടപ്പ് സാമ്പത്തിക

വർഷത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ വിഭാവന ചെയ്തിട്ടുള്ള ഒട്ടുമിക്ക പദ്ധതികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്. സാങ്കേതികവും ഭരണപര വുമായ കാരണങ്ങളാൽ ചുരുക്കം ചില പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. അവയും ആരംഭിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരികയാണ്. വിഭവസമാഹരണ മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി/നികുതിയേതര വരുമാനങ്ങളുടെ നിരക്ക് പരിഷ്ക്കരിച്ചിട്ടുണ്ട്. റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതിച്ചോർച്ച തടയുന്നതിന് വകുപ്പുതലത്തിൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഭവ സമാഹരണത്തി നായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകനം നടത്തിവരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യം റവന്യൂ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. കേന്ദ്ര നികുതി വരുമാനത്തിൽ കുറവു വന്നതിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വിഹിതത്തിൽ കുറവുവന്നിട്ടുണ്ട്. അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ട് വായ്പകൾ എടുത്തും വിവിധ സ്രോതസ്സുകളിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കാവുന്ന വരുമാനം വർദ്ധിപ്പിച്ചും, വികസനേതര ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും, അധിക വിഭവസമാഹരണ മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ടും സംസ്ഥാന വരുമാനം മെച്ചപ്പെടുത്തി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി&ഡി) നടപ്പു വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളുടെ മുൻഗണനാക്രമം പുനഃക്രമീകരിച്ചുകൊണ്ടും പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയുമാണ് മിഷൻ 676 പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതിവിഹിതങ്ങളുടെ ധന പുനഃക്രമീകരണ ത്തിലൂടെ മിഷൻ 676 പദ്ധതികൾക്ക് തുക കണ്ടെത്തുന്നതാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, മഹാഭാരതത്തിലെ വിദുരവാക്യം പറഞ്ഞു കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗം

അവസാനിപ്പിച്ചത്. അദ്ദേഹത്തിന്റെ ബഡ്ജറ്റ്പെട്ടി മാധ്യമങ്ങളുടെ ഇഷ്ടവിഷയമായിരുന്നു. അതൊരു വിദൂഷകന്റെ വിസ്സിപ്പെട്ടിയായി മാറുന്ന സാഹചര്യമാണ് ഇക്കാര്യത്തിൽ വന്നിട്ടുള്ളത്. 2011 ജൂലൈ മാസത്തിൽ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച ധവളപത്രത്തിൽ 2011 മാർച്ച് 31-ന് 3,880 കോടി രൂപ ട്രഷറിയിൽ മിച്ചമുണ്ടെന്ന് സമ്മതിച്ചിട്ടുണ്ട്. അതിനുശേഷം 1,586 കോടി രൂപയുടെ അധിക നികുതി നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ വന്നു. ആറുമാസം കഴിഞ്ഞപ്പോൾ 2,646 കോടി രൂപയുടെ അധിക നികുതി ചുമത്താൻ മന്ത്രിസഭ തീരുമാനിച്ചു. ആറുമാസത്തിനകം 7,000 കോടി രൂപ കടമെടുക്കുകയും 3,000 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി വയ്ക്കുകയും ചെയ്തു. അതിനുപുറമേ ബസ് ചാർജ്, വൈദ്യുതിക്കരം, വെള്ളക്കരം, സിവിൽ സപ്ലൈസ്, മാർജിൻ ഫ്രീ എന്നിവിടങ്ങളിലെ നിത്യോപയോഗസാധനങ്ങൾക്ക് വിലവർദ്ധിപ്പിച്ച് അധിക വിഭവ സമാഹരണം നടത്തുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞിട്ടും ഇങ്ങനെയൊരവസ്ഥയിലേക്ക് സംസ്ഥാനത്തെ തള്ളിയത് എങ്ങനെയാണ് ; ബഡ്ജറ്റിൽ പ്രഖ്യാപിച്ച എത്ര ശതമാനം പദ്ധതികൾ നടപ്പിലാക്കിയെന്ന് ധനകാര്യമന്ത്രിക്ക് സഭയെ അറിയിക്കാൻ സാധിക്കുമോ ?

<u>ശ്രീ. കെ. എം. മാണി</u> : സർ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൽ എത്ര പദ്ധതികൾ നടപ്പിലാക്കിയെന്ന് ചോദിച്ചാൽ അതിന് പ്രത്യേക നോട്ടീസ് വേണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, എത്ര ശതമാനമെന്ന് ഒരുത്തരം പറയാൻ അദ്ദേഹം തയ്യാറാകുന്നില്ല. ബഡ്ജറ്റിനെ മറികടന്ന് ദുർവ്യയം ചെയ്തിട്ടും ഇഷ്ടംപോലെ പദ്ധതികൾ പ്രഖ്യാപിച്ച് പ്രഖ്യാപിച്ച പദ്ധതികൾക്ക് പണം കൊടുക്കാതെ തടസ്സപ്പെടുത്തിയിട്ടും എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപോലും ഫയൽ വച്ച് താമസിപ്പിച്ചിട്ടും സംസ്ഥാനം ഇന്ന് സാമ്പത്തികമായി വല്ലാത്ത അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. കരാറുകാർക്ക് 2800 കോടി രൂപയും പ്രഖ്യാപിച്ച പുതിയ മെഡിക്കൽ കോളേജ്, താലൂക്ക് ഓഫീസുകൾ എന്നിവയ്ക്ക് 1400 കോടി രൂപയും പ്ലസ്ടുവിന് 240 കോടി രൂപയും കെ.എസ്. ആർ.ടി.സി. പെൻഷൻകാരുടെ ദീർഘകാല സംരക്ഷണത്തിനായി 200 കോടി രൂപയും ശമ്പള പരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവയ്ക്ക് 5100 കോടി രൂപയും ബഡ്ജറ്റിലെ 31 മുൻഗണനാപദ്ധതികൾ നടപ്പിലാക്കുന്നതിനായി 602 കോടി രൂപയും 103 വകുപ്പുകളിലൂടെ 163 പദ്ധതികൾ പ്രഖ്യാപിച്ചതിന് 688 കോടി രൂപയും 23 പൊതുമരാമത്ത് വൻപ്രോജക്ടുകൾക്ക് 6,000 കോടി രൂപയും കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ടത്തിന് കേരളം കൊടുക്കേണ്ട 1201 കോടി

രൂപയും പൊതുമരാമത്ത് വകുപ്പിന് എ.എസ്. കൊടുത്ത പദ്ധതികൾക്ക് പ്രഖ്യാപിച്ച 1900 കോടി രൂപയും കൊടുക്കാനും അതുപോലെ മിഷൻ 676 പദ്ധതിയുമൊക്കെ നടക്കുമോ ; ഇതൊക്കെ നിങ്ങൾക്ക് ചെയ്യാൻ സാധിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇങ്ങനെ എഴുതി വായിച്ചാൽ ഇതെന്തു കണക്കാണ്? ഈ സർക്കാർ ഇന്ന് കണക്കെടുക്കുകയാണെങ്കിൽ എല്ലാ വകുപ്പുകൾക്കും കൊടുക്കാൻ കാണും. ഇതെല്ലാംകൂടി കണക്കുകൂട്ടി വായിച്ചതുകൊണ്ട് കാര്യമില്ല. അതൊരു നടപടി ക്രമമാണ്. എല്ലാ ഗവൺമെന്റുകളുടെ കാലഘട്ടങ്ങളിലും കുടിശ്ശിക കൊടുക്കാൻ കാണും. അത് ക്രമമായി കൊടുക്കും.

ശ്രീ. എം. ഹംസ : സർ, കേരളം ഒരു സാമ്പത്തിക അടിയന്തരാവസ്ഥയിലാണ്. അതുകൊണ്ടുതന്നെ ധനകാര്യ വകുപ്പ് മറ്റെല്ലാ വകുപ്പുകളിലും ഇടപെട്ടുകൊണ്ടിരിക്കുകയാണ്. സാമൂഹ്യക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ നടപ്പാക്കുന്ന ഐ.എ.വൈ. പദ്ധതിയിൽപ്പെട്ട ആളുകളോട് പഞ്ചായത്തു കളിലും മുനിസിപ്പാലിറ്റികളിലും ആധാരം രജിസ്റ്റർ ചെയ്യണമെന്നും അവർ മറ്റ് വായ്പയെടുക്കാൻ പാടില്ലെന്നുമുള്ള ധനകാര്യവകുപ്പിന്റെ നിർദ്ദേശം ഇവിടെ നടപ്പാക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എല്ലാ വകുപ്പുകളിലും സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത് എന്തിനാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കാമോ ; സെൻട്രലി സ്പോൺസേർഡ് സ്കീമിൽ ഹൗസിംഗ് വകുപ്പ് 25 ശതമാനവും റവന്യൂ വകുപ്പ് 9 ശതമാനവും മൃഗസംരക്ഷണ വകുപ്പ് 43 ശതമാനവും കൃഷി വകുപ്പ് 26 ശതമാനവുമാണ് ചെലവാക്കിയത്. സെൻട്രലി സ്പോൺസേർഡ് സ്കീമിനു നീക്കിവച്ച തുകപോലും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് പോകത്തക്കവിധം ഈ ഗവൺമെന്റ് എങ്ങനെയാണ് ദുർബ്ബലമായ തെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : സർ, ഇവിടെ സാമ്പത്തിക അടിയന്തരാവസ്ഥ ഇല്ല. എല്ലാ വകുപ്പുകളുടേയും ചെലവുകൾ നിരീക്ഷിക്കുക എന്നത് ധനകാര്യവകുപ്പിന്റെ ബെസ്റ്റ് മാനേജ്മെന്റിന്റെ ലക്ഷണമാണ്. അല്ലാതെ വെറുതെ ഉറങ്ങിയിരിക്കാൻ പറ്റുമോ ? എവിടെയൊക്കെ കൂടുതൽ/പരിധിവിട്ട് ചെലവ് ചെയ്യുന്നു, എവിടെയൊക്കെകുഴപ്പമുണ്ട്, എവിടെയൊക്കെ തുക പാഴാക്കുന്നു എന്നീ കാര്യങ്ങളൊക്കെ നോക്കണ്ടേ കണ്ണിലെണ്ണയൊഴിച്ചതുപോലെ ജാഗരൂകരായി ധനകാര്യ വകുപ്പ് പ്രവർത്തി ക്കുന്നുവെന്നല്ലേ ഇത് സൂചിപ്പിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, കഴിഞ്ഞ ജൂലൈ മാസത്തിൽ ഈ നിയമസഭയിൽ ശ്രീ. പി. ശ്രീരാമകൃഷ്ണന് കൊടുത്ത ഒരു

ചോദ്യത്തിന്റെ മറുപടിയാണ് ഞാൻ പറയുന്നത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ടതും 2014 -15 വരെയുള്ള ബഡ്ജറ്റുകളിൽ ഉൾപ്പെടാത്തതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

സർവ്വീസിൽ നിന്ന് വിരമിച്ച വിദഗ്ദ്ധരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും, കേരള ഇൻഫ്രാസ്ട്രക്ച്ചർ ബിൽ കൊണ്ടുവരും, അതോടൊപ്പം കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കും. ഇത്തരത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളല്ലാതെ മിഷൻ 676-ന്റെ ഭാഗമായി ജനങ്ങൾക്കുവേണ്ടിയിട്ടുള്ള ഏതെങ്കിലും പുതിയ പദ്ധതി ഇപ്പോഴുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, അങ്ങനെ പുതിയ പദ്ധതികൾ പറഞ്ഞില്ല. പുതിയ പദ്ധതികളല്ല, ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളാണ്. പുതിയ ഏത് പദ്ധതിയെപ്പറ്റിയാണ് ചോദിക്കുന്നത് ? മിഷൻ 676 എന്നു പറയുന്നത് എല്ലാ വകുപ്പുകളിലും പ്രയോറിറ്റി കൊടുക്കേണ്ടുന്ന ടൈം ബൗണ്ട് പ്രോഗ്രാമാണ്. അത്യാവശ്യമുള്ള ചില പ്രധാനപ്പെട്ട പരിപാടികൾക്ക് പ്രയോറിറ്റി കൊടുത്തുകൊണ്ടാണ് മിഷൻ 676 പദ്ധതികൾ പ്രഖ്യാപിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ...... (മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അങ്ങ് ചോദ്യം ചോദിച്ചു, ബഹുമാനപ്പെട്ട മിനിസ്റ്റർ അതിനുള്ള മറുപടിയും പറഞ്ഞു. ശ്രീ. പി. റ്റി. എ. റഹീം.....പ്ലീസ്...........

ശ്രീ. പി. റ്റി. എ. റഹീം : സർ, മതിയായ വിഭവ പിൻതുണയില്ലാതെയും യാതൊരു വിഷനുമില്ലാതെയും അനാവശ്യമായി പദ്ധതികൾ പ്രഖ്യാപിക്കുകയും ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയും ചെയ്യുക എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കോഴിക്കോട് മോണോ റെയിൽ പദ്ധതി. കൺസൾട്ടൻസിയെ വയ്ക്കുകയും വലിയൊരു സംഖ്യ കൊടുക്കുകയും ചെയ്തുവെന്നല്ലാതെ മോണോ റെയിൽ പദ്ധതി ഇപ്പോൾ നടക്കുകയില്ലെന്നാണ് പറയുന്നത്. കോഴിക്കോട് മോണോ റെയിൽ പദ്ധതി പ്രായോഗികമല്ലായെന്നുള്ളത് ഏതൊരാൾക്കും അറിയാവുന്നതാണ്. ഇത്തരം

പദ്ധതികൾ പ്രഖ്യാപിക്കു ന്നതിൽ നിന്നും സർക്കാർ പിന്നോട്ടു പോകുമോ ?

ശ്രീ. കെ. എം. മാണി : സർ, അത് ദീർഘകാല പദ്ധതിയാണ്. അതിന് പല പഠനങ്ങളും ആവശ്യമാണ്. ആ പദ്ധതി നടക്കുന്നുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റിലും ഈ സർക്കാരിന്റെ കാലഘട്ടത്തിലും പ്രവാസി നിക്ഷേപത്തെ കാര്യക്ഷമമായി വിനിയോഗിക്കാനുള്ള വികസന പദ്ധതികളുണ്ടാകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ഏകദേശം ഒരു ലക്ഷം കോടിയോളം രൂപ പ്രവാസി നിക്ഷേപമായി കേരളത്തിലെ ബാങ്കുകളിൽ എത്തിക്കഴിഞ്ഞുവെന്നാണ് മിനിഞ്ഞാന്ന് വരെയുള്ള കണക്കുകൾ കാണിക്കുന്നത്. ഈ ധനം നല്ല രീതിയിൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് മുൻകയ്യെടുത്ത് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ഉണ്ടാകുമോ ; പ്രവാസി നിക്ഷേപത്തിന് നികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ഈ രംഗത്തുണ്ടാക്കുന്ന അപകടത്തെക്കുറിച്ച് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, നികുതി ഏർപ്പെടുത്തുമെന്നുള്ളതിൽ ഉത്കണ്ഠയുണ്ട്. പ്രവാസിയുടെ റെമിറ്റൻസസ് പ്രൊഡക്ടീവായിട്ടുള്ള പർപ്പസിനു വേണ്ടി വിനിയോഗിക്കുന്നതിനുള്ള പദ്ധതികളെപ്പറ്റി ഗവൺമെന്റ് അവലോകനം ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, പ്രതിപക്ഷം അങ്ങയോട് ചോദ്യം ചോദിക്കുമ്പോൾ തമാശരൂപത്തിൽ, ഞങ്ങളെ കളിയാക്കുന്ന രീതിയിൽ മറുപടി പറയുന്നത് ശരിയല്ല. ഞങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവകാശമുണ്ട്. അതിന് അങ്ങ് ന്യായമായും മറുപടി പറയേണ്ടത് ആവശ്യമാണ്. അല്ലാതെ തമാശ രൂപത്തിൽ മറുപടി പറയുന്നത് ഒട്ടും ശരിയല്ല .....(ബഹളം)...... ഞാൻ പറയുന്നത് ശരിയല്ലേ ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.... ശ്രീ. വി. ശിവൻകുട്ടി, ചോദ്യത്തിലേയ്ക്ക് വരൂ.... ചോദ്യോത്തരസമയത്ത് ബഹളം ശരിയല്ല. പ്ലീസ്........

ശ്രീ. വി. ശിവൻകുട്ടി : സർ, ചോദ്യം ചോദിക്കാനുള്ള അവകാശം

ഞങ്ങൾക്കുണ്ട്. ചോദ്യം ചോദിച്ചാൽ മാന്യമായി, ജനാധിപത്യപരമായി മറുപടി പറയണം. ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും മാണിസാറിനോട് ഞാൻ ആവർത്തിക്കുന്നില്ല. ഭരണകക്ഷിക്ക് മാത്രമാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും എ.എസ്. കൊടുക്കുന്നതെന്നുള്ള ആക്ഷേപം ഞാനിവിടെ ഉന്നയിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കൊടുക്കാത്തതിനാൽ അവർ സമരത്തിലാണ്. ആശാ വർക്കർമാർക്ക് കൊടുക്കുന്ന തുച്ഛമായ ശമ്പളംപോലും (700 രൂപ) ആറുമാസമായി കൊടുക്കുന്നില്ല. കുടുംബശ്രീയ്ക്കു വേണ്ടി മാറ്റിവച്ച 115 കോടി രൂപയിൽ നിന്നും ഒരു രൂപപോലും നിങ്ങൾ കൊടുത്തിട്ടില്ല. ഐ.എ.വൈ. പദ്ധതി മുഖേന വീടുകൾ രജിസ്റ്റർ ചെയ്യുന്നതിന് നാലായിരം രൂപ വാങ്ങിക്കുകയാണ്. അതിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളത് ? ഇക്കാര്യങ്ങൾക്കെല്ലാം വ്യക്തമായ മറുപടി നൽകണം.

<u>ശ്രീ. കെ. എം. മാണി</u> : സർ, അങ്ങയോടുള്ള പൂർണ്ണമായ ബഹുമാനത്തോടെ പറയട്ടെ, ഭരണകക്ഷിക്ക് മാത്രമാണ് എ.എസ്. കൊടുത്തിട്ടുള്ളതെന്നുപറയുന്നത് അടിസ്ഥാനരഹിതമാണ്. എല്ലാത്തിനും എ.എസ്. കൊടുക്കാൻ സാധിക്കുകയില്ല. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും എ.എസ്. കൊടുക്കാത്ത കേസ്സും ഉണ്ട്. വയബിൾ ആയിട്ടുള്ള വർക്കുകൾക്ക് എ.എസ്. കൊടുത്തിരിക്കും. കൊടുക്കാത്ത കേസുകൾ ഇല്ല......(ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട കെ. മുരളീധരൻ.......പ്ലീസ്.............

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശിക കൊടുക്കുന്നില്ല, ആശാ വർക്കർമാർക്ക് കൊടുക്കുന്ന തുച്ഛമായ ശമ്പളം പോലും കൊടുക്കുന്നില്ല. .... (ബഹളം)....

<u>ശ്രീ. കെ. എം. മാണി</u> : സർ, കുടിശ്ശികകൾ ഗവൺമെന്റ് കൊടുത്തു തീർക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ചോദ്യത്തിനുള്ള മറുപടിയില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ കുടിശ്ശിക എപ്പോൾ നൽകുമെന്ന് മറുപടി പറയണം. ശ്രീ. ശിവൻകുട്ടിയുടേത് കൃത്യമായ ചോദ്യമല്ലേ ?.....(ബഹളം).....

(ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ട് പ്രതിപക്ഷനേതാവിന്റെ ഇരിപ്പിടത്തി നടുത്തുവന്ന് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്... (ബഹളം) പ്ലീസ്.... സഭ നിർത്തി വയ്ക്കണോ.... പ്ലീസ്... ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അംഗങ്ങളോട് സീറ്റിൽ പോകാൻ പറയൂ....യെസ്. പ്ലീസ്.......(ബഹളം) പ്ലീസ്....പ്ലീസ്.... ശ്രീ. ശിവൻകുട്ടി, ശ്രീമതി കെ. കെ. ലതിക, ശ്രീ. രാജേഷ്, ശ്രീ. എ. എം. ആരിഫ്.......അവരവരുടെ സീറ്റിൽ പോകൂ.........നിങ്ങളുടെ പ്രതിഷേധം ആയിക്കഴിഞ്ഞു. ദയവായി സീറ്റിൽ പോകുക.....പ്ലീസ് ..... (ബഹളം)........അടുത്ത ചോദ്യം എടുക്കണ്ടേ. ചെയർ പറയുന്നത് ശ്രദ്ധിക്കണം. ഇതേ ചോദ്യം നിങ്ങൾക്ക് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്ക് കൊടുക്കാം.......(ബഹളം).... പ്ലീസ്.. ബഹുമാന്യരായ അംഗങ്ങൾ ഒരു കാര്യം ശ്രദ്ധിക്കണം. ഏത് രീതിയിൽ മറുപടി പറയണമെന്ന് ചെയറിന് പറയാൻ സാധിക്കുകയില്ല. അത് മന്ത്രിമാർ തീരുമാനിക്കേണ്ട കാര്യമാണ്. ഇത്തരത്തിൽ സഭ തടസ്സപ്പെടുത്തുന്നത് ശരിയല്ല. പ്രത്യേകിച്ച് ചോദ്യോത്തര വേളയിൽ സഭ തടസ്സപ്പെടുത്തുന്നത് ശരിയല്ല. (ബഹളം)......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മറുപടി പറയട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ : എല്ലാ അംഗങ്ങളും സീറ്റിൽ പോയി ഇരുന്നതിനുശേഷം ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മറുപടി പറഞ്ഞാൽമതി. ശ്രീ. സി. കെ. നാണു, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. ശിവൻകുട്ടി ..........അവരവരുടെ സീറ്റിലിരിക്കണം. പ്ലീസ്........

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേക്ക് പോയി.)

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, രണ്ടുമാസത്തെ കുടിശ്ശിക കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കാനുണ്ട്. ഞങ്ങളുടെ കൈവശം കടം വാങ്ങിയ ആകെ 28 കോടി രൂപ കിട്ടിയിട്ടുണ്ട്. ആ തുക ഉപയോഗിച്ച് 8,600 രൂപ വരെ പ്രതിമാസ പെൻഷൻ മുഴുവൻ കൊടുത്തുതീർത്തു. 8,600 രൂപയ്ക്ക് മുകളിൽ ഒരു മാസം പെൻഷൻ വാങ്ങുന്നവർക്ക് ഇനിയും ബാലൻസ് കൊടുക്കാനുണ്ട്. 12 കോടി രൂപയുണ്ടെങ്കിൽ ഒരു മാസത്തെ പെൻഷൻ കൊടുത്തു തീർക്കാൻ സാധിക്കും. അതേസമയം

രണ്ടുമാസത്തെ കടം കൊടുക്കാനുമുണ്ട്. അത് accumulate ചെയ്ത് വന്നതാണ്. ഈ കടം തീർക്കാൻവേണ്ടി ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായി ധാരാളം ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പോസിറ്റീവായ കുറേ നടപടികൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ....(ബഹളം)... നമ്മൾ തമ്മിൽ വാക്കുതർക്കം വേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം.

ശ്രീ. എ. കെ. ബാലൻ : സർ, ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റ് എന്താണ് ?..... (ബഹളം)......

ശ്രീ. സി. ദിവാകരൻ : സർ, 30 വർഷം പണിയെടുത്ത് സർവ്വീസിൽനിന്നും വിരമിച്ച പാവപ്പെട്ട തൊഴിലാളികൾ സെക്രട്ടേറിയറ്റിനുമുന്നിൽ പട്ടിണി കിടക്കുകയാണ്. മരുന്ന് വാങ്ങാൻപോലും പണമില്ല. രണ്ടുമാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട്..... (ബഹളം).......

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്, പ്ലീസ്... പ്ലീസ്.. ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട സി. ദിവാകരൻ പറഞ്ഞത് കോമണായിട്ടുള്ള ഒരു thinking ആയി ഞാൻ എടുക്കുകയാണ്. പെൻഷൻ കൊടുക്കുന്നതിനുള്ള ശ്രമം ധാരാളം നടത്തിയിട്ടുണ്ട്. പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ചില സ്കീംസ് ഉണ്ടാക്കി അവ നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. അതിന് ബാങ്കുകളുടെ സഹായം വേണ്ടിവരും. 300 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ ഗവൺമെന്റ് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് അധികാരികളുമായി സംസാരിച്ചപ്പോൾ കുറച്ച് ലോൺ തരാമെന്ന് പറഞ്ഞിട്ടുണ്ട്. സാമ്പത്തിക ക്ലേശമാണ് അടിസ്ഥാനഘടകം. സാമ്പത്തിക ക്ലേശം പരിഹരിക്കാനുള്ള മാർഗ്ഗത്തിൽ സഭയിലുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ കിട്ടുമെന്ന പ്രതീക്ഷയിലാണ് നമ്മൾ നിൽക്കുന്നത്. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ആരുടെ ലീഡർഷിപ്പാണെന്ന് അറിയാമല്ലോ ? ഞാൻ അവരുമായി സംസാരിച്ച് ധാരണയിൽ എത്തുകയും പണം തരാമെന്നും

പറഞ്ഞിട്ടുണ്ട്. ഞങ്ങൾ അതിനുള്ള പ്രോസസ്സിൽ എത്തിനിൽക്കുകയാണ്. ഏത് കാലത്തുള്ളതിനേക്കാളും കൂടുതൽ പണം കേരളാ ഗവൺമെന്റ് തന്നിട്ടുണ്ട്, ഇല്ലെന്ന് പറയുന്നത് ശരിയല്ല. മറ്റേത് കാലവുമായി കമ്പയർ ചെയ്താലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന മൂന്നുകൊല്ലക്കാലത്തിനുള്ളിൽ കൂടുതൽ പണം കെ.എസ്.ആർ.ടി.സി.-ക്ക് കിട്ടിയിട്ടുണ്ട്. പക്ഷെ ഡി.എ.-യുടെ വർദ്ധനവും മറ്റു വിഷമതകളും വന്നു. കഴിഞ്ഞ മാസം ഡി.എ. കുടിശ്ശികയെല്ലാം കൊടുത്തുതീർത്തു. അതെല്ലാംകൂടി വന്നപ്പോൾ ഒരു മാസത്തെ പെൻഷൻ കൊടുത്തു തീർക്കുന്നതിന് 40 കോടി രൂപയായി. ഈ ബുദ്ധിമുട്ട് ഒഴിവാക്കത്തക്ക വിധത്തിലുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ഗവൺമെന്റ് സഹായിച്ചിട്ടുണ്ട്. ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായിട്ടുള്ള ചർച്ച ഫൈനലായിട്ടില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ചില പ്രൊപ്പോസൽസുണ്ട്. കെ.എസ്.ആർ.ടി.സി.-യും ചില പ്രൊപ്പോസലുകൾ വച്ചിട്ടുണ്ട്..... (ബഹളം).....

ശ്രീ. സി. ദിവാകരൻ : സർ, പാലക്കാട് കോ-ഓപ്പറേറ്റീവ് ബാങ്കിനെയാണോ നിങ്ങൾ ഏൽപ്പിക്കുന്നത്. പിന്നെ എന്തിനാണ് ഇവിടെ ഗവൺമെന്റ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പാലക്കാട് കോ-ഓപ്പറേറ്റീവ് ബാങ്കിനെ ഏൽപ്പിച്ചതല്ല. അവരിൽ നിന്നും പണം കടമെടുത്തതാണ്.

ശ്രീ. സി. ദിവാകരൻ : സർ, എന്തു ഗ്യാരന്റിയിലാണ് കടമെടുത്തത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഗവൺമെന്റ് ഗ്യാരന്റിയിലാണ് കടമെടുത്തത്. അതിന്റെ പേപ്പർ ഇന്നലെ കൊടുത്തുകഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, അവർ ചോദിക്കുന്ന ഓരോ ചോദ്യത്തിനും മറുപടി പറയേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 300 കോടി രൂപ ഗവൺമെന്റ് ഗ്യാരന്റി കൊടുത്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. അനുമതി.

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ പതിനായിരത്തിൽപ്പരം ട്രാൻസ്പോർട്ട് പെൻഷനേഴ്സിന് എന്ന് പെൻഷൻ കുടിശ്ശിക കൊടുക്കാൻ കഴിയുമെന്ന്

സഭയിൽ പറയണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ധനകാര്യ വകുപ്പുമന്ത്രി കോടതിയിൽ കൊടുത്ത അഫിഡവിറ്റിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു ചോദ്യത്തിന്റെ മറുപടി ഭാഗികമായി നിർത്താൻ കഴിയുമോ. ..... (ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. മുരളീധരൻ.....

ശ്രീ. കെ. മുരളീധരൻ : സർ, നിയമസഭാ സാമാജികരുടെ ആസ്തിവികസന ഫണ്ടിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുകയും അതുപ്രകാരമുള്ള പദ്ധതികളുടെ ബില്ല് മാറിനൽകുന്നതിന് പ്രത്യേക മുൻഗണന നൽകുകയും ചെയ്യുമോ ; അക്കാര്യത്തിലുള്ള ഗവൺമെന്റ് നിലപാടെന്താണ് ?

ശ്രീ. കെ. എം. മാണി : സർ, അക്കാര്യം പരിഗണിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം നമ്പർ *33......

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, എനിക്കൊരു ചോദ്യം ചോദിക്കണം. അതിനനുവദിക്കുമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രതിപക്ഷ നേതാവിന് ചോദ്യം ചോദിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മിനിസ്റ്ററോടും ധനകാര്യ വകുപ്പുമന്ത്രിയോടും ഞാൻ ചോദിക്കുകയാണ്, കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ പെൻഷൻ എപ്പോൾ കൊടുക്കും, എന്ന് കൊടുക്കും ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ആ ചോദ്യം കഴിഞ്ഞു, അടുത്ത ചോദ്യവും വിളിച്ചു. മറുപടി പറയാൻ ബഹുമാനപ്പെട്ട മിനിസ്റ്റർ എഴുന്നേൽക്കുകയും ചെയ്തു............(ബഹളം)...........

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, മന്ത്രിമാരെ രക്ഷിക്കാൻ വേണ്ടി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അങ്ങയുടെ സ്ഥാനം ദുരുപയോഗം ചെയ്യരുത്.

മറുപടി പറയാൻ പറയൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങനെ പറയരുത്. അത് ശരിയല്ല. ആ ചോദ്യം ഫ്ലോറിലുണ്ടായിരുന്ന സമയത്ത് അങ്ങ് ചോദിച്ചില്ല. ആ ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയെ വിളിക്കുകയും ചെയ്തു. ഇനി ആ ചോദ്യം അനുവദിക്കാൻ കഴിയില്ല..... സോറി...... ബഹുമാനപ്പെട്ട മിനിസ്റ്റർ,

.......(ബഹളം)...........

**പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം**

**3 (*33)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസംപോലും അന്യമാകുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(സി) ഹൈസ്കൂൾതലം വരെയുള്ള പഠനത്തിന് അർഹമായ പ്രായപരിധി യിലുള്ള കുട്ടികൾ സ്കൂൾ പഠനം ഉപേക്ഷിച്ചിട്ടുണ്ടെന്നതിന്റെ ഈ വർഷത്തെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : സർ,

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തു ന്നതിനും വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് വിഹിതത്തിന്റെ അൻപതുശതമാനത്തോളം തുക നീക്കി

വയ്ക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി ആവശ്യത്തിലേയ്ക്ക് പ്ലാൻ ശീർഷകത്തിൽ 128.50 കോടി രൂപയും, നോൺപ്ലാൻ ശീർഷകത്തിൽ 50.9276 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വരുമാനപരിധി പരിഗണിക്കാതെതന്നെ ലംപ്സം ഗ്രാന്റും, മാസംതോറും സ്റ്റൈപ്പന്റും അനുവദിച്ചുവരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി 15 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, 2 ഏകലവ്യ സ്കൂളുകൾ, ഒരു പ്രത്യേക സി.ബി.എസ്.ഇ. മാതൃകാ സ്കൂൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ദുർഘടവും, ഒറ്റപ്പെട്ടതും, വന്യമൃഗ ഭീഷണിയുള്ളതുമായ സങ്കേതങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം പരിപാലിക്കുന്നതിന്റെ ഭാഗമായി അവർക്ക് സ്കൂളിലേക്കും തിരിച്ച് വീട്ടിലേക്കും യാത്രാസൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതിയും, 107 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, 13 നഴ്സറി സ്കൂളുകൾ, 16 പെരിപ്പതറ്റിക് സ്കൂളുകൾ, 29 ഏകാധ്യാപക സ്കൂളുകൾ, 3 ബാലവിജ്ഞാന കേന്ദ്രങ്ങൾ, 25 കിന്റർ ഗാർട്ടനുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്. ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, അന്തർമുഖ സ്വഭാവം എന്നിവ പരിഹരിക്കുന്നതിനായി സ്റ്റുഡന്റ്സ് കൗൺസിലേഴ്സ് പ്രവർത്തിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠന സാമഗ്രികൾ എന്നിവയും നൽകിവരുന്നു. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇൻസെന്റീവ് ഗ്രാന്റ് നൽകുന്നു. കൂടാതെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന അവാർഡ്, കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് 'സർഗ്ഗോത്സവം', സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള സഹായം, തെരഞ്ഞെടുക്ക പ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'ഭാരത ദർശനം' ഇവയും നടപ്പിലാക്കി വരുന്നു. അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസം മുൻനിർത്തി കൈത്താങ്ങ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. വിവിധ തൊഴിൽ പരിശീലനങ്ങളും, തൊഴിൽ ഉപകരണ കിറ്റുകളും നൽകിവരുന്നുണ്ട്. കൂടാതെ സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി

സ്പെഷ്യൽ ട്യൂഷൻ പദ്ധതി നടപ്പാക്കിവരുന്നു. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തുവരുന്നു.

(ബി) ഉണ്ട്. 2008-ൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ആകെ കുട്ടികളിൽ കൊഴിഞ്ഞു പോക്കിന്റെ ശരാശരി 36.73 ശതമാനം ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അവ പരിഹരിക്കുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹളംവച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു).

(സി) 2014-15 അദ്ധ്യയന വർഷാരംഭത്തിൽ ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 90 ശതമാനം വിദ്യാർത്ഥികളും സ്കൂളുകളിൽ ഹാജരായിട്ടുണ്ട്. കൊഴിഞ്ഞുപോയതായി ശ്രദ്ധയിൽപ്പെട്ട നാല്പതോളം കുട്ടികളെ ട്രൈബൽ ആഫീസർമാരുടെ സഹായത്തോടെ വീണ്ടും സ്കൂളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.......(ബഹളം).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഒരു ചോദ്യം സഭയിൽ വന്നു, അതുമായി ബന്ധപ്പെട്ട് ഒട്ടേറെ ചോദ്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയും ചെയ്തു. (ബഹളം).......കെ.എസ്. ആർ.ടി.സി.-യുമായി ബന്ധപ്പെട്ട ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടിയും പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുന്നേറ്റപ്പോൾ പ്രതിപക്ഷ നേതാവായതുകൊണ്ടാണ് ഞാൻ സമ്മതിച്ചത്. പക്ഷെ ആ ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേക്ക് കടന്നതിനുശേഷമാണ് ചോദ്യം ചോദിച്ചത്. ശ്രീ.കോടിയേരി ബാലകൃഷ്ണനും ശ്രീ. എ. കെ. ബാലനും സീനിയർ മെമ്പർമാരാണ്. നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും നല്ലതുപോലെ അറിയാവുന്നവരാണ് നിങ്ങൾ. ഒരു ചോദ്യം കഴിഞ്ഞു, അടുത്ത ചോദ്യത്തിലേക്ക് കടന്ന് മന്ത്രി മറുപടി പറയാൻ എഴുന്നേറ്റതിനുശേഷം ആദ്യം ചോദിച്ച ചോദ്യത്തിന് മറുപടി പറയണമെന്ന് പറയുന്നത് ശരിയല്ല. ചെയറിന് അങ്ങനെ പറയാൻ പറ്റില്ല. നിങ്ങളെല്ലാം സീനിയർ അംഗങ്ങളാണ്. നടപടിക്രമങ്ങൾ ശരിക്കും അറിയാവുന്നവരാണ്.

അതുകൊണ്ട് ഇത് അനുവദിക്കാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട കെ. മുഹമ്മദുണ്ണി ഹാജി.......

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പട്ടികജാതി വികസന വകുപ്പ് നൽകുന്നത് ?

കുമാരി പി. കെ. ജയലക്ഷ്മി : സർ, മെഡിക്കൽ/പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവിനായി 5,000 രൂപ നൽകുന്നുണ്ട്. കോഴ്സ് ഫീ, പ്രതിമാസ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയും സ്ഥാപനത്തിന്റെ ഹോസ്റ്റലിലാണ് താമസിച്ച് പഠിക്കുന്നതെങ്കിൽ അതിനുള്ള പ്രത്യേക സ്റ്റൈപ്പന്റും മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സുകൾക്ക് കംപ്യൂട്ടർ സയൻസ് ഐച്ഛിക വിഷയമായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വിതരണം ചെയ്യുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് എന്തെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പ് നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

കുമാരി പി. കെ. ജയലക്ഷ്മി : സർ, എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി,പി.ജി. പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥി കളിൽ 60 ശതമാനത്തിലധികം മാർക്ക് ലഭിക്കുന്നവർക്ക് യഥാക്രമം 3,000, 4,000, 4,500, 6,000 രൂപ നിരക്കിൽ പ്രോത്സാഹന അവാർഡ് നൽകി വരുന്നു. .......(ബഹളം

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (I) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം**

**4 (*34)** ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗവും വൈദ്യുതി ഉത്പാദനവും തമ്മിൽ താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ജലവൈദ്യുത പദ്ധതികൾ പുതുതായി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ വൈദ്യുതിയുടെ ദൗർലഭ്യം പരിഹരിക്കുവാനുള്ള ദീർഘകാല പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിച്ചിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്താമോ ;

(ഡി) പരിസ്ഥിതി ആഘാതമില്ലാത്ത പ്രദേശത്ത് മഴവെള്ളം തടഞ്ഞുനിർത്തി വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് എവിടെയെല്ലാ മാണെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റി അംഗീകരിച്ച 18-ാം പവർ സർവ്വേ പ്രകാരം സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം പ്രതിവർഷം ശരാശരി '6' ശതമാനത്തോളം വർദ്ധിച്ചുവരികയാണ്. വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു. സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം പ്രധാനമായും ജലവൈദ്യുത പദ്ധതികളെ ആശ്രയിച്ചാണുള്ളത്. നിലവിൽ സംസ്ഥാനത്തെ വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ജലവൈദ്യുത പദ്ധതികളുടെ ആകെ സ്ഥാപിതശേഷി ഏകദേശം 2004 മെഗാവാട്ടും പ്രതീക്ഷിത വാർഷിക ഉല്പാദനം 7060 ദശലക്ഷം യൂണിറ്റും മാത്രമാണ്. അതായത് ജലവൈദ്യുതോല്പാദനം ഇപ്പോഴത്തെ വൈദ്യുതി ആവശ്യകതയുടെ 30 ശതമാനം മാത്രമാണ്. സംസ്ഥാനത്തെ ബ്രഹ്മപുരം

ഡീസൽ വൈദ്യുതി നിലയം (BDPP-106 മെഗാവാട്ട്), കോഴിക്കോട് ഡീസൽ വൈദ്യുതി നിലയം (KDPP-128 മെഗാവാട്ട്) NTPC-യുടെ കായംകുളം താപവൈദ്യുത നിലയം (359.58 മെഗാവാട്ട്), BSES-ന്റെ കൊച്ചി നിലയം (157 മെഗാവാട്ട്), കെ.പി.സി.എൽ., കാസർഗോഡ് (20 മെഗാവാട്ട്) തുടങ്ങിയ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നുള്ള വൈദ്യുത ഉല്പാദനത്തിന് വേണ്ടിവരുന്ന ഇന്ധന ചെലവ് യൂണിറ്റൊന്നിന് '11' രൂപയിൽ അധിക മായതിനാൽ അടിയന്തര ഘട്ടങ്ങളിൽ മാത്രമേ ടി നിലയങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നുള്ളൂ.

കേരളത്തിലെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല എന്നത് വസ്തുതയാണ്. ഉപഭോഗത്തിൽ 96% വർദ്ധനവ് ഉണ്ടായപ്പോൾ ഉല്പാദനത്തിൽ 10% വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള താരതമ്യ കണക്ക് അനുബന്ധം-2* ആയി ചേർക്കുന്നു.

(ബി) പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ സംഭരണശേഷി കൂടിയ ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രകൃതിവാതകത്തെ ആശ്രയിക്കുന്ന നിലയങ്ങളുടെ ഉല്പാദന ചെലവ് ആശങ്കാജനകമാണ്. എന്നാൽതന്നെയും ഈ ഇനത്തിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം-* ആയി ചേർക്കുന്നു.

ഇതുകൂടാതെ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സോളാർ, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവ ഉപയോഗിച്ചുള്ള വൈദ്യുത ഉല്പാദന പദ്ധതികൾക്കും മുൻഗണന നൽകുന്നുണ്ട്.

സംസ്ഥാനത്തിനു പുറത്തുനിന്നുള്ള വൈദ്യുതി ഉല്പാദകരിൽനിന്നും മത്സരാധിഷ്ഠിത ടെണ്ടർ വഴിയും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കുകൾ വഴിയും ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. ടാറ്റാ മൈത്തോൺ കമ്പനിയിൽനിന്നും 150 മെഗാവാട്ട് വൈദ്യുതി, 25 വർഷത്തേയ്ക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന്, 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി ദാമോദർവാലി കോർപ്പറേഷനിൽനിന്ന് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

3. 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മുതൽ 2014 വരെയുള്ള കാലയളവിൽ 36.06 മെഗാവാട്ടിന്റെ പൂർത്തിയാക്കിയ ജലവൈദ്യുത പദ്ധതികൾ അനുബന്ധം-4 *ആയി ചേർക്കുന്നു.

കൂടാതെ 34 പീക്കോ വൈദ്യുത പദ്ധതികളിൽനിന്ന് 35 കിലോവാട്ട് വൈദ്യുതിയും കല്ലാർ ചെറുകിട വൈദ്യുത (മൈക്രോ) പദ്ധതിയിൽനിന്ന് 50 കിലോവാട്ട് വൈദ്യുതിയും ലഭിക്കുന്നു. കൂടാതെ അനെർട്ട് ആവിഷ്കരിച്ച് തുടക്കമിട്ട പതിനായിരം റൂഫ് ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിവഴി ഇതുവരെ 6.593 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ വിവിധ പൊതുകെട്ടിടങ്ങളിൽ സ്ഥാപിച്ച സോളാർ പവർപ്ലാന്റുകൾവഴി 430.36 കിലോവാട്ട് സ്ഥാപിതശേഷിയും ഈ കാലയളവിൽ കൈവരിച്ചിട്ടുണ്ട്.

(ഡി) പരിസ്ഥിതി ആഘാതമില്ലാത്ത സ്ഥലത്ത് മഴവെള്ളം തടഞ്ഞു നിർത്തി വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയും ഇതുവരെ ആരംഭിച്ചിട്ടില്ല.

**ആശ്വാസ് പദ്ധതി**

**5 (*35)** ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ.വാഹീദ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയനുസരിച്ച് ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കിയത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത് ; വിശദാംശങ്ങൾ നൽകാമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്. 2011 ജൂലൈ 1 മുതൽ 45 ദിവസത്തേയ്ക്ക് 'ആശ്വാസ് 2011' എന്ന പേരിലും 2012 ജൂലൈ 1 മുതൽ 2012 ആഗസ്റ്റ് 31 വരെ (62 ദിവസത്തേയ്ക്ക്) 'ആശ്വാസ് 2012' എന്ന പേരിലും 2014 ജനുവരി 15 മുതൽ മാർച്ച് 31 വരെ 'ആശ്വാസ് 2014' എന്ന പേരിലും നടപ്പിലാക്കിയിരുന്നു.

(ബി) സഹകരണ വായ്പാ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും അതോടൊപ്പം വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കുടിശ്ശിക പിരിവിൽ പുരോഗതി കൈവരിക്കുന്നതിനും ഉദ്ദേശിച്ചാണ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

(സി) 'ആശ്വാസ് 2011' പദ്ധതിപ്രകാരം 45.62 കോടി രൂപയും 'ആശ്വാസ് 2012' പദ്ധതി കാരം 53.48 കോടി രൂപയും 'ആശ്വാസ് 2014' പദ്ധതി പ്രകാരം 128.39 കോടി രൂപയും പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവയിൽ ഇളവുകൾ നൽകിയിട്ടുണ്ട്.

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീ വിഭാഗം സംഘങ്ങളിൽ ആശ്വാസ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന വിഹിതം

**6 (*36)** ശ്രീ. എം. എ. ബേബി :
ശ്രീമതി കെ. കെ. ലതിക :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചു പ്രകാരം കണക്കാക്കിയിരിക്കുന്ന പദ്ധതി വിഹിതത്തിന്റെ (അസ്യൂംഡ് പ്ലാൻ സൈസ്) 25 ശതമാനത്തിൽ കുറയാത്ത തുക വികസന ഫണ്ടിനത്തിൽ വകയിരുത്തേണ്ടതും 10 ഗഡുക്കളായി മേയ് മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ (കെ.എൽ.ജി.എസ്.ഡി.പി ഫണ്ടും 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും ഒഴികെ) റിലീസ് ചെയ്യേണ്ടതുമാണ്. അർഹതയുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കാണ് കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് അനുവദിക്കുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ അതതു വർഷത്തെ ആദ്യഗഡു കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കും രണ്ടാമത് ഗഡു കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ജനുവരി ആദ്യ ആഴ്ചയിലോ ആണ് റിലീസ് ചെയ്യേണ്ടത്.

(ബി) പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾക്കുള്ള ഫണ്ടുകൾ മേൽ വ്യവസ്ഥകൾ പ്രകാരം റിലീസ് ചെയ്യുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ അപൂർവ്വ സന്ദർഭങ്ങളിൽ ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിൽ നേരിയ കാലതാമസവും ചില ഏറ്റക്കുറച്ചിലുകളും വന്നിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് മുൻ സാമ്പത്തിക വർഷങ്ങളിൽ ഫണ്ടുകൾ അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി

പിരിവ് സംബന്ധമായ വിശദാംശങ്ങൾ യഥാസമയം ലഭിക്കാത്തതിനാൽ 2012-13 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ പത്താമത് ഗഡു റിലീസ് ചെയ്യാൻ 58 ദിവസം താമസം നേരിട്ടിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള ഒരു പുതിയ സംവിധാനം ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

(ഡി) തന്നാണ്ടിൽ വികസന ഫണ്ട് (പൊതു വിഭാഗം) ഏഴ് തവണകളും, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് 6 ഗഡുക്കളായും (മുൻ വർഷങ്ങളിലേക്ക് അനുവദിക്കപ്പെട്ട അധിക വിഹിതം ഉൾപ്പെടെ) ആകെ 61% റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

**സബർബൻ റെയിൽവേ**

**7 (*37)** ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബർബൻ റെയിൽവേ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്, വിശദമാക്കുമോ ;

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി

ക്കൊണ്ടും മെമു/യെമു റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാപഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാപഠനം നടത്തിയശേഷം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോ മീറ്റർ പാതയാണ് പഠന വിധേയമാക്കിയത്.

പദ്ധതിയുടെ മൂന്ന് പ്രധാന ഘടകങ്ങൾ :

(എ) ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം

(ബി) പുതിയ ട്രെയിനുകൾ

(സി) പ്ലാറ്റ്ഫോമുകളുടെ നവീകരണം

(നിലവിലുള്ള ഇരട്ട പാതകളിൽ ഇപ്പോഴുള്ള സിഗ്നലിംഗ് സംവിധാനം മാറ്റി പകരം ആധുനിക ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം സ്ഥാപിക്കൽ, പുതിയ ട്രെയിനുകളുടെയും മെട്രോ ട്രെയിനുകളിൽ ഉപയോഗിക്കുന്ന പുതിയ രീതിയിലുള്ള കോച്ചുകളുടെ സംഭരണം പ്രസ്തുത കോച്ചുകൾക്ക് ഉതകുന്ന രീതിയിൽ പ്ലാറ്റ്ഫോമുകളുടെയും സ്റ്റേഷനുകളുടെയും നവീകരണവും നടത്തുന്നതാണ്.)

1. സ്റ്റേഷനുകളുടെ എണ്ണം - 27 (5 ഹാൾട്ട് സ്റ്റേഷനുകൾ ഉൾപ്പെടെ)

2. തീവണ്ടി ഉപയോഗ പദ്ധതി - 30 മിനിട്ട് ഇടവിട്ട്

3. ഉദ്ദേശിക്കുന്ന പ്രധാന ജോലികൾ

(എ) ട്രെയിൻ പ്രൊട്ടക്ഷൻ മുന്നറിയിപ്പോടുകൂടിയ ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം.

(ബി) 79 റൺവേ ഗേറ്റുകളുടെ നവീകരണം.

(സി) സ്റ്റേഷനുകളിലെ സിഗ്നൽ സംവിധാനം മെച്ചപ്പെടുത്തലും

പ്ലാറ്റ്ഫോമുകളുടെ നവീകരണവും യാർഡുകളുടെ പുനരുദ്ധാരണവും.

(ഡി) 96 യാത്രാകോച്ചുകളുടെ സംഭരണം.

(ഇ) 250 ഇ.എം.യു. - കാറുകൾക്ക് മെയിന്റനൻസ് നടത്താൻ ഉതകുന്ന ഡിപ്പോ കൊല്ലത്ത് സ്ഥാപിക്കൽ.

4. പദ്ധതി നടപ്പാക്കുവാനുള്ള സമയക്രമം - പദ്ധതിയുടെ അനുമതി തീയതി മുതൽ 3 വർഷം.

5. കണക്കാക്കിയ മൊത്ത ചെലവ് - 3063.97 കോടി രൂപ മാർച്ച് 2014-ലെ വില നിലവാരത്തിൽ.

6. സാമ്പത്തിക സൂചികകൾ -

(എ) ഫൈനാൻഷ്യൽ റേറ്റ് ഓഫ് റിട്ടേൺ (എഫ്.ഐ.ആർ.ആർ) 2.63%

(ബി) ഇക്കണോമിക് റേറ്റ് ഓഫ് റിട്ടേൺ (ഇ.ഐ.ആർ.ആർ) 12.84%

7. നടപ്പാക്കൽ സംവിധാനം-ജോയിന്റ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) - സംസ്ഥാന സർക്കാരും റെയിൽവേയും സംയുക്തമായി).

8. വിഭവ സമാഹരണം-മുഴുവൻ മൂലധനം സംസ്ഥാന സർക്കാർ വഹിക്കുക. അന്താരാഷ്ട്ര ഏജൻസികളിൽനിന്നും സ്വരൂപിക്കുക.

(സി) പ്രസ്തുത പദ്ധതിക്കായി 3063.97 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ കേന്ദ്ര റയിൽ മന്ത്രാലയവുമായി ആശയവിനിമയം നടത്തിവരുന്നു. ബഹു. മുഖ്യമന്ത്രി റയിൽവേ വകുപ്പ് മന്ത്രിയുമായും ഉദ്യോഗസ്ഥർ റെയിൽവേ ബോർഡ് ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിവരുന്നു.

## പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള വിജിലൻസ് സമിതികൾ

**8 (*38)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :

<u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടകവിഭാഗക്കാരുടെ ക്ഷേമത്തിനായി മുഖ്യമന്ത്രി ചെയർമാനായി നിയമിച്ച സംസ്ഥാന വിജിലൻസ് സമിതിയും കളക്ടർ ചെയർമാനായി നിയമിച്ച ജില്ലാ വിജിലൻസ് സമിതിയും യോഗം ചേർന്ന് ആദിവാസിക്ഷേമം അവലോകനം നടത്താറുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചശേഷം എത്ര തവണ യോഗം ചേർന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം സമിതികൾ യോഗം ചേർന്ന് യഥാസമയം ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ അവലോകനം നടത്താത്തതുകാരണം ഈ മേഖലയിൽ നടക്കുന്ന അഴിമതിയും ഉദ്യോഗസ്ഥ അനാസ്ഥയും ഇടനിലക്കാരുടെ ചൂഷണവും തടയുന്നതിന് സാധിക്കുന്നില്ല എന്ന പരാതിയെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>കുമാരി പി. കെ. ജയലക്ഷ്മി</u>):

(എ) ഉണ്ട്.

(ബി) സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 2008 മുതൽ 6 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ജില്ലാതല യോഗം ചേർന്നത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അവലോകനമാണ് മുഖ്യമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നടത്തിവരുന്നത്. ആദിവാസി ക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് വകുപ്പുമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും യഥാസമയം അവലോകനം

നടത്താറുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അഴിമതിയും ഉദ്യോഗസ്ഥ അനാസ്ഥയും ഇടനിലക്കാരുടെ ചൂഷണവും നടത്തുന്നതായ പരാതികൾ ലഭിക്കുന്നപക്ഷം ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അതാത് പ്രദേശത്തെ എം.എൽ.എ. (ചെയർമാൻ), പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (കൺവീനർ), ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി ഇവ മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്.

## വ്യവസായ സൗഹൃദ സംസ്ഥാനം

**9 (*39)** ശ്രീ. പി. കെ. ബഷീർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എം. ഉമ്മർ :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപം വൻതോതിൽ ഉറപ്പിക്കുവാനും വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുവാനും വേണ്ടി വ്യവസായ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതികളിൽ മുൻഗണന നൽകുന്ന മേഖലകൾ ഏതെല്ലാമാണ്

(സി) ഇതുമൂലം നിക്ഷേപകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാ മാണെന്ന് വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) കേരളത്തിൽ നിക്ഷേപം വൻതോതിൽ ഉറപ്പിക്കുവാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനുംവേണ്ടി സർക്കാർ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി. മുഖേന 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ എമർജിംഗ് കേരള വ്യവസായ സംഗമം സംഘടിപ്പിച്ചു. ദീർഘകാല

അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മ പദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുകയും കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയുമായിരുന്നു എമർജിംഗ് കേരളയുടെ ലക്ഷ്യം. ഈ സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഇതിൽ മൊത്തം 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നുണ്ട്. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽമാത്രം 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരുന്നുണ്ട്.

കൂടാതെ യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കു ന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിനായി 2014 സെപ്റ്റംബർ 14-ന് യുവസംരംഭകത്വ ഉച്ചകോടി കെ.എസ്.ഐ.ഡി.സി. നടത്തിയിരുന്നു. നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ താല്പര്യമുള്ളവരെ കണ്ടെത്തി അവരെ വ്യവസായ സംരംഭകരാക്കി വാർത്തെടുക്കുകയായിരുന്നു ഈ സമ്മേളനത്തിന്റെ മുഖ്യ ലക്ഷ്യം.

ഇതുകൂടാതെ എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം താഴെപ്പറയുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്കുവേണ്ട ബോധവൽക്കരണം നടത്തുന്നു.

2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം

ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ധനകാര്യ സ്ഥാപനങ്ങൾ സാമ്പത്തിക സഹായം അനുവദിക്കുന്നതിന് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.

3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.

4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു.

5. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യതയനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു.

(ബി) ബയോടെക്നോളജി, ഭക്ഷ്യ സംസ്കരണം, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ്, വ്യവസായ വികസന മേഖലകൾ, ഗ്ലോബൽ ആയുർവ്വേദ വില്ലേജ് തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകുന്നു. ഇതു കൂടാതെ എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി താഴെ പറയുന്ന മേഖലകൾക്കും മുൻഗണന നൽകി വരുന്നു.

1. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ

2. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ

3. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

4. പാരമ്പര്യേതര ഊർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ക്കുള്ള ഉപകരണ യന്ത്രനിർമ്മാണം.

5. ജൈവ സാങ്കേതികവിദ്യാ അധിഷ്ഠിത വ്യവസായങ്ങൾ

6. 100% കയറ്റുമതി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

7. ജൈവ നശീകരണ പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായം

8. പ്ലാസ്റ്റിക് മാലിന്യ പുനഃചാക്രീകരണ വ്യവസായം

9. ജൈവവള വ്യവസായം

(സി) കേരളത്തിൽ ആരംഭിക്കുന്ന ഇടത്തരം വൻകിട മേഖലയിലുള്ള സംരംഭങ്ങൾക്ക് വ്യവസായം തുടങ്ങുവാൻ വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കിവരുന്നുണ്ട്. ഇതു കൂടാതെ വ്യവസായം തുടങ്ങുവാനുള്ള ധനവായ്പയും പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നുണ്ട്. 'യെസ്.' സമ്മിറ്റിന്റെ ഭാഗമായി കൊച്ചിയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്കിൽ 4500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇൻകുബേഷൻ സെന്റർ കെ.എസ്.ഐ.ഡി.സി തുടങ്ങിയിട്ടുണ്ട്. പ്രസ്തുത ഇൻകുബേഷൻ സെന്ററിൽ യുവ സംരംഭകർക്ക് സ്ഥലം കൊടുത്തു തുടങ്ങിയിട്ടുണ്ട്. ഇതിനുപുറമേ ചങ്ങനാശ്ശേരിയിലുള്ള അസംപ്ഷൻ കോളേജിൽ കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ വനിത യുവസംരംഭകർക്ക് മാത്രമായുള്ള ഒരു ഇൻകുബേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി. തിരുവനന്തപുരത്തും അങ്കമാലിയിലും കോഴിക്കോട്ടും ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നത് പരമാവധി 20 ലക്ഷം രൂപയാണ്. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു. പിന്നോക്ക ജില്ലയിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതികവിദ്യ

പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10% പരമാവധി 10 ലക്ഷം രൂപവരെ അധിക സബ്സിഡി ലഭിക്കുന്നതാണ്.

**കൂടംകുളം ആണവ നിലയത്തിൽനിന്നുള്ള വൈദ്യുതി**

**10 (*40)** ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരാനുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി ; സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അപര്യാപ്തമാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

(സി) ഈ ലൈനിന്റെ പണികൾ എത്രകാലം കൊണ്ട് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; ഇനി ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽനിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ ഒരു 400 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ട്രാൻസ്മിഷൻ ലൈനുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യമില്ല. 1885-ലെ കേന്ദ്ര ടെലഗ്രാഫ് ആക്ട് വ്യവസ്ഥ ചെയ്യുതിൻ പ്രകാരം ലൈൻ വലിക്കുന്നതുമൂലമുണ്ടാകുന്ന കേടുപാടുകൾക്കുള്ള നഷ്ടപരിഹാരം നല്കിയാണ് റൈറ്റ് ഓഫ് വേ നേടുന്നത്. എന്നാൽ ഇടമൺ മുതൽ കൊച്ചി വരെയുള്ള ലൈൻ

നിർമ്മാണം പ്രസ്തുത ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) ഉണ്ട്. ഇടമൺ-കൊച്ചി 400 കെ.വി. റൂട്ടിലേക്കായി മാത്രം 19-8-2014-ലെ (എം.എസ്) 27/14/ഊ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളേയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം അനുവദിച്ചു നൽകിയപ്പോൾ ഈ പ്രവൃത്തി 2010-നു മുൻപ് പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾ ഉടൻതന്നെ പരിഹരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**റെയിൽവേ വികസനത്തിൽ സംസ്ഥാന പങ്കാളിത്തം**

**11 (*41)** ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വികസനത്തിൽ സംസ്ഥാനം കൂടി പങ്കാളിത്തം വഹിക്കണമെന്ന കേന്ദ്രത്തിൻെറ നിർദ്ദേശത്തോട് സംസ്ഥാനത്തിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാടിൻെറ ഭാഗമായി

ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിച്ച റെയിൽവേ വികസന പദ്ധതികൾ ഏതൊക്കെയായിരുന്നു ;

(ഡി) കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം, പ്രമുഖ സ്റ്റേഷനുകളുടെ വികസനം, ശബരി റെയിൽപ്പാത നിർമ്മാണം എന്നിവയ്ക്ക് 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ടോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ&ബി) അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50%ഉം കുമ്പളം-തുറവൂർ, എറണാകുളം-കുമ്പളം എന്നീ സ്ട്രച്ചുകളിലെ പാതഇരട്ടിപ്പിക്കലിനുള്ള ഭൂമി പൂർണ്ണമായും സൗജന്യമായി ഏറ്റെടുത്ത് റെയിൽവേക്ക് നൽകുന്നതോടൊപ്പം ആയതിന്റെ നിർമ്മാണ ചെലവിന്റെ 50%ഉം കൂടി സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ബോർഡ് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക സാമ്പത്തിക പരിതസ്ഥിതി പരിഗണിച്ച് പദ്ധതി ചെലവുകളുടെ 50% വഹിക്കാനോ ഭൂമി പൂർണ്ണമായും സൗജന്യമായി ഏറ്റെടുത്ത് നൽകുവാനോ കഴിയുകയില്ലായെന്ന് കേന്ദ്ര സർക്കാരിനേയും റെയിൽവേ ബോർഡിനേയും അറിയിച്ചിട്ടുണ്ട്.

കുമ്പളം-തുറവൂർ, എറണാകുളം-കുമ്പളം പാതകൾ ഇരട്ടിപ്പിക്കലോ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ കാലടിക്കുശേഷമുള്ളതുമായ ഭൂമി ഏറ്റെടുക്കലോ നിർമ്മാണ പ്രവൃത്തികളോ റെയിൽവേ ബോർഡിന്റെ മേൽ നയം കാരണം തുടരാൻ കഴിഞ്ഞിട്ടില്ല.

(സി&ഡി) 2013-14-ൽ കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് സെന്റർ സംസ്ഥാനത്തിന്റെ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ 5 കോടി രൂപയും എറണാകുളം ടൗൺ, തൃശ്ശൂർ, കൊല്ലം, കോഴിക്കോട്, കോട്ടയം റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യ വികസനങ്ങൾക്കായി 10 കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിൽ ടി റെയിൽവേ സ്റ്റേഷനുകളിലെ

വികസന പ്രവൃത്തികൾക്കായി റെയിൽവേ സമർപ്പിച്ച എസ്റ്റിമേറ്റിനനുസരിച്ച് റെയിൽവേക്ക് 9,97,12,367, (ഒൻപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി മൂന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) സംസ്ഥാന സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്. റെയിൽവേ താമസംവിനാ പണികൾ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശബരി റെയിൽവേക്കായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

## പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല

**12 (*42)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല എപ്രകാരമാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്രകാരം തുടങ്ങുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ&ബി) സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന് കീഴിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ ജില്ലകളിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ ഈ വർഷം (2014-15) നാല് ബി.ടെക് കോഴ്സുകൾ ഉൾപ്പെടുത്തി ഒരു എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ

വടക്കാഞ്ചേരിയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. എഞ്ചിനീയറിംഗ് മേഖലയിലെ ഉപരിപഠനത്തിനുള്ള കുറവ് പരിഹരിക്കുന്നതിനായി കേപ്പിന്റെ കീഴിൽ മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക്. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേപ്പിന്റെ QIP-യിലൂടെ അടിസ്ഥാന ശമ്പളവും ഗ്രേഡ് പേയും നൽകി എം.ടെക്-ഉം പി.എച്ച്.ഡി.-യും എടുക്കുവാനുള്ള അവസരം ഒരുക്കുകയും പി.ജി.-യുള്ള അദ്ധ്യാപകരെ കൂടുതലായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. TEQIP പോലുള്ള പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കോളേജുകളെ ഉന്നത നിലവാരത്തിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർ ഡാമിൽ കിക്മ എന്ന സ്ഥാപനവും എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ എഞ്ചിനീയറിംഗ് മാനേജ്മെന്റ് കോഴ്സുകളും നടത്തുന്നു. പ്രൊഫഷണൽ എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ലാഭത്തിന്റെ 5% നീക്കിവച്ച് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ കേപ്പിന് കീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിലും പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിലും കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിലും 2 വീതം എം.ടെക്. കോഴ്സുകൾ ഈ വർഷം (2014-15) ആരംഭിച്ചു. ഇതിന് പുറമേ തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ എഞ്ചിനിയറിംഗ് ബിരുദ കോഴ്സും ഈ വർഷം ആരംഭിച്ചിട്ടുണ്ട്. പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ TEQIP Phase II-ൽ ഉൾപ്പെടുത്തി ലബോറട്ടറി, ലൈബ്രറി മുതലായവ നവീകരിക്കുന്നതിനും അദ്ധ്യാപകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാരിൽനിന്നും ഓരോ കോളേജിനും പരമാവധി 10 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി കേരള സർക്കാരിൽനിന്നും കേപ്പിന്റെ തനത് ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചുകൊണ്ട് എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റലും മെൻസ് ഹോസ്റ്റലും, തൃക്കരിപ്പൂർ, തലശ്ശേരി എന്നിവിടങ്ങളിൽ ലേഡീസ് ഹോസ്റ്റലും ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും കേപ്പിന്റെ കീഴിൽ ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന കോളേജ് കെട്ടിടത്തിന്റെ പണി (ഒന്നാം ഘട്ടം) പുരോഗമിക്കുന്നു. വടക്കാഞ്ചേരിയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി വസ്തു കേപ്പിന്റെ പേരിൽ അനുവദിച്ച് കിട്ടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹാംലെറ്റ് വികസന പദ്ധതി**

**13 (*43)** ഡോ. എൻ. ജയരാജ് :
ശ്രീ.പി. സി. ജോർജ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഹാംലെറ്റ് വികസന പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്റ്റിനായി നടപ്പു സാമ്പത്തികവർഷം ഏതെല്ലാം സങ്കേതങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) അപ്രകാരം തെരഞ്ഞെടുത്ത സങ്കേതങ്ങളുടെ സമഗ്രവികസന ത്തിനായുള്ള വിശദമായ പ്രൊപ്പോസലുകൾ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെട്ട 18 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. ആയത് അവസാന ഘട്ടത്തിലാണ്. പ്രവർത്തന പുരോഗതി അനുബന്ധംI ആയി ചേർക്കുന്നു.*

2014-15 വർഷം ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടു ത്തിട്ടുള്ള 25 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 18 സങ്കേതങ്ങളിൽ പദ്ധതി നടപ്പാക്കൽ പ്രാരംഭഘട്ടത്തിലാണ്.

(ബി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, വയനാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശം അനുബന്ധംII* ആയി ചേർക്കുന്നു.

(സി) 2014-15 വർഷം ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള 25 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 18 എണ്ണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള ഇറിഗേഷൻ & ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, പൊതുമരാമത്ത് വകുപ്പ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് എന്നീ ഏജൻസികൾ മുഖേന തയ്യാറാക്കി പദ്ധതി നിർവ്വഹണം പ്രാരംഭഘട്ട ത്തിലാണ്. വിശദാംശങ്ങൾ അനുബന്ധംIII ആയി ചേർക്കുന്നു. *

**മണൽ ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

**14 (*44)** ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ മണൽക്ഷാമം പരിഹരിക്ക ന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മണൽക്ഷാമംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഡി) മണൽക്ഷാമം പരിഹരിക്കുന്നതിനായി വിദേശത്ത് നിന്ന് മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ-സി) സംസ്ഥാനത്ത് മണൽ ക്ഷാമം രൂക്ഷമായതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നാളിതുവരെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) തൃശ്ശൂർ, പാലക്കാട്, കാസർഗോഡ്, കോഴിക്കോട്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ 'സാന്റ്' (SAND) എന്ന ഓൺലൈൻ മണൽ വിപണന സംവിധാനത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മണൽ വിതരണം നടത്തിവരുന്നു. പ്രസ്തുത പ്രവർത്തനത്തിലൂടെ മണലിന്റെ വിലവർദ്ധനയും മണൽ മാഫിയ പ്രവർത്തനങ്ങളും മണൽ ക്ഷാമവും ഒരളവുവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ii) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും വിപണനം സർക്കാർ മേഖലയിൽ കൊണ്ടുവരുന്നതിനുമായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KEMDEL), കേരള ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് 3-5-2013-ലെ ജി.ഒ. (എം.എസ്) 183/13/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(iii) 4-3-2014-ലെ സ.ഉ.(എം.എസ്) 38/14/വ്യവ. ഉത്തരവുപ്രകാരം ഡാമുകളിൽനിന്നും മണൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് ഉത്തരവായി. ഇതിലേക്കുള്ള വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും ജലാശയത്തിൽവച്ചുതന്നെ വേർതിരിച്ച് നീക്കം ചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും

അഗോള ടെണ്ടർ മുഖാന്തിരം Expression of interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിന് രൂപം നൽകുന്നതിന് വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന സമിതിക്ക് 29-11-2014-ലെ സ.ഉ.(സാധാ) നമ്പർ 1341/14/വ്യവ നമ്പർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഡാമുകളിൽനിന്നും ശേഖരിച്ച് സൂക്ഷിച്ചിരിക്കുന്ന മണൽ ഏകീകൃത സംവിധാനമായ 'ഇ മണൽ' സംവിധാനം വഴി വൽപ്പന നടത്തുവാൻ സാധിക്കുമോയെന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

(iv) സംസ്ഥാനത്ത് അനുഭവപ്പെടുന്ന മണൽക്ഷാമം പരിഹരിക്കുന്നതിനായി എം-സാന്റ് (മാനുഫാക്ചേർഡ് സാൻഡ്) ന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ചുവരുന്നു.

(v) 15-11-2014-ലെ സ.ഉ.(കൈ) നമ്പർ 13/2014/പരി. ഉത്തരവ് പ്രകാരം മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുള്ള 20 നദികളിൽനിന്നും മണൽ ഖനനം നടത്തുന്നതിനുള്ള അനുമതിയും മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടില്ലാത്ത നദികളിൽനിന്നും മൂന്ന് മാസം വരെ മണൽ ഖനനം നടത്തുന്നതിന് താല്ക്കാലിക അനുമതിയും നൽകിയിട്ടുണ്ട്. ഇതേ ഉത്തരവ് പ്രകാരം വീട് നിർമ്മാണത്തിനുള്ള മണൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സുഗമമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**കെട്ടിട നിർമ്മാണ രംഗത്തെ പ്രശ്നങ്ങളും നൂതന സാധ്യതകളും**

**15 (*45)** ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ രംഗത്ത് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം, വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയ്ക്ക്

പരിഹാരം കാണുന്നതിനുള്ള ഗവേഷണ, പഠന പ്രവർത്തനങ്ങളെന്തെങ്കിലും നടന്നു വരുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിനു പരിഹാരമായി പ്രീഫാബ്രിക്കേറ്റഡ് വീട് നിർമ്മാണ രീതി പരീക്ഷിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ ;

(സി) ഖരമാലിന്യം, പ്രായാധിക്യം വന്ന തെങ്ങ്, പന, കമുക്, ദോഷകരമല്ലാത്ത വ്യാവസായിക മാലിന്യം തുടങ്ങിയവ ഇത്തരം പ്രീഫാബ്രിക്കേറ്റഡ് നിർമ്മാണ രീതിക്ക് അസംസ്കൃത വസ്തുവാക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനാവശ്യമായ നിർദ്ദേശം നൽകുമോ ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ നടത്തുന്നതിനായി ലാബിഷാസ് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകൃത യൂണിവേഴ്സിറ്റിയിൽ അഫിലിയേഷൻ ലഭിച്ചതിനുശേഷം മാത്രമേ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ സി.ബി.ആർ.ഐ., ഐ.ഐ.റ്റി. എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുക്കുന്ന ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രചരിപ്പിക്കുകയും അവ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതികൾ നടപ്പിലാക്കിയും വരുന്നു. അതുവഴി പരിസ്ഥിതിക്ക് ഇണങ്ങിയ നിർമ്മാണ രീതികളിൽ ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കാനും ഒരു പരിധിവരെ പരിസ്ഥിതി സംരക്ഷണം ഊർജ്ജിതമാക്കാനും സാധിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ 20 കൊല്ലമായി ആയിരക്കണക്കിന് യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സ്റ്റൈപ്പന്റോടുകൂടിയ പരിശീലനങ്ങൾ കെസ്നിക്കിൽ നടന്നുവരുന്നു.

(ബി) ടോട്ടലി പ്രീഫാബ്രിക്കേറ്റഡ് വീടുകളുടെ നിർമ്മാണ രീതി നിർമ്മിതികേന്ദ്രം പരീക്ഷിച്ചിട്ടില്ല. എന്നാൽ നിർമ്മാണത്തിൽ വിവിധ പ്രീഫാബ്രിക്കേറ്റഡ് കമ്പോണന്റ്സ് ഉപയോഗിച്ചുള്ള കെട്ടിടങ്ങൾ നിർമ്മിതി

കേന്ദ്രം നിർമ്മിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തി കമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ ഫാക്ടിന്റെ ഒരു ഉപഉല്പന്നമായ ജി.എഫ്.ആർ.ജി.(ഗ്ലാസ് ഫൈബർ റി-ഇന്റേഫാഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.ടി.-യുടെ സാങ്കേതിക സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്. ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതി ഈ സാങ്കേതിക വിദ്യയിലൂടെയാണ് നിർമ്മിക്കുന്നത്. ഈ നിർമ്മാണ രീതിയ്ക്ക് സിമന്റ്, മണൽ, ചല്ലി, കമ്പി എന്നിവയുടെ ഉപയോഗം കുറഞ്ഞ തോതിൽ മതിയാകുന്നതാണ്. ചുമരുകൾ സിമന്റ് പൂശേണ്ട ആവശ്യമില്ല. തറയുടേയും സ്ലാബുകളുടേയും നിർമ്മാണത്തിനും ഈ പാനലുകൾ ഉപയോഗി ക്കുവാൻ സാധിക്കുന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മാത്രം മതിയാകുന്നതാണ്. തൊഴിലാളികൾ കുറച്ചുമതി. കുറഞ്ഞ നിർമ്മാണ കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(സി) ഖരമാലിന്യം, പ്രായാധിക്യം വന്ന തെങ്ങ്, പന, കമുക് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ രീതി നിർമ്മിതികേന്ദ്രം പരിശോധിച്ചിട്ടില്ല. എന്നാൽ വ്യാവസായിക മാലിന്യമായ ഫ്ലൈ ആഷ് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനത്തെ സംബന്ധിച്ച് പഠനങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തിയിട്ടുണ്ട്. അതുപോലെതന്നെ മറ്റൊരു ഇൻഡസ്ട്രിയൽ വേസ്റ്റ് ആയ ജറോഫിക്സ് ഉപയോഗിച്ചുകൊണ്ടുള്ള സിമന്റ് കട്ടകളുടെ നിർമ്മാണത്തിന്റെ സാധ്യതയെപ്പറ്റിയുള്ള പരീക്ഷണം നടന്നുവരുന്നു.

### റിസർവ് ബാങ്കിന്റെ നയവും സഹകരണ മേഖലയും

**16 (*46)** <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. എം. ചന്ദ്രൻ</u> :
<u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ല എന്ന റിസർവ് ബാങ്കിൻെറ നയം ഏതെല്ലാം തരത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിൻെറ നേതൃത്വത്തിൽ മൺവിളയിൽ നടത്തിയിരുന്ന സീമാറ്റ് കോളേജ് നിർത്തൽ ചെയ്ത് റിസർവ് ബാങ്കിൻെറ നയം കാരണമാണോയെന്ന കാര്യം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നയം തുടർന്ന് നടപ്പിലാക്കുമ്പോൾ പല സ്ഥാപനങ്ങളും അടച്ചു പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 8 പ്രകാരം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര ബിസിനസ്സ് നടത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തു ന്നതിനായാണ് ഇപ്രകാരമുള്ള വ്യവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന ബാങ്കുകൾ പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന നിക്ഷേപം വായ്പ നൽകാനല്ലാതെ പ്രത്യേക വ്യാപാര പരിജ്ഞാനം ഇല്ലാതെ മറ്റ് വ്യാപാര പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിലൂടെ നഷ്ടം സംഭവിച്ചാൽ അത് പൊതുജനങ്ങളുടെ നിക്ഷേപം തിരിച്ചു നൽകാനുള്ള ശേഷിയെ ബാധിക്കു മെന്നതാണ് ഇപ്രകാരമുള്ള ഒരു അവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്താൻ കാരണമായിട്ടുള്ളത്. നിലവിൽ സംസ്ഥാനത്തിലെ ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്തുന്നില്ല. ആയതിനാൽ തന്നെ ഇത് സഹകരണ മേഖലയെ ബാധിച്ചിട്ടില്ല.

(ബി) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ ക്കനുസൃതമായ നയം കാരണമാണ് സീമാറ്റിന്റെ പ്രവർത്തനം നിർത്തൽ ചെയ്തത്.

(സി) നിലവിൽ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന കേരളത്തിലെ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ഇതര വ്യാപാര പ്രവർത്തനങ്ങൾ

ഒന്നംതന്നെ നടത്തുന്നില്ല എന്നതിനാൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുന്ന സാഹചര്യമില്ല.

**ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം**

**17 (*47)** ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്രമേഖലകളിലെ ആദിവാസി വിഭാഗങ്ങളിലെ അംഗങ്ങളുടെ ക്ഷേമം, ആരോഗ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾ ആദിവാസികൾക്കുവേണ്ടി നടപ്പാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ നിരീക്ഷണത്തിനും ഏകോപനത്തിനും എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; നവജാത ശിശുക്കളുടെ എത്ര മരണങ്ങളാണ് ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ഗോത്ര മേഖലകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അംഗങ്ങളുടെ ക്ഷേമം, ആരോഗ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ മുൻനിർത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ രോഗബാധിതരായവരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അരിവാൾ രോഗത്തിനുള്ള ധനസഹായം, പട്ടികവർഗ്ഗ ദുരിതാശ്വാസനിധി തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

ഭക്ഷ്യ സഹായ പദ്ധതി, അടിയ പണിയ കൈത്താങ്ങ്, കോർപ്പസ് ഫണ്ട് പദ്ധതികൾ, ഹാംലെറ്റ് വികസനം, ഭവന നിർമ്മാണം, ഭവന റിപ്പയർ, TRDM, വിവാഹ ധനസഹായം പ്രത്യേക കേന്ദ്ര സഹായ പദ്ധതി ആർട്ടിക്കിൾ 275 പ്രകാരമുള്ള പദ്ധതികൾ, മിശ്ര വിവാഹിതർക്ക് ധനസഹായം, അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് ധനസഹായം തുടങ്ങിയവയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ.

അട്ടപ്പാടി മേഖലയിൽ, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മേൽ പരാമർശിത പദ്ധതികൾക്കു പുറമേ ആരോഗ്യവകുപ്പ് മുഖേനയും സാമൂഹ്യ നീതി വകുപ്പ് മുഖേനയും ചുവടെ ചേർക്കുന്ന പദ്ധതികൾക്കൂടി നടപ്പാക്കി വരുന്നു :

(i) പോഷകാഹാരക്കുറവുള്ള കുഞ്ഞുങ്ങൾക്കായി 3 ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്ററുകൾ

(ii) 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

(iii) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

(iv) സാമൂഹ്യ അടുക്കള പദ്ധതി

(v) സബല പദ്ധതി

(vi) ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 3 വയസ്സിൽ താഴെ പ്രായമുള്ള തൂക്കക്കുറവുള്ള കുട്ടികൾ എന്നിവർക്കായുള്ള പ്രത്യേക പോഷകാഹാര പദ്ധതി.

(ബി) വിവിധ വകുപ്പുകൾ പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗിനായി പ്രധാനമായും ചുവടെ ചേർക്കുന്ന കമ്മിറ്റികൾ നിലകൊള്ളുന്നു.

1. സംസ്ഥാനതല പട്ടികവർഗ്ഗ ഉപദേശക സമിതി
2. ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി
3. ജില്ലാതല വർക്കിംഗ് ഗ്രൂപ്പ്
4. ജില്ലാ ആസൂത്രണ സമിതി
5. ജില്ലാ വികസന സമിതി
6. പട്ടികവർഗ്ഗ ഹോസ്റ്റൽ ഉപദേശക സമിതി

7. എം.എൽ.എ.-മാർ അദ്ധ്യക്ഷരായ കോർപ്പസ് ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതി അവലോകന കമ്മിറ്റി.

മേൽപ്പറഞ്ഞ കമ്മിറ്റികൾക്ക് പുറമേ അട്ടപ്പാടി മേഖലയിലെ പട്ടിക വർഗ്ഗക്കാർക്കുവേണ്ടി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ നിരീക്ഷണ ത്തിനായി സ്പെഷ്യൽ ഓഫീസറെയും നോഡൽ ആഫീസറെയും നിയമിച്ച് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരുകയും ചെയ്തുവരുന്നു.

19-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3030/2014/ ആഭ്യന്തരം പ്രകാരം ഐ.എ.എസ്സ്. കേഡറിലുള്ള ഒറ്റപ്പാലം സബ്കളക്ടർ ശ്രീ. നൂഹ് പി. ബി.-യെ നോഡൽ ഓഫീസറായും സൈലന്റ് വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡൻ കുമാരി ശില്പയെ അട്ടപ്പാടി ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

(സി) ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗർഭസ്ഥ ശിശുവിന് മൂന്ന് മാസം മുതൽ കുട്ടിക്ക് 1 വയസ് തികയുന്നതുവരെ (18 മാസം) പ്രതിമാസം 1000 രൂപാ നിരക്കിൽ ധനസഹായം നൽകിവരുന്നു. ആയത് മണിയോർഡർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്.

സാമൂഹ്യനീതി വകുപ്പ് പ്രത്യേകം പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. സബല കിറ്റുകളുടെ വിതരണവും സാമൂഹ്യ അടുക്കളയും അട്ടപ്പാടി മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ആരോഗ്യവകുപ്പിന് കീഴിൽ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. അമൃതം ന്യൂട്രിമിക്സിന്റെ വിതരണം എന്നിവയും നൽകിവരുന്നു.

ഈ വർഷം 20 നവജാത ശിശുമരണങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ്ഫെയർ**

**18 (*48)** ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിൻെറ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

(ബി) ജോബ് ഫെയറിൻെറ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ് ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർ വഴി പൂർത്തീകരിച്ചിട്ടുള്ളത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ എന്നീ നാല് ജില്ലകളിൽ ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. മേളയിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി. മേഖലയിലെയും മറ്റു വിവിധ മേഖലകളിലെയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്. മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ, ബിഗ് ലീപ് എന്നിവരുമായി ചേർന്നാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്.

(സി) 2011 സെപ്റ്റംബർ 6, 7 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജോബ്ഫെയർ M/s ബിഗ് ലീപ് ഈവന്റ് മാനേജ്മെന്റ് മുഖേനയും 2012 മേയ് 12-ാം തീയതി വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെയർ ജി-ടെക് എഡ്യൂക്കേഷൻ സെന്റർ മുഖേനയും 2013 മേയ് 11, 12 തീയതികളിൽ എറണാകുളം ജില്ലയിൽ M/s മലയാള മനോരമ മുഖേനയും 2013 മെയ് 31, ജൂൺ

1 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലയിലെ അരൂർ നിയോജകമണ്ഡലത്തിൽവച്ച് എം.എൽ.എ. ശ്രീ. എ. എം. ആരിഫിന്റെ നേതൃത്വത്തിലും ജോബ്ഫെസ്റ്റുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ ലഭ്യമാക്കിയിരുന്നു. വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും 225 പേർക്ക് Spot Job Offering Letter നൽകുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിരുന്നു. 1008 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു.

**പ്രകൃതിവാതകം**

**19 (*49)** ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എളമരം കരീം :
ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പ് പെട്രോനെറ്റ് എൽ.എൻ.ജി. കടുത്ത പ്രതിസന്ധിയിലായിട്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വേണ്ട ഗൗരവം കാണിക്കുന്നില്ലെന്ന ആക്ഷേപത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ബി) വ്യവസായശാലകളിലും വീടുകളിലും വാഹനങ്ങളിലും പ്രകൃതിവാതകം എത്തിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ച വരുന്നതായ പരാതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രകൃതി വാതകം ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്താണെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് ക്രിയാത്മക നടപടി സ്വീകരിച്ചുവെന്നും വ്യക്തമാ ക്കുമോ ;

(ഡി) എൽ. എൻ. ജി. ക്ക് വാറ്റ് ഒഴിവാക്കി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സഹായകമായ നിലപാട് സ്വീകരിക്കണമെന്ന ആവശ്യത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പെട്രോനെറ്റ് എൽ.എൻ.ജി.-യുടെ പുതുവൈപ്പിലെ സംഭരണശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽനിന്നും മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേക്കും നടപ്പാക്കേണ്ട പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ പ്രാദേശികമായ എതിർപ്പുകൾമൂലം പൈപ്പ് ലൈൻ പദ്ധതി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കുവേണ്ടി ബന്ധപ്പെട്ട കക്ഷികളെ വിളിച്ചുകൂട്ടി നിരന്തരം ചർച്ച നടത്തുകയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ ഉപയോഗാവകാശം നൽകുന്നവർക്കുള്ള നഷ്ടപരിഹാര തുക അഞ്ചിരട്ടിവരെ വർദ്ധിപ്പിക്കുകയും ചെയ്യുകയുണ്ടായി. എന്നിരുന്നാലും പ്രാദേശിക എതിർപ്പുകൾ പൂർണ്ണമായും മറികടക്കാൻ കഴിയാത്തതിനാൽ പദ്ധതി പുരോഗതി കൈവരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. തടസ്സങ്ങൾ നീക്കി പദ്ധതി പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിലെ ജനപ്രതിനിധികളുടെയും ജില്ലാകളക്ടർമാരുടെയും GAIL, Petronet LNG എന്നിവയുടെ പ്രതിനിധികളുടെയും ഒരു യോഗം 28-10-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും കൊച്ചിയിൽ ഡിസംബറിൽ പ്രാവർത്തികമാകുമെന്ന് പ്രതീക്ഷിക്കുന്ന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയുടെ പുരോഗതി നേരിൽ വിലയിരുത്തിയതിനുശേഷം വീണ്ടും ജനപ്രതിനിധികളുടെ യോഗം ചേരുവാൻ തീരുമാനിക്കുകയും ചെയ്തു. യോഗത്തി ലുണ്ടായ ക്രിയാത്മകമായ ചർച്ച, പൈപ്പ്ലൈൻ പദ്ധതി സംബന്ധിച്ച ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധിവരെ ലഘൂകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

(ബി&സി) വീടുകളിലും വാഹനങ്ങളിലും 50,000 (അമ്പതിനായിരം) Standard cubic meter പ്രകൃതി വാതകം പ്രതിദിനം ഉപയോഗിക്കുന്ന ചെറുകിട വ്യവസായ ശാലകളിലും ഇന്ധനമായി പ്രകൃതി വാതകം എത്തിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഏജൻസിയായ പെട്രോളിയം ആന്റ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ (PNGRB) അനുമതിയോടുകൂടി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തെത്തുടർന്ന് 2011-ൽ PNGRB എറണാകുളം ജില്ലയിൽ ഇതിനുവേണ്ടിയുള്ള അനുമതിക്കായി അപേക്ഷകൾ ക്ഷണിച്ചുവെങ്കിലും ഇത് പലതവണ മാറ്റിവയ്ക്കുകയും തുടർന്ന് ഉപേക്ഷിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാന സർക്കാരിന്റെ നിരന്തര സമ്മർദ്ദം കാരണം 2013-ൽ അപേക്ഷകൾ ക്ഷണിക്കുകയും 2014 ആഗസ്റ്റ് മാസം അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തു. കേരള സർക്കാരിന്റെയും ഗെയിൽ ലിമിറ്റഡിന്റെയും സംയുക്ത സംരംഭമായ Kerala Gail Gas Limited ഇതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ PNGRB സ്വീകരിച്ച് വരികയാണ്. നടപടികൾ പൂർത്തിയാക്കി ഡിസംബർ മാസത്തോടുകൂടി സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (CGD) പദ്ധതിക്കുള്ള അനുമതി PNGRB-യിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT-യുടെ പ്രവർത്തനം 2013 ഒക്ടോബർ മാസത്തോടുകൂടി നാഫ്തയിൽ നിന്നും LNG-യിലേക്ക് മാറുകയുണ്ടായി. LNG-യുടെ വില ക്രമാതീതമായി ഉയർന്നതിനെത്തുടർന്ന് LNG ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ 2014 ജനുവരി മാസത്തോടുകൂടി FACT നിർത്തുകയുണ്ടായി. LNG-യുടെ വില കൂടുതൽ കാരണം ഇപ്പോൾ ഇറക്കുമതി ചെയ്യുന്ന അമോണിയ ഉപയോഗിച്ചാണ് FACT പ്രവർത്തനം നടത്തുന്നത്. ഇതുകാരണം കമ്പനിയുടെ 70% പ്രവർത്തന ക്ഷമത മാത്രമേ കൈവരിക്കാൻ കഴിയുന്നുള്ളൂ. മാത്രമല്ല, ഇതുമൂലം സംസ്ഥാനത്ത് രാസവളത്തിന്റെ ലഭ്യത വളരെ കുറഞ്ഞിരിക്കുകയുമാണ്. ഈ വസ്തുതകൾ പരിഗണിച്ച് LNG അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി FACT വാങ്ങുന്ന LNG-യ്ക്ക് KVAT ഒഴിവാക്കി നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന (re-gasification) LNG-യ്ക്ക് മുഴുവനായി VAT ഒഴിവാക്കുക എന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഭൂഗർഭ കേബിളുകൾവഴി വൈദ്യുതി വിതരണം**

**20(*50)** <u>ശ്രീ. എ. എ. അസീസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിനായി ഭൂഗർഭ കേബിൾ സംവിധാനം നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഭൂഗർഭ കേബിളുകളുടെ ഉപയോഗം പ്രസരണ നഷ്ടത്തെ കുറയ്ക്കുമോ എന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. സംസ്ഥാനത്ത് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 846 കിലോ മീറ്റർ പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ 515 കിലോമീറ്റർ പഴയ 11 കെ.വി. ഓവർ ഹെഡ് ലൈൻ മാറ്റി പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നാളിതുവരെ 158 കിലോമീറ്റർ പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിളും 4 കിലോമീറ്റർ പഴയ 11 കെ.വി. ഓവർഹെഡ് ലൈൻ മാറ്റി പുതിയ 11 കെ.വി. ഭൂഗർഭ കേബിളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഭൂഗർഭ കേബിളുകളുടെ ഉപയോഗംകൊണ്ട് പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. കേബിളിൽ കപ്പാസിറ്റൻസ് ഉള്ളതിനാൽ സബ്സ്റ്റേഷനിൽനിന്നും വിതരണം ചെയ്യുന്ന വോൾട്ടേജിൽ കുറവ് വരുന്നില്ല. ഇതു കാരണം ഉപഭോക്താവിന് ഗുണമേന്മയുള്ള വൈദ്യുതി ലഭിക്കുന്നതാണ്. 11 കെ.വി. ഓവർഹെഡ് ലൈനിനെ അപേക്ഷിച്ച് ഭൂഗർഭ കേബിളിന് വൈദ്യുതി പ്രതിരോധശേഷി കുറവായതിനാൽ വൈദ്യുതി നഷ്ടം കുറയ്ക്കാൻ ഒരു പരിധിവരെ സാധിക്കും. കേബിളുകൾ ഭൂമിക്കടിയിലൂടെ വലിക്കുന്നതിനാൽ മരച്ചില്ലകൾ തട്ടിയുള്ള ഊർജ്ജ നഷ്ടവും ഒഴിവാക്കാനാകും.

**കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി**

**21 (*51)** ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ ധനസഹായപദ്ധതിയിൽ കൂടുതൽ മാരക

രോഗങ്ങൾ കൂടി ഉൾപ്പെടുത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ചില രോഗങ്ങൾക്ക് ഭീമമായ തുക ചികിത്സയ്ക്ക് ആവശ്യമായി വരുന്നതിനാൽ ഈ പദ്ധതിയിൽ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് നിലവിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും സഹായം നൽകിവരുന്നത്. കരൾ/ ഹൃദയം/ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും നിലവിൽ ധനസഹായം നൽകിവരുന്നു.

കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 5-11-2014-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ അസുഖങ്ങൾ പാക്കേജിൽ ഉൾപ്പെടുത്തുന്ന കാര്യവും ഈ കമ്മിറ്റി പരിശോധിക്കുന്നതാണ്.

(ബി) ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയ്ക്കുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചു കഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപകൂടി കാരുണ്യ ഫണ്ടിൽനിന്നും ചികിത്സാ സഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവ ദാതാവിനുള്ള

ചികിത്സക്കായി ഒരു ലക്ഷം രൂപ കൂടി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്.

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് കാരുണ്യ പദ്ധതിക്ക് തുടക്കമിട്ടത്. എന്നാൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ച തിനെത്തുടർന്ന് സംസ്ഥാന സർക്കാർ നടത്തിവന്നിരുന്ന ഒരു പ്രതിവാര ലോട്ടറി കൂടി 'കാരുണ്യ പ്ലസ്' എന്ന് പുനർനാമകരണം ചെയ്ത് അതിൽനിന്നുള്ള അറ്റാദായംകൂടി പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. എന്നാൽ പ്രസ്തുത ലോട്ടറികളിൽ നിന്നുള്ള വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഊർജ്ജ സംരക്ഷണ പ്രചാരണം**

**22 (*52)** ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പ്രചാരണത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് തുടക്ക മിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഊർജ്ജ സംരക്ഷണത്തിന് എല്ലാ ഉപഭോക്താക്കളേയും ബോധവ ൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ

(ഡി) പദ്ധതി നടത്തിപ്പുകൾക്കായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-സി) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് താഴെ പറയുന്ന വിവിധ പ്രചാരണ പരിപാടികൾ കൈക്കൊണ്ടിട്ടുണ്ട്.

- പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന പ്രചാരണം.

- മലയാള മനോരമയുമായി സഹകരിച്ച് സംഘടിപ്പിച്ച ഊർജ്ജ സംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ എന്ന കാര്യങ്ങൾ വിവരിക്കുന്ന ഊർജ്ജച്ചെപ്പ് എന്ന കൈപ്പുസ്തക വിതരണം.

- ടി.വി., ആകാശവാണി, എഫ്.എം. ചാനലുകൾ എന്നിവയിൽ പ്രമുഖ സിനിമാ താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ.

- കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന പ്രദർശന വസ്തുക്കൾ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുക.

- സോഷ്യൽ മീഡിയയായ ഫേസ് ബുക്ക് വഴിയുള്ള ഊർജ്ജ സംരക്ഷണ പ്രചാരണം.

- ഊർജ്ജ സംരക്ഷണം ദിനചര്യയാക്കാൻ പ്രേരിപ്പിക്കുന്ന 'ലാഭപ്രഭ 2014' പരിപാടി.

- സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടും റസിഡന്റ്സ് അസോസി യേഷനുകൾ, എൻ.സി.സി, എൻ.എസ്.എസ്., പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെയുള്ള ഊർജ്ജ സംരക്ഷണ പരിപാടികൾ.

- ഊർജ്ജ സംരക്ഷണ പരിപാടികൾ വിജയിപ്പിക്കുവാനായി നടപ്പിലാക്കിയ സമ്മാന പദ്ധതികൾ.

- ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനായി കെ.എസ്.ഇ.ബി.-യുടെ 'എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം' (ESCOT) രൂപീകരണം.

- 'എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം' (ESCOT) വഴി വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയും, പ്രവർത്തന രീതിയും മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഉല്പാദന, പ്രസരണ

മേഖലകളിൽ വൈദ്യുതി നഷ്ടം പരമാവധി കുറയ്ക്കുവാൻ കെ.എസ്.ഇ.ബി.എൽ.-നെ പ്രാപ്തമാക്കുക

- എൽ.ഇ.ഡി. ബൾബുകൾ കൂടുതലായി ഉപയോഗിക്കുവാനുള്ള അവബോധം ഉണ്ടാക്കുക.

- എനർജി ആഡിറ്റിംഗ്.

- വീടുകളിലെ വൈദ്യുതി ഉപകരണങ്ങളുടെ ഊർജ്ജ സംരക്ഷണത്തെ സംബന്ധിക്കുന്ന ലഘുലേഖ വിതരണം മുതലായ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

കൂടാതെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (BEE) DISCOMs കളിലെ കപ്പാസിറ്റി ബിൽഡിംഗ് പദ്ധതിയിലും കേരള സംസ്ഥാന വൈദ്യുതബോർഡ് അംഗമാണ്. ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങൾക്കുമായി സംസ്ഥാന വൈദ്യുതി ബോർഡ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിൽ DSM (ഡിമാന്റ് സൈഡ് മാനേജ്മെന്റ്) സെല്ലുകൾ രൂപീകരിക്കുകയും ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ ക്യാമ്പെയ്ന നുകൾ നടത്തിവരുകയും ചെയ്യുന്നു.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് KSEB 7 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഡിമാന്റ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

## സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

**23 (*53)** ശ്രീ. എളമരം കരീം :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിമൂലം ഈ മേഖലയിലെ തൊഴിലാളികളും കുടുംബങ്ങളും അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കുകയുണ്ടായെന്നും അത് എത്ര മാത്രം ഫലപ്രദമായിരുന്നുവെന്നും വിശദമാക്കാമോ ;

(ഡി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) ഇല്ല

(സി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി * ചേർത്തിരിക്കുന്നു. നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാം ഫലപ്രദമാണ്.

(ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ 2013-14 വർഷത്തിൽ അനുവദിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കരകൗശലമേഖലയുടെ ഉന്നമന ത്തിനും കരകൗശല മേഖലയിലെ പരിചയസമ്പന്നരായ തൊഴിലാളികളുടെ വരുമാന വർദ്ധനവിനുവേണ്ടിയും യഥാക്രമം സുരഭിക്ക് 2 കോടി രൂപയും കരകൗശല വികസന കോർപ്പറേഷന് 2 കോടി രൂപയും പ്രാഥമിക കരകൗശല സംഘങ്ങൾക്ക് 2 കോടി രൂപയും 2014-15 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. പ്രസ്തുത പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഏതാണ്ട് എല്ലാ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മാതൃകാ കയർഗ്രാമം സ്ഥാപിക്കൽ എന്ന പദ്ധതിയും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കൽ, CIAL മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ, കയർ മേഖലയിൽ നൂതന ആശയങ്ങൾ

പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും വികസി പ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നൊവേഷൻ ഫണ്ട്, നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കൽ എന്നീ പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ച നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊണ്ട് സംഭരണം കൂടുതൽ ഫലപ്രദമായി നടത്താൻ നാളീകേര വികസന ബോർഡുമായി സഹകരിച്ച് ഒരു ബൃഹദ് പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ നൽകുവാനുള്ള കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഏഴുകോടി രൂപയുടെ ധനസഹായം അനുവദിക്കുന്നതി നുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവും ഉല്പാദനവർദ്ധനവും

**24 (*54)** ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എസ്. രാജേന്ദ്രൻ :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നില്ല എന്ന കാര്യം വിലയിരുത്തിയി ട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ ഉല്പ്പാദന രംഗത്ത് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയെന്നും പ്രഖ്യാപിച്ച പദ്ധതികളിൽ സമയബ

ന്ധിതമായി പ്രാവർത്തികമാക്കാൻ സാധിച്ച പദ്ധതികൾ ഏതൊക്കെയെന്നും മറ്റു പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സാധിക്കാത്തതിൻെറ കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിൻെറ കാലത്ത് ആവിഷ്കരിച്ച് കമ്മീഷൻ ചെയ്ത വൈദ്യുതി പദ്ധതികളിലൂടെ എത്ര സ്ഥാപിതശേഷി വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. കഴിഞ്ഞ പത്തുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ 2003-04 വർഷത്തെ കേരളത്തിലെ വൈദ്യുത നിലയങ്ങളുടെ ആകെ ഉല്പാദനശേഷി 2621.31 മെഗാവാട്ടും ഉപഭോഗം 8910.84 മില്യൻ യൂണിറ്റും ആണ്. എന്നാൽ 10 വർഷങ്ങൾക്കുശേഷം 2013-14 വർഷത്തിൽ ഇത് യഥാക്രമം 2891.72 മെഗാവാട്ടും 17454 മില്യൻ യൂണിറ്റുമായി വർദ്ധിച്ചു. ഉപഭോഗത്തിൽ ഏകദേശം 96 ശതമാനത്തോളം വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായപ്പോൾ ഉല്പാദനശേഷിയിൽ 10 ശതമാനത്തോളം വർദ്ധനവ് മാത്രമേ വന്നിട്ടുള്ളൂ. ഉല്പാദനശേഷിയും ഉപഭോഗവും സംബന്ധിച്ച താരതമ്യകണക്ക് അനുബന്ധം * I ആയി ചേർക്കുന്നു.

(ബി) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ മിഷൻ 676 പദ്ധതിയിൽ 11 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതികളുടെ പുരോഗതി ബോർഡ് തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുന്നുണ്ട്. ഇതുവഴി 111.1 മെഗാവാട്ട് വർദ്ധനവാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം2 ആയി ചേർക്കുന്നു.*

(സി) ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ഉല്പാദനം തുടങ്ങുന്നതിനായി 2012-ൽ ഇതിനായുള്ള പോളിസി സർക്കാർ പുതുക്കുകയുണ്ടായി. ഇതിന്റെ ചുവടുപിടിച്ച് മത്സരദർഘാസിലൂടെ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനായി അലോട്ടുചെയ്തുകഴിഞ്ഞു. ശൃംഖലാബന്ധിത സൗരോർജ്ജ

വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം 12 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതിക്ക് അനെർട്ടിന് അനുമതി നൽകിയിട്ടുണ്ട്. അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന 10000 റൂഫ് ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിയിൽ ഇതുവരെയായി 6593 പേർ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. എൻ.എച്ച്.പി.സി.-യുമായി ചേർന്ന് ഒപ്പിട്ട ഉടമ്പടി പ്രകാരം പാലക്കാട് ജില്ലയിലെ അഗളി പ്രദേശത്ത് 82 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കു ന്നതിലേയ്ക്കായി നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സോളാർ പദ്ധതികളിൽ 676 കിലോവാട്ടിന്റെ ഗ്രിഡ് കണക്ടഡ് സോളാർ പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. സർക്കാർ പ്രഖ്യാപിച്ച മറ്റു പദ്ധതികളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധം 3 ആയി ചേർക്കുന്നു.*

(ഡി) ഈ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

1. റാന്നി-പെരുനാട് - 4 മെഗാവാട്ട്
2. പീച്ചി - 1.25 മെഗാവാട്ട്
3. വിലങ്ങാട് - 7.5 മെഗാവാട്ട്

കൂടാതെ 63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

സോളാർ പദ്ധതികളിൽ 676 കിലോവാട്ടിന്റെ ഗ്രിഡ് കണക്ടഡ് സോളാർ പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു.

കഴിഞ്ഞ സർക്കാരുകൾ ആവിഷ്കരിക്കുകയും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കുകയും ചെയ്ത 36.06 മെഗാവാട്ട്/85.07 മില്യൻ യൂണിറ്റ് ശേഷിയുള്ള 10 പദ്ധതികളുടെ വിശദാംശം അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്. *

ഈ സർക്കാരിന്റെ കാലത്ത് അനെർട്ട് ആവിഷ്കരിച്ച് തുടക്കമിട്ട പതിനായിരം റൂഫ് ടോപ്പ് സോളാർ പ്ലാന്റ് പദ്ധതി വഴി 6.593 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് കൈവരിച്ചിട്ടുണ്ട്. കൂടാതെ വിവിധ പൊതുകെട്ടിടങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ

സ്ഥാപിച്ചതുവഴി 430.36 കിലോവാട്ട് സ്ഥാപിതശേഷിയും കൈവരിച്ചിട്ടുണ്ട്.

**കാരുണ്യ - സൗജന്യ ചികിത്സാ പദ്ധതി**

**25 (*55)** ശ്രീ. പി. കെ. മാധവൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം തരം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ചികിത്സാ ധനസഹായങ്ങൾ യഥാസമയത്ത് രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി ) :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ഇതുവരെ 48053 രോഗികൾക്ക് 527.27 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഒറ്റത്തവണ ചികിത്സാ ധനസഹായമായി 15234 രോഗികൾക്കായി 4.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രി കളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻവീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-07-2013 മുതൽ പൂർണ്ണ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 1007 ഹീമോഫീലിയ

രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യ ഘട്ടങ്ങളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർക്കാർ ആശുപത്രികൾക്കുപുറമേ 72 സർക്കാരിതര അക്രഡിറ്റഡ് ആശുപത്രികളിൽക്കൂടി ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ലാ/താലൂക്ക് സർക്കാർ ആശുപത്രികളിൽകൂടി സംസ്ഥാന ആരോഗ്യവകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ലിനും സുഷുമ്നാനാഡിക്കും സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകിവരുന്നത്.

(സി) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലും ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർ ക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാറിൽ ഒപ്പുവച്ചിട്ടുള്ളതുമായ 72 സർക്കാരിതര ആശുപത്രികളിലും പദ്ധതി പ്രകാരം ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് അടിയന്തര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നൽകുന്നതാണ്. അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനുമുമ്പ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കു

ന്നതാണ്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള അപേക്ഷകരുടെ അപേക്ഷ സംസ്ഥാന ആഫീസിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ള കേസുകളിൽ അടിയന്തരമായി സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ ആതറൈസേഷൻ നൽകുന്നതാണ്. പ്രധാനപ്പെട്ട ആശുപത്രികളിൽ അടിയന്തര ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രസ്റ്റ് ഫണ്ട് നൽകിയിട്ടുണ്ട്. അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലും ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ദ്ധ ചികിത്സാ സൗകര്യമുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാറിൽ ഒപ്പുവച്ചിട്ടുള്ളതുമായ 72 സർക്കാരിതര ആശുപത്രികളിലും പദ്ധതി പ്രകാരം ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ നിലവിൽ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ 27 താലൂക്ക് സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ നടന്നുവരുന്നു. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണ രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് "ആലപ്പുഴ" തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ദൂരസ്ഥലങ്ങളിൽനിന്നുവരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും

സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകി വരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയ്ക്കുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചുകഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപകൂടി കാരുണ്യ ഫണ്ടിൽനിന്നും ചികിത്സാ സഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവ ദാതാവിനുള്ള ചികിത്സയ്ക്കായി ഒരു ലക്ഷം രൂപകൂടി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴി

**26 (*56)** ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണത്തിലെ വൈകല്യങ്ങൾ മൂലമാണ് പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങി സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴി നിലനിർത്തുന്നതിന് സാധിക്കാതിരുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തേയ്ക്ക് പ്രസരണ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്ത് ക്രിയാത്മക നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഓരോ പ്രവൃത്തിയും ആരംഭിച്ചതെന്നാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ; വ്യക്തമാക്കുമോ ;

(ഇ) പ്രവൃത്തികൾ മുടങ്ങിയതുകാരണം പദ്ധതി ചെലവിനുണ്ടായ വർദ്ധനവും സംസ്ഥാനത്തിനുണ്ടായ നഷ്ടവും വിലയിരുത്തിയിട്ടുണ്ടോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങി സംസ്ഥാനത്ത് എത്തിക്കുന്നതിന് പ്രസരണ ഇടനാഴി നിലനിർത്തുന്നതിന് സാധിക്കാതിരിക്കുന്നത് ആസൂത്രണത്തിലെ വൈകല്യംമൂലമല്ല.

കേരളത്തിന്റെ വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് 2014 മാർച്ച് മാസം 1-ാം തീയതി മുതൽ ലഭ്യമാകത്തക്ക രീതിയിൽ 400 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് NVVN, PTC-യുമായി കരാറിലേർപ്പെടുകയും 2013 ജൂൺ മാസംതന്നെ ട്രാൻസ്മിഷൻ ഇടനാഴി അനുവദിക്കുന്നതിന് PGCIL (CTU)-ന് അപേക്ഷ നൽകുകയും ചെയ്തു. എന്നാൽ PGCIL മേയ് മാസത്തിൽ തമിഴ് നാടിനുവേണ്ടി DB Power-ന്റെ അപേക്ഷയിന്മേൽ 2014 ജൂൺ 1 മുതൽ ഇടനാഴി അനുവദിക്കുകയുമുണ്ടായി. ഇതിനെതിരെ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി
584/16
കമ്മീഷനിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പെറ്റീഷൻ സമർപ്പിക്കുകയും PGCL-ന്റെ നടപടി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം രാജ്യത്തെ മറ്റ് മേഖലകളിൽ നിന്നും ദക്ഷിണ ഗ്രിഡിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് സാധിക്കുന്നില്ല. വൈദ്യുതി മിച്ചമായിട്ടുള്ള ഈസ്റ്റേൺ റീജിയൻ, വെസ്റ്റേൺ റീജിയൻ, നോർത്ത് ഈസ്റ്റേൺ റീജിയൻ തുടങ്ങിയ മേഖലകളിൽനിന്നും ദക്ഷിണ മേഖലയിലേയ്ക്കു വൈദ്യുതി എത്തിക്കാൻ ദക്ഷിണ ഗ്രിഡിലെ S1 മേഖലയിൽനിന്നും S2 മേഖലയിലേയ്ക്കുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം സാധിക്കുന്നില്ല. ടി കാരണങ്ങളാലാണ് വൈദ്യുതി എക്സ്ചേഞ്ചുകളിൽനിന്നും ആവശ്യത്തിനുള്ള വൈദ്യുതി വ്യാപാരം നടക്കാത്തത്.

(ബി) സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിക്കുന്ന 400 കെ.വി. മൈസൂർ-അരീക്കോട് ലൈനിന്റെയും, 400 കെ.വി. ഇടമൺ-കൊച്ചി ലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ 'Right of Way'-യിലെ തർക്കങ്ങൾ കാരണം തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) മൈസൂർ-അരീക്കോട് ലൈനിന്റെ കർണ്ണാടക ഭാഗത്തെ റൂട്ടിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് കേരളത്തിലെയും കർണ്ണാടകത്തിലെയും മുഖ്യമന്ത്രിമാരുടെ തലത്തിൽ കത്തിടപാടുകളും ചർച്ചകളും നടന്നുവരുന്നു. പ്രസ്തുത

വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. കൂടാതെ Central Electricity Authority, SRPC തുടങ്ങിയ ഫോറങ്ങളും ചർച്ചകൾ നടത്തി തടസ്സങ്ങൾ മാറ്റുന്നതിനുവേണ്ട മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

ഇടമൺ-കൊച്ചി 400 കെ.വി. റൂട്ടിലേക്കായി മാത്രം 19-8-2014-ലെ (എം.എസ്)27/14/ഊ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും എകെട്ടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇടമൺ-കൊച്ചി പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനത്തിന് 2008-ൽ കരാർ നൽകുകയും 2010 മാർച്ചിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും ചെയ്തു. മൈസൂർ-അരീക്കോട് ലൈൻ 2006 ജനുവരിയിൽ നിർമ്മാണമാരംഭിക്കുകയും 2007 ഡിസംബറോടുകൂടി ആയത് പൂർത്തിയാക്കാൻ ലക്ഷ്യമിടുകയും ചെയ്തിരുന്നു.

(ഇ) ഇല്ല.

**കാലഹരണപ്പെട്ട നിയമങ്ങൾ**

**27 (*57)** <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ, കാലഹരണപ്പെട്ടതും, അപ്രായോഗികവുമായ നിയമങ്ങൾ റദ്ദാക്കുന്നതിനും പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കു ന്നുവെന്ന

റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തു നിലനിൽക്കുന്ന കാലഹരണപ്പെട്ടതും, പ്രായോഗി കമല്ലാത്തതും പൊതു താൽപര്യങ്ങൾക്കു വിരുദ്ധവുമായ നിയമങ്ങളെയും, വ്യവസ്ഥകളെയും കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(സി) ഇവയിൽ റദ്ദാക്കേണ്ടവ റദ്ദുചെയ്യുന്നതിനും, കാലാനുസൃത പരിഷ്കരണം വേണ്ടവ പരിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരശേഖരണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും 17-11-2007-ൽ ജി.ഒ. (എം.എസ്) നം.253/2007/നിയമം എന്ന സർക്കാർ ഉത്തരവുപ്രകാരം ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള ഒരു നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ കാലഹരണപ്പെട്ടതും ഇപ്പോൾ ആവശ്യമില്ലാത്തതുമായ 42 പ്രധാന ആക്ടുകളും 65 ഭേദഗതി ആക്ടുകളും റദ്ദാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ ഒരു ലിസ്റ്റ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

(സി) ഇവയിൽ റദ്ദാക്കേണ്ടവ റദ്ദുചെയ്യുന്നതിനും കാലാനുസൃത പരിഷ്കരണം ആവശ്യപ്പെട്ടിട്ടുള്ളവ പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അങ്ങനെ റദ്ദാക്കേണ്ട ആക്ടുകളെ സംബന്ധിച്ച് നിയമവകുപ്പിൽനിന്നും ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതും മറുപടിക്കായി കാത്തിരിക്കുകയുമാണ്. നിശ്ചിത സമയപരിധിക്കകം മറുപടി ലഭിക്കാത്തപക്ഷം കരട് ബിൽ അംഗീകരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

### ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ

**28(*58)** ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും മരണങ്ങൾ തുടർക്കഥയാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിനും വീഴ്ചകൾ ഉണ്ടായി ട്ടുണ്ടോ ; ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആദിവാസി മേഖലയിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെ യാണെന്ന് പഠിച്ചും പരിഹാരമാർഗ്ഗങ്ങൾ ശാസ്ത്രീയമായി അവലാകനം ചെയ്തും പദ്ധതികൾ ആവിഷ്കരിക്കുന്നതിലെ വീഴ്ചകൾ ഈ മേഖലയിൽ പ്രതിസന്ധി മൂർച്ഛിക്കുന്നതിന് കാരണമാകുന്നുണ്ടോ ;

(സി) ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ യഥാസമയം വിലയിരുത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) പ്രഖ്യാപിത കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ് ?

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) പരിശോധിച്ചിട്ടുണ്ട്. അട്ടപ്പാടിയെ സംബന്ധിച്ചിടത്തോളം വിവിധ വകുപ്പുകൾ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ വിജയകരമായി ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് ആ പ്രദേശത്തെ പ്രത്യേക സാഹചര്യം കാരണം കഴിഞ്ഞിട്ടില്ല. ഇത് കാലാകാലങ്ങളിൽ പരിശോധിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. അട്ടപ്പാടിയിലെ മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നതിനായി റിട്ട. ഐ.എ.എസ്. ഉദ്യോഗസ്ഥനായ ഡോ. എസ്. സുബ്ബയ്യയെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ച് സ്ഥിതിഗതികൾ നിരന്തരം വിലയിരു ത്തുന്നുണ്ട്. ശിശുമരണം വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഈ വിഷയം ഗൗരവമായിക്കണ്ട് വിലയിരുത്തുന്നതിനും ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുമായി പട്ടികവർഗ്ഗക്ഷേമം"ആരോഗ്യം"സാമൂഹ്യക്ഷേമം തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതി അട്ടപ്പാടിയിൽ നേരിട്ട് സന്ദർശനം നടത്തി കൂട്ടായ ചർച്ചകളിലൂടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി യിട്ടുണ്ട്. തുടർന്ന് വിവിധ സർക്കാർ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും

പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തിയിട്ടുള്ള അവലോകന യോഗങ്ങളിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകി യിട്ടുണ്ട്. 6-6-2013-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും ഗ്രാമ വികസന വകുപ്പുമന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയും അട്ടപ്പാടി സന്ദർശിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 10-11-2014, 11-11-2014 തീയതികളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വീണ്ടും അട്ടപ്പാടി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. കൂടാതെ സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉപാധ്യക്ഷനായുള്ള സമിതി 8-10-2013, 19-2-2014, 13-6-2014 തീയതികളിൽ യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശം എന്നിവ സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു.

(ഡി) പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നുണ്ട്.

**കേടായ സി.എഫ്.എൽ./എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാർജ്ജനം**

**29(*59)** <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :

<u>ഡോ. എൻ. ജയരാജ്</u> :

<u>ശ്രീ. പി. സി. ജോർജ്</u> :

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേടായ സി. എഫ്. എൽ./എൽ./ഇ.ഡി. ലൈറ്റുകളുടെ നിർമ്മാ ർജ്ജനം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഐ. ആർ. ജി. സിസ്റ്റംസ് സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയത്

എന്നാണ് ; പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) സർക്കാർതലത്തിലോ ഇതര ഏജൻസികൾ മുഖാന്തിരമോ ഇവയുടെ ഫലപ്രദമായ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 15-3-2014-ലാണ് സി.എഫ്.എൽ/എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാർജ്ജനം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഐ.ആർ.ജി. സിസ്റ്റംസ് സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയത്. അനുമതി കത്ത് പ്രകാരം 3 മാസത്തിനകം റിപ്പോർട്ട് നൽകണം എന്ന് വ്യവസ്ഥ ചെയ്തിരുന്നു. പഠന സംബന്ധമായ പുരോഗതി റിപ്പോർട്ടുകൾ ഇ.എം.സി.-യിൽ സമർപ്പിച്ചിട്ടുണ്ട്. മഴ കാരണം ഫീൽഡ് സർവ്വേ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതുകൊണ്ട് അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിക്കണമെന്ന ഐ.ആർ.ജി. സിസ്റ്റംസിന്റെ അപേക്ഷ പരിഗണിച്ച് റിപ്പോർട്ട് ഉടൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മേൽ പഠന റിപ്പോർട്ട് പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**ഖാദി ഉല്പന്ന വിപണന രംഗത്തെ നേട്ടങ്ങൾ**

**30(*60)** ശ്രീ. കെ .ശിവദാസൻ നായർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഉൽപ്പന്ന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിൻെറ കാലത്ത് കൈവരിച്ചിട്ടുണ്ട് ;

(ബി) ഖാദി ഉല്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനമായി എത്ര

രൂപ ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര ശതമാനം വർദ്ധനയാണ് വിപണന രംഗത്ത് ഉണ്ടായത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; വിശദാംശങ്ങൾ നൽകുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഖാദി ബോർഡിന്റെയും ഖാദി ബോർഡ് ധനസഹായം ചെയ്ത സ്ഥാപനങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെ (പോളി വസ്ത്രം ഉൾപ്പെടെ) വില്പന വിവരം വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

2011-12 - 34.37 കോടി രൂപ

2012-13 - 38.19 "

2013-14 - 45.47 "

(സി) 2011-12 വർഷം 17.67% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2012-13 വർഷം 11% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2013-14 വർഷം 19.06% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) അനുബന്ധത്തിൽ വിശദമാക്കിയിട്ടുണ്ട്. *

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈദ്യുതി ചാർജ്ജ്

**1 (341)** ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; അവസാനമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്കും, കാർഷിക വാണിജ്യ മേഖലകളിലും ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന വൈദ്യുതി നിരക്കും ഇപ്പോഴത്തെ നിരക്കും തമ്മിൽ താരതമ്യം ചെയ്യുമോ ;

(സി) പ്രസ്തുത കാലയളവിൽ ഇത്തരം നിരക്ക് വർദ്ധനവിലൂടെ എന്ത് തുകയുടെ അധിക വരുമാനമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) '3' പ്രാവശ്യം. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മേയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. അവസാനമായി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് വർദ്ധിപ്പിച്ചത് 2014 ആഗസ്റ്റ് 16 തീയതി മുതലാണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. *

(സി) 2012 ജൂലൈ ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 130 കോടി രൂപയുടെ അധിക വരുമാനവും 2013 മേയ് ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 55 കോടിയുടെ അധികവരുമാനവും 2014 ആഗസ്റ്റ് 16-ാം തീയതി മുതൽ നടപ്പിലാക്കപ്പെട്ട താരിഫ് വർദ്ധനവിലൂടെ ഏകദേശം 80 കോടി രൂപയുടെ അധിക വരുമാനവും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നടപടി**

**2 (342)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ തുക അടച്ച്, 2 വർഷം പിന്നിട്ടിട്ടും മീറ്ററുകൾ സ്ഥാപിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മീറ്ററുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനും അതുവരെ ഡെപ്പോസിറ്റുകൾക്ക് പലിശ അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന തെരുവുവിളക്കുകൾക്ക് അടിയന്തരമായി മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡെപ്പോസിറ്റുകൾക്ക് പലിശ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികകൾ**

**3 (343)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. യിൽ നിലവിൽ എത്ര മസ്ദൂർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി വിതരണ-സേവന രംഗത്ത് അത്യന്താപേക്ഷിതമായ മസ്ദൂർ തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 521 തസ്തികകൾ, ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 102 |
| കൊല്ലം | 5 |
| കോട്ടയം | 5 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 14 |
| എറണാകുളം | 16 |
| ഇടുക്കി | 26 |

| | |
|---|---|
| തൃശ്ശൂർ | 110 |
| വയനാട് | 76 |
| മലപ്പുറം | 38 |
| പാലക്കാട് | 54 |
| കോഴിക്കോട് | 0 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 75 |

(ബി) ഒഴിവുള്ള തസ്തികകൾ നിലവിലുള്ള റാങ്കലിസ്റ്റുകളിൽനിന്നും നിയമനം നടത്തുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു.

**കെ. എസ്. ഇ. ബി, മസ്ദൂർ/വർക്കർ തസ്തികയിലെ നിയമനം**

**4 (344)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ കെ. എസ്. ഇ. ബി, മസ്ദൂർ/വർക്കർ തസ്തികയിൽ, നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന്, നാളിതുവരെ എത്രപേർക്ക് നിയമനം നൽകി ;

(ബി) മസ്ദൂർ/വർക്കർ തസ്തികയിലുള്ളവരുടെ പ്രൊമോഷൻ തസ്തികയി ലേക്കുള്ള മാനദണ്ഡം വിശദമാക്കാമോ ;

(സി) മസ്ദൂർ/വർക്കർ തസ്തികയിൽ ജോലിചെയ്യുന്ന എത്ര പേർക്ക് നിലവിൽ പ്രമോഷൻ അർഹയുണ്ട് ; അവർക്ക് പ്രമേഷൻ നൽകുന്നതിനുള്ള തടസ്സമെന്ത് ; വിശദമാക്കാമോ ;

(ഡി) അർഹരായ മസ്ദുർ/വർക്കർമാർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 പേർക്ക് നിയമനം നൽകി.

(ബി) മസ്ദൂർ തസ്തികയിലെ സീനിയോരിറ്റിയാണ് ലൈൻമാൻ II തസ്തികയിലോട്ടുള്ള സ്ഥാനക്കയറ്റത്തിന്റെ മാനദണ്ഡം.

(സി) സീനിയോറിറ്റിക്ക് വിധേയമായി എല്ലാ മസ്ദൂർമാർക്കും പ്രൊമോഷന് അർഹതയുണ്ട്. പ്രൊമോഷന് തടസ്സമില്ല.

(ഡി) നിലവിൽ ലൈൻമാൻ II തസ്തികയിൽ ഒഴിവില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കാവുന്നതാണ്.

**എൽ. ഇ. ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി**

**5 (345)** <u>ശ്രീ. മോൻസ് ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

(ബി) എൽ. ഇ. ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയുടെ നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) കെ. എസ്. ഇ. ബി. വഴി എൽ. ഇ. ഡി ബൾബുകൾ കുറഞ്ഞ നിരക്കിൽ സാധാരണകാരന് വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ താഴെപ്പറയുന്നവയാണ് :

1. <u>എൽ.ഇ.ഡി. വില്ലേജ് പരിപാടി</u>:- ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (ബി.ബി.ഇ.) ധനസഹായത്തോടുകൂടി തെരഞ്ഞെടുത്ത വാർഡുകളിൽ ഗാർഹിക ഉപയോഗത്തിനും തെരുവുവിളക്കുകളിലും എൽ.ഇ.ഡി. സ്ഥാപിക്കൽ.

ഈ പരിപാടിയിൽ പാലക്കാട് ജില്ലയിലെ ആയക്കുറിശ്ശിയിൽ 325 വീടുകളിൽ രണ്ടുവീതം എൽ.ഇ.ഡി. ബൾബുകളും, 50 എൽ.ഇ.ഡി. തെരുവു വിളക്കുകളും സ്ഥാപിച്ചു.

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1500 എൽ.ഇ.ഡി. ബൾബുകളും ആലപ്പുഴയിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1600 എൽ.ഇ.ഡി. ബൾബുകളും വിതുരയിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1500 എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചു.

2. <u>എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കൽ:-</u>

കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചു.

3. <u>മാതൃകാ പദ്ധതികൾ നടപ്പിലാക്കൽ:</u>- ബി.ഇ.ഇ.യുടെ ധനസഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 വാട്സിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്ക് സ്ഥാപിക്കുന്ന പദ്ധതിയും കോർപ്പറേഷൻ പരിധിക്കുള്ളിൽ 45 വാട്സിന്റെ 500 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിച്ചുവരുന്നു.

(ബി) ഇല്ല.

(സി) എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ സാധാരണക്കാരന് വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പദ്ധതിക്ക് പ്രാരംഭ നടപടികളുടെ ചർച്ചകൾ നടന്നുവരുന്നു.

**വൈക്കം നിയോജക മണ്ഡലത്തിലെ ഊർജ്ജ വകുപ്പിന്റെ പദ്ധതികൾ**

**6 (346)** <u>ശ്രീ. കെ. അജിത് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡല പരിധിയിൽ ഊർജ്ജ വകുപ്പുവഴി ഏതെല്ലാം പദ്ധതി

കളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതുവഴി എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ വൈക്കം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെന്നും ഇതിന്റെ ഏതെങ്കിലും തുടർപദ്ധതികൾ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരവും, കെ.എസ്.ഇ.ബി.യുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചും മൊത്തം 980 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. ഇതു പ്രകാരം മൊത്തം 5266 വീടുകൾ വൈദ്യുതീകരിക്കാൻ സാധിച്ചു.

പ്രസരണ വിഭാഗത്തിന്റെ കീഴിൽ വൈക്കം 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 12.5 എം.വി.എ. ശേഷിയുള്ള 110/11 കെ.വി. ട്രാൻസ്ഫോർമറും അനുബന്ധ 11 കെ.വി. പാനൽ സെറ്റുകളും സ്ഥാപിച്ച് ശേഷി വർദ്ധന നടത്തിയിട്ടുണ്ട്. ഇതിനായി ആകെ 242 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി നടപ്പിലാക്കി. തുടർ പദ്ധതിയായി ആർ.ജി.ജി.വൈ. പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

**പുതുക്കിയ ഇലക്ട്രിസിറ്റി സപ്ലൈകോഡ്**

**7 (347)** <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുക്കിയ ഇലക്ട്രിസിറ്റി സപ്ലൈകോഡ് നിലവിൽ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത സപ്ലൈകോഡിൽ വീട്ടു നമ്പർ കിട്ടാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ടോ ; വിശദമാക്കുമോ ?

(സി) ഇല്ലെങ്കിൽ നേരത്തെയുണ്ടായിരുന്ന ഈ വ്യവസ്ഥ പുതുക്കിയ സപ്ലൈകോഡിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014 ഏപ്രിൽ 1-ാം തീയതി നിലവിൽ വന്നു.

(ബി) വീടുകളിലേക്ക് വൈദ്യുതി കണക്ഷന് അപേക്ഷിക്കുമ്പോൾ അപേക്ഷകനെ തിരിച്ചറിയുന്നതിനുള്ള രേഖ, അപേക്ഷകൻ വീടിന്റെ ഉടമസ്ഥനാണെങ്കിൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, ഉടമസ്ഥനല്ലെങ്കിൽ താമസിക്കുന്നതിനുള്ള അധികാരം ലഭിച്ച രേഖ ഇവയാണ് നൽകേണ്ടത്.

(സി) സപ്ലൈകോഡിൽ പുതിയ വ്യവസ്ഥ ചേർക്കുന്നതിന് "സപ്ലൈകോഡ് റിവ്യൂ പാനലിന്" അപേക്ഷ നൽകണം. ഇതിനുള്ള നടപടിക്രമങ്ങൾ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2014-ലെ പത്താം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. *

**സൗരോർജ്ജ നയം**

**8 (348)** ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നയത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ്

സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 25-11-2013-ലെ സ.ഉ.(പി) നം. 49/2013/പിഡി പ്രകാരം സർക്കാർ സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സൗരോർജ്ജ നയത്തിന്റെ ചില പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(1) സംസ്ഥാനത്തിലെ സോളാർ ഊർജ്ജത്തിന്റെ സ്ഥാപിതശേഷി 2017-ൽ 500 മെഗാവാട്ടും 2030-ൽ 2500 മെഗാവാട്ടും ആയി വർദ്ധിപ്പിക്കുക.

(2) ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക.

(3) കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പുവരുത്തുക.

(4) സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(5) ഈ മേഖലകളിൽ പുതിയ കണ്ടുപിടുത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുക.

(സി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 2017-ഓടെ 500 മെഗാവാട്ടും 2030-നകം 2500 മെഗാവാട്ടും വൈദ്യുതി ഉത്പാദിപ്പിക്കാനാണ് സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജനയംവഴി ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സൗരോർജ്ജ നയത്തിൽ രൂപീകരിച്ച സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ആദ്യയോഗം 2014 ഫെബ്രുവരി മാസം 3-ാം തീയതി അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജം)യുടെ അദ്ധ്യക്ഷതയിൽ ചേരുകയും സ്വീകരിക്കേണ്ട അനന്തര നടപടികളെ സംബന്ധിച്ച് ആദ്യഘട്ട ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സോളാർ പോളിസിയിൽ ലക്ഷ്യമിട്ട സ്ഥാപിതശേഷി കൈവരി

ക്കുന്നതിന്, കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

(1) കെ.എസ്.ഇ.ബി. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(2) കഞ്ചിക്കോട് കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ

(3) പാലക്കാട് ജില്ലയിലെ അഗളി, ചാലയൂർ ട്രൈബൽ കോളനിയിലിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(4) പൊരിങ്ങൽ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 KWP ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(5) കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 KWP ശേഷിയുള്ള പോൾ മൗണ്ട്സ് ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(6) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 134.5 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (Stage-1)

(7) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(8) വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ 400 KWP സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(9) നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ചും കൊല്ലം ജില്ലയിൽ പടിഞ്ഞാറേ കല്ലടയിൽ 300 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ.

സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy System" എന്ന പേരിൽ ഒരു മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

**വൈക്കം നിയോജകമണ്ഡലത്തിലെ ഇലക്ട്രിക്ക് ലൈനുകൾ**

**9 (349)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിൽ എത്രയൊക്കെ വീതം സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകൾ ആക്കിയിട്ടുണ്ടെന്നും, ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) വൈക്കം നിയോജക മണ്ഡലത്തിനു കീഴിൽ ഓരോ ഇലക്ട്രിക്ക് സെക്ഷനുകളിലും എത്ര വീതം തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ ആക്കിയിട്ടുണ്ടെന്നും ഇനി എത്രത്തോളം തടി പോസ്റ്റുകൾ ഈ രീതിയിൽ മാറ്റാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)

| സെക്ഷൻ | സിംഗിൾ ഫേസ്-ത്രീ ഫേസ് കൺവേർഷൻ (kms) | ട്രാൻസ്ഫോർമർ (Nos) |
|---|---|---|
| വൈക്കം | 4.35 | 16 |
| ചെമ്പ് | 3.75 | 11 |

| | | |
|---|---|---|
| തലയാഴം | 19.28 | 9 |
| തലയോലപ്പറമ്പ് | 5.88 | 18 |
| കടുത്തുരുത്തി | 4.21 | 8 |

(ബി)

| സെക്ഷൻ | മാറ്റിയ തടി പോസ്റ്റുകൾ | മാറ്റാനുള്ള തടിപോസ്റ്റുകൾ |
|---|---|---|
| വൈക്കം | 31 | 900 |
| ചെമ്പ് | 199 | 1100 |
| തലയാഴം | 201 | 1350 |
| തലയോലപ്പറമ്പ് | 39 | 660 |
| കടുത്തുരുത്തി | 77 | 670 |

**കെ. എസ്. ഇ. ബി. യ്ക്ക് പിരിഞ്ഞ് കിട്ടേണ്ട തുക**

**10 (350)** ശ്രീ. വി. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി. ക്ക് വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ട തുക പട്ടിക തിരിച്ച് നൽകാമോ ;

(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ ഉള്ള തുകയുടെ വിവരം ലഭ്യമാക്കുമോ ;

(സി) ഇതിൽ ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് വൻതുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിന് മുമ്പ് തന്നെ കെ. എസ്, ഇ.ബി.ക്ക് അതിന്റെ ഗുണഭോക്താക്കളിൽ നിന്ന് പിരിഞ്ഞ് കിട്ടേണ്ട തുക പൂർണ്ണമായും പിരിച്ചെടുക്കാനാവുമെന്ന് കരുതുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പൂർണ്ണമായും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) തുക പട്ടിക തിരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനങ്ങൾ | 31-3-2011-ലെ കണക്ക് പ്രകാരം തുക (കോടിയിൽ) |
|---|---|---|
| 1 | സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 146.19 |
| 2 | കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 1.86 |
| 3 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ | 407.89 |
| 4 | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 17.01 |
| 5 | തദ്ദേശ സ്ഥാപനങ്ങൾ | 7.70 |
| 6 | അന്തർ സംസ്ഥാന വിനിമയം | 5.19 |

| | | |
|---|---|---|
| 7 | സ്വകാര്യ സ്ഥാപനങ്ങൾ | 589.26 |
| 8 | ലൈസൻസികൾ | 15.91 |
| 9 | സ്വയംഭരണ സ്ഥാപനങ്ങൾ | -- |
| | ആകെ | 1191.01 |

(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ തുക 1633.49 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ, അദാലത്ത്, റവന്യൂ റിക്കവറി നടപടികൾ, തവണ വ്യവസ്ഥകൾ എന്നീ നടപടികൾ സ്വീകരിച്ചിരിക്കുന്നു.

(ഡി&ഇ) ഭൂരിഭാഗം കുടിശ്ശികയും ഇന്ത്യയിലെ വിവിധ കോടതികളുടെ (സുപ്രീം കോടതി, ഹൈക്കോടതി, ബൈഫർ BIFR) തീർപ്പിനു വിധേയമായി മാത്രമേ പിരിച്ചെടുക്കാൻ കഴിയൂ. റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാകുന്ന മുറയ്ക്ക് റിക്കവറി നേരിടുന്ന കുടിശ്ശികയുള്ള സ്ഥാപനങ്ങൾ വരുത്തിയ തുക പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്താൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## കെ. എസ്. ഇ. ബി. പോസ്റ്റുകളിലെ പരസ്യങ്ങൾ

**11 (351)** <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. പോസ്റ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും ഏജൻസിക്ക് അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരിൽ നിന്ന് എത്ര തുക വീതമാണ് സർക്കാരിന് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ക്ലീൻ കേരള ലിമിറ്റഡ് എന്ന കമ്പനിക്ക് സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള ഇലക്ട്രിസിറ്റി ബോർഡ് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരുമാനമായിട്ടില്ല.

## കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള

## തുക

**12 (352)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. ഇ. ബി. യുടെ കണക്കുപ്രകാരം വൈദ്യുതി ചാർജ്ജ് കുടിശിക യിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇത് പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടു ത്തിയിട്ടുണ്ടോ ?

### ഉത്തരം

കെ.എസ്.ഇ.ബി.-യുടെ കണക്കുപ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക യിനത്തിൽ 1633.49 കോടി രൂപയാണ് 30-9-2014-ലെ കണക്കുപ്രകാരം പിരിഞ്ഞുകിട്ടാനുള്ളത്. മേൽ പറഞ്ഞ തുക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ, അദാലത്തുകൾ, റവന്യൂ റിക്കവറി നടപടികൾ, തവണ വ്യവസ്ഥകൾ എന്നിങ്ങനെ വിവിധങ്ങളായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ്

**13 (353)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെ ടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) എത്രമാത്രം വൈദ്യുതിയാണ് പ്രസ്തുത പദ്ധതി മുഖേന ഗുണഭോ ക്താവിന് ലഭിക്കാവുന്നത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പതിനായിരം കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടന്നുവരികയാണ്. ഇതുകൂടാതെ കേന്ദ്ര സബ്സിഡിയോടെ ഉയർന്ന കപ്പാസിറ്റിയുള്ള പ്ലാന്റുകളും സ്ഥാപിച്ചു വരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ 100 കിലോവാട്ട് സോളാർ പവർപ്ലാന്റ് വിവിധ സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിലായി ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പവർപ്ലാന്റുകൾവഴി ആകെ 10 മെഗാവാട്ട് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസി അനെർട്ടാണ്.

(ഡി) പദ്ധതി നടത്തിപ്പിനായി അനെർട്ട് എം.എൻ.ആർ.ഇ. യിൽ ചാനൽ പാർട്ട്ണേഴ്സായിട്ടുള്ളവരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഇ) ഈ പദ്ധതിയിലൂടെ ഒരു ഉപഭോക്താവിന് 1 കിലോവാട്ട് സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കാനാവും. പ്രസ്തുത പ്ലാന്റിൽനിന്നും സൂര്യപ്രകാശത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രതിദിനം 3-3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവും. അതിലൂടെ പ്രതിമാസം 80-100 യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കും.

**ആർ.ജി.ജി.വി. വൈ പദ്ധതി**

**14 (354)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതിയായ ആർ.ജി.ജി.വി. വൈ പദ്ധതിയുടെ കാലാവധി അവസാനിച്ചോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഇനിയും വൈദ്യുതി നൽകുവാൻ കഴിയുമോ ;

(സി) ഇതിനകം സംസ്ഥാനത്ത് എത്ര കോടി രൂപ ഈപദ്ധതിവഴി ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബി.പി.എൽ, എ.പി.എൽ

വേർതിരിവ് ഒഴിവാക്കിക്കൊണ്ട് അർഹത നിശ്ചയിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനം ശുപാർശ ചെയ്യുന്നപ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആർ.ജി.ജി.വി.വൈ.-യുടെ കാലാവധി അവസാനിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 30-11-2014 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ട നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്.

(സി) ഏകദേശം 149 കോടി രൂപയുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

പത്താം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ 20 കോടി രൂപയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ശേഷിക്കുന്ന 13 ജില്ലകളിൽ ഇതുവരെയായി 129 കോടി രൂപയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ആർ.ജി.ജി.വി.വൈ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ മാനദണ്ഡം അനുസരിച്ച് മാത്രമേ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കഴിയുകയുള്ളൂ. ഗുണഭോക്താക്കൾക്ക് ബി.പി.എൽ., എ.പി.എൽ. വേർതിരിവ് ഒഴിവാക്കിക്കൊണ്ട് അർഹത നിശ്ചയിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനം ശുപാർശ ചെയ്യുന്ന പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും തുടർ ആർ.ജി.ജി.വി.വൈ. പദ്ധതിനടപ്പിലാക്കുന്ന ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്.

**പുതിയ വൈദ്യുത പദ്ധതികൾ**

**15 (355)** <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു ; വിശദവിവരം നൽകുമോ ;

(ബി) പുതിയ എത്ര മിനി ഹൈഡ്രോഇലക്ട്രിക് പവർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ കഴിഞ്ഞു ; വിശദവിവരങ്ങൾ നൽകുമോ ;

(സി) അതിരപ്പിള്ളി വൈദ്യുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 85.07 Mu വാർഷിക ഉത്പാദനശേഷി വർദ്ധനവുണ്ടായി.

2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ പൂർത്തിയാക്കിയ ജനറേഷൻ പ്രോജക്ട്സ് താഴെ പറയുന്നു.

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) | വാർഷിക ഉത്പാദന ശേഷി (MU) |
|---|---|---|---|
| 1 | റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതി | 4 | 16.73 |
| 2 | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 1.5 | 3.94 |
| 3 | പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി | 1.25 | 3.21 |
| 4 | പാമ്പുംകയം(മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി (IPP) | 0.11 | 0.29 |
| 5 | കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 10.5 | 27.6 |
| 6 | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7 | മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 3 | 8.37 |
| 8 | വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | 22.63 |
| 9 | പൊരിങ്ങൽകുത്ത് | 2 | |

| | | | |
|---|---|---|---|
| | (പുനരുദ്ധാരണം) | | |
| 10 | ശബരിഗിരി<br>(പുനരുദ്ധാരണം) | 5 | |
| | | 36.06 | 85.07 |

(ബി) ഒരു മിനി ഹൈഡ്രോ വൈദ്യുത പദ്ധതി ആരംഭിച്ചു.

ഇടുക്കി ജില്ലയിൽ മാങ്കുളം ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച 11 കിലോവാട്ട് ശേഷിയുള്ള പാമ്പുംകയം (മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി 10-5-2012-ൽ കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേയ്ക്ക് ബന്ധിപ്പിക്കുകയും ആവശ്യമായ പരിശോധന കൾക്കുശേഷം 3-8-2012 മുതൽ വൈദ്യുതി ഉത്പാദനം ആരംഭിക്കുകയും ചെയ്തു.

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ പാരിസ്ഥിതികാനുമതി പുന:സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി

**16 (356)** <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത എത്ര നിയോജക മണ്ഡലങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല. കേരളത്തിലെ ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണം ലക്ഷ്യമാക്കി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ. പദ്ധതി ഇടുക്കിയിൽ 2010-ൽ തന്നെ പൂർത്തീകരിച്ചിട്ടുള്ളതും, ശേഷിക്കുന്ന 13 ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കിവരികയുമാണ്. എല്ലാ ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീക

രണത്തിന്റെ ഭാഗമായി 2014 നവംബർ 30 വരെ രജിസ്റ്റർ ചെയ്യുന്ന ബി.പി.എൽ. വിഭാഗക്കാരുടെ വീടുകൾക്ക് ഓവർഹെഡ് ലൈനുകൾ ഉൾപ്പെടെ വലിച്ച് സൗജന്യമായും എ.പി.എൽ. വിഭാഗക്കാരുടെ 1000 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്കും, ഓവർഹെഡ് ലൈൻ സൗജന്യമായി വലിച്ച് വെതർപ്രൂഫ് ഭാഗത്തിനുള്ള ചെലവ് മാത്രം ഈടാക്കിക്കൊണ്ടും കണക്ഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ഇടമൺ-കൊച്ചി ലൈൻ നിർമ്മാണം**

**17 (357)** ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമൺ-കൊച്ചി ലൈനിൻെറ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് പ്രതിസന്ധി ഘട്ടങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കാനുള്ള സാഹചര്യം ഇല്ലാതാക്കിയെന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമയബന്ധിതമായി ലൈൻ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത് അധികാരികളുടെ അലസത മൂലമാണെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ഇടമൺ-കൊച്ചി ലൈൻ നിർമ്മാണം പൂർത്തീകരിക്കാൻ തടസ്സമെന്താണെന്നും അവ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) പ്രസ്തുത പരാതി അടിസ്ഥാനരഹിതമാണ്. ഇടമൺ-കൊച്ചി സെക്ഷനിലെ ലൈൻ നിർമ്മാണം റൈറ്റ് ഓഫ് വേ പ്രശ്നങ്ങളും, ഭൂവുടമകളുടെ എതിർപ്പുംമൂലം തടസ്സപ്പെട്ടതിനെ തുടർന്ന് ആയവ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ കൈക്കൊള്ളുകയും തത്ഫലമായി ഭൂവുടമകൾക്ക് നഷ്ടപരിഹാരം അംഗീകരിച്ച

കൊണ്ടുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ് 19-8-2014-ലെ (എം.എസ്) 27/14/ഊ.വ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടും പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയി രുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളേയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ അപേക്ഷ പ്രകാരം കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനി ക്കുകയും ചെയ്തിട്ടുണ്ട്.

**ശബരിമല വൈദ്യുത ലൈൻ**

**18 (358)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല സന്നിധാനത്തിലേക്ക് പമ്പയിൽനിന്നും ഇപ്പോൾ എത്ര വൈദ്യുത ലൈനുകൾ ഉണ്ട് ; നിലവിലുള്ള വൈദ്യുതലൈനിന് തകരാർ സംഭവിച്ചാൽ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത് ;

(ബി) പമ്പയിൽനിന്നും ശബരിമലയിലേക്ക് നിലവിലുള്ള വൈദ്യുത ലൈനിന് സമാന്തരമായി വൈദ്യുതലൈൻ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ അതിൻെറ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; പദ്ധതിക്കായി ആകെ വേണ്ടിവരുന്ന തുക എത്രയെന്ന് വിശദമാക്കുമോ ; സമാന്തര ലൈൻ സ്ഥാപിക്കുവാനുദ്ദേശിക്കുന്നത് ഏതുവഴിയാണെന്ന് വിശദമാക്കുമോ ; പ്രസ്തുതപദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പമ്പയിൽനിന്നും ശബരിമല സന്നിധാനത്തേയ്ക്ക് ഇപ്പോൾ ഒരു 11 കെ.വി. ലൈൻ ഉണ്ട്. വൈദ്യുതിതടസ്സം അടിയന്തരമായി പരിഹരിക്കുന്നതിനായി കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡിന് രൂപം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 1.6 കോടി രൂപയുടെ എസ്റ്റിമേറ്റിന് വിതരണ വിഭാഗം ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയർ 2-9-2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി കേബിൾ സ്ഥാപിക്കുവാൻ തയ്യാറാക്കിയിട്ടുള്ള ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുക ഒടുക്കുന്നതിനായി ദേവസ്വം ബോർഡിനെ 5-9-2014-ൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ത്രിവേണി പമ്പ സബ്സ്റ്റേഷനിൽനിന്നും നീലിമല, അപ്പാച്ചിമേട് വഴിയുള്ള പരമ്പരാഗത പാതയിലൂടെ സന്നിധാനത്തിലേക്ക് 7 കിലോമീറ്റർ 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾവലിച്ച് ചരൽമേട്ടിൽ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി പ്രവൃത്തികൾ ദേവസ്വം ബോർഡ് തുക ഒടുക്കുന്നപക്ഷം സീസൺ കഴിഞ്ഞ് മൂന്ന് മാസങ്ങൾക്കകം പൂർത്തീകരിക്കുവാൻ സാധിക്കും.

**ബിനാനിസിങ്കിന് ഇലക്ട്രിസിറ്റി ബോർഡ് നൽകിയിരിക്കുന്ന ഇളവുകൾ**

**19 (359)** ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ ബിനാനിസിങ്ക് എന്ന സ്ഥാപനത്തിന് ഇലക്ട്രിസിറ്റി ബോർഡ് നൽകിയിരിക്കുന്ന ഇളവുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബോർഡിന് ബിനാനിസിങ്ക് വരുത്തിയ കുടിശ്ശിക തുക എത്ര ; അത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കാമോ ;

(സി) ബിനാനിസിങ്ക് ബോർഡിന് വരുത്തിയ കുടിശ്ശിക ഒഴിവാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം എന്തായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) കൊച്ചിയിലെ ബിനാനിസിങ്ക് എന്ന സ്ഥാപനത്തിന് കറണ്ട് ചാർജ്ജ് കുടിശ്ശിക അടയ്ക്കുന്നതിലേയ്ക്ക് കമ്പനിയുടെ അപേക്ഷ പ്രകാരം തവണ വ്യവസ്ഥയിൽ പലിശയോടുകൂടി പണം അടയ്ക്കാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ബിനാനിസിങ്ക് ലിമിറ്റഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നൽകിയിരിക്കുന്ന നാല് കേസ്സുകൾമൂലം കുടിശ്ശികയായ 36,77,26,438 രൂപയും മേൽപറഞ്ഞ തവണ വ്യവസ്ഥയിൽ അടയ്ക്കുവാനുള്ള 22,91,506 രൂപയും ചേർത്ത് ആകെ 44,00,17,944 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. (പലിശ ചേർക്കാതെ). കുടിശ്ശിക ഈടാക്കുവാനായി നിയമാനുസൃതമായ നോട്ടീസുകൾ നൽകിയിട്ടുണ്ട്.

(സി) കുടിശ്ശിക ഒഴിവാക്കുവാൻ നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(ഡി) യോഗതീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പെറ്റ് കോക്കിൽനിന്ന് വൈദ്യുതി**

**20 (360)** ശ്രീ പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെറ്റ് കോക്കിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതുവഴി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനസമാഹരണവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരമുള്ള വൈദ്യുതി ഉൽപ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 500 മെഗാവാട്ട് ശേഷിയുള്ള ഒരു നിലയം സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൊച്ചി റിഫൈനറിയിൽ നടപ്പാക്കുന്ന വികസന പദ്ധതിയുടെ

ഭാഗമായി ലഭ്യമാകുന്ന ഉപോത്പന്നമായ 'പെറ്റ്കോക്ക്' ഉപയോഗപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

(സി) കൊച്ചി ഏലൂരിൽ ഫാക്ടിന്റെ കൈവശമുള്ള 150 ഏക്കർ സ്ഥലമാണ് പ്രസ്തുത നിലയം തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലമായി കണ്ടെത്തിയിട്ടുള്ളത്. കെ.എസ്.ഇ.ബി.-ക്ക് ആ സ്ഥലം കൈമാറുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു ഉന്നതതല സമിതിയെ നിയമിച്ച് ഫാക്ടുമായി ചർച്ച നടത്തുകയുണ്ടായി. എന്നാൽ അന്തിമ തീരുമാനം കേന്ദ്ര ഫെർട്ടിലൈസർ & കെമിക്കൽസ് മന്ത്രാലയം എടുക്കേണ്ടതുള്ളതുകൊണ്ട് പ്രസ്തുത ആവശ്യമുന്നയിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ വിളിച്ച് പ്രസ്തുത പദ്ധതിക്കുവേണ്ടി ഒരു ഡെവലപ്പറെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് സർക്കാർ ധനം വിനിയോഗിക്കേണ്ടി വരുന്നില്ല.

(ഡി) 5-6-2012-ൽ ഊർജ്ജവകുപ്പ്, ഫിഷറീസ്, എക്സൈസ് & തുറമുഖം വകുപ്പുമന്ത്രിമാർ കൊച്ചിൻ റിഫൈനറി സന്ദർശിക്കുകയും പെറ്റ്കോക്ക് ഉപയോഗിച്ച് ഒരു താപനിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ സാധ്യതാപഠനം നടത്തുവാൻ കെ.എസ്.ഇ.ബി.യിലെയും ബി.പി.സി.എൽ-ലെയും ഓഫീസർമാർ ഉൾപ്പെടുന്ന ഒരു സമിതി ഉണ്ടാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. സാധ്യതാ പഠനത്തിൽ ഫാക്ടിന്റെ ഏലൂരിലുള്ള 150 ഏക്കർ സ്ഥലം നിലയം സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തി.

സർക്കാർ ഉടമസ്ഥതയിലുള്ള പൊതുസ്വകാര്യപങ്കാളിത്ത സ്ഥാപനമായ 'ഇൻകെൽ' പെറ്റ്കോക്ക് പദ്ധതി നടപ്പിലാക്കാൻ താത്പര്യം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27-11-2013-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇൻകെലിന് മുൻതൂക്കം ലഭിക്കുന്ന വിധം 'സ്വിസ്സ്ചലഞ്ച്' രീതി ഉപയോഗപ്പെടുത്താൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേസ്-2 അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. വിളിക്കുന്ന ടെണ്ടറിന് മുന്നോടിയായി ഒരു പ്രാഥമിക ഓഫർ നൽകാൻ ഇൻകെലിനോട്

ആവശ്യപ്പെടുകയും ഓഫർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിന് കൺസൽട്ടന്റിനെ നിയമിക്കുന്നതിനായി ടെണ്ടർ വിളിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

## ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗീയാര്-ന്റെ നിർമ്മാണ പ്രവർത്തനം

**21 (361)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. കെ. എസ്സിൻെറ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ചെലവ് എത്രയെന്നറിയിക്കുമോ; ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച കാലതാമസം എന്താണെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ-സി) 1. കൊല്ലം ജി.ഐ.എസ്സ്. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള ദർഘാസ് ക്ഷണിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിനായുള്ള അനുമതി ബോർഡിന്റെ പരിഗണനയിലുമാണ്. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി തുക 43.69 കോടി രൂപയാണ്. ഇതിനായി 2 കോടി രൂപ 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. കോഴിക്കോട് ജില്ലയിലെ ഗാന്ധി റോഡ് 110 കെ.വി.ജി.ഐ.എസ്സ്. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തിയോടനുബന്ധിച്ച് നിർദ്ദിഷ്ട സബ്സ്റ്റേഷനിലേക്ക് വെസ്റ്റ് ഹിൽ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 110 കെ.വി. ലൈൻ ഇടുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ജി.ഐ.എസ്സ്. സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ ALSTOM എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് 38.40 കോടി രൂപയാണ്. 2014-15 ബഡ്ജറ്റിൽ 15 കോടി

രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ കരാറുകാർ പങ്കെടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യേണ്ടിവന്നതിനാലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ഉണ്ടായത്.

**വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം**

**22 (362)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നിലവിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട് ;

(ബി) വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് നെടുമൺകാവിലോ ഓടനാവട്ടത്തോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 19060 ഗുണഭോക്താക്കൾ ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**സംസ്ഥാന വൈദ്യുതി പദ്ധതികൾ**

**23 (363)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വർഷം ലോഡ്ഷെഡിംഗോ, പവർകട്ടോ ആവശ്യമായി വരുമോ എന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിനാവശ്യമായ ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വൈദ്യുതി പദ്ധതികളുടെ പുരോഗതി ബോർഡ്/സർക്കാർ തലത്തിൽ

വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി (പി.എം.സി.) യഥാസമയത്ത് യോഗംനടത്തി വേണ്ടതീരുമാനങ്ങൾ എടുക്കാറുണ്ട്.

(ബി) ഈ വർഷം വൈദ്യുതിബോർഡ്, സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി വ്യാപാരികളിൽനിന്നും മറ്റ് വൈദ്യുതി ഉത്പാദകരിൽനിന്നും കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും കേന്ദ്രപൂളിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭിക്കുകയുമാണെങ്കിൽ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ ആവശ്യമായി വരുന്നില്ല. എന്നാൽ നിലവിൽ രാജ്യത്തെ മറ്റ് മേഖലകളിൽനിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും, ദക്ഷിണ ഗ്രിഡിൽതന്നെ S1 മേഖലയിൽനിന്നും S2 മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നതിനാൽ കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളായ NTPC, BSES തുടങ്ങിയവയിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരുവാൻ സാധിക്കാത്തതുമൂലമുള്ള കുറവ് പരിഹരിക്കുകയും അതുവഴി ലോഡ്ഷെഡ്ഡിംഗും, പവർകട്ടും ഒഴിവാക്കുകയും ചെയ്തുവരുന്നത്.

(സി) അനുബന്ധമായി ചേർക്കുന്നു. *

## ഇടുക്കി ജില്ലയിലെ ഭൂകമ്പമാപിനികൾ

**24 (364)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ വൈദ്യുതി ബോർഡ് എവിടെയെല്ലാമാണ് ഭൂകമ്പമാപിനികൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് എപ്പോഴൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും ഓരോന്നിനും എന്ത് തുക ചെലവായിട്ടുണ്ട് എന്നും ഇത് ഓരോന്നും ഏതൊക്കെ കമ്പനികളാണ് സ്ഥാപിച്ചത് എന്നും വിശദമാക്കാമോ ;

(സി) ഇതിൽ ഏതൊക്കെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് എന്നും മറ്റുള്ളവ എപ്പോഴൊക്കെയാണ് തകരാറിലായത് എന്നും വിശദമാക്കാമോ ;

(ഡി) ഇതിൽ വൈദ്യുത ബോർഡിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നും ഈ തുക ഇത് സ്ഥാപിച്ച കമ്പനിയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ ;

(ഇ) ഉണ്ട് എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ &ബി) അനുബന്ധമായി ചേർക്കുന്നു. *

(സി) കുളമാവ്, ഇടുക്കി, ആലടി എന്നിവിടങ്ങളിലെ അനലോഗ് ടൈപ്പിലുള്ള പഴയ ഉപകരണങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നു.

2014-ൽ സ്ഥാപിച്ച കുളമാവ്, ആലടി, ചോറ്റുപാറ, വള്ളക്കടവ്, മീൻകട്ട് എന്നിവിടങ്ങളിലുള്ള ഡിജിറ്റൽ ഭൂകമ്പമാപിനികൾ കേടുകൂടാതെ പ്രവർത്തിക്കുന്നുണ്ട്.

മീൻകട്ട്, വള്ളക്കടവ്, ചോറ്റുപാറ എന്നിവിടങ്ങളിലെ പഴയ ഭൂകമ്പമാപിനികൾ യഥാക്രമം 2002, 01/2014, 04/2014 എന്നീ കാലയളവു മുതൽ പ്രവർത്തിക്കുന്നില്ല.

(ഡി) പുതുതായി സ്ഥാപിച്ചിട്ടുള്ള എല്ലാ നിലയങ്ങളിലെയും ഭൂകമ്പമാപിനികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇടിമിന്നൽ, വോൾട്ടേജ് വ്യതിയാനം മുതലായ കാരണങ്ങളാൽ ഉണ്ടാകുന്ന താൽക്കാലിക തകരാറുകൾ അപ്പോഴപ്പോൾതന്നെ പരിഹരിക്കുന്നുണ്ട്. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ നിലയങ്ങൾക്ക് 6 വർഷത്തെ മെയിന്റനൻസ് കരാർ നിലവിലുണ്ട്. ആയതിനാൽ വൈദ്യുതി ബോർഡിന് ഇതുസംബന്ധിച്ച് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**ഊർജ്ജ സംരക്ഷണത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ**

**25 (365)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പുതിയ

പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതികൾ പ്രകാരം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഊർജ്ജസംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിവിധതരം ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

2. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി (HT/EHT) ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട് .

3. വ്യവസായശാലകളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായി ഇരുപത്തിയേഴോളം ഊർജ്ജ ആഡിറ്റർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

4. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. മുഖാന്തിരം 6% പലിശ നിരക്കിൽ വായ്പകൾ നൽകിവരുന്നു.

5. സർക്കാർ ഓഫീസുകളിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി 29 സർക്കാർ ഓഫീസുകളിൽ ഊർജ്ജ ആഡിറ്റിംഗ് നടത്തുകയും 7 സർക്കാർ ഓഫീസുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം വൈദ്യുത ഉപഭോഗം കുറഞ്ഞ ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

6. ഗാർഹിക മേഖലയിൽ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിലേയ്ക്കായി ഊർജ്ജക്ലിനിക് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട്

വിവിധയിനം മത്സരപരിപാടികളും നടപ്പിലാക്കിവരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് നൽകി ആദരിച്ചുവരുന്നു.

8. ഊർജ്ജകാര്യക്ഷമത കൂടിയ തെരുവുവിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45watts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ചു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

9. സർക്കാർ മേഖലയിലെ HT വൈദ്യുത ഉപഭോക്താക്കളായ വ്യവസായ ശാലകൾക്കും കെട്ടിടങ്ങൾക്കും ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിന് 50 ശതമാനം ധനസഹായം. (പരമാവധി 50000 രൂപ) അനുവദിച്ചുവരുന്നുണ്ട്.

10. ഈ വർഷം സംസ്ഥാനത്തെ 6 സിവിൽ സ്റ്റേഷനുകൾ ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഓരോ വർഷവും 33 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുന്നു.

## വൈദ്യുതി പ്രതിസന്ധി

**26 (366)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനം കടുത്ത വൈദ്യുതപ്രതിസന്ധിയിലേയ്ക്ക് നീങ്ങാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

### ഉത്തരം

കേരളത്തിലെ വൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷി, ഇപ്പോഴത്തെ വൈദ്യുതിയുടെ ആവശ്യകത നിറവേറ്റാൻ പര്യാപ്തമല്ല. സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന് വലിയ ഉത്പാദന നിലയങ്ങൾ ആരംഭിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണവും പൊതുജനങ്ങളുടെ എതിർപ്പുമൂലവും തടസ്സപ്പെട്ടിരിക്കുകയാണ്. കൂടാതെ, വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത മുന്നിൽ കണ്ട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പവർ ട്രേഡർമാർമുഖേന വൈദ്യുതി വാങ്ങൽ

കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസരണ ഇടനാഴികളുടെ അഭാവംമൂലം വൈദ്യുതിമുഴുവൻ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നില്ല. അധിക പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനും കൂടുതൽ പ്രസരണ ലൈനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പരിശ്രമിച്ചുവരുന്നു.

ഇതിൻപ്രകാരം കേരളത്തിലേയ്ക്ക് അന്തർസംസ്ഥാന ലൈനുകളിൽക്കൂടി കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായി, ഇപ്പോൾ നിർമ്മാണത്തിലുള്ള 400 കെ.വി. മൈസൂർ-അരീക്കോട്, 400 കെ.വി. ഇടമൺ-കൊച്ചി ലൈനുകളുടെയും നിർമ്മാണം ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സർക്കാർതലത്തിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും സ്വീകരിച്ചുവരുന്നു. പി.ജി.സി.ഐ.എൽ. ആണ് പ്രസ്തുത ലൈനുകൾ നിർമ്മിക്കുന്നത്. ഇതിനുപുറമെ 400 കെ.വി. ഉടുപ്പി-കാസർഗോഡ്-കോഴിക്കോട് ലൈനിനും എസ്.ആർ.പി.സി.യിൽ അനുമതി ലഭിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം ഇപ്പോൾ നികത്തുന്നത് പവർ എക്സ്ചേഞ്ച്/ട്രേഡർമാർവഴി വൈദ്യുതിവാങ്ങിയും, വിലകൂടിയ താപവൈദ്യുതി ഉത്പാദിപ്പിച്ചും ഡീവിയേഷൻ സെറ്റിൽമെന്റ് വഴി വൈദ്യുതി എടുത്തുമാണ്. എന്നാൽ കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലോ, സാങ്കേതിക കാരണങ്ങളാൽ ആഭ്യന്തര ഉത്പാദനത്തിലോ, ഇടനാഴിയുടെ അഭാവംമൂലം വൈദ്യുതി ലഭിക്കുന്നതിലോ കുറവ് ഉണ്ടാകുമ്പോൾ ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ ഗ്രിഡ് സുരക്ഷയും മറ്റും പരിഗണിച്ച് ചെറിയ തോതിൽ വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി വരാറുണ്ട്.

## വൈദ്യുതി ബോർഡിന്റെ അധീനതയിലെ ഭൂമിയിൽ നടപ്പിലാക്കുന്ന പദ്ധതി

**27 (367)** <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിൻെറ അധീനതയിലുള്ള ഭൂമിയിൽ ബോർഡിന്റെ പരിശീലന കേന്ദ്രമോ പ്രസരണ വിഭാഗത്തിന്റെ ഏതെങ്കിലും പദ്ധതിയോ പുതിയ ടി. എം. ആർ. ഡിവിഷനോ സ്ഥാപിക്കുന്ന കാര്യത്തിൽ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ &ബി) പ്രസ്തുത ഭൂമിയിൽ ബോർഡിന്റെ പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. എന്നാൽ ഇവിടെ ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിവരുന്നു. റ്റി.എം.ആർ. ഡിവിഷന്റെ കാര്യത്തിലും അന്തിമ തീരുമാനമായിട്ടില്ല.

**കൂടംകുളം ആണവ നിലയത്തിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി**

**28 (368)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്ന് സംസ്ഥാന ത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൂടംകുളം ആണവനിലയത്തിന്റെ യൂണിറ്റ് 1&2-ൽ (2x1000 MW) നിന്നും 266 MW വൈദ്യുതിയാണ് ലഭിക്കേണ്ടത്. ഇത് ലഭ്യമാക്കുന്നതിന് 15-11-2013-ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കരാർ ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ കൂടംകുളം ആണവനിലയത്തിന്റെ ഒന്നാം യൂണിറ്റിൽനിന്നും പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 15.65 ശതമാനം അഥവാ 156.47 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് ലഭിക്കുന്നത്.

(സി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി തിരുനെൽവേലിമുതൽ ഇടമൺവരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽനിന്നും മാടക്കത്തറവരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇടമൺ മുതൽ കൊച്ചിവരെയുള്ള ലൈൻ നിർമ്മാണം പ്രസ്തുത ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

ഇടമൺ-കൊച്ചി 400 കെ.വി.റൂട്ടിലേയ്ക്കായി മാത്രം 19-8-2014-ലെ (എംഎസ്.) 27/14/ഊ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരു<u>ത്തു</u>ന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളെയും പങ്കെടുപ്പിച്ചു കൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**വൈദ്യുതി മോഷണം**

**29 (369)** <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) 1-7-2011 മുതൽ 31-10-2014 വരെ എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചു ; എന്തു തുക പിഴ ഈടാക്കി ; വിശദാംശം നൽകാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ പാലക്കാട് ജില്ലയിൽ എത്ര വൈദ്യുതി മോഷണ കേസുകൾ രജിസ്റ്റർ ചെയ്തു. ആരുടെയൊക്കെ പേർക്കാണ് കേസ് എടുത്തത് വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമെ സെക്ഷൻ സ്ക്വാഡ്, ഡിവിഷൻ സ്ക്വാഡ്, റീജിയണൽ ഓഡിറ്റ് ഓഫീസിൽനിന്നും മറ്റുള്ള സ്പെഷ്യൽ സ്ക്വാഡ് എന്നീ സംവിധാനങ്ങൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഈ സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തി പിഴ ഈടാക്കിവരുന്നു. വൈദ്യുതിചോർച്ച തടയുന്നതിനായി, ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും വൈദ്യുതി മീറ്ററിന്റെ കവർ തുറന്ന് വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു.

എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

(ബി) 1-7-2011 മുതൽ 31-10-2014 വരെ 6201 വൈദ്യുതി മോഷണ കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇവരിൽനിന്നും 15.20 കോടി രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു :

<u>1-7-2011 മുതൽ 31-10-2014 വരെ കണ്ടുപിടിച്ച വൈദ്യുതി മോഷണ കേസ്സുകൾ</u> :-

| | |
|---|---|
| ദക്ഷിണ മേഖല | 1149 എണ്ണം |
| മദ്ധ്യ മേഖല | 1337 " |
| ഉത്തര മേഖല | 3715 " |
| ആകെ | 6201 മോഷണ കേസ്സുകൾ |

<u>1-7-2011 മുതൽ 31-10-2014 വരെ പിഴയായി ഈടാക്കിയ തുക</u> :-

| | |
|---|---|
| ദക്ഷിണ മേഖല | 5.03 കോടി രൂപ |
| മദ്ധ്യ മേഖല | 4.96 " |
| ഉത്തര മേഖല | 5.20 " |
| ആകെ | 15.19 " |

(സി) 1-7-2011 മുതൽ 31-10-2014 വരെ പാലക്കാട് ജില്ലയിൽ 3 വൈദ്യുതി മോഷണ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ഇലക്ട്രിക്കൽ സെക്ഷൻ ഷൊർണ്ണൂരിന്റെകീഴിൽവരുന്ന കൺസ്യൂമർ നമ്പർ 1056-ൽ നിന്നും 1,42,810 രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും അത്രയും തുക ഈടാക്കുകയും ചെയ്തു. പ്രസ്തുത വൈദ്യുതി മോഷണത്തിന് ശ്രീമതി അനിതയുടെ, (വൈഷ്ണവം റസിഡൻസി, ഷൊർണ്ണൂർ) പേരിൽ ഷൊർണ്ണൂർ പോലീസ് സ്റ്റേഷനിൽ FIR No. 225/13.3.2013 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. കോട്ടത്തറ ഇലക്ട്രിക്കൽ സെക്ഷന്റെകീഴിൽവരുന്ന കൺസ്യൂമർ നമ്പർ 4577-ൽനിന്നും 3,93,687-രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും, പ്രസ്തുത വൈദ്യുതി മോഷണത്തിനെതിരെ ശ്രീ. സെൽവരാജിനെതിരെ (നായിക്കർപ്പാടി, കോട്ടത്തറ) അഗളി പോലീസ് സ്റ്റേഷനിൽ FIR No. 0540/ 1-11-2014 ആയി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉപഭോക്താവ് പിഴ തുക ഒടുക്കിയിട്ടില്ല.

3 കരുണ ഹോസ്പിറ്റലിന്റെ (കൺസ്യൂമർ നമ്പർ 1570 ഇലക്ട്രിക്കൽ സെക്ഷൻ

മേലാമുറി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവൽക്കരണം**

**30 (370)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനും വൈദ്യുതി നിരക്ക് വർഷംതോറും വർദ്ധിപ്പിക്കാനും സന്നദ്ധമാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള നീക്കംമൂലം ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (State Distribution Companies (DIS COMS)) വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ഒരു സാമ്പത്തിക പുനരുദ്ധാരണ പദ്ധതി (Financial Restructuring Scheme)-ക്ക് രൂപം നൽകുകയുണ്ടായി. വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നുവയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, വർഷംതോറും വൈദ്യുതി നിരക്ക്

വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും വിതരണ മേഖലയിൽ ഫ്രാഞ്ചൈസി മുഖേനയോ പൊതു സ്വകാര്യ പങ്കാളിത്തം മുഖേനയോ സ്വകാര്യ മേഖലയുടെ ഇടപെടൽ സംസ്ഥാനത്ത് അനുവദിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 1-ന് മുമ്പ് വൈദ്യുതി താരിഫ് പുതുക്കി നിശ്ചയിക്കണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾക്ക് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ഊർജ്ജ മന്ത്രാലയം നിഷ്കർഷിച്ച പ്രകാരമുള്ള നിബന്ധനകൾക്കും ധാരണകൾക്കും വിധേയമായി സാമ്പത്തിക പുനഃരുദ്ധാരണ പദ്ധതിക്ക് രൂപം നൽകണമെന്നും ടി പദ്ധതിയിൽ ചേരുന്നതിന് നിരുപാധിക സന്നദ്ധത അറിയിക്കണമെന്നും 7-3-2014-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(സി & ഡി) ബാധകമല്ല.

**വൈദ്യുതി ചോർച്ച**

**31 (371)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദവിവരം നൽകാമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യുതി ചോർച്ച തടയുന്നതിനായി അവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഉപഭോക്താവ് മീറ്ററിൽ കൃത്രിമം

നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15%-ത്തിൽ താഴെയാക്കി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP- Part B). 1078 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി സംസ്ഥാനത്തെ 43 പട്ടണങ്ങളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്നു.

(ബി) ഇത്തരം ചോർച്ച നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി അതിനൂതനമായ എച്ച്.റ്റി. സ്റ്റാന്റേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാന്റേർഡ് റഫറൻസ് മീറ്റർ, പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 13 സ്ക്വാഡുകളും വൈദ്യുതി ചോർച്ച തടയുന്നതിലേയ്ക്കായി എല്ലാ മാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ  ഡ്രൈവ് ഇൻസ്പെക്ഷനുകളും സംഘടിപ്പിക്കാറുണ്ട്.

കൂടാതെ RAPDRP-Part B-യുടെകീഴിൽ 178.77 കോടി രൂപ അടങ്കൽ തുകയുള്ള തിരുവനന്തപുരം പദ്ധതിക്ക് 3-8-2012 കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ, നിലവിലുള്ള 11 കെ.വി. ലൈൻ മാറ്റി 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ, RMU സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പഴയതും കേടായതുമായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ടേൺ കീ വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നു.

ഇതിന് പുറമെ 2014-ൽ കേരള സർക്കാർ ആവിഷ്കരിച്ച KSEB Ltd നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS). 45.79 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി കരുനാഗപ്പള്ളി, നിലമ്പൂർ, കോട്ടയ്ക്കൽ, നീലേശ്വരം എന്നീ മുനിസിപ്പാലിറ്റികളിലും മാവേലിക്കര, ചെങ്ങന്നൂർ,

പാല, വൈക്കം, അടൂർ, മൂവാറ്റുപുഴ, നോർത്ത് പറവൂർ, പെരുമ്പാവൂർ, ഇരിങ്ങാലക്കുട, കുത്തുപറമ്പ, തലശ്ശേരി, കൽപ്പറ്റ എന്നീ ൗണുകളിലും നടപ്പിലാക്കിവരുന്നു. പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15% ത്തിൽ താഴെയാക്കി കുറയ്ക്കുവാനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ 7 ജില്ലകളിൽ 89.83 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചു. ഇതുപ്രകാരം ഗ്രാമങ്ങളിലെ 18900 ബി.പി.എൽ. കുടുംബങ്ങളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## വൈദ്യുതി നിരക്ക് വർദ്ധനവും വരുമാനവും

**32 (372)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വൈദ്യുതി നിരക്ക് പുതുക്കി നിശ്ചയിച്ചതിലൂടെ ഇലക്ട്രിസിറ്റി ബോർഡിന് എത്ര അധിക വരുമാനമാണ് പ്രതിമാസം ലഭിക്കുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ; ബോർഡിന്റെ വരുമാനത്തിൽ കറണ്ട് ചാർജ് കുടിശ്ശികയിനത്തിൽ 2014-15 സാമ്പത്തിക വർഷം ഇതിനകം എന്തുതുക ലഭ്യമായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 80 കോടിയോളം രൂപ അധിക വരുമാനമായി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

എച്ച്.റ്റി. ഇ.എച്ച്.റ്റി. വിഭാഗത്തിൽ, 2014-15 സാമ്പത്തിക വർഷം നാളിതുവരെ ദീർഘകാലമായി കുടിശ്ശിക ആയിരുന്ന ഉപഭോക്താക്കളിൽനിന്നും 7.01 കോടി

രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

LT വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം കറണ്ട് ചാർജ്ജ് കുടിശ്ശിക യിനത്തിൽ ലഭ്യമായ തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വൈദ്യുതി നിരക്ക് വർദ്ധന

**33 (373)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ ഗാർഹിക ഉപഭോ ക്താക്കളുടെയും വൻകിട ഉപഭോക്താക്കളുടെയും വൈദ്യുതി നിരക്ക് എത്രയാ യിരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി നിരക്ക് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; വിശദാംശങ്ങൾ നൽകാമോ ;

(സി) നിരക്ക് വർദ്ധനമൂലം ഗാർഹിക ഉപഭോക്താവിനും വൻകിട ഉപഭോക്താവിനും വന്നിട്ടുള്ള അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) ഇനിയും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

### ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 3 പ്രാവശ്യം. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു. *

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇനിയും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

**34 (374)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ് കുടിശ്ശികയായി നിലവിൽ എന്തുതുക പരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇത്തരത്തിൽ കുടിശ്ശികതുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവ ഏതെല്ലാം ; പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും അടയ്ക്കേണ്ട കുടിശ്ശികതുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ചാർജ് കുടിശ്ശികയായി എന്ത് തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട് ;

(ഡി) ഇത്തരത്തിൽ തുക അടയ്ക്കുവാനുള്ള സ്ഥാപനങ്ങളിൽ ഏതെങ്കിലും സ്ഥാപനത്തിൻെറ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) കുടിശ്ശിക അടയ്ക്കുന്നതിൽ എന്ത് തുകയുടെ ഒഴിവാക്കൽ/ഇളവുകൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(എഫ്) കുടിശ്ശിക പിരിച്ചെടുക്കാതെ നഷ്ടത്തിന്റെ പേരിൽ വൈദ്യുതി ചാർജ് ഉടൻ വർദ്ധിപ്പിക്കുവാൻ ബോർഡ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ പ്രസ്തുത നടപടി ഒഴിവാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ 30-9-2014-ലെ കണക്കു പ്രകാരം 1633.49 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.

(ബി) വിവിധ സ്ഥാപനങ്ങൾ അടയ്ക്കുവാനുള്ള കുടിശ്ശികത്തുകയുടെ വിശദവിവരങ്ങൾ അനുബന്ധം 1 മുതൽ 11 വരെ കൊടുത്തിട്ടുണ്ട്. *

(സി) വൈദ്യുതി ചാർജ് കുടിശ്ശികയായി 481.22 കോടി രൂപയാണ് സ്വകാര്യ സ്ഥാപനങ്ങൾ അടയ്ക്കാനുള്ളത്.

(ഡി) കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക

ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഇ) കുടിശ്ശിക തീർപ്പാക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, മിനിമം ഡിമാന്റ് ചാർജ്ജിൽ ഇളവനുവദിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) ഇല്ല. കേരളത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള അധികാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

**35 (375)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിചാർജ് കുടിശ്ശികയിനത്തിൽ കെ. എസ്. ഇ. ബി.ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് അറിയിക്കുമോ ;

(ബി) വ്യക്തികൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി ഏതെല്ലാം വിഭാഗങ്ങളിൽ നിന്നാണ് കുടിശ്ശിക പിരിച്ചെടുക്കാനുള്ളത് ; ഇവയുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 1633.49 കോടി രൂപയാണ് 30-9-2014 കണക്കുപ്രകാരം പിരിഞ്ഞു കിട്ടാനുള്ളത്.

(ബി) വിശദമായ പട്ടിക * ഉള്ളടക്കം ചെയ്തിരിക്കുന്നു.

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതിബന്ധം വിച്ഛേദിക്കൽ, തവണ വ്യവസ്ഥ നടപ്പാക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ 984/14 തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ച് നടപ്പാക്കിവരുന്നു.

## വൈദ്യുതി ചാർജ്ജ് വർദ്ധനയും കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളും

**36 (376)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-8-2014 മുതൽ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വർദ്ധിപ്പിച്ച നിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) വൈദ്യുതി ചാർജ് കുടിശ്ശിക നൽകാനുള്ള സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും ഉന്നത സ്വകാര്യ സ്ഥാപനങ്ങളുടെയും വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി ചാർജ് കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) കുടിശ്ശികയായിട്ടുള്ള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1*-ൽ ചേർത്തിരിക്കുന്നു.

(ബി) വൈദ്യുതിവാങ്ങൽ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും പണപ്പെരുപ്പവും ഇലക്ട്രിസിറ്റി സംബന്ധമായ സാധനസാമഗ്രികളുടെ വിലയിലുണ്ടായ വൻവർദ്ധനവും കൂടാതെ മുൻകാലങ്ങളിൽ വൈദ്യുതിയുടെ ചെലവിനനുസൃതമായി താരിഫ് വർദ്ധിപ്പിക്കാത്തതും നിരക്ക് വർദ്ധനവിന് കാരണമാണ്.

(സി) 30-9-2014-ലെ കുടിശ്ശികയുടെ കണക്കുപ്രകാരം സർക്കാർ-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 957.41 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. സ്വകാര്യമേഖലയിൽനിന്നും 612.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.(അനുബന്ധം-2*).

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ

റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, കോടതികളിലെ കേസ്സുകൾ തീർപ്പാക്കൽ തുടങ്ങിയ നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) 30-9-2014-ലെ ത്രൈമാസ കണക്കുപ്രകാരം വൻകിട ഉപഭോക്താക്കളിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. ചെറുകിട വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു കോടിയോളംവരുന്ന ഉപഭോക്താക്കളിൽ കുടിശ്ശിക വരുത്തിയവരുടെ വിശദ വിവരം ശേഖരിച്ചുവരുന്നു.

## വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത

**37 (377)** <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പിലാക്കിയിട്ടുണ്ട് ; ഓരോവിഭാഗത്തിലും വരുത്തിയ വർദ്ധനവ് എത്രയെന്ന് ഇനംതിരിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ സംസ്ഥാനത്ത് പ്രതിദിനം എത്ര വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നു ; കേന്ദ്രപൂളിൽനിന്നും എത്ര വൈദ്യുതി ലഭിക്കുന്നു ; സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് എത്ര വീതമാണ് ; അധികമായി വൈദ്യുതി എടുക്കുമ്പോൾ എത്ര തുകയാണ് ചെലവഴിക്കേണ്ടിവരുന്നത് ;

(സി) വൈദ്യുതി രംഗത്ത് സ്വയം പര്യാപ്തത നേടാൻ എത്ര മെഗാവാട്ട് വൈദ്യുതി കൂടി നാം ഉൽപ്പാദിപ്പിക്കേണ്ടതുണ്ട് എന്നു വ്യക്തമാക്കാമോ ;

(ഡി) ജലവൈദ്യുത പദ്ധതികളടക്കം ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കുന്ന മറ്റ് പദ്ധതികൾ ഏതൊക്കെ ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) മൂന്ന് പ്രാവശ്യം. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013

മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നടപ്പിലാക്കിയ താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങൾ പട്ടിക-1*ൽ കൊടുത്തിരിക്കുന്നു. എന്നാൽ പ്രതിമാസം 120 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും 2012 ജൂലൈ ഒന്ന് മുതൽ കമ്മീഷൻ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽനിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്.

(ബി) 2014 നവംബർ മാസത്തെ 25-11-2014 വരെയുള്ള ശരാശരി കണക്കുപ്രകാരമുള്ള വിവരങ്ങൾ താഴെചേർക്കുന്നു :

| | |
|---|---|
| പ്രതിദിന ഉപഭോഗം | 59.34 ദശലക്ഷം യൂണിറ്റ് |
| ആഭ്യന്തര ഉൽപ്പാദനം (KSEBL) | 19.85 " |
| ആഭ്യന്തര ഉൽപ്പാദനം (സ്വകാര്യ ഉല്പാദകർ) | 5.51 " |
| കേന്ദ്രപൂളിൽനിന്നുള്ള വൈദ്യുതി | 26.00 " |
| പവർ എക്സ്ചേഞ്ച് അടക്കമുള്ള മറ്റ് ഹ്രസ്വകാല വൈദ്യുതി | 7.98 " |

കേന്ദ്രപൂളിൽനിന്നും ശരാശരി 1315 മെഗാവാട്ടോളം വൈദ്യുതിയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. കൂടാതെ അധികമായി വേണ്ടിവരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി വ്യാപാരികളിൽനിന്നും കൂടിയ നിരക്കിൽ വാങ്ങിയാണ് സംസ്ഥാനത്തെ ഊർജ്ജാവശ്യകത നിറവേറ്റുന്നത്. പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഇപ്പോൾ ഏഴുമുതൽ പത്തുരൂപയും വൈദ്യുതി വ്യാപാരികളിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഏകദേശം അഞ്ച് രൂപ 80 പൈസയുമാണ് വില.

(സി) സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകത തന്നാണ്ടിൽ 4137 MW ആണ്. ആഭ്യന്തര ഉല്പാദനത്തിലൂടെ പരമാവധി ലഭ്യമാവുന്നത് 2824.58 MW ആണ്. അതായത് ലഭ്യതയുടെയും ആവശ്യകതയുടെയും അന്തരം ഇപ്പോൾതന്നെ 1312.42 MW ആണ്. 2022 വർഷാന്ത്യത്തിൽ ആവശ്യകത 6093 MW ആയി ഉയരും. മൊത്തം ആവശ്യകതയും ആഭ്യന്തര ഉല്പാദന ത്തിലൂടെയാണ് നിറവേറ്റേണ്ടതെങ്കിൽ 3268.42 MW അധികമായി ഉണ്ടാക്കി യെടുക്കണം

എന്നാണ് ഇതിനർത്ഥം. മേൽപ്പറഞ്ഞ 3268.42 MW ലഭ്യമാകണമെങ്കിൽ അതിലും ഉയർന്ന സ്ഥാപിതശേഷിയാണ് വേണ്ടിവരിക. സ്രോതസ് ഏതെന്നതിനെ ആശ്രയിച്ച് വേണ്ടിവരുന്ന സ്ഥാപിതശേഷി വ്യത്യാസപ്പെട്ടിരിക്കും.

(ഡി) ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം താഴെപ്പറയുന്ന 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു.

| | | |
|---|---|---|
| 1. | അപ്പർ കല്ലാർ | 2 MW |
| 2. | ചിന്നാർ | 24 ” |
| 3. | പീച്ചാട് | 3 ” |
| 4. | വെസ്റ്റേൺ കല്ലാർ | 5 ” |
| 5. | പെരുവണ്ണാമൂഴി | 6 ” |
| 6. | പഴശ്ശിസാഗർ | 15 ” |
| 7. | മാർമ്മല | 7 ” |
| 8. | മരിപ്പുഴ | 6 MW |
| 9. | ഒലിക്കൽ | 5 ” |
| 10. | പൂവാരംതോട് | 3 ” |
| 11. | ചെമ്പുക്കടവ്-III | 7.5 ” |
| 12. | അപ്പർ ചെങ്കുളം | 24 ” |
| | ആകെ | 107.5 MW |

കൂടാതെ 54.25 MW സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് മെയ് 2015-ന് മുമ്പ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതുകൂടാതെ 61.25 MW-ന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ടുവർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാൻവേണ്ടി കണ്ടെത്തിയിട്ടുണ്ട്.

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളതും ആരംഭിച്ചുനടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ മറ്റ് സ്രോതസ്സുകൾമുഖേനയുള്ള ഊർജ്ജോല്പാദന പദ്ധതികളുടെ പട്ടിക അനുബന്ധമായി * ചേർത്തിട്ടുണ്ട്.

## കൂടംകുളം വൈദ്യുത പദ്ധതി

**38 (378)** ശ്രീ എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കാനുള്ള ഇടമൺ-കൊച്ചി വൈദ്യുതി ലൈൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈനിന്റെ ഏതെല്ലാം ഭാഗങ്ങളിലെ പണി പൂർത്തിയായി ; ഇത് ലൈനിന്റെ ആകെ നീളത്തിന്റെ എത്ര ശതമാനം വരും ; ഇപ്പോൾ ലൈനിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ പണി നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ മേഖലയിലെ ഭൂഉടമകൾക്ക് സർക്കാർ നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പാക്കേജിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(ഡി) ലൈൻ കടന്നുപോകുന്ന ഭാഗത്തെ എത്ര ഭൂഉടമകൾക്കാണ് നഷ്ടപരിഹാരം നൽകേണ്ടത് എന്ന് കണ്ടെത്തിയിട്ടുണ്ടോ ; എത്ര പേർ ഇതിനകം നഷ്ടപരിഹാരം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) എത്ര നാളായി ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ മുടങ്ങി കിടക്കുന്നു ; ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണ് ;

(എഫ്) നിർമ്മാണം പൂർത്തിയാക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്ത

മാക്കുമോ ?

<u>ഉത്തരം</u>

(എ) കൂടംകുളം ആണവ നിലയത്തിൽനിന്നും വൈദ്യുതി എത്തിക്കുന്ന തിനുവേണ്ടി തിരുനെൽവേലിമുതൽ ഇടമൺവരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽനിന്നും മാടക്കത്തറവരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയാ യിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ ടി ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുകാരണം തടസ്സപ്പെട്ടിരി ക്കുകയാണ്. ഇതുപരിഹരിക്കുന്നതിനായി ഗവൺമെന്റ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് 19-8-2014-ൽ (എംഎസ്.) 27/14/ഊ.വ. പുറപ്പെടുവിക്കുകയും പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം ജില്ലാ ഭരണകൂടത്തിനോട് പ്രസ്തുത ലൈൻ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. കൂടാതെ പ്രസ്തുത നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-11-2014-ൽ ആക്ഷൻ കൗൺസിൽ പ്രതിനിധികളുമായി ചർച്ച നടത്തുകയും പ്രസ്തുത ലൈൻറൂട്ടിലെ ജനങ്ങളുടെ സഹകരണത്തോടെ രമ്യമായ പരിഹാരം കണ്ടെത്തുന്നതിനായി 4-12-2014-ൽ വീണ്ടും യോഗം കൂടാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) ലൈൻ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.

| | Unit | Districts | | | | Total | % completion |
|---|---|---|---|---|---|---|---|
| | | Kollam | Pathanamthitta | Kottayam | Ernakulam | | |
| Line | Kms | 22 | 51 | 47 | 28 | 148 | |

| | | | | | | | |
|---|---|---|---|---|---|---|---|
| Length | | | | | | | |
| Progress | | | | | | | |
| Check Survey | Kms | 22/22 | 48/51 | 28/47 | 28/28 | 126/148 | 85% |
| Foundations | Nos | 52/63 | 11/153 | 15/137 | 81/85 | 159/438 | 36% |
| Tower Erection | Nos | 21/63 | 0/152 | 3/137 | 64/85 | 88/438 | 20% |
| Stringing | Kms | 0/22 | 0/51 | 0/47 | 9.7/28 | 9.7/48 | 7% |

(സി) സർക്കാരിന്റെ G.O.(MS)No.27/2014/PD dated 19-8-2014 പ്രകാരം 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ റൂട്ടിൽ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇല്ല. എറണാകുളം ലാന്റ് അക്വിസിഷൻ യൂണിറ്റിന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് 213 പേർക്ക് വൃക്ഷങ്ങളുടെ വിലയും 58 പേർക്ക് വസ്തു സംബന്ധിച്ച നഷ്ടപരിഹാരവും നല്കി. പത്തനംതിട്ട ലാന്റ് അക്വിസിഷൻ യൂണിറ്റ് 106 പേർക്ക് വൃക്ഷങ്ങളുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഇ &എഫ്) 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം 2011 മുതൽ ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുകയാണ്. ഇത് പരിഹരിക്കുവാൻ ഗവൺമെന്റ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും അതിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടന്നുവരുകയും ചെയ്യുന്നു. കൂടാതെ പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം ജില്ലാ ഭരണകൂടത്തിനോട് പ്രസ്തുത ലൈൻ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ നിർമ്മാണത്തിന് പി.ജി.സി.ഐ.എൽ.-നെ സഹായിക്കുന്നതിനുവേണ്ടി ഒരു 'സ്പെഷ്യൽ ടാസ്ക് ഫോഴ്സ്' ടീമും കേരളാ സ്റ്റേറ്റ്

ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്.

## വൈദ്യുതി കണക്ഷൻ

**39 (379)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര ഗാർഹിക അപേക്ഷകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകർക്ക് വൈദ്യുതി നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) അപേക്ഷ നൽകി എത്ര ദിവസത്തിനുള്ളിൽ വൈദ്യുതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിക്കാമോ ?

ഉത്തരം

(എ)

| ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|
| (1) | (2) |
| ദക്ഷിണ മേഖല | |
| തിരുവനന്തപുരം | 20 |
| കോട്ടയം | 17 |
| മദ്ധ്യ മേഖല | |
| എറണാകുളം | 89 |
| തൃശ്ശൂർ | 37 |
| ഇടുക്കി | 810 |
| (1) | (2) |
| ഉത്തര മേഖല | |
| പാലക്കാട് | 42 |
| മലപ്പുറം | 614 |
| കോഴിക്കോട് | 328 |
| വയനാട് | 381 |

584/16

| | |
|---|---|
| കണ്ണൂർ | 189 |
| കാസർഗോഡ് | 244 |
| ആകെ | 2771 |

(ബി) സാധന സാമഗ്രികൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാക്രമം അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായ അപേക്ഷ ലഭിച്ച് 7 ദിവസത്തിനുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസത്തിനുള്ളിൽ വെതർപ്രൂഫ് കണക്ഷനുകളും 1 കി. മീറ്റർ വരെയുള്ള OH ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോമീറ്ററിനും 15 ദിവസം വീതവുംവരെയുള്ള സമയ പരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകിവരുന്നു.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

**40 (380)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിൽനിന്നും നാളിതുവരെ വൈദ്യുതി ചാർജ്ജിനത്തിൽ എന്തുതുക പിരിച്ചെടുക്കാനുണ്ടെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) സർക്കാർ വകുപ്പുകൾ എ.സി.ഡി. ഇനത്തിൽ എന്തുതുകകൊടുക്കാനുണ്ടെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(സി) സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളും വ്യക്തികളും വൈദ്യുതി ചാർജ്ജിനത്തിൽ എന്തുതുക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ വകുപ്പുകളിൽനിന്നും 30-9-2014 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 106.70 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളത്. ഇതിന്റെ വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധം 1*ആയി ചേർത്തിരിക്കുന്നു.

(ബി) വിവരം അനുബന്ധം 2-*ൽ കൊടുത്തിട്ടുണ്ട്.

(സി) സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളും 30-9-2014 വരെ വൈദ്യുതി

ചാർജ്ജിനത്തിൽ 612.69 കോടി രൂപയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്.

## വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നടപടി

**41 (381)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നിലവിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ കണ്ടെത്താൻ നിയോഗിച്ചിട്ടുള്ള ആന്റി പവ്വർ തെഫ്റ്റ് സ്വാഡ് നടപ്പുവർഷം എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി ; അതിലൂടെ എത്ര തുകയുടെ വൈദ്യുതി മോഷണം കണ്ടെത്തി ; എന്ത് തുക ഫൈൻ ഇനത്തിൽ ഈടാക്കി ; വിശദാംശം നൽകാമോ ;

(സി) ഓരോ ജില്ലയിലും നടപ്പുവർഷം കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി കണക്ഷൻ എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

(ഡി) പ്രസ്തുത വൈദ്യുതി കണക്ഷൻ വീട്ടാവശ്യത്തിനും മറ്റുവർക്കുകൾക്കും ദുരുപയോഗം ചെയ്യുന്നതായി വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ നിലവിലെ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ ഏതെങ്കിലും ജനപ്രതിനിധികളോ ; മുൻജനപ്രതിനിധികളോ ;വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരോ വൈദ്യുതി മോഷണമോ, ദുരുപയോഗമോ, സാരമായ ദുരുപയോഗമോ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഇതുവഴി എത്ര തുകയുടെ ദുരുപയോഗം നടപ്പുവർഷം നടന്നുവെന്നും അതിലൂടെ എന്ത് തുക ഫൈൻ ആയി ഈടാക്കിയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

2. സെക്ഷൻ സ്ക്വാഡ്,ഡിവിഷൻ സ്ക്വാഡ്, റിജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നുമുള്ള സ്പെഷ്യൽ സ്ക്വാഡ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

3. പത്ര-ദൃശ്യ മാധ്യമങ്ങൾവഴിയുള്ള ബോധവത്ക്കരണം.

4. വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നതിനായി ചീഫ് വിജിലൻസ് ഓഫീസറുടെ മൊബൈൽ നമ്പർ വൈദ്യുതി ബോർഡിന്റെ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താക്കളുടെ മീറ്ററുകൾ സീൽ ചെയ്തിട്ടുണ്ട്.

(ബി) ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് നടപ്പുവർഷം 592 വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന് 5,77,40,625-രൂപ പിഴ ചുമത്തുകയും അതിൽ 3,60,64,857- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 201 |
| 2. | കൊല്ലം | 4905 |
| 3. | പത്തനംതിട്ട | 618 |
| 4. | കോട്ടയം | 4644 |

| | | |
|---|---|---|
| 5. | ആലപ്പുഴ | 269 |
| 6. | എറണാകുളം | 79 |
| 7. | ഇടുക്കി | 211 |
| 8. | തൃശ്ശൂർ | 516 |
| 9. | പാലക്കാട് | 962 |
| 10. | മലപ്പുറം | 989 |
| 11. | കോഴിക്കോട് | 128 |
| 12. | വയനാട് | 105 |
| 13. | കണ്ണൂർ | 205 |
| 14. | കാസർഗോഡ് | 746 |

(ഡി) കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. 16-10-2014-ന് വാഴക്കുളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നടത്തിയ പരിശോധനയിൽ മുൻ ജനപ്രതിനിധി ശ്രീ. ടി. എച്ച്. മുസ്തഫയുടെ ഉടമസ്ഥതയിലുള്ള കാർഷിക വൈദ്യുതി കണക്ഷനിൽ ദുരുപയോഗം കണ്ടെത്തുകയും ആയതിന് 19,743-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

കണിയാപുരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള കൺസ്യൂമർ നമ്പർ 7337-ൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് 25-4-2014-ന് നടത്തിയ പരിശോധനയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയാക് തൊറാസിക് സർജറി വിഭാഗം മേധാവി ഡോ. അബ്ദുൽ റഷീദ് കാർഷികാവശ്യത്തിനുള്ള വൈദ്യുതി ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും ആയതിന് 1,17,830-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) മേൽ പ്രസ്താവിച്ച പ്രകാരം 1,37,573-രൂപയുടെ വൈദ്യുതി ദുരുപയോഗം നടപ്പുവർഷം കണ്ടെത്തുകയും ടി തുക ഫൈൻ ആയി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതി പ്രതിസന്ധി

**42 (382)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ഇപ്പോൾ നേരിടുന്ന വൈദ്യുതി പ്രതിസന്ധിയുടെ

കാരണങ്ങൾ എന്തൊക്കെയാണെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉല്പാദനവും ഉപഭോഗവും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇടമൺ-കൊച്ചി,മൈസൂർ-അരീക്കോട് ലൈനുകൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതിനുള്ള സ്ഥാപിതശേഷിയുടെകുറവും പുറമേ നിന്ന് സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷിക്കുറവുമാണ് ഇപ്പോഴത്തെ വൈദ്യുതി പ്രതിസന്ധിയുടെ കാരണം. ഇത് പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി, ട്രേഡർമാർ മുഖേന പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി, പവർ എക്സ്ചേഞ്ചിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതി എന്നിവ വാങ്ങാറുണ്ട്. കൂടാതെ മറ്റുസംസ്ഥാനങ്ങൾ വേണ്ടെന്നുവയ്ക്കുന്ന കേന്ദ്ര വൈദ്യുതി വിഹിതവും ഉപയോഗപ്പെടുത്താറുണ്ട്. ഇപ്രകാരം വൈദ്യുതി ലഭ്യമാക്കിയാലും സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി പവർഗ്രിഡ് കോർപ്പറേഷൻ നിർമ്മിക്കുന്ന രണ്ട് പ്രധാന അന്തർസംസ്ഥാന ലൈനുകളായ മൈസൂർ അരിക്കോട്, ഇടമൺ-കൊച്ചി എന്നിവയുടെ നിർമ്മാണം റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾമൂലം തടസ്സപ്പെട്ടിരിക്കുന്നതിനാൽ വൈദ്യുതി എത്തിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡും സംസ്ഥാന സർക്കാരും വിവിധ തലങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും തൽഫലമായി നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ബി) 2014 നവംബർ മാസത്തെ (26-11-2014 വരെ) സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 59.34 ദശലക്ഷം യൂണിറ്റും സംസ്ഥാനത്തിന്റെ (കെ.എസ്.ഇ.ബി. ലിമിറ്റഡ്) ആഭ്യന്തര ഉത്പാദനം ശരാശരി 19.78 ദശലക്ഷം യൂണിറ്റുമാണ്. കൂടാതെ സംസ്ഥാനത്തിനുള്ളിലുള്ള സ്വകാര്യ ഉത്പാദകരിൽനിന്നും 5.46 ദശലക്ഷം യൂണിറ്റും ലഭിക്കുന്നുണ്ട്. ബാക്കി ആവശ്യകത നിറവേറ്റുന്നത് കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന 26.29 ദശലക്ഷം

യൂണിറ്റും പവർ എക്സ്ചേഞ്ച് അടക്കമുള്ള സ്രോതസ്സുകളിൽനിന്നും താൽക്കാലികമായി വാങ്ങുന്ന 7.82 ദശലക്ഷം യൂണിറ്റും (ശരാശരി) ഉപയോഗിച്ചാണ്.

(സി) 400 കെ.വി. ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം കർഷകരുടെ എതിർപ്പുമൂലമാണ് തടസ്സപ്പെട്ടിരിക്കുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പ്രസ്തുത ലൈൻ റൂട്ടിലേയ്ക്കായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും PGCIL-ന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും ഉദ്യോഗസ്ഥരും ചേർന്ന് ചർച്ചകൾ നടത്തിവരുന്നു.

400 കെ.വി. മൈസൂർ-അരിക്കോട് ലൈനിന്റെ കേരളത്തിനകത്തുള്ള നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കർണ്ണാടക ഭാഗത്തെ കർഷകരുടെ എതിർപ്പുമൂലം ആ ഭാഗത്തെ ലൈൻ നിർമ്മാണം  തടസ്സപ്പെട്ടിരിക്കുകയാണ്. ഇതുപരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA), ദക്ഷിണ മേഖലാ ഊർജ്ജ സമിതി (SRPC) തുടങ്ങിയ ഫോറങ്ങളിലും ചർച്ചകൾ നടന്നുവരുന്നു. ഈ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി കർണ്ണാടക സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ പുനരാരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ചാത്തന്നൂർ ഇലക്ട്രിക്കൽ ഓഫീസുകളിലെ ഒഴിവുകൾ നികത്താൻ നടപടി**

**43 (383)** <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ഡിവിഷൻ ഓഫീസ് എന്നിവിടങ്ങളിലെ ഓരോ വിഭാഗം ജീവനക്കാരുടെയും അനുവദനീയ തസ്തികകൾ ഏതൊക്കെയാണെന്ന് ഓരോ ഓഫീസിന്റെയും പ്രത്യേകമായി അറിയിക്കുമോ ;

(ബി) പ്രസ്തുത ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കാതെ ഒഴിവായിക്കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണ് ;

(സി) ഒഴിവായിക്കിടക്കുന്ന തസ്തികകളിൽ എത്രയും പെട്ടെന്ന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്, ചാത്തന്നൂർ

1 എക്സിക്യൂട്ടീവ് എഞ്ചിനീയർ

2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

3 അസിസ്റ്റന്റ് എഞ്ചിനീയർ

4 സീനിയർ സൂപ്രണ്ട്

5 ഡിവിഷണൽ അക്കൗണ്ടന്റ്

6 സീനിയർ അസിസ്റ്റന്റ്

7 സബ് എഞ്ചിനീയർ

8 ഓവർസിയർ

9 കാഷ്യർ

10 മീറ്റർ റീഡർ

11 ലൈൻമാൻ

12 ഇലക്ട്രിസിറ്റി വർക്കർ

13 സിസ്റ്റം സൂപ്പർവൈസർ

14 ഫെയർകോപ്പി അസിസ്റ്റന്റ്

15 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

16 ഡ്രൈവർ

17 ഓഫീസ് അറ്റൻഡന്റ്

18 പാർട്ട് ടൈം സ്വീപ്പർ

ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ/പാരിപ്പള്ളി/ചാത്തന്നൂർ/പൂതക്കുളം

1 അസിസ്റ്റന്റ് എഞ്ചിനീയർ

2 സീനിയർ സൂപ്രണ്ട്

3 സീനിയർ അസിസ്റ്റന്റ്

4 സബ് എഞ്ചിനീയർ

5 ഓവർസിയർ

6 കാഷ്യർ

7 മീറ്റർ റീഡർ

8 ലൈൻമാൻ

9 ഇലക്ട്രിസിറ്റി വർക്കർ

10 ഡ്രൈവർ

11 പാർട്ട്ടൈം സ്വീപ്പർ

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സെക്ഷൻ ഓഫീസുകൾക്കുപുറമേ കണ്ണനല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെയും കൊട്ടിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെയും ചില ഭാഗങ്ങളും ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

(ബി)

| | | |
|---|---|---|
| സീനിയർ അസിസ്റ്റന്റ് തസ്തിക | പൂതക്കുളം സെക്ഷൻ ഓഫീസ് - 1 | |
| ഓവർസിയർ തസ്തിക | പരവൂർ ഇലട്രിക്കൽ സെക്ഷൻ-1 | " |
| | പാരിപ്പള്ളിഇലട്രിക്കൽ സെക്ഷൻ-3 | " |

| | | |
|---|---|---|
| മീറ്റർ റീഡർ തസ്തിക | ചാത്തന്നൂർഇലക്ട്രിക്കൽ സെക്ഷൻ-3 | " |
| | പരവൂർഇലക്ട്രിക്കൽ സെക്ഷൻ-3 | " |
| | പാരിപ്പള്ളിഇലക്ട്രിക്കൽ സെക്ഷൻ-3 | " |
| | പൂതക്കുളംഇലക്ട്രിക്കൽ സെക്ഷൻ-2 | " |
| ലൈൻമാൻ തസ്തിക | പരവൂർഇലക്ട്രിക്കൽ സെക്ഷൻ-1 | " |
| | പാരിപ്പള്ളിഇലക്ട്രിക്കൽ സെക്ഷൻ-3 | " |

(സി) സീനിയർ അസിസ്റ്റന്റ്, ഓവർസിയർ, ലൈൻമാൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷനിലൂടെ കഴിയുന്നത്ര നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മീറ്റർ റീഡർ തസ്തികയിലെ ഒഴിവ് പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നികത്താവുന്നതാണ്.

## കോതമംഗലം നെല്ലിക്കുഴിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

**44 (384)** <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നെല്ലിക്കുഴി ആസ്ഥാനമായി കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഭൂവിസ്തൃതിയും ഉപഭോക്താക്കളുടെ എണ്ണക്കൂടുതലും പരിഗണിച്ച് പ്രസ്തുത സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) കെ.എസ്.ഇ.ബി-യുടെ സെക്ഷൻ ഓഫീസുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ

(ഡി) കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിന് മസ്ദൂർ, ലൈൻമാൻ എന്നിവരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കോതമംഗലം നം.1, വെള്ളൂർക്കുന്നം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ എരുമലപ്പടിയിൽ ഒരു പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്.

(സി) പരിഗണനയിലില്ല.

(ഡി) ആവശ്യത്തിനു ജീവനക്കാരുടെ സേവനം 24 മണിക്കൂറും ഉറപ്പാക്കി യിട്ടുണ്ട്.

**ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റുകൾ**

**45 (385)** <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം ദിനംനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ളത് ; വിശദവിവരം നൽകുമോ ;

(ബി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഗാർഹീക ഉപഭോക്താക്കൾക്ക് നൽകി വരുന്ന സബ്സിഡി തുക എത്രയാണ് ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വീടുകളിൽനിന്നുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹി പ്പിക്കുന്നതിനായി അനെർട്ട് പതിനായിരം (10000) റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുവരുന്നു. ഇതിലൂടെ മൊത്തം

10 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്. സൗരോർജ്ജ വൈദ്യുതി ഉത്പാദന പദ്ധതിക്കായി അനെർട്ടിനെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഒരു കിലോവാട്ടിന്റെ പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ (MNRE) വിഹിതമായി 53,262-രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 39,000- രൂപയും സബ്സിഡിയായി നൽകിവരുന്നു.

## വൈദ്യുതി ഉല്പാദനത്തെക്കുറിച്ച് പഠനങ്ങൾ

**46 (386)** ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളെക്കുറിച്ച് കെ. എസ്. ഇ. ബി. കഴിഞ്ഞ പതിറ്റാണ്ടിൽ പഠനങ്ങളെ ന്തെങ്കിലും നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനങ്ങളിലെ കണ്ടെത്തലുകൾ എന്തെല്ലാ മായിരുന്നു എന്ന് വിശദമാക്കുമോ ;

(സി) ഈ കണ്ടെത്തലുകളെ ആസ്പദമാക്കിയുള്ള റിപ്പോർട്ടുകളെന്തെങ്കിലും സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാന ത്തിൽ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ-സി) വൈദ്യുതി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനു വേണ്ട വിവിധ പദ്ധതികൾ 11, 12 പഞ്ചവത്സര പദ്ധതികളിലായി നടപ്പിലാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ആവശ്യകത സംബന്ധിച്ചും വിവിധ മേഖലയിലുള്ള വൈദ്യുത ഉപഭോഗം

സംബന്ധിച്ചും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ഇലക്ട്രിക്കൽ സർവ്വേകൾ നടത്തിവരുന്നു. ഈ സർവ്വേറിപ്പോർട്ടുകൾ അനുസരിച്ച് ഊർജ്ജ മേഖലയിലുള്ള ഗാർഹിക, കാർഷിക, വാണിജ്യ, വ്യവസായ മേഖലകളിൽ വരുന്ന ഉപഭോഗ വർദ്ധനവും കണക്കാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 17-ാം EPS സർവ്വേയിൽ 2011-12 വരെയും, 18-ാം EPS സർവ്വേയിൽ 2021-22 വരെയും ഉള്ള വൈദ്യുതി ആവശ്യകതയും കണക്കാക്കിയിട്ടുണ്ട്.

കഴിഞ്ഞ 10 വർഷത്തെ വൈദ്യുതി ആവശ്യകത സംബന്ധിച്ചും വിവിധ മേഖലയിലുള്ള വൈദ്യുത ഉപഭോഗം സംബന്ധിച്ചും കണക്ക് പരിശോധിച്ചാൽ ആവശ്യകത, ഉപഭോഗം എന്നിവയ്ക്കനുസരിച്ച് ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടില്ല എന്നു കാണാവുന്നതാണ്.

2004-05 മുതൽ 2013-14 വരെ ഊർജ്ജ ആവശ്യകത, ഉപഭോഗം എന്നിവ പരിശോധിച്ചാൽ ഉപഭോഗം ഏകദേശം 96 ശതമാനം വർദ്ധന രേഖപ്പെടുത്തുമ്പോൾ ഉല്പാദനശേഷി 10 ശതമാനം മാത്രമാണ് വർദ്ധിപ്പിക്കാനായിട്ടുള്ളത്. 2004-05-ൽ സ്ഥാപിതശേഷി 2623.86 മെഗാവാട്ടും ഉപഭോഗം 9384.4 മില്യൺ യൂണിറ്റും ആയിരുന്നു. 2013-14-ൽ സ്ഥാപിതശേഷി 2891.72 മെഗാവാട്ടും ഉപഭോഗം 17454 മില്യൺ യൂണിറ്റുമാണ്.

18-ാം EPS സർവ്വേപ്രകാരം 2014-15-ലെ ആവശ്യകത 4137 മെഗാവാട്ടും ലഭ്യത 3300 മെഗാവാട്ടും ആണെന്നും 837 മെഗാവാട്ടിന്റെ കുറവുണ്ടെന്നും കണക്കാക്കിയിട്ടുണ്ട്. അതിനാൽ ഈ വൈദ്യുതി ആവശ്യകത നിറവേറ്റാൻവേണ്ട വൈദ്യുത കരാറുകളും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്ന നടപടികളും സ്വീകരിച്ചു വരികയാണ്.

**ചാലക്കുടി, കൊരട്ടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം**

**47 (387)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ

അനുവദിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നകാര്യം നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് പരിശോധിച്ചുവരുന്നു.

## കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനുകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

**48 (388)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനുകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏതെല്ലാം പ്രദേശത്താണ് ഇനിയും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത്; ഇതുപരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനുകീഴിലുള്ള സെക്ഷനുകളിൽ 25 കിലോമീറ്റർ 11 കെ.വി. ലൈൻ, 64 ട്രാൻസ്ഫോർമർ, 208 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 9.5 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 107 കിലോമീറ്റർ കൺവർഷൻ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 6.16 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) കുന്നംകുളം ഡിവിഷനുകീഴിലുള്ള പോർക്കളങ്കാട്, ഇയ്യാൽ, കടവല്ലൂർ, അയിനൂർ, തൊഴിയൂർ, മന്ദലാംകുന്ന്, കൊച്ചനൂർ, അയിന്പ്പാറ, പുത്തൂർ, കുറുമാൽ, പുത്തനങ്ങാടി, ചൊവ്വല്ലൂർപ്പടി, മാമബസാർ, വഞ്ചിക്കടവ്, അഞ്ചങ്ങാടി തുടങ്ങിയ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ടി പ്രദേശങ്ങളിൽ

വോൾട്ടേജ്/സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകളിലായി 16 കിലോമീറ്റർ 11 കെ.വി. ലൈൻ, 34 ട്രാൻസ്ഫോർമർ, 164 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 4 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 24 കിലോമീറ്റർ കൺവർഷൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 3.52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

**49 (389)** ശ്രീ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കടമ്പഴിപ്പുറത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2012-ൽ നടത്തിയ സാധ്യതാപഠനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു സബ്സ്റ്റേഷന്റെ ആവശ്യകതയില്ലെന്ന് കണ്ടെത്തുകയുണ്ടായി. പിന്നീട് കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം വീണ്ടും നടത്തിയ സാങ്കേതിക പരിശോധനയിൽ കടമ്പഴിപ്പുറം പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ഇല്ലെന്നും ദീർഘദൂര 11 കെ.വി. ലൈനുകളിലൂടെ ഈ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നതിനാൽ പ്രകൃതിക്ഷോഭം മുതലായ കാരണങ്ങളാൽ വൈദ്യുതി തടസ്സങ്ങൾ പതിവാകുന്നുവെന്നും വ്യക്തമായി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ടി സ്ഥലത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ

സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് , ഇതുസംബന്ധിച്ച് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കാനും ഇപ്പോഴത്തെ നിലയിലുള്ള ഒരു സാങ്കേതിക പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കാനായി ഇറിഗേഷൻ ഡിപ്പാർട്ടു മെന്റിന്റെ കൈവശമുള്ള 15 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജോലികൾ ആരംഭിക്കാവുന്നതാണ്.

**കാസർഗോഡ് താപനിലയം ആരംഭിക്കാൻ നടപടി**

**50 (390)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദ്രവീകൃത ഇന്ധനം ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ താപനിലയം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

11-2-2011-ൽ 1200 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിൽ ചീമേനിയിൽ തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ദ്രവീകൃത പ്രകൃതിവാതകവും ആഭ്യന്തര വാതകവും ഉപയോഗിച്ച് താപനിലയം തുടങ്ങുന്നതിനാണ് തീരുമാനിച്ചിരുന്നത്. പദ്ധതിക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും പാരിസ്ഥിതിക ആഘാതപഠനം നടത്തുകയും ചെയ്തിരുന്നു. പദ്ധതിക്കുവേണ്ടി ടെണ്ടർ വിളിക്കുന്നതിനുള്ള ടെണ്ടർ ഡോക്കുമെന്റുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു.

ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ഉത്പാദനം കുറയുന്നതിനാൽ 12-ാം പദ്ധതിക്കാലത്ത് പുതുതായി വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾക്ക് പ്രകൃതി വാതകം അനുവദിക്കാൻ കഴിയില്ല എന്നും അതുകൊണ്ട് പുതുതായി ആഭ്യന്തര വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങരുതെന്നും കേന്ദ്ര വൈദ്യുത അതോറിറ്റി

19-3-2012-ൽ നിർദ്ദേശിച്ചിരുന്നു.

ആഭ്യന്തര പ്രകൃതി വാതകം പദ്ധതിക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കാൻ കഴിയാത്തതുകൊണ്ട് ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ അന്താരാഷ്ട്ര പ്രകൃതി വാതകവില സൂചികകളിൽ പലതും പെട്രോൾ വിലയുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന തുകൊണ്ട് ഡോളർ, പെട്രോൾ വില വ്യതിയാനങ്ങൾ പ്രകൃതി വാതക വിലയെ സ്വാധീനിക്കുമെന്നതിനാൽ ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകം ഉപയോഗപ്പെട്ടു ത്തിയുള്ള വൈദ്യുത ഉല്പാദനത്തിന് സന്നിദ്ധതകൾ നിലനിൽക്കുന്നു. ആഭ്യന്തര വാതകത്തിന്റെ ദൗർലഭ്യവും ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകത്തിന്റെ വിലയിലുള്ള അസ്ഥിരതയുമാണ് വാതകാധിഷ്ഠിത പദ്ധതികൾക്ക് പ്രതിബന്ധമായി നിൽക്കുന്നത്.

### കാസർഗോഡ് മൈലാട്ടി ഡീസൽ പവർ പ്ലാന്റ്

**51 (391)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിൻെറ മൈലാട്ടി യിലുള്ള ഡീസൽ പവർ പ്ലാന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പവർ കോർപ്പറേഷൻ ലിമിറ്റഡുമായി വൈദ്യുതി ബോർഡിനുള്ള കരാർ റദ്ദാക്കിയതിനുശേഷം ഈ പ്ലാന്റും ഇത് സ്ഥിതി ചെയ്യുന്ന സ്ഥലവും എന്ത് ചെയ്യാനാണ് ബോർഡ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) വർഷങ്ങളായി ഇവിടെ ജോലിചെയ്യുന്ന തൊഴിലാളികളെ സംരക്ഷി ക്കുന്നതിനുള്ള നടപടി വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ മൈലാട്ടിയിലുള്ള

ഡീസൽ പവർ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനുവേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡ് 12-8-1998-ൽ കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടു. ടി കരാറിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെയും കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെയും ബാധ്യതകളും ഉത്തരവാദിത്തങ്ങളും താരിഫ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിഷ്കർഷിക്കുന്നു. ടി കരാറിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ടി നിലയത്തിൽ നിന്നുള്ള വൈദ്യുതിവാങ്ങുന്നത്. ടി നിലയത്തിൽ വിലകൂടിയ ഇന്ധനമായ LSHS ഉപയോഗിക്കുന്നതിനാൽ ടി നിലയത്തിൽനിന്നുള്ള വൈദ്യുതിക്ക് ഇന്ധനവില മാത്രം ഒരു യൂണിറ്റിന് ഇപ്പോൾ 12 രൂപ 74 പൈസയാണ്. ടി കാരണത്താൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നിലനിന്നിരുന്ന 2011-12 വർഷം ഉൾപ്പെടെ, കഴിഞ്ഞ വർഷങ്ങളിൽ ടി നിലയത്തിൽനിന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങിയിരുന്നില്ല. എന്നിരുന്നാലും കരാർ പ്രകാരമുള്ള പ്രതിമാസ ഫിക്സഡ് ചാർജ്ജ് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന് നൽകിവരുന്നു.

കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡുമായി കേരള സംസ്ഥാന വൈദ്യുതി ബോർഡിനുള്ള കരാർ 2016 മെയ് മാസത്തിൽ തീരുകയാണ്.

മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് പൂർണ്ണമായും കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുമാണ്. ഈ കരാറിന്റെ വ്യവസ്ഥയനുസരിച്ച് കരാർ തീരുന്ന മുറയ്ക്ക് കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന് പ്ലാന്റും അനുബന്ധ സാമഗ്രികളും കരാറിൽ നിഷ്കർഷിക്കുന്ന മുറയ്ക്ക് വിൽക്കാവുന്നതാണ്.

എന്നാൽ പ്രസ്തുത ഡീസൽ പവർ പ്ലാന്റ് സ്ഥിതിചെയ്യുന്ന സ്ഥലം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണ്. കരാർ തീരുന്നമുറയ്ക്ക്മാത്രമേ ഇത് സ്ഥിതിചെയ്യുന്ന സ്ഥലം എന്തുചെയ്യണമെന്നുള്ള തീരുമാനം വൈദ്യുതി ബോർഡ് എടുക്കുകയുള്ളൂ.

(സി) കരാർ പ്രകാരം കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ യാതൊരു ബാധ്യതകളും ബോർഡോ

ഗവൺമെന്റോ ഏറ്റെടുക്കുന്നതിന് കരാറിൽ യാതൊരു വ്യവസ്ഥയുമില്ല.

## കാസർഗോഡ് ജില്ലയിലെ മസ്ദൂർ തസ്തികയിൽ റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ

**52 (392)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര മസ്ദൂർ തസ്തികകളാണുള്ളത്; അവയിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് പറയാമോ ;

(ബി) പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 189 തസ്തികകൾ. 114 ജീവനക്കാർ.

(ബി) 46 ഒഴിവുകൾ.

(സി) 29 ഒഴിവുകൾ.

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സൗരോർജ്ജ പദ്ധതികൾ

**53 (393)** ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കാമോ ;

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സ്ഥല ലഭ്യതക്കുറവാണ് വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മുന്നിലുള്ള പ്രതിബന്ധം. ഇത് നേരിടുന്നതിന് കൃഷിക്ക് യോഗ്യമല്ലാത്തതും വാണിജ്യ പ്രാധാന്യമില്ലാത്തതും വില കുറഞ്ഞതുമായ ഭൂമി കണ്ടെത്തുവാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്. എൻ.എച്ച്.പി.സി.-യുമായി ചേർന്ന് വെസ്റ്റ് കല്ലടയിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി എടുത്ത് പറയേണ്ടതാണ്. 300 ഏക്കറോളം വിസ്തൃതിയുള്ള തരിശായ ചതുപ്പ് ഭൂമിയാണ് ഇതിനായി കണ്ടെത്തിയിരിക്കുന്നത്.

എൻ.എച്ച്.പി.സി.-യുടെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതിയുടെ ഘടന ചുവടെ ചേർക്കുന്നു :

(1) പദ്ധതി ഭൂമിയുടെ പാട്ടവില കെ.എസ്.ഇ.ബി. ലിമിറ്റഡ്, വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഇതിനായി രൂപീകരിക്കുന്ന ഭൂഉടമകളുടെ കമ്പനിക്ക് നൽകുന്നു.

(2) പദ്ധതിയിൽനിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് ഭൂമിയുടെ വില മൂലധനത്തിൽ ഉൾപ്പെടുത്താതെ കണക്കാക്കുകയും ആ വിലയ്ക്ക് കെ.എസ്.ഇ.ബി., പദ്ധതിയിൽ നിന്നുള്ള വെദ്യുതി വാങ്ങുകയും ചെയ്യും.

(3) ഭൂമിയുടെ പാട്ടത്തുക, കെ. എസ്. ഇ. ബി യുടെ വാർഷിക ചെലവുകളിൽ ഉൾപ്പെടുത്തുവാൻ റെഗുലേറ്ററി കമ്മീനോട് ആവശ്യപ്പെടും

(ഡി) ഉണ്ട്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് എൻ.എച്ച്.പി.സി.-യുമായി 7-5-2014-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നുള്ള വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന താരിഫിലാണ് വാങ്ങിക്കുന്നത്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തും ഭൂമി ഉടമസ്ഥരുമായിട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സുഗമമാക്കി ക്കൊടുക്കുന്നതാണ്. ഈ പദ്ധതിയിൽനിന്ന് വൈദ്യുതി എടുക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈനുകളും ഉപകരണങ്ങളും ഗവൺമെന്റിന്റെ സോളാർ പോളിസി നിഷ്കർഷിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ചെയ്തു കൊടുക്കുന്നതാണ്. ഈ പദ്ധതി ബിൽഡ്-ഓൺ-ഓപ്പറേറ്റ് ട്രാൻസ്ഫർ (BOOT) മാതൃകയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## വീടുകളിൽ സൗരോർജ്ജ വൈദ്യുതി

**54 (394)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും നൽകുന്ന സബ്സിഡികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വീടുകളിൽനിന്നുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാ

ഹിപ്പിക്കുന്നതിനായി അനെർട്ട് 10000 റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുവരുന്നു. ഇതിലൂടെ 10 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy Systems" എന്ന പേരിൽ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉപഭോക്താവിന്റെ ആവശ്യത്തിൽ കവിഞ്ഞ ഉല്പാദനമുള്ള സമയങ്ങളിൽ അധിക വൈദ്യുതി ലൈനിലേയ്ക്ക് പ്രസരിപ്പിക്കുന്നതിനും ഉല്പാദനം കുറഞ്ഞതോ, ഇല്ലാത്തതോ ആയ സന്ദർഭങ്ങളിൽ പകരം വൈദ്യുതി ലൈനിൽ നിന്നും തിരികെ സ്വീകരിക്കാനും മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നു. സൗരോർജ്ജ പ്ലാന്റുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഉടമയായ വൈദ്യുത ഉപഭോക്താവ് ഏത് നിരക്കിലാണോ വൈദ്യുതി ഉപയോഗിക്കുന്നത് അതേ നിരക്കിലായിരിക്കും ലഭിക്കുക. തന്മൂലം ഉപഭോക്താവിന് വൈദ്യുതി ബിൽ ഇളവ് ലഭിക്കുന്നതാണ്.

കൂടാതെ വൈദ്യുതി ലൈനിൽ ബന്ധിപ്പിക്കാതെ സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് ഒരു യൂണിറ്റിന് ഒരു രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന ആനുകൂല്യം വൈദ്യുത ലൈസൻസികൾ നൽകേണ്ടതാണെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) അനെർട്ട് വഴി നടപ്പിലാക്കുന്ന റൂഫ് ടോപ്പ് സൗരോർജ്ജ പദ്ധതിയിൽ ഒരു കിലോവാട്ടിന്റെ പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ വിഹിതമായി 53,262-രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 39,000-രൂപയും സബ്സിഡി നൽകിവരുന്നു.

## കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൈദ്യുതി ഉപയോഗം

**55 (395)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ

ഇരുമ്പുരുക്ക് ഫാക്ടറികൾ ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട് ? ലൊക്കേഷൻ, ഹൈടെൻഷൻ ഗാർഹികം എന്നിവ തരം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഓരോ കമ്പനികളും ഓരോ മാസവും ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് പ്രത്യേകം പറയാമോ ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതിചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികൾ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) കുടിശ്ശിക നാളിതുവരെ തിരിച്ചുപിടിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ ; തിരിച്ചുപിടിച്ചില്ലെങ്കിൽ എന്തുകൊണ്ട് ; എത്ര കുടിശ്ശിക പിരിയ്ക്കാനുണ്ട് ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ-സി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ - 120

ലോ ടെൻഷൻ വിഭാഗത്തിൽ - 363

വ്യവസായ മേഖലയിൽ ഗാർഹിക വിഭാഗം ഇല്ല.

എച്ച്.റ്റി./ഇ.എച്ച്.റ്റി. വ്യവസായങ്ങളുടെ ഉപഭോഗവും കുടിശ്ശികയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

ലോ ടെൻഷൻ വിഭാഗം വ്യവസായ സ്ഥാപനങ്ങളുടെ ഉപഭോഗം (ഒക്ടോബർ 2014) അനുബന്ധം 2* ആയി ചേർക്കുന്നു.

ലോ ടെൻഷൻ വ്യവസായ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വിവരങ്ങൾ അനുബന്ധം 3* ആയി ചേർക്കുന്നു.

(ഡി) കോടതി വ്യവഹാരത്തിൽപ്പെട്ട തുക കോടതിയുടെ തീർപ്പിനു വിധേയമായിമാത്രമേ വസൂലാക്കാൻ കഴിയൂ. മറ്റ് കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ നടന്നുവരുന്നു. റവന്യൂ അധികാരികളുടെ തീർപ്പിനു വിധേയമായി കുടിശ്ശിക തുക പിരിച്ചെടുക്കുന്നുണ്ട്. എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിൽ 98.3 കോടി

രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്. ടി തുകയിൽ 76.61 കോടി ഡിസ്കൗണ്ടിൽ ചെയ്യപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്കു വിധേയമായ കുടിശ്ശിക തുകയാണ്.

എൽ.റ്റി. വിഭാഗത്തിൽ കുടിശ്ശിക നാളിതുവരെ തിരിച്ചുപിടിച്ചത് 25,78,871-രൂപയാണ്. കുടിശ്ശിക തിരിച്ചുപിടിക്കുവാനായി 14 സ്ഥാപനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. 2 കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്. ഒരെണ്ണം സർവ്വീസ് വിച്ഛേദിച്ചിരിക്കുകയാണ്. ഇതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. ഇനി ലോ ടെൻഷൻ വ്യാവസായിക വിഭാഗത്തിൽ കുടിശ്ശിക പിരിക്കുവാനുള്ളത് 33,39,621-രൂപയാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 4* ആയി ചേർക്കുന്നു.

## സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം

**56 (396)** <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഇപ്പോഴത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപയോഗം എത്ര ദശലക്ഷം യൂണിറ്റാണ് ; ഇതിൽ എത്ര യൂണിറ്റ് കെ.എസ്.ഇ.ബി മാത്രം ഉല്പാദിപ്പിക്കുന്നു ; എത്ര യൂണിറ്റ് സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നു ; എത്ര യൂണിറ്റ് കേന്ദ്രപൂളിൽനിന്നും ലഭിക്കുന്നു ; കമ്മി ഉണ്ടെങ്കിൽ എത്ര യൂണിറ്റിൻെറ കമ്മിയാണ് നിലവിലുള്ളത് ; ഈ കമ്മി ഇപ്പോൾ എങ്ങനെയാണ് തിട്ടപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും ഉയർന്ന നിരക്കിലുള്ള വൈദ്യുതി വാങ്ങുന്നുണ്ട് ; സ്ഥാപനത്തിന്റെ പേര്, വാങ്ങുന്ന വൈദ്യുതിയുടെ അളവ്, വില എന്നിവ വിശദമാക്കുമോ ;

(ഡി) ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്നതിന്റെ പേരിൽ ചാർജ് വർദ്ധിപ്പിക്കാനോ, സർചാർജ് ഏർപ്പെടുത്താനോ കെ. എസ്. ഇ. ബി. റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ നിലവിൽ ഇല്ല. തനതു വർഷം സംസ്ഥാനത്തെ മൊത്തം ഊർജ്ജാവശ്യകതയുടെ 20 ശതമാനത്തോളം സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി വ്യാപാരികൾവഴിയും ലഭ്യമാക്കുവാനായി വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ രാജ്യത്തെ മറ്റ് മേഖലകളിൽനിന്നും ദക്ഷിണേന്ത്യയിലേക്കും ദക്ഷിണേന്ത്യയിൽത്തന്നെ S1 മേഖലയിൽനിന്നും S2 മേഖലയിലേക്കും വൈദ്യുതി എത്തിക്കുന്നതിന് പ്രസരണ ശൃംഖലയുടെ അപര്യാപ്തത നിലവിലുണ്ട്. ടി കാരണത്താൽ കരാറിലേർപ്പെട്ട വൈദ്യുതി സംസ്ഥാനത്തിന് ലഭ്യമല്ല. സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളായ NTPC, BSES തുടങ്ങിയവയിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയും പവർ എക്സ്ചേഞ്ചിൽനിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയുമാണ് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരുവാൻ സാധിക്കാത്തതുമൂലമുള്ള കുറവ് പരിഹരിക്കുകയും അതുവഴി ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുകയും ചെയ്തുവരുന്നത്.

(ബി) സംസ്ഥാനത്തെ നിലവിലെ പ്രതിദിന വൈദ്യുതി ഉപഭോഗം ശരാശരി 60 ദശലക്ഷം യൂണിറ്റോളമാണ്. ഇതിൽ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽനിന്നും ഏകദേശം ശരാശരി 19.2 ദശലക്ഷം യൂണിറ്റും ബോർഡിന്റെ

അധീനതയിലുള്ള ദ്രവ ഇന്ധന നിലയങ്ങളായ BDPP, KDPP തുടങ്ങിയവയിൽനിന്നും പ്രതിദിനം 0.6 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ നാഫ്ത ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന താപനിലയങ്ങളായ NTPC കായംകുളത്തുനിന്നും പ്രതിദിനം ശരാശരി 3.6 ദശലക്ഷം യൂണിറ്റും BSES നിലയത്തിൽ നിന്ന് ശരാശരി 1.5 മുതൽ 2 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കുന്നുണ്ട്.

കേന്ദ്രപൂളിൽനിന്നും ശരാശരി 1315 മെഗാവാട്ടോളം വൈദ്യുതിയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽനിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റോളം സംസ്ഥാനത്തിന്റെ അതിർത്തിയിൽ ഇപ്പോൾ ലഭിക്കുന്നുണ്ട്. കൂടാതെ അധികമായി വേണ്ടിവരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി വ്യാപാരികളിൽനിന്നും കൂടിയനിരക്കിൽ വാങ്ങിയാണ് സംസ്ഥാനത്തെ ഊർജ്ജാവശ്യകത നിറവേറ്റുന്നത്.

(സി) വൈദ്യുതി ബോർഡ് സംസ്ഥാനത്തിനുപുറത്തുള്ള വൈദ്യുതി ഉല്പാദകരുമായും വൈദ്യുതി വ്യാപാരികളുമായും കരാറിലേർപ്പെട്ടിട്ടുള്ള വൈദ്യുതി, പ്രസരണ ഇടനാഴിയുടെ അപര്യാപ്തത കാരണം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ സാധിക്കാത്തതിനാൽ സംസ്ഥാനത്തിനകത്തുള്ള NTPC-യുടെ കായംകുളം താപവൈദ്യുതി നിലയം, BSES-ന്റെ കൊച്ചിയിലെ നിലയം, പവർ എക്സ്ചേഞ്ചുകൾ എന്നിവയിൽനിന്ന് കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നത്. വിശദാംശം പട്ടിക 1*ൽ കൊടുത്തിരിക്കുന്നു.

| നിലയം | പ്രതിദിനം വാങ്ങുന്ന വൈദ്യുതിയുടെ അളവ് (മില്യൺ യൂണിറ്റിൽ) | ശരാശരി ഇന്ധന വില (യൂണിറ്റിന്) |
|---|---|---|
| NTPC യുടെ | 3.6 മുതൽ 7 വരെ | 11.30 രൂപ |

| | | |
|---|---|---|
| കായംകുളം നിലയം | | |
| BSES കൊച്ചി | 2 മുതൽ 3.5 വരെ | 11 രൂപ |
| പവർ എക്സ്ചേഞ്ച് | 6 ദശലക്ഷം യൂണിറ്റ് വരെ (ലഭ്യതയ്ക്കനുസരിച്ച്) | 6 രൂപ മുതൽ 10 രൂപ വരെ |

(ഡി) ഉണ്ട്. ഈ സാമ്പത്തിക വർഷം വൈദ്യുതി നിലയങ്ങളിൽനിന്നും വിലകൂടിയ വൈദ്യുതി വാങ്ങുന്നതുമൂലമുള്ള അധികച്ചെലവ് 648.6 കോടി രൂപയാണെന്നും ഇതു സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽനിന്നും ഈടാക്കാൻ അനുവദിക്കണമെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ കമ്മീഷന്റെ പരിഗണനയിലാണ്.

## സംസ്ഥാനത്തെ വൈദ്യുതി നിയന്ത്രണം

**57 (397)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം വൈദ്യുതി നിയന്ത്രണത്തിനുള്ള സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) വൈദ്യുതി നിയന്ത്രണം എന്ന് ഒഴിവാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുന്ന കുറവുമൂലമോ പ്രസരണ ലൈനുകളുടെ തകരാറുമൂലമോ ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ മാത്രം താല്ക്കാലികമായി വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. ഈ വർഷം വൈദ്യുതി ബോർഡ് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി വ്യാപാരികളിൽനിന്നും മറ്റ് വൈദ്യുതി ഉല്പാദകരിൽനിന്നും കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭിക്കുകയും കേന്ദ്രപൂളിൽനിന്നും സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള മുഴുവൻ

വൈദ്യുതിയും ലഭിക്കുകയും ചെയ്യുന്നപക്ഷം സംസ്ഥാനത്ത് ഈ വർഷം ലോഡ്ഷെഡിംഗോ പവർകട്ടോ ആവശ്യമായി വരുന്നില്ല. എന്നാൽ നിലവിൽ രാജ്യത്തെ മറ്റ് മേഖലകളിൽനിന്നും ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും ദക്ഷിണഗ്രിഡിൽതന്നെ S1 മേഖലയിൽനിന്നും S2 മേഖലയിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നതിനാൽ കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളായ NTPC, BSES, Kochi തുടങ്ങിയവയിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്തതുമൂലമുള്ള കുറവ് പരിഹരിക്കുകയും അതുവഴി ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുകയും ചെയ്തുവരുന്നത്.

**അപ്രഖ്യാപിത പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കുന്നതിനു നടപടി**

**58 (398)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഡാമുകളിലെല്ലാം സമൃദ്ധമായി ജലം ശേഖരിക്കപ്പെട്ടിട്ടും ഇപ്പോഴും സംസ്ഥാനത്ത് അപ്രഖ്യാപിത പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത നടപടി അവസാനിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രതീക്ഷിതമായി വൈദ്യുതി ലഭ്യതയിലുണ്ടാകുന്ന കുറവുമൂലം ഗ്രിഡ് സുരക്ഷ കണക്കിലെടുത്ത് ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ചെറിയ തോതിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരാറുണ്ട്. ജലവൈദ്യുതി കൊണ്ടുമാത്രം സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റാനാകില്ല.

കേരളത്തിനാവശ്യമായ വൈദ്യുതിയുടെ ഡിമാന്റിന്റെ ഏകദേശം നാല്പതു

ശതമാനംമാത്രമേ സംസ്ഥാനത്തിനകത്തുള്ള ജലവൈദ്യുതി നിലയങ്ങളിൽനിന്നും ഉൽപാദിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിയും സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽനിന്നും ട്രേഡർമാർ മുഖേന പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ചാണ് ബാക്കി ആവശ്യകത നിറവേറ്റുന്നത്. ഇപ്രകാരം പുറമേനിന്ന് വാങ്ങുന്ന വൈദ്യുതി കൊണ്ടുവരുന്നതിന് ആവശ്യമായശേഷിയുള്ള പ്രസരണ ഇടനാഴി ഇപ്പോൾ ലഭ്യമല്ല. ഇത്തരുണത്തിൽ ഉപയോഗപ്പെടുത്തിയാണ്.എന്നാൽ ഏതെങ്കിലും കാരണവശാൽ അധികശേഷി പുറമേനിന്നും വൈദ്യുതി എത്തിക്കുന്നത് നിലവിലുള്ള ലൈനുകളുടെഅധികശേഷി ഉപയോഗിക്കുന്നതിന് എസ്.ആർ. എൽ.ഡി.സി. വിലക്കേർപ്പെടുത്തിയാൽ കേരളത്തിലെ ഉപഭോഗം നിയന്ത്രിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല.

(ബി) വൈദ്യുതി നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം പരമാവധി വർദ്ധിപ്പിക്കാറുണ്ട്. കൂടാതെ ലഭ്യമായ എല്ലാ സ്രോതസ്സുകളിൽനിന്നും പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയും നിയന്ത്രണങ്ങൾ ഒഴിവാക്കാൻ ശ്രമിക്കാറുണ്ട്. അതുപോലെ മറ്റുസംസ്ഥാനങ്ങൾ വേണ്ടെന്നുവയ്ക്കുന്ന അവരുടെ കേന്ദ്രവിഹിതം വാങ്ങാനും ശ്രമിക്കാറുണ്ട്. അതേ സമയം കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി പി.ജി.സി.ഐ.എൽ. നിർമ്മിക്കുന്ന മൈസൂർ-അരിക്കോട്, തിരുനെൽവേലി -കൊച്ചി എന്നീ 400 കെ.വി. ലൈനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

**59 (399)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വൈദ്യുതീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ പൂർത്തീകരിച്ച കണക്ഷനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം കേന്ദ്രമാക്കി രൂപീകരിക്കുന്ന കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) താമരക്കുളം ഗ്രാമപഞ്ചായത്തിൽ വെൽഫെയർ എൽ.പി.എസ്-നു സമീപം താഴ്ന്ന കിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തുന്നതിന് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതിനുള്ള തുക അനുവദിക്കുമോ ?

ഉത്തരം

(എ) ഒക്ടോബർ 2014 വരെ 6257 സർവ്വീസ് കണക്ഷനുകൾ നൽകുകയും 49 കിലോമീറ്റർ 11 കെ.വി. ലൈനും 61 കിലോമീറ്റർ എൽ.റ്റി. ലൈനും വലിക്കുകയും 72 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണക്ഷനുകളുടെ എണ്ണം താഴെ ചേർക്കുന്നു :

| | |
|---|---|
| ബി.പി.എൽ. വെതർപ്രൂഫ് | 373 |
| ബി.പി.എൽ. ഓവർഹെഡ് | 80 |
| എ.പി.എൽ. ഓവർഹെഡ് | 17 |
| എസ്.സി./എസ്.ടി. വിഭാഗം | 71 |

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം ബോർഡ് പരിഗണിച്ചുവരുന്നു.

(ഡി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യപ്രകാരം കേശവപിള്ള ട്രാൻസ്ഫോർമർ പോയിന്റ് മുതൽ വെൽഫെയർ യു.പി. സ്കൂൾ ട്രാൻസ്ഫോർമർ വരെയുള്ള 1.25 കിലോമീറ്റർ സിംഗിൾ സർക്യൂട്ട് 11 കെ.വി. ഓവർഹെഡ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 13,16,150- രൂപയുടെ എസ്റ്റിമേറ്റ് വർക്ക് ഡെപ്പോസിറ്റ് സ്കീമിൽ തയ്യാറാക്കി ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള 11 കെ.വി. ലൈൻ വെൽഫെയർ സ്കൂൾ കെട്ടിടത്തിൽനിന്നും 60 മീറ്റർ മാറി

പുറകുവശത്തുകൂടിയാണ് കടന്നുപോകുന്നത്. പ്രസ്തുത ലൈൻ താഴ്ന്നുകിടക്കുന്ന നിലയിലും അല്ല.

(ഇ) തുക അനുവദിക്കാവുന്നതല്ല. എം.എൽ.എ. ഫണ്ടിൽനിന്നും ടി തുക ഒടുക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**മീറ്ററുകളുടെ ക്ഷാമം**

**60 (400)** ശ്രീ. മാത്യു. റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.യിൽ മീറ്ററുകളുടെ ക്ഷാമംമൂലം കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേടായ മുഴുവൻ എൽ.റ്റി.സി.റ്റി. മീറ്ററുകളും മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേടായ ത്രീഫേസ് മീറ്ററുകൾ മാറ്റുന്നതിനായി 75,000 എണ്ണം പുതിയ മീറ്ററുകൾ വാങ്ങിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് കേടായ ത്രീഫേസ് മീറ്ററുകൾ ഘട്ടം ഘട്ടമായി മാറ്റി വച്ചുവരുന്നു. കേടായ സിംഗിൾ ഫേസ് മീറ്ററുകൾ മാറ്റുന്നതിന് 12,00,000 സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ വിളിച്ച് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി 1.7 ലക്ഷം മീറ്ററുകൾ ലഭിച്ചിട്ടുണ്ട്. ടെസ്റ്റിംഗും സീലുകളും കഴിഞ്ഞ് 1 ലക്ഷം മീറ്ററുകൾ വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് കേടായ സിംഗിൾ ഫേസ് മീറ്ററുകൾ മാറ്റിവരുന്നു. വരും മാസങ്ങളിൽ 2 ലക്ഷം മീറ്ററുകൾ വീതം ലഭ്യമാകും. ഇവ കേടായ മീറ്ററുകൾ മാറ്റിവയ്ക്കാൻ ഉപയോഗിക്കുന്നതാണ്. ആദ്യഘട്ടമായി കേടായ ഇലക്ട്രോണിക് മീറ്ററുകൾ (ഗ്യാരന്റിയുള്ളത്) മാറ്റുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ മീറ്ററുകൾ തിരികെ നൽകുമ്പോൾ പകരം മീറ്ററുകൾ നൽകാൻ കമ്പനികൾ ബാദ്ധ്യസ്ഥരാണ്. മാറ്റി നൽകുന്ന മീറ്ററുകളും കേടായ മീറ്ററുകൾ മാറ്റാൻ ഉപയോഗിക്കുന്നതാണ്.

## രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന

**61 (401)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന പ്രകാരം ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മണ്ഡലത്തിലെ ഇനിയും വൈദ്യുതി എത്തിച്ചേരാത്ത ആദിവാസി മേഖലകൾ ഏതെല്ലാമാണ് ;

(സി) ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രദേശങ്ങളും അടിയന്തരമായി വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന പ്രകാരം ഏറനാട് മണ്ഡലത്തിലെ താഴെപ്പറയുന്ന ഗ്രാമപ്രദേശങ്ങളിൽ ആകെ 860 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകി.

| ക്രമ നമ്പർ | വില്ലേജിന്റെ പേര് | പ്രദേശങ്ങൾ |
|---|---|---|
| (1) | (2) | (3) |
| 1. | പുള്ളിപ്പാടം | 1. പുള്ളിപ്പാടം<br>2. താന്നിക്കുഴി |
| 2. | അരിക്കോട് | 22 ലൊക്കേഷൻ |
| 3. | ഊർങ്ങാട്ടിരി | 1. കുത്ത്പറമ്പ് |

| | | |
|---|---|---|
| | | 2. ചൂരിയോട് |
| | | 3. കാറ്റാടിപൊയിൽ |
| | | 4. കലപാറ |
| | | 5. പളക്കൊടിമ്മൽ SC കോളനി |
| | | 6. നീർമുക്ക് |
| | | 7. പാക്കുളം |
| 4. | വെറ്റിലപ്പാറ | 1. പനംപിലാവ് |
| | | 2. ഇരുൾക്കുഴി |
| | | 3. എടക്കാട്ടുപറമ്പ് |
| | | 4. ഓടക്കയം |
| | | 5. ഈത്തുംപാലി ട്രൈബൽ കോളനി |
| | | 6. വിളക്കുപറമ്പ് |
| | | 7. നെല്ലിയായി |
| | | 8. കരിതിമാങ്കുളം |
| | | 9. ചെക്കുന്ന് |
| | | 10. കൊട്ടുപുഴ |
| | | 11. കലക്കപ്പാറ ST കോളനി |
| 5. | കവനൂർ | 32. ലൊക്കേഷൻ |
| 6. | കീഴുപറമ്പ് | 19. ലൊക്കേഷൻ |
| 7. | പെരകമണ്ണ | 1. കാവിലട്ടി |
| | | 2. ചാത്തല്ലൂർ |
| | | 3. ഒതായി |
| | | 4. ഒടവണ്ണപ്പാറ |
| | | 5. പന്നിപ്പമുണ്ടേക്കര |
| | | 6. തെക്കുംപാടം |
| | | 7. കാളിയേങ്ങൽ |
| | | 8. ചോലാറ ട്രൈബൽ കോളനി |
| (1) | (2) | (3) |

| | | |
|---|---|---|
| 8. | അകമ്പാടം | 1. എളംവിലക്കോട്<br>2. പൊക്കോട്<br>3. മൊടവണ്ണ<br>4. മൂലേപ്പാടം<br>5. പാലക്കത്തോട്<br>6. വെണ്ടേക്കും പൊയിൽ<br>7. കണ്ടിലപ്പാറ<br>8. തോട്ടപ്പള്ളി<br>9. ചീങ്കണ്ണിപ്പാലി<br>10. അളക്കൽ<br>11. മേലെമങ്ങാട് |
| 9. | എടവണ്ണ | 9. ലൊക്കേഷൻ |
| 10. | മമ്പാട് | 13. ലൊക്കേഷൻ |

(ബി) എടവണ്ണ ഇലക്ട്രിക്കൽ സെക്ഷനുകീഴിലുള്ള അമരമ്പലം അനന്തല്ല്, എടക്കോട്, മാടൻ കോളനികളും, അകമ്പാടം സെക്ഷനുകീഴിൽ വെറ്റിലക്കൊടി, അമ്പുമലകോളനിയും കീഴപറമ്പ് സെക്ഷനുകീഴിൽ മൈലാടി കോളനിയും വൈദ്യുതീകരിച്ചിട്ടില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭിക്കാത്തതു കാരണമാണ് വൈദ്യുതീകരണ പ്രവൃത്തികൾ നടത്താൻ സാധിക്കാത്തത്.

(സി) ആർ.ജി.ജി.വി. വൈ. പദ്ധതി 30-11-2014-ന് അവസാനിച്ചു. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റേതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

**പുഴക്കാട്ടിരി വൈദ്യുതി സെക്ഷൻ രൂപീകരണം**

**62 (402)** <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5 പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്നതും 25000-ത്തോളം ഉപഭോക്താക്കൾ പരിധിയിലുള്ളതുമായ മക്കരപറമ്പ് വൈദ്യുതി സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മക്കരപറമ്പ് വൈദ്യുതി സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി

സെക്ഷൻ രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത വിഷയം വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്.

**അനെർട്ടിന്റെ സോളാർ പാനലുകൾ**

**63 (403)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് സ്ഥാപിക്കുന്ന സോളാർ പാനലുകൾ സർക്കാർ വകുപ്പുകൾ നിരുത്സാഹപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) 2012-13 കാലയളവിലെ ആസ്തി വികസന ഫണ്ടിൽപ്പെടുത്തി ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിൻെറ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള നിർദ്ദേശപ്രകാരം ഭരണാനുമതി ലഭിച്ച ജോലിക്കുവേണ്ടി ഇനിയും തുക ലഭിച്ചിട്ടില്ലാത്തതും ജോലി ആരംഭിച്ചിട്ടില്ലാത്തതും എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിന്റെ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള ഭരണാനുമതി G.O. (Rt.) No. 2129/2013/H&FWD dated 18-6-2013 എന്ന ഉത്തരവ് പ്രകാരം നൽകുകയുണ്ടായെങ്കിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട തുക പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുണ്ട്. 3-6-2014-ലെ സർക്കുലർ 54/2014-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്ന ഏജൻസിക്ക് തുക നൽകാൻ ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസി ചെയ്ത പ്രവൃത്തിയുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. 16-8-2014-ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. അതിനെ തുടർന്ന് ജി.ഒ.(പി.) 304/2014/ധന.

തീയതി, 21-7-2014 ഉത്തരവുപ്രകാരം ടി പ്രവൃത്തിക്കുള്ള ബില്ലിന് സീനിയോരിറ്റി പ്രകാരം, പി.ഡബ്ല്യൂ.ഡി.വഴി തുക അനുവദിച്ച് ധനകാര്യവകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആസ്തി വികസന പദ്ധതി സർക്കാരിന്റെ പുതിയ സ്കീമായതിനാലാണ് തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം നേരിട്ടത്.

## സ്വകാര്യ മേഖലയിലെ വൈദ്യുതി ഉല്പാദകർ

**64 (404)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ (i) കാറ്റ്. (ii) സൂര്യപ്രകാശം (iii) ചെറുകിടജലപാതം (Small Hydro)എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്ന സ്വകാര്യമേഖലയിലെ ഏറ്റവും മികച്ച പത്ത് ഉല്പാദകരുടെ(മേൽ സൂചനാ മൂന്ന് സ്രോതസ്സുകളുടെ പ്രത്യേകമായി) വാർഷിക വൈദ്യുതി ഉല്പാദന ശരാശരി കണക്ക് സഹിതമുള്ള വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇത്തരത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന സ്വകാര്യ സംരംഭകർക്ക് ആയത് വിതരണം ചെയ്യുന്നതിനും മറ്റും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നിബന്ധനകളാണ് ബാധകമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിലുള്ള വൈദ്യുതി ഉല്പാദനത്തിനായി ശ്രമിക്കുന്ന സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം സഹായക നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

### ഉത്തരം

(എ) സൗരോർജ്ജം ഉപയോഗിച്ചുള്ള വൻകിട വൈദ്യുത ഉൽപ്പാദന പദ്ധതികൾ ഒന്നുംതന്നെ സംസ്ഥാനത്ത് നിലവിലില്ല. ആറ് സ്വകാര്യ സംരംഭകർ ചെറുകിട ജല വൈദ്യുത പദ്ധതിവഴി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 29 സ്വകാര്യ സംരംഭകർ സംസ്ഥാനത്തുണ്ട്. ഇത്തരത്തിലുള്ള സ്വകാര്യ സംരംഭകരുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. *

(ബി) സ്വകാര്യസംരംഭകർവഴി IPP (Independent Power Producers)

ആയും CPP (Captive Power Producers) ആയും സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. ഇപ്പോഴുള്ള IPP Project കളിൽനിന്നും മുഴുവൻ വൈദ്യുതിയും KSERC നിശ്ചയിച്ച നിരക്കിൽ KSEB വാങ്ങുന്നു. CPP Project-ൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി അവരുടെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നു. KSERC നിശ്ചയിക്കുന്ന banking charge, wheeling charge എന്നിവ കെ.എസ്.ഇ.ബി.ക്ക് നൽകി ആ സൗകര്യം ഉൽപ്പാദകർ ഉപയോഗപ്പെടുത്തുന്നു.

(സി) സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ താഴെപ്പറയുന്നു.

സൗരോർജ്ജം :-

1. 10 മെഗാവാട്ട് വരെയുള്ള സോളാർ പദ്ധതികൾക്ക് KSEB സൗജന്യമായി Power evacuate ചെയ്യുന്നതിന് സൗകര്യം ചെയ്തു കൊടുക്കുന്നു.

2. സ്വന്തം ആവശ്യത്തിന് സോളാർ (CPP) പദ്ധതികൾക്ക് wheeling charge-ഉം T&D loss ഉം ഒഴിവാക്കി കൊടുത്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി ബാങ്കിംഗ് സൗകര്യവും നൽകുന്നുണ്ട്.

<u>കാറ്റിൽ നിന്നുള്ള പദ്ധതി:_</u>

സംരംഭകരുടെ ചെലവിൽ പദ്ധതിയിൽനിന്നും Power evacuation ചെയ്യുന്നതിനുള്ള സബ്സ്റ്റേഷൻ, ലൈൻ എന്നിവ KSEBL ചെയ്തുകൊടുക്കുന്നു.

<u>ചെറുകിട ജലവൈദ്യുത പദ്ധതി:-</u>

1. സംരംഭകരുടെ ചെലവിൽ പദ്ധതിയിൽനിന്നും Power evacuation ചെയ്യുന്നതിനുള്ള സബ്സ്റ്റേഷൻ, ലൈൻ എന്നിവ KSEBL ചെയ്തുകൊടുക്കുന്നു.

2. പദ്ധതിയുടെ സർവ്വേയും Project Report തയ്യാറാക്കുന്നതിലേക്കും MNRE യും കേന്ദ്ര സർക്കാറും നൽകുന്ന Incentive നൽകുന്നുണ്ട്.

3. Water Cess-ൽനിന്നും പ്രോജക്ടുകളെ ഒഴിവാക്കിയിട്ടുണ്ട്.

ഇവ കൂടാതെ വിതരണ ലൈസൻസി ഉപയോഗിക്കുന്ന മൊത്തം വൈദ്യുതിയുടെ 3 ശതമാനം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വാങ്ങണമെന്നും അതിൽ 0.25 ശതമാനം സോളാർ പദ്ധതിയിൽ നിന്നായിരിക്കണമെന്നും KSERC ഉത്തരവാക്കിയിട്ടുണ്ട്.

Clean Development Mechanism (CDM) benefit ഉം REC Certificate

ഉം ഉൽപ്പാദകർക്ക് ലഭിക്കുന്നുണ്ട്.

## ട്രാൻസ്ഫോർമറുകൾക്ക് ചുറ്റുവേലി

**65 (405)** <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുറ്റുവേലിയില്ലാത്തതും കാലപ്പഴക്കം കൊണ്ട് ചുറ്റുവേലി നശിച്ചതുമായ വൈദ്യുത ട്രാൻസ്ഫോർമറുകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പലപ്പോഴും കുട്ടികളുൾപ്പെടെയുള്ളവർക്ക് അപകടത്തിന് ഇടയാക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ എല്ലാ ട്രാൻസ്ഫോർമറുകൾക്കും സുരക്ഷിതമായ ചുറ്റുവേലി സ്ഥാപിച്ച് സംരക്ഷണം ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഘട്ടംഘട്ടമായി എല്ലാ ട്രാൻസ്ഫോർമറുകൾക്കും സുരക്ഷിതമായ ചുറ്റുവേലി സ്ഥാപിച്ച് സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഡിപ്ലോമക്കാർക്ക് പ്രൊമോഷൻ

**66 (406)** <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ഡിപ്ലോമക്കാർക്ക് പ്രൊമോഷൻ ലഭ്യമാക്കുവാൻ ഏതെങ്കിലും തരത്തിൽ സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സീനിയോരിറ്റി പ്രൊട്ടക്ഷൻ ക്ലോസ്.

കെ.എസ്.ഇ.ബി.യിൽ എ.ഇ.ഇ. തസ്തികയിലേയ്ക്ക് ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽനിന്നും ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരിൽനിന്നും യഥാക്രമം 75:25 എന്ന ക്വാട്ട പ്രകാരമായിരുന്നു പ്രൊമോഷൻ നൽകിക്കൊണ്ടിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് G.O. (P) No.64/2010/WRD തീയതി 25-9-2010 പ്രകാരം, സീനിയറും യോഗ്യരുമായ ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാർ ലഭ്യമായിരിക്കെ, ജൂനിയറായ ഡിപ്ലോമക്കാരനായ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാനക്കയറ്റത്തിന് അർഹനല്ല. 11-2-2011-ലെ ബോർഡ് ഉത്തരവ് B.O.(FM) No. 479/2011/CE (HRM) GENL/2/AE-AEE(E) 2011 പ്രകാരം പ്രസ്തുത നിബന്ധന കെ.എസ്.ഇ.ബി.യിലും പ്രാബല്യത്തിൽ വരുത്തി. KSEBL-ൽ ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരേക്കാൾ സീനിയറായി ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരുള്ളതിനാൽ, നിലവിൽ ഡിപ്ലോമധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി സ്ഥാനക്കയറ്റം നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

(ബി) ഈ വിഷയം കോടതിയുടെ പരിഗണനയിലുള്ളതാകയാൽ കോടതി വിധിക്കനുസൃതമായി മാത്രമേ ബോർഡിന് നടപടി സ്വീകരിക്കാനാവുകയുള്ളൂ.

**വൈദ്യുതി പ്രതിസന്ധി**

**67 (407)** <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അണക്കെട്ടുകളിൽ ഭേദപ്പെട്ട നിലയിൽ ജലശേഖരമുണ്ടായിട്ടും കേരളം കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന് വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയുടെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ ദൈനംദിന ശരാശരി വൈദ്യുതി ഉപഭോഗം എത്രയാണ് ; കേന്ദ്രപൂൾ, സംസ്ഥാന വിഹിതം അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവയുടെ കണക്കുകൾ വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തിന്റെ വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) കേരളത്തിലെ ജലസംഭരണികളിൽ ശേഖരിച്ചിട്ടുള്ള ജലവും ഇനി പ്രതീക്ഷിക്കുന്ന നീരൊഴുക്കും കണക്കിലെടുത്താൽ 2014 മാർച്ച് വരെ 2900 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനത്തിനാവശ്യമായ ജലമാണുള്ളത് എന്നാണ് കണക്കാക്കപ്പെടുന്നത്. വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നതായിട്ടാണ് അനുഭവപ്പെടുന്നത്, പ്രത്യേകിച്ച് പീക്ക് ലോഡ് സമയങ്ങളിൽ.

പവർ എക്സ്ചേഞ്ച്/ട്രേഡർമാർവഴി മറ്റു സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങിയും വിലകൂടിയ താപവൈദ്യുതി ഉപയോഗിച്ചുമാണ് ഈ അന്തരം നികത്തുന്നത്. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ടിരിക്കുന്ന വൈദ്യുതി വാങ്ങൽ കരാറുകൾ പ്രകാരമുള്ള വൈദ്യുതിമുഴുവൻ ഇടനാഴികളുടെ അഭാവംമൂലം കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നില്ല. അധിക പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനും കൂടുതൽ പ്രസരണ ലൈനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും കേരളം നിരന്തരം പരിശ്രമിച്ചുവരുന്നു. കൂടാതെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ കാരണവും തദ്ദേശ വാസികളുടെ എതിർപ്പുകളും കാരണം പുതിയ വൈദ്യുതപദ്ധതികൾ തുടങ്ങാൻ കാലതാമസവും നേരിടുന്നു.

(സി) 2014 നവംബർ മാസം 25-ാം തീയതിവരെയുള്ള കണക്കുപ്രകാരം ശരാശരി വൈദ്യുതി ഉപഭോഗം 59.34 ദശലക്ഷം യൂണിറ്റാണ്. കേന്ദ്ര വിഹിതമായി ലഭിച്ചത് ശരാശരി 26 ദശലക്ഷം യൂണിറ്റാണ്. അയൽ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിന് വിഹിതമൊന്നുമില്ല. എന്നാൽ അന്തർ സംസ്ഥാന ലൈനുകളിൽകൂടി കേന്ദ്ര വിഹിതം deviation URS എക്സ്ചേഞ്ച് വഴിയും ട്രേഡർമാർ വഴിയും വൈദ്യുതി വാങ്ങുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ഉപഭോഗത്തിനനുസരിച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിക്കുന്നില്ല. ലഭ്യതയ്ക്കും ആവശ്യത്തിനും ഇടയിലുള്ള അന്തരം നികത്തുന്നതിന് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം കൂട്ടുകയും പ്രസരണ-വിതരണ നഷ്ടം, വൈദ്യുതി ഉപഭോഗം എന്നിവ കുറയ്ക്കുകയുമാണ് വേണ്ടത്. പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡുതലത്തിൽ നിരവധി നടപടികൾ സ്വീകരിക്കുന്നു.

ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതുവഴി വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി Demand Side Management പ്രവൃത്തികളും ബോർഡുതലത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചും നവീകരിക്കാവുന്ന സ്രോതസ്സുകളുപയോഗിച്ചുള്ള പദ്ധതികൾവഴിയും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചുവരുന്നു. എന്നാൽ ഖനിജ ഇന്ധനങ്ങളുപയോഗിച്ചുള്ള ഒരു വൻകിട പദ്ധതിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനായി ഇപ്പോൾ നിർമ്മാണത്തിലുള്ള 400 കെ.വി. മൈസൂർ-അരീക്കോട്, 400 കെ.വി. ഇടമൺ-കൊച്ചി ലൈനുകളുടെ നിർമ്മാണം ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് പൂർത്തിയാക്കാൻ സംസ്ഥാന സർക്കാരും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും നടപടികൾ സ്വീകരിച്ചുവരുന്നു. ടി ലൈനുകൾ PGCIL ആണ് നിർമ്മിക്കുന്നത് . കൂടാതെ 400 കെ.വി ഉടുപ്പി-കാസർഗോഡ്-കോഴിക്കോട് ലൈനിനും SRPC യിൽ അനുമതി ലഭിച്ചിട്ടുണ്ട് .

## കിനാലൂർ 110 കെ. വി. സ്റ്റേഷൻ

**68 (408)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജൂലൈ 1-ന് ബാലുശ്ശേരി അസംബ്ലി മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ച വേദിയിൽ ബഹു.ഊർജ്ജവകുപ്പ് മന്ത്രി പ്രഖ്യാപിച്ച കിനാലൂർ 110 കെ. വി. സ്റ്റേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ ;

(സി) നിർമ്മാണ തുക ലഭ്യമാക്കാമെന്ന് KSIDC അറിയിച്ചിട്ടുണ്ടോ ;

(ഡി) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിലെ തടസ്സം എന്താണെന്ന് അറിയിക്കാമോ ;

(ഇ) ഇതു സംബന്ധിച്ച ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്ന കാര്യം പരിഗണിക്കുമോ ?

### ഉത്തരം

(എ) കിനാലൂരിൽ ഒരു 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ബോർഡ് ഭരണാനുമതി നൽകിയിട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയിൽ കെ.എസ്.ഐ .ഡി.സി-യുടെ വിഹിതത്തിൽ 25% ആദ്യം അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ലഭ്യമായിട്ടില്ല.

(സി) അംഗീകൃത എസ്റ്റിമേറ്റ് തുകയുടെ കെ.എസ്.ഐ.ഡി.സി.-യുടെ ഭാഗത്തിന്റെ 25% അടയ്ക്കാമെന്ന് 27-8-2014-ൽ ചേർന്ന യോഗത്തിൽ കെ.എസ്.ഐ.ഡി. സിയുമായി ധാരണയിലെത്തിയിരുന്നു. ബാക്കിയുള്ള തുക ബോർഡ് ആവശ്യപ്പെടുന്നതനുസരിച്ച് തവണകളായി കെ.എസ്.ഐ.ഡി.സി-അടയ്ക്കുന്നതാണെന്നും തീരുമാനിച്ചു.

(ഡി) നിർമ്മാണ പ്രവൃത്തികളുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പരിഗണിക്കാവുന്നതാണ്.

**പുതിയ 33/110 കെ.വി.സബ്സ്റ്റേഷനുകൾ**

**69 (409)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര 110 കെ. വി. സബ്സ്റ്റേഷനുകളും 33 കെ.വി. സബ്സ്റ്റേഷനുകളും അനുവദിച്ചു ; ഏതെല്ലാം സ്ഥലങ്ങളിൽ ആണ് അനുവദിച്ചത് എന്ന് വിശദീകരിക്കാമോ ;

(ബി) പുതുതായി ഏതെല്ലാം സ്ഥലങ്ങളിലാണ് 33, 110 കെ. വി. സബ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) രാജപുരത്ത് 110 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് പറയാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച 110 കെ.വി., 33 കെ.വി. സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

<u>110 കെ. വി. സബ്സ്റ്റേഷനുകൾ</u> :

1. പുളികൽ
2. കളിപൊയ്ക
3. എടക്കര (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)
4. നെടുംപൊയിൽ (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)
5. അങ്കമാലി 66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)
6. നിലമ്പൂർ (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)
7. 66 കെ.വി. അമ്പലവയൽ (110 കെ.വി. നിലവാരത്തിൽ)
8. പുതുപ്പള്ളി
9. പന്തലക്കോട്
10. പാമ്പാടി (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)
11. കാഞ്ഞിരപ്പള്ളി (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)
12. അടൂർ (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)

13 വിഴിഞ്ഞം (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)

<u>33 കെ.വി. സബ്സ്റ്റേഷനുകൾ.</u>

1. ഫറോക്ക്
2. വൈദ്യുതി ഭവനം, പാലക്കാട്
3. കാസർഗോഡ്
4. കാഞ്ഞങ്ങാട്ടൗൺ
5. കേളകം

6. മഞ്ചേരി സൗത്ത്

7. രാജപുരം

8. വിളകുളം

9. ആര്യനാട്

10. വൈദ്യുതി ഭവനം, പട്ടം

11. പാറ്റൂർ, തിരുവനന്തപുരം

12. ഗാന്ധി നഗർ, കൊച്ചി

(ബി) പുതുതായി ആരംഭിക്കുവാൻ പരിഗണനയിലുള്ള/സാധ്യതാ പഠനം നടത്തിവരുന്ന 110/33 കെ.വി. സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

110 കെ.വി. സബ്സ്റ്റേഷനുകൾ :

1. പാണക്കാട്

2. വല്ലപ്പുഴ

3. മുട്ടം

4. ന്യൂ മൂവാറ്റുപുഴ

5. മുട്ടത്തറ

6. ചിങ്ങവനം

7. വാഴൂർ

8. തേവലക്കര

9. കാവാലം

10. ഇരമല്ലൂർ

11. ചൊവ്വര

12. കരുനാഗപ്പള്ളി (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)

13. അഞ്ചൽ (66 കെ.വി., 110 കെ.വി. ആക്കി ശേഷി വർദ്ധിപ്പിക്കൽ)

33 കെ.വി. സബ്സ്റ്റേഷനുകൾ :

1. ഒലവക്കോട്

2. കടമ്പഴിപ്പുറം

3. വരന്തിരപ്പിള്ളി

4. കുമിളി

5. മുരിക്കാശ്ശേരി

6. വണ്ടൻമേട്

7. പുതുക്കുറിച്ചി

8. ആറ്റുകാൽ

9. കുമരകം

10. കാവതാറ്റിൻകര

11. കൃഷ്ണപുരം

(സി) രാജപുരത്ത് 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**കൂടംകുളം 400 കെ. വി. വൈദ്യുതിലൈൻ**

**70 (410)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം 400 കെ.വി. വൈദ്യുതി ലൈൻ നിർദ്ദിഷ്ട പാതയിൽക്കൂടി വലിക്കാൻ ആക്ഷൻ കൗൺസിലുമായി സർക്കാർ എത്തിയ ധാരണകൾ എന്തെല്ലാമാണ് ; സർക്കാർ അംഗീകരിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ധാരണകൾക്ക് ശേഷം വൈദ്യുതി ലൈൻ വലിക്കുന്നതിലുണ്ടായ പുരോഗതി വിശദമാക്കാമോ ;

(സി) പവർഗ്രിഡ് കോർപ്പറേഷനും സർക്കാരും നഷ്ടപരിഹാര പാക്കേജ്

നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്താണ് ;

(ഡി) ടവർ ലൈൻ നിർമ്മാണം ഇന്നത്തെ നിലയിൽ ഏത് തീയതിക്കകം പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ റൂട്ടിൽ ലൈൻ വലിക്കുമ്പോൾ കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ടി ലൈൻ റൂട്ടിലേക്കായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ടി ഉത്തരവ് പുറപ്പെടുവിച്ച ശേഷവും ഭൂവുടമകളുടെ എതിർപ്പുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനായിട്ടില്ല.

(സി) ഇടമൺ-കൊച്ചി 400 കെ.വി. റൂട്ടിലേക്കായിമാത്രം 19-8-2014-ലെ (എംഎസ്.) 27/14/ഊ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ അപേക്ഷ പ്രകാരം കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾ പരിഹരിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മങ്കട 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി**

**71 (411)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട 66 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) മങ്കട 66 കെ.വി. സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മങ്കട സബ്സ്റ്റേഷനും ബന്ധപ്പെട്ട ലൈൻ നിർമ്മാണവും ഉൾപ്പെടെ ആകെ 62% ത്തോളം പണി പൂർത്തീകരിച്ചു.

(ബി) 31-1-2015 നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ ഊർജ്ജ പദ്ധതികൾ**

**72 (412)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഊർജ്ജ വകുപ്പ് മന്ത്രിയുടെ ഭരണ ചുമതലയിലുള്ള ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാ ഇതിനകം ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും എന്തുതുക നീക്കിവച്ചെന്നും ഇതിനകം എന്തു തുക ചിലവഴിച്ചെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി)

<u>RAPDRP</u>

RAPDRP Part B പദ്ധതിയിൻകീഴിൽ 1078.30 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ഇതിൽ നാളിതുവരെ 283.4 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

<u>RGGVY</u>

RGGVY പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ഒഴികെയുള്ള കേരളത്തിലെ

13 ജില്ലകളിലായി 203 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചത്. ഇതിൽ നാളിതുവരെ 129 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ജലവൈദ്യുത പദ്ധതികൾക്ക് നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 152 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനകം 77.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം- മിഷൻ 676

**73(413)** <u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. എ. റ്റി. ജോർജ്ജ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u>:
<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കുവാൻ മിഷൻ 676 -ൽ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

(എ - സി) മിഷൻ 676 പ്രകാരം 8.7 ലക്ഷം കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ 100 ദിനത്തിൽ 1 ലക്ഷം കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,15,000 കണക്ഷനും 201 മുതൽ 300 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 301 മുതൽ 400 വരെ ദിവസങ്ങളിൽ

1,35,000 കണക്ഷനും 401 മുതൽ 500 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും 501 മുതൽ 600 വരെ ദിവസങ്ങളിൽ 1,31,000 കണക്ഷനും 601 മുതൽ 676 വരെ ദിവസങ്ങളിൽ 1,29,000 കണക്ഷനുകളും നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യത്തെ 100 ദിനത്തിൽ 1,09,806 കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,03,899 കണക്ഷനും ഉൾപ്പെടെ ആകെ ഇതുവരെ 2,13,705 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവൽക്കരണം ലക്ഷ്യമിട്ട്, മിഷൻ 676-ൽ ഉൾപ്പെടുത്തി രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന (RGGVY) എന്ന കേന്ദ്ര പദ്ധതിയിൽ 200 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശം. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ സമ്പൂർണ്ണ വൈദ്യുതീകരണം 30-11-2014-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലബാറിലെ ആർ.ജി.ജി.വി.വൈ. പദ്ധതിയുടെ പൂർത്തീകരണവും സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനവും 26-07-2014-ൽ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിയിൽ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ പുരോഗതി ഭരണ തലത്തിൽ നിരീക്ഷിച്ചുവരുന്നു. ആർ.ജി.ജി.വി.വൈ.പദ്ധതി നടപ്പാക്കുന്നതിന്റെയും മലബാർ പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെയും പുരോഗതി വിലയിരുത്തുന്നതിനായി ഊർജ്ജ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉദ്യോഗസ്ഥരുടെ ഒരു യോഗം 21-7-2014-ൽ ചേരുകയും ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**മലപ്പുറം ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ ഒഴിവുകൾ**

**74 (414)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ KSEB മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ PSC-യെ അറിയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് ഇപ്പോൾ PSC റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഒഴിവുകളുണ്ടെങ്കിൽ അവ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 38 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താവുന്നതാണ്.

**ശബരി റെയിലിന്റെ നിർമ്മാണ പുരോഗതി**

**75 (415)** <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ശബരി റെയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ ;

(ബി) അങ്കമാലി മുതൽ എരുമേലിവരെയുള്ള പാതയുടെ അലൈൻ മെന്റ് നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ടോ ; ഇവിടെവരെ ലൈൻ എത്തിക്കുന്നതിന് എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത് ; ഇതിനകം എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട് ;

(സി) എരുമേലിമുതൽ പുനലൂർവരെ പ്രസ്തുത ലൈൻ ദീർഘിപ്പിക്കു ന്നതിന് സാധ്യതാപഠനം നടത്തുകയുണ്ടായോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അങ്കമാലി മുതൽ കാലടി വരെയുള്ള റെയിൽവേ ലൈനിന്റെ പണികൾ പൂർത്തിയായി വരുന്നു. റെയിൽ ഇടുന്ന പണി മാത്രമാണ് പൂർത്തിയാവാനുള്ളത്. ആയത് 31-12-2014-നകം പൂർത്തിയാക്കുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽവേ ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് ജില്ലാ കളക്ടർ സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ആയത് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. ആയത് നാളിതുവരെ റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടില്ല. ആയത് അംഗീകരിച്ച ശേഷം അന്തിമ ലൊക്കേഷൻ സർവ്വേ നടത്തിയെങ്കിൽ മാത്രമേ എത്ര ഹെക്ടർ സ്ഥലം ആണ് ഏറ്റെടുക്കേണ്ടതെന്ന് നിശ്ചയിക്കാൻ കഴിയുകയുള്ളൂ. എറണാകുളം ജില്ലയിൽനിന്നും 9.90 ഹെക്ടർ ഭൂമി ഇതിനോടകം റെയിൽവേ ഏറ്റെടുത്തിട്ടുണ്ട്.

(സി) നടത്തുകയുണ്ടായി.

## കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കോച്ചുകൾ നിർമ്മിച്ചുനൽകുവാനുള്ള ടെണ്ടർ

**76 (416)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോറെയിൽ പദ്ധതിക്ക് കോച്ചുകൾ നിർമ്മിച്ചു നൽകുവാനുള്ള ടെണ്ടർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ ;

(ബി) ടെണ്ടറിൽ ഏതെല്ലാം കമ്പനികൾ പങ്കെടുക്കുകയുണ്ടായി ; യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെ ; ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഏത് കമ്പനിയുടെ എത്ര തുകയ്ക്കുള്ള ടെണ്ടറാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ടെണ്ടറിൽ കൂടുതൽ മത്സരം ഉണ്ടാകുന്നതിനായി സ്വീകരിച്ച നടപടി എന്തായിരുന്നു ;

(ഡി) സെലക്ട് ചെയ്ത കമ്പനി ഇന്ത്യയിൽ മറ്റേതെല്ലാം പദ്ധതികൾക്ക് കോച്ചുകൾ സപ്ലൈ ചെയ്യുവാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കുകയുണ്ടായോ; ഏതെല്ലാം പദ്ധതികൾക്ക് എന്ത് നിരക്കുകളിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നറിയാമോ ; ഇതു സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ- ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്. 11-3-2014-ൽ.

(ബി) റോട്ടം-ബീ.ഇ.എം.എൽ. കൺസോർഷ്യം, കൺസോർഷ്യം ഓഫ് അൽസ്റ്റോം ട്രാൻസ്പോർട്ട് ഇന്ത്യ ലിമിറ്റഡ് ആന്റ് അൽസ്റ്റോം എസ്.എ., എന്നീ രണ്ടു കമ്പനികൾ പങ്കെടുക്കുകയും യോഗ്യതനേടുകയും ചെയ്തിട്ടുണ്ട്.

ഇതിൽ റോട്ടം ബീ.ഇ.എം.എൽ. കൺസോർഷ്യം 874,34,70,497-രൂപയും കൺസോർഷ്യം ഓഫ് എ.ടി.ഐ.എൽ. ആന്റ് എ.ടി.എസ്.എ. 679,72,43,191-രൂപയും ക്വാട്ട് ചെയ്തിട്ടുമുണ്ട്.

(സി) പൂർത്തിയായിട്ടുണ്ട്.

കൺസോർഷ്യം ഓഫ് അൽസ്റ്റോം ട്രാൻസ്പോർട്ട് ഇന്ത്യ ലിമിറ്റഡ് ആന്റ് അൽസ്റ്റോം എസ്.എ.യുടെ 679,72,43,191-രൂപയുടെ ടെണ്ടറാണ് അംഗീകരിച്ചത്. ടെണ്ടറിൽ കൂടുതൽ മത്സരം ഉണ്ടാകുന്നതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. മെട്രോ കോച്ചുകളുടെ വീതി 2.9 മീറ്ററിൽ കൂടാത്ത വിധത്തിൽ, സിവിൽ സ്ട്രക്ചറിന്റെ പൊതുവായ പ്രതലത്തിന്റെ അളവുകൾ ഉൾപ്പെടെ ഇതര അളവുകൾ ക്രമീകരിച്ചു.

2. മെട്രോ കോച്ചുകളുടെ നിർമ്മാണത്തിന് ഉപകരാറുകൾ നൽകുന്നതിന് അനുവദിച്ചു.

3. ആദ്യ മാതൃകാ ട്രെയിനുകൾ (Prototype Trains) സപ്ലൈ ചെയ്യുന്നതിനുള്ള സമയപരിധി ആറാഴ്ചക്കാലത്തേയ്ക്ക് നീട്ടി നൽകി, അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധികളിലും സമാനമായ മാറ്റം അനുവദിച്ച് നൽകി.

4. യോഗ്യതാ മാനദണ്ഡമെന്ന നിലയിൽ മെട്രോ കോച്ചുകളുടെ നിർമ്മാണം നിർവ്വഹിക്കുന്ന രാജ്യങ്ങൾക്ക് വെളിയിൽ കരാറിലേർപ്പെട്ട ഇതര 3 വ്യത്യസ്ത രാജ്യങ്ങളിലെ കരാറുകളിൽ ഏറ്റവും കുറഞ്ഞത് 50 കോച്ചുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്ന സമയപരിധി 5 വർഷത്തിൽനിന്നും 3 വർഷമായി കുറച്ചു.

5. ബി.എം.ആർ.സി.എൽ. ആവിഷ്കരിച്ച കൈൻമാറ്റിക് എൻവലപ്പുകളുമായി (Kinematic Envelop) പൂർണ്ണമായി താദാത്മ്യം പ്രാപിക്കണമെന്ന നിബന്ധനകളിൽ ഇളവ് വരുത്തി, കൈൻമാറ്റിക് എൻവലപ്പുകളിൽ വ്യതിരിക്തത പുലർത്തുന്ന ഇതര വിതരണക്കാരെക്കൂടി അവരുടെ തനതായ ഡിസൈനുകൾ സമർപ്പിച്ച് ലേലത്തിൽ പങ്കെടുപ്പിക്കുന്നതിന് അവസരം നല്കി.

6. മെട്രോ കോച്ചിന്റെ നീളം നേരത്തെ നിശ്ചയിച്ച 22 മീറ്ററിൽനിന്നും 23 മീറ്ററായി കൂട്ടി നിജപ്പെടുത്തി.

7. ട്രെയിനിന്റെ ആകെ നീളം 65 മീറ്ററിൽനിന്നും 70 മീറ്ററാക്കി ഉയർത്തി നിശ്ചയിച്ചു.

8. കോച്ചുകളുടെ ആക്സിൽ ലോഡ് നേരത്തെ നിശ്ചയിച്ച 15 ടണ്ണിൽനിന്നും 16 ടണ്ണായി വർദ്ധിപ്പിച്ചു.

(ഡി) പരിശോധിക്കുകയുണ്ടായി, പക്ഷേ ചെന്നൈ മെട്രോയ്ക്ക് വിതരണം നൽകിയ നിരക്ക് ലഭ്യമല്ല.

കൊച്ചി മെട്രോ പ്രോജക്ടിന് റോളിംഗ് സ്റ്റോക്ക് സംഭരിക്കുന്ന ചുമതല ഡി.എം.ആർ.സി.ക്കാണ്. കൊച്ചിൻ മെട്രോ കോച്ചുകളുടെ സംഭരണവില ബാംഗ്ലൂർ മെട്രോയ്ക്ക് വിതരണം ചെയ്ത വിലയെക്കാൾ മൊത്തത്തിൽ 27.98% കുറവോ അഥവാ കോച്ച് 1-ന് 3.52 കോടി രൂപ കുറവോ ആണ് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

**റെയിൽവേ വികസനത്തിന് നടപടി**

**77 (417)** <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> :

ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ അടിയന്തര ശ്രദ്ധപതിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വികസനക്കാര്യത്തിൽ മുൻഗണന നൽകേണ്ട പദ്ധതികളെ സംബന്ധിച്ച് നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിവരം വ്യക്തമാക്കുമോ ;

(സി) സ്ഥല സൗകര്യം ലഭ്യമായ സ്റ്റേഷനുകളുടെ വികസനത്തിനു മുൻഗണന നൽകുന്നകാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15 -ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ 30-5-2014-ലെ ബഹു. മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും മുൻ കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയിരുന്നു.

തുടർന്ന് 9-7-2014-ന് അവതരിപ്പിക്കപ്പെട്ടുന്ന റെയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽപറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റെയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹു. എം.പി. മാരോടും റെയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും തുടർന്ന് 2015-16-ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റു നിർദ്ദേശങ്ങൾ കൂടി ബഹു. എം.പി. മാരോട് ആവശ്യപ്പെട്ടതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ അവ പരിഗണിച്ച് ആവശ്യമായ തുകകൾ വകയിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന വിശദമായ മെമ്മോറാണ്ടത്തിന്റെ കരട് തയ്യാറാക്കുകയും ടി മെമ്മോറാണ്ടം 19-11-2014-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന എം.പി.മാരുടെ യോഗത്തിൽ വച്ച് ആദ്യ അജണ്ടാ വിഷയമായി ചർച്ച ചെയ്യുകയും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ മെമ്മോറാണ്ടം 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ അവ ഉൾപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകുവാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി വിശദമായ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ സത്വര നടപടി സ്വീകരിച്ചുവരുന്നു.

(സി) മുൻഗണന നൽകുന്നുണ്ട്. ഇതനുസരിച്ച് കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367- രൂപ റെയിൽവേയ്ക്ക് ഈ സാമ്പത്തിക വർഷം (2014-15) നൽകിയിട്ടുണ്ട്.

**റെയിൽവേ വികസനത്തിൽ കേരളം നേരിടുന്ന അവഗണന**

**78 (418)** <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേമേഖലയിൽ അടിസ്ഥാനസൗകര്യമൊരുക്കുന്നതിലുള്ള കേന്ദ്രത്തിന്റെ അവഗണന വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, സിഗ്നൽ നവീകരണം

തുടങ്ങി അടിസ്ഥാന വികസനത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന പരിഗണന കേരളത്തിന് ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് റെയിൽവേ വികസനത്തിന് ചെയ്തുകിട്ടേണ്ട പദ്ധതികൾ നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തുന്നുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ;

<u>ഉത്തരം</u>

(എ) റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽനിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേയ്ക്ക് നൽകുന്നതിനുണ്ടായ തടസ്സങ്ങളും കാരണം പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അലംഭാവം ഒന്നും കാണിക്കുന്നില്ല. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

**ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും അളവും**

## ഗുണമേന്മയും ഉറപ്പുവരുത്താൻ നടപടി

**79 (419)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുവാൻ സംസ്ഥാന സർക്കാർ ഏതു രീതിയിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് റെയിൽവേ നിഷ്കർഷിച്ചിട്ടുള്ള വിലയും അളവും എത്രയൊക്കെയാണെന്നും ഇതു സംബന്ധിച്ച പരാതികൾ എവിടെയാണ് ഉന്നയിക്കേണ്ടതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് റെയിൽവേയുടെ നയപ്രകാരമാണ്. എന്നിരുന്നാലും ഒറ്റപ്പെട്ട സംഭവങ്ങളെത്തുടർന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ട്രെയിനുകളിലും പ്ലാറ്റ്ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും ചേരുവകളും അളവും ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രി കാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21-12-2012 -ലെ കമ്മേർഷ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കുലർ അനുബന്ധമായി വച്ചിരിക്കുന്നു.*

പരാതികൾ യാത്രക്കാർക്ക് സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ

നേരിട്ട് രേഖപ്പെടുത്തുകയോ, പരാതി എഴുതി സീനിയർ ഡിവിഷണൽ കമ്മേഷ്യൽ മാനേജർക്ക് നേരിട്ടോ തപാൽമുഖേനയോ നല്കാവുന്നതും ഇന്റർനെറ്റിൽ റെയിൽവേയുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും റെയിൽവേ സ്വീകരിക്കുന്നതാണ്.

**പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികൾ**

**80 (420)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) ഇത്തരം പദ്ധതികളെ പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികളുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ഭൂമിഏറ്റെടുക്കൽ ആവശ്യമുള്ളതായി വരുന്ന സന്ദർഭങ്ങളിൽ യഥാസമയം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ;

(ഡി) കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇത് അടിയന്തിരമായി പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഖ്യമായും പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും ഗേജ് മാറ്റവും

അങ്കമാലി-ശബരി റെയിൽ പാതയുമാണ് സംസ്ഥാനത്ത് ഇനിയും പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികൾ.

(ബി) സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തി നാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തു ന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക ബഹു. മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാന സർക്കാർ 30-5-2014-ന് പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

തുടർന്ന് 9-7-2014-ന് അവതരിപ്പിക്കപ്പെടുന്ന റെയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റെയിൽ വേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹു. എം.പി.മാരോടും റെയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ 21-6-2014-ന് ആവശ്യപ്പെടുകയും 2015-16-ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റു നിർദ്ദേശങ്ങൾ ബഹു. എം.പി. മാരോട് 15-10-2014-ലെ എന്റെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന എല്ലാ എം.പി.മാരോടും മറ്റ് ബന്ധപ്പെട്ടവരോടും ആവശ്യപ്പെടുകയും ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ അവ പരിഗണിച്ച് ആവശ്യമായ തുകകൾ വകയിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന വിശദമായ മെമ്മോറാണ്ടത്തിന്റെ കരട് തയ്യാറാക്കുകയും 19-11-2014-ന് തിരുവനന്തപുരത്ത് വച്ച് നടന്ന എം.പി.മാരുടെ യോഗത്തിൽവച്ച് ആദ്യ അജണ്ടാ വിഷയമായി പ്രസ്തുത മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി അന്തിമമായി മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധനൽകുന്നുണ്ട്.

(ഡി&ഇ) പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ആവശ്യമുള്ള ഭൂമിയിലുൾപ്പെടുന്ന വനഭൂമിക്കുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ

ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന വിശദമായ മെമ്മോറാണ്ടത്തിൽ ആദ്യ ഇനമായി തന്നെ പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കണമെന്നും അതിനാവശ്യമായ തുകകൾ വകയിരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## റിസ്ക് ഫണ്ട് പദ്ധതി

**81 (421)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി എന്നാണ് നിലവിൽ വന്നത് ; ആയത് എത്രത്തോളം വിജയകരമായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് വായ്പാർത്ഥികൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത് ;

(സി) വായ്പയെടുത്ത വ്യക്തി മാരകരോഗങ്ങൾക്ക് അടിമയാണെങ്കിൽ കടാശ്വാസം ലഭിക്കുന്നതിന് റിസ്ക് ഫണ്ടിൽ വ്യവസ്ഥയുണ്ടോ ; ഇല്ലെങ്കിൽ ആയത് വ്യവസ്ഥ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 18-11-2008-ലെ സ.ഉ.(കൈ) നമ്പർ 249/2008/സഹ. നമ്പർ ഉത്തരവ് പ്രകാരം 2008 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തോടെ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നു. വളരെ തുച്ഛമായ ഒറ്റത്തവണ പ്രീമിയം ഈടാക്കി വായ്പ എടുത്ത അംഗം വായ്പാ കാലാവധിക്കുള്ളിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ്

മാസത്തിനുള്ളിലോ മരണപ്പെട്ടാൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നുണ്ട്. കൂടാതെ വായ്പ എടുത്തശേഷം റിസ്ക് ഫണ്ട് സ്കീമിൽ പ്രതിപാദിക്കുന്ന 5 മാരക രോഗങ്ങളിൽ ഏതെങ്കിലും ഒരു രോഗംമൂലം വായ്പ ബാധ്യത തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന വായ്പാ കേസ്സുകളിൽ 75,000-രൂപ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി എഴുതി ത്തള്ളുന്നുണ്ട്. റിസ്ക് ഫണ്ട് സ്കീമിന്റെ പ്രവർത്തനം വിജയകരമാണ്. മരണപ്പെട്ടവരുടെ ആശ്രിതർക്കും മാരക രോഗം ബാധിച്ചവർക്കും ആനുകൂല്യമായി 31-10-2014 വരെ 13,894 വായ്പക്കാർക്കായി 88.57 കോടി രൂപ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) റിസ്ക് ഫണ്ട് പദ്ധതിയെ സംബന്ധിച്ച് വായ്പാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ അവലം ബിച്ചിട്ടുണ്ട്.

1. വായ്പക്കാരെ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാക്കണമെന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് സഹകരണ വകുപ്പിന്റെ www.cooperation.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയെ സംബന്ധിച്ച ലഘുവായ വിവരണം വെബ്സൈറ്റിൽ“ Risk fund scheme” എന്ന ടൈറ്റിലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. മാരക രോഗം ബാധിച്ചവർക്ക് ആശ്വാസം നൽകുന്നതിനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയ 2012 വർഷത്തിലും 2014 വർഷത്തിലും പൊതുജനങ്ങൾക്ക് സ്കീമിനെക്കുറിച്ച് അവബോധം ഉണ്ടാകുന്നതിനായി എല്ലാ മുഖ്യ വർത്തമാന പത്രങ്ങളിലും സർക്കാർ പരസ്യം നൽകിയിരുന്നു.

3. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ www.kcdwfb.com എന്ന വെബ്സൈറ്റിൽ റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാണ്. സഹകരണ വകുപ്പിന്റെ വെബ്സൈറ്റും ബോർഡിന്റെ വെബ്സൈറ്റുമായി ലിങ്ക് ചെയ്തിട്ടുണ്ട്.

4. സ്കീം നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ബ്രോഷറുകളും ലഘുലേഖകളും

നൽകിയിട്ടുണ്ട്.

5. പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ടി സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്നവർക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

(സി) വായ്പ എടുത്തശേഷം വായ്പക്കാരന് മാരകരോഗം ബാധിച്ച് വായ്പ ബാധ്യത തീർക്കാൻ കഴിയാതെ വരുന്ന കേസ്സുകളിൽ വായ്പാ മുതൽ ഇനത്തിൽ പരമാവധി 75,000-രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകാനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സഹകരണ ബാങ്ക് പ്രതിസന്ധി

**82 (422)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം ഗ്രാമപഞ്ചായത്തിൽ താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപകർക്ക് പണം തിരികെ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ലോൺതുകയിൽ കുടിശിക ഇനത്തിലുള്ള തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾക്കായി 30-9-2014 തീയതിയിൽ പി. അയിഷാ പോറ്റി എം.എൽ.എ, ബഹു.സഹരണ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ;

(ബി) ബാങ്കിൽ സെയിൽ ആഫീസർ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ബാങ്കിൽ ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ ; ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിക്ഷേപകർക്ക് പണം തിരികെ ലഭിക്കാത്തതും, കുടിശ്ശിക ഇനത്തിലുള്ള

വായ്പ തിരികെ ഈടാക്കുന്നതിനും സെയിൽ ആഫീസറെ നിയമിക്കുന്ന വിഷയത്തിലും തീരുമാനമായിട്ടില്ല എന്നും പരാമർശിച്ച് സർക്കാരിൽ നിവേദനം ലഭിക്കുകയുണ്ടായി. നിക്ഷേപ ഇനത്തിൽ നല്കാനുള്ള 14.67 കോടി രൂപ (2012-13 ആഡിറ്റ് പ്രകാരം) തിരികെ നല്കുന്നതിന് വായ്പ ഇനത്തിൽ നൽകിയിട്ടുള്ള തുക തിരികെ ഈടാക്കിയെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. സെയിൽ ആഫീസർ തലത്തിൽ കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ആർബിട്രേഷൻ എക്സിക്യൂഷൻ ഇൻസ്പെക്ടർ ആണ് സെയിൽ ജോലികൾ നിർവ്വഹിച്ചു വരുന്നത്.

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിന്മേൽ നടപടി സ്വീകരിച്ചതിന്റെ പുരോഗതിയും തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും 5-11-2014-ൽ സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം വിളിച്ചുചേർത്ത ഉദ്യോഗസ്ഥതല യോഗത്തിന്റെ അടിസ്ഥാന ത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ബാങ്കിന്റെ ഭരണസമിതി യോഗം 26-11-2014-ൽ ജോയിന്റ് രജിസ്ട്രാർ വിളിച്ചുചേർക്കുകയും യോഗത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ ഭരണസമിതിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പുരോഗതി യഥാസമയം വിലയിരുത്തുകയും വീഴ്ചയുണ്ടായാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) ബാങ്കിനുമാത്രമായി സെയിൽ ആഫീസറെ നിയമിച്ചിട്ടില്ല. കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ആർബിട്രേഷൻ & എക്സിക്യൂഷൻ ഇൻസ്പെക്ടറാണ് ആർബിട്രേഷൻ & എക്സിക്യൂഷൻ നടപടികൾ കൈകാര്യം ചെയ്യുന്നത്.

(സി) ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുകയും ഭരണസമിതിയെ നീക്കംചെയ്യുകയും പുതുതായി തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ ബാധ്യത തിട്ടപ്പെടുത്തുന്നതിന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ മുൻ

സെക്രട്ടറി ശ്രീ. വിജയകുമാറിൽനിന്നും 90,87,154.82-രൂപയും മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ നായരിൽനിന്നും 24,530-രൂപയും ഈടാക്കിയെടുക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ഉത്തരവായിട്ടുള്ളതാണ്.

ഇതുകൂടാതെ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിജയകുമാറിനെതിരെ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 913/2013 നമ്പരായി ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള തുകകൾക്കുപുറമെ 2011-12 വർഷത്തെ ആഡിറ്റ് ന്യൂനതകൾ സംബന്ധിച്ച് സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീ. വിജയകുമാറിൽനിന്നും 35,15,340- രൂപ ഈടാക്കാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടിൻമേൽ ഐ.പി.സി. 403 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് കൊട്ടാരക്കര റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം അപേക്ഷ നല്കിയിട്ടുണ്ട്. സംഘത്തിന് നഷ്ടമായിട്ടുള്ള തുകകൾ ഈടാക്കുന്നതിന് സാധ്യമായ എല്ലാ നിയമ നടപടികളും സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നടന്ന യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട അംഗ സംഘങ്ങൾ

**83 (423)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകണ ബാങ്കുകളിൽ ഓരോന്നിലും അഫിലിയേറ്റ് ചെയ്യപ്പെട്ട അംഗസംഘങ്ങൾ എത്ര വീതമാണെന്ന്, അവയുടെ കാറ്റഗറി തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഓരോ ജില്ലാ സഹകരണ ബാങ്കിലും അഫിലിയേറ്റ് ചെയ്യപ്പെട്ട വായ്പ സഹകരണ സംഘങ്ങൾ എത്ര വീതം ; അല്ലാത്തവ എത്ര വീതം ; അഫിലിയേറ്റഡ് സംഘങ്ങളിൽ പ്രവർത്തനം ഇല്ലാത്തവ എത്ര വീതം ?

ഉത്തരം

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ ഓരോന്നിലും അഫിലിയേറ്റ് ചെയ്യപ്പെട്ട അംഗസംഘങ്ങളുടെ കാറ്റഗറി തിരിച്ച പട്ടിക അനുബന്ധം 1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഓരോ ജില്ലാ സഹകരണ ബാങ്കിലും അഫിലിയേറ്റ് ചെയ്യപ്പെട്ട വായ്പ സഹകരണ സംഘങ്ങളുടെ എണ്ണം, അല്ലാത്തവയുടെ എണ്ണം, അഫിലിയേറ്റഡ് സംഘങ്ങളിൽ പ്രവർത്തനം ഇല്ലാത്തവയുടെ എണ്ണം എന്നിവയുടെ പട്ടിക അനുബന്ധം 2 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

**ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം**

**84 (424)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ഭരണസമിതികൾ അധികാരം ഏറ്റെടുത്തതിന് ശേഷം പി.എസ്.സി. വഴിയല്ലാതെ താൽക്കാലികമോ, സ്ഥിരമോ, മറ്റേതെങ്കിലും അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവർ എത്രയാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ ബാങ്കുകൾ തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ ജില്ലാ ബാങ്കിൽ നിന്നും തുടരാൻ അനുവദിക്കാതെ ഒഴിവാക്കപ്പെട്ടവർ എത്ര വീതമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ഭരണസമിതികൾ അധികാരം ഏറ്റെടുത്തതിനുശേഷം പി.എസ്.സി. വഴിയല്ലാതെ താൽക്കാലികമോ, സ്ഥിരമോ, മറ്റേതെങ്കിലും അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവരുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | .... |
| കൊല്ലം | - | 18 |
| പത്തനംതിട്ട | - | 9 |

| | | |
|---|---|---|
| ആലപ്പുഴ | - | 4 |
| ഇടുക്കി | - | 41 |
| കോട്ടയം | - | 2 |
| എറണാകുളം | - | 8 |
| തൃശ്ശൂർ | - | .... |
| പാലക്കാട് | - | 69 |
| മലപ്പുറം | - | 12 |
| കോഴിക്കോട് | - | 18 |
| കണ്ണൂർ | - | .... |
| വയനാട് | - | 14 |
| കാസർഗോഡ് | - | 26 |

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പതിനാല് ജില്ലാ ബാങ്കുകളിലും ഈ ഇനത്തിൽ ഒഴിവാക്കപ്പെട്ടവർ ഇല്ല.

## ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം

**85 (425)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ അഫിലിയേഷനുള്ള ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ളത് എത്ര സംഘങ്ങളിലാണ് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മത്സ്യഫെഡ് ഭരണസമിതി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചത് ഏത് തീയതിയിലാണ് ; ഈ തീയതിക്ക് ശേഷം മത്സ്യഫെഡിൽ അംഗത്വമുള്ള എത്ര പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തുകയുണ്ടായി ; വിശദമാക്കാമോ ;

(സി) മത്സ്യഫെഡിൽ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള അംഗസംഘങ്ങൾ എത്ര ; അതിൽ ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ളവ

എത്ര ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡിൽ അഫിലിയേഷനുള്ള ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ 95 സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ലയുടെ പേര് | അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 11 |
| 2. | ആലപ്പുഴ | 14 |
| 3. | കൊല്ലം | 4 |
| 4. | കോട്ടയം | 4 |
| 5. | എറണാകുളം | 32 |
| 6. | തൃശ്ശൂർ | 2 |
| 7. | മലപ്പുറം | 24 |
| 8. | കോഴിക്കോട് | 4 |
| 9. | കാസർഗോഡ് | ... |
| 10. | കണ്ണൂർ | .... |
| 11. | പത്തനംതിട്ട | .... |

പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിൽ മത്സ്യഫെഡിൽ അഫിലിയേഷൻ ഉള്ള സംഘങ്ങൾ ഇല്ല.

(ബി) മത്സ്യഫെഡ് ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി 31-10-2014-ലെ ഇ(1)4241/2014/ എസ്.സി.ഇ.സി. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 31-10-14-നുശേഷം മത്സ്യഫെഡിൽ അംഗത്വമുള്ള എറണാകുളം ജില്ലയിലെ ഒരു പ്രാഥമിക സഹകരണ സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മത്സ്യഫെഡിൽ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള 644 അംഗസംഘങ്ങൾ ഉണ്ട്. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ള സഹകരണ സംഘങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 19 |
| ആലപ്പുഴ | 31 |
| കൊല്ലം | 10 |
| പത്തനംതിട്ട | .... |
| കോട്ടയം | 4 |
| എറണാകുളം | 34 |
| തൃശ്ശൂർ | 2 |
| മലപ്പുറം | 24 |
| കോഴിക്കോട് | 5 |
| കാസർഗോഡ് | ഇല്ല |
| കണ്ണൂർ | 2 |
| ആകെ | 131 |

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

**86 (426)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ വിവിധ ഔട്ട്ലെറ്റുകളിൽ ആവശ്യത്തിന് സാധനങ്ങളുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സബ്സിഡി നിരക്കിൽ നൽകുന്ന സാധനങ്ങൾ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തുമോ ;

(സി) കൺസ്യൂമർ ഫെഡിൻെറ നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്ന് എത്തിക്കുവാൻ നടപടി സീകരിക്കുമോ ?

ഉത്തരം

(എ) ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ബി) സബ്സിഡി നിരക്കിൽ നൽകുന്ന സാധനങ്ങൾ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്ന് ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

## കൺസ്യൂമർഫെഡിന്റെ കീഴിൽ വിദേശമദ്യ ഔട്ട് ലെറ്റ്

**87 (427)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര വിദേശമദ്യ ഔട്ട് ലെറ്റുകളാണ് നിലവിലുള്ളത് ;

(ബി) ഈ വർഷം എത്ര ഔട്ട് ലെറ്റുകളാണ് സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയത് ;

(സി) അടച്ചുപൂട്ടിയ ഔട്ട് ലെറ്റുകളിലെ ജീവനക്കാരെ എപ്രകാരമാണ് പുനർവിന്യസിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ 41 വിദേശമദ്യ ഷോപ്പുകളും 3 ബിയർ ഷോപ്പുകളുമാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

(ബി) 5 വിദേശമദ്യ ഷോപ്പുകൾ.

(സി) അടച്ചുപൂട്ടിയ ഔട്ട് ലെറ്റുകളിലെ അബ്കാരി ജീവനക്കാരെ മറ്റ് വിദേശ മദ്യഷോപ്പുകളിലേക്കും ബാക്കി ജീവനക്കാരെ ഫെഡറേഷന്റെ ഇതര യൂണിറ്റുകളിലേക്കും പുനർവിന്യസിച്ചിട്ടുണ്ട്.

**വിലക്കയറ്റം തടയുവാൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ**

**88 (428)** <u>ശ്രീ. സണ്ണിജോസഫ്</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാ ക്കാമോ ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകുന്നതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വില വർദ്ധനവുമൂലം കഷ്ടപ്പെടുന്ന പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയെക്കാൾ 20% വരെ കുറഞ്ഞ നിരക്കിൽ നന്മ സ്റ്റോറുകൾ ഉൽസവകാല സബ്സിഡി വിപണന മേളകൾ എന്നിവയിലൂടെ ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തിരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ ഉൽസവകാലങ്ങളിൽ നടത്തിവരുന്ന സബ്സിഡി വിപണനമേളകളും വർഷം മുഴുവൻ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്ന നന്മ സ്റ്റോറുകളും 20% വരെ പൊതുവിപണിയിൽനിന്നും വില കുറച്ചാണ് സാധനങ്ങൾ ലഭ്യമാക്കി വരുന്നത്. കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ മുഖാന്തിരവും ഉൽസവകാല വിപണന മേളകളും നന്മ സ്റ്റോറുകളും നടത്തി വരുന്നു. കൂടാതെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ റീട്ടെയിൽ ഔട്ട് ലെറ്റ് ശൃംഖല വിപുലീകരിച്ച് ടി സ്റ്റോറുകൾവഴി ഉൽസവകാലങ്ങളിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിപണനം നടത്തുന്നതിലൂടെയും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) (i) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ത്രിവേണി സ്റ്റോറുകൾ നീതി സ്റ്റോറുകൾ എന്നിവയിലൂടെ ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും ന്യായമായ വിലയ്ക്ക് വിൽപ്പന നടത്തി വരുന്നു.

(ii) ഉൽസവകാലങ്ങളിൽ സംഘടിപ്പിക്കുന്ന പ്രത്യേക സബ്സിഡി വിപണന മേളകൾ സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ പൊതുവിപണിയിൽനിന്നും 20% വരെ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നു.

(iii) കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങളിലൂടെയും നടത്തുന്ന നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവനും 20% വരെ കുറഞ്ഞ നിരക്കിൽ നിത്യോ പയോഗ സാധനങ്ങൾ ലഭ്യമാക്കുന്നു.

(ഡി) ഉൽസവകാല സബ്സിഡി വിപണന മേളകളിലൂടെയും നന്മ സ്റ്റോറുകളുടെ പ്രവർത്തനത്തിലൂടെയും സഞ്ചരിക്കുന്ന ത്രിവേണി, ഒഴുകുന്ന ത്രിവേണി എന്നിവയിലൂടെ ഉൽസവകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനത്തിലൂടെയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

**സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം**

**89 (429)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം ക്രമാതീതമായി വർദ്ധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ വൻവർദ്ധനയുണ്ടായതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിച്ചത് കാരണം നബാർഡിന്റെ കാർഷിക പുനർവായ്പ ലഭ്യമാകുന്നതിന് വിഘ്നാത മായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് കാർഷിക മേഖലയിൽ വായ്പ നൽകുന്നതിന് പ്രതികൂലമായി ബാധിക്കുന്നത് തടയാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന ബാങ്കിന്റെ അറ്റനഷ്ടം 2013-14 ആഡിറ്റ് പ്രകാരം 40466.37 ലക്ഷവും NPA 24.74 ശതമാനവുമാണ്. കൂടാതെ സംസ്ഥാന സഹകരണ ബാങ്ക്, അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പകൾ കുടിശ്ശികയായത്, ബാങ്കിന്റെ NPA വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ബാങ്കിന് C.D. Ratio (വായ്പാ നിക്ഷേപ അനുപാതം) കുറവായതിനാലും സിൽബന്തി ചെലവും തൻ ചെലവും വർദ്ധിച്ചതും ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ NPA വർദ്ധിച്ചതിനാലും റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള മൂലധന പര്യാപ്തത കൈവരിക്കാത്തതിനാലും 2013-14-ൽ സംസ്ഥാന സഹകരണ ബാങ്കിന്റെ പുനർവായ്പയ്ക്കുള്ള അപേക്ഷ നബാർഡ് അനുവദിക്കുകയുണ്ടായില്ല.

(ഡി) നബാർഡിന്റെ പുനർവായ്പ ലഭിക്കാത്തത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടില്ല. സംസ്ഥാന സഹകരണ ബാങ്ക് സ്വന്തം ഫണ്ടിൽ നിന്നും 2013-14 വർഷം 700 കോടി രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

**കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി**

**90 (430)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ ഭരണ കാലയളവിൽ കോഴിക്കോട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കി ; വ്യക്തമാക്കാമോ ;

(ബി) എത്ര രൂപയുടെ ആനുകൂല്യം ഇതുവഴി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ 525 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ 425 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും 100 അപേക്ഷകൾ പരിശോധിച്ചുവരികയുമാണ്. കോഴിക്കോട് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി 3,51,65,383-രൂപ (മൂന്ന് കോടി അൻപത്തി ഒന്ന് ലക്ഷത്തി അറുപത്തിയ്യായിരത്തി മുന്നൂറ്റി എൺപത്തി മൂന്ന് രൂപ) നൽകിയിട്ടുണ്ട്.

**നന്മ സ്റ്റോറുകൾ**

**91 (431)** <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിൻെറ കീഴിൽ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കുണ്ടയംകൊവ്വലിൽ അനുവദിച്ച നന്മ സ്റ്റോർ എല്ലാവിധ ഭൗതീക സാഹചര്യങ്ങളും ഒരുക്കിയിട്ടും പ്രവർത്തനം ആരംഭിക്കാത്തതിൻെറ കാരണം വിശദമാക്കാമോ ;

(ബി) ഭൗതീക സാഹചര്യങ്ങൾ ഒരുക്കിയിട്ടും അനുവദിക്കപ്പെട്ട നന്മ സ്റ്റോറുകൾ എവിടെയൊക്കെയാണ് പ്രർത്തനം ആരംഭിക്കാത്തതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ നന്മ സ്റ്റോർ പ്രവർത്തനം ആഭിക്കാൻ നടപടികൾ സ്വീകരിച്ചിച്ചുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) നിലവിലുള്ള നന്മ സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയതിനുശേഷം മാത്രം പുതുതായി അനുവദിച്ച് നന്മ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചാൽ മതിയെന്ന ഫെഡറേഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്തത്. അപ്രകാരമുള്ള സ്റ്റോറുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

**സഹകരണ ബാങ്ക് വായ്പകൾ**

**92 (432)** <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾ സാമ്പത്തിക പരിഗണനകൾ നോക്കിയാണോ എന്ന് വ്യക്തമാക്കുമോ ? പാവപ്പെട്ട ജനങ്ങൾക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നു. എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയം പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ നിയമവിരുദ്ധ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിൻെറ

ഭാഗമായി സാധാരണക്കാരെ സഹായിക്കുവാൻ പാവപ്പെട്ടവർക്ക് നൽകുന്ന വായ്പകളിൽ പലിശ ഇളവ് നൽകാനും ജപ്തി നടപടികൾ ലഘൂകരിക്കുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകളും 50,000-രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാൻ നിലവിൽ വ്യവസ്ഥയുണ്ട്. സംഘങ്ങൾ നൽകിവരുന്ന മറ്റ് വായ്പകൾക്ക്, ടി വായ്പകൾക്ക് നിശ്ചയിച്ചിട്ടുള്ള ഈടും വായ്പക്കാരന്റെ തിരിച്ചടവ് ശേഷിയും പരിഗണിക്കാറുണ്ട്. സഹകരണ സംഘങ്ങൾ പാവപ്പെട്ട ജനങ്ങൾക്ക് വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് നൽകുന്ന വായ്പകൾക്ക് 16% വരെ ഈടാക്കിയിരുന്ന പലിശ 1% കുറച്ച് പരമാവധി 15% ആയി നിജപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പ ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശ നിരക്ക് പരമാവധി 12% ആയും നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

നിലവിൽ ഉദാര വ്യവസ്ഥകളിലാണ് വായ്പകൾ നൽകി വരുന്നത്. ജപ്തി നടപടികൾ ലഘൂകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സഹകരണ മേഖലയും നബാർഡും**

**93 (433)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയും നബാർഡും സംയുക്തമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) നബാർഡ് നൽകുന്ന ഫണ്ടിൻെറ പൂർണ്ണമായ വിനിയോഗം സഹകരണ മേഖലയിൽ സാധ്യമാകുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(സി) പ്രസ്തുത ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾമൂലം സഹകരണ

മേഖല നേരിടുന്ന പ്രതിസന്ധി വിശദമാക്കാമോ ;

(ഡി) നബാർഡ് ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് സഹകരണ മേഖല പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയും നബാർഡും സംയുക്തമായി യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. എന്നാൽ പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കായുള്ള ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഓഹരിയിനത്തിൽ വായ്പാ സംഘങ്ങൾ/ബാങ്കുകൾക്ക് നബാർഡ് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) സാധ്യമാകുന്നുണ്ട്. അനുവദിച്ച ധനസഹായം ഉപയോഗിച്ച് സംഘങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഫണ്ട് വിനിയോഗത്തിൽ പോരായ്മയില്ല.

(ഡി) നബാർഡ് ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്നതിന് പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ട സാഹചര്യം നിലവിലില്ല. ഫണ്ട് ലഭിക്കുകയാണെങ്കിൽ അത് പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയും.

**സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

**94 (434)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തിവരുന്നത് ; വിശദമാക്കാമോ ;

(സി) സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന

കുട്ടികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 85 സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന സഹകരണ യൂണിയനുകീഴിൽ 13 സഹകരണ പരിശീലന കോളേജുകളും (HDC), 10 സഹകരണ പരിശീലന കേന്ദ്രങ്ങളും (JDC), മാനേജ്മെന്റ് പഠനത്തിനായി KICMA എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു.

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേപ്പിന്റെ കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും ഒരു ഫിനിഷിംഗ് സ്കൂളും നിലവിലുണ്ട്. സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ പരിയാരത്ത് ഒരു മെഡിക്കൽ കോളേജും പ്രവർത്തിക്കുന്നു.

(ബി) കോ-ഓപ്പറേറ്റീവ് ആർട്ട് ആന്റ് സയൻസ് കോളേജുകളിൽ +1, +2 ക്ലാസുകളും ഡിഗ്രി കോഴ്സുകളും പി.ജി. കോഴ്സുകളും മാനേജ്മെന്റ് കോഴ്സുകളും നടത്തിവരുന്നു.

എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളുടെ കീഴിലുള്ള കോ-ഓപ്പറേറ്റീവ് പബ്ലിക് സ്കൂളുകളിൽ LKG മുതൽ 10-ാം ക്ലാസ് വരെയുള്ള ക്ലാസ്സുകൾ നടത്തുന്നു.

ഐ.റ്റി.സി.കളിൽ 2 വർഷം ദൈർഘ്യമുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ കോഴ്സും അഗ്രികൾച്ചറൽ അസിസ്റ്റന്റ് കോഴ്സും ഡ്രാഫ്റ്റ്മാൻ സിവിൽ ഉൾപ്പെടെയുള്ള ഐ.ടി. ട്രേഡുകളും നടത്തിവരുന്നു.

സഹകരണ നേഴ്സിംഗ് കോളേജുകളിൽ ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ് കോഴ്സുകളും ജനറൽ നഴ്സിംഗ് കോഴ്സുകളും നടത്തുന്നു. കൂടാതെ പാരാമെഡിക്കൽ കോഴ്സുകളും നടത്തിവരുന്നുണ്ട്.

വടകര എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ പോലുള്ള സഹകരണ സ്ഥാപനങ്ങളുടെ കോളേജുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, പ്രീ-പ്രൈമറി

ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് എന്നിവയും നടത്തിവരുന്നു.

കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലും സഹകരണ എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിലുള്ള സഹകരണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗുകളിൽ ബി.ടെക് എഞ്ചിനീയറിംഗ് കോഴ്സുകളും എം.സി.എ. കോഴ്സുകളും നടത്തിവരുന്നു.

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള കോളേജുകളിൽ HDC&BM കോഴ്സും സഹകരണ ട്രെയിനിംഗ് സെന്ററുകളിൽ ജെ.ഡി.സി. കോഴ്സും നടത്തുന്നു. സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർ ഡാമിൽ കിക്മ എന്ന സ്ഥാപനത്തിലൂടെ MBA, MCA കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സഹകരണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളിലും കേപ്പിന്റെ പുന്നപ്ര കോളേജിലും BBA, MBA കോഴ്സുകളും നടത്തിവരുന്നു.

കൂടാതെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം മൺവിളയിൽ ACSTI എന്ന സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ നിയന്ത്രണത്തിൽ എറണാകുളത്ത് ഒരു Staff Training Centre ഉം കേപ്പിന്റെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി വെസ്റ്റ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന ട്രെയിനിംഗ് സെന്ററുകളിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധതരം ട്രെയിനിംഗ് കോഴ്സുകൾ നല്കി വരുന്നു. കൺസ്യൂമർഫെഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഫാർമസി കോളേജിൽ ഡിഫാം, കോഴ്സ് നടത്തുന്നു.

പരിയാരത്തുള്ള സഹകരണ മെഡിക്കൽ കോളേജിൽ MBBS കോഴ്സും മെഡിക്കൽ ബിരുദാനന്തര കോഴ്സും BDS കോഴ്സും, ബി.ഫാം, എം.ഫാം കോഴ്സും ഫാംഡി കോഴ്സും നടത്തിവരുന്നു.

(സി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് മറ്റ് സ്ഥാപന ങ്ങളിലെ ഫീസിനെക്കാൾ കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന

വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്നു. കൂടാതെ എസ്.സി./ എസ്.റ്റി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ചില സ്ഥാപനങ്ങൾ 50% ഫീസ് ഇളവും നൽകുന്നുണ്ട്. എസ്.സി./എസ്.റ്റി., ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും ഭൂരിഭാഗം സ്ഥാപനങ്ങളും നൽകുന്നു. കൂടാതെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സ്കോളർഷിപ്പും മറ്റ് സ്കോളർഷിപ്പുകളും നൽകി വരുന്നു.

കേപ്പിലെ വിദ്യാർത്ഥികൾക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്, സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്, KPCR സ്കോളർഷിപ്പ്, ട്യൂഷൻ ഫീ വേവർ സ്കീം, എസ്.സി./എസ്.റ്റി., ഒ.ഇ.സി. വിഭാഗക്കാർക്ക് ട്യൂഷൻ ഫീസിളവ്, ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ്, മലയാള മനോരമ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യം, ഒറ്റ പെൺകുട്ടികൾക്കുള്ള ആനുകൂല്യം, ഫിഷർമാൻ സ്കോളർഷിപ്പ്, കെട്ടിട നിർമ്മാണം, തയ്യൽ, കയർ, കശുവണ്ടി മേഖലയിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കുള്ള ക്ഷേമനിധികൾ എന്നീ ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നു.

## സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

**95 (435)** <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൻകീഴിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

(ബി) സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ലഭ്യമാകുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതിൻെറ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 6, 7 ചട്ടം 3, 4 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണ് സംഘങ്ങൾ രജിസ്റ്റർ

ചെയ്തിരിക്കുന്നത്

ഫോറം നമ്പർ 1-ൽ രണ്ടു കോപ്പിയായി ചുവടെ ചേർക്കുന്നവ സഹിതം സംഘം രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

1. നിർദ്ദിഷ്ട ബൈലായുടെ 3 പകർപ്പ്

2. നിർദ്ദിഷ്ട സംഘത്തിന്റെ പേർക്ക് ബാങ്കിലുള്ള തുക സംബന്ധിച്ച സർട്ടിഫിക്കറ്റ്

3. ഓഹരി മൂലധനം നൽകിയിട്ടുള്ളവരുടെ പേരും ഓരോരുത്തരും നൽകിയ ഓഹരി മൂലധനം, പ്രവേശന ഫീസ് എന്നീ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്

4. സംഘത്തിന്റെ നിർദ്ദിഷ്ട ബിസിനസ്സിന്റെ ഭദ്രത ഉറപ്പാക്കുന്ന പദ്ധതി

5. രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങളും രേഖകളും

അപേക്ഷകർ വ്യക്തികളാണെങ്കിൽ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട 25 പേർ വേണ്ടതും ഓരോരുത്തരും അപേക്ഷ ഒപ്പിടേണ്ടതുമാണ്. രജിസ്റ്റർ ചെയ്യപ്പെടേണ്ട സംഘത്തിലെ ഏതെങ്കിലും അംഗം മറ്റൊരു രജിസ്റ്റേർഡ് സംഘാംഗമാണെങ്കിൽ അപേക്ഷയിലും, ബൈലോയിലും ഒപ്പിടുന്നതിന് ടിയാനെ അധികാരപ്പെടുത്തി കൊണ്ടുള്ള സംഘം ഭരണസമിതി തീരുമാനം ഉള്ളടക്കം ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമായോ അല്ലാത്തതോ ആയ ഒരു സമിതിയോ, കമ്മിറ്റിയോ, കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും, ബൈലോയിലും ഒപ്പുവയ്ക്കുന്നതിന് പ്രസ്തുത സ്ഥാപനം ഏതെങ്കിലും ഒരു വ്യക്തിയെ അധികാര പ്പെടുത്തേണ്ടതും, അപ്രകാരം അംഗീകാരം നൽകികൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം വച്ചിരിക്കേണ്ടതുമാണ്.

അപേക്ഷ രജിസ്ട്രാർക്ക് രജിസ്റ്റേർഡ് തപാലിലോ, ഓഫീസിൽ നേരിട്ടോ എത്തിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം അപേക്ഷ ഫീസിനത്തിൽ 500 രൂപ ഒടുക്കിയതിന്റെ ചെലാൻ രസീതും നൽകേണ്ടതാണ്. സ്കൂൾ വനിതാ എസ്.സി./എസ്.റ്റി. സംഘങ്ങ ളാണെങ്കിൽ 50 രൂപ മതിയാകും.

(ബി) സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്, ഗഹാൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവയും, സംസ്ഥാന വാർഷിക പദ്ധതി പ്രകാരം വിവിധ പദ്ധതികളിലായി സർക്കാർ ഓഹരി മൂലധനം, സബ്സിഡി വായ്പ എന്നീ ഇനങ്ങളിൽ ധനസഹായവും പദ്ധതിയേതര ഇനങ്ങളിലായി വിവിധ സബ്സിഡികൾ എന്നിവയും ലഭിക്കുന്നുണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പുതുതായി 1,485 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 242 |
| കൊല്ലം | 105 |
| പത്തനംതിട്ട | 37 |
| ആലപ്പുഴ | 37 |
| കോട്ടയം | 60 |
| ഇടുക്കി | 49 |
| എറണാകുളം | 99 |
| തൃശ്ശൂർ | 135 |
| പാലക്കാട് | 103 |
| മലപ്പുറം | 114 |
| കോഴിക്കോട് | 183 |
| വയനാട് | 25 |
| കണ്ണൂർ | 185 |
| കാസർകോട് | 87 |

സംസ്ഥാനം ആകെയോ ഒന്നിൽ

കൂടുതൽ ജില്ലകളോടേയോ

പ്രവർത്തനപരിധി നിശ്ചയിച്ച്

രജിസ്റ്റർ ചെയ്തിട്ടുള്ളവ - 24

ആകെ - 1,485

**സഹകരണ ആശുപത്രികൾ**

**96 (436)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ പ്രവർത്തിച്ചുവന്നിരുന്ന സഹകരണ ആശുപത്രികളിൽ എത്രയെണ്ണം അടച്ചുപൂട്ടി പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(ബി) നിലവിൽ പ്രവർത്തിച്ചുവരുന്നവ എത്ര ; അവയിൽ നൂറിൽ താഴെ കിടക്കകളോടുകൂടി പ്രവർത്തിക്കുന്നവ എത്ര ; നൂറിൽ കൂടുതൽ കിടക്കകളോടുകൂടി പ്രവർത്തിക്കുന്നവ എത്ര ;

(സി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി സംഘങ്ങൾ എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര ;

(ഡി) പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിന് സഹായകരമായ നിലയിൽ നികുതി ഇളവുകളോ, സബ്സിഡികളോ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) സഹകരണ മേഖലയിൽ 59 സഹകരണ ആശുപത്രികൾ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട്.

(ബി) നിലവിൽ 95 ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു. അവയിൽ 60 എണ്ണം നൂറിൽ താഴെ കിടക്കകളോടുകൂടിയും 23 എണ്ണം നൂറിൽ കൂടുതൽ കിടക്കകളോടുകൂടിയും പ്രവർത്തിക്കുന്നു.

(സി) നിലവിൽ 13 സഹകരണ ആശുപത്രികൾ ലാഭത്തിലും 82

ആശുപത്രികൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു.

(ഡി) സഹകരണ ആശുപത്രികൾക്ക് ആംബുലൻസ് വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനും സബ്സിഡി നൽകിവരുന്നു. ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും മെഡിക്കൽ ലാബ്/ബ്ളഡ് ബാങ്ക് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന്റെ ഒരു വിഹിതം സബ്സിഡിയായി നൽകി വരുന്നു. സഹകരണ ആശുപത്രികൾക്ക് പ്രത്യേക നികുതി ഇളവ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

## സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയും കാര്യക്ഷമതയും കർമ്മ പദ്ധതികൾ

**97 (437)** ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയും കാര്യക്ഷമതയും എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ അധികാരമേറ്റശേഷം ആവിഷ്കരിച്ച് നടപ്പാക്കിയത് ;

(ബി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക്

കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്'' നടപ്പിലാക്കി. നിക്ഷേപ രംഗത്ത് ഉണർവ്വുണ്ടാക്കുന്നതിനുള്ള നിക്ഷേപസമാഹരണ പദ്ധതി, നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റീ സ്കീം, സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം, കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതുജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം രംഗത്ത് അപ്പക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠന സമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, 'എന്റെ സംഘം ', ഉണർവ് ക്യാമ്പയിനുകൾ, സഹകരണ നിയമ ഭേദഗതി, വകുപ്പിന്റെ ആസ്ഥാന മന്ദിരം, 7- ാം സഹകരണ കോൺഗ്രസ്സ് / എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശരഹിത വായ്പാ പദ്ധതി, കർഷക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയ വിനിമയം നടത്തുന്നതിനുള്ള 'മുഖാമുഖം' പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലും ചട്ടത്തിലും വരുത്തിയിട്ടുള്ള ഭേദഗതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 2012 -ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2012-ലെ 13-ാം നിയമം)

പ്രസ്തുത നിയമ ഭേദഗതി പ്രകാരം, ജില്ലാ സഹകരണ ബാങ്കുകളുടെ നിർവചനം, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വിഭജനം എന്നിവ സംബന്ധിച്ച വകുപ്പ് 2-ലെ ഭേദഗതി, സ്പെഷ്യൽ ആഫീസറുടെ നിർവചനം, ജില്ലാ ബാങ്കിലെ അംഗത്വം, സ്പെഷ്യൽ ആഫീസറുടെ നിയമനം എന്നിവ സംബന്ധിച്ച് വകുപ്പ് 18, 28-ലെ ഭേദഗതികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2013-ലെ

8-ാം നിയമം)

1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം പ്രകാരം വരുത്തിയ ഭേദഗതികൾ ചുവടെ ചേർക്കുന്നു.

1. വകുപ്പ് 2: അസിസ്റ്റഡ് സൊസൈറ്റി, സംഘങ്ങളുടെ കണക്കുകളുടെ ആഡിറ്റ്, ചീഫ് എക്സിക്യൂട്ടീവ്, സഹകരണ തത്വങ്ങൾ, പലവക സംഘങ്ങൾ, നിർദ്ദേശിക്കപ്പെട്ട കാലാവധി എന്നിവയുടെ നിർവചനങ്ങൾ.

2. വകുപ്പ് 4: സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വിഘാതമായതോ, സാമ്പത്തിക സ്ഥിരത കൈവരിക്കാൻ സാദ്ധ്യതയില്ലാത്തതോ ആയ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥ.

3. വകുപ്പ് 8: ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട് പോയാൽ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ.

4) വകുപ്പ് 9: വകുപ്പ് 9-ൽ നിലവിലുണ്ടായിരുന്ന Control എന്ന വാക്ക് ഒഴിവാക്കുന്നതിന്.

5. വകുപ്പ് 9 എ: ഒരു സംഘത്തിന്റെ പേര് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

6. വകുപ്പ് 12: നിർബന്ധിത ബൈലാ ഭേദഗതി ഒഴിവാക്കുന്നത്.

7. വകുപ്പ് 13 എ : നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം ബൈലാ വ്യവസ്ഥകളെന്നത് സംബന്ധിച്ച്.

8. വകുപ്പ് 14: സംഘങ്ങളുടെ സംയോജനം, ആസ്തി ബാധ്യതകളുടെ വിഭജനം, കൈമാറ്റം

9. 14 A: സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച്

10. വകുപ്പ് 14 B: സഹകരണ സംഘങ്ങൾ പാർട്ണർഷിപ്പിൽ ഏർപ്പെടുന്നത് സംബന്ധിച്ച്

11. വകുപ്പ് 16 A: സംഘങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ.

12. വകുപ്പ് 17 : സംഘങ്ങളുടെ താല്പര്യത്തിന് വിരുദ്ധമായ നിലപാടോ

ബൈലാ വ്യവസ്ഥകൾ പാലിക്കാതിരിക്കലോ അംഗങ്ങളുടെ പുറത്താക്കലിന് കാരണമാകുന്നതിനും പുറത്താക്കുന്ന അംഗങ്ങളുടെ ഷെയർ ഫോർഫീറ്റ് ചെയ്യുന്നതിനും, പുറത്താക്കപ്പെട്ടുകഴിഞ്ഞാൽ അടുത്ത ഒരു വർഷത്തേയ്ക്ക് പുനഃപ്രവേശനം നൽകാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ.

13. വകുപ്പ് 19 A : നിർദ്ദേശിക്കപ്പെടുന്ന തരത്തിൽ കുറഞ്ഞ എണ്ണം പൊതുയോഗത്തിൽ പങ്കെടുക്കാതെയും, സംഘത്തിന്റെ മിനിമം സേവനങ്ങൾ ഉപയോഗിക്കാതെയുമുള്ളവർക്ക് അംഗങ്ങളുടെ അവകാശം വിനിയോഗിക്കാൻ പാടില്ലെന്ന വ്യവസ്ഥ.

14. വകുപ്പ് 19 ബി: അംഗങ്ങൾക്ക് വിവരങ്ങൾ ലഭിക്കാനുള്ള അവകാശം.

15. വകുപ്പ് 28 : സംഘം ഭരണസമിതി കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമാക്കുന്നതിനും, ചില പ്രത്യേക വിഭാഗത്തിലുള്ള സംഘങ്ങളുടെ ഭരണസമിതി തിരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലാക്കുന്നതിനും, ഭരണ സമിതിയിലേയ്ക്ക് കോ-ഓപ്ഷൻ നടത്തുന്നത് സംബന്ധിച്ചും, താൽക്കാലിക ഒഴിവ് നികത്തുന്നത് സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ.

16. വകുപ്പ് 28 ബി : സംഘങ്ങളുടെ എല്ലാ തെരഞ്ഞെടുപ്പുകളും സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാക്കിക്കൊണ്ടും, ടി കമ്മീഷന്റെ ഘടന, ചുമതല എന്നിവ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ.

17. വകുപ്പ് 29 : സാമ്പത്തിക വർഷം അവസാനിച്ചുകഴിഞ്ഞ് 6 മാസത്തിനുള്ളിൽ പൊതുയോഗം കൂടണമെന്ന വ്യവസ്ഥയും പൊതുയോഗത്തിൽ ഉൾപ്പെടുത്തേണ്ട മറ്റ് വിഷയങ്ങൾ സംബന്ധിച്ചും, പൊതുയോഗം കൂടുന്നതിൽ ഭരണസമിതിയുടെ ഉത്തരവാദിത്വം സംബന്ധിച്ചുള്ള വ്യവസ്ഥകൾ.

18. വകുപ്പ് 31 : അപ്പെക്സ്, സെൻട്രൽ സംഘങ്ങളിലെ ഭരണ സമിതിയിലേയ്ക്കുള്ള സർക്കാർ നോമിനിയുടെ നിയമനം സംബന്ധിച്ച വ്യവസ്ഥ.

19. വകുപ്പ് 32 : സംഘം ഭരണസമിതികളെ സൂപ്പർ സീഡ് ചെയ്യുന്നതിന്റെ നിബന്ധനകളിലുള്ള ഭേദഗതി.

20. വകുപ്പ് 33 : അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ നിയമിക്കു ന്നതിനുള്ള കാരണങ്ങളിൽ സംഘത്തിന്റെ ഭരണസ്തംഭനം ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ

21. വകുപ്പ് 56 : സംഘങ്ങളുടെ ഓരോ വർഷത്തേയും അറ്റ ലാഭത്തിൽ നിന്നും 10% തുക കോ-ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫണ്ടിലേക്ക് വക മാറ്റുന്നത് സംബന്ധിച്ച്

22. വകുപ്പ് 57 : നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ

23.വകുപ്പ് 57 ഡി : സഹകരണ റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ

24. വകുപ്പ് 63 : ആഡിറ്റ് നടത്തുന്നതിന് സംഘം ഭരണസമിതിക്കുള്ള ഉത്തരവാദിത്വം, ആഡിറ്റ് നടത്തേണ്ട സമയപരിധി, ആഡിറ്റർമാരുടെ നിയമനം, യോഗ്യത, ആഡിറ്റിന്റെ നടപടിക്രമം, ആഡിറ്റ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ.

25. വകുപ്പ് 64 : സംഘത്തിന്റെ വാർഷിക കണക്കുകളും സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നത് ആഡിറ്റിന് സമർപ്പിക്കുന്നത്, ആഡിറ്റ് പൂർത്തിയാക്കുന്നത്, ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നത്, എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ.

26. വകുപ്പ് 65 : വകുപ്പ് 65 പ്രകാരം നടത്തുന്ന അന്വേഷണത്തിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ.

27. വകുപ്പ് 66 സി : വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ

28. വകുപ്പ് 69 : എല്ലാ ധനപരമായ തർക്കങ്ങളും ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ.

29. വകുപ്പ് 69 എ : സഹകരണ ഓംബുഡ്സ്മാന്റെ പരിചയം സംബന്ധിച്ചുള്ള വ്യവസ്ഥ.

30. വകുപ്പ് 74 എ : എല്ലാ ക്രെഡിറ്റ് സംഘങ്ങൾക്കും ശാഖ ആരംഭിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി വേണമെന്ന വ്യവസ്ഥ.

31. വകുപ്പ് 79 : വകുപ്പ് 79-ൽ സർക്കാരിലേയ്ക്കുള്ള കുടിശ്ശികയായുള്ള തുക ഈടാക്കുന്നതിന് ആഡിറ്റ് ഡയറക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ.

32. വകുപ്പ് 80 : വകുപ്പ് 80 പ്രകാരം സംഘം ജീവനക്കാരുടെ തസ്തിക, എണ്ണം

എന്നിവ നിശ്ചയിക്കുന്നതോ മാറ്റം വരുത്തുകയോ ചെയ്യുന്നതു കൂടാതെ സംഘം ജീവനക്കാരുടെ പ്രതിഫലം ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ മാക്സിമവും മിനിമവും നിർണ്ണയിക്കുന്നതിനും മാറ്റം വരുത്തുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ.

33. വകുപ്പ് 88 ബി : സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു ആഫീസറെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ.

3. 2013 - ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) നിയമം, (2013-ലെ 22-ാം നിയമം)

ഇതനുസരിച്ച് വകുപ്പ് 33-ൽ അഡ്മിനിസ്ട്രേറ്റേഴ്സ് എന്നതിനുപകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നും അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയിലെ അംഗങ്ങളെ സംബന്ധിച്ചും; ബാങ്കിംഗ് ഇതര ആസ്തികളുടെ വിറ്റഴിക്കൽ സംബന്ധിച്ച് വകുപ്പ് 65-എയിലും, സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരം പകർന്ന് നൽകുന്നത് സംബന്ധിച്ച് വകുപ്പ് 63-ലും കേരള സഹകരണ ജീവനക്കാരുടെ ക്ഷേമ പദ്ധതി സംബന്ധിച്ച് വകുപ്പ് 80 സി-യിലും സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡ് സംബന്ധിച്ച് വകുപ്പ് 80 ഡി-യിലും ടി ബോർഡിന്റെ ആസ്തികളുടെ കൈമാറ്റവും നിയന്ത്രണവും സംബന്ധിച്ച് വകുപ്പ് 80 ഇ യിലും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2014 (2014-ലെ 14-ാം നമ്പർ നിയമം)

ജില്ലാ സഹകരണ ബാങ്കിന്റെ നിർവ്വചനത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വകുപ്പ് 2(ia) യിലും, ജില്ലാ സഹകരണ ബാങ്കിൽ വ്യക്തിഗത നിക്ഷേപകർക്കും, വായ്പക്കാർക്കും നോമിനൽ അംഗത്വം നൽകുന്നതിന് വകുപ്പ് 18-ലും സഹകരണ ബോർഡുകളിലെ ജീവനക്കാരെ കൂടി സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് 80 A-യിലും 2014-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

5. കേരള സഹകരണ സംഘം ചട്ടങ്ങളിലെ ഭേദഗതി

സഹകരണ ആർബിട്രേഷൻ കോടതി പ്രിസൈഡിംഗ് ആഫീസറുടെ

യോഗ്യത സംബന്ധിച്ച് ചട്ടം 67(4)ലും, ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് പുതിയ ക്രമനമ്പർ നൽകുന്നതിന് ചട്ടം 15 ലും, രണ്ട് വായ്പ സംഘങ്ങളിൽ അംഗത്വം നിരോധിച്ചുകൊണ്ടുള്ള ചട്ടം 27-ൽനിന്നും ഹൗസിംഗ് സംഘങ്ങളെ ഒഴിവാക്കുന്നതിനും, രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ്/അംഗീകൃത കൊറിയർ സർവ്വീസ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടം 35, 35 എ-എന്നിവയിലും, ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് ചട്ടം 35 ഡി-യിലും, വിദ്യാഭ്യാസ ഫണ്ട് സംബന്ധിച്ച് ചട്ടം 53 ലും ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷാ ഫീസ് നിശ്ചയിച്ചുകൊണ്ട് ചട്ടം 178 എ-യിലും, സഹകരണ എക്സാമിനേഷൻ ബോർഡ് മെമ്പർമാരുടെ സേവന വേതനം സംബന്ധിച്ച 182 ബി-യിലും, സംഘം ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച് ചട്ടം 185(8)-ലും, ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് ചട്ടം 186-ലും ലീവ് റൂൾസ് സംബന്ധിച്ച ചട്ടം 190-ലും, ജില്ലാ ബാങ്ക് ക്ലാസിഫിക്കേഷൻ, അധിക തസ്തികകൾ, പ്രാഥമിക വായ്പാ സംഘങ്ങളിൽ സൂപ്പർ ഗ്രേഡ്, പാർട്ട് ടൈം സ്വീപ്പർ തസ്തിക എന്നിവ അപ്പന്റിക്സ് III-ൽ ഉൾപ്പെടുത്തുന്നതിനും, ചട്ടം 44-ൽ അടുത്ത ബന്ധു എന്നതിന്റെ നിർവചനത്തിൽ ഭേദഗതി വരുത്തുന്നതിനും ആഡിറ്റ് ഫീസിൽ ഭേദഗതി വരുത്തുന്നതിന് ചട്ടം 65-ലും 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വാർഷിക പദ്ധതി യിലുൾപ്പെടുത്തി നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രാഥമിക സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 753.817 ലക്ഷം രൂപയും മണ്ണ് പരിശോധനാ ലാബ്, ടിഷ്യൂ കൾച്ചർ എന്നിവയ്ക്കായി 360 ലക്ഷം രൂപയും അനുവദിച്ചു.

2. ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിനായി 20 കോടി രൂപ അനുവദിച്ചു.

3. റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീം പ്രകാരം 854.91

ലക്ഷം രൂപ അനുവദിച്ചു.

4. സംഘങ്ങളുടെ കീഴിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി 884.89 ലക്ഷം രൂപ അനുവദിച്ചു.

5. കൊപ്രാ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 995.88 ലക്ഷം രൂപയും, നെല്ല് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയും അനുവദിച്ചു.

6. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) പദ്ധതിയിനത്തിൽ 1543 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 628.60 ലക്ഷം രൂപയും അനുവദിച്ചു.

7. ആശുപത്രി സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. പദ്ധതി പ്രകാരം 9625.93 ലക്ഷം രൂപയും സംസ്ഥാന പദ്ധതി പ്രകാരം 962.59 ലക്ഷം രൂപയും അനുവദിച്ചു.

8. വനിതാ സഹകരണ സംഘങ്ങൾക്ക് 675.44 ലക്ഷം രൂപയും എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങൾക്ക് 1032.55 ലക്ഷം രൂപയും അനുവദിച്ചു.

9. കൺസ്യൂമർഫെഡിന് പദ്ധതിയിനത്തിൽ 51.09 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 229.50 കോടി രൂപയും അനുവദിച്ചു.

10. സംസ്ഥാന സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 286 കോടി രൂപ അനുവദിച്ചു.

11. സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്ക് 5 കോടി രൂപ അനുവദിച്ചു.

12. ഐ.സി.ഡി.പി. പദ്ധതി പ്രകാരം വയനാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കി.

**സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

**98 (438)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുമ്പോൾ സംവരണതത്വം പാലിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ ലോവർ കാറ്റഗറിയിൽ നിയമനം നൽകുകയും പിന്നീട് പ്രൊമോട്ട് ചെയ്ത് നിയമനം നടത്തുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡ്, സഹകരണ ബാങ്ക് എന്നിവയിലെ നിയമനങ്ങളിൽ യാതൊരു സംവരണ തത്വവും പിലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നിയമനങ്ങൾ നടത്തി ; സംവരണപ്രകാരം എത്ര പേർക്ക് നിയമനം നൽകി ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബന്ധപ്പെട്ട സർക്കുലറിന്റെ പകർപ്പുകൾ അനുബന്ധം I, II, III, IV ആയി ചേർത്തിട്ടുണ്ട്. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിൽ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുകയും പിന്നീട് പ്രത്യേക ഉത്തരവ് പ്രകാരം സ്ഥിരീകരണം നൽകുകയും ചെയ്തിട്ടുള്ളവരുടെ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലെയും കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിലെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ആകെ 6591 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മേൽപ്രകാരം നടത്തപ്പെട്ട നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണ പ്രകാരം 677 പേരെയും അംഗപരിമിത സംവരണ പ്രകാരം 139 പേരെയും നിയമിച്ചിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം**

**99 (439)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്തെ എത്ര സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിക്കൊണ്ട് സഹകരണ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി ; വിവരം ലഭ്യമാക്കുമോ ;

(ബി) അപ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലകപ്പെട്ട സഹകരണ സംഘങ്ങളിൽ, ആറുമാസ കാലയളവിനുശേഷം തെരഞ്ഞെടുപ്പ് നടത്താതെ, അഡ്മിനിസ്ട്രേറ്റർ ഭരണം തന്നെ നടത്തുന്നവ എത്ര എണ്ണം ;

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ, അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള എത്ര ഉത്തരവുകൾ റദ്ദായിപ്പോവുകയുണ്ടായിട്ടുണ്ട് ; എത്ര സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് പഴയ ഭരണ സമിതിക്കുതന്നെ അധികാരം തിരിച്ചു നൽകേണ്ടതായി വന്നിട്ടുണ്ട് വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1086 സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 384 എണ്ണം.

(സി) 10 സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. 9 സംഘങ്ങൾക്ക് പഴയ ഭരണസമിതിക്ക് തന്നെ അധികാരം തിരിച്ചു നൽകിയിട്ടുണ്ട്. അതിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞുപോയതിനാൽ പ്രസ്തുത സംഘത്തിന് ചാർജ് തിരികെ നൽകാൻ കഴിഞ്ഞിട്ടില്ല.

**ജില്ലാ സഹകരണ ബാങ്കുകളുടെ സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ**

**സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുന്നതിന് നടപടി**

**100 (440)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. (സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ) 22.5% പൂർണ്ണമായും സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുവാൻ റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിൻെറയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തെ പ്രസ്തുത നടപടി എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ആകെ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പ്രശ്നത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണ് ?

<u>ഉത്തരം</u>

(എ) റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ സർക്കുലർ പ്രകാരം 2015 മാർച്ച് 31-ന് മുമ്പ് 5% -വും, 2016 മാർച്ച് 31-ന് മുമ്പ് 10%-വും ബാക്കിയുള്ള തുക 2017 മാർച്ച് 31-ന് മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ SLR നിരക്ക് 25%-ൽനിന്ന് 22.5% ആയി കുറച്ചതുവഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവ് കുറഞ്ഞ നിക്ഷേപം കൂടുതൽ വായ്പ വിതരണത്തിന് വിനിയോഗിക്കാൻ കഴിയുമെങ്കിലും, SLR ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ പലിശ നഷ്ടം സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഇപ്പോൾ SLR നിക്ഷേപം ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്ക് അവരുടെ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടി വരികയും ആയതിനായി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കുകൾ വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാകുകയും

ചെയ്യുന്നത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട്. ഗവൺമെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപ ത്തിന് മറ്റ് രീതിയിലുള്ള SLR നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ എന്നതിനാൽ പല ജില്ലാ സഹകരണ ബാങ്കുകൾക്കും നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്.

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ മാസം വരെ 10648.70 കോടി രൂപയാണ്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

(കോടിയിൽ)

| ബാങ്ക് | സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചത് | മറ്റ് സ്ഥാപനങ്ങളിൽ | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 1431.20 | | 1431.20 |
| കൊല്ലം | 888.40 | | 888.40 |
| പത്തനംതിട്ട | 403.15 | 3.59 | 406.74 |
| ആലപ്പുഴ | 417.57 | | 417.57 |
| ഇടുക്കി | 257.95 | 57.58 | 315.53 |
| കോട്ടയം | 468.91 | 610.21 | 1079.12 |
| എറണാകുളം | 696.00 | 1262.00 | 1958.00 |
| തൃശ്ശൂർ | 746.14 | 265.87 | 1012.01 |
| പാലക്കാട് | 404.93 | 320.00 | 724.93 |
| മലപ്പുറം | 558.21 | 50.18 | 608.39 |
| കോഴിക്കോട് | 440.73 | 233.23 | 673.96 |

| | | | |
|---|---|---|---|
| കണ്ണൂർ | 606.00 | 155.00 | 761.00 |
| വയനാട് | 101.36 | 29.46 | 130.82 |
| കാസർഗോഡ് | 204.03 | 37.00 | 241.03 |
| ആകെ | 7624.58 | 3024.12 | 10648.70 |

(ഡി) ആർ.ബി.ഐ. സർക്കുലറിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതോടൊപ്പം ഗവൺമെന്റ് സെക്യൂരിറ്റി നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ ലഭിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**വയനാട് ജില്ലയിൽ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ**

**101 (441)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന ഇൻഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെൻറ് പ്രോജക്ടിൻെറ രണ്ടാംഘട്ട പ്രവർത്തങ്ങൾ വിലയിരുത്തി യിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രോജക്ട്ടുവഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് ജില്ലയിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര തുക ജില്ലയിൽ ചെലവഴിച്ചു എന്നതിൻെറ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) സർവ്വീസ് സഹകരണ ബാങ്കുകളിൽ ഷെയർ ക്യാപ്പിറ്റൽ അസിസ്റ്റന്റ്സ്, ഓഫീസ് കം ബിൽഡിംഗ് ആന്റ് ഗോഡൗൺ നിർമ്മാണവും റിപ്പയറും, കമ്പ്യൂട്ടറൈസേഷൻ, ജനറേറ്റർ, കൗണ്ടിംഗ് മെഷീൻ, സ്ട്രോംഗ് റൂം, സേഫ് എന്നിവ സ്ഥാപിക്കുക, പ്രൈമറി അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ്

സംഘങ്ങളുടെയും, എസ്.സി./എസ്.റ്റി. സംഘങ്ങളുടെയും ഷെയർ ക്യാപ്പിറ്റൽ അസിസ്റ്റൻസ്, ഗോഡൗൺ നിർമ്മാണം, കമ്പ്യൂട്ടറൈസേഷൻ, കൺസ്യൂമർ സംഘങ്ങൾ, പ്രിന്റിംഗ് പ്രസ്സ്, ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, പ്രിയദർശിനി ടീ പ്ലാന്റേഷൻ എന്നീ സംഘങ്ങളുടെ ആധുനികമായ സമഗ്ര വികസനത്തിനായും വയനാട് ജില്ലാ സഹകരണ ബാങ്കിന്റെ ഷെയർ ക്യാപ്പിറ്റൽ അസിസ്റ്റൻസ്, കമ്പ്യൂട്ടറൈസേഷൻ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി 828 ലക്ഷം രൂപയുടെ പദ്ധതി നടത്തിപ്പ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| (സി) വൈത്തിരി | - 322.57 ലക്ഷം രൂപ |
| സുൽത്താൻബത്തേരി | - 187.84 " |
| മാനന്തവാടി | - 317.49 " |

**മൊബൈൽ ത്രിവേണികൾ**

**102 (442)** <u>ശ്രീമതി പി. കെ. ജയലക്ഷ്മി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മൊബൈൽ ത്രിവേണികൾ സർവ്വീസ് നടത്തിയിരുന്നു ;

(ബി) നിലവിൽ എത്ര മൊബൈൽ ത്രിവേണികൾവഴി സാധനവിതരണം നടത്തുന്നു ;

(സി) മൊബൈൽ ത്രിവേണികളിലെ പ്രതിദിന ശരാശരി വിറ്റുവരവ് എത്ര രൂപയാണ് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 142 മൊബൈൽ ത്രിവേണികളാണ് സർവ്വീസ് നടത്തിയിരുന്നത്.

(ബി) നിലവിൽ 121 മൊബൈൽ ത്രിവേണികൾ വഴിയാണ് സാധനങ്ങൾ വിതരണം നടത്തുന്നത്.

(സി) മൊബൈൽ ത്രിവേണികളുടെ പ്രതിദിന ശരാശരി വിറ്റുവരവ് 12,500- രൂപയാണ്.

## പ്രാഥമിക സംഘങ്ങളിലെ റിസ്ക് ഫണ്ട്, വെൽഫെയർ ഫണ്ട് പെൻഷൻ വിഹിതങ്ങൾ എന്നിവയുടെ നിക്ഷേപം

**103 (443)** <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ അംഗങ്ങളിൽ നിന്നും വാങ്ങുന്ന റിസ്ക് ഫണ്ട് വിഹിതം, ജീവനക്കാരിൽ നിന്ന് ഈടാക്കുന്ന വെൽഫെയർ ഫണ്ട് വിഹിതം, പെൻഷൻ വിഹിതം മുതലായവ യഥാസമയം ജില്ലാ ബാങ്കുകളിലെ അക്കൗണ്ടുകളിൽ നിക്ഷേപിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതികളും ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി തുക, പി.എഫ്. വിഹിതം മുതലായവ യഥാസമയം അടയ്ക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ ; ഇത് പരിഹരിക്കുവാൻ ഒരു പൊതു നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ സംഘം ജീവനക്കാർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റി നൽകുവാനുള്ള ബാധ്യത ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് തന്നെയാണുള്ളത്. ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഗ്രാറ്റുവിറ്റി തുക, പി.എഫ്. വിഹിതം മുതലയാവ അടയ്ക്കാത്തതിനെ സംബന്ധിച്ച് പ്രത്യേകം പരാതികൾ നിലവിലില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണം ആവശ്യമില്ലാത്തതാണ്. ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം പെൻഷൻ ബോർഡിൽ ഒടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 44/2012-ാം നമ്പർ സർക്കുലർ നിലവിലുള്ളതാണ്. ഈ സാഹചര്യത്തിൽ ഒരു പൊതു നിർദ്ദേശം നല്കേണ്ട ആവശ്യമില്ല.

## ത്രിവേണി-നന്മ സ്റ്റോറുകൾ

**104 (444)**ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ത്രിവേണി-നന്മ സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് നന്മ സ്റ്റോറുകൾ
584/16
ആരംഭിച്ചിട്ടുള്ളത് ;

(സി) ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ആവശ്യകത നോക്കി ത്രിവേണി സ്റ്റോറുകളും, നന്മ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൺസ്യൂമർഫെഡ് ആരംഭിച്ച ത്രിവേണി-നന്മ സ്റ്റോറുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഏറനാട് മണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(സി) പുതുതായി ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും സംസ്ഥാനത്ത് ആരംഭിക്കുന്ന കാര്യം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

**പുന്നപ്ര സഹകരണ ആശുപത്രി പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി**

**105 (445)**ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര സഹകരണ ആശുപത്രിക്ക് ശിലാസ്ഥാപനം നടത്തിയത് എന്ന് ; ആര് ; വ്യക്തമാക്കാമോ ;

(ബി) സഹകരണ ആശുപത്രിയുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്

ആരാണ് ഉത്ഘാടനം ചെയ്തത് ; വിശദമാക്കാമോ ;

(സി) സഹകരണ ആശുപത്രിക്ക് എത്ര സ്ഥലമാണ് നിലവിലുള്ളത് ; ഈ സ്ഥലം സഹകരണ ആശുപത്രിക്ക് കൈമാറിക്കിട്ടിയ നടപടി വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത സ്ഥലത്തിന് കമ്പോളവില അനുസരിച്ച് ഇപ്പോൾ എന്തു വില വരും ;

(ഇ) ഇപ്പോഴത്തെ സഹകരണ മന്ത്രി അവിടെ എത്ര തവണ സന്ദർശിച്ചു, എന്തെല്ലാം ചടങ്ങുകൾ നിർവ്വഹിച്ചു ; വ്യക്തമാക്കാമോ ;

(എഫ്) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിശ്രമ മുറികൾ പ്രവർത്തന ക്ഷമമായോ ; ഇല്ലെങ്കിൽ എന്ന് പ്രവർത്തനക്ഷമമാകും ;

(ജി) ആശുപത്രിയിലെ തിരക്ക് ഒഴിവാക്കുന്നതിന് 2010-ൽ തീരുമാനിച്ച പുതിയ ബഹുനില മന്ദിരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; സഹകരണ വകുപ്പുമന്ത്രി ചെയർമാനും സ്ഥലം എം.എൽ.എ. വൈസ് ചെയർമാനായും ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുന്നപ്ര സഹകരണ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എത്ര തവണ യോഗം ചേർന്നു ; പ്രധാന തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മാസത്തിൽ രണ്ടു തവണയെങ്കിലും യോഗം ചേരാൻ നടപടി സ്വീകരിക്കുമോ ; രാഷ്ട്രീയ ലക്ഷ്യങ്ങളോടുകൂടിയ വിവാദങ്ങളിൽ നിന്നും പുന്നപ്ര സഹകരണ അശുപത്രിയെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1-2-2009-ൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനാണ് പുന്നപ്ര സഹകരണ ആശുപത്രിക്ക് ശിലാസ്ഥാപനം നടത്തിയത്.

(ബി) പുന്നപ്ര സഹകരണ ആശുപത്രിയുടെ പ്രവർത്തനം 29-8-2010-ൽ ആരംഭിച്ചു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉത്ഘാടനം നിർവ്വഹിച്ചു.

(സി) പുന്നപ്ര സഹകരണ ആശുപത്രിക്ക് 1.77 ഏക്കർ സ്ഥലമാണുള്ളത്.

ഈ സ്ഥലം കേപ്പ് ഡയറക്ടറുടെ പേരിലാണ്.

(ഡി) സർക്കാർ ഭൂമിയായതിനാൽ വില നിശ്ചയിച്ചിട്ടില്ല.

(ഇ) സഹകരണ മന്ത്രി 3 (മൂന്ന്) തവണ ആശുപത്രി സന്ദർശിച്ചു. 16-9-2011-ൽ പേവാർഡ് ഉദ്ഘാടനത്തിനും 27-3-2013-ൽ കേപ്പിന്റെ 136-ാം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിനും 12-1-2014-ൽ കാത്ത് ലാബ് ഉദ്ഘാടനത്തിലും സഹകരണ വകുപ്പുമന്ത്രി പങ്കെടുത്തു.

(എഫ്) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിശ്രമ മുറികൾ പ്രവർത്തനക്ഷമമാണ്.

(ജി) സഹകരണ ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്. അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു. പുതിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. രാഷ്ട്രീയ ലക്ഷ്യങ്ങളോടുകൂടിയ വിവാദങ്ങളിൽ പുന്നപ്ര സഹകരണ ആശുപത്രി ഉൾപ്പെടാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

**പുന്നപ്ര സഹകരണ ആശുപത്രിയുടെ പ്രവർത്തനം**

**106 (446)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് നിലവിലുള്ളത് ;

(ബി) പുന്നപ്ര സഹകരണ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയാവിഭാഗം പ്രവർത്തിക്കുന്നുണ്ടോ ; ഹൃദയ ശസ്ത്രക്രിയാ യൂണിറ്റ് സ്ഥാപിക്കുവാൻ തീരുമാനമെടുത്തത് എന്ന് ; യന്ത്രങ്ങൾ എവിടെനിന്നാണ് വാങ്ങിയത് ; യൂണിറ്റ് ഉദ്ഘാടനം നിർവ്വഹിച്ചത് ആര് ; എന്ന് ; യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) 2010 മുതൽ 2014 നവംബർ 30 വരെയുള്ള ഓരോ വർഷത്തിലും ആശുപത്രിയിലെ വരവും ചെലവും എത്രയെന്ന് വിശദമാക്കാമോ ; സഹകരണ ആശുപത്രിയിൽ നിലവിൽ എത്ര സ്ഥിരം/താല്ക്കാലിക ജീവനക്കാരുണ്ട് ; തസ്തിക തിരിച്ച് വിശദമാക്കുമോ ;

(ഡി) 2010 മുതൽ 2014 നവംബർ 30 വരെ ഓരോ വർഷവും ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തിയ രോഗികളുടെ എണ്ണം എത്ര ; ഇതിൽ കിടത്തി ചികിത്സ നൽകിയ രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) 2010-11 ൽ പുന്നപ്ര സഹകരണ ആശുപത്രിയിൽ എത്ര ഡോക്ടർമാർ ഉണ്ടായിരുന്നു. അവരുടെ പേരും വകുപ്പും വ്യക്തമാക്കാമോ ; പുന്നപ്ര സഹകരണ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാർ ഉണ്ട് ; അവരുടെ പേരും വകുപ്പും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ മെഡിസിൻ, ന്യൂറോളജി, കാർഡിയോളജി, നെഫ്രോളജി, പീഡിയാട്രിക്, ഡെർമറ്റോളജി, സർജറി, ഗൈനക്കോളജി, ഡെന്റൽ, ഇ.എൻ.റ്റി., ഓർത്തോപീഡിക്, ഒഫ്ത്താൽമോളജി എന്നീ ചികിത്സാ വിഭാഗങ്ങളാണ് നിലവിലുള്ളത്.

(ബി) ഹൃദയ ശസ്ത്രക്രിയാ വിഭാഗം ആരംഭിച്ചിട്ടില്ല. പ്രസ്തുത യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനമെടുത്തത് 16-9-2010-ലാണ്. എച്ച്.എൽ.എൽ. ലൈഫ് കെയർ യൂണിറ്റ് എന്ന സ്ഥാപനം മുഖേനയാണ് യന്ത്രങ്ങൾ വാങ്ങിയത്. ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള ഓപ്പറേഷൻ തീയേറ്റർ സജ്ജീകരിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങളുടെയും, ഈ രംഗത്തെ വിദഗ്ധരായ ഡോക്ടർമാരുടെയും ലഭ്യത ഉറപ്പ് വരുത്താതെ ശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയത് ആസൂത്രണത്തിൽ വന്നിട്ടുള്ള പിഴവാണ്. കൂടാതെ പ്രസ്തുത ഉപകരണങ്ങൾ ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങിയതുമൂലം ആശുപത്രിക്ക് വലിയ സാമ്പത്തിക ബാധ്യത വന്നിട്ടുണ്ട്. ഇക്കാരണങ്ങളാൽ ഹൃദയശസ്ത്രക്രിയാ വിഭാഗം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഈ ഇനത്തിലുള്ള സാമ്പത്തിക ബാധ്യത തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വരവ് ചെലവ് കണക്ക്

| (1) | (2) | (3) |
|---|---|---|
| വർഷം | വരവ് | ചെലവ് |
| 2010-11 | 8495047 | 18903994 |

| | | |
|---|---|---|
| 2011-12 | 44331505 | 70353611 |
| 2012-13 | 44080350 | 78482588 |
| 2013-14 | 37914619 | 72850778 |
| 2014-15 (2014 ഒക്ടോബർവരെ) | 20721638 | 42047554 |

ജീവനക്കാരുടെ വിവരം അനുബന്ധം 1-ൽ ചേർക്കുന്നു. *

(ഡി)

| വർഷം | ഒ.പി. | ഐ.പി. |
|---|---|---|
| 2010 | 17375 | 232 |
| 2011 | 26680 | 2851 |
| 2012 | 26378 | 3571 |
| 2013 | 14910 | 2409 |
| 2014 | 11836 | 1543 |

(ഇ) 2010-11-ൽ പുന്നപ്ര സഹകരണ ആശുപത്രിയിൽ 35 ഡോക്ടർമാർ (കൊച്ചിൻ മെഡിക്കൽ കോളേജിൽ നിന്നുള്ളവർ ഉൾപ്പെടെ) ഉണ്ടായിരുന്നു. അവരുടെ പേരും വകുപ്പും അനുബന്ധം 2 -ൽ ചേർക്കുന്നു.*

പുന്നപ്ര സഹകരണ ആശുപത്രിയിൽ നിലവിൽ 19 ഡോക്ടർമാരുണ്ട്. അവരുടെ പേരും വകുപ്പും അനുബന്ധം 3-ൽ ചേർക്കുന്നു. *

## പുന്നപ്ര സഹകരണ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

**107(447)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ജനങ്ങൾ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഒരു

ചികിത്സാ കേന്ദ്രമാണ് പുന്നപ്ര സഹകരണ ആശുപത്രി എന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അശുപത്രിയിലേക്കുള്ള വിശാലമായ വീഥി ടൈൽസ് പാകി ഭംഗിയാക്കിയിരുന്നത് ഇപ്പോൾ വൃത്തിഹീനമായിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വീഥി ഭംഗിയായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ ആശപത്രിയുടെ അകത്തും പുറത്തുമുള്ള ഭിത്തികളിലെ ചുവരെഴുത്തും പോസ്റ്ററുകളും മാറ്റി ഭംഗിയാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സഹകരണ സുനാമി ഫണ്ടുകൂടി ഉപയോഗിച്ച് നിർമ്മിച്ച ആശുപത്രി എന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ചികിത്സാ ഇളവുകൾ പുനഃസ്ഥാപിക്കുമോ ;

(ഇ) സത്രീകൾക്കും കുട്ടികൾക്കും ചികിത്സയ്ക്ക് നൽകിയിരുന്ന ഇളവുകൾ പുനഃസ്ഥാപിക്കുമോ ; വിശദവിവരം നൽകാമോ ;

(എഫ്) ലോക്കൽ പർച്ചേസ് ഒഴിവാക്കി, ടെണ്ടർ പരസ്യം വഴി ഏറ്റവും വിലകുറച്ച് ഗുണ നിലവാരമുള്ള മരുന്നുകളും അനുബന്ധ ചികിത്സാ ഉപകരണങ്ങളും വാങ്ങാൻ ആദ്യകാലത്ത് സ്വീകരിച്ചിരുന്ന നടപടി പുനഃസ്ഥാപിക്കുമോ ; വിശദാംശം നൽകാമോ ;

(ജി) 2010 ൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലാമ്പ് പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രവർത്തന ക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ; ആശുപത്രി കാൻറീൻ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടൈൽസ് പാകിയ വീഥികൾ ഭംഗിയായി സൂക്ഷിക്കാൻ ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആശുപത്രിയുടെ കോമ്പൗണ്ടിലെ ചുവരെഴുത്തുകളും പോസ്റ്ററുകളും

മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭാവിയിൽ ആശുപത്രിയുടെ അകത്തും പുറത്തുമുള്ള ഭിത്തികളിൽ ചുവരെഴുത്തും പോസ്റ്ററുകളും പതിക്കാൻ പാടില്ലെന്നുള്ള സർക്കുലർ നിർദ്ദേശം കേപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും ഇപ്പോഴും ചികിത്സാ ഫീസ് ഇളവുകൾ നൽകുന്നുണ്ട്.

(ഇ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലും കയർ തൊഴിലാളി ക്ഷേമനിധിയിലും അംഗങ്ങളായ സ്ത്രീകൾക്കും കുട്ടികൾക്കും നിലവിൽ ചികിത്സാ ഫീസ് ഇളവുകൾ നൽകുന്നുണ്ട്.

(എഫ്) ഇക്കാര്യം കേപ്പ് പരിശോധിച്ചുവരുന്നു.

(ജി) ഹൈമാസ്റ്റ് ലാമ്പ് പ്രവർത്തിക്കുന്നുണ്ട്. സഹകരണ ആശുപത്രിക്ക് പ്രത്യേക കാന്റീൻ നിലവിലില്ല. എന്നാൽ എഞ്ചിനീയറിംഗ് കോളേജിനോട് അനുബന്ധിച്ച പ്രവർത്തിക്കുന്ന നിലവിലുള്ള കാന്റീൻ ആശുപത്രിക്ക് കൂടി പ്രയോജനപ്പെടുത്തിവരുന്നു. രാവിലെയും വൈകിട്ടും പിന്നെ പൊതു അവധി ദിവസങ്ങളിലും കോളേജിന് അവധിയുള്ളപ്പോഴും കാന്റീൻ പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**108 (448)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളുടെ അടിത്തറ ഇളക്കുംവിധം റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും ഇത് എന്നു മുതൽ നടപ്പാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റിസർവ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായി ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സഹകരണ

സംഘങ്ങളിലെ നിക്ഷേപവും, വായ്പയും, ഓഹരി തുകയും ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റാവുന്നതാണെന്ന് 22-7-2013-ൽ നബാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം പുറത്തിറക്കിയ പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോണ്ടൻസായി പ്രവർത്തിക്കണം.

2. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം എടുക്കണം. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗത്വം എടുക്കണം.

3. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്കുവേണ്ടി നിക്ഷേപ വായ്പ ഇടപാടുകൾ നടത്തുകയും, ഇതിലേയ്ക്കായി ഏജൻസ് ഫീസ് കൈപ്പറ്റാവുന്നതുമാണ്

4. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സർക്കാർ ഓഹരി മൂലധനം ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റണം.

5. ജില്ലാ സഹകരണ ബാങ്കുകൾ 31-3-2013-നകം 4 ശതമാനം മൂലധന പര്യാപ്തത (CRAR) കൈവരിക്കണം. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജില്ലാ സഹകരണ ബാങ്കുകൾക്കെതിരെ റിസർവ് ബാങ്ക് നടപടി സ്വീകരിക്കണം.

6. ജില്ലാ സഹകരണ ബാങ്കുകൾ 2014-15-ൽ 7 ശതമാനം മൂലധന പര്യാപ്തതയും 2016-17-ൽ 9 ശതമാനം മൂലധന പര്യാപ്തതയും കൈവരിക്കണം.

7. മാനദണ്ഡങ്ങൾ കൈവരിക്കാൻ കഴിയാത്ത ജില്ലാ സഹകരണ ബാങ്കുകളെ മറ്റ് ജില്ലാ സഹകരണ ബാങ്കുകളുമായി സംയോജിപ്പിക്കണം.

8. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതിയുടെ 5 വർഷ ഭരണ കാലാവധിക്കുള്ളിൽ ബാങ്ക് ഏതെങ്കിലും 3

വർഷം നഷ്ടം വരുത്തുകയാണെങ്കിൽ, ടി ഭരണസമിതിയിലെ അംഗം, അടുത്ത 5 വർഷത്തേയ്ക്ക് ഏതെങ്കിലും സംസ്ഥാന സഹകരണ ബാങ്കിലോ ജില്ലാ സഹകരണ ബാങ്കുകളിലോ ഭരണസമിതിയിലേയ്ക്ക് മത്സരിക്കാൻ പാടില്ല.

9. സംസ്ഥാന സഹകരണ ബാങ്ക്; ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരുടെ പാനൽ റിസർവ് ബാങ്കോ, റിസർവ് ബാങ്ക് അധികാരപ്പെടുത്തുന്ന ഏജൻസിയോ നിശ്ചയിക്കണം.

10. ഷെയർ ലിങ്കേജ്, നിക്ഷേപം നടത്തുക, ഡിവിഡന്റ് നൽകുക എന്ന
584/16
കാര്യങ്ങളിൽ ബാങ്കുകൾക്ക് സ്വന്തമായി തീരുമാനം കൈക്കൊള്ളാൻ കഴിയുന്ന വ്യവസ്ഥ സംസ്ഥാന സഹകരണ നിയമങ്ങളിൽ ഉൾപ്പെടുത്തണം.

11. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.റ്റി., എ.റ്റി.എം. സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള അന്തിമ തീയതി 30-9-2013 ആയി നിശ്ചയിക്കണം.

12. സഹകരണ ബാങ്കുകൾക്കായി പ്രത്യേക ഓംബുഡ്സ്മാൻ റിസർവ് ബാങ്ക്/നബാർഡ് രൂപീകരിക്കണം.

ഇക്കാര്യത്തിൽ നബാർഡ് പുറപ്പെടുവിച്ച 22-7-2013-ലെ നിർദ്ദേശത്തിൽ എന്ന് മുതൽ നടപ്പിലാക്കണമെന്ന് പ്രത്യേക നിർദ്ദേശം ഇല്ല.

(ബി) പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22-7-2013-ൽ നബാർഡ് നൽകിയ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിൽ യാതൊരു നടപടിയും സ്വീകരിക്കേണ്ടതില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ 3-8-2013-ൽ സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും അറിയിച്ചിരുന്നു. നബാർഡിന്റെ സർക്കുലർ നിർദ്ദേശത്തിനെതിരെ ചില പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് പരാമർശിച്ച് സഹകരണ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും, കൃഷി വകുപ്പുമന്ത്രിക്കും കത്ത് നൽകിയിരുന്നു. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ നബാർഡ് പുറപ്പെടുവിച്ച സർക്കുലർ നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ടതില്ലെന്ന് നബാർഡ് 6-9-2013-ൽ 196/IDD-11/2013-14 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആകയാൽ ടി വിഷയത്തിന് ഇപ്പോൾ പ്രസക്തിയില്ല. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ല എന്നതാണ് സർക്കാർ നിലപാട്.

**പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾ**

**109 (449)**<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിനുകീഴിൽ എത്ര സഹകരണ സംഘങ്ങളാണ് പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽ എത്രവീതം സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പുതുതായി രജിസ്റ്റർ ചെയ്യാൻ എത്ര സംഘങ്ങളുടെ അപേക്ഷ കളാണ് ഇപ്പോൾ സഹകരണ വകുപ്പിന്റെ പരിഗണനയിലുള്ളത് ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 1,485 പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം I പ്രകാരം ചേർത്തിട്ടുണ്ട്. *

(സി) പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | : | 62 |

| | | |
|---|---|---|
| കൊല്ലം | : | 18 |
| പത്തനംതിട്ട | : | 6 |
| ആലപ്പുഴ | : | 15 |
| കോട്ടയം | : | 18 |
| ഇടുക്കി | : | 8 |
| എറണാകുളം | : | 17 |
| തൃശ്ശൂർ | : | 10 |
| പാലക്കാട് | : | ഇല്ല |
| മലപ്പുറം | : | 3 |
| കോഴിക്കോട് | : | 8 |
| വയനാട് | : | 1 |
| കണ്ണൂർ | : | 4 |
| കാസർഗോഡ് | | 4 |
| സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ | : | 3 |
| ആകെ | : | 177 |

### സുവർണ്ണ കേരളം പദ്ധതി

**110(450)** ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എത്ര സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ കൈമാറുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷിരീതികളും ഉൽപ്പാദനോപാധികളുമാണ് സഹകരണസംഘങ്ങൾ മുഖേന കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംഘങ്ങളുടെ സാമ്പത്തിക ശേഷി സംബന്ധിച്ച് യാതൊരു മാനദണ്ഡവും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടില്ല. അതാതു സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംഘങ്ങളുടെ സാമ്പത്തിക/ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുക എന്നതാണുദ്ദേശിച്ചിരിക്കുന്നത്.

(ബി) വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളി ഹൗസ് കൃഷി എന്നിവയും സംഘം പരിധിയിലുള്ള കൃഷി ഭവൻ മുഖേനയുള്ള പ്രവർത്തനങ്ങൾ, ഓരോ പ്രദേശത്ത് ഓരോ സീസണുകൾക്കും യോജിച്ച പച്ചക്കറിയുടെ വിത്തുകൾ/തൈകൾ എന്നിവ പോളി ഫാമുകളിൽ വികസിപ്പിച്ച് അംഗങ്ങൾക്ക് സൗജന്യമായോ/മിതമായ വിലയ്ക്കോ വിതരണം ചെയ്യുന്നതിനും ഓരോ സംഘങ്ങൾക്കും ഗുണമേന്മയും അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ സർക്കാർ കൃഷി ഫാമിൽനിന്നും സൗജന്യമായി ലഭ്യമാക്കി അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നതിനുള്ള പദ്ധതി ലക്ഷ്യമിടുന്നു. പച്ചക്കറി കൃഷിക്കുള്ള സാധ്യത പരിശോധിച്ച് കൃഷി വായ്പ നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

**ഹ്രസ്വകാല കാർഷിക വായ്പകൾ - പലിശരഹിത വായ്പാ പദ്ധതി**

**111 (451)** <u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. പാലോട് രവി</u> :

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങ ളുടെയും വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഏതെല്ലാം തരത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ ഇളവ് നൽകുക എന്നതാണ് ഉത്തേജന പലിശ ഇളവ് പദ്ധതിയുടെ ലക്ഷ്യം. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുമ്പോ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന 3% പലിശ സബ് വെൻഷൻ (യഥാസമയം

തിരികെ അടയ്ക്കുന്ന വായ്പകൾക്ക്, നബാർഡിൽനിന്നും അനുവദനീയമായ 1% പലിശ ഇളവ് ഉൾപ്പെടെ) കഴിച്ച് പരമാവധി 5% പലിശ സബ്സിഡി അനുവദിക്കുന്നതാണ് ഉത്തേജന പലിശ ഇളവ് പദ്ധതി. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ് വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്സിഡി ആണ് അനുവദിച്ചുവരുന്നത്.

(സി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ. ഒന്നിലധികം വായ്പകളിലായി ഓരോ കർഷകർക്കും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിൽ, പരമാവധി 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ.

(ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**സഹകരണ റിസ്ക് ഫണ്ട് പദ്ധതി**

**112 (452)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാങ്കുകളും, സർക്കാരും സഹകരണ റിസ്ക് ഫണ്ട്

പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ;

(സി) ഇതിനകം റിസ്ക് ഫണ്ടിനത്തിൽ എന്ത് തുക ആർക്കൊക്കെ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യത തുക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന 1-4-2008 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കിവരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധനയിൽ 30-3-2012-ലെ സ.ഉ. (കൈ) നം. 42/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും സ്കീമിൽ പരാമർശിച്ചിട്ടുള്ള 5 മാരക രോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പ മുതലിനത്തിൽ പരമാവധി 75,000 രൂപ എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വായ്പ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധി വരെയുള്ള {ഇപ്പോൾ 1.50 ലക്ഷം (ഒന്നര ലക്ഷം) രൂപ മുതലും അതിന്റെ പലിശയും} വായ്പ ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുക എന്നതാണ് " കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" -യുടെ ഉദ്ദേശ്യലക്ഷ്യം. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് ബഹുമാനപ്പെട്ട സഹകണ വകുപ്പുമന്ത്രി അധ്യക്ഷനായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പക്കാരന് വായ്പാ കാലാവധി അവസാനിക്കുമ്പോൾ 70 വയസ്സിലധികരിക്കാൻ പാടില്ല. തുടർച്ചയായി വായ്പ

തിരിച്ചടവിൽ ആറ് മാസത്തിലധികരിച്ച് കുടിശ്ശിക വരുത്താനും പാടില്ല. വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ നൽകുമ്പോൾ വായ്പ തുകയുടെ 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും വായ്പക്കാരൻ വായ്പ തുക കൈപ്പറ്റുമ്പോൾ സഹകരണ സംഘത്തിൽ റിസ്ക് ഫണ്ട് പ്രീമിയമായി (ഒറ്റത്തവണ പ്രീമിയം) അടയ്ക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റ്, സംഭാവന എന്നിവയും ഉൾപ്പെടുന്ന കോർപസ് ഫണ്ട് ഉപയോഗിച്ചാണ് റിസ്ക് ഫണ്ട് ധനസഹായം നൽകുന്നത്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി മരണപ്പെട്ട ആളുടെ ആശ്രിതർ ബന്ധപ്പെട്ട സഹകരണ സ്ഥാപനം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കണം. അസുഖം ബാധിച്ചവർ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധമായ ചികിത്സാ രേഖകളും ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്.

(സി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ്. റിസ്ക് ഫണ്ട് ധനസഹായം ബോർഡ്, വായ്പക്കാരൻ വായ്പ എടുത്ത സഹകരണ സംഘത്തിനാണ് അനുവദിച്ച് നൽകുന്നത്. ഇപ്രകാരം ലഭിക്കുന്ന ആനുകൂല്യ തുക വായ്പക്കാരന്റെ വായ്പ കണക്കിലേയ്ക്ക് വരവ് വയ്ക്കുന്നത് സഹകരണ സംഘമാണ്. റിസ്ക് ഫണ്ട് ഇനത്തിൽ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും നാളിതുവരെ അനുവദിച്ച എണ്ണം, തുക സംബന്ധിച്ച വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | വായ്പക്കാരുടെ എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 657 | 5,48,34,659 |
| കൊല്ലം | 687 | 6,20,43,077 |

| | | |
|---|---|---|
| പത്തനംതിട്ട | 313 | 2,45,84,177 |
| ആലപ്പുഴ | 381 | 3,08,27,833 |
| കോട്ടയം | 1195 | 9,29,28,018 |
| ഇടുക്കി | 826 | 3,83,11,308 |
| എറണാകുളം | 3052 | 18,33,44,931 |
| തൃശ്ശൂർ | 1440 | 10,54,59,163 |
| പാലക്കാട് | 1041 | 6,79,50,067 |
| മലപ്പുറം | 906 | 5,56,78,486 |
| കോഴിക്കോട് | 431 | 3,55,67,547 |
| വയനാട് | 166 | 74,59,128 |
| കണ്ണൂർ | 1979 | 9,32,96,428 |
| കാസർഗോഡ് | 660 | 2,89,61,617 |
| ആകെ | 13734 | 88,12,46,439 |

നാളിതുവരെ 13734 വായ്പക്കാർക്ക് ആനുകൂല്യം നൽകിയിട്ടുള്ളതിനാൽ വായ്പക്കാരുടെ പേരും സംഘത്തിന്റെ പേരും ഓരോ വായ്പക്കാർക്കും നൽകിയ തുക സംബന്ധിച്ച വിവരവും വേർതിരിച്ച് നൽകുന്നത് പ്രായോഗികമല്ല.

**സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ**

**113 (453)** ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദിഗ്രാമവ്യവസായവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ സഹകരണ ബാങ്കുകളിലൂടെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മിതമായ പലിശനിരക്കിൽ ഹ്രസ്വകാല/ദീർഘകാല വായ്പകൾ സഹകരണ ബാങ്കുകളിലൂടെ നൽകിവരുന്നുണ്ട്.

ക്രമപ്രകാരമുള്ള അപേക്ഷകൾ പദ്ധതി റിപ്പോർട്ടുസഹിതം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ വിജയ സാധ്യത പരിശോധിച്ച് വായ്പ അനുവദിക്കാറുണ്ട്.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ**

**114 (454)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് സഞ്ചരിക്കുന്ന എത്ര ത്രിവേണി സ്റ്റോറുകളുണ്ട് ; ജില്ലാടിസ്ഥാനത്തിലുള്ള വിവരം നൽകാമോ ;

(ബി) നിലവിൽ പ്രസ്തുത മേഖലയിൽ ജോലിചെയ്തുവരുന്ന ജീവനക്കാ രുടെയും, താല്ക്കാലിക ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള കണക്കുകൾ ജില്ലാടി സ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) വാഹനങ്ങളുടെ എണ്ണം, ഇനം ഇവയുൾപ്പെടെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കായുള്ള വാഹനങ്ങൾ വാങ്ങുന്നതിലേക്കായി നാളിതുവരെ എന്ത് തുക ചെലവിട്ടുവെന്ന് കൃത്യമായ കണക്ക് ലഭ്യമാക്കുമോ ;

(ഡി) വാഹനങ്ങളുടെ മെയിന്റനൻസിനായി എന്ത് തുക ചെലവാക്കിയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് 121 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | സഞ്ചരിക്കുന്ന ത്രിവേണികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 11 |
| 3 | ആലപ്പുഴ | 8 |
| 4 | പത്തനംതിട്ട | 5 |
| 5 | കോട്ടയം | 9 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 7 |
| 8 | തൃശ്ശൂർ | 13 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 16 |
| 11 | കോഴിക്കോട് | 13 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 9 |
| 14 | കാസർഗോഡ് | 0 |
| | ആകെ | 121 |

(ബി) മൊബൈൽ ത്രിവേണികളിൽ (സഞ്ചരിക്കുന്ന ത്രിവേണി) ജോലി ചെയ്തുവരുന്ന ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും (ജില്ലാടിസ്ഥാനത്തിൽ തസ്തിക തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | സെയിൽസ് ഹെൽപ്പർ | ദിവസ വേതനക്കാർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 39 |
| 2 | കൊല്ലം | 3 | 31 |

| | | | |
|---|---|---|---|
| 3 | പത്തനംതിട്ട | -- | 16 |
| 4 | ആലപ്പുഴ | 2 | 25 |
| 5 | കോട്ടയം | -- | 19 |
| 6 | ഇടുക്കി | -- | 6 |
| 7 | എറണാകുളം | 1 | 13 |
| 8 | തൃശ്ശൂർ | 2 | 33 |
| 9 | പാലക്കാട് | -- | 26 |
| 10 | മലപ്പുറം | 3 | 34 |
| 11 | കോഴിക്കോട് | 2 | 33 |
| 12 | വയനാട് | -- | 6 |
| 13 | കണ്ണൂർ | -- | 19 |
| 14 | കാസർഗോഡ് | -- | -- |
| | ആകെ | 15 | 300 |

(സി) 142 മൊബൈൽ ത്രിവേണി വാഹനങ്ങളാണ് ഇപ്പോൾ കൺസ്യൂമർ ഫെഡറേഷന് ഉള്ളത്. ഇവ ടാറ്റാ എൽ.പി.റ്റി. 709 ട്രക്ക് ഇനത്തിൽ പ്പെട്ടവയാണ്. സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കായുള്ള വാഹനങ്ങൾ വാങ്ങുന്നതിലേയ്ക്കായി 11.47 കോടി രൂപാ ചെലവിട്ടിട്ടുണ്ട്.

(ഡി) മൊബൈൽ ത്രിവേണി വാഹനങ്ങളുടെ ദൈനംദിന മെയിന്റനൻസിനായി 2011-12 വർഷം മുതൽ നാളിതുവരെ 52.34 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

### സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ

**115 (455)** <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മില്ലുകളുടെ നവീകരണത്തിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത മില്ലുകളുടെ പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനും സാമ്പത്തിക ബാധ്യതകൾ തീർക്കുന്നതിനും സർക്കാർ എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം മില്ലുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മകമായി ഇടപെടുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം മില്ലുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചുള്ള പരാതികളിൽ യഥാസമയം പരിഹാരം കാണുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയോടനുബന്ധിച്ച് സഹകരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന അരിമില്ലുകൾ സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി. പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അരിമില്ലിന്റെ നവീകരണത്തിനായി തൃശ്ശൂർ ജില്ലയിൽനിന്നും 816 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓഹരി മൂലധനം, വായ്പ സബ്സിഡി എന്നീ ഇനങ്ങളിലാണ് ധനസഹായം അനുവദിക്കുന്നത്. സംഘങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരാതികൾ ലഭിച്ചാൽ യഥാസമയം നടപടി സ്വീകരിക്കുന്നതാണ്.

**കൊയിലാണ്ടിയിലെ കർഷകർക്ക് അനുവദിച്ച തുക**

**116 (456)** <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന കാർഷിക വികസന പദ്ധതികൾക്കായി 2013-14 സാമ്പത്തിക വർഷം കൊയിലാണ്ടിയിൽ എത്ര കർഷകർക്ക് എത്ര രൂപ വീതം അനുവദിച്ചു എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തുക ഏതെല്ലാം മേഖലകളിലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കാർഷിക വികസന പദ്ധതികൾക്കായി, കൊയിലാണ്ടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന, 2013-14 സാമ്പത്തിക വർഷം 1145 കർഷകർക്കായി 662.06 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിശദ വിവരം ചുവടെ ചേർക്കുന്നു :

| വായ്പാ പദ്ധതി | വായ്പാ തുക (ലക്ഷത്തിൽ) | കർഷകരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| സാധാരണ വായ്പ | 28.55 | 45 |
| ചെറുകിട ജലസേചനം | 24.45 | 58 |
| ഭൂവികസനം | 117.62 | 196 |
| പ്ലാന്റേഷൻ ഹോർട്ടികൾച്ചർ | 125.89 | 196 |
| കോഴി വളർത്തൽ | 2.80 | 1 |
| ആട്-പന്നി വളർത്തൽ | 9.82 | 5 |
| ഇരുചക്ര വാഹന വായ്പ | 0.46 | 1 |
| ഹ്രസ്വകാല വായ്പ | 6.15 | 6 |
| സ്വർണ്ണ പണയം | 346.32 | 637 |
| ആകെ | 662.06 | 1145 |

**സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ**

**117 (457)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(ബി) ക്ലാസിഫിക്കേഷൻ നടത്തുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത് എന്നുവരെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന മൂലധനം, നിക്ഷേപ ബാക്കി നിൽപ്, വായ്പാ ബാക്കി നിൽപ്, ആഡിറ്റ് ക്ലാസിഫിക്കേഷൻ, ലാഭവിഹിതം പ്രഖ്യാപിച്ചത്, വായ്പയിന്മേലുള്ള കുടിശ്ശിക (NPA) ശതമാനം, ജില്ലാ സഹകരണ ബാങ്ക്/അർബൻ ബാങ്ക് എന്നിവയാണെങ്കിൽ മൂലധന പര്യാപ്തത എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയും കേരള സഹകരണ ചട്ടത്തിലെ വ്യവസ്ഥ കൾക്കനുസൃതമായിട്ടാണ് സംഘങ്ങളെ/ബാങ്കുകളെ തരംതിരിക്കുന്നത്.

(ബി) കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ 19-1-2013-ലെ ജി.ഒ. (പി.)നം. 12/13/സഹ. പ്രകാരം ടി തീയതി മുതൽ 3 മാസത്തിനകം പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയം നടത്തിയിരി ക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

മേൽ പരാമർശിച്ച ഉത്തരവുപ്രകാരം സംഘം/ബാങ്കുകളുടെ ക്ലാസിഫി ക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് അധികസമയം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട കാലാവധി 3 മാസത്തേയ്ക്കുകൂടി സഹകരണ സംഘം രജിസ്ട്രാർക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അർബൻ സഹകരണ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2013-ലെ സർക്കുലർ നം. 53/2013 പ്രകാരം പ്രസ്തുത തീയതി മുതൽ ഒരു മാസത്തിനകം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൺസ്യൂമർഫെഡ് നന്മ, നീതി, ത്രിവേണി സ്റ്റോറുകളുടെ തകർച്ച**

**118 (458)** <u>ശ്രീ. ജി. സുധാകരൻ</u> :

<u>ശ്രീ. ബി. ഡി. ദേവസ്സി</u> :

<u>ശ്രീ. റ്റി. വി. രാജേഷ്</u> :

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർ ഫെഡ്, നന്മ, നീതി. ത്രിവേണി സ്റ്റോറുകൾ എന്നിവ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സാധിക്കുന്നില്ല എന്ന പരാതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥാപനങ്ങളെ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) മുൻകാലങ്ങളിൽ പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് മുഖ്യപങ്ക് വഹിച്ചിരുന്ന ഇത്തരം സ്ഥാപനങ്ങൾ തകർച്ചയിലേക്ക് നീങ്ങിയെങ്കിൽ ആയത് ഗുരുതര അനാസ്ഥയും കെടുകാര്യസ്ഥതയും മൂലമാണെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡ് നന്മ, നീതി, ത്രിവേണി സ്റ്റോറുകൾ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്.

(സി) മുൻകാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഉത്സവകാല

വിപണന മേളകൾ, നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവയിലൂടെ യാണ് പൊതുവിപണയിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവന്നിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ 869-ഉം സഹകരണ സംഘങ്ങൾ മുഖാന്തിരം 1085-ഉം നന്മ സ്റ്റോറുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നതും, ആയവയിലൂടെ വർഷം മുഴുവനും പൊതുവിപണയിൽനിന്നും 20% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കി വരുന്നതുമാണ്. കൂടാതെ സഞ്ചരിക്കുന്ന ത്രിവേണികൾ, ഫ്ളോട്ടിംഗ് ത്രിവേണികൾ എന്നിവയും ഈ സർക്കാരിന്റെ കാലത്ത് കൂടുതലായി ആരംഭിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ ഗുരുതരമായ അനാസ്ഥയും കെടുകാര്യസ്ഥതയുംമൂലം തകർച്ചയിലേയ്ക്ക് നീങ്ങിയെന്ന ആക്ഷേപത്തിന് അടിസ്ഥാനമില്ല.

**മിഷൻ 676-പലിശരഹിത വായ്പയും സഹകരണ മേഖലയിലെ നൂതന പദ്ധതികളും**

**119 (459)** ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പലിശ രഹിത വായ്പയും സഹകരണ മേഖലയിലെ നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി സഹകരണ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം

നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിഷൻ 676 പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം താഴെ പറയുന്നു.

ജൈവ കാർഷിക കേരളം

1. ഇടുക്കി ജില്ലയിൽ ഐ.സി.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2 കാർഡമം ഡ്രയിംഗ് യൂണിറ്റുകൾ ആരംഭിക്കും.

2. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കും.

3. സഹകരണ മേഖലയിൽ 9 മണ്ണുപരിശോധനശാലകൾ ആരംഭിക്കും.

4. സഹകരണ മേഖലയിൽ 3 ടിഷ്യൂകൾച്ചർ ലാബുകൾ ആരംഭിക്കും.

5. ഇടുക്കി ജില്ലയിലും തൃശ്ശൂർ ജില്ലയിലും പച്ചക്കറി സംഭരിച്ച് സൂക്ഷിക്കുന്നതിനും കർഷകന് ന്യായവില ഉറപ്പാക്കുന്നതിനുമായി സഹകരണ മേഖലയിൽ ഒരു ഗോഡൗൺ/കാലാവസ്ഥ നിയന്ത്രിത സ്റ്റോറേജ് കേന്ദ്രം ആരംഭിക്കും.

6. സഹകരണ മേഖലയിലെ അരി മില്ലുകൾ സംസ്ഥാന പദ്ധതി/എൻ.സി. ഡി.സി. പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കും.

പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമം

7. 100 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും ഉൾപ്പെടുത്തി പുനരുദ്ധരിക്കും.

8. കെ.ജി.റ്റി.ഇ. /മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ

കോഴ്സുകളിലേയ്ക്ക് എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള യുവ തലമുറയ്ക്ക് പരിശീലനം നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതും, ആയതിന് സംഘങ്ങൾക്ക് ധനസഹായം നൽകുന്നതുമാണ്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് നൂതന പദ്ധതി

9. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)ന്റെ ആഭിമുഖ്യത്തിൽ മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കും. കൂടാതെ വടക്കാഞ്ചേരി എഞ്ചിനീയറിംഗ് കോളേജിലെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കും.

10. ആറൻമുള എഞ്ചിനീയറിംഗ് കോളേജിൽ 2014-15 അദ്ധ്യന വർഷം മുതൽ ക്ലാസുകൾ ആരംഭിക്കും.

11. Co-operative Academy of Professional Education-ന്റെ നിയന്ത്രണത്തിൽ ഉള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ ബിരുദാനന്തര ബിരുദം ഇല്ലാത്ത കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കും.

12. തൃശ്ശൂർ കേച്ചേരിയിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഉള്ള ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ നിലവിലുള്ള ഡി.ഫാം കോഴ്സിന് പുറമേ ബി.ഫാം കോഴ്സ് കൂടി ആരംഭിക്കും.

## ആതുര ശുശ്രൂഷാരംഗം

13. സഹകരണ മേഖലയിൽ കോഴിക്കോട് ജില്ലയിൽ അത്യാധുനിക സൗകര്യങ്ങളോടെ ഒരു ക്യാൻസർ കെയർ സെന്റർ സ്ഥാപിക്കുന്നതാണ്.

14. സംസ്ഥാനത്തെ സഹകരണ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

## സഹകരണ മേഖലയിൽ ഫ്ളാറ്റ് സമുച്ചയം

15. തിരുവനന്തപുരത്ത് സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

## നിത്യോപയോഗ സാധന വിതരണം ഉറപ്പാക്കും

16. നിലവിലുള്ള ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ (നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ) നന്മ സ്റ്റോറുകൾ, നീതി ഗ്യാസ് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് വിദഗ്ധപഠനം നടത്തി ശക്തിപ്പെടുത്തുന്നതിന്/വിപുലീക രിക്കുന്നതിന് നടപടി സ്വീകരിക്കും.

മാലിന്യ വിമുക്ത കേരളം

17. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനായി സഹായം നൽകും. പ്രതിവർഷം കുറഞ്ഞത് 500 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ

18. പ്രവാസികൾക്ക് ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് സഹകരണ മേഖലയിൽനിന്നും വായ്പ നൽകും. പ്രതിവർഷം 100 ചെറുകിട വ്യവസായ പദ്ധതികൾക്ക് ധനസഹായം നൽകാൻ ലക്ഷ്യമിടുന്നു.

മറ്റു വികസന പദ്ധതികൾ

19. സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസും അനുബന്ധ ഓഫീസുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള സഹകരണ ആസ്ഥാന മന്ദിരനിർമ്മാണം പൂർത്തിയാക്കും.

20. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാംഘട്ടം വ്യാപിപ്പിക്കും.

21. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ധനസഹായത്തോടുകൂടി ഇടുക്കി ജില്ലയിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് ആരംഭം കുറിക്കും.

22. 100 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളെ പുനരുദ്ധരിക്കും.

23. സഹകരണ വായ്പാ മേഖലയിലെ മൂലധന പര്യാപ്തത കൈവരിക്കു

ന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കും.

24. സഹകരണ സംഘങ്ങളിൽ പുതുതായി അംഗത്വം എടുക്കുന്നവർക്കു വേണ്ടി സഹകരണ നിയമം, ചട്ടം, മറ്റ് നിയമങ്ങൾ എന്നിവയെ സംബന്ധിച്ച് ഓരോ താലൂക്ക് കേന്ദ്രീകരിച്ചും പരിശീലന പരിപാടികൾ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തും.

25. സൗരോർജ്ജ സംവിധാനം നടപ്പിലാക്കുന്നതിന് അംഗങ്ങൾക്കും സ്ഥാപനങ്ങൾക്കും സഹകരണ വായ്പ സ്ഥാപനങ്ങൾ/ബാങ്കുകൾ മുഖേന വായ്പയും, സബ്സിഡിയും അനുവദിക്കും.

26. സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുകയും, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യും.

27. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കണ്ടുപഠിക്കുന്നതിനായി മികവ് കൈമാറ്റ സമ്പർക്കപരിപാടി നടപ്പിലാക്കും.

28. സംസ്ഥാനത്തെ സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

സേവനാവകാശം

29. സഹകരണ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയത് നടപ്പാക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇ-ഗവേണൻസ്

30. സഹകരണ വകുപ്പിന്റെ ആസ്ഥാന ഓഫീസും അനുബന്ധ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കും.

ഫയൽ തീർപ്പാക്കൽ, ജീവനക്കാർക്ക് പ്രോത്സാഹനം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തനം

31. തീർപ്പാക്കാൻ ബാക്കി നില്ക്കുന്നതും കാലപ്പഴക്കമുള്ളതുമായ എല്ലാ ഫയലുകളും സമയബന്ധിതമായി തീർപ്പാക്കാൻ സഹകരണ വകുപ്പിൽ ഫയൽ അദാലത്ത് യഥാസമയം നടത്തിവരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തു ന്നതിനും യഥാസമയം പുരോഗതി അവലോകനം ചെയ്യുന്നതിനും, ഫയലുകൾ തീർപ്പാക്കുന്നതിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്ന സഹകരണ വകുപ്പിലെ ജീവനക്കാർക്ക് അർഹമായ പ്രോത്സാഹനം നൽകുന്നതിനും നടപടി സ്വീകരിക്കും.

<u>പരാതിക്കാരെ നേരിൽ കേൾക്കാനുള്ള അവകാശം</u>

32. പരാതിക്കാരെ നേരിൽ കേൾക്കാനുള്ള അവകാശം സംബന്ധിച്ച് നിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് അവയിലെ വ്യവസ്ഥകൾ സഹകരണ വകുപ്പ് നടപ്പിൽ വരുത്തുന്നതാണ്.

ഭരണപരവും ധനപരവുമായ അധികാരങ്ങളുടെ വിഭജനവും, ചട്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളും

33. സഹകരണ വകുപ്പിൽ വിവിധ തലങ്ങളിലെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ പ്രത്യേകം നിശ്ചയിച്ച് മുമ്പുതന്നെ ഉത്തരവ് നൽകിയിട്ടുള്ളതാണ്. വകുപ്പിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ദൈനംദിനം കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങൾ ലഘൂകരിക്കപ്പെട്ട ചട്ടങ്ങൾ മുഖേനയാണ് നിർവഹിക്കപ്പെടുന്നത് എന്നുറപ്പുവരുത്തുന്നതാണ്.

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വകുപ്പിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചുമതല നിശ്ചയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 1 മുതൽ 676 ദിവസം വരെ വിവിധ കാലയളവുകളും ടി കാലയളവിനുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതികളും നിശ്ചയിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർ ഓഫീസ് തലത്തിൽ സഹകരണസംഘം രജിസ്ട്രാർ അദ്ധ്യക്ഷനായും, അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്), ജോയിന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.), ഫിനാൻസ് ആഫീസർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്.

**മങ്കട രവിവർമ്മയ്ക്ക് സ്മാരകം**

**120 (460)** <u>ശ്രീ റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ച പ്രശക്ത ചലചിത്ര ഛായാഗ്രാഹകൻ മങ്കട രവിവർമ്മക്ക് ജന്മനാട്ടിൽ സ്മാരകം പണിയുന്നതിനായി, മങ്കട വില്ലേജിൽ ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമി വിട്ടുകൊടുക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഭൂമി വിട്ട് കൊടുക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മങ്കട വില്ലേജിലെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ഭൂമിയിൽ ബോർഡിന്റെ 3 ഉല്പാദന കേന്ദ്രങ്ങൾ പ്രവർത്തിച്ച വരുന്നതിനാലും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലം ആവശ്യമായതിനാലും പ്രസ്തുത സ്ഥലം സ്മാരകം പണിയുന്നതിനായി വിട്ടുനൽകാൻ കഴിയില്ല എന്ന വിവരം സാംസ്കാരിക വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

## മദ്യ വരുമാനം

**121 (461)** ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ നിലയിലുള്ള മദ്യ വരുമാന മാർഗ്ഗങ്ങളിലൂടെ 2013-14 സാമ്പത്തികവർഷം സംസ്ഥാന ഖജനാവിൽ ലഭിച്ച മൊത്തം തുക എത്രയായിരുന്നു ; വിശദമാക്കുമോ ;

(ബി) തന്നാണ്ടിൽ വരുമാനം എത്രയായിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ച അബ്കാരി നയത്തിൻെറ പശ്ചാത്തലത്തിൽ തന്നാണ്ടിലെ വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എത്ര ;

(ഡി) വരുമാനത്തിലെ കുറവ് മറ്റേതെങ്കിലും നിലയിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? എങ്കിൽ വിശദമാക്കുമോ ;

(ഇ) പ്രഖ്യാപിത ബഡ്ജറ്റിൻെറ നടത്തിപ്പിൽ വരുമാനത്തിലുണ്ടാകുന്ന കുറവ് ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം വിവിധ നിലയിലുള്ള മദ്യ വരുമാന മാർഗ്ഗങ്ങളിലൂടെ സംസ്ഥാന ഖജനാവിൽ ലഭിച്ച തുക 1931.89 കോടി രൂപയാണ്. ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | സമാഹരിക്കുവാൻ ലക്ഷ്യമിട്ട | സമാഹരിച്ച |
|---|---|---|

| | തുക (കോടിയിൽ) | തുക(കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| നാടൻ ചാരായങ്ങൾ | 6.01 | 0.17 |
| കള്ള് | 32.88 | 29.14 |
| യവമദ്യം | 159.00 | 114.87 |
| വിദേശമദ്യം | 2469.99 | 1744.39 |
| വീര്യം കുറഞ്ഞ ചാരായവും ഔഷധീകരിച്ച വീഞ്ഞും വാണിജ്യപരമായ മദ്യങ്ങളും | 0.50 | 0.14 |
| മദ്യസാരം, കറുപ്പ് മുതലായവ അടങ്ങിയ ഔഷധീയവും ചാരായ സംബന്ധവുമായ സാമഗ്രികൾ | 0.90 | 0.89 |
| കറുപ്പും ഭംഗും മരുന്നുകളും | 0.26 | 0.15 |
| പിഴയും കണ്ടുകെട്ടലും | 99.00 | 12.54 |
| മറ്റു വരവുകൾ | 40.62 | 29.6 |
| ആകെ | 2719.16 | 1931.89 |

(ബി) 2719.16 കോടി രൂപ

(സി) വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്. തുക കണക്കാക്കിയിട്ടില്ല.

(ഡി) എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് പുതിയ മദ്യനയം നിലവിൽ വന്നതിനുശേഷം മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്. മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടു വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യവിൽപ്പനയിൽ വർദ്ധനവ് വരുത്തി വരുമാനത്തിന്റെ വളർച്ചാനിരക്ക് കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മദ്യത്തിന്മേലുള്ള വിൽപ്പന നികുതി ഫീസ് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) വരുമാനത്തിലുണ്ടായ കുറവ് ബഡ്ജറ്റിന്റെ നടത്തിപ്പിൽ പ്രതികൂലമായി ബാധിക്കുന്നില്ല.

**നികുതി കുടിശ്ശിക**

**122 (462)** <u>ശ്രീ. മാത്യു റ്റി. തോമസ്</u> :

<u>ശ്രീ. ജോസ് തെറ്റയിൽ</u> :

<u>ശ്രീമതി ജമീലാ പ്രകാശം</u> :

<u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തെങ്കിലും ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ ;

(ബി) പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക നികുതി വകുപ്പ് കണക്കാക്കിയിട്ടുള്ളത് എത്ര കോടി രൂപയാണ് ;

(സി) നികുതി വകുപ്പും സി.എ. ജി.-യും വ്യത്യസ്ത തരത്തിൽ നികുതി കുടിശ്ശിക തിട്ടപ്പെടുത്തിയതിൻെറ സാഹചര്യം എന്തെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ നികുതി പിരിവിന് സർക്കാർ തലത്തിൽ സ്റ്റേ കൊടുത്തിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിവിധ വകുപ്പുകളിലായി ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. നികുതി കുടിശ്ശിക, റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് 23-9-2014-ൽ ജില്ലാ കളക്ടർമാരുമായി ഒരു വീഡിയോ കോൺഫറൻസ് നടത്തി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറിയുടെ പുരോഗതി 13-10-2014-ൽ നടന്ന കളക്ടേഴ്സ് കോൺഫറൻസിൽ ചർച്ച ചെയ്യുകയും സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിൽ കെ.ജി.എസ്.ടി. പീരീഡിലെ കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ആംനസ്റ്റി സ്കീമിന്റെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമല്ലാത്ത എല്ലാ സർക്കാർ സ്റ്റേ ഉത്തരവുകളും പിൻവലിച്ചു. ഹൈക്കോടതിയിൽ നിലവിൽ സ്റ്റേയുള്ള കേസ്സുകളിൽ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് അടിയന്തരമായി തീർപ്പ് കൽപിച്ച് നികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രിബ്യൂണൽ എന്നിവയിൽ സ്റ്റേയിലുള്ള കേസ്സുകളും അടിയന്തിരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് അസിസ്റ്റന്റ് കമ്മീഷണർമാർ മുഖാന്തിരമുള്ള കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുവാനുദ്ദേശിച്ച്, ടാർജറ്റ് നിശ്ചയിച്ച് നൽകുകയും അതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം നടത്തുകയും ചെയ്യുന്നു.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കുടിശ്ശിക പിരിവ് നടപടികൾ

ഊർജ്ജിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും ഡെപ്യൂട്ടി കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മോട്ടോർ വാഹന വകുപ്പിൽ കെ.എസ്.ആർ.ടി.സി. ഒഴികെയുള്ള കുടിശ്ശിക ഭൂരിഭാഗവും ബുക്ക് അരിയർ ആണ്. ഇത് കുറയ്ക്കുന്നതിനായി ഒരു തീവ്രയത്ന കുടിശ്ശിക നിവാരണ മാസം (1-8-2014-31-8-2014) നടത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) വാണിജ്യ നികുതി വകുപ്പിൽ പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക 31-3-2014 വരെ കണക്കാക്കിയിട്ടുള്ളത് 6565.84 കോടി രൂപയാണ്. രജിസ്ട്രേഷൻ വകുപ്പിൽ 2014 ഒക്ടോബർ മാസം വരെ 176.37 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. മോട്ടോർ വാഹന വകുപ്പിൽ (കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പിരിഞ്ഞുകിട്ടുവാനുള്ളത് ഉൾപ്പെടെ) 818.53 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്. എക്സൈസ് വകുപ്പിൽ 31-10-2014-ലെ കണക്കനുസരിച്ച് ആകെ 235,15,94,083 രൂപ അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്.

(സി) കോട്ടയം, മട്ടാഞ്ചേരി, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നും വാണിജ്യ നികുതി കുടിശ്ശികയുടെ വിവരം റിപ്പോർട്ട് ചെയ്തതിൽ വന്ന തെറ്റുകളും ആധാരത്തിൽ വില കുറച്ചുവച്ചതിന്റെ പേരിൽ രജിസ്ട്രേഷൻ വകുപ്പിലെ ഒരു രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ടിയാന്റെ അനുമാനപ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾക്ക് പരിഗണിക്കേണ്ടതിന് റിപ്പോർട്ട് ചെയ്ത തുകയും കൂടി (ജില്ലാ രജിസ്ട്രാർ അന്തിമ ഉത്തരവ് നൽകുന്ന തുകയിൽ കക്ഷി ഒടുക്കാതെ വരുന്ന തുക മാത്രമാണ് യഥാർത്ഥ കുടിശ്ശിക) അക്കൗണ്ടന്റ് ജനറൽ കണക്കെടുത്തതും എക്സൈസ് വകുപ്പിൽ കുടിശ്ശിക കണക്കാക്കിയപ്പോൾ കുടിശ്ശിക തുകയുടെ നാളിതുവരെയുള്ള പലിശകൂടി കണക്കുകൂട്ടിയതിലുണ്ടായ വ്യത്യാസം മൂലവുമാണ് നികുതി വകുപ്പും സി.എ.ജി.യും തിട്ടപ്പെടുത്തിയ തുകയിൽ വ്യത്യാസം ഉണ്ടായത്.

(ഡി) മോട്ടോർ വാഹന വകുപ്പിലും എക്സൈസ് വകുപ്പിലും രജിസ്ട്രേഷൻ വകുപ്പിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല. വാണിജ്യ നികുതി വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ

അടിസ്ഥാനത്തിൽ ഏകദേശം 308 കോടി രൂപയുടെ സർക്കാർ സ്റ്റേ കൊടുത്തിട്ടുണ്ട് (ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ)

മറ്റ് വകുപ്പുകളിൽ നിന്നും നൽകിയ സ്റ്റേ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**പദ്ധതി തുക**

**123 (463)**ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ, ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ ഏറെ തുക (നാളിതുവരെ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ കാര്യത്തിൽ) വേണ്ടി വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ 2014-15 വർഷത്തിന്റെ ഒന്നും രണ്ടും ക്വാർട്ടറുകളിൽ നടപ്പായ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണ് ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടതിനേക്കാൾ കൂടുതൽ ചെലവ് നേരിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ ഉണ്ടായ അധിക ചെലവ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) ഒന്നും രണ്ടും ക്വാർട്ടറിൽ മൊത്തം പദ്ധതി തുകയുടെ എത്ര ശതമാനം തുക ട്രഷറിയിൽ നിന്നും ചെലവായിക്കഴിഞ്ഞിട്ടുണ്ട് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ചില പദ്ധതികളുടെ കാര്യത്തിൽ അധിക ചെലവ് വേണ്ടിവന്നിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഒന്നും രണ്ടും ക്വാർട്ടറുകളിൽ നടപ്പിലാക്കിയ പദ്ധതികളിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് രേഖപ്പെടുത്തിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(സി) ഇത്തരത്തിലുള്ള ചില പദ്ധതികളിലുണ്ടായ അധിക ചെലവ് മൊത്തം പദ്ധതി പ്രവർത്തനങ്ങളുടെ വിഭവങ്ങൾക്കുള്ളിലായതിനാൽ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുള്ളതായി വിലയിരുത്തപ്പെട്ടിട്ടില്ല.

(ഡി) ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 31-10-2014 വരെ മൊത്തം സംസ്ഥാന പദ്ധതി തുകയുടെ 27% ചെലവഴിച്ചിട്ടുണ്ട്.

**നികുതി ബാദ്ധ്യത**

**124 (464)** ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ സൂചിപ്പിക്കാതെയും നിയമസഭയിൽ ചർച്ച ചെയ്യാതെയും കനത്ത നികുതി ഭാരവും ബാദ്ധ്യതകളും ജനങ്ങളുടെ മേൽ ഓർഡിനൻസിലൂടെ അടിച്ചേൽപ്പിക്കുന്നത് ഭരണഘടന വിരുദ്ധവും കീഴ് വഴക്കമില്ലാത്തതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തപ്പോഴും ഇത്രയും ഉയർന്ന തോതിൽ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നതിന് ഇടയായ സാഹചര്യം കെടുകാര്യസ്ഥതയും അഴിമതിയും

മൂലമാണെന്ന ആക്ഷേപത്തിൽ, നിലപാട് വ്യക്തമാക്കുമോ ;

(ഡി) എന്തുകൊണ്ടാണ് ഇത്തരമൊരു സാമ്പത്തിക പ്രതിസന്ധി യിലേക്കും വികസന മുരടിപ്പിലേക്കും സംസ്ഥാനം എത്തിച്ചേർന്നതെന്ന് പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഓർഡിനൻസിലൂടെ നികുതി ഏർപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമല്ല. ഇത്തരം കീഴ്വഴക്കങ്ങൾ ഉണ്ട്. ഗവർണ്ണറുടെ അനുമതിയോടെയാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. തുടർന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 207(1) പ്രകാരം ബഹു. ഗവർണ്ണറുടെ ശുപാർശയോടെയാണ് ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നത്.

(സി) സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അധിക ധനാഗമമാർഗ്ഗങ്ങൾ ഓർഡിനൻസ് മുഖേന അടിയന്തരമായി നടപ്പിലാക്കിയത്.

(ഡി) സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിക്കുന്ന തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നിലവിലില്ല.

**സാമ്പത്തിക പ്രതിസന്ധി**

**125 (465)** <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തക പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ ;

(ബി) ധനപരമായ ബുദ്ധിമുട്ടിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ലഭിക്കാനുള്ള കേന്ദ്രവിഹിതം ലഭിക്കാത്തത് ധനപരമായ ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര വിഹിതമായി എന്ത് തുക ലഭിക്കാനുണ്ടെന്ന വ്യക്തമാക്കുമോ ;

(ഡി) ധനപരമായ ബുദ്ധിമുട്ടുകൾ മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല.

(ബി) ബഡ്ജറ്റിൽ വിഭാവനം ചെയ്തതരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരുന്നതിനാൽ റവന്യൂ വരവിൽ ഇടിവുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലും, വികസന പ്രവർത്തനങ്ങൾ കുറവുവരാതെ നിലനിർത്തിയത് സാമ്പത്തിക ഞെരുക്കം ഉണ്ടാകാൻ കാരണമായിട്ടുണ്ട്.

(സി) കേന്ദ്രവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്നത് സാമ്പത്തിക വർഷം അവസാനിച്ചശേഷമേ തിട്ടപ്പെടുത്താനാവൂ.

(ഡി) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉലപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു.

സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട് ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം

നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അധികമാണെന്ന് കണ്ടെത്തിയ മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകളിൽ 25 ശതമാനം 2014-15-ൽ തന്നെ നിറുത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും വിദേശ യാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവുചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനുപകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ.(പി) നം. 515/13/ധന, 28-11-2013-ലെ സ.ഉ.(പി) നം. 580/13/ധന എന്നീ ഉത്തരവുകൾവഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**ശമ്പളപരിഷ്കരണം**

**126 (466)** <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീഴ്വഴക്കങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം പരിഷ്കരിക്കുവാനുള്ള തീയതി എന്നാണ് ; ആയതിനു വേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ട തീയതി മുതൽക്കാണ് ഇടക്കാലാശ്വാസം നൽകേണ്ടത് എന്ന് ഏതെങ്കിലും തരത്തിലുള്ള കീഴ്വഴക്കം ഉണ്ടോ ; 20% ഇടക്കാലാശ്വാസം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ നിലവിൽ നിവേദനം നൽകിയിട്ടുണ്ടെന്നറിയിക്കുമോ ; ഇവർക്ക് നൽകിയിട്ടുള്ള മറുപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) വിലക്കയറ്റംമൂലം ജീവിതച്ചെലവ് അസാധാരണമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടതായ തീയതി മുതൽ പ്രാബല്യത്തിൽ ഇടക്കാലാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കീഴ്വഴക്കങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം പരിഷ്കരിക്കുവാനുള്ള തീയതി 1-7-2014 മുതലാണ്. ശമ്പളപരിഷ്കരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിന് 30-11-2013-ലെ സ.ഉ.(എം.എസ്.) നം.583/2013/ധന പ്രകാരം പത്താം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) ശമ്പളപരിഷ്കരണം പ്രാബല്യത്തിൽ വരേണ്ട തീയതി മുതൽക്കാണ് ഇടക്കാലാശ്വാസം നൽകേണ്ടത് എന്ന കീഴ്വഴക്കം ഇല്ല. 20% ഇടക്കാലാശ്വാസം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു സംഘടനയും നിലവിൽ നിവേദനം നൽകിയിട്ടില്ല.

(സി) യുക്തമായ സമയത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ**

**127 (467)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സ്വകാര്യ സ്ഥാപനങ്ങളിൽ എത്ര തുക നിക്ഷേപമായിട്ടുണ്ടെന്നും എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) റിസർവ് ബാങ്കിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത്തരം ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വാണിജ്യ നികുതി വകുപ്പിൽ 2014 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ 9180 ലൈസൻസികളുണ്ട്. 2014 സെപ്തംബർ 30 വരെ 156 നോൺ ബാങ്കിംഗ് ഫിനാൻസ്യൽ കമ്പനികൾ (NBFCs) റിസർവ്വ ബാങ്കിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 270 ഫിനാൻസിംഗ് കമ്പനികൾ, കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) റിസർവ് ബാങ്കിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ 31-3-2014 വരെ 191.46 കോടി രൂപ നിക്ഷേപമായി സ്വീകരിക്കുകയും 45621.17 കോടി രൂപ വായ്പയായി നൽകുകയും ചെയ്തിട്ടുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിൻകീഴിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി&ഡി) കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും 2014 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ 9180 ലൈസൻസികളുണ്ട്. 270 ഫിനാൻസിങ് കമ്പനികൾ കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മണിലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയോ, കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന പോലീസ് വകുപ്പും വാണിജ്യ നികുതി വകുപ്പും കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലൈസൻസ് ഇല്ലാതെ മണിലെൻഡിംഗ് പ്രവൃത്തികളിൽ ഏർപ്പെടുന്നവർ

ക്കെതിരെ മണിലെൻഡിംഗ് നിയമത്തിന്റെ കീഴിൽ നടപടികൾ സ്വീകരിക്കു വാനായി ലൈസൻസിംഗ് അതോറിറ്റിയായ ഇൻസ്പെക്ടിംഗ് അസിസ്റ്റൻറ് കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ മണിലെൻഡിംഗ് പ്രവർത്തനങ്ങൾ നടത്തിയാൽ തടവുശിക്ഷയും പിഴയും നൽകുന്നതിന് മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 17-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തദനുസരണമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നതായി ബോധ്യപ്പെട്ടാൽ സെക്ഷൻ 18 ഡി (1) പ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുന്നതിനും പിഴ ചുമത്തുന്നതിനും കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ച തുക

**128 (468)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുക എത്രയെന്നും അതിൽ എയ്ഡഡ് മേഖലയ്ക്ക് വേണ്ടി മാത്രം ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയെന്നും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം എയ്ഡഡ് മേഖലയിൽ എയ്ഡഡ് സ്കൂളുകളും പ്ലസ് ടു സ്കൂളുകളും ബാച്ചുകളും മറ്റും അനുവദിച്ച ഇനത്തിൽ പ്രതീക്ഷിക്കുന്ന അധിക ചെലവ് എത്ര കോടിയാണ് ;

(ഡി) സംസ്ഥാനത്ത് ഹൈസ്കൂൾ തലം വരെയുള്ള സംരക്ഷിത അദ്ധ്യാപകർക്ക് തന്നാണ്ടിൽ എത്ര കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കി വിവരം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുക 8945.17 കോടി രൂപയാണ്. അതിൽ എയ്ഡഡ് മേഖലയ്ക്ക് വേണ്ടി മാത്രം ചെലവഴിച്ച തുക 4977.99 കോടി രൂപയാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവായ 10331.06 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(സി) വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം എയ്ഡഡ് മേഖലയിൽ പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇനത്തിൽ പ്രതീക്ഷിക്കുന്ന അധിക ചെലവ് 148.89 കോടി രൂപയാണ്.

(ഡി) വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം ഹൈസ്കൂൾതലം വരെയുള്ള സംരക്ഷിത അദ്ധ്യാപകർക്ക് തന്നാണ്ടിൽ വരുന്ന ചെലവ് 106.32 കോടി രൂപയാണ്.

**സംസ്ഥാനത്തിന് കിട്ടുന്ന സാമ്പത്തിക സഹായം**

**129 (469)** <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഫിനാൻസ് കമ്മീഷൻവഴി സംസ്ഥാനത്തിന് കിട്ടുന്ന സാമ്പത്തിക സഹായം എത്ര കോടി ആയിരിക്കും ;

(ബി) ഗാഡ്ഗിൽ മുഖർജി ഫോർമുല പ്രകാരം പ്ലാനിംഗ് കമ്മീഷൻവഴി ലഭിക്കുന്ന സഹായം എത്രകോടിയായിരിക്കും ;

(സി) സെൻട്രൽ സ്പോൺസേർഡ് സ്കീമിൽ ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയായിരിക്കും ;

(ഡി) മേൽപ്പറഞ്ഞവ മൂന്നിലും ഇതിനകം എന്തു തുക വീതം ലഭിച്ചിട്ടുണ്ട് ?

(ഇ) ഇവമൂന്നും ലഭിക്കുന്നതിലേക്ക് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇതിനു പുറമേ സംസ്ഥാനം പ്രത്യേകമായി എന്തെങ്കിലും സഹായത്തിനായി അപേക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷം പതിമൂന്നാം ധനകാര്യ കമ്മീഷൻ

വിവിധ ഗ്രാന്റിനത്തിൽ 1715.72 കോടി രൂപ സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ 2.341 ശതമാനം നികുതി വിഹിതവും സംസ്ഥാനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര സർക്കാരിന്റെ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തിനുള്ള നികുതി വിഹിതമായി 8972.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം പ്ലാനിംഗ് കമ്മീഷൻവഴി ഗാഡ്ഗിൽ മുഖർജി ഫോർമുല പ്രകാരം ലഭിക്കുന്ന സഹായം 417.24 കോടി രൂപയാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ഗ്രാന്റ് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം 2611.87 കോടി രൂപ പ്രതീക്ഷിക്കുന്നു.

(ഡി) പതിമൂന്നാം ധനകാര്യ കമ്മീഷൻ : ഈ സാമ്പത്തിക വർഷം ഗ്രാന്റിനത്തിൽ 7-11-2014 വരെ 1156.89 കോടി രൂപയും നികുതി വിഹിത ഇനത്തിൽ 3-11-2014 വരെ 5149.28 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

പ്ലാനിംഗ് കമ്മീഷൻ : ഗാഡ്ഗിൽ-മുഖർജി ഫോർമുല പ്രകാരം സെപ്റ്റംബർ 2014 വരെ 203.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ : കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്ര സഹായമായി ആഗസ്റ്റ് 2014 വരെ 237.95 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള നികുതി വിഹിതം 2014 നവംബർ മാസം വരെയുള്ളത് കൃത്യമായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റുകൾ മുൻകാലങ്ങളിൽ ലഭിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്നതിനനുസരിച്ചാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ്ലവൽ എംപവേർഡ് കമ്മിറ്റി പ്രസ്തുത ഗ്രാന്റുകളുടെ വിനിയോഗം മൂന്നു മാസത്തിലൊരിക്കൽ കൃത്യമായി വിലയിരുത്തുന്നുണ്ട്. പ്രസ്തുത കമ്മിറ്റി വിനിയോഗ സാക്ഷ്യപത്രവും ഭൗതിക പുരോഗതി റിപ്പോർട്ടും സമർപ്പിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പ് തലവന്മാരിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അവ അയച്ചുകൊടുത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാന്റ് നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഗാഡ്ഗിൽ-മുഖർജി ഫോർമുല പ്രകാരമുള്ള ധനസഹായം തവണകളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്ര സഹായം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതനുസരിച്ച് മുൻകൂറായും സംസ്ഥാന സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്നു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര വായ്പയിനത്തിൽ 31-3-2014-ലെ കടബാധ്യതയായ 2298 കോടി രൂപ എഴുതിത്തള്ളണമെന്ന് കേന്ദ്ര ധനാകര്യ മന്ത്രിക്ക് മുഖ്യമന്ത്രി നൽകിയ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

### സേവനങ്ങളുടെ ഫീസ് വർദ്ധന

**130 (470)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകൾക്ക് കീഴിൽ നൽകുന്ന സേവനങ്ങളുടെ യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) നിലവിലുള്ള ചാർജ്ജുകളുടെ എത്ര ശതമാനം വീതം വർദ്ധിപ്പിച്ചിട്ടുണ്ട് ; പ്രസ്തുത വർദ്ധ എന്നു മുതൽ നിലവിൽ വരികയുണ്ടായി ;

(സി) തന്നാണ്ടിലെ ബഡ്ജറ്റിൽ റവന്യൂ റസീറ്റ്സ് (ഹെഡ് ഓഫ് അക്കൗണ്ട് 0051 മുതൽ 1475 വരെ) പ്രതീക്ഷിച്ചത് എത്ര കോടി ആയിരുന്നു ; റിവിഷനോടുകൂടി ഇത് തന്നാണ്ടിന് എത്ര കോടിയായി വർദ്ധിക്കും ;

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ പുതുക്കിയ നിരക്കിൽ ലഭിക്കുന്ന റവന്യൂ റസീറ്റ്സ് എത്ര കോടിയായിരിക്കും ; 2014-15-ൽ പ്രതീക്ഷിക്കുന്നതിനേക്കാൾ എത്ര ശതമാനം 2015-16-ൽ പ്രതീക്ഷിക്കാമെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 10 രൂപ വരെ ഈടാക്കുന്ന സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. 10-ന് മുകളിൽ 1,000 രൂപ വരെ 50%വും 1000 ന മുകളിൽ

10000 വരെ 25% വും 10000 ന മുകളിൽ ഉള്ളവയ്ക്ക് 15% വും ആണ് 23-9-2014-ലെ ജി.ഒ.(പി) നം 409/14/ധന ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്തിയിട്ടുള്ളത്. നിരക്ക് വർദ്ധന 1-10-2014 മുതൽ നിലവിൽ വന്നു.

(സി) 2014-15-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 6012.0723 കോടി രൂപ ഈ ഇനത്തിൽ പ്രതീക്ഷിച്ചിരുന്നു. റിവിഷനോട് കൂടി ഒരു സാമ്പത്തിക വർഷം 350 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആയതിന് ആനുപാതി കമായി 6187.07 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നത്.

(ഡി) 2015-16-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറായാൽ മാത്രമേ ആയത് വ്യക്തമാക്കാൻ സാധിക്കൂ.

## ശ്രീ. എ. റ്റി. സ്റ്റീഫൻ (റിട്ട. എച്ച്. എം.) ന്റെ പ്രൊമോഷൻ ശമ്പള നിർണ്ണയത്തിലെ അപാകത

**131 (471)** ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടി സെന്റ് ജോസഫ് എച്ച്.എസ്.എസിലെ അദ്ധ്യാപകൻ ശ്രീ. എ. റ്റി. സ്റ്റീഫൻ (റിട്ട.എച്ച്.എം)ൻെറ പ്രൊമോഷൻ ശമ്പള നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ (ഫയൽ നമ്പർ 81925/എഡ്യൂ.എ 3/13/ ധനകാര്യ വകുപ്പ്) സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൻെറ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഫയൽ നം. 81925/എഡ്യൂ.എ.3/13/ധന ശ്രീ. എ. റ്റി. സ്റ്റീഫൻ (റിട്ട. എച്ച്. എം.) ധനകാര്യ വകുപ്പിന് സമർപ്പിച്ച നിവേദനം, പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറി റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് നൽകിയ റിപ്പോർട്ട് U.O (f) No.86559/എഡ്യൂ. എ.1/14/ധന. 23552/A1/14/പൊതുവിദ്യാഭ്യാസ വകുപ്പ് ഫയലിൽ ധനകാര്യ വകുപ്പിൽ പരിശോ

ധിച്ചുവരികയാണ്.

(ബി) പ്രസ്തുതഫയലിൽ സർക്കാർ തീരുമാനം ആയിട്ടില്ല.

**ട്രഷറിയിലെ നീക്കിയിരിപ്പ്**

**132 (472)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മുതൽ 2014 വരെയുള്ള ഓരോ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് എത്ര കോടി വീതമായിരുന്നു ;

(ബി) 2014 ഒക്ടോബർ 31-നും നവംബർ 30-നും ട്രഷറിയിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് എത്രയായിരുന്നു ?

ഉത്തരം

(എ) 2010 മുതൽ 2014 വരെയുള്ള ഓരോ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് ചുവടെ ചേർത്തിരിക്കുന്നു.

| തീയതി | തുക (കോടിയിൽ) |
|---|---|
| 31-3-2010 | 3226.37 |
| 31-3-2011 | 3513.72 |
| 31-3-2012 | 2711.17 |
| 31-3-2013 | 3200 |
| 31-3-2014 | 758.56 |

(ബി) റിസർവ്വ ബാങ്കിന്റെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 31-ന് 1302.65 കോടിയും നവംബർ 26-ന് 1054.44 കോടി രൂപയുമാണ് ട്രഷറിയിൽ നീക്കിയിരുപ്പ് ഉണ്ടായിരുന്നത്.

**ധവള പത്രം**

**133 (473)** ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. എളമരം കരീം :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സ്ഥിതി വെളിപ്പെടുത്തിക്കൊണ്ട് ധവളപത്രം ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ ; ഇതിന് ഇടയാക്കിയ വസ്തുതകൾ എന്തൊക്കെയാണ് ;

(സി) 2014-15 ബജറ്റ് അവതരണവേളയിൽ ഇല്ലാത്ത എന്തെല്ലാം ഘടകങ്ങളാണിപ്പോൾ വന്നുചേർന്നിട്ടുള്ളത് ;

(ഡി) ബജറ്റ് വേളയിലല്ലാതെ ഓർഡിനൻസുകളിലൂടെ അധിക നികുതി ചുമത്തുന്നുണ്ടോ ;

(ഇ) ബജറ്റിലൂടെയുണ്ടായിരുന്നതിനുപുറമേ ഓർഡിനൻസുകളിലൂടെ നികുതികളും സേവന നിരക്കും വർദ്ധിപ്പിച്ചത് ജനങ്ങളെ വീണ്ടും പ്രതിസന്ധിയിലാക്കി യിരിക്കുകയാണെന്നറിയാമോ ;

(എഫ്) ബജറ്റിലൂടെയുള്ള അധിക വിഭവ സമാഹരണലക്ഷ്യം എത്രയായിരുന്നു ; ഓർഡിനൻസുകൾ പുറപ്പെടുവിച്ചും എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചു കൊണ്ടും ഏതെല്ലാം നികുതികൾ, സർവ്വീസ് ചാർജ്ജുകൾ തുടങ്ങിയ ഇനത്തിൽ എന്തു തുക വീതം അധികമായി സമാഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്, വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിലെ കുറവുംമൂലം

റവന്യൂ വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധന ഉണ്ടായില്ല. ഈ സാഹചര്യത്തിൽ, വികസന പ്രവർത്തനങ്ങൾ മുടക്കംവരാതെ നടപ്പിലാക്കുന്നത് സാമ്പത്തിക ഞെരുക്കം ഉണ്ടാക്കാൻ കാരണമായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് പുതിയ നികുതി നിർദ്ദേശം വിഭാവനം ചെയ്തിട്ടുള്ളത്.

(എഫ്) 2014-15 ബഡ്ജറ്റിലൂടെയുള്ള അധിക വിഭവസമാഹരണ ലക്ഷ്യം 1556.35 കോടി രൂപയായിരുന്നു.

എല്ലാത്തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റേയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിനുപുറമേ പുതിയ നയത്തിന്റെ ഭാഗമായി നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ അഞ്ച് ശതമാനം അധിക സെസ് വരുമാനം പ്രതീക്ഷിക്കുന്നത്. ഇതുവഴി 1130 കോടി രൂപയുടെ അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധിക വരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു. സിഗററ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം ക്യാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.

പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

## അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ആസ്തി വികസന ഫണ്ട്

**134 (474)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് എം.എൽ.എ-എസ്.ഡി.എഫിൽ നിന്നും തുക അനുവദിക്കുന്നതിനു സാധിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വികലാംഗരായിട്ടുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളായതിനാൽ പ്രസ്തുക സ്പെഷ്യൽ സ്കൂളിന് എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽ മാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം ലഭിച്ചിരുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എം.എൽ.എ..എസ്.ഡി.എഫ്.ൻെറ മാനദണ്ഡപ്രകാരമുള്ള പ്രവർത്തിയ്ക്കുവേണ്ടി തുക വിനിയോഗിക്കുവാൻ അനുമതിയുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലല്ലാത്ത സ്കൂളുകൾക്കുവേണ്ടി എം.എൽ.എ.-എസ്.ഡി.എഫ്ൽ നിന്നും തുക വിനിയോഗിക്കുവാൻ മാനദണ്ഡപ്രകാരം അനുമതിയില്ല. അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽ മാതാ സ്പെഷ്യൽ സ്കൂൾ സർക്കാർ/എയ്ഡഡ് മേഖലയിൽപ്പെടുന്ന സ്കൂളല്ല. ഈ സാഹചര്യത്തിലാണ് പ്രസ്തുത സ്കൂളിന് തുക അനുവദിക്കാൻ സാധിക്കാത്തത്.

(ബി) എം.എൽ.എ.-എസ്.ഡി.എഫ്-ന്റെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയാൽ മാത്രമേ പ്രസ്തുത സ്കൂളിന് തുക അനുവദിക്കാൻ കഴിയുകയുള്ളൂ.

## ബജറ്റിലെ പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക

**135 (475)**<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിലെ പ്ലാൻ&നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക എത്ര ; 30-11-2014 വരെയുള്ള ചെലവ് എത്രയെന്നുള്ളതിന്റെ വിശദവിവരം നൽകുമോ ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾക്കായി ഓരോ ധനാഭ്യർത്ഥനയുടെ കീഴിലും പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ മാസം വരെയുണ്ടായ ചെലവുകളുടേയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി അനുവദിച്ച പദ്ധതി വിഹിതങ്ങളിൽ കുറവൊന്നും വരുത്തിയിട്ടില്ല.

**സാമ്പത്തിക സ്ഥിതി**

**136 (476)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് എന്നു വ്യക്തമാക്കുമോ ;

(ബി) സർക്കാർ നടപ്പുസാമ്പത്തിക വർഷം ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തി നികുതി പിരിവ് നടത്തി വരവെ ഏതെല്ലാം നികുതി വർദ്ധനവ് ഓർഡിനൻസുകൾ വഴിയും മറ്റ് സർക്കാർ ഉത്തരവുകൾ വഴിയും പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ചു; ഇനം തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇത്തരം ഓർഡിനൻസുകൾ വഴിയും, മറ്റു സർക്കാർ ഉത്തരവുകൾ വഴിയും എത്ര കോടി രൂപയുടെ അധിക നികുതി പൊതുജനങ്ങളിൽ നിന്നും

പരിച്ചെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

(ഡി) 2011 മാർച്ചിൽ ട്രഷറികളിലെ നീക്കിയിരുപ്പ് തുക എത്രയെന്നും 2012 മാർച്ച് 31, 2013 മാർച്ച് 31, 2014 മാർച്ച് 31,2014 ഒക്ടോബർ 31 എന്നീ ദിവസങ്ങളിലെ നീക്കിയിരിപ്പ് തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) സാമ്പത്തിക പ്രതിസന്ധി മറികടക്കാനായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ എത്ര തുക സർക്കാരിന് തിരിച്ച നൽകാൻ തീരുമാനിച്ചു വെന്നും ആയതു പ്രകാരം നാളിതുവരെ എത്ര തുക സർക്കാരിന് നൽകിയെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത തീരുമാനം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ എടുത്തതിനുശേഷം പ്രസ്തുത വ്യക്തികൾ ഓരോരുത്തരും വിദേശ യാത്ര, പുതിയ കാറുകൾ, യാത്രാപ്പടി, വീടുകളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക വീതം കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2014 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 26263.79 കോടി രൂപയാണ്. ഈ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 22001.66 കോടി രൂപയെക്കാൾ 19.37% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 33040.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 24123.31 കോടി രൂപയേക്കാൾ 36.96% കൂടുതലാണ്. 2014 സെപ്റ്റംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 1771.95 കോടി രൂപയാണ്. റിസർവ് ബാങ്കിൻെറ കണക്കുകൾ പ്രകാരം 30-11-2014-ൽ ട്രഷറി ബില്ലുകളിലായി 706.32 കോടി രൂപ നിക്ഷേപമുണ്ട്. നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല.

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയി ലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിറുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണ യിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ്

വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി.) നം.409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 10-11-2014-ലെ സ.ഉ.(പി) നം. 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. 25-9-2014-ലെ സ.ഉ. (എം.എസ്.) നം.88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) തീരുമാനങ്ങളുടെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം ചുവടെ കൊടുത്തിരിക്കുന്നു :

| ഇനം | തുക (കോടിൽ) |
|---|---|
| ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള നികുതി | 1130 |
| വൈൻ, ബിയർ | 100 |
| സിഗരറ്റ് | 264 |
| ഭൂനികുതി | 78 |
| തോട്ടം നികുതി | 3 |
| പെട്രോൾ, ഡീസൽ വില റവന്യൂ ന്യൂട്രലാക്കിയത് മൂലം | 112 |
| ഭൂമിയുടെ ന്യായവില പുനർനിർണ്ണയം | 520 |

(ഡി)

| വർഷം | തുക (കോടിൽ) |
|---|---|
| 2011 മാർച്ച് 31 | 3513.72 |
| 2012 മാർച്ച് 31 | 2711.17 |
| 2013 മാർച്ച് 31 | 3200.77 |

| | |
|---|---|
| 2014 മാർച്ച് 31 | 758.56 |
| 2014 ഒക്ടോബർ 31 | 1302.65 |

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

**സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നിർദ്ദേശങ്ങൾ**

**137 (477)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നിർദ്ദേശങ്ങൾ മന്ത്രിസഭായോഗത്തിൻെറ പരിഗണനയ്ക്കായി വരികയുണ്ടായി ;

(ബി) അതിന്മേൽ മന്ത്രിസഭ എടുത്ത തീരുമാനങ്ങളും അതേ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളും ലഭ്യമാക്കാമോ ;

(സി) ഓരോ തീരുമാനത്തിൻെറ ഫലമായും തന്നാണ്ടിലെ ബഡ്ജറ്റിൽ കണക്കാക്കപ്പെട്ടതിന് പുറമെയുണ്ടാകുന്ന അധിക വരുമാനം എത്ര കോടി രൂപ വീതമാണെന്നുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിനായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി) നം. 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി) നം. 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ

ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10-11-2014-ലെ സ.ഉ.(പി) നം. 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
25-9-2014-ലെ സ.ഉ.(എം.എസ്.) നം. 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകര ണത്തതിതനായി വരുന്ന ആറ് മാസത്തിനുള്ളിൽ ആയിരം കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്നും സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കു വാനായി ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തി യിട്ടുണ്ട്. മുപ്പതിനായിരത്തോളം താൽക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽ തന്നെ നിറുത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി) തീരുമാനങ്ങളുടെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം ചുവടെ കൊടുത്തിരിക്കുന്നു :

| ഇനം | തുക (കോടിയിൽ) |
|---|---|
| ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള നികുതി | 1130 |
| വൈൻ, ബിയർ അധിക നികുതി | 100 |
| സിഗററ്റ് | 264 |

| | |
|---|---|
| ഭൂനികുതി | 78 |
| തോട്ടം നികുതി | 3 |
| പെട്രോൾ, ഡീസൽ വില റവന്യൂ ന്യൂട്രലാക്കിയത് മൂലം | 112 |
| ഭൂമിയുടെ ന്യായവില പുനർനിർണ്ണയം | 520 |

**ധന ഉത്തരവാദിത്വ നിയമം**

**138 (478)** <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധന ഉത്തരവാദിത്വ നിയമം സർക്കാർ പാസ്സാക്കിയത് ഏത് തീയതിയിലായിരുന്നു, അതിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) നിയമ വ്യവസ്ഥകളും സർക്കാരിന്റെ ധനസ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി, ബഡ്ജറ്റ് കമ്മി ബാധ്യതകൾ തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 2003 സെപ്റ്റംബർ 17-ാം തീയതി പുറപ്പെടുവിച്ച കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ് :

1. സർക്കാർ ഓരോ സാമ്പത്തിക വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം ഒരു ധനസംബന്ധമായ മിതകാലനയ സ്റ്റേറ്റ്മെന്റും ഒരു ധനസംബന്ധമായ നയസ്ട്രാറ്റജി സ്റ്റേറ്റ്മെന്റും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

2. സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട്, റവന്യൂ കമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സർക്കാർ സംബന്ധമായ ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കേണ്ടതും വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതുതാല്പര്യാർത്ഥം ഔദ്യോഗിക രഹസ്യസ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കുകയും ചെയ്യേണ്ടതാണ്.

4. ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം കഴിയുന്നത്ര വേഗം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പൊതു ചെലവ് പുനഃപരിശോധന കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്.

(ബി)&(സി) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം റവന്യൂകമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്.

ഇതേ ആക്ട് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.

അതുപോലെ തന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം, 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.

2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി,

കടബാധ്യതകൾ തുടങ്ങിയവയുടെ ധനഉത്തരവാദിത്വ നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.

ശതമാനത്തിൽ

| | 2011-12 | | 2012-13 | | 2013.14 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) | |
|---|---|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| റവന്യൂ കമ്മി | 1.4 | 2.61 | 0.9 | 2.68 | 0.5 | 0.54 |
| ധനകമ്മി | 3.50 | 4.16 | 3.50 | 4.29 | 3.0 | 2.82 |
| കടബാദ്ധ്യത | 32.3 | 29.04 | 31.7 | 29.64 | 30.7 | 27.14 |

**കെ.എസ്.ആർ.ടി.സി.ക്കുള്ള സാമ്പത്തിക പാക്കേജ്**

**139 (479)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി സമർപ്പിച്ച സാമ്പത്തിക പാക്കേജിന്റെ ഭാഗമായി പണം അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ;

(ബി) മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കുവന്ന ബന്ധപ്പെട്ട ഫയലിൽ ധനകാര്യ വകുപ്പ് ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ എന്തെല്ലാമായിരുന്നു ; മന്ത്രിസഭാ ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്തായിരുന്നു ;

(സി) കെ. എസ്. ആർ. ടി. സി.-ക്ക് പണം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഈ സാമ്പത്തിക വർഷം മൊത്തം എന്തു തുക കെ.എസ്.ആർ.ടി. സിക്ക് നൽകാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജാണ് സമർപ്പിച്ചിട്ടുള്ളത്. സാമ്പത്തിക പാക്കേജ് സമർപ്പിച്ചിട്ടില്ല. 7-8-2014 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് തീരുമാനിച്ചു.

1. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായി ആവശ്യമായ 480 കോടി രൂപയിൽ 240 കോടി രൂപ പ്രത്യേക സെസ്, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശ പ്രകാരം കെട്ടിവയ്ക്കുന്ന 10% തുക എന്നിവയിൽ നിന്ന് കണ്ടെത്തണം. (പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിലേയ്ക്ക് വേണ്ടിവരുന്ന 480 കോടി രൂപയുടെ ആവർത്തന ചെലവിന്റെ 50% ത്തിൽ നിന്നും സെസ് വഴി ഈടാക്കുന്ന തുക കുറച്ചതിനുശേഷം വരുന്ന തുകയോ, 150 കോടി രൂപയോ ഏതാണോ കുറവ് അതു 2015-16 സാമ്പത്തിക വർഷം മുതൽ 12 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.ക്ക് നൽകാമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു);

2. കെ.എസ്.ആർ.ടി.സി.യുടെ ആസ്തി പുനർ മൂല്യനിർണ്ണയം 20-8-2014 നകം പൂർത്തിയാക്കണം.

3. കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള കടം കുറഞ്ഞ പലിശ നിരക്കിൽ കൂടിയ കാലാവധിയിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളെ കൊണ്ട് കോർപ്പറേഷന് ഗുണകരമായ രീതിയിൽ ഏറ്റെടുപ്പിക്കുന്ന നടപടി എത്രയും വേഗം നടപ്പിലാക്കണം.

4. കെ.എസ്.ആർ.ടി.സി.ക്ക് കാലാകാലങ്ങളായി നൽകിയ കടം പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് മൂലധനമായി മാറ്റുന്നതാണ്.

5. കെ.എസ്.ആർ.ടി.സി.യിൽ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

6. നഷ്ടത്തിലുള്ള 2000 ഷെഡ്യൂളുകൾ ലാഭകരമായ റൂട്ടിലേയ്ക്ക് ഡിസംബർ 2014 നകം പുനക്രമീകരിക്കണം.

7. ജി.പി.എസ്., ജി.പി.ആർ.എസ്. സംവിധാനം ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ എത്രയുംവേഗം നടപ്പാക്കുക.

8. സൗജന്യ പാസുകളും, പെൻഷൻ പാസുകളും നിയന്ത്രിക്കുന്നതു സംബന്ധിച്ച് ആറുമാസത്തിനുള്ളിൽ തീരുമാനമെടുക്കുക.

9. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതടക്കമുള്ള ചെലവ് ചുരുക്കൽ നടപടികൾ നടപ്പിലാക്കുക.

10. വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ആറുമാസത്തിനുള്ളിൽ സ്റ്റാഫ് ബസ് റേഷ്യോ കുറച്ച് 5.5 ൽ എത്തിക്കുക.

11. വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുക.

12. അധിക വരുമാനം ലഭ്യമാക്കുന്നതിന് കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ് തുടങ്ങിയവ ആരംഭിക്കണം.

13. കെ.എസ്.ആർ.ടി.സി.യുടെ പക്കലുള്ള അധികഭൂമി വരുമാനം ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കാൻ എത്രയുംവേഗം പദ്ധതി തയ്യാറാക്കുക.

14. മേൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിനൊപ്പം കെ.എസ്.ആർ.ടി.സി. യുടെ മൂലധന ചെലവിലേയ്ക്ക് 200 കോടി രൂപ സർക്കാർ നൽകുന്നതാണ്.

(ബി) പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിലേയ്ക്ക് വേണ്ടിവരുന്ന 480 കോടി രൂപയുടെ ആവർത്തന ചെലവിന്റെ 50%ത്തിൽ നിന്നും സെസ് വഴി ഈടാക്കുന്ന തുക കുറച്ചതിനുശേഷം വരുന്ന തുകയോ, 150 കോടി രൂപയോ ഏതാണോ കുറവ് അതു 2015-16 സാമ്പത്തിക വർഷം മുതൽ 12 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകാമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു.

പുനരുദ്ധാരണ പാക്കേജ് മേയ് 2014-ന് തീർപ്പാക്കി ഉടമ്പടി ചെയ്യേണ്ട താണെന്നും, പെൻഷൻ തുടങ്ങിയ നിലവിലുള്ള ബാദ്ധ്യതകൾ കൊടുത്തു തീർക്കുവാൻ 2014 ഫെബ്രുവരി മുതൽ 2014 മെയ് വരെ പ്രതിമാസം ഇരുപത്തിയഞ്ച് കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.ക്ക് റിലീസ് ചെയ്യുവാനും ഇതിൽ 2014 ഫെബ്രുവരിയിലെയും, മാർച്ചിലെയും തുക (അമ്പത് കോടി രൂപ) ഉടൻ റിലീസ് ചെയ്തുനൽകുവാനും 26-2-2014-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതി-പദ്ധതിയേതര വിഹിതമായി 484 കോടി രൂപ നൽകിയിട്ടുണ്ട്.

(സി&ഡി) 21-8-2014-ലെ മന്ത്രിസഭായോഗത്തിൽ 7055-00-190-99

Loans to KSRTC (Non-Plan) ശീർഷകത്തിൽ ഉണ്ടായിരുന്ന 45 കോടി മിച്ചതുകയും ബാക്കി ഗതാഗത വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുകയിൽ നിന്നും റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതും ഉൾപ്പെടെ ആകെ 200 കോടി രൂപ മൂലധനച്ചെലവായി കെ.എസ്.ആർ.ടി.സി.ക്ക് അനുവദിക്കാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ 45 കോടി രൂപ ഉൾപ്പെടെ ഈ സാമ്പത്തിക വർഷം ഇതുവരെ 209.85 കോടി രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള കോൺട്രാക്ടർമാർക്ക് അനുവദിച്ച നികുതിയിളവ്

**140 (480)** <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലേർപ്പെട്ട സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള കോൺട്രാക്ടർമാർ അന്യസംസ്ഥാനത്ത് നിന്ന് നിർമ്മാണ സാമഗ്രികൾ വാങ്ങിയ ഇനത്തിൽ തന്നാണ്ടിൽ സർക്കാരിന് ലഭിച്ച നികുതി വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) സി. എസ്. ടി. രജിസ്ട്രേഷൻ ഉള്ള എത്ര കോൺട്രാക്ടർമാർ 25 കോടി രൂപയ്ക്ക് മുകളിൽ വിലമതിക്കുന്ന നിർമ്മാണ സാമഗ്രികൾ ഈ വർഷം കൊണ്ടുവരികയുണ്ടായി. അവർ ആരൊക്കെ ; അവർ കൊണ്ടുവന്ന സാമഗ്രികൾക്ക് ഏർപ്പെടുത്തിയ നികുതിനിർദ്ദേശങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള വ്യവസ്ഥകൾ സംസ്ഥാനത്തിന് പുറത്തുനിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്ക് നികുതിയിൽ നിന്നും രക്ഷപ്പെടാൻ സഹായകമായിട്ടുള്ളതാണെന്ന് അറിയാമോ ? സംസ്ഥാനത്ത് നിന്ന് നിർമ്മാണസാമഗ്രികൾവാങ്ങി നിർമ്മാണത്തിലേർ പ്പെട്ടിരിക്കുന്ന ചെറുകിട കോൺട്രാക്ടർമാർക്ക് ലഭിക്കാത്ത സൗജന്യം വൻകിട കോൺട്രാക്ടർമാർക്ക് ലഭിച്ചതുവഴി സർക്കാരിനുണ്ടായ വരുമാനനഷ്ടം വകയിരുത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സാമ്പത്തികവർഷം നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി ഘടനപ്രകാരം കേന്ദ്രവിൽപ്പന നികുതി രജിസ്ട്രേഷനുള്ള കോൺട്രാക്ടർമാർ സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് വാങ്ങൽ വിലയിൽ ഷെഡ്യൂൾ നിരക്കിൽ നികുതി അടയ്ക്കണമായിരുന്നു. അത് ഈ വർഷം മാറ്റി മൊത്തം കരാർ തുകയുടെ 6 ശതമാനം സംസ്ഥാനത്തിനകത്തുനിന്നും വാങ്ങുന്ന അൺ രജിസ്റ്റേഡ് പർച്ചേസിന് വാങ്ങൽ നികുതിയുമായി പുനഃക്രമീകരിച്ചു. ഇപ്പോൾ ഓർഡിനൻസ് പ്രകാരം വാങ്ങൽ നികുതി ഒഴിവാക്കി നിരക്ക് 7 ശതമാനമായി ഉയർത്തിയിട്ടുണ്ട്. നികുതിവരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) നിലവിലുള്ള നിയമപ്രകാരം ഇവർ കോമ്പൗണ്ടിംഗ് നിരക്കിലാണ് നികുതി അടയ്ക്കുന്നതെങ്കിൽ മൊത്തം കരാർ തുകയുടെ 7% നികുതി അടയ്ക്കണം. മറ്റു വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) കരാർപണിക്കാരുടെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ 2014-ലെ കേരള ധനകാര്യനിയമം, ഓർഡിനൻസ് 21/2014 എന്നിവ മുഖാന്തിരം കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തിന് പുറത്തുനിന്നും നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്ക് നികുതിയിൽ നിന്നും രക്ഷപ്പെടാൻ സഹായകമായിട്ടുള്ളതായി വകുപ്പ് വിലയിരുത്തിയിട്ടില്ല. ഇവർ മൊത്തം കരാർ തുകയുടെ ഏഴ് ശതമാനം കോമ്പൗണ്ടിംഗ് നികുതി അടയ്ക്കേണ്ടിവരും. മുമ്പുണ്ടായിരുന്ന നിയമപ്രകാരം പുറത്തുനിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക് ചരക്കുകൂലിയും ലാഭവും ഒഴിവാക്കി വാങ്ങൽവിലയിൽ മാത്രം ഷെഡ്യൂൾ നിരക്കിൽ നികുതിയടച്ചാൽ മതിയായിരുന്നു. ആയത് പരിഗണിക്കുമ്പോൾ മൊത്തം കരാർ തുകയുടെ ഏഴ് ശതമാനം നികുതി ഒരു സൗജന്യമാണെന്ന് പറയാൻ കഴിയില്ല. എന്തെന്നാൽ ലേബർ തുകയുടെ പുറത്തും ഏഴ് ശതമാനം നികുതി അടയ്ക്കേണ്ടിവരും.

**കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് നിയമനം**

**141 (481)** ശ്രീ. എം. പി. വിൻസന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലുള്ളതു പോലെ, കെ.എസ്.എഫ്.ഇ. യിലെ താഴ്ന്ന വിഭാഗത്തിലുള്ള നിശ്ചിത ശതമാനം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റായി നിയമനം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഗ്രാജ്വേറ്റ് ആയ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ ജൂനിയർ അസിസ്റ്റന്റ് ആയി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റുമാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള തസ്തികമാറ്റ നിയമനത്തിന് അനുവദിച്ചിട്ടുള്ള ക്വാട്ട, ഇവരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് തയ്യാറാക്കിവരുന്ന സ്പെഷ്യൽ റൂൾ ഭേദഗതിക്ക വിധേയമായി 5%ൽ നിന്നും 10% ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. നവീകരണ പാക്കേജ്**

**142 (482)** <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. സമർപ്പിച്ച നവീകരണ പാക്കേജ് പൂർണ്ണതോതിൽ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ പാക്കേജിലെ ഏതെല്ലാം ഘടകങ്ങൾ അംഗീകരിക്കുകയുണ്ടായിട്ടില്ലെന്ന് വിശദമാക്കാമോ ?

(ബി) നവീകരണ പാക്കേജിന്റെ ഏതെല്ലാം ഭാഗങ്ങൾ അംഗീകരിക്ക കയുണ്ടായി ; ഇപ്രകാരം സർക്കാർ ഈ വർഷം കെ.എസ്.ആർ.ടി.സി.യ്ക്ക് ഓരോ മാസവും നൽകാൻ തീരുമാനിച്ച സഹായങ്ങൾ എന്തെല്ലാമാണ് ; ഇതിനകം നൽകിയിട്ടുള്ളത് എന്തെല്ലാമാണ് ; വിശദമാക്കുമോ ;

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പൂർണ്ണതോതിൽ അംഗീകരിച്ചിട്ടില്ല; പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് 500 കോടി രൂപ 31-3-2014-ന് മുമ്പായി നൽകണമെന്ന നിർദ്ദേശവും, ആയതിന്റെ ആവർത്തന ചെലവിലേയ്ക്ക് അടുത്ത 12 വർഷത്തേയ്ക്ക് 480 കോടി രൂപ പ്രതിവർഷം നൽകണമെന്ന നിർദ്ദേശവും അംഗീകരിക്കുകയുണ്ടായില്ല.

(ബി) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട്

7-8-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് തീരുമാനിച്ചു.

1. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിന് ആവശ്യമായ 480 കോടി രൂപയിൽ 240 കോടി രൂപ പ്രത്യേക സെസ്, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം കെട്ടിവയ്ക്കുന്ന 10% തുക എന്നിവയിൽ നിന്ന് കണ്ടെത്തണം. (പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിലേയ്ക്കുവേണ്ടിവരുന്ന 480 കോടി രൂപയുടെ ആവർത്തന ചെലവിന്റെ 50%ത്തിൽ നിന്നും സെസ് വഴി ഈടാക്കുന്ന തുക കുറച്ചതിനുശേഷം വരുന്ന തുകയോ, 150 കോടി രൂപയോ ഏതാണോ കുറവ് അത് 2015-16 സാമ്പത്തിക വർഷം മുതൽ 12 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.ക്ക് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.)

2. കെ.എസ്.ആർ.ടി.സി.യുടെ ആസ്തി പുനർ മൂല്യനിർണ്ണയം 2-8-2014 നകം പൂർത്തിയാക്കണം.

3. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള കടം കുറഞ്ഞ പലിശനിരക്കിൽ കൂടിയ കാലാവധിയിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളെക്കൊണ്ട് കോർപ്പറേഷന് ഗുണകരമായ രീതിയിൽ ഏറ്റെടുപ്പിക്കുന്ന നടപടി എത്രയുംവേഗം നടപ്പിലാക്കണം.

4. കെ.എസ്.ആർ.ടി.സി.ക്ക് കാലാകാലങ്ങളായി നൽകിയ കടം പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് മൂലധനമായി മാറ്റുന്നതാണ്.

5. കെ.എസ്.ആർ.ടി.സി.യിൽ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

6. നഷ്ടത്തിലുള്ള 2000 ഷെഡ്യൂളുകൾ ലാഭകരമായ റൂട്ടിലേയ്ക്ക് ഡിസംബർ 2014 നകം പുനഃക്രമീകരിക്കണം.

7. ജി.പി.എസ്., ജി.പി.ആർ.എസ്. സംവിധാനം ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ എത്രയും വേഗം നടപ്പാക്കുക.

8. സൗജന്യ പാസുകളും, പെൻഷൻ പാസുകളും നിയന്ത്രിക്കുന്നത്

സംബന്ധിച്ച് ആറുമാസത്തിനുള്ളിൽ തീരുമാനമെടുക്കുക.

9. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതടക്കമുള്ള ചെലവ് ചുരുക്കൽ നടപടികൾ നടപ്പിലാക്കുക.

10. വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ആറുമാസത്തിനുള്ളിൽ സ്റ്റാഫ് ബസ് റേഷ്യോ കുറച്ച് 5.5 ൽ എത്തിക്കുക.

11. വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുക.

12. അധിക വരുമാനം ലഭ്യമാക്കുന്നതിന് കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ് തുടങ്ങിയവ ആരംഭിക്കണം.

13. കെ.എസ്.ആർ.ടി.സി.യുടെ പക്കലുള്ള അധികഭൂമി വരുമാനം ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കാൻ എത്രയുംവേഗം പദ്ധതി തയ്യാറാക്കുക.

14. മേൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിനൊപ്പം കെ.എസ്.ആർ.ടി.സി.യുടെ മൂലധന ചെലവിലേയ്ക്ക് 200 കോടി രൂപ സർക്കാർ നൽകുന്നതാണ്.

പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.ക്ക് ഈ സാമ്പത്തിക വർഷം മാസംതോറും സഹായം നൽകാമെന്ന് തീരുമാനിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.ക്ക് നടപ്പ് സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി ഇതുവരെ 209.85 കോടി രൂപ നൽകിയിട്ടുണ്ട്.

**എം.എൽ.എ. ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് എൽ.സി.ഡി. പ്രൊജക്ടർ**

**143 (483)** <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകൾക്ക് എൽ സി. ഡി. പ്രൊജക്ടർ വാങ്ങാൻ എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുകയ്ക്ക് എൽ.സി.ഡി. പ്രൊജക്ടർ ലഭ്യമാക്കാൻ കമ്പനികൾ

തയ്യാറാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എൽ.സി.ഡി. പ്രൊജക്ടിന് അനുവദിക്കാവുന്ന തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സ്റ്റോർ പർച്ചേസ് മാന്വലിലെ നടപടിക്രമങ്ങൾ പ്രകാരം നിലവിലുള്ള നിരക്കിൽ ആവശ്യമായ തുക സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിന് വേണ്ടി എൽ.സി.ഡി. പ്രോജക്ടർ വാങ്ങാൻ എം.എൽ.എ.മാരുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

(ബി) എൽ.സി.ഡി. പ്രൊജക്ടർ ലഭ്യമാക്കാൻ കമ്പനികൾ തയ്യാറാകാത്തത് എം.എൽ.എ.-എസ്.ഡി.എഫ്.ന്റെ നോഡൽ ഓഫീസർമാരായ ജില്ലാ കളക്ടർമാർ നാളിതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) സ്റ്റോർ പർച്ചേസ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട നിരക്കിൽ എൽ.സി.ഡി. പ്രൊജക്ടർ വാങ്ങാവുന്നതാണ്.

**കേരള സംസ്ഥാന സംരംഭക മിഷൻ**

**144 (484)** <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാനത്തെ സംരംഭക മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടിയെന്നും നൂതനമായ എന്തൊക്കെ സംരംഭങ്ങളാണ് ഇതുവഴി തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ളതെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

31-10-2014-ലെ കണക്കുകൾ പ്രകാരം കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ കീഴിൽ ഇതുവരെയായി 643 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചു. ഇതിൽ 485 സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചവയാണ്. 31-8-2014-ലെ കണക്കുകൾ പ്രകാരം 34,85,41,009 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 1538 സംരംഭകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

വായ്പ അനുവദിച്ചിട്ടുള്ള സംരംഭകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 118 സംരംഭങ്ങൾ 293 സംരംഭകർ |
| കൊല്ലം | 15 സംരംഭങ്ങൾ 27 സംരംഭകർ |
| പത്തനംതിട്ട | 15 സംരംഭങ്ങൾ 33 സംരംഭകർ |
| കോട്ടയം | 48 സംരംഭങ്ങൾ 120 സംരംഭകർ |
| ആലപ്പുഴ | 27 സംരംഭങ്ങൾ 53 സംരംഭകർ |
| എറണാകുളം | 86 സംരംഭങ്ങൾ 196 സംരംഭകർ |
| ഇടുക്കി | 51 സംരംഭങ്ങൾ 116 സംരംഭകർ |
| തൃശ്ശൂർ | 17 സംരംഭങ്ങൾ 34 സംരംഭകർ |
| മലപ്പുറം | 78 സംരംഭങ്ങൾ 27 സംരംഭകർ |
| പാലക്കാട് | 36 സംരംഭങ്ങൾ 71 സംരംഭകർ |
| കോഴിക്കോട് | 63 സംരംഭങ്ങൾ 150 സംരംഭകർ |
| വയനാട് | 32 സംരംഭങ്ങൾ 80 സംരംഭകർ |
| കണ്ണൂർ | 36 സംരംഭങ്ങൾ 71 സംരംഭകർ |
| കാസർഗോഡ് | 21 സംരംഭങ്ങൾ 53 സംരംഭകർ |
| ആകെ | 643 സംരംഭങ്ങൾ 1538 സംരംഭകർ |

ജില്ല തിരിച്ചുള്ള നൂതനമായ സംരംഭങ്ങളുടെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു :

| ബ്രാഞ്ചുകൾ | വിവര സാങ്കേതികം | ഭക്ഷ്യ സംസ്കരണം | അച്ചടി | കാർഷികം | വസ്ത്ര നിർമ്മാണം | ചെരുപ്പ്/ ബാഗ് നിർമ്മാണം | എഞ്ചിനീയറിംഗ് മേഖല | ആരോഗ്യ രംഗം | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപു | 55 | 5 | 9 | 9 | 4 | 2 | 10 | 5 | 19 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| രം | | | | | | | | | |
| കൊല്ലം | 5 | 3 | 2 | 0 | 0 | 0 | 3 | 0 | 2 |
| പത്തനം തിട്ട | 2 | 2 | 1 | 3 | 0 | 0 | 2 | 2 | 3 |
| കോട്ട യം | 11 | 6 | 4 | 1 | 1 | 0 | 13 | 5 | 7 |
| ആലപ്പുഴ | 5 | 3 | 6 | 3 | 2 | 0 | 4 | 0 | 4 |
| എറണാ കുളം | 23 | 5 | 9 | 1 | 11 | 6 | 14 | 3 | 14 |
| ഇടുക്കി | 5 | 7 | 10 | 0 | 1 | 1 | 10 | 8 | 9 |
| തൃശ്ശൂർ | 6 | 2 | 1 | 0 | 0 | 0 | 5 | 3 | 0 |
| മലപ്പുറം | 9 | 9 | 7 | 4 | 9 | 3 | 16 | 6 | 15 |
| പാല ക്കാട് | 6 | 6 | 2 | 1 | 3 | 1 | 7 | 6 | 4 |
| കോഴി ക്കോട് | 15 | 9 | 2 | 0 | 8 | 3 | 11 | 5 | 10 |
| വയനാട് | 3 | 5 | 2 | 4 | 0 | 0 | 6 | 5 | 7 |
| കണ്ണൂർ | 11 | 5 | 6 | 0 | 3 | 0 | 2 | 4 | 5 |
| കാസർ ഗോഡ് | 2 | 3 | 3 | 0 | 0 | 0 | 8 | 2 | 3 |
| ആകെ | 158 | 70 | 64 | 26 | 42 | 16 | 111 | 54 | 102 |

31-8-2014-ലെ കണക്കുകൾ പ്രകാരം ഇതുവരെ ചെലവായ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| ഹെഡ് ഓഫീസ് | 29,04,70,076 |
| തിരുവനന്തപുരം | 53,04,442 |
| കൊല്ലം | 28,68,377 |

| | |
|---|---|
| പത്തനംതിട്ട | 21,00,746 |
| കോട്ടയം | 48,98,538 |
| ആലപ്പുഴ | 34,60,177 |
| എറണാകുളം | 72,53,162 |
| ഇടുക്കി | 59,63,741 |
| തൃശ്ശൂർ | 37,57,196 |
| മലപ്പുറം | 40,71,615 |
| പാലക്കാട് | 39,92,475 |
| കോഴിക്കോട് | 44,15,403 |
| വയനാട് | 45,96,707 |
| കണ്ണൂർ | 30,02,680 |
| കാസർഗോഡ് | 23,87,674 |
| ആകെ | 34,85,41,009 |

**മദ്യ വ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള സെസ്**

**145 (485)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യവ്യവസായ തൊഴിലാളികളെ പുരധിവസിപ്പിക്കാനുള്ള സെസ് ഇനത്തിൽ വിദേശമദ്യ വിൽപ്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക എത്രയാണ് ;

(ബി) ഇതിൽ എന്ത് തുക പുനരധിവാസത്തിനായി ചെലവഴിച്ചു ;

(സി) ബാറുകൾ അടച്ച് പൂട്ടിയതിനുശേഷം എത്ര മദ്യവ്യവസായ തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുള്ളതായി അറിയാമോ;

(ഡി) അപ്രകാരം ആത്മഹത്യ ചെയ്തവരുടെ കുടുംബത്തിനെ പുനരധിവാസ സെസ് ഇനത്തിൽ സമാഹരിച്ച തുകയിൽ നിന്നും നൽകിയ സഹായം എത്രയാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മദ്യവ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള 5% റീഹാബിലിറ്റേഷൻ സെസ് വഴി 2014 ഒക്ടോബർ വരെ കെ.എസ്.ബി.സി. 15.33 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) പുനരധിവാസ പദ്ധതി തയ്യാറാക്കിവരുന്നു.

(സി) ബാറുകൾ അടച്ച് പൂട്ടിയതിനുശേഷം 4 ബാർ ജീവനക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ഡി) സെസ് ഇനത്തിൽ സമാഹരിച്ച തുകയിൽ നിന്നും സഹായ ധനമൊന്നും നൽകിയിട്ടില്ല.

**പൊതുസ്വകാര്യ പങ്കാളിത്ത നയം**

**146 (486)** <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്വകാര്യപങ്കാളിത്തം സബന്ധിച്ച നയം രൂപീകരി ക്കുന്നതിന് ആസൂത്രണ ബോർഡിൽനിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ അനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സർക്കാർ സംവിധാനം മുഖേന നല്കിവന്നിരുന്ന സേവനങ്ങൾ

പൊതുസ്വകാര്യ പങ്കാളിത്തത്തിനായി വിട്ടുനൽകുമ്പോൾ ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ ഉള്ള നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുക്കപ്പെട്ട അടിസ്ഥാനസൗകര്യ മേഖലയിൽ പരമാവധി നിക്ഷേപം ലഭ്യമാക്കുവാൻ പൊതുസ്വകാര്യ പങ്കാളിത്ത സാദ്ധ്യത പരിഗണിക്കുന്നതിനായി ഒരു കരട് നയം (പി.പി.പി. പോളിസി) സംസ്ഥാന ആസൂത്രണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കരട് അനുബന്ധം എ-യിൽ ചേർക്കുന്നു.

(ബി&സി) കരട് നയം സർക്കാർ പരിശോധിച്ച് വരികയാണ്. ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**പൊതുവിപണിയിൽനിന്നും സർക്കാർ എടുത്ത കടം**

**147 (487)** <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ചിനുശേഷം പൊതുവിപണിയിൽനിന്നും സർക്കാർ കടമെടുത്തിട്ടുള്ള തുകയെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ മാസവും എടുത്ത തുകയുടെ കണക്ക് വെവ്വേറെ നൽകുമോ ;

(സി) എത്ര തുകവരെ കടമെടുക്കുന്നതിനുള്ള അനുമതിയാണ് സർക്കാരിനുള്ളത് ;

(ഡി) കടമെടുക്കാവുന്ന പരിധിയുടെ എത്ര ശതമാനമാണ് സർക്കാർ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടുള്ളത് ?

(ഇ) കടമെടുപ്പു പരിധി ഉയർന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നടത്തിപ്പ് അവതാളത്തിലായിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 മാർച്ചിനുശേഷം പൊതുവിപണിയിൽനിന്നും ആകെ 9400 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) ഓരോ മാസവും എടുത്ത തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു :

| മാസം | തുക (കോടിയിൽ) |
|---|---|
| ഏപ്രിൽ | 2000 |
| മെയ് | 1200 |
| ജൂൺ | 500 |
| ജൂലൈ | 1000 |
| ആഗസ്റ്റ് | 1700 |
| സെപ്റ്റംബർ | 500 |
| ഒക്ടോബർ | 1500 |
| നവംബർ | 1000 |
| ആകെ | 9400 |

(സി) സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽനിന്നും 13950.76 കോടി രൂപ വായ്പയെടുക്കുന്നതിനുള്ള അനുമതിയാണ് സർക്കാരിനുള്ളത്.

(ഡി) പൊതുവിപണയിൽനിന്നും കടമെടുക്കാവുന്ന പരിധിയുടെ 67.38 ശതമാനമാണ് സർക്കാർ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

**അധിക വരുമാനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ**

**148 (488)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അധിക വരുമാന ആസ്തികൾ സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു, ഓരോ പദ്ധതിയ്ക്കും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും അവയിൽ ഓരോന്നിൽനിന്നും ലഭിച്ച അധിക വരുമാനം എത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ പുരോഗതി വിവരിക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനായി, ബജറ്റിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക കോടിയിൽ

| | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| മൂലധനയിനത്തിൽ വകയിരുത്തിയ തുക | 3834.69 | 6554.90 | 8635.03 | 6636.38 |
| മൂലധനയിനത്തിൽ ചെലവഴിച്ച തുക | 3852.92 | 4603.29 | 4294.33 | 1577.25 (30-9-2014 വരെ) |

(ബി&സി) റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ ആസ്തികൾ സൃഷ്ടിക്കുന്നതിന് വരുമാന വർദ്ധനവ് ലക്ഷ്യമിട്ടല്ല. കൂടാതെ ഓരോ മൂലധന ആസ്തികളിൽ നിന്നും ലഭിക്കുന്ന വരുമാനം സംബന്ധിച്ച കണക്കുകളോ അവയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളോ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നുമില്ല.

### ആസ്തിവികസന പദ്ധതി

**149 (489)** <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന പദ്ധതിയിൽ ഭരണാനുമതി ലഭിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാവാത്തത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ മാതൃകയിൽ ആസ്തിവികസന പദ്ധതിയിലെ പ്രവൃത്തികൾക്കുള്ള തുകയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആസ്തിവികസന പദ്ധതിയിൻകീഴിൽ ഭരണാനുമതി ലഭിക്കുന്ന

പ്രവ്യർത്തികളിൽ അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തുന്ന പ്രവൃത്തികളിൽ ചില സാങ്കേതിക കാരണങ്ങളാൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ബി) 11-6-2012-ലെ സ.ഉ.(പി)നമ്പർ 332/12/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ആസ്തിവികസന പദ്ധതിയിൻകീഴിലുള്ള പ്രവ്യർത്തികളുടെ പുരോഗതിക്കനുസൃതമായി നിർവ്വഹണ വകുപ്പിന്റെ ശുപാർശയുടെ വെളിച്ച ത്തിലാണ് തുക അനുവദിച്ചുനൽകുന്നത്. ആകയാൽ പ്രാദേശിക വികസന ഫണ്ടിന്റെ മാതൃകയിൽ ആസ്തി വികസന പദ്ധതികൾക്കുള്ള തുക ലഭ്യമാക്കുന്ന വിഷയം തൽക്കാലം ധനവകുപ്പിന്റെ പരിഗണനയിലില്ല.

## ആസ്തിവികസന ഫണ്ട്

**150 (490)** <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിക്കുന്ന പ്രവർത്തികളുടെ ഭരണാനുമതി ഉത്തരവ് അതാത് എം.എൽ.എ മാർക്ക് ഇ-മെയിലിൽ ലഭ്യമാക്കുമോ ;

(ബി) ആസ്തിവികസന ഫണ്ടുവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ ജില്ലാതലത്തിലേക്ക് ഫണ്ട് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആസ്തിവികസന പദ്ധതിയിൻകീഴിൽ ശുപാർശ ചെയ്യപ്പെടുന്ന പ്രവർത്തികൾക്ക് ധനവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവുകൾ എം.എൽ.എ.മാരുടെ അറിവിലേയ്ക്കായി ധനവകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) എൽ.എ.സി.-എ.ഡി.എസ്.-ന്റെ മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം പാലിച്ച് അംഗീകാരത്തിനായി ധനവകുപ്പിൽ എത്തുന്ന ഭൂരിപക്ഷം ഫയലുകളിലും പരമാവധി 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാറുണ്ട്. ധനവകുപ്പ് അനുമതി നൽകിയ പ്രവർത്തികൾ അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണ വകുപ്പ് ഭരണാനുമതി നൽകണമെന്ന് 28-12-2012-ലെ 73/12/ധന സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. അതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാ

തലത്തിലേയ്ക്ക് ഫണ്ട് കൈമാറുന്ന വിഷയം ധനവകുപ്പിന്റെ പരിഗണനയിലില്ല.

**ആസ്തിവികസന ഫണ്ട്**

**151 (491)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് നാളിതുവരെയുള്ള കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഈ പദ്ധതി ആരംഭിച്ചത് ഏത് തീയതി മുതലാണ് ; ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ ഒരു വർഷം നടപ്പിലാക്കേണ്ടിയിരുന്നത് മൊത്തം എന്ത് തുകയ്ക്കുള്ള പദ്ധതിയായിരുന്നു ;

(സി) 140 മണ്ഡലങ്ങളിലായി ഈ പദ്ധതി നടപ്പിലാക്കിയ വർഷം മുതൽ ഈ വർഷം വരെ ചെലവഴിക്കേണ്ടിയിരുന്ന മൊത്തം തുക എത്രയായിരുന്നു ; പദ്ധതി ആരംഭിച്ച് നാളിതുവരെ ഈ പദ്ധതി പ്രകാരം ഖജനാവിൽനിന്നും ചെലവഴിച്ച മൊത്തം തുക എത്ര ;

(ഡി) ഈ പദ്ധതി പ്രകാരം ഭരണാനുമതി നല്കിയ പദ്ധതികൾക്കെല്ലാമായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര ;

(ഇ) ഈ പദ്ധതി പ്രകാരം ഭരണാനുമതിയ്ക്കായി പരിഗണനയിലിരിക്കുന്ന പദ്ധതികൾ എത്ര ?

ഉത്തരം

(എ) ആസ്തിവികസന പദ്ധതി നിലവിൽ വന്നതിനുശേഷം വിവിധ നിയോജക മണ്ഡലങ്ങളിലായി 2012-13 സാമ്പത്തിക വർഷത്തിൽ 68373.70 ലക്ഷം രൂപ അടങ്കൽ വരുന്ന 875 പ്രവൃത്തികളും 2013-14 വർഷത്തിൽ 53960.50 ലക്ഷം അടങ്കൽ വരുന്ന 1064 പ്രവൃത്തികളും 2014-15 വർഷത്തിൽ 4629.26 ലക്ഷം അടങ്കൽ വരുന്ന 82 പ്രവൃത്തികളും നടപ്പിലാക്കുവാൻ ധനവകുപ്പിൽനിന്നും അനുമതി നൽകുകയുണ്ടായി.

(ബി) 11-6-2012-ലെ സ.ഉ.(പി) നമ്പർ 332/12/ധന സർക്കാർ ഉത്തരവ് പ്രകാരമാണ് ആസ്തിവികസന പദ്ധതി നിലവിൽ വന്നത്. ഒരു അസംബ്ലി

നിയോജക മണ്ഡലത്തിൽ ഒരു വർഷം ആകെ 500 ലക്ഷം രൂപ അടങ്കൽ വരുന്ന 15 പ്രവൃത്തികൾ ടി പദ്ധതിക്ക് കീഴിൽ ഏറ്റെടുത്തു നടപ്പാക്കാവുന്നതാണ്.

(സി) ഒരു നിയോജക മണ്ഡലത്തിലെ ആസ്തിവികസനത്തിനായി ഓരോ സാമ്പത്തിക വർഷവും 500 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ചെലവഴിക്കാവുന്നതാണ്. പദ്ധതിയാരംഭിച്ച് നാളിതുവരെയുള്ള ആകെ മൂലധനചെലവ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ആസ്തിവികസന പദ്ധതിയിൻകീഴിൽ അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി അനുസരിച്ചുള്ള ചെലവാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ധനവകുപ്പിന്റെ അനുമതിയോടെ ബന്ധപ്പെട്ട ഭരണവകുപ്പാണ് ഭരണാനുമതി പുറപ്പെടുവി ക്കേണ്ടത്. ഭരണവകുപ്പിന്റെ ശുപാർശയോടെ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വിശദാംശങ്ങൾ സഹിതം ലഭ്യമാക്കിയിട്ടുള്ള 33 ഫയലുകൾ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലുണ്ട്.

**ആസ്തിവികസന ഫണ്ട് വിനിയോഗം**

**152 (492)** ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്കായി നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിക്കാൻ ജില്ലാ കളക്ടർക്ക് അധികാരം നൽകിയിരിക്കുന്നതുപോലെ

ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾക്കും ഫണ്ട് വിനിയോഗിയ്ക്കാൻ കളക്ടർമാർക്ക് അധികാരം നൽകാൻ ഉതകുംവിധം നിലവിലുള്ള നിബന്ധനകൾ പരിഷ്കരിച്ച് ഉത്തരവിറക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) അപ്രകാരം പരിഷ്കരിച്ച രീതിയിൽ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ആസ്തിവികസന പദ്ധതി നിലവിൽ വന്നതിനുശേഷം വിവിധ നിയോജക മണ്ഡലങ്ങളിലായി 2012-13 സാമ്പത്തിക വർഷത്തിൽ 68373.70 ലക്ഷം രൂപ അടങ്കൽ വരുന്ന 875 പ്രവൃത്തികളും 2013-14 വർഷത്തിൽ 53960.50 ലക്ഷം രൂപ അടങ്കൽ വരുന്ന 1064 പ്രവൃത്തികളും 2014-15 വർഷത്തിൽ 4629.26 ലക്ഷം അടങ്കൽ വരുന്ന 82 പ്രവൃത്തികളും നടപ്പിലാക്കുവാൻ ധനവകുപ്പിൽ നിന്നും അനുമതി നൽകുകയുണ്ടായി.

(ബി&സി) 11-6-2012-ലെ G.O.(P) No.332/2012/Fin. ഉത്തരവിലെ മാർഗ്ഗരേഖകൾക്ക് വിധേയമായാണ് LAC, ADS-ന് കീഴിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾ നടപ്പാക്കേണ്ടത്. അസറ്റ് ഡെവലപ്പ്മെന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ താരതമ്യേന ഉയർന്ന എസ്റ്റിമേറ്റ് തുകയുള്ളവയാണ്. അത്തരം പ്രവൃത്തികൾക്ക് ഉയർന്ന തലത്തിലുള്ള പരിശോധനയും അംഗീകാരവും ആവശ്യമാണ്. എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെകാര്യത്തിൽ സ്വീകരീകരിക്കുന്ന നടപടിക്രമങ്ങൾ ആസ്തിവികസന ഫണ്ടിന് ബാധകമാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

**153 (493)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ആ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാതെ വീണ്ടും പലതവണ ടെണ്ടർ ചെയ്യുകയും ആരും ഏറ്റെടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മറ്റെന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ;

(ബി) കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾ ബെനിഫ്യഷ്യറി കമ്മിറ്റി രൂപീകരിച്ച് ഏറ്റെടുത്ത് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ഇത്തരം പ്രവൃത്തികളുടെ ഭരണാനുമതി റദ്ദുചെയ്ത് പകരം പ്രവൃത്തി നിർദ്ദേശിച്ചാൽ അവയ്ക്ക് അനുമതി ലഭിക്കുമോ ;

ഉത്തരം

(എ&ബി) കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ ഗവൺമെന്റ് അംഗീകരിച്ച അക്രെഡിറ്റഡ് ഏജൻസികളെക്കൊണ്ട് നടപ്പാക്കാവുന്നതാണ്. ഇതുസംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(പി) 408/2007 ധന തീയതി 7-9-2007, ജി.ഒ.(പി) നമ്പർ 311/14/ധന. തീയതി 30-7-2014 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(സി) ഭരണാനുമതി നൽകിയതും എന്നാൽ നിർവ്വഹണത്തിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിനോ പകരം പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനോ നിലവിൽ യാതൊരു തടസ്സവുമില്ല.

**ശമ്പള കമ്മീഷൻ റിപ്പോർട്ട്**

**154 (494)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ

:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) അന്തിമ റിപ്പോർട്ടിന് കാലതാമസം നേരിടുന്നപക്ഷം ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്നും പുതിയ ശമ്പളാനുകൂല്യങ്ങൾ ജീവനക്കാർക്ക് എന്ന് നൽകുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്ക്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിലവിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(ബി) അന്തിമ റിപ്പോർട്ടിന് കാലതാമസം നേരിടുന്നപക്ഷം ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സർവ്വീസ് സംഘടനകളുമായി ശമ്പള കമ്മീഷൻ 2014 ഡിസംബർ 2 മുതൽ ചർച്ചകൾ ആരംഭിക്കുകയാണ്. 2015 ജൂൺ 30-നകം റിപ്പോർട്ട് നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഓവർഡ്രാഫ്റ്റ് തുക**

**155 (495)** <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് എടുക്കാവുന്ന പരമാവധി ഓവർ ഡ്രാഫ്റ്റ് തുക എത്ര കോടിയാണ് ; ഏറ്റവും ഒടുവിൽ എടുത്ത ഓവർ ഡ്രാഫ്റ്റ് തുക എത്രയായിരുന്നു ; ഈ സർക്കാരിന്റെ കാലത്ത് എടുത്ത ഏറ്റവും കൂടിയ ഓവർ ഡ്രാഫ്റ്റ് തുക എത്രയായിരുന്നു ;

(ബി) പുതിയ ധനകാര്യവർഷം ആരംഭിക്കുമ്പോൾ സംസ്ഥാനത്തിന്റെ ഓവർ ഡ്രാഫ്റ്റ് തുക എത്ര കോടിയായി ഉയരാൻ സാദ്ധ്യതയുള്ളതായി അനുമാനിക്കുന്നു ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന് എടുക്കാവുന്ന ഓവർ ഡ്രാഫ്റ്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. ഏറ്റവും ഒടുവിലായി 2014 സെപ്റ്റംബർ 11-ാം തീയതി 5.28 കോടി രൂപ ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.ഈ സർക്കാരിന്റെ കാലത്ത് എടുത്ത ഏറ്റവും കൂടിയ ഓവർ ഡ്രാഫ്റ്റ് തുക 726.44 കോടി രൂപയാണ്.

(ബി) പുതിയ ധനകാര്യ വർഷം ആരംഭിക്കുമ്പോൾ ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവരില്ല എന്ന് അനുമാനിക്കുന്നു.

**നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

**156 (496)** <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-4-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 151/14/ധന പ്രകാരം നിയമിക്കപ്പെട്ട സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പ്രസ്തുത നടപടികളുടെ അടിസ്ഥാനത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിരക്കുകളിലും മറ്റു ഏർപ്പെടുത്തിയ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ജീവിത ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 28-4-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 151/14/ധന നമ്പർ പ്രകാരം നിയമിക്കപ്പെട്ട സമിതിയുടെ ശുപാർശകൾ ഇപ്രകാരമാണ്. വിവിധ വകുപ്പുകളിലായി പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്ന

തിനുള്ള നിർദ്ദേശം, സർക്കാർ നൽകിയിട്ടുള്ള ഉപാധിരഹിത സ്റ്റേ ഓർഡറുകൾ പിൻവലിക്കുക, കോടതി മുഖാന്തരമുള്ള സ്റ്റേ ഓർഡറുകൾ ബന്ധപ്പെട്ട വകുപ്പ് അഡ്വ. ജനറലുമായി കൂടിയാലോചിച്ച് സ്റ്റേ ഒഴിവാക്കി വേഗത്തിൽ കേസ്സുകൾ തീർപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളുക, ഭൂമിയുടെ ന്യായവില യുക്തമായ നിരക്കിൽ പുതുക്കി നിശ്ചയിക്കുക, പാർട്ടീഷൻ സെറ്റിൽമെന്റ് ഗിഫ്റ്റ് ആധാരങ്ങളുടെ രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് 19-7-2011-ന് മുമ്പുള്ള നിരക്കിന്റെ 50 ശതമാനമെങ്കിലും പുതുക്കി നിശ്ചയിക്കേണ്ടതും നിലവിലെ പരമാവധി നിരക്ക് എന്നുള്ളത് ഒഴിവാക്കേണ്ടതുമാണ്, ഭൂനികുതി ഇരട്ടിയായി വർദ്ധിപ്പിക്കുക, തോട്ടം നികുതി പുതുക്കി നിശ്ചയിക്കുക, അലോക്കേറ്റഡ് ഫ്ളോർ ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി ചുമത്തുക, പാട്ടക്കുടിശ്ശികയായി ലഭിക്കാനുള്ള തുക അടിയന്തരമായി പിരിച്ചെടുക്കുക, വനഭൂമിയുടെ പാട്ടവാടക വർദ്ധിപ്പിക്കുക, വനം വികസന നികുതി, കാട്ടിൽനിന്നും ശേഖരിക്കുന്ന മണലിന്റെ സിനിയറേജ് നിരക്ക്, തടിയുടെയും മറ്റ് വനോൽപന്നങ്ങളുടേയും സിനിയറേജ് നിരക്ക് എന്നിവ യുക്തിസഹമായ രീതിയിൽ വർദ്ധിപ്പിക്കുക, മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരമുള്ള നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പുനർരജിസ്ട്രേഷൻ നടത്തുമ്പോൾ 5 വർഷത്തേയ്ക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുക, വാട്ടർ ചാർജ് നിരക്കുകൾ വർദ്ധിപ്പിക്കുക, വാട്ടർ താരിഫ് നിർണ്ണയിക്കുക/നിയന്ത്രിക്കുക, ഗാർഹിക,കാർഷിക,വ്യാവസായിക ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂതല/ഭൂഗർഭ ജലത്തിന് ചാർജ്ജ് നിർണ്ണയിക്കുന്നതിനായി 13-ാം ധനകാര്യ കമ്മിഷൻ നിർദ്ദേശപ്രകാരമുള്ള ഒരു വാട്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുക, ഡാമുകളിലെ മണൽ നീക്കം ചെയ്ത് അവയുടെ വിൽപ്പനവഴി അധിക വരുമാനം നേടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ/സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവ സൃഷ്ടിക്കുന്നത് നടപ്പുസാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷവും പൂർണ്ണമായും നിരോധിക്കുക, സമാന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവ സംയോജിപ്പിക്കുക അധിക തസ്തികകൾ കണ്ടെത്തി പുനർവിന്യാസം നടത്തുക, ചെലവുകൾക്ക് പാദവാർഷിക

പരിധി നിശ്ചയിച്ച് നൽകുക തുടങ്ങിയവ.

(ബി) 10-9-2014-ലെ സ.ഉ.(പി) നമ്പർ 387/2014/ധന. ഉത്തരവ് പ്രകാരം ഡാമിൽനിന്ന് മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ഒരു ക്യാബിനറ്റ് ഉപസമിതിയെ നിയമിച്ചിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി) നമ്പർ. 399/2014/ധന നമ്പർ. ഉത്തരവ് പ്രകാരം റവന്യൂ കുടിശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 19-9-2014 ലെ തന്നെ സ.ഉ.(പി) നം.400/2014/ധന നമ്പർ. പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. 25-9-2014-ലെ സ.ഉ.(എംഎസ്.) നമ്പർ. 88/2014/ WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 10-11-2014-ലെ സ.ഉ. (പി) നമ്പർ. 482/2014/ ധനനമ്പർ. പ്രകാരം എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. കൂടാതെ ഭൂനികുതി, തോട്ടം നികുതി, ഭൂമിയുടെ ന്യായവില എന്നിവയും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിരക്കുകളിലും മറ്റും ഏർപ്പെടുത്തിയ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ജീവിത ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടില്ല.

**നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ**

**157 (497)** <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനെ തുടർന്ന്, തന്നാണ്ടിൽ കൂടുതൽ ; നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ബി) സർക്കാർ കണ്ടെത്തിയ നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ;

(സി) കണ്ടെത്തിയ നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഏതെല്ലാം നടപ്പിലാക്കുകയുണ്ടായി ; ഓരോ ഇനത്തിലൂടെയും തന്നാണ്ടിൽ

പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടി രൂപ വീതമാണ് ; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) അടുത്ത സാമ്പത്തിക വർഷം (2015-16) നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടി രൂപ വീതമാണ് ;

(ഇ) ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് നടപ്പാക്കിയവ ഏതൊക്കെ യായിരുന്നു; പുതുതായി നിയമനിർമ്മാണംനടത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നവ ഏതൊക്കെ ; എക്സിക്യൂട്ടീവ് ഉത്തരവുവഴി നടപ്പിലാക്കിയ വരുമാന വർദ്ധനയ്ക്കുള്ള നടപടികൾ എന്തൊക്കെയായിരുന്നു ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല.

നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസവകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കു ന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറ് മാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽനിന്ന് സമാഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) എല്ലാത്തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിനു പുറമേ പുതിയ നയത്തിന്റെ ഭാഗമായി

നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ അഞ്ച് ശതമാനം അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇതുവഴി 1130 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽനിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധികവരുമാനം ഇതിൽനിന്നും പ്രതീക്ഷിക്കുന്നു. സിഗററ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽനിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.

പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽനിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആഢംബര വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഢംബര നികുതി എന്നിവ വർദ്ധിപ്പിച്ചതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനംമുതൽ 50 ശതമാനംവരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

(ഡി) സാമ്പത്തിക വർഷം (2015-16) നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടില്ല.

(ഇ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, വൈൻ, സിഗററ്റ് എന്നിവയുടെ

വിൽപന നികുതി, ഭൂനികുതി, തോട്ടം നികുതി, ആഢംബര വാഹനങ്ങൾക്കുള്ള നികുതി എന്നിവ ഓർഡിനൻസ് വഴിയും ഭൂമിയുടെ ന്യായവില, പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തിയ ഉത്തരവ്, കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഢംബര നികുതി എന്നിവ എക്സിക്യൂട്ടീവ് ഉത്തരവു വഴിയും നടപ്പിലാക്കിയിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂസർ ഫീ, സർവ്വീസ് ചാർജ്ജ് എന്നിവയും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**മണ്ഡലം ആസ്തിവികസന പദ്ധതി**

**158 (498)**_ <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലംആസ്തി വികസന പദ്ധതിപ്രകാരം എം.എൽ.എ.മാർ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ ഫയലുകൾ യഥാസമയം തീർപ്പാക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

ഫയലുകൾക്കും തപാലുകൾക്കും ക്രമനമ്പർ ഉള്ളപ്പോൾ ക്രമവും സമയപരിധിയും തെറ്റിച്ച് ഫയലുകൾ അകാരണമായി താമസിപ്പിക്കുന്നതും, ഫയലിൻെറ പുരോഗതിയും എന്തെങ്കിലും കാരണത്താലുള്ള തടസ്സങ്ങളും ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കാൻ സംവിധാനമില്ലാത്തതും എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) മണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരമുള്ള ജോലി നിർദ്ദേശങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി ഉത്തരവുകൾ ഇറക്കാനും ജോലി പൂർത്തിയാക്കാനും എല്ലാ വകുപ്പുകൾക്കും അടിയന്തര നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) എം.എൽ.എ.മാരുടെ ആസ്തിവികസന പദ്ധതി പ്രകാരമുള്ള

പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ 73/2012/ധന. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അമിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകൾ യഥാക്രമം തീർപ്പാക്കാതിരിക്കുന്നതായോ അകാരണമായി വച്ചുതാമസി പ്പിക്കുന്നതായോ ശ്രദ്ധയിൽപ്പട്ടിട്ടില്ല. നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തി നിർദ്ദേശങ്ങൾ കാരണസഹിതം ബന്ധപ്പെട്ട എം.എൽ.എ.യെ അറിയിക്കാറുണ്ട്. ഇക്കാര്യത്തിൽ തുടർന്നും കൂടുതൽ ശ്രദ്ധ നൽകുന്നതാണ്.

(ബി) നിർദ്ദേശം നൽകുന്നതാണ്.

**വരുമാന നികുതി വകുപ്പ് അധികൃതർ കണ്ടെത്തിയ കള്ളപ്പണം**

**159 (499)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുനിന്ന് കണ്ടെത്തിയ കള്ളപ്പണം സംബന്ധിച്ച വരുമാന നികുതി വകുപ്പ് അധികൃതരുടെ കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പരിശോധനകളിലൂടെയും സർവ്വേകളിലൂടെയും വരുമാന നികുതി വകുപ്പ് അധികൃതർ കേരളത്തിൽ നിന്നും കണ്ടെത്തിയതായ നികുതി വെട്ടിപ്പുകളുടെയും കള്ളപ്പണത്തിൻെറയും സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) വരുമാന നികുതി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽവരുന്ന വിഷയമായതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

**ബാറുകൾ വഴിയുള്ള വരുമാനം**

**160 (500)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ മാസത്തിനുമുമ്പ് സംസ്ഥാനത്തുണ്ടായിരുന്ന മൊത്തം ബാറുകളുടെ എണ്ണമെത്ര ;

(ബി) നിലവിൽ ബാറുകൾവഴി വിൽക്കുന്ന മദ്യത്തിന് ഈടാക്കിവരുന്ന നികുതി നിരക്കുകൾ, സെസുകൾ, ലൈസൻസ് ഫീസുകൾ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ബാറുകൾ അടച്ചുപൂട്ടുകവഴി സംസ്ഥാന സർക്കാരിന്റെ വരുമാനത്തിലുണ്ടായ നഷ്ടം നിലവിൽ എത്ര കോടിയാണ് ;

(ഡി) സർക്കാരിന്റെ വരുമാനത്തിലുണ്ടായ നഷ്ടം സംസ്ഥാനത്തെ വ്യാജ മദ്യലോബിക്ക് നേട്ടമായിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 740 ബാറുകൾ പ്രവർത്തിച്ചിരുന്നു. ഇതിൽ ബഹു. സുപ്രീം കോടതിയുടെ 5-3-2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ 8 ബാർ ഹോട്ടലുകളുടെ ലൈസൻസ് റദ്ദ് ചെയ്തിരുന്നു.

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(സി) 2014-15 വർഷത്തിൽ 420 ബാർ ഹോട്ടലുകൾ അടച്ചുപൂട്ടിയതിലൂടെ 96 കോടി 60 ലക്ഷം രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

(ഡി) വ്യാജ മദ്യ വിൽപ്പന തടയുന്നതിന് സർക്കാർ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കരാർ കുടിശ്ശിക**

**161 (501)** <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കരാറുകാർക്ക് എത്ര കോടി രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാരണത്താൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കറാറുകാർ വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഭരണവകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 1343.47 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് കരാറുകാരുടെ കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ലഭിച്ച നികുതി വരുമാനം**

**162 (502)** <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൻെറ ആദ്യ പകുതിയിൽ സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരുമാനം മൊത്തം എത്ര കോടിയുടേതായിരുന്നു ; അത് മുൻവർഷത്തേക്കാൾ എത്ര ശതമാനം കൂടിയ നിലയിലായിരുന്നു ;

(ബി) ആദ്യ പകുതിയിൽ പ്രതീക്ഷിച്ച നികുതി വരുമാനത്തിൻെറ എത്ര ശതമാനം തുക ലഭിച്ചു ;

(സി) ഈ കാലയളവിൽ പ്രതീക്ഷിച്ച മറ്റ് വരുമാന സ്രോതസുകൾ ഏതെല്ലാമായിരുന്നു ; ഓരോ സ്രോതസ്സിൽ നിന്നും എത്ര കോടി വീതമായിരുന്നു പ്രതീക്ഷിച്ചിരുന്നത് ; മറ്റ് വരുമാന സ്ത്രോതസിൽ നിന്നും പ്രതീക്ഷിച്ചതിൻെറ എത്ര ശതമാനം തുക പിരിഞ്ഞുകിട്ടുകയുണ്ടായി ; ഓരോ സ്രോതസ്സിൽനിന്നും കിട്ടിയ തുക വെളിപ്പെടുത്താമോ ;

(ഡി) ഈ കാലയളവിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും കുറഞ്ഞുപോയ വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണ് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2014-15 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വിവിധ നികുതിയിനങ്ങളിലായി പ്രതീക്ഷിക്കുന്ന ആകെ നികുതി വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം, മറ്റ് വിശദവിവരങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കേന്ദ്ര നികുതി വിഹിതം, നികുതിയേതര വരുമാനം, കേന്ദ്ര ധനസഹായം, പലവക മൂലധന വരവുകൾ എന്നിവയാണ് മറ്റ് വരുമാന സ്രോതസ്സുകൾ. ഇവയിൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മറ്റ് വരുമാന സ്രോതസ്സുകൾ | ബജറ്റ് എസ്റ്റിമേറ്റ് (Crores) | 30-9-2014 വരെ ലഭിച്ച യഥാർത്ഥ വരുമാനം (Crs.) |
|---|---|---|

| | | |
|---|---|---|
| കേന്ദ്ര നികുതി വിഹിതം | 9365.36 | 3874.86 |
| നികുതിയേതര വരുമാനം | 6337.47 | 2652.72 |
| കേന്ദ്ര ധനസഹായം | 6672.02 | 2788.09 |
| പലവക മൂലധന വരവുകൾ | 25.03 | 5.91 |

(ഡി) 2014-15 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിലും കുറഞ്ഞുപോയ വരുമാന സ്രോതസ്സുകൾ ഇപ്പോൾ കണ്ടെത്താനാവില്ല.

**നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്**

**163 (503)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്ര ; വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ നാളിതുവരെയുള്ള പദ്ധതി ചെലവ് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു ;

(ഡി) നടപ്പുസാമ്പത്തിക വർഷം കേന്ദ്ര സഹായ പദ്ധതികൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; പ്രസ്തുത തുകയിൽ ഇതുവരെ എന്ത് തുക ചെലവായിയെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) 2014-15 സാമ്പത്തിക വർഷം വകുപ്പുകൾക്കായി അനുവദിച്ച പദ്ധതി വിഹിത, ആസൂത്രണ സാമ്പത്തികകാര്യവകുപ്പിന്റെ പദ്ധതി അവലോകന പത്രിക അനുസരിച്ച് ഒക്ടോബർ മാസംവരെ സംസ്ഥാന പദ്ധതി, കേന്ദ്ര സഹായ പദ്ധതികൾ എന്നിവയിലുണ്ടായ ചെലവുകൾ, ഇവയുടെ ശതമാനം എന്നിവ-യടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**ഏറനാട് മണ്ഡലത്തിലെ എ.ഡി.എസ്.**

**164 (504)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.എസ്. നിലവിൽ വന്നതിനുശേഷം ധനകാര്യവകുപ്പ് എത്ര പദ്ധതികൾക്കാണ് ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത് ; വർഷം ; തുക ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇനിയും ഭരണാനുമതിയ്ക്കായി എത്ര പ്രവൃത്തികൾ വകുപ്പിൻെറ പരിഗണനയിലുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) LAC-ADS നിലവിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ 753 ലക്ഷം രൂപ അടങ്കൽ വരുന്ന 18 പ്രവൃത്തികൾക്ക് ധനവകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയം നിർമ്മാണം (50 ലക്ഷം രൂപ), സ്കൂൾ ബസ്സ് വാങ്ങുന്നത് (75 ലക്ഷം രൂപ) സംബന്ധിച്ച വിഷയങ്ങളാണ് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലുള്ളത്.

**നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ**

**165 (505)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച എത്ര പുതിയ പദ്ധതികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി നൽകാൻ അവശേഷിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച എത്ര പദ്ധതികളാണ് ഇപ്പോഴും നടപ്പിലാക്കുന്നതിനായി പരിഗണനയിലിരിക്കുന്നതെന്നും ; ഭരണാനുമതി നൽകാൻ ബാക്കി നില്പുള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) എത്ര ഭരണാനുമതികൾ പുനഃപരിശോധിച്ചതിന് ശേഷം റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട് ;

(ഇ) തന്നാണ്ടിൽ തൽകിയ ഭരണാനുമതിപ്രകാരമുള്ള പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ ; അവശേഷിക്കുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**നികുതി പിരിവിലുണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിന് നടപടി**

**166 (506)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ച തുക എത്രയെന്നും പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം എത്ര തുക നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ തീരുമാനിച്ചു ; ആയതിൽ 2014 ഒക്ടോബർ 31 വരെ എത്ര തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞു ; വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം നികുതി പിരിവിൽവന്ന ചോർച്ചയും ചെക്ക്പോസ്റ്റുകളിൽ വ്യാപിച്ചുവരുന്ന അഴിമതിയും മൂലം നികുതി പിരിവിൽ സ്തംഭനം വന്നിട്ടുള്ളതു പരിഹരിക്കാൻ അടിയന്തരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ഇതിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരുടെ വീഴ്ചകൾ സർക്കാർ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ; അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ഇ) നടപ്പുസാമ്പത്തിക വർഷം നികുതി പിരിവിലെ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ കണ്ടെത്തലുകൾവഴി സർക്കാരിന് എത്ര തുക നാളിതുവരെ ഫൈൻ ഇനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ& ബി) 2011-12 മുതൽ 2014-15 (2014 സെപ്റ്റംബർ വരെ) വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ്

പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും പ്രതീക്ഷിച്ച വരുമാനം, ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (Crores) | പുതുക്കിയ എസ്റ്റിമേറ്റ് (Crores) | അക്കൗണ്ട്സ് (യഥാർത്ഥ വരുമാനം) (Crores) |
|---|---|---|---|
| 2011-12 | 26641.53 | 26446.28 | 25718.6 |
| 2012-13 | 32122.21 | 31702.44 | 30076.61 |
| 2013-14 | 38771.1 | 35542.96 | 31995.02 |
| 2014-15 | 42467.49 | - | 16948.13 (2014 സെപ്തംബർ വരെ) |

(സി) നികുതി പിരിവിൽ സ്തംഭനം വന്നിട്ടില്ല. ചെക്ക്പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്കു വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. Economic Intelligence Wing പുറം ഏജൻസികളിൽനിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുകളുമായി ഒത്തുനോക്കി നികുതി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽസാധ്യതയുള്ള ചരക്കുകളിൽമുൻകൂർനികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽപുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. അവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.*

(ഇ) നടപ്പുസാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലെ അപാകതകൾ

വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും ചൂണ്ടി ക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയംനടത്തി നികുതി പിരിച്ചെടു ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾക്കനുസൃതമായി സർക്കാരിന് 21.54 ലക്ഷം രൂപ നാളിതുവരെ സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

**വാണിജ്യ നികുതി വകുപ്പിന്റെ ആംനസ്റ്റി പദ്ധതി**

**167 (507)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി നടപ്പാക്കിയത് എപ്പോൾ മുതലാണ് ;

(ബി) ആംനസ്റ്റി പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഏതു കാലാവധി വരെയാണ് പദ്ധതി നടപ്പിലാക്കിയത് ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ ഇളവുകളാണ് വ്യാപാരികൾക്കു നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ കുടിശ്ശിക പിരിച്ചെടുത്തുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരം 2004-05 സാമ്പത്തിക വർഷംവരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുവേണ്ടി 2013-ൽ ഒരു പുതിയ ആംനസ്റ്റി പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതിന്റെ കാലാവധി 31-12-2013 വരെയായിരുന്നു. എന്നാൽ മൂല്യവർദ്ധിത നികുതി വരുന്നതിനുമുമ്പുള്ള കുടിശ്ശികകൾ തീർക്കുന്നതിനുള്ള പദ്ധതിയായതിനാലും വിവിധ മേഖലകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ചും ഈ പദ്ധതിയുടെ കാലാവധി ഓഗസ്റ്റ് 31, 2014 വരെ ദീർഘിപ്പിച്ചു. ഈ തീയതിക്കുള്ളിൽ ഓപ്ഷൻ നൽകിയവർക്ക് കുടിശ്ശിക ഒടുക്കേണ്ട അവസാന തീയതി 31-12-2014 ആണ്.

ഇതുകൂടാതെ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി 2008-ൽ

പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആംനസ്റ്റി പദ്ധതി, അതേ വ്യവസ്ഥകൾക്ക് വിധേയമായി കേരള ധനകാര്യ നിയമം 2014 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ജൂലൈ 31, 2014 വരെ യായിരുന്നു. കുടിശ്ശിക അടച്ച് തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 ആണ്. കാർഷികാദായ നികുതിക്കും 2008-ൽ നിലവിലുണ്ടായിരുന്ന കാർഷികാദായ നികുതി ആംനസ്റ്റി വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിനും കേരള ധനകാര്യനിയമം 2014 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് 31, 2014 വരെയും കുടിശ്ശിക അടച്ചുതീർക്കാനുള്ള തീയതി ഡിസംബർ 31, 2014 വരെയും ആണ്.

(ബി) കേരള മൂല്യവർദ്ധിത നികുതി നിലവിൽ വരുന്നതിനുമുമ്പുള്ള അതായത് 2004-05 സാമ്പത്തികവർഷംവരെയുള്ള കെ.ജി.എസ്.ടി. നിയമപ്രകാരം പിരിച്ചെടുക്കാൻ കഴിയാത്ത നികുതി കുടിശ്ശികകൾ ചില ആകർഷകമായ ആനുകൂല്യങ്ങൾ നൽകി പരമാവധി പിരിച്ചെടുക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) കെ.ജി.എസ്.ടി. നിയമത്തിൻകീഴിലുള്ള 31-3-2005 വരെയുള്ള കുടിശ്ശിക ഒടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(ഡി) ഈ പദ്ധതി പ്രകാരം പൊതുവില്പന നികുതി നിയമത്തിലെ 23B വകുപ്പ് പ്രകാരം കുടിശ്ശികക്കാരന് താഴപ്പറയുന്ന ഇളവുകളാണ് ലഭ്യമാകുന്നത് ;

- 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.

- 1991-92 മുതൽ 1995-96 കാലത്തേയ്ക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.

- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.

• 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

• നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് കേരള പൊതു വില്പന നികുതി നിയമത്തിലെ 23 BA വകുപ്പുപ്രകാരം പലിശയും പിഴയും പൂർണ്ണമായും ഒഴിവാകുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം മാത്രം ഒടുക്കിയാൽ മതിയാകും.

കാർഷികാദായ നികുതി കുടിശ്ശികയുള്ളവർക്ക് കേരള കാർഷികാദായ നികുതി നിയമത്തിലെ 37 സി വകുപ്പുപ്രകാരം താഴപ്പറയുന്ന ആനുകൂല്യങ്ങളാണ് ലഭ്യമാകുക.

• 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.

• 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.

• 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേയ്ക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.

• 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

ഈ ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ബഡ്ജറ്റ് വരുമാനം**

**168 (508)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കും പരിപാടികൾക്കും പുറമേ ഏതെങ്കിലും വകുപ്പിൽ പുതുതായി എന്തെങ്കിലും പദ്ധതിയോ, പരിപാടിയോ നടപ്പിലാക്കാൻ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്നും അതുവഴി ഉണ്ടാകുന്ന അധിക ചെലവിന് പ്രതീക്ഷിക്കുന്നത് എത്ര കോടിയാണെന്നും വെളിപ്പെടുത്താമോ ;

(ബി) 2014-15-ലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിൽ പിന്നീട് സർക്കാർ എടുത്ത നയപരമായ തീരുമാനങ്ങളുടെ ഭാഗമായി ഉണ്ടാകാവുന്ന വരുമാനത്തിലെ കുറവ് എത്ര കോടിയായിരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രഖ്യാപിത ബഡ്ജറ്റിന് പുറത്തുള്ള അധിക ചെലവും, വരുമാനത്തിലെ കുറവും ഏതെല്ലാം നിലയിൽ പരിഹരിക്കാനുദ്ദേശിക്കുന്നു ; പ്ലാൻ കട്ട് എത്ര ശതമാനമായിരിക്കുമെന്നും പ്രഖ്യാപിത പദ്ധതികൾ ഏതെല്ലാം ഒഴിവാക്കപ്പെടുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സർക്കാർ കൈക്കൊണ്ട നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ വരുമാനത്തിൽ സാരമായ കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

(സി) പ്രഖ്യാപിത ബഡ്ജറ്റിനുള്ളിൽ മുൻഗണനാക്രമത്തിൽ ചെലവുകൾ പുനഃക്രമീകരിച്ചും വിഭാവനം ചെയ്തിട്ടുള്ള അധിക വിഭവ സമാഹരണ നടപടികൾ

ഊർജ്ജിതപ്പെടുത്തിയുമാണ് പദ്ധതി നിർവ്വഹണം ഉദ്ദേശിക്കുന്നത്. പദ്ധതി ചെലവിൽ കുറവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള കേന്ദ്ര പദ്ധതികൾ**

**169 (509)**ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഓഫ് ഇന്ത്യ 2014-15-ലെ സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള നിർദ്ദേശത്തോടെ ഏതെല്ലാം പദ്ധതികളുടെ എന്തുതുക വീതം സംസ്ഥാനത്തിന് റിലീസ് ചെയ്ത് തന്നിട്ടുണ്ട്, കേന്ദ്ര പദ്ധതിയും തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം ലഭിച്ച മൊത്തം തുകയിൽ സംസ്ഥാന ഗവൺമെന്റ് ഇതിനകം ചെലവഴിച്ച തുക എത്ര, അവശേഷിച്ച തുക എത്ര ;

(സി) സംസ്ഥാനത്തിന് റിലീസ് ചെയ്ത തന്നിട്ടുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാന ബജറ്റിലൂടെ അതേ ഉദ്ദേശ്യത്തിന് തന്നാണ്ടിൽതന്നെ പണം ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് ലാപ്സാകുമോ ;

(ഇ) കേന്ദ്രം നൽകിയ പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം വക മാറ്റി ചെലവഴിക്കുകയുണ്ടായിട്ടുണ്ടോ, വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ് മാസം വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി റിലീസ് ചെയ്ത തുകയുടെ വിശദാംശം അനുബന്ധം 'എ'യിൽ ചേർക്കുന്നു.*

(ബി) താൽക്കാലിക കണക്ക് പ്രകാരം (27-11-2014 വരെ) 739.87 കോടി രൂപ ചെലവഴിച്ചിട്ടുള്ളതും, 1993.66 കോടി രൂപ അവശേഷിക്കുന്നതുമാകുന്നു.

(സി) സംസ്ഥാനത്തിന് റിലീസ് ചെയ്തുതന്നിട്ടുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച

വിശദാംശം അനുബന്ധം 'ബി'യിൽ ചേർക്കുന്നു.*

(ഡി&ഇ) ഇല്ല

**കേന്ദ്ര സഹായം**

**170 (510)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽനിന്നും നികുതികളുടെ വിഹിതം, ഗ്രാന്റ്സ് ഇൻ എയ്ഡ്, തുടങ്ങി ഏതെല്ലാം ഇനങ്ങളിലാണ് സാമ്പത്തിക സഹായം ലഭിക്കാൻ അർഹതയുള്ളത് ; അവ ഓരോന്നും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഇക്കഴിഞ്ഞ 5 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ഇനത്തിൽ എന്തുതുക വീതം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകിയിട്ടുണ്ട് ; ഇനം തിരിച്ച് വിശദമാക്കാമോ ; തന്നാണ്ടിൽ ഇതിനകം ലഭിച്ച തുക ഏതെല്ലാം ഇനത്തിൽ എത്ര വീതം ;

(സി) കേന്ദ്രം പിരിച്ചെടുക്കുന്ന ഏതെങ്കിലും നികുതിയുടെ വിഹിതം സംസ്ഥാനത്തിനു നൽകാതിരിക്കുന്നതായി അറിയാമോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളുടെ ശ്രോതസ്സുകൾ ചുവടെ ചേർക്കുന്നു :

1. ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതി വരുമാനത്തിൽ നിന്നും ലഭിക്കുന്ന വിഹിതം പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാവുന്ന നികുതി വരുമാനത്തിന്റെ 2.341 ശതമാനം സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാന വിഹിതമായി 8972.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. നോൺ പ്ലാൻ ഗ്രാന്റുകൾ - ഈയിനത്തിൽ 2014-15 സാമ്പത്തിക വർഷം 1261.07 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3. സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം - ഈ വർഷം ഈ ഇനത്തിൽ 2730.42 കോടി രൂപ ലഭിക്കുമെന്ന് കണക്കാക്കുന്നു.

4. കേന്ദ്ര പ്ലാൻ പദ്ധതികൾക്കുള്ള ഗ്രാന്റുകൾ - 2014-15 വർഷം ഈ ഇനത്തിൽ 68.66 കോടി രൂപ പ്രതീക്ഷിക്കുന്നു.

5. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം - 2611.87 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതമായി ഈ വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇവയിൽ ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റുകളും ഉൾപ്പെടുന്നു.

(ബി) കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലും (2009-10 മുതൽ 2013-14 വരെ) നടപ്പുവർഷം (2014-15) ഇതുവരെയും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുകകളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധമായി നൽകിയിട്ടുണ്ട്.*

(സി) ഭരണഘടനാ പ്രകാരം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട കേന്ദ്ര നികുതികളുടെ വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.

**വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പാക്കേജുകൾ**

**171 (511)** <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എന്തെല്ലാം പാക്കേജുകൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഫലമായി വരുമാനത്തിൽ വർദ്ധന ഉണ്ടായോ ; വിശദവിവരം ലഭ്യമാക്കാമോ ;

(സി) ഭൂനികുതി, ഭൂരജിസ്ട്രേഷൻ എന്നിവയിൽനിന്നും എന്ത് തുകയാണ് വരവിനത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത് ; 2014 ഒക്ടോബർ 31 വരെ എന്ത് തുക പിരിച്ചു ; വിശദ വിവരം ലഭ്യമാക്കാമോ ;

(ഡി) 2014 ഏപ്രിൽ 1 മുതൽ 2014 ഒക്ടോബർ 31 വരെ എന്ത് തുകയാണ് കേന്ദ്രസഹായമായി ലഭിച്ചത് ; എന്ത് തുകയാണ് ലഭിക്കേണ്ടിയിരുന്നത് ; കുറവ് വന്നുവെങ്കിൽ എത്ര ; വിശദവിവരം ലഭ്യമാക്കാമോ ;

(ഇ) 2014 ഏപ്രിൽ 1 മുതൽ നാളിതുവരെ സംസ്ഥാനം ഏതെല്ലാം ഏജൻസികളിൽനിന്നും വായ്പ എടുത്തു ; വിശദാംശം നൽകാമോ ;

(എഫ്) 2014 ഏപ്രിൽ ഒന്നു മുതൽ ധനകാര്യ വകുപ്പിൽനിന്നും എത്ര കുടിശ്ശികത്തുക അടയ്ക്കുന്നതിൽനിന്ന് സ്റ്റേ നൽകി ; സർക്കാരിലേയ്ക്ക് വരേണ്ട നികുതി ഇനത്തിലും മറ്റും എന്തുതുകയ്ക്ക് സ്റ്റേ നൽകി ; വിശദാംശം നൽകാമോ ;

(ജി) 1-4-2014 മുതൽ 31-10-2014 വരെ വിവിധ ഹെഡ്ഡുകളിലായി എത്ര തുക ചെലവഴിച്ചു ; വിശദാംശം നൽകാമോ ; ശമ്പളം, പെൻഷൻ, ലോൺ തിരിച്ചടവ്, കടം തിരിച്ചടവ്, വികസന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഹെഡ് ഓഫ് അക്കൗണ്ട് തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽനിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു

കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഫലമായി ഉണ്ടായിട്ടുള്ള വരുമാനത്തിലെ വർദ്ധനവ് വിലയിരുത്താറായിട്ടില്ല.

(സി) ഭൂനികുതി, ഭൂരജിസ്ട്രേഷൻ എന്നീയിനങ്ങളിൽനിന്നും യഥാക്രമം 169.57 കോടി രൂപയും 3733.67 കോടി രൂപയുമാണ് 2014-15 ബജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്. അക്കൗണ്ടന്റ്ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ 30 വരെ ഈ ഇനങ്ങളിൽ യഥാക്രമം 89.78 കോടി രൂപയും 1227.69 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ 30 വരെ കേന്ദ്രസഹായമായി 2788.09 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2014-15 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ 6672.02 കോടി രൂപയാണ് കേന്ദ്രസഹായമായി ലഭിക്കേണ്ടത്. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കുറവ് വന്നിട്ടുണ്ടോ എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഇ)

| ഏജൻസി | തുക (കോടിയിൽ) |
|---|---|
| പൊതുവിപണി | 9400 |
| ലോക ബാങ്ക് | 354.83 |
| JICA | 83.34 |
| ADB | 41.23 |
| നബാർഡ് | 234.35 |
| NSSF | 31.85 |
| ആകെ | 10145.60 |

(എഫ്) ധനകാര്യ വകുപ്പിൽനിന്നും നികുതി കുടിശ്ശികയിനത്തിൽ സ്റ്റേ ഒന്നും അനുവദിച്ചിട്ടില്ല.

(ജി) അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ 30 വരെ വിവിധ ഹെഡുകളിലായി ചെലവഴിച്ച് തുക ഇപ്രകാരമാണ്.

| | |
|---|---|
| റവന്യൂ ശീർഷകങ്ങൾ | - 33040.76 കോടി രൂപ |
| മൂലധന ശീർഷകങ്ങൾ | - 1577.25 " |
| പൊതുകടം | - 2655.91 " |
| വായ്പകളും മുൻകൂറുകളും | - 194.70 " |

സർക്കാർ ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകിയ ഇനത്തിൽ വിവിധ റവന്യൂ മൂലധന ശീർഷകങ്ങളുടെ കീഴിലെ '01 ശമ്പളം' എന്ന ഡീറ്റൈൽഡ് ഹെഡിൽ ആകെ 11277.48 കോടി രൂപ ചെലവായിട്ടുണ്ട്.

പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയ ഇനത്തിൽ 5913.56 കോടി രൂപ ചെലവായിട്ടുണ്ട്.

ലോൺ, കടം എന്നിവയുടെ തിരിച്ചടവിനായുള്ള '6003', '6004' എന്നീ ശീർഷകങ്ങളിലായി ആകെ 2655.91 കോടി രൂപ ചെലവായിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾക്കായി റവന്യൂ ശീർഷകങ്ങളിൽ 18308.92 കോടി രൂപയും മൂലധന ശീർഷകങ്ങളിൽ 1577.25 കോടി രൂപയും ചെലവായിട്ടുണ്ട്.

## അടിസ്ഥാന സൗകര്യവികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി വകയിരുത്തപ്പെട്ട തുകയുടെ വിവരം

**172 (512)** <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയാണ് ; അതിൽ നിന്നും ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികൾ എല്ലാം പൂർത്തീകരിക്കുന്നതിന് ഇനിയും ആവശ്യമായിട്ടുള്ളതായി കണക്കാക്കപ്പെട്ട മൊത്തം തുക എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം 1225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും നടപ്പുസാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 215.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി)

| ക്രമനമ്പർ | പദ്ധതി | മൊത്തം ചെലവ് (തുക കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | സബർബൽ റയിൽവേ സർവ്വീസ് | 3330.78 |
| 2 | കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ | 53825.00 |
| 3 | പെട്രോളിയവും കെമിക്കൽസും പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് മേഖലയും | 9000 |
| 4. | വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ | 2870.00 |
| 5. | കൊച്ചി മെട്രോ | 3870.07 |
| 6. | തിരുവനന്തപുരം മോണോ റെയിൽ | 3590.00 |
| 7. | കോഴിക്കോട് മോണോ റെയിൽ | 1991.00 |
| 8. | കണ്ണൂർ വിമാനത്താവളം | 1892.00 |
| 9. | മൊബിലിറ്റി ഹബ്ബ് | 433.34 |
| 10. | 35-ാം ദേശീയ ഗെയിംസ് | 325.14 |

| | | |
|---|---|---|
| 11. | തലസ്ഥാന നഗര വികസന പദ്ധതി | 1000.00 |

**ബാറുകളിലെ നികുതി കണക്കാക്കുന്ന കോമ്പൗണ്ടിംഗ് സമ്പ്രദായം**

**173 (513)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) 2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശം അനുസരിച്ച് ട്ടു സ്റ്റാറും അതിന് താഴെയുമുള്ള ബാറുകളിലെ നിലവിലെ നികുതി കണക്കാക്കുന്ന കോമ്പൗണ്ടിംഗ് സമ്പ്രദായത്തിനു മാറ്റം വരുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, ഇതുവഴി പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടിയാണ് ;

(ബി) മാറ്റം വരുത്തുന്നതിന് മുമ്പുള്ള കോമ്പൗണ്ടിംഗ് സമ്പ്രദായമനുസരിച്ച് 2013-14 വർഷം ലഭിച്ച മൊത്തം വരുമാനം എത്ര കോടിയായിരുന്നു ;

(സി) 2014-15 വർഷത്തിന്റെ ആദ്യപകുതിയിൽ ലഭിച്ച വരുമാനം എത്രയാണ് ;

(ഡി) നിയമത്തിന് ഭേദഗതി വരുത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 ബഡ്ജറ്റ് പ്രസംഗത്തിന്റെ 353-ാം ഖണ്ഡികയിൽ പ്രതിപാദിച്ച കാര്യങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി കേരള ധനകാര്യ നിയമം 2014 പ്രകാരം കേരള പൊതുവില്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഇരട്ട നക്ഷത്ര പദവിയുള്ള ബാർ ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് നികുതി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റുപ്രദേശങ്ങൾ എന്ന തരം തിരിവില്ലാതെ ബിവറേജസ് കോർപ്പറേഷനിൽനിന്നും വാങ്ങുന്ന വിലയുടെ അടിസ്ഥാനത്തിൽമാത്രം നിജപ്പെടുത്തിക്കൊണ്ട് 160 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത് കോമ്പൗണ്ടിംഗ് നികുതിയുടെ ഒരു പുനഃക്രമീകരണം മാത്രമാകയാൽ അധിക വരുമാനം പ്രതീക്ഷിക്കുന്നില്ല.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്

(ഡി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

### നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

**174 (514)** ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണത്തിന് 2014 വർഷ ബഡ്ജറ്റ് പ്രസംഗത്തിന്റെ പരിസമാപ്തിയിൽ ബഹു.ധനകാര്യമന്ത്രി 5 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു എങ്കിലും കഴിഞ്ഞ സമ്മേളനത്തിലെ സപ്ളിമെന്ററി ഡിമാന്റിലോ തുടർന്നോ ഇതിനാവശ്യമായ തുക അനുവദിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ പ്രവൃത്തിക്ക് എ.എസ്. നൽകാൻ കഴിയാതെ വന്നതിനാൽ ഈ തുക എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്റ്റേഡിയം നിർമ്മാണത്തിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചശേഷം ഭരണ വകുപ്പ് ശുപാർശ സമർപ്പിക്കുന്ന ഘട്ടത്തിൽ തുക അനുവദിക്കുന്നതാണ്.

### പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിക്കുന്ന തുക

**175 (515)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ എത്ര ശതമാനം ഈ മേഖലയിലെ പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായി ചെലവാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; 2013-14 വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള മൊത്തം അധ്യാപക അധ്യാപകേതര ജീവനക്കാർ എത്രയെന്നും അതിൽ പ്രൈവറ്റ് എയ്ഡഡ് മേഖലയിലുള്ളവർ എത്ര വീതമാണെന്നും ; അവയിൽ പ്രൊട്ടക്റ്റഡ് ആയി സർക്കാർ

പരിഗണിച്ചുവെന്നത് എത്രയെന്നും അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫ് എത്രയെന്നും അവരുടെ ശമ്പള ചെലവ് എത്രയെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ 62.09 ശതമാനം പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായാണ് ചെലവാക്കുന്നത്.

കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ :

| | | |
|---|---|---|
| എയ്ഡഡ് പ്രൈമറി സ്കൂൾ | - | 2511.92 കോടി രൂപ |
| എയ്ഡഡ് സെക്കൻററി സ്കൂൾ | - | 1625.20 കോടി രൂപ |
| എയ്ഡഡ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ | - | 10.76 കോടി രൂപ |
| എയ്ഡഡ് ഹയർ സെക്കൻററി സ്കൂൾ | - | 687.33 കോടി രൂപ |
| എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ | - | 110.11 കോടി രൂപ |
| ഗവൺമെന്റ് ഇതര സ്പെഷ്യൽ സ്കൂളുകൾ | - | 28.95 കോടി രൂപ |
| ഗവൺമെന്റ് ഇതര കോളേജുകൾ | - | 986.29 കോടി രൂപ |
| പ്രൈവറ്റ് എൻജിനീയറിംഗ് കോളേജുകൾ | - | 62.93 കോടി രൂപ |
| പ്രൈവറ്റ് പോളിടെക്നിക്കുകൾ | - | 21.39 കോടി രൂപ |

(ബി) വിവിധ വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള അധ്യാപക അധ്യാപകേതര ജീവനക്കാരുടെ എണ്ണം 2,36,139 (രണ്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി നൂറ്റി മുപ്പത്തിയൊൻപത്) ആണ്. ഇതിൽ പ്രൈവറ്റ് എയ്ഡഡ് മേഖലയിലുള്ളവരുടെ എണ്ണം 1,37,970 (ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി തൊള്ളായിരത്തി എഴുപത്) ആണ്. ഇവരിൽ 2939 അദ്ധ്യാപകരെ പ്രൊട്ടക്റ്റഡ് ആയി കണക്കാക്കുന്നു. അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫിന്റെ

എണ്ണം 31906-ഉം ഇവരുടെ ശമ്പള ചെലവ് പ്രതിവർഷം 947.41 കോടി രൂപ രൂപയുമാണ്.

### പെട്രോൾ, ഡീസൽ, വില്പനയിലെ നികുതി വർദ്ധനവ്

**176 (516)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ വിൽപ്പനയിലെ നികുതി വർദ്ധനവിലൂടെ ഇതിനകം എത്ര കോടി രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര തവണ ഈ വർദ്ധനവ് വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ഇതിനകം പെട്രോൾ, ഡീസൽ വിൽപ്പന നികുതി വർദ്ധനവിലൂടെ 7.74 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ പെട്രോളിന് 3 തവണയും ഡീസലിന് 2 തവണയും നികുതി വർദ്ധിപ്പിച്ചു.

### പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില്പന നികുതി

**177 (517)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം, എന്നിവയുടെ വില്പന നികുതി എത്ര ശതമാനമായിരുന്നു, നിലവിലുള്ളത് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വില്പന നികുതി ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്ര കോടി രൂപയായിരുന്നുവെന്ന്

വ്യക്തമാക്കുമോ ;

(സി) 2013-14 സാമ്പത്തിക വർഷം മേൽപ്പറഞ്ഞവയുടെ വില്പന നികുതി ഇനത്തിൽ ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയാണ്, നടപ്പ് സാമ്പത്തികവർഷം നാളിതുവരെ ലഭിച്ച വരുമാനം എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ ഏറ്റവും ഒടുവിൽ എത്ര ശതമാനം വീതം വില്പന നികുതി വർദ്ധിപ്പിച്ചു ; ഇതുവഴി പ്രതിവർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ് ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുള്ള നിരക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| പെട്രോൾ 29.01% | വില്പന നികുതി | |
| ഡീസൽ 24.69% | | |
| മണ്ണെണ്ണ (പി.ഡി.എസ്.) | : 4% | മൂല്യ വർദ്ധിത നികുതി |
| പാചക വാതകം (ഗാർഹിക ഉപഭോഗം) | : 4% | |

ഇപ്പോൾ ഇവയുടെ നികുതി നിരക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന വിധമാണ്.

| | | |
|---|---|---|
| പെട്രോൾ 28.72% | വില്പന നികുതി | |
| ഡീസൽ 22.07% | | |
| മണ്ണെണ്ണ (പി.ഡി.എസ്.) | : 5% | മൂല്യ വർദ്ധിത നികുതി |
| പാചക വാതകം (ഗാർഹിക ഉപഭോഗം) | : 5% | |

(ബി) 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വിൽപ്പന നികുതി ഇനത്തിൽ സർക്കാരിന് 3331.89 കോടി രൂപ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷം മേൽപ്പറഞ്ഞവയുടെ വില്പന നികുതി ഇനത്തിൽ 4437.58 കോടി രൂപ വരുമാനമുണ്ടായി. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ (28-11-2014 വരെ) 2907.58 കോടി രൂപ വരുമാനം ലഭിച്ചു.

(ഡി) ഏറ്റവും ഒടുവിൽ പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ എണ്ണ കമ്പനികൾ മാറ്റം വരുത്തിയത് 2014 നവംബർ ഒന്നിനാണ്. അന്ന് പെട്രോളിന്റെ വില 2.41 രൂപയും ഡീസലിന്റേത് 2.25 രൂപയുമാണ് കുറച്ചത്. അടിസ്ഥാന വിലയിൽ കുറവ് ഉണ്ടായപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്കിൽ പുന:ക്രമീകരണം നടത്തിയിട്ടുണ്ട്. ഇത് പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 27.42 ശതമാനത്തിൽനിന്നും 28.72 ശതമാനമായും ഡീസലിന്റേത് 21.04 ശതമാനത്തിൽനിന്നും 22.07 ശതമാനമായും പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുവഴി പെട്രോളിൽനിന്നും പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിൽ നിന്നും പ്രതിമാസം 8.36 കോടി രൂപയുടെയും വരുമാനം സംരക്ഷിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് അധിക നികുതി വരുമാനമല്ല. മുമ്പ് കിട്ടിക്കൊണ്ടിരുന്ന നികുതി നിലനിർത്താനുള്ള നടപടിയാണ്.

### പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ പദ്ധതി അടങ്കൽ തുക

**178 (518)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ വാർഷിക പദ്ധതി അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) 2014 ഒക്ടോബർ 31 വരെ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതിതുക എത്രയാണെന്നും അതിൽ അനുവദിച്ച തുക എത്രയാണെന്നും ഇതേവരെ ചെലവഴിച്ച തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വാർഷിക പദ്ധതി അടങ്കൽ തുക 20000 കോടി രൂപയാണ്.

(ബി) 2014 ഒക്ടോബർ 31 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 5424.22 കോടി രൂപ (27%) ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| പട്ടികജാതി | 1004.45 | 215.91 |
| പട്ടികവർഗ്ഗം | 473.29 | 77.91 |

**മെഡിക്കൽ സെസ് ഇനത്തിലെ തുക**

**179 (519)** ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനായി ഏർപ്പെടുത്തിയ മദ്യ സെസ്സ് ഇനത്തിൽ നാളിതുവരെ ലഭിച്ച മൊത്തം തുക എത്ര ;

(ബി) ബിവറേജസ് കോർപ്പറേഷൻ മെഡിക്കൽ സെസ് ഇനത്തിൽ പിരിച്ചെടുത്ത് സർക്കാർ ഖജനാവിലേക്ക് ഒടുക്കിയ തുകയിൽനിന്നും നാളിതുവരെ പ്രസ്തുത ആവശ്യത്തിലേക്ക് ചെലവഴിച്ച തുക എത്രയെന്നറിയിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ സെസ്സ് ഇനത്തിൽ നാളിതുവരെ 98.25 കോടി രൂപ

ശേഖരിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30 കോടി രൂപ മെഡിക്കൽ സെസ്സ് ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

## സ്റ്റാമ്പ് ഡ്യൂട്ടി

**180 (520)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12-ലെ ബഡ്ജറ്റിലൂടെ ദാനാധാരങ്ങൾ, ധനനിശ്ചയാ ധാരങ്ങൾ, ഭാഗഉടമ്പടികൾ എന്നിവയിന്മേൽ ഉണ്ടായിരുന്ന സ്റ്റാമ്പ് ആയിരം രൂപയായി കുറവ് ചെയ്യാനുണ്ടായ സാഹചര്യം എന്തായിരുന്നു ;

(ബി) ഇതിന് വിരുദ്ധമായി 2014-ലെ 24-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സ്റ്റാമ്പ്ഡ്യൂട്ടി പുനഃസ്ഥാപിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതും പിന്നീട് പുനഃസ്ഥാപിച്ചതും എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ ; ഓർഡിനൻസ് വഴി ഇപ്പോൾ പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടിയാണ് ;

(ഡി) 2011-ൽ സ്റ്റാമ്പ് ഡ്യൂട്ടികുറച്ചത് വഴി നാളിതുവരെ എത്ര കോടി രൂപ വരുമാനത്തിൽ കുറവ് വരുകയുണ്ടായി ?

### ഉത്തരം

(എ) 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള ആധാരച്ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് വരുത്തിയത്.

(ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് പ്രത്യേക ഇളവുകൾ നൽകിയതിനുശേഷം റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായതായി കണക്കാക്കിയിരുന്നു. സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചത്.

(സി) വകുപ്പുതലത്തിൽ റവന്യൂ കളക്ഷൻ സംബന്ധിച്ച താരതമ്യ പഠനം നടത്തിയശേഷമാണ് സ്റ്റാമ്പ്ഡ്യൂട്ടി പുനഃസ്ഥാപിച്ചത്. ഓർഡിനൻസ് മുഖേന 232 കോടി രൂപ വാർഷിക അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(ഡി) 2011-ൽ മുദ്രവില കുറവുവരുത്തിയ ദാനാധാരങ്ങൾ, ധനനിശ്ചയ ആധാരങ്ങൾ, ഭാഗഉടമ്പടികൾ, ഒഴിമുറി എന്നീ ഇനങ്ങളിൽ വരുമാനത്തിലുള്ള കുറവ് സംബന്ധിച്ച കണക്ക് പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. വിവിധ കാരണങ്ങളാൽ 2011 മുതൽ 2014 വരെയുള്ള ഓരോ സാമ്പത്തിക വർഷവും വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വരുമാനം (കോടി രൂപയിൽ) | മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ചുള്ള വ്യത്യാസം |
|---|---|---|
| 2011-12 | 2773.06 | 443.84 കോടി രൂപ കൂടുതൽ |
| 2012-13 | 2747.58 | 25.48 കോടി രൂപ കുറവ് |
| 2013-14 | 2353.49 | 394.09 കോടി രൂപ കുറവ് |

**കടമെടുപ്പ് പരിധിയും പൊതുവിപണിയിൽ നിന്നുള്ള വായ്പയും.**

**181 (521)** <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷം കേരളത്തിൻെറ കടമെടുപ്പ് പരിധി എത്രയായിരുന്നു ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽനിന്നും

എത്ര തുക വായ്പയെടുത്തു ;

(സി) 2012-13 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി എത്രയായിരുന്നു ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽനിന്നും എത്ര തുക വായ്പയെടുത്തു ;

(ഇ) 2013-14 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി എത്രയായിരുന്നു ;

(എഫ്) 2013-14-ൽ പൊതുവിപണിയിൽനിന്നും എത്ര തുക വായ്പയെടുത്തു ;

(ജി) 2014-15-ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകിയ കടമെടുപ്പുപരിധി എത്ര തുകയ്ക്കുള്ളതാണ്, നടപ്പുസാമ്പത്തിക വർഷം നാളിതുവരെ എത്ര തുക പൊതുവിപണിയിൽനിന്നും വായ്പയെടുത്തു, എത്ര തവണകളായിട്ടാണ് വായ്പയെടുത്തത് കടമെടുപ്പ് പരിധി ഉയർത്തി നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ, കടമെടുപ്പ് പരിധി എത്ര മടങ്ങ് വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്, സംസ്ഥാനത്തിൻെറ ആവശ്യത്തോട് കേന്ദ്ര സർക്കാരിൻെറ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-എഫ്) 2011-12 മുതൽ 2013-14 വരെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയും വായ്പയെടുത്ത തുകയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | കടമെടുപ്പ് പരിധി | വായ്പയെടുത്ത തുക (പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള വായ്പ ഉൾപ്പെടെ) |
|---|---|---|
| | (തുക കോടിയിൽ ) | |
| 2011-12 | 10418 | 10745 |
| 2012-13 | 12557 | 14143 |
| 2013-14 | 12397 | 15448 |

(ജി) 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച നൽകിയ കടമെടുപ്പ് പരിധി 13548 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷം 11 തവണകളായി പൊതുവിപണിയിൽനിന്ന് ഇതുവരെ 9400 കോടിരൂപ വായ്പയെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിനോട് കടമെടുപ്പ് പരിധിയായി സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് 14505 കോടി രൂപയാണ്. എന്നാൽ 13-ാം

കേന്ദ്രധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് കേന്ദ്രസർക്കാർ 2014-15 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി.(എസ്റ്റിമേറ്റ്)-യുടെ മൂന്ന് (3) ശതമാനമായി കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകിയിട്ടുള്ളത് 13548 കോടി രൂപയാണ്. ഈ പരിധി കൂട്ടി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

**182 (522)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ജീവനക്കാരാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത് ; ഇവരിൽനിന്നും ഇതുവരെ എത്ര രൂപ പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കാമോ ;

(ബി) പെൻഷൻ ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ഇതുവരെ എന്ത് തുകയാണ് നൽകിയിട്ടുള്ളത് ; ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത് ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരിൽനിന്ന് പങ്കാളിത്ത പെൻഷൻ വിഹിതമായി എന്ത് തുക ലഭിച്ചിട്ടുണ്ട് ; ഈ ഫണ്ടിലേക്ക് സർക്കാർ വിഹിതമായി എന്ത് തുക നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 22-11-2014 വരെ 13,562 ജീവനക്കാരാണ് ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് പെർമനെന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (PRAN) കരസ്ഥമാക്കിയിട്ടുള്ളത്. 31-10-2014 വരെ ജീവനക്കാരുടെ വിഹിതമായി 7.395 കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്കായി ലഭിച്ചിട്ടുണ്ട്.

(ബി) പെൻഷൻ ഫണ്ടിലേക്ക് 31-10-2014 വരെ സർക്കാർ വിഹിതമായി ആകെ 7.395 കോടി രൂപ നൽകിയിട്ടുണ്ട്. 6-2-2014-ലെ സർക്കുലർ നമ്പർ

07/2014/ധന. ഖണ്ഡിക VI അനുസരിച്ച് പി.എഫ്.ആർ.ഡി.എ. ആണ് ആക്സിസ് ബാങ്കിനെ ട്രസ്റ്റിബാങ്കായി നിയമിച്ചിട്ടുള്ളത്. ട്രസ്റ്റിബാങ്ക് മുഖേനയാണ് പെൻഷൻ തുകമേൽ സർക്കുലർ ഖണ്ഡിക V-ൽ വിവരിക്കുന്ന പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫണ്ടുകളിൽ/സെക്യൂരിറ്റികളിൽ നിലവിൽ നിക്ഷേപിച്ചിട്ടുള്ളത്.

(സി) ട്രഷറി വകുപ്പിൽനിന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള സംസ്ഥാന കേഡറിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ 2013-14 സാമ്പത്തിക വർഷംവരെ പെൻഷൻ വിഹിതമായി 16,75,853-രൂപയും സർക്കാർ 46,026-രൂപ സർക്കാർ വിഹിതമായും ഒടുക്കിയിട്ടുണ്ട്. ജീവനക്കാർ അടച്ച വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതം അടയ്ക്കുവാനുള്ള നടപടിക്രമം രൂപീകരിച്ചുവരികയാണ്.

## രാജ്യാന്തര വിപണിയിലെ എണ്ണവില വർദ്ധന

**183 (523)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര വിപണിയിൽ എണ്ണവില ഇടിഞ്ഞതിന്റെ ആശ്വാസം സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകാതെ പെട്രോൾ,ഡീസൽ വിൽപ്പന നികുതി സംസ്ഥാനത്ത് നികുതി വകുപ്പ് മുന്നറിയിപ്പില്ലാതെ 18-11-2014 അർദ്ധരാത്രി മുതൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത വർദ്ധനവുവഴി പൊതുജനങ്ങളിൽനിന്നും പ്രതിമാസം എത്ര കോടി രൂപാ വീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വർദ്ധനവിലൂടെ ഒരു ലിറ്റർ പെട്രോളിനും, ഡീസലിനും എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് ;

(ഡി) ഇത്തരത്തിൽ ഇന്ധന നികുതി വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കാനും പ്രസ്തുത നികുതി വർദ്ധന പിൻവലിക്കാനും തയ്യാറാകുമോ, വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ

പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. അതിനാൽ, ഇപ്രകാരം നികുതി നിരക്കിലുണ്ടായ വർദ്ധനവ്വഴി എണ്ണക്കമ്പനികൾ വിലകുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ അധിക നികുതിഭാരം ഈ ഉല്പന്നങ്ങൾക്ക് മേൽ ചുമത്തപ്പെട്ടിട്ടില്ല.

(ബി) 2014 നവംബർ ഒന്നിന് എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയും ഡീസലിന് 2.25 രൂപയുമാണ് കുറച്ചിട്ടുള്ളത്. ഇതുവഴി പെട്രോളിന്റെ വിൽപ്പന നികുതി വരുമാനത്തിൽ പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിന്റെ വില്പന നികുതിയിൽ പ്രതിമാസം 8.36 കോടി രൂപയുടെയും കുറവ് വരുമായിരുന്നു. വിലക്കുറവിനുമുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി വരുമാനം സംരക്ഷിക്കാനായി 19-11-2014 മുതൽ ഇവയുടെ നികുതി നിരക്ക് ഉയർത്തിക്കൊണ്ട് പുനഃക്രമീകരിക്കുകയുണ്ടായി. ഇപ്രകാരം നികുതി നിരക്കിലുണ്ടായ വർദ്ധനവുവഴി എണ്ണക്കമ്പനികൾ വിലകുറച്ചതിനുമുമ്പ് വിൽപ്പന നികുതിയിനത്തിൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനം നിലനിർത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(സി) 1-11-2014 ന് എണ്ണക്കമ്പനികൾ പെട്രോളിന്റെ വില കുറയ്ക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന റീട്ടെയിൽ വില (എറണാകുളം) ലിറ്ററിന് 69.70 രൂപയായിരുന്നു. വില കുറച്ചപ്പോൾ ഇത് 66.62 രൂപയായി. 19-11-2014 മുതൽ നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയപ്പോൾ റീട്ടെയിൽ വില ലിറ്ററിന് 67.29 രൂപയായി ഡീസലിന്റെ റീട്ടെയിൽ വില(എറണാകുളം) 1-11-2014 ന് മുമ്പ് ലിറ്ററിന് 59.04 രൂപയും എണ്ണക്കമ്പനികൾ അടിസ്ഥാന വില കുറച്ചപ്പോൾ 56.31 രൂപയും ആയിരുന്നു. 19-11-2014 മുതൽ നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയപ്പോൾ റീട്ടെയിൽ വില ലിറ്ററിന് 56.78 ആയി മാറുകയുണ്ടായി.

(ഡി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (advalorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിനുമേൽ വില എന്തുതന്നെയായാലും ഒരു

നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം advalorem അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാന വില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതേപോലെതന്നെ അടിസ്ഥാന വില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു.

വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാകുന്ന ഭാരം ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്നുവച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്. ഇത് പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലുള്ളതായി കരുതുന്നില്ല.

## സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും

**184 (524)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ ആറ് മാസം സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത് താഴെ പറയുന്നവയുടെ കാര്യത്തിൽ എത്ര കോടി വീതമായിരുന്നു ; അവ ഓരോന്നും ആ കാലയളവിൽ പിരിഞ്ഞുകിട്ടിയത് എത്ര കോടി വീതമായിരുന്നു ; വിശദമാക്കാമോ ; (1) ലാൻറ് റവന്യൂ, (2) സ്റ്റാംപ്സ് ആന്റ് രജിസ്ട്രേഷൻ (3) അദർ ടാക്സസ് ഓൺ പ്രോപ്പർട്ടി ടാക്സ് ഓൺ കമോഡിറ്റീസ് ആന്റ് സർവ്വീസസ് (1) സ്റ്റേറ്റ് എക്സൈസ് (2) സെയിൽ ടാക്സ് ആൻറ് വി.എ.ടി (3) 'ടാക്സ്സ് ഓൺ വെഹിക്കിൾസ് (4) ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസഞ്ചേഴ്സ് (5) ടാക്സസ് ഓൺ ഡ്യൂട്ടീസ്?

<u>ഉത്തരം</u>

സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും ഇനത്തിലെ 2014-15 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത്), അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

30-9-2014 വരെയുള്ള കാലയളവിൽ ലഭിച്ച വരുമാനം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**നിർമ്മാണ കരാറുകാരിൽനിന്നും ഈടാക്കുന്ന നികുതികൾ**

**185 (525)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണ കരാറുകാരിൽ നിന്നും ഈടാക്കി, വരുന്ന നികുതികൾ ഏതെല്ലാമാണെന്ന വിശദമാക്കാമോ ;

(ബി) 2011-12, 2012-13, 2013-14, എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത നികുതികൾ മുഖേന ലഭിച്ച വരുമാനം സംബന്ധിച്ചും ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ നാളിതുവരെ ലഭിച്ച വരുമാനം സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) ഈ വർഷം പുറപ്പെടുവിച്ച ഓർഡിനൻസ്മൂഖേന നികുതിയിനത്തിൽ കോൺട്രാക്ടർമാർക്ക് നൽകിയ ഇളവുകൾ എന്തെല്ലാമെന്നും അതുവഴി വരുമാനത്തിലുണ്ടാവുന്ന കുറവ് എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മാണ കരാറുകാരിൽനിന്നും മൂല്യവർദ്ധിത നികുതിയാണ് ഈടാക്കുന്നത്. ഒരു നിർമ്മാണ കരാറിൽ കൈമാറ്റം ചെയ്യപ്പെടുന്ന സാധനങ്ങൾക്കാണ് മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി ബാധകമായിട്ടുള്ളത്. കരാർ തുകയിൽനിന്നും ലേബർ, സർവ്വീസ് ചാർജ്ജുകൾ മുതലായവ കുറച്ചതിനുശേഷം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുക്കളുടെമൂല്യം കണ്ടുപിടിച്ച് അതിന്മേൽ പ്രഖ്യാപിത ചരക്കിന് 5 ശതമാനം, അല്ലാത്തതിന് 14.5 ശതമാനം നികുതിയാണ് സാധാരണ ഗതിയിൽ നിർമ്മാണ കരാറുകൾ നൽകുന്നത്. ഇതല്ലാതെ മൊത്തം കരാർ തുകയുടെമേൽ ഒരു നിശ്ചിത ശതമാനം നികുതി നൽകി കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കാവുന്ന ഓപ്ഷനും നിർമ്മാണ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ഇതാണ് കരാർ മേഖലയിൽ നിലനിൽക്കുന്ന നികുതി ഘടന.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) കേരള ധനകാര്യനിയമം 2014-ൽ വന്ന ഭേദഗതി അനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്ര

വില്പന നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷൻ ഉള്ളവരോ ചരക്കുകൾ കൊണ്ട് വരുമ്പോൾ മൊത്തം കരാർ തുകയുടെ 6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽനിന്നും വാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് വാറ്റ് നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഗവൺമെന്റ് കരാറുകാരുടെ കോമ്പൗണ്ടഡ് നികുതി 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിച്ചിരുന്നു. പ്രസ്തുത ഭേദഗതിയുടെ ഫലമായി ഉണ്ടായിട്ടുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കരാറുപണിക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും തൽഫലമായി നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകാത്തവിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർ പണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7 ശതമാനം ആയും 4 ശതമാനം എന്നത് 5 ശതമാനമായും 3 ശതമാനം എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. വാങ്ങൽ നികുതി ഒഴിവാക്കിയതിനെ തുടർന്നുണ്ടാകാവുന്ന റവന്യൂ നഷ്ടം കോമ്പൗണ്ട് നികുതി ഒരു ശതമാനം ഉയർത്തിയതിലൂടെ പരിഹരിക്കുമെന്നതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല.

## സാമ്പത്തിക പ്രതിസന്ധിയും നിയമന നിരോധനവും

**186 (526)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്ത് വിവിധ തസ്തികകളിലായി 30,000 ജീവനക്കാർ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ ;

(ബി) സംസ്ഥാനത്ത് നിയമന നിരോധനം നിലനിൽക്കുന്നുണ്ടോ ; പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച്

വകുപ്പ് തലവൻമാരെ ഏകോപിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 30,000 താത്ക്കാലിക തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 19-9-2014 ലെ സ.ഉ.(പി) നമ്പർ 400/2014/ധന പ്രകാരം 2014-15 വർഷത്തിൽ ഇത്തരം അധിക തസ്തികകളുടെ 25% റദ്ദ് ചെയ്യാൻ ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

(ബി) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല. 19-9-2014 ലെ സ.ഉ.(പി) നമ്പർ 400/2014/ധന. പ്രകാരം 2015 മാർച്ച് 31 വരെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയോ എക്സ്റ്റേണൽ എയ്ഡഡ് പ്രോജക്ടുകളുടേയോ ഭാഗമായോ കേന്ദ്ര/സംസ്ഥാന നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമോ അല്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അനിവാര്യമായ സാഹചര്യങ്ങളിൽ ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയും പി&എ.ആർ.ഡി-യുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും പ്രതിനിധികളും ബന്ധപ്പെട്ട വകുപ്പ് മേധാവിയും ഉൾപ്പെട്ട കമ്മിറ്റി ശുപാർശ ചെയ്യുന്ന നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിന്റെയും പി&എ.ആർ.ഡി-യുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി പരിശോധിച്ച് മന്ത്രിസഭയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി നൽകിയ കുറിപ്പ്**

**187 (527)** <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൻെറ പൊതുധനകാര്യ സ്ഥിതി സംബന്ധിച്ച് മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി ഡോ. കെ. എം. അബ്രഹാം നല്കിയ കുറിപ്പിൻെറ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) 2014 സെപ്റ്റംബർ 17-ന് നടന്ന മന്ത്രിസഭാ യോഗത്തിൽ പ്രസ്തുത കുറിപ്പ് ചർച്ചചെയ്തതിനുശേഷം ഈ വിഷയത്തിൽ എടുത്തതീരുമാനങ്ങൾ

എന്തെല്ലാമായിരുന്നു ; അതിൻെറ തുടർച്ചയായി പിന്നീട് എടുത്ത തീരുമാനങ്ങളും വിശദമാക്കാമോ ?

ഉത്തരം

(എ) മന്ത്രിസഭയ്ക്ക് സമർപ്പിക്കുന്ന കുറിപ്പുകൾ നിയമസഭയിൽ സമർപ്പിക്കുന്ന കീഴ്വഴക്കം ഇല്ല.

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014 ലെ സ.ഉ.(പി) നമ്പർ 409/2014/ധന. പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യവകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 19-9-2014 ലെ സ.ഉ.(പി) നമ്പർ 399/2014/ധന. ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10-11-2014 ലെ സ.ഉ.(പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

25-9-2014 ലെ സ.ഉ.(എംഎസ്.) നമ്പർ 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽനിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു

കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20 ശതമാനം കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താല്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

## മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**188 (528)** <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻെററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 2013 ഏപ്രിൽ മാസം ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത ഫണ്ട് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിന് കാലവിളംബരം നേരിടുന്നത് എന്തുകൊണ്ടെന്ന് പറയാമോ ;

(ബി) പൊതുമരാമത്ത് വകുപ്പിൻെറ ഹെഡ്ഡിൽ അനുവദിച്ച പ്രസ്തുത ഫണ്ട് കൈമാറുന്നതിന് ഉണ്ടായ സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനിയർ 18-3-2014-ൽ FB4/17477/2014 നമ്പരായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്ത് മറുപടി നൽകാതെവച്ച് താമസിപ്പിച്ചത് എന്തുകൊണ്ടാണെന്നു പറയാമോ ; ഈ ഫയൽ ഓരോ സീറ്റിലും എത്ര നാൾ ഉണ്ടായിരുന്നു എന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് H&FWD വഴി ഭരണാനുമതി പുറപ്പെടുവിച്ച PWD ബിൽഡിംഗ്‌വഴി നടപ്പിലാക്കുന്നതിനുപകരം അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ചുമതല ഏൽപ്പിച്ചത്. ഡെപ്പോസിറ്റ് വർക്ക് നടപ്പിലാക്കുന്നതിനായി എഗ്രിമെന്റ് വയ്ക്കുന്നതിനും സ്ഥലം കൈമാറുന്നതിനും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള അധിക സാങ്കേതികത്വംമൂലം താരതമ്യേന പുതിയ പദ്ധതിയായതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. കൂടാതെ GO(P) 332/2012/Fin dated 11-6-2012-ലെ ജനറൽ ഗൈഡ് ലൈൻ ഖണ്ഡിക (4) പ്രകാരം സൂപ്പർവിഷൻ/അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് എന്നിവ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതും കത്തിന് മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ 18-3-2014-ലെ കത്ത് ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള നടപടിക്രമങ്ങളെകുറിച്ചുള്ള വ്യക്തത ആവശ്യപ്പെടുന്നതാണ്. 27-3-2014-ൽ ധനകാര്യവകുപ്പിൽ ലഭിച്ച ടി കത്തുകൂടി പരിഗണിച്ചാണ് 54/2014/ധന തീയതി 3-6-2014 എന്ന സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവിന്റെ പകർപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുള്ളതാകുന്നു. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസി ചെയ്ത പ്രവൃത്തിയുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എൻജിനീയർ 16-8-2014-ലെ കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. GO(P) 304/2014/Fin dated 21-7-2014 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികളുള്ള ബില്ലിനും സീനിയോറിറ്റി പ്രകാരം Payment നൽകുന്നതിന് ഭരണവകുപ്പിന് നർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ടി ഉത്തരവിൽത്തന്നെ പ്രതിപാദിക്കുന്നുണ്ട്.

ആസ്തി വികസന പദ്ധതി സർക്കാരിന്റെ പുതിയ സ്കീമായതിനാലും അക്രഡിറ്റഡ് ഏജൻസികൾക്ക് ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലുമാണ് കാലതാമസം ഉണ്ടായത്. അക്രഡിറ്റഡ് ഏജൻസികൾക്ക് LAC-ADS പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളെക്കുറിച്ച് സർക്കാർ ഉടൻതന്നെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

**സർക്കാർ കടം**

**189(529)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഏപ്രിൽ ഒന്നുമുതൽ നാളിതുവരെ എത്ര കോടി രൂപയാണ് കടമെടുത്തിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണ് കടമെടുത്തിരിക്കുന്നത് ;

(സി) പ്രസ്തുത തുക ആസ്തി നിർമ്മാണ രംഗത്തോ വ്യാവസായിക/ ഉൽപ്പാദന രംഗത്തോ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് തുക ; ഏതൊക്കെ മേഖലയിൽ ;

(ഡി) സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്ക് ഇപ്രകാരം കടമെടുത്ത തുക ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് തുക ;

(ഇ) വീണ്ടും കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര ?

ഉത്തരം

(എ&ബി) 2014 ഏപ്രിൽ ഒന്നുമുതൽ 26-11-2014 വരെ പൊതുവിപണി യിൽനിന്നും കേന്ദ്രസർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നുമായി ആകെ 10145.60 കോടി രൂപ കടമെടുത്തിട്ടുണ്ട്.

| ഏജൻസി | തുക (കോടിയിൽ) |
|---|---|
| പൊതുവിപണി | 9400 |
| ലോകബാങ്ക് | 354.83 |
| JICA | 83.34 |
| ADB | 41.23 |
| നബാർഡ് | 234.35 |
| NSSF | 31.85 |
| ആകെ | 10145.60 |

(സി&ഡി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും പൊതുവിപണിയിൽനിന്നും വായ്പ എടുക്കുന്നത്. വായ്പ എടുത്ത മുഴവൻ തുകയും consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ഇത്തരത്തിൽ വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. എന്നാൽ വിദേശ ഏജൻസികളായ എ.ഡി.ബി., ലോക ബാങ്ക്, ജിക്ക എന്നിവിടങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾ യഥാക്രമം കെ.എസ്.യു.ഡി.പി., കെ.എസ്.റ്റി.പി., ഡ്രിപ്, കെ.എൽ.എസ്.ഡി.പി., ഐ.എച്ച്.പി., കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്നിവയ്ക്കായിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| പദ്ധതി | തുക (കോടിയിൽ) |
|---|---|
| DRIP | 2.17 |
| KSUDP | 41.23 |
| KSTP | 25.87 |
| KLGSDP | 243.10 |
| KWSP | 83.34 |
| KRWSSP | 79.96 |
| IHP | 3.73 |

(ഇ) കടമെടുക്കാൻ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമേ കടമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

**കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടികൾ**

**190 (530)** <u>ശ്രീ. ബാബു. എം. പാലിശ്ശേരി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കരാറുകാർക്ക് നല്കാനുള്ള കുടിശ്ശിക തുക എത്രയെന്ന് അറിയിക്കാമോ ;

(ബി) കരാറുകാർക്ക് പണിതീർത്ത് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ ഏത് തീയതിവരെയുള്ള ബില്ലുകളാണ് അവസാനമായി കൊടുത്തു തീർത്തിട്ടുള്ളത് ;

(സി) യഥാസമയം തീർന്ന പണികളിൽ പണം അനുവദിക്കാത്തതുമൂലം കരാറുകാർ സാമ്പത്തിക ബുദ്ധിമുട്ടുകളിൽപ്പെട്ട് പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിക്കുന്നതായും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 1343.47 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ബി) കാരാറുകാർ പണിതീർത്ത് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ 31-12-2013 വരെയുള്ള ബില്ലുകൾ കൊടുത്തുതീർക്കുവാനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

(സി) യഥാസമയം പണം ലഭിക്കാത്തതു കാരണം കാരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തിവികസന പദ്ധതികൾ**

**191 (531)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതൊക്കെ നിർമ്മാണ പ്രവർത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ; പ്രവൃത്തിയുടെ പേരും തുകയും വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത് ; ഇനിയും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കുമോ ;

(സി) ടെണ്ടർ ചെയ്ത ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ഡി) നിർദ്ദേശിക്കപ്പെട്ട ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതികൾ ലഭിക്കാനുള്ളതെന്നും ആയതിൻെറ നടപടികൾ ഏതു ഘട്ടത്തിലായെന്നും വിശദമാക്കാമോ ;

(ഇ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും, അടങ്കൽ തുകയും വിശദമാക്കാമോ ;

(എഫ്) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി 941 ലക്ഷം രൂപ അടങ്കൽ വരുന്ന 11 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തിയുടെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തുവാൻ ധനവകുപ്പ് അനുമതി നൽകിയ എല്ലാ പ്രവർത്തികൾക്കും ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് രണ്ട് ഭരണാനുമതി ഉത്തരവുകളാണ് പുറപ്പെടുവിച്ചത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.(ക്രമ നമ്പർ 1,6)*

(എഫ്) പാണത്തൂർ- കല്ലപ്പടി റോഡ് പുനരുദ്ധാരണം എന്ന പ്രവൃർത്തിക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് ടെണ്ടർ നടപടി പൂർത്തികരിച്ച് പ്രവൃർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൂതാംകല്ല്-ബ്ളാൽ റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തിക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുകയും തുടർന്ന് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയിൽവച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ഉടൻതന്നെ ആരംഭിക്കും.

**സർക്കാർ ബാധ്യതകളുടെ ഘടകങ്ങൾ**

**192(532)** ശ്രീ. ജെയിംസ് മാത്യൂ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാർക്കറ്റ് ബോറോയിംഗ്സ്, കേന്ദ്ര ഗവൺമെൻറിൽനിന്നുള്ള ലോൺ, എൻ.എസ്.എസ്.എഫ് ഇഷ്യൂചെയ്ത സെക്യൂരിറ്റീസ്, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്നും ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ, റിസർവ് ബാങ്കിൽ നിന്നുള്ള W.M. A/OD പി.എഫ്, സ്മാൾ സേവിംഗ്സ് ഫണ്ട്സ്, റിസർവ് ഡിപ്പോസിറ്റ്സ്, മറ്റ് ബാദ്ധ്യതകൾ എന്നിങ്ങനെ നിലവിൽ സർക്കാരിനുള്ള ബാദ്ധ്യതകളുടെ ഘടകങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

31-3-2014 വരെയുള്ള സംസ്ഥാന സർക്കാരിന്റെ വിവിധയിനത്തിലുള്ള ബാധ്യതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ബാധ്യത(തുക കോടിയിൽ - 31-3-2014 വരെ) |
|---|---|
| മാർക്കറ്റ് ബോറോയിംഗ്സ് | 60183.42 |
| എൻ.എസ്.എസ്.എഫ് സെക്യൂരിറ്റീസ് | 11281.17 |
| ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും, ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ | 5339.75 |
| റിസർവ് ബാങ്കിൽ നിന്നുള്ള W.M.A/OD | 0.00 |
| കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ലോൺ | 6662.21 |
| പി.എഫ്., സ്മാൾ സേവിംഗ്സ് ഫണ്ട് | 35542.51 |
| റിസർവ് ഫണ്ട് | 1771.64 |
| മറ്റ് ബാധ്യതകൾ | 4702.38 |

## സക്കാർ സബ്സിഡികൾ

**193 (533)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിവിധ മേഖലകൾവഴി നൽകുന്ന സബ്സിഡികളിൽ നല്ലൊരുഭാഗം അഴിമതിയും ചോർച്ചയുംമൂലം നഷ്ടമായിക്കൊണ്ടിരിക്കുന്നതായുള്ള പബ്ളിക് എക്സ്പെന്റീച്ചർ റിവ്യൂ കമ്മിറ്റിയുടെ 2011-12 സെക്കന്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ,

(ബി) എങ്കിൽ ഏതെല്ലാം ഇനത്തിലുള്ള സബ്സിഡി തുകകളാണ് ചോർച്ചയും അഴിമതിയുംമൂലം നഷ്ടപ്പെടുന്നതെന്ന് വ്യക്തമാക്കാമോ, ചോർച്ചയും നഷ്ടവും ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്,

(സി) മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡികൾ ഫലപ്രദമാക്കാനും കാലികമായി വർദ്ധിപ്പിക്കുവാനും തയ്യാറാകുമോ,

(ഡി) സബസിഡി ചോർത്തിയതിന്റെയും അഴിമതി നടത്തിയതിന്റെയും പേരിൽ ആരുടെയെങ്കിലും പേരിൽ നടപടി കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ&ബി) സർക്കാർ വിവിധ മേഖലകൾവഴി നൽകുന്ന സബ്സിഡികൾ അഴിമതിയും ചോർച്ചയുംമൂലം നഷ്ടമായതായി പബ്ളിക് എക്സ്പെന്റീച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഒരു പരിശോധന ആവശ്യമാണെന്ന് മാത്രമാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച മറുപടിയായി ഊർജ്ജ, കൃഷി വകുപ്പുകളിൽനിന്നും ലഭിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

ഊർജ്ജ വകുപ്പ്

2011-11, 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ ബജറ്റിൽ തെർമൽ സർചാർജിൽനിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കുന്നതുമൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി യഥാക്രമം അനുവദിച്ച 54 കോടി രൂപയും, 54.60 കോടി രൂപയും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതുമൂലം ഉണ്ടായ റവന്യൂ കമ്മി നികത്തുന്നതിന് അനുവദിച്ച 45.97 കോടി രൂപയും അഴിമതിയും ചോർച്ചയുമായി ഒരു ബന്ധമില്ലാത്തതാണ്. കൂടാതെ കാർഷിക ആവശ്യങ്ങൾക്കായും, പവർ സബ്സിഡിയിനത്തിലും സൗജന്യമായി വൈദ്യുതി നൽകിയ ഇനത്തിൽ സബ്സിഡിയായി തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

കൃഷി വകുപ്പ്

പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്ന സബ്സിഡി തുകകൾ അഴിമതിയും ചോർച്ചയും മൂലം നഷ്ടപ്പെടുന്നില്ല. ടി തുകകൾ ഇ-പേയ്മെന്റ് സംവിധാനം വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്ന

സുതാര്യമായ സംവിധാനമാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

(സി) പൊതുവിപണിയിൽ അവശ്യ സാധനങ്ങളുടെ വില വർദ്ധനവു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനായി വിപണി ഇടപെടൽ നടത്താറുണ്ട്. സംസ്ഥാനത്തിന്റെ പ്രധാന കാർഷികോല്പന്ന ങ്ങളായ നെല്ല്, പച്ചത്തേങ്ങ, റബ്ബർ എന്നിവയെ വിപണിയിലെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിനും കർഷകർക്ക് പിൻതുണ നൽകുന്നതിനുമായി വിളവെടുപ്പ് കാലങ്ങളിൽ സർക്കാർ ഉത്തരവിന് വിധേയമായ ന്യായവില നൽകി ഈ ഉല്പന്നങ്ങൾ കർഷകരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾ നേരിട്ട് സംഭരിച്ചുവരുന്നു. ഓരോ വർഷവും വിപണിയിൽ നിലവിലുള്ള സാഹചര്യങ്ങൾ പഠനവിധേയമാക്കി സർക്കാർ കാർഷികോല്പന്നങ്ങളുടെ സംഭരണ വിലയും വിപണിയിടപെടൽ നിരക്കും പുതുക്കി നിശ്ചയിക്കാറുണ്ട്.

(ഡി) ഇല്ല.

### സർക്കാർ സർവ്വീസിലെ അധിക ജീവനക്കാരെ സംബന്ധിച്ച്

**194 (534)** <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനവകുപ്പിന്റെ പരിശോധനയിൽ, സർക്കാർ സർവ്വീസിൽ അധിക ജീവനക്കാരായി കണ്ടെത്തപ്പെട്ടവർ എത്രയാണ് ; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഏത് മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണ് പ്രസ്തുത അധിക ജീവനക്കാരെ കണ്ടെത്തിയതെന്ന് വിശദമാക്കാമോ ;

(സി) ലക്ഷ്യം പൂർത്തിയായതിനാലും പദ്ധതി നിർത്തിയതിനാലും തൊഴിൽ ഇല്ലാതായവർ എത്ര ; ഡെപ്യൂട്ടേഷനിൽ ഉള്ളവർ എത്ര ;

(ഡി) അധിക തസ്തികകളിൽ ഉള്ള ജീവനക്കാരുടെകാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ധനകാര്യവകുപ്പിന്റെ പരിശോധനയിൽ സർക്കാർ സർവ്വീസിൽ അധിക ജീവനക്കാരെ കണ്ടെത്താനായിട്ടില്ല.

(ബി-ഡി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സർക്കാർ വകുപ്പുകളുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുക**

**195 (535)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് കൈമാറിയതായ തുകകൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷം ആരംഭിച്ചപ്പോൾ സംസ്ഥാനത്തെ ഓരോ ഡിപ്പാർട്ടുമെന്റിനും ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലായി നീക്കിയിരുപ്പുണ്ടായിരുന്ന തുക എത്ര കോടി വീതമായിരുന്നു ;

(സി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം മുൻവർഷങ്ങളിലെ പദ്ധതി തുകകളുടെ ഇനത്തിൽ ഓരോ സർക്കാർ വകുപ്പുകളുടെയും ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുക എത്ര കോടി വീതമാണ്; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**നിർത്തൽ ചെയ്യേണ്ടതായ തസ്തികകൾ/സംബന്ധിച്ച്**

**196 (536)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൻെറ ഹൈപവർ കമ്മിറ്റി കണ്ടെത്തിയ നിർത്തൽ ചെയ്യേണ്ടതായിട്ടുള്ള തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഫിനാൻസ് എക്സ്പെൻഡിച്ചർ സെക്രട്ടറി ഇത് സംബന്ധമായി സർക്കാരിന് സമർപ്പിച്ച ശിപാർശയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഏതെല്ലാം സർക്കാർ വകുപ്പുകളിൽ എത്ര വീതം തസ്തികകൾ ആവശ്യമില്ലാത്തതായി ശിപാർശ ചെയ്യുകയുണ്ടായി ; വിശദമാക്കാമോ ;

(ഡി) ആവശ്യമില്ലാത്തതായി കണ്ടെത്തിയ തസ്തികകൾക്കായി പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിന്റെ ഹൈപവർ സെക്രട്ടറി നിർത്തൽ ചെയ്യേണ്ടതായിട്ടുള്ള തസ്തികകൾ കണ്ടെത്തിയിട്ടില്ല.

(ബി) ഫിനാൻസ് എക്സിപെന്റിച്ചർ കമ്മിറ്റി ഇത് സംബന്ധമായി സർക്കാരിന ശിപാർശ സമർപ്പിച്ചിട്ടില്ല.

(സി&ഡി) ബാധകമല്ല

**കേന്ദ്ര സഹായം**

**197 (537)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര സഹായവും വിഹിതവും യഥാസമയം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്രത്തിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) കേന്ദ്ര സഹായത്തിൻെറ കുറവ് സംസ്ഥാനത്തിൻെറ സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുണ്ടോ ;

(ഡി) കേന്ദ്ര സഹായത്തിൻെറ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) പതിമൂന്നാം ധനകാര്യ കമ്മിഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള

നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര നികുതി വിഹിതം യഥാസമയം ലഭിക്കുന്നുണ്ട്. ഗാഡ്ഗിൽ-മുഖർജി ഫോർമുല പ്രകാരമുള്ള ധനസഹായവും തവണകളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാന പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതവും ലഭിച്ചുവരുന്നുണ്ട്. ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകൾ, കേന്ദ്ര പദ്ധതികൾ/കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ധനസഹായം എന്നിവ മുൻകാലങ്ങളിൽ ലഭിച്ച തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ചാണ് ലഭിക്കുന്നത്. അതിനാൽ ഈ സാമ്പത്തിക വർഷം തീരുന്നമുറയ്ക്ക് മാത്രമേ ഇവയിലെ കുറവ് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ബി) പിരിവ് (എ) യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സഹായത്തിന്റെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ അധിക വിഭവ സമാഹരണത്തിനായി ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, സിഗററ്റ് എന്നിവയുടെ നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി എന്നിവയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ നിലവിലുണ്ടായിരുന്ന ഉയർന്ന പരിധി (4 ഇനത്തിൽ) ഇല്ലാതാക്കിയതിനാൽ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. എഡ്യൂക്കേഷൻ ഫീസും നിരക്കുകളും ഒഴികെയുള്ള വിവിധ സർവ്വീസുകളുടെ ഫീസുകളുടേയും നിരക്കുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ സാമ്പത്തിക നിയന്ത്രണ നടപടികളും സ്വീകരിച്ചുവരുന്നു.

## സർക്കാരിന്റെ കടബാധ്യത

**198 (538)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര കോടി രൂപ കടമെടുത്തു എന്ന് വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ; പ്രസ്തുത കണക്കുകൾ എവിടെ നിന്നെല്ലാമാണ് ലഭ്യമായതെന്നും എന്തെല്ലാം

ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചത് എന്നും വിശദമാക്കാമോ ;

(ബി) അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽനിന്നും എത്ര വരുമാനമാണ് ഉണ്ടാക്കിയത് എന്ന് വർഷം, ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) വിവിധ ഏജൻസികൾ, കേന്ദ്ര സർക്കാർ, പൊതുവിപണി എന്നിവിടങ്ങളിൽ നിന്നായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 47273.10 കോടി രൂപ കടമെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും Consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| നം | വർഷം | ഏജൻസി | തുക (കോടിയിൽ) |
|---|---|---|---|
| 1. | 2011-12 | പൊതുവിപണി | 8880 |
| | | വിദേശ വായ്പ | 369.63 |
| | | നബാർഡ് | 444.11 |

| | | | |
|---|---|---|---|
| 2. | 2012-13 | പൊതുവിപണി | 11583 |
| | | NSSF | 630.04 |
| | | വിദേശ വായ്പ | 552.29 |
| | | നബാർഡ് | 410.02 |
| 3. | 2013-14 | പൊതുവിപണി | 12800 |
| | | NSSF | 565.14 |
| | | വിദേശ വായ്പ | 392.01 |
| | | നബാർഡ് | 501.25 |
| 4. | 2014-15 | പെതു വിപണി | 9400 |
| | | NSSF | 31.85 |
| | | വിദേശ വായ്പ | 479.41 |
| | | നബാർഡ് | 234.35 |

(ബി) അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽനിന്ന് ഉണ്ടായ വരുമാനം കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

**ഉപധനാഭ്യർത്ഥനവഴി ലഭിച്ച തുക**

**199 (539)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഉപധനാഭ്യർത്ഥന വഴി ഓരോ വകുപ്പിനും ലഭിച്ച അധിക തുക എത്രയാണെന്നും

അവ ഓരോന്നിലും ഇപ്പോഴും ചെലവഴിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്നും എത്ര തുക വീതം അവശേഷിക്കുന്ന എന്നും വിശദമാക്കാമോ ;

(ബി) ഉപധനാഭ്യർത്ഥനവഴി ലഭിച്ച തുകയിൽ ഒരു രൂപപോലും ചെലവഴിക്കാൻ കഴിയാതിരുന്നവ ഏതെല്ലാം വകുപ്പുകളുടെ ഏതെല്ലാം നിർദ്ദേശങ്ങളാണ് വെളിപ്പെട്ടു ത്താമോ ?

<u>ഉത്തരം</u>

(എ) ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് ധനാഭ്യർത്ഥനയുടെ അടിസ്ഥാന ത്തിലാണ്. അതിനാൽ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഉപധനാഭ്യർത്ഥന മുഖേന ഓരോ വകുപ്പിനും ലഭിച്ച അധിക തുക എത്രയാണെന്നുള്ള കണക്ക് ലഭ്യമല്ല. (ഓരോ ധനാഭ്യർത്ഥനയിലും 2014-15-ലെ ഉപധനാഭ്യർത്ഥനവഴി അനുവദിച്ച അധിക തുക അനുബന്ധമായി ഉൾപ്പെടുത്തി യിരിക്കുന്നു.) പ്രസ്തുത വിഹിതം 2015 മാർച്ച് 31-ന് മുൻപായി ചെലവഴിച്ചാൽ മതിയാകുന്നതാണ്. ആയതിനാൽ അവ ഓരോന്നിലും ഇപ്പോഴും ചെലവഴിച്ചി ട്ടില്ലാത്തവ ഏതെക്കെയാണെന്നും എത്ര തുക വീതം അവശേഷിക്കുന്നുവെന്നുമുള്ള വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. *

(ബി) ഉപധനാഭ്യർത്ഥനമുഖേന വകയിരുത്തിയിരിക്കുന്ന വിഹിതം സാമ്പത്തിക വർഷാവസാനത്തിന് മുൻപായി ചെലവഴിച്ചാൽ മതിയാകുന്നതാണ്. ആയതിനാൽ ഉപധനാഭ്യർത്ഥനമുഖേന ലഭിച്ച തുകയിൽ ഒരു രൂപപോലും ചെലവാക്കുവാൻ കഴിയാതിരുന്ന വകുപ്പുകൾ/ നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന വിവരം ഇപ്പോൾ ലഭ്യമല്ല.

**ശമ്പള പരിഷ്കരണ കമ്മീഷൻ**

**200 (540)** <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ശമ്പളപരിഷ്കരണ കമ്മീഷൻ മുൻപാകെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് ;

(ബി) സെക്ഷൻ ഓഫീസർ, തഹസീൽദാർ എന്നീ തസ്തികകളില്ല ള്ളവരുടെ ശമ്പള അനോമലി സംബന്ധിച്ച അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 26-11-2014 വരെ 2120 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

**ബഡ്ജറ്റുകളുടെ ഭാഗമായിട്ടുള്ള അധിക വിഭവ സമാഹരണങ്ങൾ**

**201 (541)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റുകൾ ഓരോന്നും എത്ര കോടി രൂപ വീതമുള്ള അധിക വിഭവ സമാഹരണം ലക്ഷ്യമിടുകയുണ്ടായി ; ഓരോ വർഷവും അധിക വിഭവ സമാഹരണത്തിൻെറ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ ;

(ബി) ബഡ്ജറ്റുകളുടെ ഭാഗമായിട്ടുള്ള അധിക വിഭവ സമാഹരണങ്ങളല്ലാതെ അതിനേക്കാൾ കൂടിയ തുക വരവ് ലക്ഷ്യം വച്ചുകൊണ്ടു ഓർഡിനൻസ്വഴി എന്തെങ്കിലും നികുതി ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ടോ ; ഏതെങ്കിലും കാലയളവിൽ അപ്രകാരം പുതിയ നികുതി ഓർഡിനൻസിലൂടെ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2014-15 സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യമിട്ട വരുമാനം യഥാക്രമം 616, 1512.05, 1138.33, 1556.35 കോടി രൂപവീതമായിരുന്നു. ഇതിൻ പ്രകാരം 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ 1003.35 കോടി രൂപയും 1580.69 കോടി രൂപയും ലഭിച്ചിട്ടുണ്ട്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവസമാഹരണത്തിലൂടെ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം അധിക വിഭവ സമാഹരണത്തിലൂടെ

ലക്ഷ്യമിട്ടതുൾപ്പടെ, സംസ്ഥാന നികുതി, നികുതിയേതര വരുമാനത്തിൽ 2013-14 സാമ്പത്തിക വർഷം ആകെ 37570.05 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം സെപ്റ്റംബർ വരെ 19600.85 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

(ബി) സംസ്ഥാന മൂല്യ വർദ്ധിത നികുതി നിയമം 2003-ലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, കേരള ഭൂനികുതി നിയമം 1961-ലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, 1960-ലെ കേരള തോട്ടം നികുതി നിയമത്തിലെ നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, 1963-ലെ കേരള പൊതു വില്പന നികുതി നിയമത്തിലെ നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, 1959 -ലെ കേരള മുദ്രപ്പത്ര നിയമത്തിലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, കേരള മോട്ടോർ വാഹന നിയമം 1976-ലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ എന്നിവയാണ് ഓർഡിനൻസിലൂടെ പരിഷ്ക്കരിക്കപ്പെട്ട പ്രധാന നികുതി നിർദ്ദേശങ്ങൾ.

## സാമൂഹ്യ സുരക്ഷാ സെസ്സ്

**202 (542)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബഡ്ജറ്റിൽ, വിദേശമദ്യത്തിന്റെ നികുതിയിൽ സാമൂഹ്യസുരക്ഷാ സെസ്സ് എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു ; ഇത് വഴി സമാഹരിക്കുന്ന തുക ഏത് ആവശ്യത്തിലേക്ക് മാത്രം വിനിയോഗിക്കണമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ;

(ബി) സാമൂഹ്യസുരക്ഷാ സെസ് ഇനത്തിൽ വിദേശമദ്യത്തിന്മേലുള്ള നികുതിയിനത്തിൽ 2012-13, 2013-14, 2014-15, വർഷങ്ങളിൽ ലഭിച്ച മൊത്തം വരുമാനം എത്ര കോടിയാണ് ;

(സി) വിദേശമദ്യത്തിന്റെ മെഡിക്കൽ സെസ്സ് ഇനത്തിൽ ആയതു പ്രാവർത്തികമാക്കിയതിനുശേഷം ഇതിനകം പിരിച്ചെടുത്ത മൊത്തം തുക എത്ര കോടിയാണ് ; ഇതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് എത്ര കോടി കൈമാറിയെന്നറിയിക്കുമോ ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തിൽ 6% ആയിരുന്ന സാമൂഹ്യ സുരക്ഷാ

സെസ്സ് 2012-13 സാമ്പത്തിക വർഷത്തിൽ 10% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി സമാഹരിക്കുന്ന തുക ജനങ്ങളുടെ പൊതുവായ സാമൂഹിക ക്ഷേമ പദ്ധതികൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്.

(ബി) സാമൂഹ്യസുരക്ഷാ സെസ്സ് ഇനത്തിൽ വിദേശമദ്യത്തിന്മേലുള്ള നികുതിയിനത്തിൽ 2012-13 വർഷത്തിൽ 407.62 കോടി രൂപയും 2013-14 വർഷത്തിൽ 440.28 കോടി രൂപയും 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 282.28 കോടി രൂപയും സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്.

(സി) വിദേശമദ്യത്തിന്റെ മെഡിക്കൽ സെസ്സ് ഇനത്തിൽ നാളിതുവരെ 98.25 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30 കോടി രൂപയുടെ അധികധനാനുമതി അനുവദിച്ചു നൽകിയിട്ടുണ്ട്.

## സർക്കാരിന്റെ ധനസ്ഥിതി

**203 (543)** ശ്രീ. എം. എ. ബേബി:
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; സർക്കാരിന്റെ ധനസംബന്ധമായ സർക്കാരിൻെറ പ്രഖ്യാപനങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ പൊരുത്തക്കേടുകളുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തി യിട്ടുണ്ടോ ; ധനസ്ഥിതി വിശദമാക്കാമോ ;

(ബി) നിലവിലെ യു.ഡി.എഫ് സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷവും ബഡ്ജറ്റുകളിൽ പ്രതീക്ഷിച്ച റവന്യൂ കമ്മിയും യഥാർത്ഥത്തിലുള്ള റവന്യൂ കമ്മിയും തമ്മിൽ താരതമ്യപ്പെടുത്തി വിശദമാക്കാമോ ; വർദ്ധിച്ച റവന്യൂ കമ്മിക്ക് കാരണം വെളിപ്പെടുത്താമോ ;

(സി) ധനവകുപ്പ് ഉദ്യോഗസ്ഥരുടെ ഏതെങ്കിലും മുന്നറിയിപ്പുകൾ അവഗ ണിച്ചത് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ ; വിശദമാക്കാമോ ; റവന്യൂ വരുമാനത്തിൻെറ മുരടിപ്പിൻെറ കാരണങ്ങൾ വസ്തുനിഷ്ഠാപരമായി

പരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2014 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 26263.79 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 22001.66 കോടി രൂപയേക്കാൾ 19.37% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 33040.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 24123.31 കോടി രൂപയേക്കാൾ 36.96% കൂടുതലാണ്. 2014 സെപ്റ്റംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പടെ) 1771.95 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30-11-2014 -ൽ ട്രഷറി ബില്ലുകളിലായി 706.32 കോടി രൂപ നിക്ഷേപമുണ്ട്.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷവും ബജറ്റുകളിൽ പ്രതീക്ഷിച്ച റവന്യൂ കമ്മിയും യഥാർത്ഥത്തിലുള്ള റവന്യൂ കമ്മിയും ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ് :

| വർഷം | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ കമ്മി | യഥാർത്ഥ റവന്യൂ കമ്മി |
|---|---|---|
| 2011-12 | 5533.91 | 8034.26 |
| 2012-13 | 3463.77 | 9351.44 |
| 2013-14 | 2269.97 | 11308.56 |
| 2014-15 | 7131.69 | - |

സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ തനത് നികുതി വരുമാനം പ്രതിക്ഷിച്ച തോതിൽ വളരാതിരുന്നതും റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്കിൽ വന്ന കുറവും വികസനച്ചെലവുകൾ വർദ്ധിച്ചതും സാമൂഹ്യ-ക്ഷേമ പദ്ധതികളുടെ അധികരിച്ച ചെലവും വർദ്ധിച്ച റവന്യൂ കമ്മിക്ക് കാരണമായിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ താത്ക്കാലിക

കണക്കുകൾ പ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത തരത്തിലുള്ള റവന്യൂ വരുമാനം വർദ്ധിക്കാതിരിക്കുകയും റവന്യൂ ചെലവുകൾ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ അധിക വിഭവ സമാഹരണമുണ്ടായില്ലെങ്കിൽ സാമ്പത്തിക ഞെരുക്കം ഉണ്ടാകാനുള്ള സാദ്ധ്യത ഉണ്ടാകുമെന്ന് ധനവകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അധിക വിഭവ സമാഹരണത്തിന് ഉതകുന്ന തരത്തിൽ നികുതി-നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തുകയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതു കടം

**204 (544)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ പൊതുകടം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2011 മാർച്ചിൽ പൊതുകടം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) 2014 സെപ്റ്റംബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ ഉൾപ്പടെ 30-9-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,25,258.17 കോടി രൂപയാണ്.

(ബി) 31-3-2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

## സംസ്ഥാനത്തിന്റെ പൊതു കടം

**205 (545)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിലെ ട്രഷറി നീക്കിയിരിപ്പ് എത്ര തുകയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 മേയ് മാസത്തിലെ സംസ്ഥാനത്തിൻെറ പൊതുകടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 2006 മേയ് മാസത്തിലെ സംസ്ഥാനത്തിൻെറ പൊതുകടം എത്ര

തുകയായിരുന്നുവെന്നും 2011 മേയ് മാസം ആയപ്പോൾ പൊതുകടത്തിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ് ;

(ഇ) 2011 മേയ് മാസം മുതൽ നാളിതുവരെ പൊതുകടത്തിൽ ആകെ എത്ര തുകയുടെ വർദ്ധനവുണ്ടായെന്നും എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011-മെയ് 31-ൽ ആകെ 1830.58 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപമായി ഉണ്ടായിരുന്നു.

(ബി) 31-3-2011-ലെ പൊതുകടം 78673.24 കോടി രൂപയായിരുന്നു.

(സി) 31-3-2006-ലെ പൊതുകടം 45929.05 കോടി രൂപയായിരുന്നു. 31-3-2011 ആയപ്പോൾ 71.3 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്.

(ഡി) 30-9-2014-ലെ അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 125258.17 കോടി രൂപയാണ്.

(ഇ) 2011 ഏപ്രിൽ മാസം മുതൽ 30-9-2014 വരെയുള്ള പൊതുകടം ആകെ 46584.93 കോടി രൂപയും വർദ്ധനവ് 59.21 ശതമാനവുമാണ്.

**കരാറുകാർക്കുള്ള കുടിശ്ശിക**

**206 (546)** <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത്/ജലസേചന വകുപ്പുകളിലെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് ആകെ എത്ര തുകയാണ് കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗം) കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളതെന്നും ഏതു കാലാവധി മുതലുള്ള ബില്ലുകളാണ്

കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് കെട്ടിടവിഭാഗം കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളതെന്നും എന്നുമുതലുള്ള ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) ജലവിഭവ വകുപ്പിൽ ഏതൊക്കെ കാലയളവിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത്/ജലവിഭവ വകുപ്പുകളിൽ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ബി) ഭരണ വകുപ്പിൽ നിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗം) കരാറുകാർക്ക് 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലയളവിൽ 1343.47 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

(സി) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം കരാറുകാർക്ക് 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലയളവിൽ 260.51 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

(ഡി) ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെയുള്ള കാലയളവിൽ 61.42 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

**സംസ്ഥാനത്തിന്റെ കടബാധ്യത**

**207(547)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടബാധ്യത സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനത്തിലധി

കമാവുമ്പോഴാണ് ഒരു സംസ്ഥാനം (debt stressed) കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്ന സംസ്ഥാനമായി മാറുക ;

(ബി) സംസ്ഥാനത്തിൻെറ കടബാദ്ധ്യത ഇപ്പോൾ എത്രയാണ് ; സാമ്പത്തിക ആസ്തി എത്രയാണ് ;

(സി) നിലവിലത്തെ സാമ്പത്തിക ആസ്തിയും കടബാദ്ധ്യതയും പരിഗണിച്ചാൽ സംസ്ഥാനം ഇപ്പോൾ കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്ന (debt stressed) സംസ്ഥാനമായിട്ടുണ്ടോ, വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 12-ാം ധനകാര്യ കമ്മിഷന്റെ ശിപാർശയനുസരിച്ച് കടബാധ്യത മൊത്തം റവന്യൂ വരുമാന ആസ്തിയുടെ 300 ശതമാനം അധികരിക്കുമ്പോഴാണ് ഒരു സംസ്ഥാനത്തെ debt stressed ആയി കണക്കാക്കുന്നത്.

(ബി) 31-3-2014-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 1,19,009.07 കോടി രൂപയും സാമ്പത്തിക ആസ്തി (റവന്യൂ വരുമാനം) 49,176.93 കോടി രൂപയുമാണ്.

(സി) 31-3-2014-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത മൊത്തം റവന്യൂ വരുമാന ആസ്തിയുടെ 300 ശതമാനം അധികരിക്കാത്തതിനാൽ സംസ്ഥാനത്തെ debt stressed ആയി കണക്കാക്കുവാൻ കഴിയുകയില്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

**208 (548)** <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം കുറയുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; വരുമാനത്തിൽ കുറവുണ്ടായിട്ടില്ലെങ്കിൽ പ്ളാൻ എക്സ്പെന്റിച്ചർ നടക്കാത്ത സാഹചര്യത്തിലും

സാമ്പത്തിക പ്രതിസന്ധിക്ക് കാരണം എന്തായിരുന്നു ;

(ബി) പൊതുവിപണിയിൽ നിന്നും കടം എടുക്കുന്നതിനുള്ള സംസ്ഥാനത്തിൻെറ ആവശ്യം റിസർവ് ബാങ്ക് നിരസിക്കുകയുണ്ടായോ ; എന്തെല്ലാം വിശദീകരണങ്ങളാണ് റിസർവ് ബാങ്ക് സംസ്ഥാനത്തോട് ചോദിച്ചിരുന്നത് ; ഈ സാമ്പത്തിക വർഷത്തിൻെറ പിന്നിട്ട ഓരോ ക്വാർട്ടറിലും എടുത്ത വായ്പകൾ എത്ര വീതമായിരുന്നു ; പരിധിയിലും കൂടുതൽ കടം എടുക്കുകയുണ്ടായോ ;

(സി) ട്രഷറിയിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരം മാറ്റിക്കൊണ്ടു പോയ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരുടെ ഫണ്ട് മടക്കിക്കൊണ്ടുവരാനുള്ള തീരുമാനം പ്രായോഗികമാക്കാൻ സാദ്ധ്യമായോ എന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) സംസ്ഥാന ബജറ്റിൽ കണക്കാക്കിയിട്ടുള്ള തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച ഉണ്ടായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം സെപ്റ്റംബർ 30-ന് അവസാനിച്ച ആദ്യ പകുതിയിൽ ബജറ്റ് എസ്റ്റിമേറ്റിന്റെ 40.5 ശതമാനം തുക റവന്യൂ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. എങ്കിൽ തന്നെയും വികസനച്ചെലവുകൾ വർദ്ധിച്ചതും സാമൂഹ്യക്ഷേമ പദ്ധതികളിലെ അധികരിച്ച ചെലവും നിമിത്തം സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ല.

കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമെ കടമെടുത്തിട്ടുള്ളൂ. ഈ സാമ്പത്തിക വർഷത്തിന്റെ പിന്നിട്ട ഓരോ ക്വാർട്ടറിലും എടുത്ത വായ്പകൾ ഇപ്രകാരമാണ്

| | |
|---|---|
| ആദ്യ പാദം (ഏപ്രിൽ-ജൂൺ) | 3700 കോടി രൂപ |
| രണ്ടാം പാദം(ജൂലൈ-സെപ്റ്റംബർ) | 3200 " |
| മൂന്നാം പാദം(ഒക്ടോബർ-ഡിസംബർ) നവംബർ 30 വരെ | 2500 " |

(സി) ട്രഷറിയിൽ നിന്ന് ഫണ്ട് മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

### സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതു കടം

**209(549)**ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൻെറ നാളിതുവരെയുള്ള പൊതുകടം എത്രയാണ്,

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം ആകെ എത്ര കോടി രൂപ കടം വാങ്ങിയിട്ടുണ്ട്, ഏതെല്ലാം ഇനങ്ങളിലാണ് കടം വാങ്ങിയിട്ടുള്ളത് ; ആയത് ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014 സെപ്റ്റംബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ ഉൾപ്പടെ 30-9-2014-വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,25,258.17 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം 30-9-2014 വരെ 46,584.93 കോടി രൂപ കടം എടുത്തിട്ടുണ്ട്. ഇതിൽ 34,255.27 കോടി രൂപ ആഭ്യന്തരകടവും 628.70 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നുള്ള കടവും 11,700.96 കോടി രൂപ പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യം എന്നിവയിൽ നിന്നുള്ള കടവുമാണ്. ഇപ്രകാരം കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപ്പാദനപരമായ ആവശ്യങ്ങൾക്കുമാണ് ചെലവാക്കുന്നത്.

### കരാറുകാർക്ക് ഓരോ സാമ്പത്തിക വർഷവും നൽകിയ തുക

**210(550)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരാറുകാർക്ക് ഓരോ സാമ്പത്തിക വർഷവും എത്തുതുക വീതം കൊടുത്തുതീർത്തു ; നടപ്പു സാമ്പത്തിക വർഷം കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി

വച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പുസാമ്പത്തിക വർഷം മരാമത്ത് പണികൾ, ആസ്തി വികസന ഫണ്ട് ചെലവഴിച്ച് ചെയ്യുന്ന നിർമ്മാണ പണികൾ എന്നിവയ്ക്ക് ഭരണ, സാങ്കേതിക അനുമതി നൽകാതെ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടോ ;

(സി) എം. എൽ. എ. മാർ നിർദ്ദേശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന വർക്കുകൾക്ക് ധനകാര്യവകുപ്പ് ക്ലിയറൻസ് നൽകാതെ വരുന്നകാര്യം അറിയുമോ ; എങ്കിൽ അടിയന്തിര നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷം 1582.14 കോടി രൂപയും 2012-13 സാമ്പത്തിക വർഷം 2217.12 കോടി രൂപയും,2013-14 സാമ്പത്തിക വർഷം 1426.37 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ഇതുവരെയായി 1039.15 കോടി രൂപയുടെ ബില്ലുകൾ കൊടുത്തുതീർക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. കരാറുകാർ നിർമ്മാണപ്രവൃത്തികൾ നിർത്തി വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല.

(സി) എം.എൽ.എ. മാർ നിർദ്ദേശിക്കുന്നതനുസരിച്ച് ഭരണ വകുപ്പ് ശിപാർശ ചെയ്യുന്നതും മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുംവിധം സമർപ്പിക്കുന്നതുമായ പ്രവൃത്തി നിർദ്ദേശങ്ങൾക്ക് കാലതാമസം വരാതെ ക്ലിയറൻസ് നൽകാറുണ്ട്.

## ഉപധനാഭ്യർത്ഥനകൾവഴി ലഭിച്ച തുക ചെലവഴിക്കാൻ സാധിക്കാത്ത വകുപ്പുകൾ

**211 (551)** <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും നിയമസഭ പാസ്സാക്കിയ ഉപധനാഭ്യർത്ഥനവഴി ഓരോ വകുപ്പിനും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാൻ കഴിയാതെ പോയിട്ടുള്ളവ ഏതൊക്കെയാണെന്നതിന്റെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(ബി) ഉപധനാഭ്യർത്ഥനകൾവഴി ഏതെങ്കിലും വകുപ്പിന് ലഭിച്ച തുക അനുവദിച്ചുകിട്ടിയ വർഷംതന്നെ ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടു

ണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും ചെലവഴിക്കാതിരിക്കാൻ കാരണം എന്തായിരുന്നുവെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

ഉത്തരം

(എ&ബി) ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് ധനാഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും നിയമസഭ പാസ്സാക്കിയ ഉപധനാഭ്യർത്ഥനകൾവഴി ഓരോ വകുപ്പിനും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാൻ കഴിയാത്തതിന്റെ വിശദാംശങ്ങൾ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

**വിറ്റഴിക്കപ്പെടുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വാർഷിക കണക്കുകൾ**

**212 (552)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ഡീസൽ, പെട്രോൾ, മണ്ണെണ്ണ, പാചകവാതകം, എന്നിവയുടെ ഏറ്റവും ഒടുവിലത്തെ വാർഷിക കണക്കുകൾ ധനവകുപ്പിന് വിശദമാക്കാമോ ;

(ബി) ഇവ ഓരോന്നിൻെറയും ഉപഭോഗത്താൽ ശരാശരി എത്ര ശതമാനം വർദ്ധന ഓരോ വർഷവും സംസ്ഥാനത്തുണ്ടാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവ ഓരോ ഇനത്തിലും സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയ നികുതി ഇനത്തിൽ മുൻവർഷം(2013-14) ലഭിച്ച വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) ഇവ ഓരോ ഇനത്തിലും തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന നികുതി വരുമാനം വിശദമാക്കാമോ ;

(ഇ) ഓരോന്നിൻെറയും നിലവിലുള്ള നികുതി നിരക്കുകൾ വിശദമാക്കാമോ; ഇതിൽ സംസ്ഥാനം ഈടാക്കുന്ന അധികനികുതി നിരക്കെത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**കോൺട്രാക്ടർമാർക്ക് പ്രത്യേകമായി നികുതിയിളവ്**

**213 (553)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്ന കോൺ ട്രാക്ടർമാർക്ക് നൽകുന്ന നികുതി ഇളവുകൾ എന്തെല്ലാമാണ് ;

(ബി) ഈ വർഷം കൊണ്ടുവന്ന ഓർഡിനൻസ് വഴി കോൺട്രാക്ടർമാർക്ക് ലഭിക്കുന്ന നികുതി ഇളവുകൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കേ കോൺ ട്രാക്ടർമാർക്ക് പ്രത്യേകമായി നികുതിയിളവുകൾ നൽകിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കോൺട്രാക്ടർമാരുടെ നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി ഘടനയിൽ കേരള ധനകാര്യനിയമം 2014 പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്രവിൽപ്പന നികുതി നിയമങ്ങൾ കീഴിലുള്ള രജിസ്ട്രേഷനുള്ളവരോ സംസ്ഥാനത്ത് ചരക്കുകൾ കൊണ്ടുവരുമ്പോൾ മൊത്തം കരാർ തുകയുടെ 6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നുംവാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 6 (2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഗവൺമെന്റ് കരാറുകാരുടെ നികുതി കോമ്പൗണ്ടഡ് 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിച്ചിരുന്നു. ഇവർക്ക് യാതൊരുവിധ നികുതിയിളവുകളും ധനകാര്യ നിയമം 2014 പ്രകാരം നൽകിയിരുന്നില്ല.

(ബി&സി) 2014-ലെ ധനകാര്യനിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയെ ത്തുടർന്ന് ഓരോ പ്രാവശ്യവും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നികുതി നിർണ്ണയാധികാരി മുമ്പാകെ ഹാജരായി വാങ്ങൽ.

നികുതി കണക്കാക്കുന്നതിനുള്ള പ്രായോഗിക ബദ്ധിമുട്ടും മണ്ണ്, മണൽ, പാറ എന്നിവ വാങ്ങുമ്പോൾ ബില്ല് ലഭിക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടും കോൺട്രാക്ടർമാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഇതേത്തു ടർന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവുവരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള

വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കാരാർ പണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തിക്കൊണ്ട് ഓർഡിനസ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7% ആയും 4% എന്നത് 5% ആയും 3 ശതമാനം എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. വാങ്ങൽ നികുതി ഒഴിവാക്കിയതിനെ തുടർന്നുണ്ടാകാവുന്ന റവന്യൂ നഷ്ടം കോമ്പൗണ്ട് നികുതി 1% ഉയർത്തിയതിലൂടെ പരിഹരിക്കുമെന്നതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല.

## കൊയിലാണ്ടി മണ്ഡലത്തിലെ 2006-2011-ലെ എം.എൽ.എ-എസ്.ഡി.എഫ്.

**214 (554)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-11-ൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽനിന്നും ഏതെല്ലാം സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ നൽകി ; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) 2006-11 കാലയളവിൽ എം.എൽ.എ-എസ്.ഡി.എഫ്. നിന്നും കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം നടപ്പിലാക്കിയിട്ടുണ്ട് ; എത്ര രൂപ ഓരോ സ്കൂളിനും ചെലവഴിച്ചു ; വിശദ വിവരം നൽകാമോ ;

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു. * (അനുബന്ധം - I )

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു. * (അനുബന്ധം -II)

## 2014-ലെ മൂല്യ വർദ്ധിത നികുതി ഭേദഗതി ഓർഡിനസ്

**215 (555)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ മൂല്യവർദ്ധിത നികുതി ഭേദഗതി ഓർഡിനൻസ്

പുറപ്പെടുവിക്കാനിടയാക്കിയ അടിയന്തര സാഹചര്യം എന്തായിരുന്നു, വിശദമാക്കാമോ ;

(ബി) 2014-ലെ ധനകാര്യബില്ല് പരിഗണിച്ചിരുന്ന ഘട്ടത്തിൽ ഈ നിർദ്ദേശം പരിഗണിക്കാതിരുന്നത് എന്തു കൊണ്ടായിരുന്നു ;

(സി) ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന നികുതികൾ ഏതെങ്കിലും പിരിച്ചെടുക്കാൻ സാധിക്കാത്തത് കൊണ്ടാണോ ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായാണ്, സർക്കാരിന്റെ സമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അധിക ധനാഗമ മാർഗ്ഗങ്ങൾ ഓർഡിനൻസ് മുഖേന അടിയന്തരമായി നടപ്പിലാക്കിയത്.

(സി) അല്ല

## 2014 മാർച്ച് അവസാനത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ മൊത്തം ജീവനക്കാർ

**216 (556)** <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് അവസാനത്തെ കണക്കുകൾ പ്രകാരം വ്യത്യസ്ത കാറ്റഗറികളിലായി സംസ്ഥാനത്തെ മൊത്തം ജീവനക്കാർ എത്രയാണ് ;

(ബി) സ്റ്റേറ്റ് ഗവൺമെന്റ് സ്റ്റാഫ് എത്ര; കൺസോളിഡേറ്റ് പേ വാങ്ങുന്നവർ എത്ര ; ആൾ ഇന്ത്യ സർവ്വീസുകാർ എത്ര ; യു.ജി.സി.ക്കാർ എത്ര ; എ. ഐ. സി.ടി. ഇ. ക്കാർ എത്ര ; ജൂഡീഷ്യൽ സർവ്വീസുകൾ എത്ര ; അല്ലാത്തവർ എത്ര ;

(സി) ഗവൺമെന്റ് വകുപ്പുകളിലെ മൊത്തം സ്റ്റാഫുകൾ എത്ര ; പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്റ്റാഫ് എത്ര ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാന സർവ്വീസിലെ

ആകെ ജീവനക്കാരുടെ എണ്ണം 5,06,556 (അഞ്ച് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി അമ്പത്തിയാറ്)

(ബി) സ്റ്റേറ്റ് ഗവൺമെന്റ് ജീവനക്കാർ - 4,89,035

കൺസോളിഡേറ്റഡ് പേ വാങ്ങുന്നവർ - 876

ആൾ ഇൻഡ്യാ സർവ്വീസുകാർ - 238

യു.ജി.സി.ക്കാർ - 14364

എ.ഐ.സി.ടി.ഇ.ക്കാർ - 1503

ജുഡീഷ്യൽ സർവ്വീസുകാർ - 540

(സി) വിവിധ വകുപ്പുകളിലെ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ആകെ എണ്ണം 3,63,992 (മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് ഉം).

പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം1,42,564(ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി നാല്) ഉം ആണ്.

## 2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക

**217 (557)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഡെവലപ്മെൻറ് എക്സ്പെന്റിച്ചർ, നോൺ ഡെവലപ്മെൻറ് എക്സ്പെന്റിച്ചർ മൊത്തം റവന്യൂ എക്സ്പെന്റിച്ചർ ഇവ എത്ര കോടി രൂപ വീതമാണെ് ; വിശദ മാക്കാമോ ;

(ബി) സാമ്പത്തിക വർഷത്തിൻെറ ആദ്യപകുതി പിന്നിട്ടപ്പോൾ യഥാർത്ഥ ത്തിൽ ഇവ ഓരോന്നും എത്ര കോടി രൂപ വീതമായിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) 2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത റവന്യൂ എക്സ്പെന്റിച്ചർ തുകയുടെ എത്ര ശതമാനം തുക ആദ്യപകുതി വർഷം പിന്നിട്ടപ്പോൾ ചെലവായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സാമ്പത്തിക വർഷത്തെ റവന്യൂ ചെലവുകൾ, അതിലുൾപ്പെട്ട വികസനച്ചെലവുകൾ, വികസന ഇതര ചെലവുകൾ എന്നിവയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റും സാമ്പത്തിക വർഷത്തെ ആദ്യപകുതി പിന്നിട്ടപ്പോൾ ഓരോ ഇനത്തിലും ഉണ്ടായ ചെലവുകളും സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

<u>2014-15 സാമ്പത്തിക വർഷം</u>

| ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് | 2014 സെപ്റ്റംബർ വരെയുള്ള കണക്കുകൾ (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) |
|---|---|---|
| | | (രൂപ കോടിയിൽ) |
| (എ) റവന്യൂ അക്കൗണ്ടിലെ വികസന ചെലവുകൾ | 40,765.09 | 18,308.92 |
| (ബി) റവന്യൂ അക്കൗണ്ടിലെ വികസന ഇതര ചെലവുകൾ | 31,208.95 | 14,731.85 |
| ആകെ റവന്യൂ ചെലവുകൾ | 71,974.04 | 33,040.77 |

(സി) 2014-15 സാമ്പത്തിക വർഷത്തെ ആദ്യപകുതി പിന്നിട്ടപ്പോൾ റവന്യൂ ചെലവ് ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്തതിന്റെ 46 ശതമാനമായിട്ടുണ്ട്.

**നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ അധിക ജോലി**

**218 (558)** <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള നാഷണൽ സേവിംഗ്സ് ഏജന്റുമാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിൽ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിംഗ് ജോലികൂടി അവരുടെ ജോലിക്കൊപ്പം ചെയ്യുന്നതിന് ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വീട്ടിൽനിന്നും മറ്റൊരു വീട്ടിലെത്താൻ ചിലപ്പോൾ കിലോമീറ്ററുകളോളം നടന്നുപോയി കളക്ഷൻ എടുക്കുന്നവരാണ് നാഷണൽ സേവിംഗ്സ് ഏജന്റുമാർ എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വാട്ടർ മീറ്റർ റീഡിംഗ് എടുക്കുവാൻ സ്ത്രീകളും അബലകളായവരുമായ ഇവരെ നിയമിക്കാൻ കാരണമെന്തായിരുന്നു ; അറിയിക്കുമോ ; ഇപ്രകാരം ചെയ്യുന്നതിലൂടെ ദേശീയ സമ്പാദ്യ പദ്ധതി തകർക്കപ്പെടും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 2011 നവംബർ മാസം വരെ കേന്ദ്ര സർക്കാർ നൽകുന്ന കമ്മീഷനു പുറമെ സംസ്ഥാന സർക്കാർ അലവൻസും ബോണസ്സും നൽകിയിരുന്നു. കേന്ദ്ര സർക്കാരിന്റെ 25-11-2011 തീയതിയിലെ F1/12/2011-NS-II സർക്കുലർ പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ നൽകിവന്നിരുന്ന കമ്മിഷൻ നിർത്തലാക്കിയിരുന്നു. പിന്നീട് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പ്രവർത്തനം മറ്റു മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഏജന്റുമാരുടെ സേവനം മറ്റു മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരെ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിങ്ങിനായി നിയോഗിച്ചത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 16-6-2012 തീയതിയിലെ സ.ഉ.(സാധ) നമ്പർ 5933/2012/ധന ഉത്തരവ് അനുസരിച്ച് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പ്രവർത്തനം മറ്റു മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുന്നതിന്റെ ഭാഗമായാണ് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരെ വാട്ടർ മീറ്റർ റീഡിങ്ങിന് എടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇത്തരത്തിൽ അധിക ജോലി തൽപര്യമുള്ള ഏജന്റുമാർമാത്രം ചെയ്താൽ മതിയാകുന്നതാണ്. ഇപ്രകാരം ചെയ്യുന്നതിലൂടെ ദേശീയ സമ്പാദ്യ പദ്ധതി തകർക്കപ്പെടും എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നികുതിയിളവ്**

**219 (559)** <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം നികുതി വിഭാഗത്തിലാണ് ഇളവ് നൽകിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വിഭാഗത്തിനും നികുതിയിളവ് നൽകുന്നതിന് എന്താണ് കാരണങ്ങൾ എന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) ചില നികുതി ഇളവ് നൽകിയതിലും സാമ്പത്തിക ക്രമക്കേട് നടന്നതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഓരോന്നിലും എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് നികുതി വിഭാഗത്തിൽ ഇളവുകളൊന്നുംതന്നെ നൽകിയിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകിയ നികുതിയിളവുകൾ സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം 2-ആയി വയ്ക്കുന്നു. മറ്റ് വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുനൽകുന്നതാണ്.*

(ബി) ഭൂരിഭാഗം നികുതിയിളവുകളും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലൂടെയാണ് നൽകുന്നത്.

(സി & ഡി) കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത ഒരു കേസിൽ ചില ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് മുൻകാല പ്രാബല്യത്തോടെ കുറച്ചുകൊടുത്തതുമായി ബന്ധപ്പെട്ട് ഒരു ആരോപണം ഉന്നയിച്ചിരുന്നു. പ്രസ്തുത ആരോപണം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് പരിശോധിച്ചതിന് ശേഷം തള്ളുകയാണ് ഉണ്ടായത്.

## എക്സ്പെൻറിച്ചർ കമ്മിറ്റി റിപ്പോർട്ട്

**220 (560)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കുന്ന നികുതി വെട്ടിപ്പ് സംബന്ധിച്ച് എക്സ്പെൻറീച്ചർ കമ്മിറ്റി ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സർക്കാരിനോ മറ്റ് ഏജൻസി കൾക്കോ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) വാണിജ്യ വകുപ്പിലെ അപര്യാപ്തതകളും ചെക്ക്പോസ്റ്റുകളിലെ കാര്യക്ഷമമല്ലാത്ത പരിശോധനകളും സംബന്ധിച്ച് എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത് ;

(സി) മേൽപ്പറഞ്ഞകാര്യങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്,

(ഡി) ചെക്ക്പോസ്റ്റുകൾവഴി നികുതി വെട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, എങ്കിൽ അത് എത്ര ശതമാനം വരെയാണ് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടക്കുന്ന നികുതി വെട്ടിപ്പ് സംബന്ധിച്ച ശിപാർശ കളടങ്ങിയ റിപ്പോർട്ട് 3-ാം കേരള പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) വാണിജ്യ വകുപ്പിലെ അപര്യാപ്തതകളും ചെക്ക്പോസ്റ്റുകളിലെ കാര്യക്ഷമമല്ലാത്ത പരിശോധനകളും സംബന്ധിച്ച് പബ്ലിക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. സെയിൽസ് ടാക്സ് പ്രാക്ടീഷണർമാർ, നികുതി ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ വ്യാപാരികൾ കണക്കുകൾ കുറച്ചുകാണിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിന് കർശന നടപടികൾ കൈക്കൊള്ളണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

2. നികുതി അടയ്ക്കുന്നത് ഒഴിവാക്കുന്നതിനായി ചരക്ക് ഇല്ലാത്ത വണ്ടികളാണ് ചെക്ക്പോസ്റ്റ് വഴി കടന്നുപോകുന്നതെന്ന് വ്യാപാരികൾ പ്രസ്താവന നടത്തുന്നു. നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്ക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈ സേഷൻ എന്നിവയിലൂടെ ഇത്തരം പ്രവണതകൾ തടയാനും ഇതിലൂടെ വരുമാന വളർച്ച മെച്ചപ്പെടുത്തുവാനും കമ്മിറ്റി ശിപാർശ ചെയ്യുന്നു.

3. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ അടിയന്തരമായി നടപടി കൈകൊള്ളുവാനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

4. റബ്ബറിന്റെ ഉൽപാദനവും ഇതിൻമേലുള്ള വാറ്റ് ലഭ്യതയും തമ്മിൽ കടുത്ത അന്തരം നിലനിൽക്കുന്നതിനാൽ, റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി വെട്ടിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഇന്ധനവില സംസ്ഥാന നികുതി നിരക്കുകൾ**

**221 (561)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഒടുവിൽ കേന്ദ്ര സർക്കാർ ഇന്ധനവിലയിൽ നൽകിയ ഇളവുകൾ സംബന്ധിച്ച് വിശദമാക്കാമോ ; ഇന്ധന വിലയിൽ ഇളവ് ലഭിച്ചപ്പോൾ, സംസ്ഥാന നികുതി കൂട്ടുകയുണ്ടായോ ; എങ്കിൽ എത്ര ശതമാനം വർദ്ധന ഏർപ്പെടുത്തുകയുണ്ടായി ;

(ബി) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഓരോ ഇനം ഇന്ധനത്തിനും സംസ്ഥാന സർക്കാർ ഇപ്പോൾ ഈടാക്കുന്ന നികുതി നിരക്കുകൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) കേന്ദ്ര സർക്കാർ ഇന്ധന വില നിയന്ത്രണം എടുത്ത് കളഞ്ഞ സമയത്ത് ഇറക്കുമതി നിരക്ക് കുറഞ്ഞപ്പോൾ, ഡീസൽ വില മൂന്നര രൂപയോളം സംസ്ഥാനത്ത് കുറയുകയുണ്ടായോ ; ഇതിനനുസരിച്ച് നികുതി ഇളവ് നൽകാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായോ ; എന്നാൽ നികുതി നിരക്ക് കുറയ്ക്കുന്നതിന് പകരം സംസ്ഥാനത്ത് നികുതി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ വർഷം ഒടുവിൽ, അതായത് ഒക്ടോബർ, നവംബർ മാസങ്ങളിൽ പെട്രോളിന്റെ അടിസ്ഥാന വിലയിൽ ആകെ 3 തവണ കുറവ് വരുത്തിയിട്ടുണ്ട്. ഡീസലിനും ഒക്ടോബർ, നവംബർ മാസങ്ങളിൽ ആകെ 2 തവണ കുറവ് വരുത്തിയിട്ടുണ്ട്. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് പുനഃക്രമീകരിച്ചത് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പെട്രോളിന്റെ അടിസ്ഥാന വിലയിൽ 1-10-2014, 15-10-2014 എന്നീ തീയതികളിൽ യഥാക്രമം 0.54 രൂപയുടേയും 1.00 രൂപയുടേയും കുറവ് വരുത്തിയപ്പോൾ നികുതി നിരക്ക് 26.92% നിന്നും 27.42% ആയി പുനഃക്രമീകരിച്ചു. അവസാനമായി 1-11-2014-ന് 2.41 രൂപയുടെ കുറവ് വന്നപ്പോൾ നികുതി നിരക്ക് 27.42% നിന്നും 28.72% ആയി പുനഃക്രമീകരിച്ചിട്ടുണ്ട്. ഡീസലിന്റെ അടിസ്ഥാന

വിലയിൽ 19-10-2014-ന് 3.00 രൂപയുടെ കുറവ് വന്നപ്പോൾ നികുതി നിരക്ക് 19.80% ത്തിൽനിന്നും 21.04% ആയും 1-11-2014 ന് 2.25 രൂപയായി കുറച്ചപ്പോൾ 21.04% ത്തിൽനിന്നും 22.07% ആയും നികുതി നിരക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ പെട്രോളിന്റെ നികുതി നിരക്ക് 28.72%-ഉം ഡീസലിന്റേത് 22.07 ശതമാനവുമാണ്. പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് മൂല്യവർദ്ധിത നികുതി നിരക്ക് 5%-ഉം അല്ലാത്തവയ്ക്ക് 14.5%-ഉം ആണ്. ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന പാചക വാതകത്തിന് 5 ശതമാനവും ഗാർഹികേതര പാചകവാതകത്തിന് 14.5 ശതമാനവുമാണ് മൂല്യവർദ്ധിത നികുതി നിരക്ക്.

(സി) ഡീസലിന്റെ വില നിയന്ത്രണം കേന്ദ്ര സർക്കാർ എടുത്ത് കളഞ്ഞതിന് ശേഷം 19-10-2014 ന് എണ്ണക്കമ്പനികൾ ഡീസലിന്റെ അടിസ്ഥാന വിലയിൽ 3 രൂപയുടെ കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ ഡീസലിന്റെ വിൽപന നികുതി നിരക്ക് 19.80% ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്ക് 21.04 ശതമാനത്തിൽ നിന്നും 22.07 ആയി ഉയർത്തിക്കൊണ്ടാണ് പുനഃക്രമീകരിച്ചിട്ടുണ്ട്. അതിനാൽ ഇപ്രകാരം നികുതി നിരക്കിൽ ഉണ്ടായ വർദ്ധനവുവഴി കേന്ദ്ര സർക്കാർ/എണ്ണക്കമ്പനികൾ വില കുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ, അധിക നികുതി ഭാരം ഈ ഉൽപ്പന്നങ്ങൾ ക്കുമേൽ ചുമത്തപ്പെട്ടിട്ടില്ല.

**നികുതി പിരിവും നികുതി ഇളവുകളും**

**222 (562)** <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ നികുതി ഇനങ്ങളിലായി എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട് ; എത്ര കോടി

രൂപയായിരുന്ന പിരിച്ചെടുക്കേണ്ടിയിരുന്നത് ; ഇതിൽ പിരിച്ചെടുക്കാനുള്ളത് എത്ര ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) 2014-15 വർഷത്തിൽ ബഡ്ജറ്റ് നിർദ്ദേശമില്ലാതെ എത്രകോടി രൂപയാണ് അധികമായി (വിവിധയിനങ്ങളിൽ) സംസ്ഥാന സർക്കാർ നികുതി ചുമത്തിയത് ; വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധയിനങ്ങളിലായി നികുതിയിളവുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) ഇപ്രകാരം ഇളവുനൽകിയ ഇനങ്ങളുടെ കഴിഞ്ഞ മൂന്ന വർഷക്കാലത്തെ നികുതിയുടെ സ്റ്റേറ്റ്മെൻറ് നൽകുമോ ?

ഉത്തരം

(എ) 2011-12 മുതൽ 2014-15 (2014 സെപ്റ്റംബർ വരെ) വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും പ്രതീക്ഷിച്ച വരുമാനം, ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ്(crores) | പുതുക്കിയ എസ്റ്റിമേറ്റ്(crores) | അക്കൗണ്ട്സ് (യഥാർത്ഥ വരുമാനം) |
|---|---|---|---|
| 2011-12 | 26641.53 | 26446.28 | 25718.60 |
| 2012-13 | 32122.21 | 31702.44 | 30076.61 |
| 2013-14 | 38771.10 | 35542.96 | 31995.02 |
| 2014-15 | 42467.49 | --- | 16948.13(സെപ്റ്റംബർ വരെ) |

(ബി) കുടുംബാഗങ്ങൾ തമ്മിലുള്ള ധന നിശ്ചയം, ഭാഗ പത്രം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് മുദ്ര വിലയിലും രജിസ്ട്രേഷൻ ഫീസിലും ഉണ്ടായിരുന്ന

പരിധി നീക്കം ചെയ്തുകൊണ്ട് 24-ാം നമ്പരായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ 2014-15 സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പ് 100 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഫെയർ വാല്യൂ 50 ശതമാനം വർദ്ധിപ്പിച്ചതിനാൽ 270 കോടിയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

20 ലക്ഷത്തിന് മുകളിൽ വിലയുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതി വാഹന വിലയുടെ 20 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു വഴി ഏകദേശം 50 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

വാണിജ്യ നികുതി വകുപ്പിൽ 24/2014 നമ്പർ ഓർഡിനൻസ് പ്രകാരം കെയിസ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയറും വൈനും ഒഴികെയുള്ള വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽനിന്നും 135 ശതമാനമായും ബിയർ, വൈൻ എന്നിവയുടെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും 70 ശതമാനമായും ഉയർത്തിയിട്ടുണ്ട്. കൂടാതെ സിഗരറ്റിന്റെ നികുതി നിരക്ക് 22 ശതമാനത്തിൽനിന്നും 30 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വിദേശ മദ്യത്തിൽനിന്നും പ്രതിമാസം 75 കോടി രൂപയും ബിയർ, വൈൻ എന്നിവയിൽനിന്ന് പ്രതിമാസം 7.05 കോടി രൂപയും സിഗരറ്റിൽനിന്നും പ്രതിമാസം 20 കോടി രൂപയും അധിക വരുമാനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കപ്പെടുന്ന വിദേശ മദ്യത്തിന്റെ Consessional Tax Rate 65 ശതമാനത്തിൽനിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 40 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(സി) രജിസ്ട്രേഷൻ വകുപ്പിൽ താഴെപറയുന്ന പ്രധാന ഇളവുകൾ നൽകിയിട്ടുണ്ട് :

1. കേരള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്തി കുടുംബാംഗങ്ങൾ ക്കിടയില്ലുള്ള ഭാഗപത്രം, ധന നിശ്ചയം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് പരമാവധി 1000 രൂപ മുദ്രവില ഈടാക്കിയാൽ മതിയാകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. KHSB/GCDA എന്നിവയുടെ ആധാരങ്ങളെ ഫെയർ വാല്യൂ പ്രകാരമുള്ള

വർദ്ധിച്ച മുദ്ര/ഫീസിൽനിന്ന് ഒഴിവാക്കി.

3. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധന നിശ്ചയം, ദാനം ഒഴിമുറി എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വിലയുടെ 1% എന്നതിനു വിധേയമായി പരമാവധി 25,000-രൂപയായി കുറവുചെയ്തിരുന്നു. എന്നാൽ 8-10-2014-ലെ ഉത്തരവിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി 1% എന്നും ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപയെന്നത് ഒഴിവാക്കി 2% എന്നും ഭേദഗതി വരുത്തുകയുണ്ടായി. കൂടാതെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25000 എന്നത് ഒഴിവാക്കി വിലയുടെ 1% എന്നാക്കിയും ഭേദഗതി വരുത്തി.

4. KSHB- യുടെLand and Flats കളുടെ രജിസ്ട്രേഷന് 50% മുദ്രയിളവു നൽകി.

5. 1-4-2013 മുതൽ തീറാധാരങ്ങളുടെ മുദ്രനിരക്കിൽ 2% കുറവുവരുത്തി.

6. വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക വിദ്യാഭ്യാസ വായ്പകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായി ഒഴിവാക്കി.

7. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പേർക്ക് വസ്തു വാങ്ങുന്നതിനുള്ള തീറാധാരങ്ങളുടെ മുദ്രയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ ഇളവുകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## നികുതി കുടിശ്ശിക

**223 (563)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖജനാവിലേക്ക് നൽകേണ്ട നികുതി കുടിശ്ശികയാക്കിയവരിൽ, ഏറ്റവും കൂടുതൽ തുക നൽകേണ്ട ഇരുപത്തിയഞ്ച് പേരുടെ പേരുവിവരം വെളിപ്പെടുത്താമോ ;

(ബി) ഇവർ ഓരോരുത്തരും കുടിശ്ശിക വരുത്തിയ നികുതി തുക എത്ര കോടി രൂപ വീതമാണ് ?

ഉത്തരം

(എ) & ബി) വാഹന നികുതിയിനത്തിൽ കുടിശ്ശികയാക്കിയവരുടെ പേരുവിവരം അനുബന്ധം 1-ൽ ചേർക്കുന്നു.*

എക്സൈസ് കുടിശ്ശികയുള്ളവരുടെ പേര് വിവരം അനുബന്ധം 2-ൽ ചേർക്കുന്നു. മറ്റ് നികുതിയിനങ്ങളിൽ കുടിശ്ശിക വരുത്തിയവരുടെ പേര് വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ചെക്ക് പോസ്റ്റുകളിലെ നികുതി**

**224 (564)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനം നികുതി വർദ്ധനവാണ് ചെക്ക്പോസ്റ്റുകളിൽ ഉണ്ടായതെന്ന് വ്യക്തമാക്കുമോ ;

(ബി) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് ചെക്ക്പോസ്റ്റുകളിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമപ്രകാരമുള്ള രേഖകളില്ലാതെയോ ഉള്ള രേഖകളിലുള്ള പോരായ്മകളോ കാരണം നികുതി വെട്ടിപ്പ് സംശയിച്ച് അന്വേഷണത്തിന് മുന്നോടിയായി സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കാറുണ്ട്. ഇതിനുപുറമെ

നിഛ്ചയിക്കപ്പെട്ട ചരക്കുകളിൽ രജിസ്റ്റേഡ് വ്യാപാരികളിൽനിന്നും മുൻകൂർ നികുതിയും സ്വീകരിക്കാറുണ്ട്. ഇത് അവർ പിന്നീട് അടയ്ക്കേണ്ട നികുതി കണക്കാക്കുന്ന അവസരത്തിൽ തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്. 30-10-2014 വരെ ചെക്ക്പോസ്റ്റുകളിൽ നിന്നും ഇത്തരം പിരിവിൽ 10% വർദ്ധനയുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട എ ക്ലാസ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ച് സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാകുന്ന സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥംപിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നട്ടപ്പുണി, കൂട്ടപ്പുഴ, ബംഗ്ര-മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലും പരിസരത്തും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്ക്വാഡിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ 31-10-2014 വരെ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട 31918 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കേന്ദ്ര മൂല്യ വർദ്ധിത നിയമം**

**225 (565)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാരെ കേന്ദ്ര മൂല്യ വർദ്ധിത നിയമം 6 (2) പ്രകാരം ഒഴിവാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ, ഇത് വഴി എത്ര തുകയുടെ വരുമാന നഷ്ടം

ഉണ്ടാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ, വിശദമാക്കാമോ ?

<u>ഉത്തരം</u>

കേന്ദ്ര വിൽപ്പന നികുതി നിയമപ്രകാരം രജിസ്ട്രേഷനുള്ള കരാറുകാരുടെ 2013-14 ലെ കോമ്പൗണ്ടിംഗ് നികുതിനിരക്ക് പുറമേനിന്നു കൊണ്ടുവരുന്ന സാധനങ്ങൾക്ക്, വാങ്ങൽ വിലയിൽ ഷെഡ്യൂൾ നിരക്കും മൊത്തം കരാർ തുകയിൽ നിന്നും ഈ വാങ്ങൽ വില തട്ടിക്കഴിച്ച് ബാക്കി തുകയ്ക്ക് 3% നികുതിയുമായിരുന്നു.

കരാർപണിക്കാരുടെ 2013-14-ൽ നിലവിലുണ്ടായിരുന്ന കോമ്പൗണ്ടഡ് നികുതി ഘടനയിൽ നികുതി ചോർച്ചയ്ക്കുള്ള പഴുതുള്ളതായി ശ്രദ്ധയിൽപ്പെട്ട തിനെത്തുടർന്ന് കേരള ധനകാര്യ നിയമം 2014-ൽ ഭേദഗതി വരുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്ര വിൽപ്പന നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷനു ള്ളവരോ സംസ്ഥാനത്ത് ചരക്കുകൾ കൊണ്ടുവരുമ്പോൾ മൊത്തം കരാർതുകയുടെ 6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഗവൺമെന്റ് കരാറുകാരുടെ കോമ്പൗണ്ടഡ് നികുതി 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിക്കുകയുണ്ടായി.

ധനകാര്യനിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയെത്തുടർന്ന് ഓരോ പ്രാവശ്യവും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നികുതി നിർണ്ണയാധികാരി മുമ്പാകെ ഹാജരായി വാങ്ങൽ നികുതി കണക്കാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടും മണ്ണ്, മണൽ, പാറ എന്നിവ വാങ്ങുമ്പോൾ ബില്ല് ലഭിക്കാത്ത ബുദ്ധിമുട്ടും കരാർ പണിക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

ഇതേത്തുടർന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6 (2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർപണിക്കാരുടെ കോംമ്പൗണ്ടിംഗ് ഘടനയിൽ പുന:ക്രമീകരണം നടത്തി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7 % ആയും, 4 എന്നത് 5 ശതമാനമായും 3% എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ

ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല.

**സംയോജിത ചെക്ക്പോസ്റ്റ്**

**226 (566)** ശ്രീ. വി. ഡി. സതീശൻ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. പാലോട് രവി:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക്പോസ്റ്റിൻെറ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യനികുതി, എക്സൈസ്, മോട്ടോർ വാഹനവകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011-ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27-11-2012-മുതൽ അമരവിള ടോൾ ജംഗ്ഷനിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കു നീക്കം സുഗമവും വേഗത്തിലുമാക്കുക, തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന

ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദസമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ, മുത്തങ്ങ, ബംഗ്രാ-മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങാനും ലക്ഷ്യമിടുന്നു.

(ബി) വാഹന പരേശാധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കു വാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യക്ഷമമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാദ്ധ്യ മാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും.

(സി&ഡി) വാണിജ്യതികുതി, മോട്ടോർ വാഹന, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് നിലവിൽ സംയോജിത ചെക്ക്പോസ്റ്റുകളിൽ പ്രവർത്തിക്കുന്നത്. ടി വകുപ്പുകളുടെ ചെക്കുപോസ്റ്റുകൾ സംയോജിപ്പിക്കുക വഴി ഇവയുടെ പ്രവർത്തനം ഒരു കുടക്കീഴിലാക്കാനാകും ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും, വേഗത്തിലാക്കാനും അതുവഴി ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും. തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള

നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളെയെല്ലാം സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാ ക്കിയിട്ടുള്ള സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വാളയാറിൽ വാണിജ്യനികുതി, ട്രാൻസ്പോർട്ട്എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റ് സംയോജിപ്പിച്ച് ഒരു സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, മുത്തങ്ങ, ബംഗ്രാ, മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനും ലക്ഷ്യമിടുന്നു.

**പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി**

**227 (567)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രാളിനും ഡീസലിനും വില കൂട്ടിയ ഏതെല്ലാം ഘട്ടത്തിലാണ് സംസ്ഥാന സർക്കാർ നികുതി ഒഴിവാക്കിയത് ;

(ബി) സംസ്ഥാനം വിവിധ ഘട്ടങ്ങളിൽ ഒഴിവാക്കിയ നികുതി ഇപ്പോൾ പിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നികുതി ഇപ്പോൾ എത്രയാണ് ; പ്രസ്തുത നികുതി പിരിച്ചെടുക്കുന്നതു വഴി ഒരു വർഷം ശരാശരി എന്ത് തുക അധിക വരുമാനം പ്രതീക്ഷിക്കുന്നു ;

(സി) കേന്ദ്രം ഡീസലിനും പെട്രോളിനും വില കൂട്ടിയപ്പോൾ അത് സംസ്ഥാനം പരിഹരിക്കേണ്ടതില്ലെന്ന് തീരുമാനിച്ച സാഹചര്യം എന്തായിരുന്നു ; പ്രസ്തുത സാഹചര്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ടോ ; ഇല്ലെങ്കിൽ വേണ്ടന്ന് വച്ച നികുതി പൂർണ്ണമായും പിരിച്ചെടുക്കാനിപ്പോൾ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ എണ്ണക്കമ്പനികൾ 18 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി

നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയപ്പോൾ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്.

(ബി&സി) അവസാനമായി 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുന:ക്രമീകരിച്ചിട്ടുണ്ട്.

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (advalorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിന് മേൽ വില എന്തുതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം (advalorem) അടിസ്ഥാനത്തിൽ നികുതി ചമത്തുമ്പോൾ അടിസ്ഥാന വില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതുപോലെ തന്നെ അടിസ്ഥാനവില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/ കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു.

വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്നുവെച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തി യിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്.

**പെട്രോൾ, ഡീസൽ വില വർദ്ധനവും നികുതി ഒഴിവാക്കലും**

**228 (568)** <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ, ഡീസൽ വിലയിൽ ഉണ്ടായ വർദ്ധനയുടെ ഏതെല്ലാം

ഘട്ടത്തിലായിരുന്ന സംസ്ഥാന നികുതി ഒഴിവാക്കിക്കൊടുത്തിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഒഴിവാക്കിയിരുന്ന പ്രസ്തുത നികുതി പുനഃസ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ വിൽക്കുന്ന പെട്രോളിനും, ഡീസലിനും ഏതെല്ലാം നിരക്കുകളിൽ എത്ര ശതമാനം നികുതികൾ ഈടാക്കി വരുന്നുണ്ട് ; സംസ്ഥാന നികുതി എത്രയാണ് ;

(ഡി) പെട്രോൾ, ഡിസൽ, പാചക വാതകം, മണ്ണെണ്ണ തുടങ്ങിയവയുടെ നികുതി ഇനത്തിൽ 2011-12, 2012-13, 2013-14, ലും 2014 നാളിതുവരെയും സംസ്ഥാനത്തിന് ലഭിച്ച മൊത്ത നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ; 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയാണ് ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ എണ്ണക്കമ്പനികൾ 18 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയപ്പോൾ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്.

(ബി) അവസാനമായി 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 22.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് ക്രമീകരിച്ചിട്ടുണ്ട്.

(സി) 19-11-2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനവും ഡീസലിന്റേത് 22.07 ശതമാനവുമാണ്. ഇതിനു പുറമെ നികുതിയുടെ 1% സെസ്സും ഈടാക്കുന്നുണ്ട്.

(ഡി) 2013-14 വർഷം ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഡീസൽ | - | 2466.84 കോടി |
| പെട്രോൾ | - | 1728.47 കോടി |
| മണ്ണെണ്ണ | - | 28.71 കോടി |
| പാചക വാതകം | - | 213.56 കോടി |

2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന നികുതി വരുമാനം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഡീസൽ | - | 2760 കോടി |
| പെട്രോൾ | - | 1935 കോടി |
| മണ്ണെണ്ണ | - | 32 കോടി |
| പാചക വാതകം | - | 240 കോടി |

മറ്റു വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന നികുതി**

**229(569)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരോ പെട്രോളിയം ഉൽപന്നങ്ങൾക്കു മേലും സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം നികുതികളാണ് ചുമത്തിയിരുന്നതെന്നും ഓരോന്നും എത്ര ശതമാനം വീതമായിരുന്നതെന്നും അധികാരത്തിൽ വന്നതിനുശേഷം ഈ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നും അധിക നികുതികളോ സെസ്സോ ചുമത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ വർഷം ചുമതല ഏറ്റതിനുശേഷം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനെത്തുടർന്ന് എത്ര തവണയാണ് നികുതി ഇളവുകൾ വരുത്തിയതെന്നും, പ്രഖ്യാപിച്ച നികുതി ഇളവുകൾ എപ്പോഴാണ് പുനഃസ്ഥാപിച്ചതെന്നും വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ യഥാർത്ഥവിലയും അതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന നകുതിയും ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരമാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പെട്രോളിന്റെ നികുതി നിരക്ക് 29.01 ശതമാനവും ഡീസലിന്റേത് 24.69 ശതമാനവുമായിരുന്നു. കൂടാതെ, അടയ്ക്കേണ്ട നികുതിയ്ക്ക് മേൽ ഒരു ശതമാനം നിരക്കിൽ സോഷ്യൽ സെക്യൂരിറ്റി സെസ്സും ചുമത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എണ്ണക്കമ്പനികൾ/ കേന്ദ്ര സർക്കാർ പല തവണ പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ മാറ്റം വരുത്തിയിട്ടുണ്ട്. അടിസ്ഥാന വിലയിൽ മാറ്റം ഉണ്ടാകുമ്പോൾ മുമ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്കിൽ പുന:ക്രമീകരണം നടത്തിയിട്ടുണ്ട്. അടിസ്ഥാന വിലയിൽ കുറവ് ഉണ്ടാകുമ്പോൾ ഇപ്രകാരം റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തുന്നതിന് നികുതി നിരക്ക് പുന:ക്രമീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

16-11-2011-ന് എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 1.85 രൂപ കുറച്ചപ്പോൾ നികുതി നിരക്ക് 24.75% ൽ നിന്നും 25.44 ശതമാനമായി ക്രമീകരിക്കുകയുണ്ടായി. 1-12-2011-ന് 0.78 രൂപ കുറച്ചപ്പോൾ 25.44 ൽ നിന്നും 25.82 ശതമാനമായും, 3-6-2012 ന് 2.00 രൂപയും 29-6-2012-ന് 2.46 രൂപയും 9-10-2012-ന് 0.56 രൂപയും 16-11-2012-ന് 0.95 രൂപയും 1-11-2013-ന് 1.15 രൂപയും കുറച്ചപ്പോൾ നികുതി നിരക്ക് യഥാക്രമം 23.07% ൽ നിന്നും23.89% ഉം, 23.89% ൽ നിന്നും 24.97% ഉം 24.97%ൽ നിന്നും 25.23% ഉം 25.23 ൽ നിന്നും 25.68%ഉം, 25.68% ൽ നിന്നും 26.21% ഉം ആയി പുന:ക്രമീകരിക്കു കയുണ്ടായി. 1-4-2014, 16-4-14, 1-8-2014, 15-8-2014, 31-8-14 എന്നീ തീയതികളിൽ യഥാക്രമം 0.75 രൂപ, 0.70 രൂപ, 1.09 രൂപ, 1.08 രൂപ 1.49 രൂപയുടെ കുറവ് അടിസ്ഥാനവിലയിൽ വന്നപ്പോൾ നികുതി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി പുന:ക്രമീകരിച്ചു. 1-10-2014, 15-10-2014 എന്നീ തീയതികളിൽ യഥാക്രമം 0.54, 1.00 രൂപയുടെ കുറവ് വരുത്തിയപ്പോഴും നികുതി നിരക്ക് 26.92% ൽ നിന്നും 27.42% ആയി പുന:ക്രമീകരിച്ചു. അവസാനമായി 1-11-2014-ന് 2.41 രൂപയുടെ കുറവ് അടിസ്ഥാന വിലയിൽ വന്നപ്പോൾ നികുതി നിരക്ക് 27.42% ൽ നിന്നും 28.72 ശതമാനമായി പുന:ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന്റെ അടിസ്ഥാന വില എണ്ണക്കമ്പ നികൾ രണ്ട് പ്രാവശ്യം കുറവ് വരുത്തിയപ്പോൾ നികുതി നിരക്കിൽ പുന:ക്രമീകരണം

നടത്തിയിട്ടുണ്ട്.

| അടിസ്ഥാന വില കുറച്ച തീയതി | കുറവ്(Rs. Per.Ltr) | നികുതി നിരക്ക് (%) |
|---|---|---|
| 19-10-2014. നിന്നും | 3.00 | 19.80-ൽ നിന്നും 21.04 |
| 1-11-2014-ൽ | 2.25 | 21.04-ൽ നിന്നും 22.07 |

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരള പൊതു വിൽപ്പന നികുതി കൂടാതെ അടയ്ക്കേണ്ട നികുതിക്ക് മേൽ ഒരു ശതമാനം സെസ്സും ചുമത്തിയിട്ടുണ്ട്. ഇവയല്ലാതെ അധികനികുതി, സെസ്സ് എന്നിവയൊന്നും ടി ഉൽപ്പന്നങ്ങൾക്ക് ചുമത്തിയിട്ടില്ല.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് 4% മൂല്യ വർദ്ധിത നികുതിയും അല്ലാത്തവയ്ക്ക് 12.5 ശതമാനവും ആയിരുന്നു നികുതി നിരക്ക്. കേരള ധനകാര്യ നിയമം 2012 പ്രകാരം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിലെ പൊതു നിരക്കുകൾ 4 ശതമാനത്തിൽ നിന്നും 5 ശതമാനമായും 12.5 ശതമാനത്തിൽ നിന്നും 13.5 ശതമാനമായും വർദ്ധിപ്പിച്ചപ്പോൾ ടി ഉൽപ്പന്നത്തിന്റെ നികുതി നിരക്കും യഥാക്രമം 5%, 13.5 ശതമാനം ആയി വർദ്ധിക്കുകയുണ്ടായി. കേരളധനകാര്യ നിയമം 2013 പ്രകാരം 13.5 ശതമാനം എന്ന മൂല്യ വർദ്ധിത നികുതി നിരക്ക് 14.5 ശതമാനമായി ഉയർത്തിയപ്പോൾ ഗാർഹികേതര പാചക വാതകത്തിന്റെ നിരക്കും 14.5 ശതമാനമായി വർദ്ധിക്കുകയുണ്ടായി. പൊതുവിതരണ സമ്പ്രദായത്തിൽ കൂടി വിൽക്കപ്പെടുന്ന മണ്ണെണ്ണയ്ക്ക് 4 ശതമാനവും അല്ലാത്തവയ്ക്ക് 12.5 ശതമാനവും മൂല്യ വർദ്ധിത നികുതിയാണ് ബാധകമായിരുന്നത്. ഇത് 1-4-2012 മുതൽ മുൻ പറഞ്ഞ പ്രകാരം യഥാക്രമം 5%, 13.5% ആയി വർദ്ധിക്കുകയുണ്ടായി. 1-4-2013 മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ കൂടി അല്ലാതെ വിൽക്കപ്പെടുന്ന മണ്ണെണ്ണയുടെ നികുതി 14.5 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

മൂല്യ വർദ്ധിത നികുതി നിയമ പ്രകാരം നികുതി ചുമത്തുന്ന പാചക വാതകം, മണ്ണെണ്ണ എന്നിവയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു ശതമാനം സോഷ്യൽ സെക്യൂരിറ്റി സെസ്സ് ചുമത്തിയിരുന്നു. എന്നാൽ ഈ സർക്കാർ

അധികാരത്തിൽ വന്നതിന് ശേഷം കേരള ധനകാര്യ നിയമം 2012 പ്രകാരം 1-4-2012 മുതൽ മൂല്യ വർദ്ധിത നികുതിക്ക് മേൽ ചുമത്തിയിരുന്ന സെസ്സ് സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഇതിന് പുറമെ ഗാർഹിക ഉപയോഗത്തിനുള്ള എൽ.പി.ജി.യുടെ Direct benefit scheme പ്രകാരം ബാങ്കിൽ നിക്ഷേപിക്കുന്ന സബ്സിഡി തുകയ്ക്ക് മേലുള്ള വാറ്റ് നികുതിയും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 18 തവണ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ വർദ്ധനവ് ഉണ്ടായതിൽ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്കിൽ വരുത്തുന്ന പുന:ക്രമീകരണമല്ലാതെ നികതിയിളവുകൾ ഒന്നും ഈ മേഖലയിൽ നൽകിയിട്ടില്ല. മണ്ണെണ്ണ, പാചക വാതകം എന്നിവയ്ക്ക് നികുതിയിളവുകളൊന്നും നൽകിയിട്ടില്ല.

(സി) പെട്രോൾ, ഡീസൽ എന്നിവയുടെ റീട്ടെയിൽ വില ടാക്സബിൽ വല്യൂവിന്മേലുള്ള വിൽപ്പന നികുതി, സെസ്സ്, കമ്മിഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. ഇതിൽ ടാക്സബിൾ വാല്യൂ എന്നത് ഇന്ധനത്തിന്റെ അടിസ്ഥാന വില, എക്സൈസ് ഡ്യൂട്ടി, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ ഉൾപ്പെട്ടതാണ്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ യഥാർത്ഥവിലയും അതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന നികുതിയും ഇനം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## ജ്വല്ലറികളുടെ സ്വർണ്ണ സമ്പാദ്യ പദ്ധതി

**230(570)** <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജ്വല്ലറികളിൽ പൊതുജനങ്ങളിൽ നിന്നും സ്വർണ്ണ സമ്പാദ്യ പദ്ധതി എന്ന പേരിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം നിക്ഷേപ പദ്ധതികൾ ആരംഭിച്ച് നിക്ഷേപം സ്വീകരിക്കു

ന്നതിന് ജ്വല്ലറികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ എപ്രകാരമാണ് ജ്വല്ലറികൾ ഇത്തരം നിക്ഷേപ പദ്ധതികൾ നടത്തി വരുന്നതെന്ന് അറിയിക്കുമോ ;

(ഡി) അനുമതി ഇല്ലാതെ നിക്ഷേപ പദ്ധതികൾ നടത്തുന്ന ജ്വല്ലറികൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഇത്തരം നിക്ഷേപ പദ്ധതികൾ തുടങ്ങുന്നതിന് ജ്വല്ലറികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടില്ല. ജ്വല്ലറികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീരിച്ച് കാലാവധി പൂർത്തിയാകുമ്പോൾ സ്വർണ്ണമായി തിരികെ നൽകുകയാണ് ചെയ്തുവരുന്നത്. ജ്വല്ലറികളിലെ സ്വർണ്ണ സമ്പാദ്യ പദ്ധതികളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി വാണിജ്യ നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മിഷണർ(Admn.),രജിസ്ട്രേഷൻ ഐ.ജി യുടെ ഓഫീസിലെ ലീഗൽ ഓഫീസർ ഡെപ്യൂട്ടി ഇൻസ്പെക്ടർഭ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജ്വല്ലറികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയും കാലാവധി യാകുമ്പോൾ സ്വർണ്ണത്തിനു പകരം പലിശ സഹിതം പണമായി മടക്കിനൽകുന്നു ണ്ടോയെന്ന് ജ്വല്ലറികളുടെ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മിഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം നിക്ഷേപത്തുക പണമായി മടക്കി നൽകുന്നതായി ശദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ശദ്ധയിൽപ്പെടുന്ന മുറയ്ക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

## തുണിത്തരങ്ങളുടെ വിറ്റു വരവ്- ടേൺഓവർ ടാക്സ്

**231 (571)** <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുണിത്തരങ്ങളുടെ വിറ്റുവരവിൻമേൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയത് ഏതു തീയതി മുതലാണെന്നും ഇതുവഴി തന്നാണ്ടിൽ

എത്ര കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ വർഷത്തെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ ലഭിച്ച അധിക വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ടേണോവർ ടാക്സ് വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നും നൽകേണ്ടതുണ്ടോ ; ഉപഭോക്താക്കളിൽ നിന്നും ഇത് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1-4-2014 മുതലാണ് ടെക്സ്റ്റൈൽ ഇനങ്ങളുടെ മേൽ 2 ശതമാനം ടേൺഓവർ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും 100 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) രണ്ട് ശതമാനം ടേൺഓവർ ടാക്സ് ഉപഭോക്താക്കളിൽ നിന്നും പരിക്കുവാൻ വാറ്റ് നിയമത്തിൽ വ്യാപാരികൾക്ക് അനുമതി നൽകിയിട്ടില്ല. അപ്രകാരം നികുതി പരിച്ചതു സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

**ചെക്ക്പോസ്റ്റുകളുടെ നവീകരണം**

**232(572)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമല്ലാത്തത് നികുതി വരുമാനത്തിൻെറ കുറവിന് കാരണമായിട്ടുണ്ടോ ;

(ബി) ചെക്ക്പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ;

(സി) ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി ചരക്കുവാഹനങ്ങളുടെ പരിശോധന കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും സംയോജിത ചെക്ക്പോസ്റ്റ് എന്ന ആശയം മുൻനിർത്തി മോട്ടോർവാഹന, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് 2011-സെപ്റ്റംബറിൽ അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം നിലവിൽ വന്നു. സംസ്ഥാനത്തെ മറ്റ് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ ആര്യങ്കാവ്, വാളയാർ, വഴിക്കടവ്, മുത്തങ്ങ, ബംഗ്ര മഞ്ചേശ്വരം എന്നിവ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാണിജ്യ തിുകതി ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി മൊബൈൽ വെഹിക്കിൾ സ്കാനിംഗ് യൂണിറ്റ് സ്ഥാപിക്കുതിനുള്ള സാധ്യത പഠിക്കുന്നതിനായി 13-3-2014-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 208/2014/നി.വ. പ്രകാരം നികുതി വകുപ്പ് സെക്രട്ടറി ചെയർമാനായും, ഗിഫ്റ്റ് രജിസ്ട്രാർ കൺവീനറായും വാണിജ്യനികുതി കമ്മിഷണർ, എക്സൈസ് കമ്മിഷണർ, മോട്ടോർ വെഹിക്കിൾ കമ്മിഷണർ എന്നിവർ മെമ്പർമാരായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട എ-ക്ലാസ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നടുപ്പുണി, കൂട്ടുപ്പുഴ, ബംഗ്ര മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലും പരിസരത്തും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ട്രഷറി നവീകരണം**

**233(573)** <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറി നവീകരണത്തിൻെറ ഭാഗമായി എല്ലാ ട്രഷറികളിലും എ.ടി.എം. സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ് ;

(ബി) ഈ സാമ്പത്തിക വർഷം നടപടി പൂർത്തീകരിക്കുവാൻ സാധിക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും ഓൺലൈൻ വഴി ബന്ധിപ്പിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഇതുമൂലം ഒരു ട്രഷറിയിൽ ഇരുന്നുകൊണ്ട് മറ്റു ട്രഷറികളുമായി ഇടപാടുകൾ നടത്തുന്നതിന് ഉപഭോക്താക്കൾക്ക് സാധിക്കുമോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്ന വിഷയത്തിൽ 'കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്" നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് IT മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി നിർമ്മിക്കുന്ന ട്രഷറികളിലും നവീകരിക്കുന്ന ട്രഷറികളിലും ATM സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാക്കുകയും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിച്ചുള്ള ഒരു താൽക്കാലിക നെറ്റ് വർക്ക് സംവിധാനം (Virtual Private Network-VPN) ഇപ്പോൾ നിലവിലുണ്ട്. പൂർണ്ണമായ തലത്തിൽ ട്രഷറികളെ'ഓൺലൈൻ' ആയി ബന്ധിപ്പിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി 20-9-2014-ലെ സ.ഉ.(സാധാ)നമ്പർ7186/2014/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾ**

**234(574)** <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള നിക്ഷേപം മൊത്തം എത്ര കോടി രൂപയുടെതാണ് ; പൊതു മേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങി ഓരോ മേഖലയിൽ നിന്നുള്ള നിക്ഷേപങ്ങൾ എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതിന് മുൻവർഷം എന്ത് തുക ചെലവായിട്ടുണ്ട് നിലവിലുള്ള നിക്ഷേപങ്ങൾക്ക് തന്നാണ്ടിൽ നൽകേണ്ടിവരുന്ന പലിശ എത്രയായിരിക്കും ;

(സി) ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി നൽകിയ നിർദ്ദേശങ്ങൾ ഏതെല്ലാം തീയതികളിലായിരുന്നു ; നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ട്രഷറി ഡയറക്ടർ നൽകിയ കണക്കുകൾ പ്രകാരം 27-11-2014-ൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള മൊത്തം നിക്ഷേപം 15941.25 കോടി രൂപയാണ്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 5279.49 കോടി രൂപയും, ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം 628.49 കോടി രൂപയും, സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 139.24 കോടി രൂപയുമാണ്.

(ബി&സി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതിന് മുൻവർഷം ചെലവായ തുക 560.32 കോടി രൂപയാണ്. നിലവിലുള്ള നിക്ഷേപങ്ങൾക്ക് തന്നാണ്ടിൽ നൽകേണ്ടിവരുന്ന പലിശ 275.80 കോടി രൂപയായിരിക്കും.ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി 29-8-2009 തീയതിയിലെ സർക്കുലർ നമ്പർ 75/09/ധന., 6-1-2012 തീയതിയിലെ സർക്കുലർ നം.3/2012/ധന., 22-2-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 77/2014/ധന., 5-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 385/2014/ധന., 3-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 383/2014/ധന., എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**റിസർവ് ബാങ്കിലെ കണക്കുകൾ**

**235 (575)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഒക്ടോബർ 7 ന് സംസ്ഥാന ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപങ്ങൾ മൊത്തം എത്ര കോടിയായിരുന്നു ; ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

(ബി) ബോർഡുകളുടേയും കോർപ്പറേഷനുകളുടേയും നിക്ഷേപങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

(ഡി) ട്രഷറിയിലെ മൊത്തം നീക്കിയിരിപ്പ് തുക എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

(ഇ) 2014 ഒക്ടോബർ മാസത്തിൽ ഏതെല്ലാം ദിവസങ്ങളിൽ ട്രഷറി ഓവർഡ്രാഫ്റ്റിലായിരുന്നു. ഏതെല്ലാം ദിവസങ്ങളിൽ എത്ര തുക വീതം ഓവർഡ്രാഫ്റ്റിലായി ; വിശദവിവരം നല്കാമോ ?

<u>ഉത്തരം</u>

(എ) ട്രഷറി ഡയറക്ടർ നൽകിയ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 7 ന് സംസ്ഥാന ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപം 19046.20 കോടി രൂപയാണ്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 1171.09 കോടി രൂപയാണ്.

(ബി) ബോർഡുകളുടെ നിക്ഷേപം 1163.80 കോടി രൂപയും കോർപ്പറേഷനുകളുടെ നിക്ഷേപം 208.08 കോടി രൂപയുമാണ്.

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 1720.16 കോടി രൂപയാണ്.

(ഡി) റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 7 ന് 484.11 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപമുണ്ടായിരുന്നു.

(ഇ) 2014 ഒക്ടോബർ മാസത്തിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിട്ടില്ല.

**ചാത്തന്നൂർ ട്രഷറി കെട്ടിടം**

**236 (576)** <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ നിലവിലുള്ള സബ്ട്രഷറി കെട്ടിടം നാഷണൽ ഹൈവേയുടെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പൊളിച്ചു മാറ്റപ്പെടുമെന്നും, ഈ കെട്ടിടം കാലപ്പഴക്കം കൊണ്ടും അസൗകര്യങ്ങൾമൂലവും മാറ്റി സ്ഥാപിക്കേണ്ടതാണെന്നും ബോദ്ധ്യമുണ്ടോ ;

(ബി) എങ്കിൽ ചാത്തന്നൂരിൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി സൗജന്യമായി ലഭിച്ച ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ബോദ്ധ്യമുണ്ട്.

(ബി) ചാത്തന്നൂർ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ 1,25,93,379- രൂപയുടെ എസ്റ്റിമേറ്റ് ട്രഷറി ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പ് വർഷം ഈ പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കാനാകില്ല. കൂടാതെ ട്രഷറികളുടെ കെട്ടിടനിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചു വരികയാണ്.

**പട്ടാമ്പി മണ്ഡലത്തിലെ കൊപ്പത്ത് സബ്ട്രഷറി**

**237 (577)** <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിലെ കൊപ്പത്ത് ഒരു ട്രഷറി ആരംഭിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ വിശദമാക്കാമോ ?

<u>ഉത്തരം</u>

കൊപ്പം കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കണമെന്നുള്ള അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ട്രഷറി ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ചുവരുന്നതിനാൽ നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം തന്നെ കൂടുതൽ കാര്യക്ഷമവും വിപുലവും ആകുമെന്നതിനാലും, കൊപ്പത്ത് പുതിയ സബ് ട്രഷറി തുടങ്ങുന്നതിനു വേണ്ട ഭരണപരമായ അനിവാര്യത നിലവിലില്ലാത്തതിനാലും പുതിയ സബ് ട്രഷറി ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം**

**238(578)** <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ധനവകുപ്പിൻെറ ഉത്തരവുണ്ടായിരുന്നോ ; വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ട്രഷറിയിലേയ്ക്ക് നിക്ഷേപം മാറ്റിയിട്ടുണ്ട് എന്നും ഏതൊക്കെ സ്ഥാപനങ്ങൾ ഈ ഉത്തരവ് അനുസരിച്ചില്ല എന്നും വ്യക്തമാക്കുമോ ;

(സി) ധനഇടപാടുകൾ നടത്തുന്നതിന് പൂർണ്ണമായും സർക്കാരിൻെറ ഉടമസ്ഥതയിൽ ഒരു ബാങ്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പണം (തനത് ഫണ്ട്) ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു മേഖലാസ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന

സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin/ dated 27/3/2014). പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപം ആകർഷിച്ചികൊണ്ട് ജി.ഒ.(എം.എസ്). നമ്പർ121/2014/ധന. തീയതി 29-3-2014, ജി.ഒ.(പി)നമ്പർ 383/2014/ധന. 3-9-2014 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**കുന്ദമംഗലം സബ്ട്രഷറി**

**239(579)** <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലത്ത് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ സബ് ട്രഷറി പ്രവർത്തനമാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) സബ് ട്രഷറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കുന്ദമംഗലത്ത് ഒരു ഏകാംഗ ട്രഷറി പ്രവർത്തിച്ചിരുന്നു എന്നത് കണക്കിലെടുത്തും നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലും പുതുതായി സബ് ട്രഷറി ഓഫീസർ തസ്തിക ഒഴികെ മറ്റൊരു തസ്തികയും സൃഷ്ടിക്കയില്ലെന്നും അധികമായി വേണ്ടി വരുന്ന തസ്തിക പുനർ വിന്യാസം വഴി കണ്ടെത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ്ട്രഷറി ആരംഭിക്കുന്നതിന് സ.ഉ.(എം.എസ്.) 343/14/ധന. പ്രകാരം ഭരണാനുമതി തൽകിയിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 19-9-14 ലെ സ.ഉ. (പി) 400/14/ധന. പ്രകാരം നിയന്ത്രണമേർ പ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2015 മാർച്ചിന് ശേഷം മാത്രമേ സബ്ട്രഷറി ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിന് നിർവ്വാഹമുള്ളൂ.

**ട്രഷറികളിൽ എ.ടി.എം. കൗണ്ടർ**

**240 (580)** <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം കൗണ്ടറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് ഇറക്കിയിട്ടുള്ളത് ;

(സി) നാളിതുവരെ എത്ര എ.ടി.എം കൗണ്ടറുകൾ സ്ഥാപിച്ചു ; എവിടെയെല്ലാം ;

(ഡി) എ. ടി. എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) 14-12-2012-ലെ സ.ഉ.(സാധാ)നമ്പർ 10460/2012/ധന. പ്രകാരം സെക്രട്ടറിയേറ്റ് സബ്ട്രഷറിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പെൻഷൻ പേയ്മെന്റ് സബ്ട്രഷറികളിലും എ.ടി.എം. സ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 25-4-2013 ലെ സ.ഉ. (സാധാ)നമ്പർ 3818/2013/ധന. പ്രകാരം ടെണ്ടർ നടപടികൾ ആരംഭിക്കുവാനുള്ള ഭരണാനുമതിയും നൽകിയിരുന്നു. ദർഘാസ് നമ്പർ 9/2013 പ്രകാരം ദർഘാസ് പരസ്യം പുറപ്പെടുവിച്ചുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചില്ല. ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാക്കുകയും ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ ആരായുന്നതിനായി ഒരു 'കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്'' നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന IT മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം**

**241(581)** <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടതിൻെറ ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത്തരത്തിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി കുറവായതു കാരണം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കേരളാ ട്രഷറി കോഡ് കാലോചിതമായി പരിഷ്കരിച്ച് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) ട്രഷറികളിലെ പണമിടപാട് വ്യാപ്തിയുടെ (volume of transaction) അടിസ്ഥാനത്തിൽ ട്രഷറികളെ ഗ്രൂപ്പുകളായി തിരിച്ച് ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി(ഇംപ്രസ്റ്റ് പരിധി) വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

ട്രഷറി പണമിടപാടുകളിൽ ഭൂരിഭാഗവും ഓൺലൈനായി ഇലക്ട്രോണിക് പേയ്മെന്റ് വഴി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിന്റെ വെളിച്ചത്തിൽ, ആയതുകൂടി പരിഗണിച്ചാകും നിലവിലുള്ള ഇംപ്രസ്റ്റ് പരിധി വർദ്ധിപ്പിക്കുന്നതിനുള്ള അന്തിമ തീരുമാനം കൈക്കൊള്ളുക.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

**242(582)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലൻെറ് ഫണ്ടിൽ നിന്നും ഇതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കു കീഴിൽ ഓരോ ജില്ലയിലും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം രോഗം ബാധിച്ചവർക്കാണ് തുക അനുവദിച്ചതെന്നും ഓരോ വിഭാഗത്തിനും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷിച്ച് കാത്തിരിക്കുന്നവർ ഓരോ ജില്ലയിലും എത്ര പേർ വീതമുണ്ടെന്നും ഇവർ ഏതെല്ലാം

രോഗബാധിതരാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വിശദ വിവരം ആനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്.*

(സി) വിശദ വിവരം അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്.*

(ഡി) ക്യാൻസർ, ഹൃദ് രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ, ഹീമോഫീലിയ എന്നിവയുടെ ചികിത്സയ്ക്കായാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. വിശദ വിവരം അനുബന്ധം 3-ആയി ചേർത്തിട്ടുണ്ട്.*

**ലോട്ടറി മാഫിയകൾ**

**243 (583)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി മാഫിയകൾ സംസ്ഥാനത്ത് നടത്തുന്ന നിയമലംഘനങ്ങൾക്ക് അറുതി വരുത്താനും ശക്തമായി തടയുന്നതിനും ഉള്ള അധികാരം പൂർണ്ണമായും സംസ്ഥാന സർക്കാരിനുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അധികാരം നിക്ഷിപ്തമായിരിക്കുന്ന കേന്ദ്ര ഗവൺമെന്റിന് അത് നിറവേറ്റാൻ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തുമോ ;

(സി) അന്യ സംസ്ഥാന ലോട്ടറി നിരോധിക്കണമെങ്കിൽ സംസ്ഥാനം സ്വന്തം ലോട്ടറിയും നിരോധിക്കണമെന്ന നിലപാട് മുൻ കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ സ്വീകരിച്ചതിനെ തുടർന്നുണ്ടായ സുപ്രീംകോടതിയുടെ വിധിയും അതുണ്ടാക്കിയ ലോട്ടറി മാഫിയകൾക്കനുകൂലമായ സാഹചര്യവും മറികടക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ ; ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര ലോട്ടറി നിയമപ്രകാരം ലോട്ടറി മാഫിയകൾ നടത്തുന്ന നിയമ

ലംഘനങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും നിലവിൽ തീർപ്പ് കൽപ്പിക്കുവാനുള്ള നിയമലംഘനം സംബന്ധിച്ച കേസ്സുകളിൽ അന്തിമ വിധിവരുന്നതുവരെ നിയമലംഘനം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതും അത്തരക്കാരുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതും ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സംസ്ഥാനത്തിനനുകൂലമായ വിധി വരുന്ന പക്ഷം നിയമ ലംഘനം നടത്തുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

(ബി) അനധികൃതലോട്ടറി പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തി വരുന്നു.

(സി) ലോട്ടറി മാഫിയകളുടെ നിയമലംഘനങ്ങൾ തടയുന്നതിനും ലോട്ടറി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നതിനും ഒരു സംസ്ഥാനത്തിന്റെ ഭാഗ്യക്കുറികൾ മറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ ഒരു ഉഭയകക്ഷി കരാറിൽ ഒപ്പിടേണ്ടതാണെന്ന തരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സിക്കിം, ഭൂട്ടാൻ, ലോട്ടറി പ്രമോട്ടർമാർ സംസ്ഥാനത്ത് നടത്തിയ നിയമ ലംഘനങ്ങൾ യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള CBI കേസ്സുകളിൽ അന്തിവിധി വരുന്നതുവരെ അന്യ സംസ്ഥാന ലോട്ടറികൾക്ക് കേരളത്തിൽ പ്രവർത്തിക്കുന്നതിന് നിലവിലുള്ള നിരോധനം നീട്ടണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കാരുണ്യ പദ്ധതി

**244(584)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതിയിൽ ചികിത്സാ ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസംമൂലം രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) എല്ലാ ആശുപത്രികളേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സഹായകരമായ നിയമനിർമ്മാണം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ ;

(സി) കാരുണ്യ ബെനവലൻറ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ സംസ്ഥാന ഓഫീസിൽ ഇനിയും തീരുമാനമാകാതെ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) അക്രഡിറ്റേഷൻ ഇല്ലാതെ ആശുപത്രികളിൽ ചികിത്സ നടത്തിയതിൻെറ പേരിൽ തള്ളിക്കളഞ്ഞ അപേക്ഷകൾ പുനഃപരിശോധിച്ച് ബില്ലിൽ ഉള്ള തുകകൾ രോഗികൾക്ക്തന്നെ നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് അടിയന്തര ഘട്ടങ്ങളിൽ സർജറി ഉൾപ്പടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നൽകുന്നതാണ്. അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനു മുൻപ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നു.

സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള അപേക്ഷരുടെ അപേക്ഷ സംസ്ഥാന ആഫീസിലേക്ക് ശിപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ അടിയന്തരമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ ആതറൈസേഷൻ നൽകുന്നതാണ്. പ്രധാനപ്പെട്ട ആശുപത്രികളിൽ അടിയന്തര ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രസ്റ്റ് ഫണ്ട് നൽകിയിട്ടുണ്ട്. അപേക്ഷ പ്രോസ്സസ് ചെയ്യുന്നത് ഓൺലൈനായിട്ടായതിനാൽ കാര്യമായ കാലതാമസം ഉണ്ടാകാറില്ല.

(ബി) കാരുണ്യ ചികിത്സാ പദ്ധതിയിൽ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾ, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, എന്നിവിടങ്ങളിലും കൂടാതെ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റിജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ തുടങ്ങിയവയിലും ചികിത്സ തേടുന്നവർക്ക് മാത്രമെ ധനസഹായം നൽകിയിരുന്നുള്ളൂ. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതി ഗുണഭോക്താക്കൾക്കുകൂടി

ലഭ്യമാകണമെന്ന ഉദ്ദേശത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിനകം സംസ്ഥാനത്തെ 72 സർക്കാരിതര ആശുപത്രികൾ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ആശുപത്രികളിൽ പദ്ധതിയിൻ കീഴിൽ ചികിത്സ നടന്നു വരുന്നുണ്ട്.

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ക്യാഷ് ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വരുന്ന ആധുനിക സൗകര്യങ്ങൾ ഉള്ള കൂടുതൽ സർക്കാരിതര ആശുപത്രികളെക്കൂടി ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വരുന്നതാണ്.

(സി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അക്രെഡിറ്റേഷൻ ഇല്ലാത്ത ആശുപത്രികളിലെ ചികിത്സയ്ക്ക്, ഗുരുതരമായതും കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ രോഗങ്ങൾക്കുള്ള ധനസഹായം പ്രത്യേക അനുമതിയോടെ നൽകാറുണ്ട്.

**ലോട്ടറി രംഗത്തെ നൂതന കർമ്മ പദ്ധതികൾ**

**245 (585)** <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷൻെറ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) സർക്കാരിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുമുള്ള നടപടി കമ്മീഷൻെറ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ ;

(ഇ) പ്രസ്തുത കമ്മീഷൻെറ റിപ്പോർട്ട് എന്ന് ലഭ്യമാകും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന പ്രതിവാര ലോട്ടറികളുടെ വില 20 രൂപയിൽ നിന്നും 30 രൂപയായി വർദ്ധിപ്പിക്കുകയും സമ്മാനത്തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിപണിയിലെ ആവശ്യത്തിനനുസരിച്ച് ടിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രതിവാര ലോട്ടറികളുടെ പ്രിന്റിംഗ് നിരക്ക് വർദ്ധിപ്പിച്ച് 7 പരമ്പരകളിലായി 56 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ഏജന്റുമാർക്കുകൂടി ടിക്കറ്റ് ലഭ്യമാകുന്ന തരത്തിൽ ടിക്കറ്റ് വിതരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ലോട്ടറി വകുപ്പ് നടത്തിവരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന് ധനസമാഹരണം നടത്തുന്നതിനായി വ്യാഴാഴ്ച തോറും നറുക്കെടുത്തിരുന്ന പ്രതീക്ഷാ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്നാക്കി മാറ്റി അതിൽനിന്നുള്ള അറ്റാദായം കൂടി പദ്ധതിയിലേയ്ക്ക് കൈമാറി വരുന്നുണ്ട്. അനധികൃത ലോട്ടറിവ്യാപനം തടയുന്നതിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ സംസ്ഥാന ലോട്ടറി മോണിറ്ററിംഗ് സെല്ലും അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ മോണിറ്ററിംഗ് സെല്ലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന ലോട്ടറി വിൽപ്പനക്കാരുടെയും ഏജന്റുമാരുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് 13-12-2013 സർക്കാർ ഉത്തരവ് (സാധ.) നമ്പർ 973/2013.നി.വ. പ്രകാരം ശ്രീ.ഡി.പ്രേമചന്ദ്രനെ (റിട്ട. ജില്ലാ ജഡ്ജി) ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത്, വാണിജ്യ നികുതി വകുപ്പിൽനിന്നും ഭാഗ്യക്കുറി വകുപ്പിൽനിന്നും റിപ്പോർട്ട് വാങ്ങി പരിശോധിച്ചുവരുന്നു.

(സി)

1. ടിക്കറ്റ് വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന ആക്ഷേപം.

2. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി ഏജന്റ് കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത്.

3. ഒരേ നമ്പരിലുള്ള രണ്ടു ടിക്കറ്റുകൾ വിതരണം ചെയ്ത സംഭവം. ടിക്കറ്റ് പ്രിന്റിംഗിലേയും വിതരണത്തിലേയും നിലവിലുള്ള അപാകതകൾ.

4. ടിക്കറ്റ് വൽപ്പന മൂലം ലഭിക്കുന്നതുക യഥാസമയം ട്രഷറിയിൽ അടയ്ക്കാതിരിക്കുന്ന വീഴ്ച.

5. അന്യ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശ്രുഷ്കാന്തിയില്ലായ്മ.

(ഡി) കൂടുതൽ ലോട്ടറി ആരംഭിക്കുന്ന വിഷയം കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല.

(ഇ) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട്

**246(586)** <u>ശ്രീ. ബാബു. എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലൻറ് ഫണ്ടിലേക്ക് നാളിതുവരെ ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ ലഭിച്ച വരുമാനം എത്ര കോടി രൂപയാണ് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) എത്ര രോഗികൾക്ക് പ്രസ്തുത തുകയിൽ നിന്നും ചികിത്സാ ധസഹായം അനുവദിച്ചു ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ആകെ അനുവദിച്ച തുക എത്രയാണ് ;

(ഡി) സംസ്ഥാനത്തെ ഓരോ ആശുപത്രിക്കും ഇതുവരെ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഭാഗ്യക്കുറികളിൽ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ

രണ്ട് ഭാഗ്യക്കുറികളുടെ ലാഭമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നത്. കാരുണ്യ ഭാഗ്യക്കുറിയിൽ നിന്ന് 362.94 കോടി രൂപയും, കാരുണ്യപ്ലസ് ഭാഗ്യക്കുറിയിൽ നിന്ന് 78.39 കോടി രൂപയും ഇതുവരെ ലഭിച്ചിട്ടുണ്ട്. (ആകെ 441.33 കോടി രൂപ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ശീർഷകത്തിലേയ്ക്ക് 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ ബഡ്ജറ്റ് പ്രൊവിഷനായി ലഭിച്ച 475 കോടി രൂപയിൽ, 422 കോടി രൂപ വകുപ്പിൽ നിന്നും കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്.

(ബി) 13-11-2014 വരെ 48053 രോഗികൾക്ക് 527.27 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒറ്റതവണ ചികിത്സാ ധനസഹായമായി 15234 രോഗികൾക്കായി 4,57,02,000-രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 531.84 കോടി രൂപ 15-ാം സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽവരെ അംഗീകരിച്ച 527 കോടി രൂപയും ഒറ്റതവണ ചികിത്സയ്ക്കായി അനുവദിച്ച 4.57 കോടി രൂപയും അടക്കം.

(ഡി) വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## കാരുണ്യ ബെനവലന്റ് ഫണ്ട്

**247(587)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലൻറ് ഫണ്ടിൽ നിന്നും ഏതെല്ലാം അസുഖങ്ങൾക്ക വേണ്ടിയാണ് ചികിത്സാ ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും ഇതേവരെ അനുവദിച്ച ചികിത്സാ സഹായത്തിൻെറ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) മേജർ ശസ്ത്രക്രീയകൾക്കും ക്യാൻസർ രോഗ ചികിത്സകൾക്കും അല്ലാതെ മറ്റേതെങ്കിലും രോഗങ്ങൾക്ക് ഈ പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുവെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) അത്തരത്തിലുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ക്യാൻസർ ഹൃദ്രോഗം വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പടെയുള്ള ചികത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകി വരുന്നത്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പടെയുള്ള ചികിത്സ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്കും ധനസഹായം നൽകി വരുന്നു. ഹീമോഫീലിയ രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം ഫാക്ടർ മരുന്നുകൾ നൽകി വരുന്നു. ഓരോ ഹീമോഫീലിയ രോഗിക്കും പരമാവധി ചികിത്സാ ധനസഹായമായി 2 ലക്ഷം രൂപ അനുവദിച്ചു വരുന്നു. തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ 1 ലക്ഷം രൂപ കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഇതുകൂടാതെ വൃക്ക, രോഗികൾക്ക് ഡയാലിസിസിനായി ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസ് മുഖാന്തരമാണ്. ഹീമോഫീലിയ രോഗത്തിന്റെ ചികിത്സയ്ക്കുള്ള അപേക്ഷകൾ ജില്ലാതലത്തിലും, ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ടത് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഹെഡ് ഓഫീസിലാണ്. ഡയാലിസിസിലുള്ള അപേക്ഷകൾ ജില്ലാതലത്തിലും ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

**248(588)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലൻെറ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ലഭ്യമാകുമോ ;

(ബി) എങ്കിൽ അസുഖത്തിൻേറയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിലെ ചികിത്സയ്ക്ക് മുൻകൂർ അനുമതി നല്കുമോ ;

(സി) വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ സംവിധാനമോ, സൗകര്യമോ, ആശുപത്രികളോ ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ രോഗികൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ മംഗലാപുരത്ത് ചികിത്സാ സൗകര്യം അനുവദിക്കണമെന്ന ആവശ്യം നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയ്ക്ക് അകത്തോ പുറത്തോ ഉറപ്പുകൾ നൽകപ്പെട്ടിട്ടുണ്ടോ ;

(ഇ) കാരുണ്യ ബെനവലൻെറ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സാ സൗകര്യമൊരുക്കാൻ മംഗലാപുരത്തെ ഏതെല്ലാം ആശുപത്രികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികത്സാധനസഹായം നൽകുവാൻ വ്യവസ്ഥയില്ല.

(സി&ഡി) ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഉറപ്പുകളൊന്നും നൽകിയിട്ടില്ല.

(ഇ&എഫ്) ഇൻഡ്യാന ഹോസ്പിറ്റൽ മംഗലാപുരം കാരുണ്യ ചികിത്സാ സൗകര്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലേയ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളിലും മംഗലാപുരം, കോയമ്പത്തൂർ, വെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ മികച്ച ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു

വരുന്നു.

## പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി

**249(589)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി നിരക്കിൽ ബഡ്ജറ്റിൽ നിർദ്ദേശം അനുസരിച്ചു വരുത്തിയ മാറ്റം എന്തായിരുന്നു ; അത് വഴി തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ് ; തന്നാണ്ടിന്റെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്ര ?

<u>ഉത്തരം</u>

2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം പേപ്പർ ലോട്ടറി നറുക്കെടുപ്പിന്മേലുള്ള നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രതിവാര ഭാഗ്യക്കുറികളുടെ നികുതി തുക 30 ലക്ഷത്തിൽ നിന്നും 50 ലക്ഷമായും ബമ്പർ ലോട്ടറികളുടേത് 60 ലക്ഷത്തിൽ നിന്നും 1 കോടി രൂപയായും 2014 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി 2014-15 സാമ്പത്തിക വർഷത്തിൽ 74,20,000- രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ 37,40,00,000- രൂപ അധിക വരുമാനമായി സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്.

## ഓൺലൈൻ ലോട്ടറി

**250 (590)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓൺലൈൻ ലോട്ടറി നിയന്ത്രിച്ചുകൊണ്ടുള്ള സർക്കാർ നടപടി കേരള ഹൈക്കോടതി ശരിവെച്ചതിനെതിരെ സുപ്രീംകോടതിയിൽ വന്ന ഹർജികൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഹർജികളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു ; സുപ്രീംകോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഓൺലൈൻ ലോട്ടറി നിരോധനമോ, നിയന്ത്രണമോ ഉണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) C.A.No.3518/2007 (ആൾ കേരള ഓൺലൈൻ ലോട്ടറി ഡീലേഴ്സ് അസോസിയേഷൻ Vs. സ്റ്റേറ്റ് ഓഫ് കേരള ആന്റ് അദേഴ്സ്.)

C.A.No.3519/2007(സ്റ്റേറ്റ് ഓഫ് സിക്കിം ആന്റ് അദേഴ്സ് Vs. സ്റ്റേറ്റ് ഓഫ് കേരള ആന്റ് അദേഴ്സ്.)

(ബി) സംസ്ഥാനത്ത് നിലവിലുള്ള ഓൺലൈൻ ലോട്ടറി നിരോധനം നിലനിർത്തുന്നതിനാവശ്യമായ നിലപാടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സ്വീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി നിരോധനം നിലവിലുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ കാരുണ്യ ബെനവലന്റ് ഫണ്ട്**

**251 (591)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ 2011-2012, 2012-2013, 2013-2014, 2014-2015 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും നടപ്പിലാക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും മാവേലിക്കര താലൂക്കിൽ ധനസഹായം ലഭിച്ച വ്യക്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനായി ലെയ്സൺ ഓഫീസർമാരെ നിയമിച്ച മാനദണ്ഡത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് വകുപ്പുതലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ ആശുപത്രികളിൽ നിന്നോ സ്വകാര്യ ആശുപത്രികളിൽ നിന്നോ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) കാരുണ്യ പദ്ധതി സംബന്ധിച്ച് പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പാക്കിയിട്ടുണ്ട്.

(സി) ഉത്തരം(എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) പരിഗണനയിലില്ല.

**അന്യസംസ്ഥാന ലോട്ടറി നിയന്ത്രണം**

**252 (592)** <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി നിയന്ത്രണ നിയമത്തിലെ നാലാം വകുപ്പ് പ്രകാരം പാലക്കാട്ടെ വാണിജ്യ നികുതി അസിസ്റ്റന്റ് കമ്മീഷണർ 2006 ഒക്ടോബർ 27-ന് നൽകിയ നോട്ടീസിനെതിരെ ബഹു. ഹൈക്കോടതിയിൽ നിന്നുണ്ടായ വിധിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വിധിക്കെതിരെ 2007-ൽ സുപ്രീംകോടതിയിൽ സർക്കാർ നൽകിയ ഹർജിയിൽ ഉണ്ടായ വിധിയുടെ പകർപ്പ് ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ, വിധിയെ തുടർന്ന് സ്വീകരിച്ച നടപടി എന്താണ് ; പ്രസ്തുത വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കാനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് എവിടെയാണെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 30-3-2007-ലെ W.A.(C)No.101/2007(A)-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ നിയമം) 1998-ന്റെ സെക്ഷൻ 4 പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ മേഘ ഡിസ്ട്രിബ്യൂട്ടേഴ്സ് ഉടമ ശ്രീ. ജോൺ കെന്നടിക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് പാലക്കാട് വാണിജ്യ നികുതി അസിസ്റ്റന്റ് കമ്മീഷണർക്ക് അധികാരമില്ലെന്ന് വിധിച്ചിരുന്നു.

(ബി) ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അന്യ സംസ്ഥാന ലോട്ടറികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. അന്യ സംസ്ഥാന ലോട്ടറികളുടെ വിൽപ്പന അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ ലോട്ടറി നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും നാഗാലാന്റ് ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് M/s. ഫ്യൂച്ചർ ഗയ്മിംഗ് സൊല്യൂഷൻസ് (പ്രൈ.) ലിമിറ്റഡ് എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളുടെ ഫലമായി കേന്ദ്ര സർക്കാർ സിക്കിം ലോട്ടറികളുടെ വിൽപ്പന രണ്ട് വർഷത്തേയ്ക്ക് സംസ്ഥാനത്ത് നിരോധിച്ചിരുന്നു. പ്രസ്തുത നിരോധനം നീട്ടികിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. കൂടാതെ ഭൂട്ടാൻ ലോട്ടറി, ഇതു സംബന്ധിച്ച CBI കേസ്സുകളുടെ അന്വേഷണം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ലോട്ടറി മാഫിയകളുടെ നിയമ ലംഘനങ്ങളും തടയുന്നതിനും ലോട്ടറി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നതിനും ഒരു സംസ്ഥാനത്തിന്റെ ഭാഗ്യക്കുറികൾ മറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ ഒരു

ഉഭയകക്ഷി കരാറിൽ ഒപ്പിടേണ്ടതാണെന്നതരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്ന വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുവാനുള്ള അധികാരം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമാണെങ്കിലും ലോട്ടറി നിരോധിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. കൂടാതെ അന്യ സംസ്ഥാന ലോട്ടറികളുടെ അനധികൃത വിൽപ്പന തടയുന്ന കാര്യത്തിൽ ജില്ലാതല/സംസ്ഥാനതല മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടുണ്ട്.

**ജസ്റ്റിസ് പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്**

**253 (593)** ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിശ്ചയിച്ച ജസ്റ്റിസ് പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്മീഷൻ റിപ്പോർട്ടിൻെറ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെചേർക്കുന്നു:

1. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി കമ്മീഷൻ തിരിമറി

നടത്തുന്നത് തടയുന്നതിനായി, ഏജന്റുമാർക്ക് നൽകുന്ന ടിക്കറ്റുകൾ എങ്ങിനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ കണ്ടാൽ നടപടി സ്വീകരിക്കാനുമുള്ള അധികാരം ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് നൽകുക.

2. ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരെയും, കമ്പ്യൂട്ടർ, കൗണ്ടിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളും അനുവദിക്കുക. ഓഫീസുകളിൽ വിദഗ്ദ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് നടത്തുക.

3. അനധികൃത ലോട്ടറികളുടെ വിൽപ്പന കേരളത്തിൽ തടയുന്നതിനായി പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തുന്നതിനും അനധികൃത ലോട്ടറികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നിയമ നിർമ്മാണം നടത്തുകയും ചെയ്യുക.

4. ടിക്കറ്റുകളുടെ അച്ചടിയിൽ ഉണ്ടാകുന്ന പിശകുകൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ പ്രസ്സുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി ടിക്കറ്റിന്റെ അച്ചടി നടത്തുക.

5. അനധികൃത ലോട്ടറികളുടെ വിൽപ്പന ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുക.

(സി) കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെയും, വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, നടപടികൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) കമ്മീഷൻ റിപ്പോർട്ട് സർക്കാർ ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെയും വാണിജ്യനികുതി കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരികയാണ്. റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**മങ്കടയിൽ കെ.എസ്.എഫ്.ഇ.യുടെ ബ്രാഞ്ച്**

**254 (594)** <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മങ്കടയിൽ കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മങ്കടയിൽ കെ.എസ്.എഫ്.ഇ ബ്രാഞ്ച് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) ബ്രാഞ്ച് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

**ആം ആദ്മി ഇൻഷ്വറൻസ്**

**255 (595)** <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആം ആദ്മി ഇൻഷ്വറൻസ് കേരളത്തിൽ എങ്ങനെയാണ് നടപ്പിലാക്കുന്നത്, ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണ്, എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതു വഴി ലഭിക്കുന്നത് ?

<u>ഉത്തരം</u>

സാമൂഹിക സുരക്ഷാ പദ്ധതിയായാണ് ആം ആദ്മി ബീമാ യോജന ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏജൻസി കേരള (ചിയാക്) എൽ.ഐ.സി.യുമായി ചേർന്നാണ് ഈ പ്രീമിയം രഹിത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിവിധ മേഖലകളിൽപ്പെട്ട കുടുംബങ്ങൾക്കാണ് ആം ആദ്മി ബീമാ യോജന പദ്ധതിയിൽ അംഗത്വത്തിന് അർഹതയുള്ളത്. അപേക്ഷകൻ 18-നും 59-നും വയസ്സിന് ഇടയ്ക്കുള്ള ആളായിരിക്കണം. കേന്ദ്ര

സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഗ്രാമീണ നിർധനരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗുണഭോക്താവ് അപകടത്തിൽ മരിക്കുകയോ സ്ഥിരമായ അംഗവൈകല്യം (കണ്ണ്, കൈകാൽ,) സംഭവിക്കുകയോ ചെയ്താൽ 75,000-രൂപയും ഭാഗിക അംഗവൈകല്യത്തിന് 37,500-രൂപയും സ്വാഭാവിക മരണത്തിന് 30,000-രൂപയും ആനുകൂല്യം ലഭിക്കുന്നതാണ് ടി പദ്ധതി. കൂടാതെ 9 മുതൽ 12 ക്ലാസ്സ് വരെ (ഐ.ടി.ഐ.ഉൾപ്പടെ) പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം100-രൂപ വീതം (ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക്) സ്കോളർഷിപ്പ് ലഭിക്കുന്നു. സ്കോളർഷിപ്പ് തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വഴിയാണ് ലഭ്യമാക്കുന്നത്.

## കോഴിക്കോട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർമാരുടെ ഒഴിവുകളും മുദ്രപത്രങ്ങളുടെ ലഭ്യതയും

**256(596)** <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും എവിടെയൊക്കെയാണ് ഒഴിവുകളെന്നും എത്രപേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) 10, 20, 50 രൂപയുടെ മുദ്രപത്രങ്ങൾ കിട്ടാനില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പതിനേഴ് സ്റ്റാമ്പ് വെണ്ടർമാരുടെ ഒഴിവുകളാണുള്ളത്.

| | <u>ഒഴിവുകൾ ഉള്ള സ്ഥലങ്ങൾ</u> | |
|---|---|---|
| 1 | സബ്ട്രഷറി, ഫറോക്ക് | 3 |
| 2 | എ.എസ്.ടി. കോഴിക്കോട് | 2 |
| 3 | സബ് ട്രഷറി, പേരാമ്പ്ര | 2 |

| | | |
|---|---|---|
| 4 | സബ്ട്രഷറി, പയ്യോളി | 1 |
| 5 | സബ്ട്രഷറി,കൊയിലാണ്ടി | 1 |
| 6 | ജില്ലാട്രഷറി, കോഴിക്കോട് | 1 |
| 7 | ജില്ലാ ട്രഷറി, താമരശ്ശേരി | 2 |
| 8 | സബ്ട്രഷറി, കൊടുവള്ളി | 1 |
| 9 | സബ്ട്രഷറി,ബാലുശ്ശേരി | 1 |
| 10 | സബ്ട്രഷറി, വടകര | 3 |

ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**ലീഗൽ സർവ്വീസസ് അതോറിറ്റി**

**257(597)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസ്സുകൾക്ക് അന്തിമതീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതി കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്.

(ബി) കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക. വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) അദാലത്തിൽ ഇരു കക്ഷികളുടേയും സമ്മതപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ ലീഗൽ സർവ്വീസസ് ആക്ട്, 1987 ലെ 21-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അന്തിമമായിരിക്കും. അത്തരം തീർപ്പുകൾക്ക് മേൽ അപ്പീലുകൾ നിലനിൽക്കുന്നതല്ല. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്, 1987-ലെ 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതോ, അല്ലെങ്കിൽ സേവനത്തിൽ നിന്നും വിരമിച്ചതോ ആയ ജുഡീഷ്യൽ ഓഫീസർ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരു കക്ഷികളുടെയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്.

(ഡി) ജൂൺ 2011 മുതൽ സെപ്റ്റംബർ 2014 വരെ 12040 അദാലത്തുകൾ നടത്തുകയും 122768 കേസുകൾ തീർപ്പാക്കുകയും ചെയ്തു.

## നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

**258(598)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ (NUALS)ഏതെങ്കിലും വൈസ് ചാൻസലർ പെൻഷൻ തുക ശമ്പളത്തിൽ കുറവു ചെയ്യാതെ മൊത്തമായി വാങ്ങിയിരുന്നോ ; ചാൻസലറുടെ നിർദ്ദേശപ്രകാരം അധിക ശമ്പളം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചിരുന്നോ ; എങ്കിൽ ഇതു സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) NUALS- ലെ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമന രീതി എന്താണ് ; സംവരണ തത്വം പാലിക്കാറുണ്ടോ ; ഇക്കാര്യത്തിൽ ബാക്ക് ലോഗ് ഉണ്ടോ ;

(സി) ചാൻസലറുടെ നിയമന ഉത്തരവിലെ വ്യവസ്ഥ പ്രകാരം വൈസ് ചാൻസലർക്ക് അനുവദനീയമായ അവകാശ അവധികൾ ഏതെല്ലാം ;

(ഡി) ഡോ. എൻ. ബാലു വൈസ് ചാൻസലർ ആയിരിക്കെ എത്ര അവധികൾ എടുത്തിട്ടുണ്ട്. വിശദവിവരം നൽകാമോ ?

ഉത്തരം

(എ) നുവാൽസിലെ വൈസ് ചാൻസലർ-മാരായിരുന്ന ഡോ.എസ്.ജി. ഭട്ടിനും ഡോ.എൻ.കെ.ജയകുമാറിനും പെൻഷൻ തുക അടിസ്ഥാന ശമ്പളത്തിൽ കുറവ് ചെയ്യാതെയാണ് നൽകിയിരുന്നത്. ഈ വിഷയത്തിൽ ബഹു. ചാൻസലറുടെ നിർദ്ദേശപ്രകാരമുള്ള തുടർ നടപടികൾ സർവ്വകലാശാലാ സ്വീകരിച്ചുവരികയാണ്.

(ബി) നുവാസിലെ ടീച്ചിംഗ്, നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ നിയമന രീതിനുവാൽസ് ആക്ടും റെഗുലേഷനുമനുസരിച്ചാണ് നടത്തുന്നത്. 2006-ൽ റഗുലേഷൻസ് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് സർവ്വീസിലുണ്ടായിരുന്ന എല്ലാ ജീവനക്കാരെയും റഗുലേഷൻസ് പ്രാബല്യത്തിൽ വന്നതിനുശേഷം റഗുലറൈസ്

ചെയ്യുകയാണുണ്ടായത്. തുടർന്നുള്ള എല്ലാ നിയമനങ്ങളും സംവരണതത്വം പാലിച്ചാണ് നടത്തുന്നത്. റഗുലറൈസ് ചെയ്യുക വഴി ഉണ്ടായിട്ടുള്ള ബാക്ക് ലോഗ് വരും നിയമനങ്ങളിൽ പരിഹരിക്കുന്നതാണ്.

(സി) ചാൻസലറുടെ ഉത്തരവ് പ്രകാരം വൈസ് ചാൻസലറായ ഡോ. ബാലുവിന് പ്രതിവർഷം 20 ദിവസത്തെ കാഷ്വൽ ലീവും മൊത്തം കാലാവധിയിൽ രണ്ട് മാസത്തെ ശൂന്യവേതനാവധിയുമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) ഡോ. കെ. ബാലു 2013-ൽ 20 ക്വാഷ്വൽ ലീവും ചാൻസലറുടെ ഉത്തരവോടെ 35 ശൂന്യവേതന അവധിയും എടുത്തിട്ടുണ്ട്. 2014-ൽ ജനുവരി മുതൽ ഏപ്രിൽ വരെ 10 കാഷ്വൽ ലീവും എടുത്തിട്ടുണ്ട്.

**സാഫല്യം ഭവന പദ്ധതി**

**259 (599)** <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയുടെ നിർമ്മാണ പുരോഗതി എതു ഘട്ടത്തിലാണെന്നും പസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചുവോ ; വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന നിർമ്മാണ പദ്ധതിയിൽ 48 കുടുംബങ്ങൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിന്റെ റൂഫ് സ്ലാബ് വാർക്കുകയും ഒന്നാം നിലയുടെ ചുമരുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തു. രണ്ടാംനിലയുടെ ചുമരിന്റെ പണിയും വാട്ടർ ടാങ്കിന്റെ പണിയും നടന്നുവരുന്നു. ഈ പദ്ധതിയുടെ നിർമ്മാണം 31-12-2014-നുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പൂർത്തികരിച്ചിട്ടില്ല. പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഭൂ-ഭവനരഹിതരും ദുർബലവിഭാഗക്കാരുമായ വ്യക്തികളുടെ ലിസ്റ്റിൽ നിന്നും ഇതുവരെ 40 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 8 ഗുണഭോക്താക്കളുടെ ലിസ്റ്റുകൂടി സമീപ

പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സമീപ പഞ്ചായത്തുകളിലെ അപേക്ഷകർക്ക് മുൻഗണന നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**ഭവന വായ്പ**

**260(600)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ളവർക്ക് 4% പലിശയിൽ ഭവന വായ്പ നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് നൽകുന്നത് ; ഏത് മാർഗ്ഗത്തിലൂടെയാണ് തുക കണ്ടെത്തുന്നത് ; എത്ര പേർക്ക് ഈയിനത്തിൽ തുക അനുവദിച്ചിട്ടുണ്ട് ?

ഉത്തരം

പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന "സൗഭാഗ്യ ഭവന പദ്ധതി" സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബ്ബല വരുമാന വിഭാഗക്കാർക്ക് 4% പലിശയ്ക്ക് ഭവന വായ്പ അനുവദിക്കുന്ന പദ്ധതിയാണ് പരിശോധനയിലുള്ളത്. ഇതിൻ പ്രകാരം ദുർബ്ബല വരുമാന വിഭാഗക്കാർക്ക് ഹഡ്കോയിൽ നിന്ന് വായ്പയെടുത്ത് ഹഡ്കോയുടെ നിബന്ധനകൾക്ക് വിധേയമായി 2.5 ലക്ഷംരൂപ വീതം വായ്പ അനുവദിക്കാനാണ് വിഭാവനം ചെയ്യുന്നത്.

**ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളാൻ സ്വീകരിച്ച നടപടികൾ**

**261(601)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത എത്രപേരുടെ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതു വർഷം വരെയുള്ള വായ്പകളാണ് സർക്കാർ എഴുതി തള്ളിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളാൻ സർക്കാർ തയ്യാറാവുമോ എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 38384 മൈത്രി ഗുണഭോക്താക്കളുടെ 28,000-രൂപയുടെ വായ്പയും, രോഗികളും അശരണരുമായവരുടെ വ്യക്തിഗത വായ്പാ ഇനത്തിൽ 38 പേരുടെ 3 ലക്ഷം രൂപവരെയുള്ള വായ്പാ കുടിശ്ശിക തുകയും എഴുതിത്തള്ളുകയുണ്ടായി.

(ബി) മൈത്രി വിഭാഗത്തിൽ 2006 വരെയുള്ള വായ്പയും, രോഗികളും അശരണരുമായ വ്യക്തിഗത വായ്പാ ഇനത്തിൽ 2000 വർഷം വരെയുള്ളതുമായ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.

(സി) 20-5-2009-ലെ സ.ഉ. (എം.എസ്) നമ്പർ 21/2009/ഭവനം എന്ന ഉത്തരവിലൂടെ 1977 മുതൽ 1996 വരെ നടപ്പിലാക്കിയ ദുർബ്ബല വിഭാഗത്തിൽപ്പെട്ട 15 ഭവന വായ്പാ പദ്ധതികളിലെ മുഴുവൻ ഗുണഭോക്താക്കളുടെയും വായ്പാ ബാദ്ധ്യത സർക്കാർ എഴുതിത്തള്ളുകയുണ്ടായി. ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ മൈത്രി ഭവന പദ്ധതി പ്രകാരം ഭാഗീകമായി മാത്രം വായ്പാ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പാ കുടിശിക എഴുതിത്തള്ളുന്ന കാര്യം പരിശോധിച്ചു വരുന്നു.

**ഭവന നിർമ്മാണ ബോർഡിന്റെ വിഭവ സമാഹരണത്തിനുള്ള പദ്ധതികൾ**

**262(602)** <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിഭവ സമാഹരണത്തിന് ഈ സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാലിക്കിയെന്നും, ഏതെല്ലാം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

I. 2014-15 വർഷത്തെ സർക്കാർ ബജറ്റിലൂടെ തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾ

1. ഗൃഹശ്രീ ഭവന പദ്ധതി
2. സാഫല്യം ഭവന പദ്ധതി
3. ഇന്നോവേറ്റീവ് ഭവന പദ്ധതി-പൂജപ്പുരയിൽ ഫേസ് 4 ആയി 24 ഫ്ലാറ്റുകളുടെ നിർമ്മാണം
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ
5. ഹരിപ്പാട് റവന്യൂ ടവർ പദ്ധതി

II. മറ്റു പദ്ധതികൾ (ബജറ്റ് വിഹിതമില്ലാത്ത പദ്ധതികൾ)

1. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികൾ
2. സാന്ത്വനം വാടക വീട് പദ്ധതി

ഈ പദ്ധതികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല.

## മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എടുത്ത വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി

**263(603)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. മജീത് റഷീദ, വടയനാട്, പാണാവള്ളി, ചേർത്തല എന്നയാൾ മൈത്രി L.I.6 ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി CM/483/96-ാം നമ്പർ പ്രകാരം എടുത്ത വായ്പയുടെ കുടിശ്ശിക, ദുർബ്ബല പിന്നോക്ക വിഭാഗങ്ങളുടെ ഗണത്തിൽപ്പെടുത്തി എഴുതിത്തള്ളണം എന്നുള്ള അപേക്ഷയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; അപേക്ഷകന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രസ്തുത ലോൺ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മൈത്രി ഭവന പദ്ധതി പ്രകാരം ഭാഗീകമായി മാത്രം വായ്പ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ശ്രീ.മജീദ് റഷീദയുടെ അപേക്ഷ പരിശോധിക്കുന്നതിനായി

ടിയാനും കുടുംബവും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണോ എന്ന സാക്ഷ്യ പത്രം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ലഭ്യമാക്കി അടയന്തിരമായി ഹാജരാക്കുവാൻ ചേർത്തല തഹസീൽദാർ ഓഫീസിൽ നിന്ന് 10-7-2008-ലെ ബി2-16/03/മിസ നമ്പർ കത്ത് പ്രകാരം ടിയാനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല എന്ന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മൈത്രി ഭവന പദ്ധതി പ്രകാരം മുഴുവൻ വായ്പാ ഗഡുക്കളും കൈപ്പറ്റി വീടു പണി പൂർത്തിയാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പ 8-11-2011-ലെ സ.ഉ(എം.എസ്) നമ്പർ 34/2011/ഭവനം പ്രകാരം എഴുതി നമ്പർ തള്ളിയിട്ടുണ്ട്. എന്നാൽ ഭാഗീകമായി മാത്രം വായ്പ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളുന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

**സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

**264 (604)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഭവന നിർമ്മാണ ബോർഡ് 2013-14, 2014-15 വർഷത്തിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകി ; പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകാമോ ;

(സി) 2013-14 2014-15 വർഷത്തിൽ എത്ര പേർക്ക് എത്ര തുക വീതം ആകെ വായ്പ അനുവദിച്ചു ; വിശദാംശം നൽകുമോ ;

(ഡി) ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നു :

1. സുരക്ഷാ ഭവന പദ്ധതി
2. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി
3. എം.എൻ. ലക്ഷം വീട് മേൽക്കൂര പുതുക്കിപ്പണിയുന്ന പദ്ധതി

4. ഗൃഹശ്രീ ഭവന പദ്ധതി
5. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം
6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
7. വാടക വീട് പദ്ധതികൾ
8. സാഫല്യം ഭവന നിർമ്മാണ പദ്ധതികൾ
9. സായൂജ്യം ഭവന പദ്ധതി
10. സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിലുള്ള തീരദേശ ഭവന നിർമ്മാണ പുനരധിവാസ പദ്ധതി (CHRP)
11. റവന്യൂ ടവർ പദ്ധതി
12. ഭൂവികസന പദ്ധതി
13. പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ

(ബി) ഭവന നിർമ്മാണ ബോർഡ് 2013-14, 2014-15 വർഷത്തിൽ നിർമ്മിച്ച നൽകിയ വീടുകളുടെ പ്രോജക്റ്റ് സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

**1. സുരക്ഷാ പദ്ധതി** - ഈ പദ്ധതി പ്രകാരം നാളിതുവരെ സർക്കാരിൽ നിന്നും 10.80 കോടി രൂപ അനുവദിക്കുകയും അതിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ 122 വീടുകൾക്ക് 30.50 ലക്ഷം രൂപയും, 2014-15 സാമ്പത്തിക വർഷത്തിൽ 12 വീടുകൾക്ക് 3 ലക്ഷം രൂപയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ജില്ല | സബ്സിഡി നൽകിയ വീടുകളുടെ എണ്ണം | |
|---|---|---|---|
| | | 2013-14 | 2014-15 |
| സുരക്ഷാ പദ്ധതി | തിരുവനന്തപുരം | 60 | 12 |
| | കൊല്ലം | 32 | .... |
| | കാസർഗോഡ് | 30 | .... |
| | ആകെ | 122 | 12 |

**2. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി** - ഈ പദ്ധതി പ്രകാരം നാളിതുവരെ സർക്കാരിൽ നിന്നും 56 കോടി രൂപ അനുവദിക്കുകയും അതിൽ നിന്നും 2013-14-ൽ 142 വീടുകൾക്ക് 129.75 ലക്ഷം രൂപയും, 2014-15-ൽ 51 വീടുകൾക്ക് 39.25 ലക്ഷം രൂപയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ജില്ല | സബ്സിഡി നൽകിയ വീടുകളുടെ എണ്ണം | |
|---|---|---|---|
| | | 2013-14 | 2014-15 |
| എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി | തിരുവനന്തപുരം | 30 | 30 |
| | കൊല്ലം | 0 | .... |
| | ആലപ്പുഴ | 26 | .... |
| | പത്തനംതിട്ട | 0 | .... |
| | കോട്ടയം | 0 | .... |
| | ഇടുക്കി | 0 | .... |
| | എറണാകുളം | 21 | .... |
| | തൃശ്ശൂർ | 23 | .... |
| | പാലക്കാട് | 0 | .... |
| | മലപ്പുറം | 18 | .... |
| | കോഴിക്കോട് | 12 | 21 |
| | വയനാട് | 0 | .... |
| | കണ്ണൂർ | 0 | .... |
| | കാസർഗോഡ് | 12 | .... |
| | ആകെ | 142 | 51 |

3. എം.എൻ.ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതി- ഈ പദ്ധതി പ്രകാരം 2011-12-ൽ സർക്കാരിൽ നിന്നും 1.50 കോടി രൂപ അനുവദിക്കുകയും അതിൽ നിന്നും 2013-14-ൽ 190 വീടുകൾക്ക് 19 ലക്ഷം രൂപയും 2014-15-ൽ 156 വീടുകൾക്ക് 15.60 ലക്ഷം രൂപയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ജില്ല | സബ്സിഡി നൽകിയ വീടുകളുടെ എണ്ണം | |
|---|---|---|---|
| | | 2013-14 | 2014-15 |
| എം.എൻ. ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണി | തിരുവനന്തപുരം | | 76 |
| | എറണാകുളം | 148 | 80 |

ചെയ്യുന്ന പദ്ധതി

| | | |
|---|---|---|
| മലപ്പുറം | 42 | ... |
| ആകെ | 190 | 156 |

4. ഗൃഹശ്രീ പദ്ധതി- ഈ പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 525 വീടുകൾക്കുള്ള സബ്സിഡിയായി 10.50 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി സബ്സിഡി തുക ഉപയോഗിച്ച് നാളിതുവരെ 168 വീടുകളുടെ പണി പൂർത്തീകരണത്തിനായി 4-ാം ഗഡു അനുവദിച്ചിട്ടുണ്ട്. ടി 168 പേരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | ജില്ല | സബ്സിഡി നൽകിയ വീടുകളുടെ എണ്ണം |
|---|---|---|
| | | 2013-14 |
| ഗൃഹശ്രീ പദ്ധതി | തിരുവനന്തപുരം | 58 |
| | കൊല്ലം | 50 |
| | ആലപ്പുഴ | 16 |
| | പത്തനംതിട്ട | 9 |
| | കോട്ടയം | 3 |
| | ഇടുക്കി | 8 |
| | എറണാകുളം | 5 |
| | തൃശ്ശൂർ | 2 |
| | പാലക്കാട് | 0 |
| | മലപ്പുറം | 4 |
| | കോഴിക്കോട് | 3 |

| | |
|---|---|
| വയനാട് | 2 |
| കണ്ണൂർ | 7 |
| കാസർ ഗോഡ് | 1 |
| ആകെ | 168 |

2014-15 വർഷത്തിൽ ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 14.19 കോടി രൂപ ഉപയോഗപ്പെടുത്തി ഭവന രഹിതരായ 709 പേർക്ക് ആനുകൂല്യം അനുവദിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

2013-14 വർഷം പൂർത്തിയാക്കിയ മറ്റു പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | ഫ്ലാറ്റുകൾ | |
|---|---|---|---|
| | | 2013-14 | 2014-15 |
| 1 | പണ്ഡിറ്റ്സ് കോളനി കവടിയാർ ഹൈറ്റ്സ് തിരുവനന്തപുരം | 36 | |
| 2 | ഇന്നോവേറ്റീവ് കോഴിക്കോട് ഫേസ് I (മെഡിക്കൽ കോളേജിനു സമീപം) | 24 | |
| 3 | ഇന്നോവേറ്റീവ് കോഴിക്കോട് ഫേസ് II (മെഡിക്കൽ കോളേജിനു സമീപം) | 16 | |
| 4 | ദേവികുളം ഗവ.എംപ്ലോയീസ് ക്വാർട്ടേഴ്സ് ഇടുക്കി | 6 | |

| | | | | |
|---|---|---|---|---|
| 5 | ഇന്നോവേറ്റീവ് ഫേസ് II കുട്ടനെല്ലൂർ, തൃശ്ശൂർ | ... | 24 | 24 |
| 6 | ഇന്നോവേറ്റീവ് ഫേസ് III കുട്ടനെല്ലൂർ, തൃശ്ശൂർ | ... | 24 | 24 |
| 7 | RHS കാസർഗോഡ് ഫേസ് II | ... | 12 | 12 |

(സി) 2013-14, 2014-15 വർഷത്തിൽ ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം വായ്പ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ഡി) ബോർഡിന്റെ കൈവശം ഉപയോഗശൂന്യമായ സ്ഥലങ്ങളൊന്നും തന്നെ ഇല്ല.

**ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപറേഷൻ**

**265 (605)** ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാർപ്പിട വികസനത്തിന് സഹായകരമാകും വിധം കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 19-7-2013-ന് 1956-ലെ കമ്പനീസ് ആക്ട് പ്രകാരം സംസ്ഥാനത്ത് പൊതു മേഖലയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ്

ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു.

(ബി) നാഷണൽ ഹൗസിംഗ് ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തി സംസ്ഥാനത്തെ ഭവനനിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഭവനനിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്.

(സി&ഡി) പാർപ്പിട വികസനത്തിന് സഹായകരമാകും വിധം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഷെൽട്ടർ ഫണ്ട് (അഭയ നിധി), സാങ്കേതിക വികസന നിധി (ടെക്നോളജി ഇന്നൊവേഷൻ ഫണ്ട്) എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.

## ഗൃഹശ്രീ ഭവന പദ്ധതി

**266 (606)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്രരേഖയ്ക്ക് താഴെ വരുമാനമുള്ളവരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനപദ്ധതിയിൽ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനായി ആരെയാണ് ഏൽപ്പിക്കുന്നത് ;

(ബി) തിരിച്ചടവ് ഇല്ലാത്ത പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(സി) ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിൽ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള ചുമതല അതാത് ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്.

(ബി) 22-11-2014 വരെ ഗൃഹശ്രീ ഭവന പദ്ധതിയിൽ ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ള സർക്കാർ ഇതര സംഘടനകളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) ഗൃഹശ്രീ ഭവന പദ്ധതിയിലെ ഓരോ ഗുണഭോക്താവിനും 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡിയായി നൽകുന്നു.

(ഡി) ഗൃഹശ്രീ ഭവന പദ്ധതിയുടെ നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ 15 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സംസ്ഥാന ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ

**267 (607)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇത്തരം ഏതെങ്കിലും പുതിയ പദ്ധതികൾ പ്രസ്തുത ബോർഡിൻെറ പരിഗണനയിലുണ്ടോ ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി കുറഞ്ഞ പലിശ നിരക്കിൽ ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാന ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് 5-9-2013-ലെ ജി.ഒ.(എം.എസ്) 23/2013/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**വരുമാനം കുറഞ്ഞവർക്കായുള്ള ഭവന വായ്പാപദ്ധതി**

**268 (608)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുമാനം കുറഞ്ഞവർക്ക് കുറഞ്ഞ ശതമാനം പലിശ നിരക്കിൽ ഭവന വായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ? ;

ഉത്തരം

(എ&ബി) വരുമാനം കുറഞ്ഞവർക്ക് കുറഞ്ഞ ശതമാനം പലിശ നിരക്കിൽ ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടില്ല.

**സംസ്ഥാനത്തെ വിവിധ ഭവന പദ്ധതികൾ**

**269 (609)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന്റെ വിവിധ ഭവന പദ്ധതികളായ ' സാഫല്യം ' 'ഗൃഹശ്രീ' 'സങ്കേതം' പഞ്ചായത്തുകളുമായി ചേർന്നുള്ള 'കാരുണ്യ' എന്നിവ പ്രകാരം സംസ്ഥാനത്ത് എത്ര ഭവനങ്ങളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടെന്നും എത്ര ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും, എത്ര ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ മുന്നൊരുക്കങ്ങൾ പൂർത്തിയായി എന്നുമുള്ള വിവരം അറിയിക്കുമോ ?

ഉത്തരം

സാഫല്യം ഭവന പദ്ധതി:

സാഫല്യം ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലൂടെ 240 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. 2-ാം ഘട്ടത്തിലൂടെ 114 ഫ്ളാറ്റുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. 72 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന തിനുള്ള പ്രപ്പോസൽ

പരിശോധിച്ചു വരുന്നു.

ഗൃഹശ്രീ ഭവന പദ്ധതി:

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 525 വീടുകൾക്കുള്ള സബ്സിഡിയായി 10.50 കോടിരൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി സബ്സിഡി തുക ഉപയോഗിച്ച് നാളിതുവരെ 168 വീടുകളുടെ പൂർത്തീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ട് ബാക്കിയുള്ള 357 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ ഭവന പദ്ധതിക്കായി 14.19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗപ്പെടുത്തി ഭവന രഹിതരായ 709 പേർക്ക് ആനുകൂല്യം അനുവദിക്കുന്നതാണ്.

സങ്കേതം ഭവന പദ്ധതി:

സങ്കേതം ഭവന പദ്ധതിയുടെ സാമ്പത്തിക ഘടനയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്തുകളിൽ നിന്നും അനുയോജ്യമായ ഭൂമി ലഭിച്ചിട്ടില്ല.

കാരുണ്യ ഭവന പദ്ധതി

കാരുണ്യ ഭവന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പഞ്ചായത്തുകളുമായി പ്രാഥമിക ചർച്ചകൾ ഭവനനിർമ്മാണ ബോർഡ് നടത്തി.

## സർക്കാർ ഉദ്യോഗസ്ഥരുടെ ഭവന വായ്പ

**270 (610)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യാഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിനും സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(ബി) എസ്. ബി. ഐ. ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാന ബാങ്കുകൾ പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാർക്ക് വായ്പ നൽകുന്നതിൽ വിമുഖത കാണിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകണമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാരിലേക്ക് പണയ പ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്തു കൊണ്ട് സ.ഉ(പി) നമ്പർ 436/91/ധന തീയതി, 31-7-1991, സ.ഉ(പി)നമ്പർ 76/2008/ധന തീയതി, 11-2-2008, സ.ഉ(പി)നം.87/2013/ധന തീയതി, 18-2-2013 എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭ.നി.വായ്പയും അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെ അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ) വരെയുള്ള തുക അധിക വായ്പയായി എടുക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് 31-5-2014-ലെ സർക്കുലർ നമ്പർ 52/2014/ധന. പ്രകാരം എസ്.ബി.ഐ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**അഫോർഡബിൾ ഹൗസിംഗ് സ്കീം**

**271 (611)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഫോർഡബിൾ ഹൗസിംഗ് സ്കീമിന് രൂപം നൽകിയിട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കീം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എല്ലാവർക്കും ഭൂമി, വീട്, എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സ്കീമിൻെറ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(സി-ഡി) സുരക്ഷിതവും ഭദ്രവുമായ പാർപ്പിടം മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണെന്ന കാഴ്ചപ്പാടിൽ "എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്" എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ഒരു പുതിയ ഭവന പദ്ധതിയായ അഫോർഡബിൾ ഹൗസിംഗ് സ്കീം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ നഗര പ്രാന്തപ്രദേശങ്ങളിലും അർദ്ധ നഗര പ്രദേശങ്ങളിലും ഉള്ള പാവപ്പെട്ടവരുടേയും താഴ്ന്ന വരുമാനക്കാരുടെയും ഇടത്തരം വരുമാനക്കാരുടെയും ഭവന ആവശ്യങ്ങൾക്ക്, താങ്ങാനാവുന്നതും പര്യാപ്തമാവുന്നതുമായ രീതിയിലുള്ള ഭവന നിർമ്മാണം സാധ്യമാകുന്നതിനു പ്രത്യേക ഊന്നൽ നൽകുന്നതിനുദ്ദേശിക്കുന്നു.

**പഴയങ്ങാടിയിലെ ട്രഷറി കെട്ടിട നിർമ്മാണം**

**272 (612)** <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം ഇൻകെൽ ഉപേക്ഷിച്ച സാഹചര്യത്തിൽ ഏത് ഏജൻസിയെയാണ് കെട്ടിട നിർമ്മാണം ഏൽപ്പിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) 27-1-2001-ന് ഭരണാനുമതി ലഭിച്ചെങ്കിലും നാളിതുവരെ നടക്കാത്ത സാഹചര്യത്തിൽ എത്രയും വേഗം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ട്രഷറി വകുപ്പിൽ ഇൻകെൽ ഉപേക്ഷിച്ചതും പുതിയതായി

തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ ഇതുവരെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) പഴയങ്ങാടി സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച 1,60,79,000-രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പ് വർഷം ഈ പ്രവർത്തിക്ക് ഭരണാനുമതി നല്കുന്നകാര്യം പരിഗണിക്കാനാകില്ല. കൂടാതെ ട്രഷറികളുടെ കെട്ടിടനിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന തിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചുവരികയാണ്.

**പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് ഹൗസിംഗ് ബോർഡ് പദ്ധതി**

**273 (613)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിന് ഹൗസിംഗ് ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; പദ്ധതി പ്രകാരം അപേക്ഷ ക്ഷണിക്കുകയുണ്ടായിട്ടുണ്ടോ ; ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് വായ്പ ലഭ്യമാക്കുകയുണ്ടായി ;

(സി) തന്നാണ്ടിൽ എത്ര ലക്ഷം ഭവന രഹിതർക്ക് ഈ പദ്ധതി വഴി ഫണ്ട് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ട് ; ഭവന നിർമ്മാണ ബോർഡ് ഇതിലേക്ക് പണം സ്വരൂപിച്ചത് ഏതെല്ലാം നിലയിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ലോകപാർപ്പിടദിനത്തോടനുബന്ധിച്ച് ഭവന വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനത്തിൻെറയടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശക്ക്

വായ്പ നൽകുന്നതിനായി "സൗഭാഗ്യ ഭവന പദ്ധതി" സംബന്ധിച്ച പ്രൊപ്പോസൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച വരുന്നു.

(ഡി) ഇതിന്മേൽ സർക്കാർ തീരുമാനമായിട്ടില്ല.

**മിഷൻ 676 പദ്ധതികൾ**

**274 (614)** ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും, ആസൂത്രണവും, സാംസ്കാരികവും, നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676 -ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏല്ലാവർക്കും വീട്

a. ഭവന രഹിതരായ 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വകുപ്പ് മുഖേന പുതിയ വീട് നിർമ്മിക്കുന്ന പദ്ധതി.

b. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന

ഗുണഭോക്താക്കളിൽ, ഇനിയും ഭവനങ്ങൾ പൂർത്തീകരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം.

(സി) പഞ്ചായത്ത് തലത്തിൽ പദ്ധതിയെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായുള്ള ചർച്ചകളും മീറ്റിംഗുകളും നടത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) 1. എസ്.റ്റി വകുപ്പ് മുഖേന നടപ്പിലാക്കുന്ന, പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് ഊരുകൂട്ടം മുഖേന തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ 31-10-2014 വരെ 8045 ഗുണഭോക്താക്കൾക്ക് വീട് പണിപൂർത്തീകരിച്ചിട്ടുണ്ട്.

**ഫാക്ടിന്റെ പ്രതിസന്ധി**

**275(615)** ശ്രീ.കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. പ്രദീപ് കുമാർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാഭകരമായി പ്രവർത്തിക്കുകയായിരുന്ന ഫാക്ട് കേന്ദ്ര സർക്കാരിൻെറ തുടർച്ചയായുള്ള നയ വൈകല്യങ്ങൾ മൂലം ഇപ്പോൾ വൻ നഷ്ടത്തിലും പ്രതിസന്ധിയിലും അകപ്പെട്ടിരിക്കുകയാണെന്ന ആക്ഷേപം സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഫാക്ടിൻെറ പ്രതിസന്ധി പരിഹരിക്കുന്നതിന് പാക്കേജ് നടപ്പിലാക്കുന്നതിൽ കേന്ദ്രത്തിൻെറ ഭാഗത്തുനിന്നും ഇപ്പോഴും അനാസ്ഥ തുടരുകയാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) പാക്കേജ് അനുവദിക്കുന്നതിന് കേന്ദ്രം എന്തെങ്കിലും നിബന്ധനകൾ വയ്ക്കുന്നുണ്ടോ ; എങ്കിൽ അത് എന്താണെന്നും, അതിൽ സംസ്ഥാനത്തിന്

ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള എന്തെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ ;

(ഡി) ഫാക്ടിനെ സംരക്ഷിക്കുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാണിക്കുന്ന അനാസ്ഥ ഫാക്ടിനെ പീഢിത വ്യവസായമായി പ്രഖ്യാപിക്കുന്ന തരത്തിലേക്ക് എത്തിക്കുമെന്ന ആശങ്ക സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT Limited ഇപ്പോൾ നഷ്ടത്തിലാവാനുള്ള പ്രധാന കാരണങ്ങൾ ഇവയാണ് :

(a) മിതമായ നിരക്കിൽ LNG ലഭിക്കാത്ത അവസ്ഥ.

(b) സാമ്പത്തിക പ്രശ്നങ്ങൾമൂലം കാപ്രോലാക്ടം പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം.

(c) അമോണിയ നീക്കത്തിലെ ചില പരിമിതികൾ.

ദക്ഷിണേന്ത്യയിൽ പ്രകൃതി വാതകം ലഭ്യമല്ലാതിരുന്നതിനാൽ, രാസവളങ്ങളുടെ ഉല്പാദനത്തിനായി നാഫ്തയാണ് FACT ഉപയോഗിച്ചുകൊണ്ടിരുന്നത്. പ്രകൃതി വാതകം ഉപയോഗിച്ച് അമോണിയ ഉല്പാദിപ്പിക്കുന്നതിനേക്കാൾ ചെലവേറിയതാണ് നാഫ്ത ഉപയോഗിച്ച് അമോണിയ നിർമ്മിക്കുന്നത്. ഇക്കാരണത്താൽ FACT-യ്ക്ക് തുടർച്ചയായി നഷ്ടം നേരിട്ടു. 2013-ൽ പെട്രൊനെറ്റിന്റെ കൊച്ചിയിലെ LNG ടെർമിനൽ കമ്മീഷൻ ചെയ്തതോടെ FACT, നാഫ്തയിൽ നിന്ന് LNG യിലേക്ക് ഉല്പാദനം മാറ്റി. എന്നാൽ, കൊച്ചിയിലെ LNG-യ്ക്ക് രാജ്യത്തെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് വില വളരെ കൂടുതലാണ്. ഈ സ്ഥാപനം നേരിടുന്ന വൻ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് FACT യുടെ LNG അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് വാങ്ങുന്ന LNG-യിൻമേലുള്ള 14.5% മൂല്യവർദ്ധിത നികുതി (KVAT) ഒഴിവാക്കി ക്കൊടുക്കുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) FACT യുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള ലാഭകരമായ പ്രവർത്തനം ലക്ഷ്യം വച്ചുകൊണ്ട് FACT സമർപ്പിച്ച 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (BRPSE) ശിപാർശ ചെയ്ത്

കേന്ദ്ര രാസവളം മന്ത്രാലയം അംഗീകരിക്കുകയും, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലൂടെ അനുവദിച്ച സാമ്പത്തിക സഹായം എത്രയും വേഗം FACT-യ്ക്ക് അനുവദിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി, ബഹു. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(സി) പാക്കേജ് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ നിബന്ധനയൊന്നും വച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കമ്പനിയുടെ അറ്റആസ്തി (Networth) പൂർണ്ണമായും ശോഷിച്ച് തീർന്നതിനാൽ, 1985-ലെ സിക്ക് ഇൻഡസ്ട്രിയൽ കമ്പനീസ് സ്പെഷ്യൽ പ്രൊവിഷൻസ് ആക്ട് പ്രകാരമുള്ള കാര്യങ്ങൾക്കായി ബി.ഐ.എഫ്.ആർ.-ന് 2014 ഫെബ്രുവരിയിൽ ഫാക്ടിനെ റഫർ ചെയ്യുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജിൽ വ്യവസ്ഥ ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ പരിഗണിച്ച് പ്രസ്തുത കേസ് പരിഗണിക്കുന്നതിൽ ബി.ഐ.എഫ്.ആർ. ഒരുമൃദു സമീപനം സ്വീകരിച്ച് കേസ് മാറ്റി വച്ചിട്ടുള്ളതായിട്ടാണ് അറിയുന്നത്.

**എമർജിംഗ് കേരള സംരംഭം**

**276(616)** <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവസംരംഭകർക്കായി സംഘടിപ്പിച്ച എമർജിംഗ് കേരള എത്രമാത്രം വിജയമായിരുന്നു ;

(ബി) കേരളത്തിൻെറ വികസനത്തിനു പുതിയ തൊഴിൽ സംരംഭം കണ്ടെത്തുന്നതിന് ഇതിലൂടെ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ ;

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭ

കരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭകസംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കു വച്ചു.

പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുൾപ്പെടെ, ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവ സംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

അഭ്യസ്തവിദ്യരായ യുവതലമുറയെ തൊഴിൽ അന്വേഷകർക്ക് പകരം തൊഴിൽ ദാതാക്കളാക്കുക എന്നതാണ് പ്രസ്തുതസംഗമം മുന്നോട്ട് വച്ച ആശയങ്ങളിൽ ഒന്ന്. സംരംഭകത്വ ആശയങ്ങൾ മനസ്സിലുള്ള വിദ്യാർത്ഥി/ യുവസംരംഭകരുടെ ആശയങ്ങളെ സാക്ഷാത്കരിക്കുക വഴി കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വങ്ങളുടെ കേന്ദ്രമാക്കി മാറ്റാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

**വ്യവസായ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഒഴിവുകൾ**

**277 (617)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മേയ് മാസം മുതൽ വ്യവസായ വകുപ്പിൽ ഏതൊക്കെ തസ്തികകളിൽ റിട്ടയർമെന്റ് മുഖേന ഒഴിവുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം എന്ന് മുതൽ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന ഒഴിവുകൾ വകുപ്പിൻെറ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടു ണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2014 മേയ് മാസം മുതൽ വ്യവസായ വാണിജ്യ വകുപ്പിലും മൈനിംഗ്&ജിയോളജി വകുപ്പിലും റിട്ടയർമെന്റ് മുഖേന ഉണ്ടായ ഒഴിവുകളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) മൈനിംഗ് & ജിയോളജി വകുപ്പിലെ ഒഴിവുകളുടെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി&ഡി) മൈനിംഗ് & ജിയോളജി വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്തതരത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് ചുമതല ക്രമീകരണങ്ങൾ നൽകിയിട്ടുണ്ട്. ഉയർന്ന തസ്തികകളിലെ ഒഴിവുകളിൽ സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി വകുപ്പിലെ എൻട്രികേഡറിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും നേരിടുന്ന വെല്ലുവിളികൾ

**278 (618)** ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ് ;

(ബി) ഇപ്രകാരമുള്ള വെല്ലുവിളികളെ അതിജീവിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) സർക്കാർ വിഭാവനം ചെയ്തിട്ടുള്ള വികസന മേഖല പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും നേരിടുന്ന പ്രധാന വെല്ലുവിളി ഭൂമിയുടെ ദൗർലഭ്യമാണ്. കൂടാതെ, ബാങ്ക് വഴി ആവശ്യമായ ധനസഹായം ലഭിക്കാത്തതും, വൈദ്യുതി കണക്ഷൻ സമയത്ത് ലഭിക്കാത്തതും അടിക്കടിയുള്ള പവർകട്ടും ലോഡ് ഷെഡ്ഡിംഗും വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള NOC, ലൈസൻസ് എന്നിയ ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകളും വെല്ലുവിളികളാണ്

(ബി&സി) സംസ്ഥാനത്ത് ഇടത്തര വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും, ധനവായ്പയും, വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസുകളും നൽകി വ്യവസായം ആരംഭിക്കുവാനുള്ള അത്യാവശ്യ സൗകര്യങ്ങൾ കെ.എസ്.ഐ. ഡി.സി മുഖേന ഇപ്പോൾ ലഭ്യമാക്കി വരുന്നു.

ഇതു കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് സമയ ബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി തുടർന്നും അവതരിപ്പിക്കു ന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, പദ്ധതികളെപ്പറ്റി വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് അംഗീകാരം നൽകുന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കേരളത്തിൽ വ്യവസായ രംഗത്ത് ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്നതിനും കേരളത്തിലേയ്ക്ക് നിക്ഷേപ സാധ്യതകൾ ആകർഷിക്കുന്നതിനും വേണ്ടിയുള്ള മേഖലകൾ കണ്ടെത്തുന്നതിനുമായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

ഇത്തരം തടസ്സങ്ങൾ നീക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും Single Window Clearance Board സംവിധാനം പ്രവർത്തിക്കുന്നുണ്ട്. വ്യവസായ ആവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. MSME വിഭാഗത്തിലെ

നിക്ഷേപകർക്ക് വായ്പ ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിലും ക്ലിയറൻസുകളും ലൈസൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിന് അതാത് ഏജൻസികളുമായും നിക്ഷേപകർക്കു വേണ്ടി ഹാൻഡ് ഹോൾഡിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ചെറുകിട മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവ് (IID) നടത്തി വരുന്നു.

**സിഡ്കോയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടി**

**279 (619)** <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-3-2003- ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2242-നും 31/1/2014-ലെ 3968- ാം നമ്പർ ചോദ്യത്തിനും നൽകിയ മറുപടിയിൽ ഡിസ്കോയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കഴിവതും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നതായി മറുപടി നൽകിയിരുന്നു. എന്നാൽ വർഷമൊന്നാകാറായിട്ടും കഴിഞ്ഞ 6 കൊല്ലവും ലാഭത്തിലായിരുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ശമ്പള പരിഷ്കരണം എന്ന ന്യായമായ ആവശ്യം അനുവദിക്കാൻ കഴിയാത്തതിന്റെ സാങ്കേതിക തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ശമ്പള പരിഷ്കരണം അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

<u>ഉത്തരം</u>

(എ&ബി) സിഡ്കോയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റാഫ് പാറ്റേൺ പുനർ നിർണയിക്കുന്നതിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. ഇതു പരിഹരിച്ച് ശമ്പള പരിഷ്കരണം ഉടൻ തന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

**യെസ് സംഗമം**

**280 (620)** <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ൽ സർക്കാർ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിലൂടെയും ഈ സർക്കാർ നടത്തിയ എമർജിംഗ് കേരളയിലൂടെയും എന്ത് തുകയുടെ നിക്ഷേപം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ രണ്ട് പരിപാടികളിലൂടെ എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാനായി എന്ന് വിശദമാക്കാമോ ;

(സി) ജിം. എമർജിംഗ് കേരള തുടങ്ങിയ സംരംഭങ്ങൾ പ്രഹസനമാകുന്നതായും അതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ നിലനിൽക്കുകയും ചെയ്യവേ, ഇപ്പോൾ നടത്തിയ യെസ് സംഗമത്തിന്റെ ഗതിയെക്കുറിച്ചുയർന്ന ആശങ്ക സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ഡി) യെസ് സംഗമം സംഘടിപ്പിക്കുന്നതിന് എത്ര തുക ചെലവായി എന്ന് വിശദാംശം സഹിതം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ കേരളത്തിലെ നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കാനാണ് 2003-ൽ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തിയത്, ഈ സംഗമത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ എം.ഒ.യു. ഒപ്പു വയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഏകദേശം 339.70 കോടി രൂപ മുതൽമുടക്ക് വരുന്ന 19 പദ്ധതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I *ആയി ചേർത്തിട്ടുണ്ട്.

2012 ൽ കൊച്ചിയിൽ നടന്ന 'എമർജിംഗ് കേരള' സംഗമം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിച്ചത്. എമർജിങ്ങ് കേരള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന്

കീഴിൽ മാത്രം ഇപ്പോൾ 19 പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം II *ആയി ചേർത്തിട്ടുണ്ട്.

(സി) യങ്ങ് എന്റർപ്രണർ സമ്മിറ്റ് ഒരു നിക്ഷേപ സമാഹരണ പദ്ധതിയായിരുന്നില്ല. ചെറുപ്പക്കാരുടെ ഇടയിൽ സംരംഭകത്വം വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് 'യെസ് 'സംഘടിപ്പിച്ചത്. മികച്ച സ്റ്റാർട്ട് അപ്പ് പ്രൊപ്പോസലുകൾക്ക് സംഗമത്തിൽ വച്ച് അവാർഡും നൽകുകയുണ്ടായി. യെസ് സമ്മിറ്റിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിച്ച് പുതിയ സംരംഭങ്ങൾ വരുന്നതിലേയ്ക്കായി നടപടിയും എടുത്തു വരുന്നു. കൂടാതെ, സീഡ് ഫണ്ട് സപ്പോർട്ട് നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ട്. 'യെസ്' സംഗമം മൂലം സംസ്ഥാനത്ത് കൂടുതൽ പുതിയ സംരംഭങ്ങൾക്ക് രൂപം നൽകുവാൻ സാധിക്കുമെന്നത് ഒരു നേട്ടമാണ്. ഇതിന്റെ തുടർനടപടികളാണ് ഇനിയും സ്വീകരിക്കേണ്ടത്.

(ഡി) യെസ് സംഗമത്തിനായി നാളിതു വരെ ചിലവാക്കിയ തുക 169.00 ലക്ഷം രൂപയാണ്. വിശദവിവരം അനുബന്ധം III*ആയി ചേർത്തിട്ടുണ്ട്.

**കെ.എം.എം.എല്ലിലെ വാതക ചോർച്ച**

**281 (621)** <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എം. എം. എല്ലിലെ വാതകചോർച്ചയെക്കുറിച്ചുള്ള അന്വോഷണ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) വാതക ചോർച്ചയെത്തുടർന്ന് കെ.എം.എം. എല്ലിനുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) വാതക ചോർച്ചക്ക് കാരണമായ സംഗതികൾ എന്തെല്ലാമാണ് ; ആരുടെയെല്ലാം ഭാഗത്ത് നിന്ന് വീഴ്ചകൾ ഉണ്ടായിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) ഏതെങ്കിലും നിലയിലുള്ള ഗൂഢാലോചന സംഭവത്തിനു പിന്നിൽ നടക്കുകയുണ്ടായിട്ടുണ്ടോ ; ഗൂഢാലോചന നടത്തിയവരെ കണ്ടെത്തിയിട്ടുണ്ടോ ; ഗൂഢാലോചന എന്തായിരുന്നു ?

<u>ഉത്തരം</u>

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ വാതക ചോർച്ചയെ സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ ചേർക്കുന്നു

1. സേഫ്റ്റി ഓഡിറ്റും റിസ്ക് അനാലിസിസും പുറത്തുള്ള സാങ്കേതിക പരിജ്ഞാനമുള്ള ഏജൻസിയെകൊണ്ട് നടത്തിക്കുക.

2. വിഷവാതകങ്ങളുടെ സാന്നിധ്യത്തിന്റെ അളവ് അറിയുന്നതിന് എല്ലാ സ്റ്റാക്കുകളിലും തുടർച്ചയായ on-line analysis നടത്തുക.

3. പ്ലാൻറിനുള്ളിലെ control system പുരാതനവും ന്യൂമാറ്റിക്കുമാകയാൽ ക്രിട്ടിക്കലായുള്ള മേഖലകളിൽ അവമാറ്റി നൂതന ഇലക്ട്രോണിക്ക് പ്രോസസ്സിംഗ് സിസ്റ്റം സ്ഥാപിക്കേണ്ടതാണ്.

4. നിലവിൽ കമ്പനിയിൽ ക്ലോറിനും, LPG ക്കും മാത്രമണ് ഡിറ്റക്ഷൻ സിസ്റ്റമുള്ളത്. എന്നാൽ മറ്റു വിഷ വാതകങ്ങളായ കാർബൺ മോണോക്സൈഡ്, സൾഫർ ഡയോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ് മുതലായവക്കും ഡിറ്റക്ഷൻ സിസ്റ്റം ഏർപ്പെടുത്തണം

5. 30 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി തൊഴിലാളികൾ ജോലി ചെയ്യേണ്ട അവസ്ഥക്കും തൻ നിമിത്തം തുടർച്ചയായി ഓഫ് നൽകുന്ന അവസ്ഥക്കും മാറ്റം വരുത്തേണ്ടതാണ്.

6. പ്ലാൻറുകളിൽ പൊതുവേ തുരുമ്പിന്റെ സാന്നിദ്ധ്യം കൂടുന്നതായി കാണുന്നു. അത് ഒഴിവാക്കുന്നതിന് ഉപരിതലങ്ങൾ സംരക്ഷിക്കുന്നതിനുള്ള (തുരുമ്പെടുക്കാതെ) നടപടികൾ സ്വീകരിക്കുക.

7. അന്തരീക്ഷ വായുവിന്റെ ലഭ്യതയും അവ അളക്കുന്നതിനുള്ള സംവിധാനവും പ്ലാൻറിൽ സജ്ജമാക്കേണ്ടതാണ്.

8. കമ്പനിയിടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി CCTV സിസ്റ്റം സ്ഥാപിക്കേണ്ടതാണ്.

(ബി) ആഗസ്റ്റ് മാസം 1990 മെട്രിക് ടണ്ണിന്റെ ഉദ്പാദന നഷ്ടം സംഭവിച്ചതിലൂടെ 12.28 കോടി രൂപയുടെ ഉദ്പാദന നഷ്ടവും, സെപ്റ്റംബർ മാസം 820 മെട്രിക് ടണ്ണിന്റെ ഉദ്പ്പാദന നഷ്ടം സംഭവിച്ചതിലൂടെ 07.22 കോടി രൂപയുടെ

ഉദ്പാദന നഷ്ടവും വന്നിട്ടുണ്ട്.

(സി) പ്ലാൻറിന്റെ മുഴുവൻ ഉൽപ്പാദനശേഷിയിലുള്ള പ്രവർത്തനത്തിന് യൂണിറ്റ്-200 ലുള്ള 3 ക്ലോറിനേറ്ററിൽ രണ്ടെണ്ണം പൂർണ്ണമായും പ്രവർത്തിപ്പിക്കേണ്ടതാണ്. 3 ക്ലോറിനേറ്ററിൽ ഡി 201, ഡി 202 എന്നിവ 6-8-2014 വരെ പൂർണ്ണമായും പ്രവർത്തിച്ചിരുന്നു. 6-8-2014-രാവിലെ D-201 എന്ന ക്ലോറിനേറ്റർ പ്രവർത്തിച്ചു വരവേ, ഡി-203 എന്ന ക്ലോറിനേറ്റർ വായുവും, പെട്രോളിയം കോക്കും മൂലം ചൂടാക്കി ഫീഡ് ചെയ്യാനുതകുന്ന തലത്തിലേക്ക് മാറ്റവേ ഏതാണ്ട് 9.15 a.m. ന്, അതിന്റെ ഒരു നോസിലിൽ ഒരു സുഷിരമുണ്ടാവുകയും അതിലൂടെ പെട്രോളിയം കോക്ക് കത്തിയുണ്ടായ ബേർണിംഗ് ഗ്യാസ് പുറന്തള്ളുകയും ചെയ്തു. ഉടൻ തന്നെ ഡി-201 ന്റെ പ്രവർത്തനവും ഡി-203 ലേക്ക് വായു നൽകുന്ന മുഴുവൻ പ്രവർത്തനങ്ങളും പെട്ടെന്ന് തന്നെ നിർത്തിവയ്ക്കുകയും ചെയ്തു. പിന്നീട് ചോർച്ച രൂപം കൊണ്ട ഡി-203 ക്ലോറിനേറ്റർ, പ്രൊഡക്ഷൻ ലൈനിൽ നിന്നും വിഛേദിക്കുകയും ചെയ്തു. അപ്രകാരം D-202 ഉം ഡി-201 ഉം പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ എടുക്കുകയും ഡി-203 മാറ്റി നിർത്തുകയും ചെയ്തു. അതിനു ശേഷം 6-8-2014-ൽ ഡി-201 ന്റെ ഉത്പ്പാദനം ആരംഭിച്ചു.

7-8-2014-ൽ രാവിലെ 8 മണിയോടു കൂടി ഡി-201 ക്ലോറിനേറ്റർ പ്രവർത്തനം നിർത്തിവയ്ക്കുകയും 8.30 ന് വീണ്ടും പ്രവർത്തിപ്പിച്ച് കാലത്ത് 9 മണിക്ക് വീണ്ടും നിർത്തുകയും ചെയ്തു. ഊഷ്മാവ് അളക്കുന്നതിനുള്ള തെർമോകപ്പിളിൽ ഉണ്ടായ ന്യൂനത പരിഹരിക്കുന്നതിനാണ് അപ്രകാരം ചെയ്തത്. 7-8-2014-ൽ ഡി-202 പൂർണ്ണമായും പ്രവർത്തനരഹിതമായിരുന്നു.

(ഡി) ഗൂഢാലോചന നടന്നതായി ഇതു വരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു.

## കെ.എസ്.സി.ഡി.സി. കാപെക്സ് - തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക

**282 (622)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. സി. ഡി. സി, കാപെക്സ് എന്നീ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് കൊടുക്കാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ ആവശ്യമായ തുക

എത്രയെന്നറിയിക്കാമോ ;

(സി) സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗ്രാറ്റുവിറ്റി കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്ത തുക എത്ര ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നടപ്പ് സാമ്പത്തിക വർഷം ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുക്കുന്നതിന് വേണ്ടി വകയിരുത്തിയ തുക എത്രയെന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.സി.ഡി.സി.-യിൽ 2010 മുതൽ 2013 വരെയുള്ള കാലയളവിൽ വിരമിച്ചവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 34.70 കോടി രൂപ ആവശ്യമായിട്ടുണ്ട്. കൂടാതെ സ്വകാര്യ ഉടമകൾക്ക് തിരികെ നൽകിയ 4 ഫാക്ടറികളിലെ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിലേയ്ക്കായി 7.06 കോടി രൂപയും ആവശ്യമായിട്ടുള്ളതാണ്. കാപെക്സിൽ 2011,2012,2013 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുവാനായി 4,34,20,234-രൂപ ആവശ്യമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം നടത്തിയിട്ടില്ല.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുക്കുന്നതിനു വേണ്ടി തുക വകയിരുത്തിയിട്ടില്ല.

**മിഷൻ ഫോർ എന്റർപ്രൈസസ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ**

**283 (623)** <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ ഫോർ എന്റർപ്രൈസസ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ എന്ന കമ്പനി തുടങ്ങണമെന്ന യുവ സംരംഭകത്വ നയത്തിലെ ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ ; പ്രസ്തുത കമ്പനി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

സംസ്ഥാനത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് ചില നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിൽ ഈ കർമ്മ പദ്ധതി ഒരു സെക്ഷൻ 8 കമ്പനി മുഖേന നടപ്പിലാക്കുവാനുള്ള ശുപാർശയുമുണ്ട്.

മേൽ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടുന്ന പ്രാരംഭ നടപടികൾ നടന്നു വരുന്നു.

**യെസ് സംഗമം മുഖേന യുവസംരംഭകർക്ക് അവസരം**

**284 (624)** ശ്രീ. എം. ഹംസ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഐ. ഡി. സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയ യെസ് സംഗമം ഉദ്ദേശിച്ച രീതിയിൽ നിക്ഷേപ നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിനു സഹായകമായിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) യുവസംരംഭകരായി വരുന്നവർ യെസ് സംഗമത്തിൽ എന്തെല്ലാം സഹായങ്ങളാണ് അഭ്യർത്ഥിച്ചതെന്നും ഇതിൽ സർക്കാർ നിലപാട് എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) സർക്കാരിന്റെ സഹായവാഗ്ദാനത്തിന്റെ ഭാഗമായി ഏതെല്ലാം മേഖലകളിൽ നിക്ഷേപം നടത്തുന്നതിന് ധാരണയായിട്ടുണ്ടെന്നും പ്രസ്തുത നിക്ഷേപ സംരംഭങ്ങളുമായി ബന്ധപ്പെട്ടു സംസ്ഥാന സർക്കാർ അടിസ്ഥാന വികസനത്തിന് എന്തെങ്കിലും വാഗ്ദാനം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) യെസ് സംഗമത്തിൽ സംരംഭകർ ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയായിരുന്നു ; ഇവ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ

സ്റ്റുഡന്റ് എൻടപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധമേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കു വച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, വിദ്യാർത്ഥികളല്ലാത്തവരുമായ ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) സംരംഭകരുടെ ആശയങ്ങളെ വിജയിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായുള്ള ഇൻക്യുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം തുടങ്ങിയ സഹായങ്ങളാണ് 'യെസ്' സംഗമത്തിൽ യുവ സംരംഭകർ പ്രധാനമായും ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ. മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. <u>സാമ്പത്തിക സഹായം</u>: യുവ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയും, കെ.എഫ്.സി-യും സംയുക്തമായി ഒരു ധനകാര്യ സ്കീം ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്.

2. <u>മെന്ററിംഗ്</u>: ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി-യും. ടൈ-സി.ഐ.ഐ എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3. <u>ഇൻക്യുബേഷൻ സ്പേസ്</u>: യുവ സംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരത്തെ ടെക്നോപാർക്കിലും, സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) കെ.എസ്.ഐ.ഡി.സി. യുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച യുവ സംരംഭകത്വ സംഗമം (YES 2014) നിക്ഷേപ സമാഹരണ പദ്ധതി ആയിരുന്നില്ല. കേരളത്തിലെ യുവതലമുറയെയും വിദ്യാർത്ഥികളെയും സംരംഭകത്വത്തിലേക്ക് ആകർഷിക്കുകയും അവരുടെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയെ സാക്ഷാത്കരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് യെസ് 2014 സംഘടിപ്പിച്ചത്. യുവ വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രദർശിപ്പിക്കുന്നതിന് എക്സിബിഷൻ സൗകര്യവും ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച ആശയങ്ങൾ കണ്ടെത്തുന്നതിനുള്ള മത്സരവും യെസ് 2014-ന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

(ഡി) യെസ് സംഗമത്തിൽ സംരംഭകർ ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടേയും ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചതിന്റെയും / സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികളുടേയും വിശദാംശങ്ങൾ 'ബി' പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**കേരള ടെക്നോളജി ഇന്നവേഷൻ സോൺ**

**285 (625)** <u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഐ. ഡി. സി.-യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നവേഷൻ സോണിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(സി) ഇതിനുവേണ്ടി എന്തെല്ലാം സഹായങ്ങളാണ് കെ.എസ്.ഐ.

ഡി.സി. നൽകുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ ടെക്നോളജി ഇന്നവേഷൻ സോണിന് രൂപം നൽകിയിട്ടില്ല. സ്റ്റേറ്റ് ഐ.ടി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ടെക്നോപാർക്ക് ബിസിനസ് ഇൻക്യുബേറ്ററിന്റെ നേതൃത്വത്തിലാണ് കേരളാ സ്റ്റേറ്റ് ടെക്നോളജി ഇന്നവേഷൻ സോണിനു രൂപം നൽകുന്നത്. പുതിയ ഇൻക്യു ബേറ്ററുകൾ സ്ഥാപിക്കുക അതിലൂടെ ഐ.ടി., ഐ.ടി ഇതര മേഖലകളിൽ സ്വകാര്യ കമ്പനികളെ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യം.

(ബി) കൊച്ചിയിലെ കിൻഫ്ര ഹൈടെക്ക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ഇന്നവേഷൻ സോണിനായി 3 ലക്ഷം സ്ക്വയർ ഫീറ്റിൽ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1 ലക്ഷം സ്ക്വയർ ഫീറ്റിലുള്ള രണ്ടാമത്തെ കെട്ടിടം പകുതിയോളം പൂർത്തിയായിക്കഴിഞ്ഞു. ഈ കെട്ടിടം സ്റ്റാർട്ട് അപ്പ് വില്ലേജിന് കൈമാറും.

(സി) മേൽപ്പറഞ്ഞ പരിപാടികളെല്ലാം തന്നെ ടെക്നോപാർക്ക് ടി.ബി.ഐ. -യുടെ നേതൃത്വത്തിലാണ് നടന്നു വരുന്നത്.

**പുതിയ യുവ സംരംഭങ്ങൾ**

**286 (626)** <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവജനതയെ പ്രോത്സാഹിപ്പി ക്കുന്നതിന് പുതിയ യുവസംരംഭകത്വനയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നയത്തിൻെറ മുഖ്യ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത നയം വഴി സേവന-വ്യവസായ-തൊഴിൽ മേഖലകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വിഭാവനം ചെയ്യുന്നതെന്നു വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവ ജനതയെ പ്രോത്സാഹിപ്പി

ക്കുന്നതിനായി 2012-ൽ സംസ്ഥാന സർക്കാരിന്റെ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പ്രോഗ്രാം പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംരംഭകത്വത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥി യുവസംരംഭകർക്കായി 20% ഹാജരും 4% ഗ്രേസ് മാർക്കും നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിനുപുറമേ കേരള സർക്കാരിന്റെ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസിയുടെ കരട് രൂപരേഖ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത കരട് രൂപരേഖ പ്രകാരം സർക്കാർ യുവസംരംഭകർക്കായി സംസ്ഥാനമൊട്ടാകെ ഇൻക്യുബേഷൻ സൗകര്യങ്ങളും, പ്ലഗ് ആന്റ് പ്ലേ സൗകര്യങ്ങളും നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമേ എല്ലാ പേർക്കും ഉപയോഗിക്കുന്നതിനായി ക്ലൗഡ് സെർവ്വറും, വിദ്യാർത്ഥികളുടെ ഫൈനൽ ഇയർ പ്രോജക്ടുകൾ യുവ സംരംഭമായി മാറ്റുന്നതിനുള്ള അവസരവും ഈ രൂപരേഖയിൽ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ കേരളത്തിലെ യുവസംരംഭകർക്കായി ഒരു ലീഡർഷിപ്പ് അക്കാദമിയും, ഇന്നോവേഷൻ സോണും തുടങ്ങുവാനുള്ള പദ്ധതികളും യുവസംരംഭകർക്ക് സാമ്പത്തികസഹായം നൽകുന്നതിനായി വിവിധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി സീഡ് ഫണ്ടിങ്ങ് സഹായവും ഈ കരട് നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**കയർ സഹകരണ സംഘങ്ങൾ**

**287(627)** ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര കയർ സഹകരണ സംഘങ്ങളുണ്ട് ; ഇവയിൽ പ്രവർത്തനക്ഷമമായുള്ളവയുടെ എണ്ണം എത്രയാണ് ;

(ബി) ഉല്പാദന ചെലവിനനുസൃതമായി കയറിനും കയറുല്പന്നങ്ങൾക്കും വില ലഭ്യമാകുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട് ; ഇതിൽ കയർ തൊഴിലാളികൾക്ക് തൊഴിലും

കൂലിയും ഉറപ്പാക്കുന്നതിന് എത്ര തുക ഇതുവരെ ചെലവഴിച്ചു ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്യപ്പെട്ട കയർ മേഖലയിലെ 1010 വിവിധ സഹകരണ സംഘങ്ങളിൽ 573 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിരുന്നു. ഉൽപ്പാദനച്ചെലവിനനുസൃതമായി കയറിനും കയർ ഉൽപ്പന്നങ്ങൾക്കും വില പുതുക്കി നിശ്ചയിക്കാറുണ്ട്.

(സി) കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് തൊഴിൽ ഉറപ്പു പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും കയർ വികസന വകുപ്പിന് നേരിട്ട് ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല.

**കേരള ദിനേശ് ബീഡി ആശ്വാസ പെൻഷൻ പദ്ധതി**

**288 (628)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ദിനേശ് ബീഡി ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഏതുമാസം വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പെൻഷന് അർഹതയുള്ള എത്ര തൊഴിലാളികൾ ഉണ്ടെന്നും കുടിശ്ശിക വിതരണം ചെയ്യാൻ എത്ര തുക ആവശ്യമുണ്ടെന്നും വിശദമാക്കാമോ ;

(സി) ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി മാസം വരെയുള്ള കേരള ദിനേശ് ബീഡി ആശ്വാസ പെൻഷൻ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2013 മാർച്ച് മാസം മുതൽ 2014 നവംബർമാസം വരെ 21 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്.

(ബി) 2780 പേർ കേരള ദിനേശ് ബീഡി ആശ്വാസ പെൻഷന് അർഹരാണ്. ഇവർക്ക് ഒരു മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് 13,90,000-രൂപ

ആവശ്യമാണ്. 21 മാസത്തെ കുടിശ്ശിക നൽകുന്നതിന് 2,91,90,000-രൂപ ആവശ്യമാണ്.

(സി) കേരള ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘത്തിലെ പെൻഷൻകാർക്ക് ആശ്വാസ പെൻഷൻ തുടർന്നും നടപ്പിലാക്കുന്നതിന് ഒരു സ്കീം തയ്യാറാക്കി മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിനായി തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയെ 8-5-2013, 31-7-2013 തീയതികളിൽ കൂടിയ മന്ത്രിസഭായോഗം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

**അതിവേഗ റെയിൽവേ പദ്ധതി**

**289(629)** <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായികവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-മംഗലാപുരം അതിവേഗ റയിൽവേ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടായിരുന്നു ; ജനരോഷം ഉണ്ടായ ഏതെല്ലാം സ്ഥലത്തിലെ അലൈൻമെന്റിലാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതിക്ക് വേണ്ടി നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട് ;

(ഡി) പദ്ധതിയുടെ അവശേഷിക്കുന്ന സർവ്വേ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പദ്ധതിക്കു വേണ്ടി ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഇ) അതിവേഗ റയിൽവേ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്ര കോടിരൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല. 23-4-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്

തയ്യാറാക്കി ആറ് മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പദ്ധതിയുടെ സർവ്വേ നടപടികൾ DMRC നടത്തിവരുന്നു.

(ബി) പദ്ധതിക്കുവേണ്ടി സർവ്വേ ജോലികൾ ഇതിനകം 60% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നു. അലൈൻമെന്റിന്റെ കാര്യത്തിൽ അന്തിമ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക സർവ്വേ നടപടികൾ മാത്രമാണ് ഇപ്പോൾ നടന്നുവരുന്നത്.

(സി) ഈ പദ്ധതിക്ക് നാളിതുവരെ 21.30 കോടി രൂപ ചെലവ് വന്നിട്ടുണ്ട്.

(ഡി) ഉണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23-4-2014-ൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനു വേണ്ടിയുള്ള ശേഷിച്ച സർവ്വേ നടപടികൾ DMRC നടത്തിവരുന്നു.

(ഇ) 2011-ലെ കണക്ക്പ്രകാരം തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റയിൽവേ പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

## കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

**290(630)**<u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് ;

(സി) ഇതുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

<u>ഉത്തരം</u>

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട സ്ഥലം കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ് മിനറൽ പൈപ്പ് ലൈൻ ആക്ട് അനുസരിച്ച് ഉപയോഗ അവകാശം (RoU) എടുക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇന്ത്യക്കു വേണ്ടി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരമായി നിശ്ചയിച്ചിരുന്ന തുക ന്യായവിലയുടെ 10 ശതമാനമായിരുന്നത് സംസ്ഥാനത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് 30 ശതമാനമായും പിന്നീട് 50 ശതമാനമായും വർദ്ധിപ്പിച്ച് നൽകാൻ സർക്കാരിന്റെ സമ്മർദ്ദ ഫലമായി ഗെയിൽ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന തിനുള്ള വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുക്കി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി ഗെയിൽ ഇന്ത്യ കരാറുകാരെ നിയോഗിച്ചു. സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അതാത് ജില്ലകളിലെ ജില്ലാകളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ കടുത്ത എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് കനോലി കനാലിലൂടെ മാറ്റി നിശ്ചയിക്കുന്ന വിഷയം പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാതല സമിതിയും, സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതിയും സർക്കാർ രൂപീകരിച്ചു. വിശദമായ പഠനങ്ങൾക്കൊടുവിൽ കനോലി കനാലിലൂടെയുള്ള പൈപ്പ് ലൈൻ നിർമ്മാണം സാങ്കേതികമായും സാമ്പത്തി കമായും പ്രായോഗികമല്ല എന്നായിരുന്നു ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ.

പൈപ്പ് ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നടത്തുന്നതിനും പദ്ധതിയെ ക്കുറിച്ച് ജനങ്ങളുടെയിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും വേണ്ടി ഗെയിൽ, പെട്രോനെറ്റ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധി കളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച

ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധിവരെ ദൂരീകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

(ബി) കണ്ണൂർ ജില്ലയിൽ ഉപയോഗാവകാശത്തിനുള്ള 83.6 കി.മീറ്ററിൽ, P&MP Act സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. 3 SV (സെക്ഷണലൈസിംഗ് വാൽവ്) സ്റ്റേഷനുവേണ്ട ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള 1 IP സ്റ്റേഷൻ, 3 SV സ്റ്റേഷനുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. കൂടാതെ 34 കി.മീറ്റർ ഭൂമിയുടെ മഹസർ തയ്യാറാക്കിയിട്ടുമുണ്ട്.

(സി) പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ വിനിയോഗാവകാശം (RoU) മാത്രമേ ഗെയിലിന് നൽകുന്നുള്ളൂ. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ആർക്കും ഭൂമി നഷ്ടപ്പെടുന്നില്ല. വിനിയോഗാവകാശമുള്ള ഭൂമിയുടെ ന്യായവിലയുടെ 10 ശതമാനമാണ് P & MP ആക്ട് പ്രകാരം നഷ്ടപരിഹാരമായി നൽകുവാൻ വ്യവസ്ഥയുള്ളത്. എന്നാൽ സംസ്ഥാനത്തെ സവിശേഷമായ സാഹചര്യം പരിഗണിച്ച് നഷ്ടപരിഹാരത്തുക 50% വരെ നൽകുവാൻ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ഗെയിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

**മാവൂർ ഗ്രാസിം വ്യവസായം**

**291 (631)**ഡോ. കെ.ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഭൂമിയിൽ ബിർളാ ഗ്രൂപ്പിൻെറ നേതൃത്വത്തിൽ പുതിയ വ്യവസായം ആരംഭിക്കാനുള്ള എന്തെങ്കിലും നടപടി ഉണ്ടായിട്ടുള്ളതായി വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) മാവൂർ ഗ്രാസിം വ്യവസായം അടച്ചു പൂട്ടിയതിന് ശേഷം ഇത്രയും കാലം ഭൂമി കൈവശം വെച്ച് സംസ്ഥാനത്തിന് നഷ്ടം വരുത്തിയ ഗ്രൂപ്പിന് തന്നെ, വ്യക്തമായ വ്യവസായ പദ്ധതി നിർദ്ദേശങ്ങളൊന്നുമില്ലാതെ, ഭൂമി കൈവശാവകാശം നൽകുന്നത്, സംസ്ഥാനത്തിൻെറ പൊതുവായ താത്പര്യത്തിന് വിരുദ്ധമാണെന്നറിയാമോ ?

ഉത്തരം

(എ&ബി) മാവൂർ ഗ്വാളിയോർ റയോൺസിന് വ്യവസായികാ വശ്യത്തിനായി സർക്കാർ ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുശേഷം, ഒക്ടോബർ 2014 - ൽ ആയിരം കോടി രൂപ ചെലവിൽ മാവൂരിൽ ഒരു Hi-Tech Industrial Services Township (HIIST) സ്ഥാപിക്കുന്നതിനുള്ള സാധ്യത റിപ്പോർട്ട് കമ്പനി സർക്കാരിന് സമർപ്പിക്കുകയു ണ്ടായി. ഇതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കെവരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ**

**292(632)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാരിൻെറ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചതിൽ വ്യവസായ രംഗം എത്ര ശതമാനം പുരോഗതി പ്രാപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ)

1. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട

ബോധവൽക്കരണം നടത്തുന്നതോടൊപ്പം തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, എന്റർപ്രണർ ഡവലപ്പ്മെന്റ് പ്രോഗ്രാം (ഇ.ഡി.പി) എന്നിവയിലൂടെ പരിശീലന പരിപാടികളും നൽകി വരുന്നു.

2. സാമ്പത്തിക സഹായം ആവശ്യമുള്ള വ്യവസായ സംരംഭകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നു.

3. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് മുഖേന നൽകി വരുന്നു.

4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു-സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകിവരുന്നു.

5. വ്യവസായ സംരംഭങ്ങളിൽ ആൻസിലറി ഉൽപന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകിവരുന്നു.

6. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ലളിതമായ നടപടി ക്രമങ്ങളിലൂടെ പരമാവധി സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി സംരംഭകത്വ സഹായ പദ്ധതി 28-12-2012-ലെ ജി. ഒ (എം.എസ്.) നമ്പർ 156/2012/ID പ്രകാരം 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

7. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% ധനസഹായമായി പരമാവധി 20-ലക്ഷം രൂപ നൽകി വരുന്നു.

8. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം പരമാവധി 30 ലക്ഷം രൂപ നൽകുന്നു.

9. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10-ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.

10. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10- ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

11. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ

നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 10% പരമാവധി 10- ലക്ഷം രൂപ അധിക സഹായം ലഭിക്കും.

12. വ്യവസായരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനായി കരകൗശല വ്യവസായവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ സർക്കാർ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി 5 ലക്ഷം രൂപയും ഈ മേഖലയിലെ അപ്പെക്സ് സംഘങ്ങൾക്ക് ധനസഹായമായി 250 ലക്ഷം രൂപയും കരകൗശല തൊഴിലാളികൾക്ക് എന്റർപ്രണേഴ്സ് അസിസ്റ്റൻസ് സ്കീം പ്രകാരം 60-ലക്ഷം രൂപയും പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 55- ലക്ഷം രൂപയും ഉൾപ്പെടെ ആകെ 370 ലക്ഷം രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

13. മുള വ്യവസായ വികസനത്തിനായി 151-ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിനു പുറമേ ഈ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് കരകൗശല മേഖലയിലെ പ്രാഥമിക കരകൗശല സഹകരണ സംഘങ്ങൾക്കും, സുരഭി, എച്ച്.ഡി.സി.കെ എന്നീ അപ്പെക്സ് സംഘങ്ങൾക്കും രണ്ടു കോടി രൂപ വീതം അനുവദിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

14. പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് അവയുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് Production, Processing, Marketing, Storage, Import & Export of Industiral Goods എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 10- ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയുട്ടുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## വരവൂർ വ്യവസായ പാർക്ക്

**293(633)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് മുന്നോടിയായി നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അവ പൂർത്തിയായിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(സി) വ്യവസായ പാർക്ക് സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇപ്പോൾ അതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും പറയാമോ ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി വരവൂർ വില്ലേജിൽ 8.55 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) എം.എസ്.സി.-സിഡി.പി. പദ്ധതി പ്രകാരം അനുവദിച്ച 3 ലക്ഷം (മൂന്ന് ലക്ഷം) രൂപ ചെലവഴിച്ച് വരവൂർ വ്യവസായ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചാൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വ്യവസായ വകുപ്പ് ഡയറക്ടർമാർക്കെതിരെ വിജിലൻസ് മൊഴി

**294 (634)** <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ജോലിചെയ്തിരുന്ന ഏതെങ്കിലും മുൻഡയറക്ടർ മാർക്കെതിരെ വിജിലൻസ് വകുപ്പിന് ആരെങ്കിലും മൊഴി നൽകിയതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സംഭവം സംബന്ധിച്ചാണെന്നും ഇതിൻെറ വിശദാംശങ്ങളും വ്യവസായ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിൻെറ വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ-സി) വിജിലൻസ് വകുപ്പിൽ നിന്നും വിവരം ശേഖരിച്ച നൽകുന്നതാണ്.

## വ്യവസായ വകുപ്പിലെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ്

**295 (635)** <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ അസി:ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുവേണ്ടി ഉപജില്ലാ വ്യവസായ ഓഫീസർ/ അസിസ്റ്റൻെറ് രജിസ്ട്രാർമാരുടെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയത് തയ്യാറാക്കാത്തതിൻെറ കാരണം വിശദമാക്കാമോ ;

(സി) സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അസിസ്റ്റന്റ് ഡയറക്ടറുടെ പ്രമോഷനുവേണ്ടി ഉപജില്ലാ വ്യവസായ ഓഫീസർ/അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല.

(ബി&സി) കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി നയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## വ്യവസായ വകുപ്പിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

**296 (636)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ഓരോ തസ്തികയിലും ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രത്യേക വിഭാഗം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, നിലവിൽ ഏതൊക്കെ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) വകുപ്പിൽ കൃത്യമായി DPC കൂടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് യഥാസമയം പ്രൊമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച തസ്തികകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൃത്യമായി DPC കൂടി യഥാസമയം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വ്യവസായ വകുപ്പിൽ ഐ.ഇ.ഒ സീനിയർ കോ-ഇൻസ്പെക്ടർ, ജൂനിയർ ഇൻസ്പെക്ടർ തസ്തികകളിലെ റിവർഷൻ

**297 (637)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ഐ. ഇ. ഒ, സീനിയർ കോ-ഇൻസ്പെക്ടർ തസ്തികകളിൽ റിവർഷൻ ഉണ്ടായിട്ടുണ്ടോയെന്ന് പറയാമോ ;

(ബി) എന്തുകൊണ്ടാണ് റിവർഷൻ ഉണ്ടായെന്നും എത്ര പേർക്കാണ് റിവർഷൻ ഉണ്ടായെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വാണിജ്യ വകുപ്പിൽ വ്യവസായ വികസന ഓഫീസർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ റിവർഷൻ ഉണ്ടായിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യ വകുപ്പിൽ നിലവിൽ ഉള്ള വ്യവസായ വികസന ഓഫീസർ തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടതിനാൽ ടി ഒഴിവുകളിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് താൽക്കാലിക പ്രമോഷൻ നൽകി നിയമിക്കുകയുണ്ടായി.

പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേനയുള്ള നിയമനം നടക്കുമ്പോൾ റിവർഷൻ നൽകുന്നതാണ് എന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥാനക്കയറ്റം നൽകിയിരുന്നത്. പ്രസ്തുത പ്രൊമോഷന് അനുസൃതമായി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും മേൽപ്പറഞ്ഞ നിബന്ധനയിൽ താൽക്കാലിക പ്രമോഷൻ നടത്തിയിരുന്നു. വ്യവസായ വികസന ഓഫീസർ തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമന ശുപാർശ ചെയ്ത 44 പേരിൽ 40 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തദവസരത്തിൽ മറ്റു ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാൽ താൽക്കാലിക പ്രമോഷൻ നൽകിയിരുന്ന ജൂനിയറായ വ്യവസായ വികസന ഓഫീസർമാരെ റിവർട്ട് ചെയ്യുകയുണ്ടായി. ഇതിനനുസൃതമായി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികകളിലും റിവർഷൻ നടത്തുകയുണ്ടായി.

ഇപ്രകാരം വ്യവസായ വികസന ഓഫീസർ തസ്തികയിൽ 22, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 14, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 12 എന്നിങ്ങനെ റിവർഷൻ നടത്തുകയുണ്ടായി.

**കൈത്തറി വ്യവസായത്തെ വികസിപ്പിക്കാൻ പദ്ധതികൾ**

**298 (638)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തകർച്ചയിലേക്ക് പോകുന്ന പരമ്പരാഗത വ്യവസായ മേഖലയിൽപ്പെടുന്ന കൈത്തറി വ്യവസായം വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ;

(ബി) ഈ സർക്കാർ പുതുതായി എത്ര കൈത്തറി വ്യവസായസംരംഭങ്ങൾ ആരംഭിച്ചു ; എത്ര വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിച്ചു ; വ്യക്തമാക്കാമോ ;

(സി) കൈത്തറി വ്യവസായ പുനഃരുദ്ധാരണത്തിന് കേന്ദ്രസർക്കാരിൻെറ ഭാഗത്ത് നിന്ന് ലഭ്യമാക്കിയിട്ടുള്ള സാമ്പത്തിക സഹായങ്ങൾ പ്രയോജനപ്പെടുത്തുന്ന എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നു ; എത്ര പദ്ധതികൾക്ക് അനുമതി കിട്ടിയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ നേരിട്ട് കൈത്തറി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ മാസ്റ്റർ വീവർ പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ 73 സംരംഭകർക്ക് ആനുകൂല്യം നൽകി, നെയ്ത്ത് സംരംഭം ആരംഭിച്ചിട്ടുണ്ട്. സെൽഫ് എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം 2012-13, 2013-14 സാമ്പത്തിക വർഷത്തിലായി 38 പേർക്ക് ആനുകൂല്യം നൽകി 38 സംരംഭങ്ങൾ ആരംഭിച്ചു. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജിലൂടെ 2 ഘട്ടങ്ങളിലായി 355 പ്രാഥമിക സംഘങ്ങളേയും ഹാന്റക്സിനേയും പുനരുദ്ധരിക്കുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

(സി) കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനുള്ള റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു. ഒന്നാംഘട്ടത്തിൽ 122 പ്രാഥമിക സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇതുവഴി 355 പ്രാഥമിക കൈത്തറി സംഘങ്ങളുടെയും, ഹാന്റക്സിന്റേയും 1117 വ്യക്തിഗത യൂണിറ്റുകളുടേയും 31-3-2010 വരെയുള്ള വായ്പ കുടിശ്ശിക 100%വും പലിശയുടെ 25%വും (എൻ.പി.എ ആകുന്നതുവരെ) ഒഴിവാക്കുന്നതാണ്. എൻ.സി.ഡി.സി വായ്പയും ഒരു വർഷത്തിൽ കൂടുതൽ

പഴക്കമുള്ള സ്റ്റോക്കിന്റെ 50% വിലയും അംഗങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും ഹാന്റക്സിനും, പ്രൈമറി സംഘങ്ങൾക്കും ലഭിക്കുന്നു. ആർ.ആർ.ആർ പാക്കേജിൽ ഹാന്റക്സിന് 75:25 (കേന്ദ്രം:സംസ്ഥാനം) നിരക്കിലും പ്രാഥമിക സംഘങ്ങൾക്ക് 80:20 (കേന്ദ്രം:സംസ്ഥാനം) നിരക്കിലും ധനസഹായം ലഭിക്കുന്നു. ഇതിലൂടെ കൈത്തറി മേഖലയുടെ നവീകരണം സാധ്യമാകുന്നതാണ്.

ഒന്നാം ഘട്ടത്തിൽ, പദ്ധതി പ്രകാരം 23,92,12,966- രൂപ കേന്ദ്രസഹായം ലഭിക്കുകയുണ്ടായി. ആയത് 122 പ്രൈമറി കൈത്തറി സഹകരണ സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കുമായി നബാർഡ് മുഖാന്തിരം വിതരണം ചെയ്യുകയുണ്ടായി.

രണ്ടാം ഘട്ടത്തിൽ കേന്ദ്രവിഹിതമായി 141 കോടി രൂപ ലഭ്യമായിട്ടുണ്ട്. ടി തുകയിൽ നിന്നും 9 ജില്ലകൾക്കായി 9,62,93,248-രൂപ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ അപ്പക്സ് സംഘമായ ഹാന്റക്സിന് 47.72 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. ബാക്കി തുക, ശേഷിച്ച ജില്ലകൾക്ക് അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ ഇൻകെൽ എഡ്യുസിറ്റി

**299 (639)** <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ഇൻകെൻ എഡ്യുസിറ്റി മൊത്തം എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട് ; എത്ര സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചു ; ഏതെല്ലാം സംരംഭകർക്ക് ഏതെല്ലാം പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമി വീതം അനുവദിച്ചിട്ടുണ്ട് ;

(ബി) എഡ്യുക്കേഷൻ സിറ്റിയും ഭൂമി അലോട്ട് ചെയ്തു കിട്ടിയ സംരംഭങ്ങളും തമ്മിലുള്ള ബന്ധം വിശദീകരിക്കാമോ ;

(സി) എഡ്യുക്കേഷൻ സിറ്റിക്കു വേണ്ടി ഇൻകെലിന് സർക്കാർ

എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) എഡ്യൂക്കേഷൻ സിറ്റി പദ്ധതിയ്ക്ക് ഇൻകെൻ ഇതിനകം ചെലവഴിച്ച തുക എത്ര ; ഇൻകെലിന് സർക്കാർ ഷെയർ എത്ര ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ ഇൻകെൽ എഡ്യുസിറ്റിക്ക് മൊത്തം 168 ഏക്കർ ഭൂമി കൈവശമുണ്ട്. 19 സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എഡ്യൂക്കേഷൻ സിറ്റിയിലെ സംരംഭകർക്ക് ദീർഘകാല പാട്ടക്കരാറിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം അനുവദിക്കുന്നത്. പാട്ടക്കരാറിലെ വ്യവസ്ഥ അനുസരിച്ച് Lessor, Lessee ബന്ധമാണ് എഡ്യൂസിറ്റിയും സംരംഭകരും തമ്മിലുള്ളത്. ഇൻകെൽ എഡ്യുസിറ്റി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ, വൈദ്യുതി, ജലവിതരണം തുടങ്ങി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടാണ് പുതിയ സംരംഭകർക്കായി പ്ലോട്ടുകൾ നൽകിയിട്ടുള്ളത്. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (എൻ.റ്റി.റ്റി.എഫ്)-മായി ഇൻകെൽ-എൻ.റ്റി.റ്റി.എഫ്. എന്ന സംയുക്ത സംരംഭം നടപ്പിലാക്കിയിട്ടുണ്ട്.

(സി) എഡ്യുക്കേഷൻ സിറ്റിക്ക് വേണ്ടി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3 എം.എൽ.ഡി. വാട്ടർ സപ്ലൈ സ്കീം മുനിസിപ്പാലിറ്റിയുമായി ചേർന്ന് നടപ്പിലാക്കാനുള്ള പദ്ധതി മുന്നോട്ടു വെച്ചിട്ടുണ്ട്. എഡ്യുസിറ്റിയിലേക്കുള്ള റോഡിന്റെ വീതി കൂട്ടൽ കേരള റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്.

(ഡി) എഡ്യുസിറ്റി പദ്ധതിക്കു വേണ്ടി ഇൻകെൽ ഇതിനകം 41.38 കോടി രൂപ ചെലവഴിച്ചു. ഇൻകെൽ സ്വന്തമായി നടപ്പാക്കുന്ന പദ്ധതിയാണ് എഡ്യുസിറ്റി. ഇൻകെലിൽ സർക്കാർ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് ഉദ്ദേശം 32% ഷെയർ എടുത്തിട്ടുണ്ട്.

**കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ**

**300 (640)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ കാഷ്യു ഫാക്ടറി മാനേജ്മെന്റ്, കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) കാഷ്യു സ്പെഷ്യൽ ഓഫീസർ കാഷ്യു ഫാക്ടറികളിൽ നടക്കുന്ന നിയമ നിഷേധം സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിയമനിഷേധം നടത്തുന്ന മാനേജ്മെന്റിനെതിരെ കേസുകൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി വരികയാണ്. നാളിതുവരെ 180-ഓളം ഫാക്ടറികളിൽ പരിശോധന നടത്തുകയും നിയമ ലംഘനങ്ങൾ പരിഹരിച്ചെന്ന് ബോധ്യമായ ഫാക്ടറികൾക്കെതിരായ നടപടികൾ അവസാനിപ്പിക്കുകയും അവശേഷിക്കുന്ന ഫാക്ടറികൾക്കെതിരെ തുടർ നിയമ നടപടികൾ സ്വീകരിച്ചും വരികയുമാണ്.

(ബി) കശുവണ്ടി ഫാക്ടറികളിൽ നടക്കുന്ന നിയമ നിഷേധത്തിനെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി വരുകയാണ്. നാളിതുവരെ 180-ഓളം ഫാക്ടറികളിൽ പരിശോധന നടത്തുകയും ഫാക്ടറി നിയമത്തിന്റെ ലംഘനങ്ങൾ കണ്ടെത്തിയ ഫാക്ടറി ഉടമയ്ക്കെതിരെ ഫാക്ടറി നിയമ പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട് നൽകുകയും പ്രസ്തുത നിയമ ലംഘനങ്ങൾ പരിഹരിച്ച ഫാക്ടറികൾക്കെതിരെ തുടർ നിയമ നടപടികൾ അവസാനിപ്പിയ്ക്കുകയും ചെയ്തു. യാതൊരു നടപടികളും കൈക്കൊള്ളാത്ത ഫാക്ടറികൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. അത്തരത്തിൽ നോട്ടീസ് നൽകിയ ഫാക്ടറികൾ, നിശ്ചിത ദിവസിത്തിനകം നടപടികൾ കൈക്കൊള്ളുന്നതാണെന്നും സാവകാശം അനുവദിയ്ക്കണമെന്നും അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഫാക്ടറികൾക്ക് ന്യൂനതാ പരിഹാരത്തിന് ന്യായമായ സാവകാശം അനുവദിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്ത ഫാക്ടറികൾക്കെതിരെ തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

എന്നാൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും യാതൊരുവിധ നടപടികളും സ്വീകരിക്കാത്ത ഫാക്ടറികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) നിയമനിഷേധം നടത്തുന്ന മാനേജ്മെന്റുകൾക്കെതിരെ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അന്യായം ഫയൽ ചെയ്ത ഒരു കേസിൽ ആലപ്പുഴ ജില്ലയിലെ താമരക്കുളത്ത് സ്ഥിതിചെയ്യുന്ന യൂണിവേഴ്സൽ ഫുഡ്സ് കശുവണ്ടി ഫാക്ടറി ഉടമയ്ക്ക് ബഹു. ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നിയമ ലംഘനത്തിന് 90,000-രൂപാ പിഴയും ഒരു ദിവസത്തെ തടവിനും ശിക്ഷിച്ചിട്ടുണ്ട്.

**തോട്ടണ്ടി ഇറക്കുമതി**

**301 (641)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടണ്ടി ഇറക്കുമതി കുറയുന്നു എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) തോട്ടണ്ടി ഇറക്കുമതി കുറയുന്നതിന്റെ കാരണം വിശദമാക്കുമോ ;

(സി) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13 ഇറക്കുമതി ചെയ്ത 8,92,365 മെട്രിക് ടണ്ണിന്റെ സ്ഥാനത്ത് 2013-14 ൽ 7,71,356 മെട്രിക് ടൺ മാത്രമാണ് ഇറക്കുമതി ചെയ്തത്. ഇറക്കുമതിയിൽ പതിമൂന്നര ശതമാനത്തിന്റെ കുറവു സംഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിയറ്റ്നാം കൂടാതെ പല ആഫ്രിക്കൻ രാജ്യങ്ങളും തോട്ടണ്ടി സംഭരണം തുടങ്ങിയതും ആഫ്രിക്കൻ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങളും തോട്ടണ്ടിയുടെ ഉയർന്ന വിലയും ഇറക്കുമതി കുറയാൻ മുഖ്യ കാരണങ്ങളാണ്.

(സി) അസംസ്കൃത തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2007-ൽ കാഷ്യൂ സ്പെഷ്യൽ ഓഫീസർ ചെയർമാനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക്

(കെ.എസ്.എ.സി.സി)-ക്ക് രൂപം നൽകുകയും അതുവഴി "ജൈവകശുമാവ് കൃഷിയും അസംസ്കൃത തോട്ടണ്ടി ബാങ്ക്" എന്ന പദ്ധതി മുഖാന്തിരം അത്യുൽപാദന ശേഷിയുള്ളതും മൂന്നാം വർഷം കായ്ക്കുന്നതുമായ മേൽത്തരം ഗ്രാഫ്റ്റ് തൈകളും വിതരണം ചെയ്തു വരികയുമാണ്.

## പൊതുമേഖലാസ്ഥാപനങ്ങളുടെ നിരീക്ഷണം

**302 (642)** <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളേയും മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളെയും മോണിറ്റർ ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തു ന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ (കശുവണ്ടിമേഖല ഉൾപ്പെടെ) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പ്രവർത്തിച്ച് ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രവും ആക്കുന്നതിന് നടപടി

**303 (643)** ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾ മനസ്സിലാക്കി കൂടുതൽ ഉത്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾക്കൂടി മനസ്സിലാക്കിക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കിവരുന്നുണ്ട്.

**കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതികളിൽ**

**304 (644)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനുവേണ്ടി ഇതുവരെ എന്തൊക്കെ കാര്യങ്ങൾചെയ്തു എന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-4-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്

തയ്യാറാക്കി ആറ് മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം DMRC പദ്ധതിയുടെ സർവേ നടപടികൾ നടത്തി വരികയും ചെയ്യുന്നു.

(സി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഏജൻസിയായ DMRC ഇതുവരെ ഏകദേശം 60 ശതമാനത്തോളം പദ്ധതി പ്രദേശത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സർവ്വേ നടപടികൾ DMRC നടത്തി വരുകയും ചെയ്യുന്നു. പദ്ധതിയുടെ ആവശ്യത്തിനായി ഇതുവരെ 21.30 കോടി രൂപ ചെലവായിട്ടുണ്ട്.

**എമർജിംഗ് കേരള സംഗമം**

**305 (645)** ശ്രീ. എം. പി. വിൻസെൻറ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിൻെറകാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിൻെറ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികളിലാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാധ്യതകളും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുക എന്നതും, വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതുമായിരുന്നു എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമാക്കിയിരുന്നത്. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറംലോകത്തിനുമുന്നിൽ അവതരിപ്പിക്കുവാനും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും ഈ സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ

ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽമാത്രം ഇപ്പോൾ 19 പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) എമർജിംഗ് കേരളയുടെ ഭാഗമായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചത് താഴെ പറയുന്ന രണ്ട് പദ്ധതികൾക്കാണ് :

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Govt of Kerala

2. Advanced Diploma course in Automotive Mechatronics (ADAM) Course at Government Engineering College, Trivandrum by Mercedez Benz

(ഡി) എമർജിംഗ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കും, പദ്ധതി നിർദ്ദേശങ്ങൾക്ക് സമയ ബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും, ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. അതുപോലെ എമർജിംഗ് കേരളയിൽ ചർച്ചചെയ്ത ആശയങ്ങളെയും, പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

**306 (646)** ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ സാമ്പത്തിക സ്ഥിതി വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വ്യവസായവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. SCL-SAIL Kerala Ltd.

2. Tool room cum Training Centre (a unit of Kerala SIDCO).

3. Hi-Tech Bamboo Tile Factory (a unit of Kerala State Bamboo corporation Ltd).

4. Keltron Lighting Division, Mudadi, Kozhikode (a unit of KELTRON).

5. Malabar Spinning and Weaving Mills (a unit of Kerala State Textile Corporation).

6. Kerala Soaps.

(ബി) ഈ സ്ഥാപനങ്ങളിൽ/യൂണിറ്റുകളിൽ Hi-Tech Bamboo Tile Factory ഒഴികെയുള്ളവയുടെ ലാഭനഷ്ടകണക്കുകൾ അനുബന്ധമായി ചേർത്തി രിക്കുന്നു. Hi-Tech Bamboo Tile Factory-യുടെ കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

**307 (647)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതുതായി വ്യവസായം ആരംഭിക്കുന്നതിന് അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) വ്യവസായം ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കപ്പെട്ട വ്യവസായ സംരംഭകരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിവരം ചുവടെ ചേർക്കുന്നു:

1. 3699-ലക്ഷം രൂപ മുതൽമുടക്കോടെ 991 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. സംരംഭകത്വ സഹായ പദ്ധതിപ്രകാരം 14 യൂണിറ്റുകൾക്ക് 22,64,483 രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തി നാലായിരത്തി നാനൂറ്റി എൺപത്തി മൂന്ന് രൂപ) അനുവദിച്ചു.

3. സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിപ്രകാരം 3 വ്യവസായ സംരംഭങ്ങൾക്ക് 3,91,285-രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തിയഞ്ച് രൂപ) അനുവദിച്ചു.

4. മാർജിൻമണി ലോൺ വായ്പ പദ്ധതിപ്രകാരം നൂറനാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ യൂണിറ്റിന് 1,48,500- (ഒരു ലക്ഷത്തി നാൽപ്പത്തി യെണ്ണായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചു.

5. ഐ.ഐ.പി ശീർഷകത്തിൽ പൊട്ടൻഷ്യൽ സർവ്വേ, സെമിനാർ, ഇ.ഡി.പി. എന്നിവയ്ക്കായി 2,82,000-രൂപ (രണ്ട് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ) ചെലവഴിച്ചു.

6. മാവേലിക്കര എസ്.സി. ഹാൻഡ് ലൂം & പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 14,26,000 രൂപ (പതിനാല് ലക്ഷത്തി ഇരുപത്തി യാറായിരം രൂപ ) അനുവദിച്ചു.

7. 16 സംഘങ്ങളുടെ ക്ലിയറൻസ് അപേക്ഷകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് തീർപ്പു കൽപ്പിച്ചു.

8. പി.എം.ഇ.ജി.പി. പദ്ധതിയിൽപ്പെടുത്തി വ്യവസായം ആരംഭിക്കുന്നതിന് 59 യൂണിറ്റുകൾക്ക് 89.82 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

9. വനിതാ വ്യവസായ പദ്ധതി പ്രകാരം 5 സംരംഭകർക്ക് 11.90 ലക്ഷം രൂപ സബ്സിഡി അനുവദിച്ചു.

10. ഗുണഭോക്താക്കൾക്ക് 2.58 ലക്ഷം രൂപ സബ്സിഡി അനുവദിച്ചു.

11. 125 സംരംഭകരുടെ ബാങ്ക് വായ്പകളുള്ള അപേക്ഷകൾ വിവിധ ബാങ്കുകളിലേക്ക് ശുപാർശ ചെയ്തു.

12. സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതുതായി വ്യവസായം ആരംഭിക്കുന്നതിന് അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചവരെ 16/01/14-ന് ഇന്റർവ്യൂ നടത്തി തയ്യാറാക്കി അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒഴിവുവന്ന സ്ഥലം മുൻഗണനാ ക്രമത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) കായംകുളം പെരിങ്ങല തൈയ്യിൽ വീട്ടിൽ ശ്രീമതി ജയന്തി നാഗിന് ഡവലപ്പ്മെന്റ് ഏരിയ കൊല്ലക്കടവിൽ 25 സെന്റ് സ്ഥലം വ്യവസായം ആരംഭിക്കുന്നതിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ഖനനം

**308 (648)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ വിവിധ മേഖലകളിൽ നടക്കുന്ന ഖനനംമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഖനനം നിർത്തലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ഖനന പ്രവർത്തനങ്ങൾ നിയമപ്രകാരവും പ്രശ്നരഹിതവുമാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ വൻകിട ധാതുവിന്റെ ഗണത്തിൽപ്പെടുന്ന ബോക്സൈറ്റ്, ലാറ്ററൈറ്റ്, ചൈനാ ക്ലേ എന്നീ ഖനികൾ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസിന്റെയും ഡയറക്ടർ ജനറൽ

ഓഫ് മൈൻ സേഫ്റ്റിയുടെയും നിരന്തര പരിശോധനയിലാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ ഖനനം പൂർണ്ണമായും നിർത്തി വയ്ക്കുന്നതിന് നടപടികൾ എടുത്തിട്ടില്ല.

**സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ**

**309 (649)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം ലാഭം എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം എത്ര ;

(സി) അടച്ചുപൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെന്നും മുൻ സർക്കാരിൻെറകാലത്ത് പ്രവർത്തനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെന്നും വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ആഡിറ്റഡ്/ആഡിറ്റ് പൂർത്തിയാക്കാത്ത കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിൽ 15 സ്ഥാപനങ്ങൾ ലാഭത്തിലും 29 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു.

(ബി) ഇതുപ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം ലാഭം 108.15 കോടി രൂപയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം 146.96 കോടി രൂപയുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ഒന്നും അടച്ചുപൂട്ടിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒൻപതു യൂണിറ്റുകൾ ആരംഭിച്ചതിൽ 6 സ്ഥാപനങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തിനമാരംഭിച്ചു.

**തിരുവനന്തപുരം ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾ**

**310 (650)** <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര കൈത്തറി സഹകരണ സംഘങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയാമോ ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും മേൽവിലാസവും സംഘം തിരിച്ച് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സഹകരണ സംഘങ്ങളിലെ അവസാന ഭരണസമിതി അംഗങ്ങളുടെ പേരും, മേൽവിലാസവും അംഗനമ്പരും ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ സംസ്ഥാന കൈത്തറി നെയ്ത്തു സഹകരണ സംഘം നമ്പർ എച്ച് 232 (ഹാൻടെക്സ്)-ന്റെ 19-11-2014-ൽ നടന്ന വാർഷിക പൊതുയോഗത്തിൽ ഓരോ സംഘങ്ങളിൽ നിന്നും പ്രതിനിധികളായി പങ്കെടുത്തവരുടെ പേര്, മേൽവിലാസം, അംഗസമ്പർ, യോഗ തീരുമാനമെടുത്ത ഫയൽ നമ്പർ എന്നിവ ലഭ്യമാക്കാമോ ;

(ഇ) പങ്കെടുത്ത അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ 287 കൈത്തറി സഹകരണ സംഘങ്ങൾ ഉണ്ട്. കൈത്തറി സഹകരണ സംഘങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പാലൂർകോട്ട വ്യവസായ മേഖല**

**311 (651)** <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള പാലൂർകോട്ട വ്യവസായ മേഖലയായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പാലൂർകോട്ട വ്യവസായ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

**മിഷൻ 676-കെ.എസ്.ഐ.ഡി.സി.-സ്റ്റാർട്ട് അപ്പ് വില്ലേജ്**

**312 (652)** ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഐ. ഡി. സി. യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളത് വിശദമാക്കാമോ ;

(ഡി) കെ. എസ്. ഐ. ഡി. സി. എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി സ്റ്റാർട്ട് അപ്പ് വില്ലേജിനു രൂപം നൽകിയിട്ടില്ല. കെ.എസ്.ഐ.ഡി.സി പുതിയ ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വിവിധ സ്ഥലങ്ങളിൽ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി-യുടെ ആദ്യത്തെ ബിസിനസ് ഇൻകുബേറ്റർ കൊച്ചി കിൻഫ്രാ പാർക്കിൽ നവംബർ മാസം 13-ാം തിയതി പ്രവർത്തനം ആരംഭിച്ചു. 60 തോളം വർക്ക് സ്റ്റേഷനുകൾ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ഇതു കൂടാതെ, അങ്കമാലിയിൽ INKEL Complex, കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രം, തിരുവനന്തപുരത്ത് ലൈഫ് സയൻസ് ഇൻക്യുബേറ്റർ എന്നീ പുതിയ ഇൻക്യുബേറ്ററുകൾ തുടങ്ങാൻ കെ.എസ്.ഐ.ഡി.സി നടപടി എടുത്തിട്ടുണ്ട്.

(ബി) പുതിയ സംരംഭകർക്ക് വിവിധ മേഖലകളിലുള്ളവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി. നൽകുന്നത്. ഇതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലവും സഹായവും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി. യുടെ കാക്കനാട് തുടങ്ങിയ ഇൻക്യുബേഷൻ സെന്ററിൽ താഴെ പറയുന്ന സൗകര്യങ്ങളാണ് നൽകിയിരിക്കുന്നത് :

1. വർക്ക് സ്റ്റേഷൻ

2. കോൺഫറൻസ് റൂം

3. ഡിസ്കഷൻ റൂം
4. ഇന്റർനെറ്റ് സൗകര്യങ്ങൾ
5. ഇലക്ട്രിസിറ്റി
6. റിസപ്ഷൻ
7. ഫുഡ് കോർട്ട്
8. മെൻഡിറിംഗ് സപ്പോർട്ട്

(ഡി&ഇ) പുതുസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിൽ മിതമായ നിരക്കിൽ ഓഫീസ് സ്ഥലവും പ്രവർത്തന സൗകര്യങ്ങളും നൽകുന്നതാണ്. ഇതുകൂടാതെ, ഇൻക്യുബേഷൻ സെന്ററിൽ പുതുസംരംഭകർക്കുവേണ്ടി മെൻഡറിംഗ് സപ്പോർട്ട് കെ.എസ്.ഐ.ഡി.സി. ലഭ്യമാക്കുന്നതാണ്. ഇതോടൊപ്പംതന്നെ ഒരു സീഡ് ക്യാപ്പിറ്റൽ ഫണ്ടിംഗിനായി ഒരു പ്രത്യേക പദ്ധതിയും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

**മിഷൻ 676-സ്മാർട്ട് സിറ്റി**

**313 (653)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതി യഥാർത്ഥ്യമാകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മാസ്റ്റർപ്ലാൻ അംഗീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്രതുക അനുവദിച്ചിട്ടുണ്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ;

(ഡി) സ്മാർട്ട്സിറ്റിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സ്മാർട്ട്സിറ്റി പദ്ധതിയുടെ 246 ഏക്കറിന്റെയും മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. സ്മാർട്ട്സിറ്റിയിലേയ്ക്കും സ്മാർട്ട്സിറ്റിക്കുള്ളിലും ആവശ്യമായ റോഡുകൾ, പാലങ്ങൾ, വൈദ്യുതി, ജലലഭ്യതക്കുള്ള മാർഗ്ഗങ്ങൾ, ജലശുദ്ധീകരണ സൗകര്യങ്ങൾ, മഴവെള്ള സംഭരണത്തിനുള്ള കുളങ്ങൾ, അതിർത്തി പ്രദേശങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവയുടെ വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തു. ഭാവിയിലുണ്ടാകാവുന്ന യാത്രാപ്രശ്നം പരിഹരിക്കുന്നതിന് വിശദമായ ട്രാഫിക് പഠനം നടത്തിക്കഴിഞ്ഞു. സ്മാർട്ട്സിറ്റിക്ക് പാട്ടത്തിന് നൽകിയ 246 ഏക്കറിൽ 232 ഏക്കറിനും പ്രത്യേക സാമ്പത്തികമേഖലാപദവി ലഭ്യമായിട്ടുണ്ട്. സംസ്ഥാന വൈദ്യുതി വിതരണത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല; 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു. ഇത് 2015 മാർച്ച് മാസത്തോടെ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം, ഉദ്ദേശം 3.7 കിലോമീറ്റർ നീളത്തിൽ റോഡ്, ഓടകൾ, കേബിൾ കുഴികൾ, കാക്കനാട് വില്ലേജിലെ സ്മാർട്ട്സിറ്റി ഭൂമിയും ഇൻഫോപാർക്ക് റോഡുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം എന്നിവ നടന്നുവരുന്നു. പ്രാഥമിക ജല ലഭ്യത ഉറപ്പാക്കിക്കഴിഞ്ഞു. ജലസംഭരണികൾ, ജല സംസ്കരണ പ്ലാൻറുകൾ, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ഉടൻ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2015 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു

(ഇ) സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്മാർട്ട് സിറ്റിയുടെ ഡയറക്ടർ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്.

**മിഷൻ 676 സ്റ്റാർട്ടപ്പ് വില്ലേജ്**

**314 (654)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാർട്ടപ്പ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികളുടെ രൂപീകരണത്തിന് മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള ഈ പദ്ധതിയിൽ രണ്ടുവർഷംകൊണ്ട് ഇരുന്നൂറിലധികം സ്റ്റാർട്ടപ്പുകൾക്കു തുടക്കമായി. ദേശീയ തലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെട്ട സംരംഭമായി ഇതു മാറി. വിദ്യാർത്ഥി സംരംഭകർക്ക് 20% ഹാജർ ഇളവ്, 4% ഗ്രേസ് മാർക്ക്, ബജറ്റിന്റെ ഒരു ശതമാനം തുടങ്ങിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. അഞ്ച് വിദ്യാർത്ഥികൾക്ക് സിലിക്കൺ വാലി സന്ദർശിക്കാൻ അവസരമൊരുക്കി. അവിടം സന്ദർശിക്കുന്ന വിദ്യാർത്ഥി സംരംഭകർക്കുവേണ്ടി സിലിക്കൺ വാലി ലാൻഡിംഗ് പാഡും തുറക്കും. വിദ്യാർത്ഥിനി സംരംഭകർക്ക് 5% ഗ്രേസ് മാർക്ക് നൽകി കൂടുതൽ പ്രോത്സാഹനം നൽകും.

(ബി) രാജ്യത്തെ നമ്പർ വൺ സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയാണു ലക്ഷ്യമിടുന്നത്. ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. റാസ്പ്ബെറി പൈ പ്രോഗ്രാം
2. നേതൃത്വ പരിശീലന പരിപാടി

3. അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി

4. സ്റ്റാർട്ട്അപ്പ് ബൂട്ട്ക്യാമ്പ്

5. ഫാബ് ലാബ്

6. സ്റ്റാർട്ട്അപ്പ് ബോക്സ് ക്യാമ്പയ്ൻ

(സി) പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക് ടി.ബി.ഐ.-യുടെ ബോർഡ് ഓഫ് ഗവേർണേസ് ചെയർമാനായി മുഖ്യമന്ത്രിയും വൈസ് ചെയർമാനായി വ്യവസായ-ഐ.ടി വകുപ്പ് മന്ത്രിയും ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി.ടി.ബി.ഐയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പുന:ക്രമീകരിക്കുകയും ചെയർമാൻ സ്ഥാനം ഐ.ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

**ധാതുമണൽ ലേലം**

**315 (655)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരദ്ദേശങ്ങളിൽ എവിടെയെങ്കിലും ധാതുമണൽ, തുറമുഖ വകുപ്പ് ലേലം ചെയ്തു നൽകിയതായി വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സർക്കാരിന്റെ കാലത്ത് ലേലം ചെയ്തു വിറ്റ ധാതുമണലിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എത്ര ഘനമീറ്റർ ധാതുമണലാണ് ലേലം ചെയ്തു വിൽക്കുന്നതിനായി കരുതിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) ഏത് നിയമപ്രകാരമായിരുന്നു കരിമണൽ ലേലം നിർത്തി വച്ചതെന്ന് വ്യക്തമാക്കാമോ ; ലേലം റദ്ദാക്കാൻ ഉദ്ദേശമുണ്ടോ, കേരള തീരത്തെ ധാതുമണൽ അത്തരത്തിൽത്തന്നെ പ്രയോജനപ്പെടുത്താൻ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**പാറമടകളുടെ ഖനനാനുമതി**

**316 (656)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളരിക്കുണ്ട്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ഖനനാനുമതി ഉള്ള പാറമടകളുടെ വിശദാശങ്ങൾ ലഭ്യമാക്കാമോ ;

(ബി) അനുമതിക്ക് വിരുദ്ധമായി പ്രവർത്തിച്ച പാറമടകൾക്കെതിരെ മൈനിംഗ്&ജിയോളജി വകുപ്പ് എടുത്ത നടപടികൾ വിശദമാക്കാമോ ;

(സി) അനുവാദത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണ് എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 1-4-2014 മുതൽ 26-11-2014 വരെയുള്ള കാലയളവിൽ വെള്ളരിക്കുണ്ട്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ഖനനാനുമതി നൽകിയ പാറമടകളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുമതിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽ പെട്ടാൽ ഖനന പ്രവർത്തനം നിർത്തിവയ്പിക്കുകയും 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾപ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഹോസ്ദുർഗ്ഗ് താലൂക്കിൽ അനുമതിക്ക് വിരുദ്ധമായി പ്രവർത്തിച്ച നാല് ക്വാറികളിൽ നിന്നും 63,000- രൂപയും വെള്ളരിക്കുണ്ട് താലൂക്കിൽ അപ്രകാരം പ്രവർത്തിച്ച രണ്ട് ക്വാറികളിൽനിന്നും 12,000- രൂപയും പിഴ ഈടാക്കിയിട്ടുണ്ട്.

(സി) കരിങ്കൽ ഖനനാനുമതിക്കായി ഹോസ്ദുർഗ്ഗ് താലൂക്കിൽ മൊത്തം 22 അപേക്ഷകൾ 1-4-2014 മുതൽ 26-11-2014 വരെയുള്ള കാലയളവിൽ ലഭിച്ചിരുന്നു. 16 ഖനന അപേക്ഷകൾ അനുവദിച്ചു. ശേഷിക്കുന്ന അപേക്ഷകൾ 6 എണ്ണമാണ്. വെള്ളരിക്കുണ്ട് താലൂക്കിൽ ഇതേ കാലയളവിൽ 22 ഖനനാ പേക്ഷകൾ ലഭിച്ചതിൽ, 13 എണ്ണം അനുവദിച്ചു. ശേഷിക്കുന്നത് 9 എണ്ണമാണ്. അനുവദിച്ചവയുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നിലും ശേഷിക്കുന്ന അപേക്ഷ കളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടിലും ചേർത്തിരിക്കുന്നു.*

## തീരക്കടലിലെ മണൽ നിക്ഷേപ പഠന റിപ്പോർട്ട്

**317 (657)** ശ്രീ .വി. എസ് സുനിൽ കുമാർ :
ശ്രീ.പി.തിലോത്തമൻ :
ശ്രീ.കെ.അജിത് :
ശ്രീ.ഇ.കെവിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മറൈൻ ജിയോളജിക്കൽ വിങ്ങിൻെറ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) തീരക്കടലിലെ മണൽ നിക്ഷേപത്തെക്കുറിച്ച് സംസ്ഥാനം പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) പഠനം നടത്തിയിട്ടില്ല.

## കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

**318 (658)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത മിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്ര രൂപയുടെ ബാദ്ധ്യതയുണ്ടെന്നും ആയത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്നും ഓരോ സ്ഥാപനത്തിനും നൽകുവാനുള്ള തുക എത്രയെന്നും അറിയിക്കുമോ ;

(സി) മിൽ ആധുനിക രീതിയിൽ നവീകരണം നടത്തി ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി 57.39

കോടി രൂപയുടെ പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2013 – 14 ബഡ്ജറ്റിൽ മിൽ നവീകരണത്തിനു വേണ്ടി 436 ലക്ഷം രൂപ അനുവദിക്കുകയും കൂടാതെ 2014-15 ബഡ്ജറ്റിൽ മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 211.15 ലക്ഷം രൂപ നൽകുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ കൊല്ലം മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മിൽ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടൺ സപ്ലൈയേഴ്സിന് 103.9 ലക്ഷം രൂപയും ഇൻഡോരാമക്ക് (പോളിസ്റ്റർ) 53.34 ലക്ഷം രൂപയും സ്റ്റാറ്റ്യൂട്ടറി പേയ്മെന്റ്സ് ഇനത്തിൽ 113 ലക്ഷം രൂപയും നൽകാനുണ്ട്.

(സി) മിൽ നവീകരണം 2 കൊല്ലം കൊണ്ട് നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. മില്ലിലെ വളരെ പഴക്കംചെന്ന മെഷീനുകൾ മാറ്റി പകരം പുതിയ മെഷീനുകൾ സ്ഥാപിച്ച് മില്ലിന്റെ ഉൽപ്പാദനശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ ഉൽപ്പാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 2013-14 ബഡ്ജറ്റിൽ 436 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 2014-15 ബഡ്ജറ്റിൽ 211.15 ലക്ഷം രൂപ നൽകുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ കൊല്ലം മില്ലിനായി 99.33 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. കൂടാതെ മില്ലിന്റെ നവീകരണത്തിനായുള്ള എൻ.സി.ഡി.സി സഹായത്തോടെയുള്ള 57.39 കോടി രൂപയുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതോടെ മിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്.

### ബാലുശ്ശേരി കുന്നത്തറ ടെക്സ്റ്റയിൽസ് അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ

**319 (659)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കുന്നത്തറ ടെക്സ്റ്റയിൽസ് അടച്ചു പൂട്ടുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്യുന്നതിനും പുതിയ വ്യവസായ

പാർക്ക് ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനും ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ തുടർന്ന് കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) ഇക്കാര്യത്തിൽ ബഹു.ഹൈക്കോടതിയുടെ അടിയന്തര പരിഗണന ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

ഉത്തരം

(എ&ബി) കുന്നത്തറ ടെക്സ്റ്റയിൽസ് അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്യുന്നതിനുവേണ്ടി 2014 മാർച്ച് മാസത്തിൽ ബഹു.ഹൈക്കോടതി മുൻപാകെ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു. സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി നിയമിച്ച ഒഫിഷ്യൽ ലിക്വിഡേറ്റർ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റിന് മറുപടി സത്യവാങ്മൂലം സർക്കാർ ഫയൽ ചെയ്തിരുന്നു.

**ഹാൻടെക്സ്-ആഭ്യന്തര പ്രശ്നങ്ങൾ**

**320 (660)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാൻടെക്സിൻെറ ബൈലോയിൽ സർക്കാർ ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; എന്നാൽ പലതവണ ആക്ഷേപങ്ങൾക്ക് വിധേയരായ ഹാൻടെക്സ് ജീവനക്കാരായ വ്യക്തികളെ നിയമിക്കുന്നതിന് ഭരണസമിതി ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) നിലവിലുള്ള ഭരണസമിതി അധികാരമേറ്റശേഷം ഓരോ വർഷവും അന്യസംസ്ഥാനങ്ങളിൽനിന്നും എന്ത് തുകയുടെ തുണിത്തരങ്ങൾ സംഭരിച്ചു ; സംഭരണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥൻെറ പേര്, ഔദ്യോഗിക സ്ഥാനം എന്നിവ വ്യക്തമാക്കാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച തുണിത്തരങ്ങൾ ഹാൻലൂം ഹൗസ്, എൻ.എസ്.ഐ.സി. എന്നീ സ്ഥാപനങ്ങൾവഴി സംഭരിച്ച് പരിശോധന നിർവ്വഹിച്ച ഉദ്യോഗസ്ഥർ ആരാണ് ; വ്യക്തമാക്കാമോ ;

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നും സംഭരിക്കുന്ന തുണിത്തരങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ് ; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങൾക്ക് വിധേയരായ ഹാന്റക്സ് ജീവനക്കാരായ വ്യക്തികളെ നിയമിക്കുന്നതിന് ഭരണസമിതി ശുപാർശ ചെയ്തിട്ടില്ല. ഹാന്റക്സിലെ മാനേജിംഗ് ഡയറക്ടർ നിയമനത്തിന് ഭരണസമിതിയുടെ ശുപാർശ ആവശ്യമില്ല.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച തുണിത്തരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | തുക(രൂപ) |
|---|---|
| 2010-11(17-5-2010 മുതൽ 11-3-2011 വരെ) | 87,32,243.90 |
| 2011-12(1-4-2011 മുതൽ 31-3-2012 വരെ) | 4,71,33,946.60 |
| 2012-13(1-4-2012 മുതൽ 31-3-2013 വരെ) | 4,83,98,114.10 |
| 2013-14(1-4-2013 മുതൽ 31-3-2014 വരെ) | 3,87,86,050.60 |
| 2014-15(1-4-2014 മുതൽ 31-10-2014 വരെ) | 6,53,45,474.50 |

മാർക്കറ്റിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരായിരുന്ന ശ്രീ. ടി. എം. ശങ്കരനും തുടർന്ന് ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരുടെ ഇൻ-ചാർജ്ജ് ചുമതല വഹിച്ചിരുന്ന ശ്രീ.എസ്.വേണുഗോപാലനും ഇപ്പോൾ ടെക്നിക്കൽ സൂപ്പർവൈസർ ശ്രീ.കെ.മുരളികുമാറുമാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും തുണിത്തരങ്ങൾ സംഭരിക്കുന്നതിന് നിയോഗിക്കപ്പെട്ടിരുന്നത്.

(സി) ഹാന്റ് ലൂം ഹൗസ്, എൻ.എസ്.ഐ.സി. എന്നീ കേന്ദ്രസ്ഥാപനങ്ങൾ വഴി സംഭരിക്കുന്ന തുണിത്തരങ്ങൾ ഹാന്റക്സ് പ്രത്യേക പരിശോധന നടത്താറില്ല.

(ഡി) ഹാന്റ് ലൂം ഹൗസ്, എൻ.എസ്.ഐ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും സംഭരിക്കുന്ന തുണിത്തരങ്ങളുടെ വിലയിൽ ഹാന്റക്സ് നിശ്ചിത ശതമാനം ലാഭം ചേർത്ത് വിൽപന വില നിശ്ചയിക്കുന്നു.

**കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ**

**321 (661)** <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങൾ മുഖേന വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യത്തിൽ പഞ്ചായത്ത്/നഗര പ്രദേശങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിനായി സേവനങ്ങൾക്കുള്ള ഫീസ് ഏകീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

<u>ഉത്തരം</u>

(എ) നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾവരെയും, മുനിസിപ്പാലിറ്റിയിൽ 6 വരെയും, കോർപ്പറേഷനിൽ കുടുംബങ്ങളുടെ എണ്ണം അനുസരിച്ചും, ആവശ്യപ്പെടുന്ന പ്രകാരം അക്ഷയ സെന്ററുകൾ അനുവദിച്ചുവരുന്നു. എന്നാൽ, രണ്ട് അക്ഷയ സെന്ററുകൾ തമ്മിലുള്ള അകലം 2km വേണം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓരോജില്ലയിലും ആവശ്യമായ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) അക്ഷയ കേന്ദ്രങ്ങൾവഴി നല്കുന്ന സേവനങ്ങൾക്കുള്ള ഫീസ് ഏകീകരിച്ച് നല്കിയിട്ടുണ്ട്. ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ അക്ഷയ സെന്ററുകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

**ടെക്നോപാർക്ക് പദ്ധതി**

**322 (662)** <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ അമേരിക്കയിലെ ടോറസ് ഇൻവെസ്റ്റ്മെൻറ്സ് ഹോൾഡിംഗ്സ് എന്ന സ്ഥാപനം ആരംഭിക്കുന്ന പദ്ധതിക്ക് സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ബി) ടെക്നോപാർക്കിലെ എത്ര ഏക്കർ സ്ഥലം, എന്തു വില നിശ്ചയിച്ചു കൊണ്ടാണ്, എത്ര കാലത്തേയ്ക്ക് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഐ.ടി.,ഐ.ടി. ഇതര സംവിധാനങ്ങൾക്കായി എത്ര വർഷത്തിനുള്ളിൽ സ്ഥലം വിനിയോഗിച്ചിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് ; കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് ലഭിക്കുന്നതെന്നും ഏത് തീയതിക്കകം നിക്ഷേപിക്കുമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കു ന്നതെന്നും വിശദമാക്കാമോ ?

(ഇ) ഫിനാൽഷ്യൽ ബിഡിൽ ടോറസ് ഉൾപ്പെടെ എത്ര കമ്പനികൾ പങ്കെടുത്തിരുന്നുവെന്നും, മത്സരാധിഷ്ഠിത ടെണ്ടർ ഇല്ലാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യണമെന്ന നിർദ്ദേശം സർക്കാർ അവഗണിച്ചതിനുള്ള കാരണം

എന്താണെന്നും വ്യക്തമാക്കാമോ ;

(എഫ്) ടെണ്ടർ ഇവാല്യുവേറ്റ് ചെയ്ത കമ്മിറ്റിയുടെ തീരുമാനത്തിൻെറ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല. ഇതിനായി ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംങ്സ് എൽ.എൽ.സി, ബോസ്റ്റൺ എന്ന കമ്പനിയുമായി ഒരു ലെറ്റർ ഓഫ് ഇൻഡന്റ് ടെക്നോപാർക്ക് നൽകിയിട്ടുണ്ട്.

(ബി) SEZ (പ്രത്യേക സാമ്പത്തിക മേഖല) ഭൂമിയിൽ നിന്നും ഏക്കറൊന്നിന് 3.10 കോടി രൂപ + സേവന നികുതി എന്ന നിരക്കിൽ ഐ.ടി. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 10 ഏക്കർ ഭൂമിയും Non SEZ മേഖലയിൽ നിന്നും ഏക്കറൊന്നിന് 5 കോടി രൂപ + സേവന നികുതി എന്ന നിരക്കിൽ ലോകോത്തര നിലവാരമുള്ള വിവിധോദ്ദേശ്യ വാണിജ്യ സമുച്ചയ പദ്ധതിക്കായി 9.73 ഏക്കർ ഭൂമിയും 90 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചു.

(സി) അന്തിമ കരാർ ആയിട്ടില്ല. കരാർ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

(ഡി) ഏകദേശം 1200 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ടോറസ്സുമായുള്ള അന്തിമകരാർ ഒപ്പുവെച്ചു കഴിഞ്ഞതിനുശേഷം മാത്രമേ ഇത് സംബന്ധിച്ചുള്ള തീയതികൾ ലഭ്യമാകുകയുള്ളൂ.

(ഇ) 'സ്വിസ് ചലഞ്ച്' മാതൃക അനുസരിച്ച് ചലഞ്ച് ചെയ്യാൻ മറ്റ് കമ്പനികൾ ഇല്ലെങ്കിൽ ആദ്യം നിർദ്ദേശം സമർപ്പിച്ച കമ്പനിക്കുതന്നെ നൽകണമെന്നാണ് വ്യവസ്ഥ. ആദ്യം നിശ്ചയിച്ച തീയതിക്കുള്ളിൽ ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് സമർപ്പിച്ച പദ്ധതി നിർദ്ദേശത്തിന് ചലഞ്ച് ലഭിക്കാത്തതിനാൽ അവസാന തീയതി നീട്ടി നൽകുകയുണ്ടായി. എന്നിട്ടും ആരിൽനിന്നും ചലഞ്ച് ലഭിക്കാത്തതിനാൽ ഐ.ടി./ഐ.ടി. അനുബന്ധ ആവശ്യത്തിനുള്ള ഭൂമി നിലവിലുള്ള അലോട്ട്മെന്റ് വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കുള്ള ഭൂമി ആഗോള ടെൻഡർ ക്ഷണിച്ചു നൽകുന്നതിനും ടെക്നോപാർക്കിന് സർക്കാർ നിർദ്ദേശം നൽകി.

ഈ അവസരത്തിൽ വാണിജ്യാവശ്യത്തിനുള്ള ഭൂമിയുടെ പാട്ടനിരക്ക് പരസ്പരം ധാരണയിലൂടെ ചർച്ച ചെയ്തു വർദ്ധിപ്പിക്കാമെന്ന് ടോറസ് ഇൻവെ

സ്റ്റ്മെന്റ്സ് ഹോൾഡിംഗ് അധികൃതർ ടെക്നോപാർക്കിനെ അറിയിക്കുകയുണ്ടായി. ടെക്നോപാർക്കിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡ് ഈ കാര്യം പരിശോധിക്കുകയും ടെക്നോപാർക്കിന്റെ സമഗ്രവികസനത്തിന് ഈ പദ്ധതി അനിവാര്യമെന്ന് വിലയിരുത്തുകയും ചെയ്തു. ഐ.ടി. ആവശ്യത്തിനുള്ള ഭൂമിയും വാണിജ്യാവശ്യത്തിനുള്ള സ്ഥലവും വെവ്വേറെ അനുവദിക്കുന്നതുകൊണ്ട് മികച്ച നിർദ്ദേശങ്ങൾ ലഭിക്കാൻ സാധ്യതയില്ലെന്നും ഇത് ഒരുമിച്ച് നടപ്പിലാക്കിയാൽ മാത്രമേ ഇതിന് വാണിജ്യ സാധ്യതകളുള്ളൂവെന്നും ബോർഡ് വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ടി. ആവശ്യത്തിനുള്ള 10 ഏക്കർ ഭൂമി നിലവിലുള്ള സ്ഥലകൈമാറ്റ വ്യവസ്ഥകൾപ്രകാരം അലോട്ട് ചെയ്യുന്നതിനും, വാണിജ്യ ആവശ്യത്തിനുള്ള 9.73 ഏക്കർ ഭൂമിയുടെ ഒറ്റത്തവണ പാട്ടത്തുകയിൽ വർദ്ധനവ് വരുത്തുന്നതിന് ടോറസ്സുമായി ടെക്നോപാർക്ക് നെഗോഷ്യേയേഷൻ നടത്തുവാനും തീരുമാനമെടുത്തു. ഇതനുസരിച്ച് വാണിജ്യാവശ്യത്തിനുള്ള ഭൂമിയുടെ ഒറ്റത്തവണ പാട്ടത്തുക ഏക്കറിന് 5 കോടി രൂപയായി ഉയർത്തുന്നതിന് ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സ് സമ്മതിച്ചു.

ടെക്നോപാർക്കിന്റെയും ടെക്നോസിറ്റിയുടെയും പ്രോജക്ട് സംബന്ധിച്ച തീരുമാനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡും ഭൂമിയുടെ ഒറ്റത്തവണ പാട്ടത്തുക സംബന്ധിക്കുന്ന തീരുമാനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡിന്റെ ശുപാർശയിന്മേൽ സർക്കാർ അനുമതി നൽകുകയുമാണ് ചെയ്യുന്നത്. ഇതനുസരിച്ച് വാണിജ്യാവശ്യത്തിന് ടോറസിന് നൽകുന്ന ഭൂമിയുടെ ഒറ്റത്തവണ പാട്ടുതുക ഏക്കറൊന്നിന് 5 കോടി രൂപയായി നിശ്ചയിക്കുന്നതിനുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡിന്റെ ശുപാർശ അംഗീകരിച്ചു. അന്തിമകരാർ ഇതുവരെ ഒപ്പുവെച്ചിട്ടില്ല.

(എഫ്) അനുബന്ധമായി ചേർക്കുന്നു.*

## കൊച്ചി സ്മാർട്ട് സിറ്റിയ്ക്ക് നൽകിയ ഭൂമി

**323 (663)** <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സ്മാർട്ട് സിറ്റിക്ക് സർക്കാർ നൽകിയ ഭൂമി എന്തെങ്കിലും ഭാഗം മറ്റേതെങ്കിലും ആവശ്യത്തിലേക്ക് ടീകോം മറിച്ച് വിൽക്കുകയോ ലീസിനു നൽകുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സ്മാർട്ട് സിറ്റിക്കു സർക്കാർ അനുവദിച്ച ഭൂമിയിൽ മറ്റേതെങ്കിലും

പദ്ധതിക്ക് ടീകോം ഭൂമി മറിച്ച് നൽയിട്ടിട്ടുണ്ടോ ; ആരുടെയെല്ലാം, ഏതെല്ലാം നിലയിലുള്ള പദ്ധതികൾക്കാണ് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് സ്മാർട്ട്സിറ്റി കമ്പനിക്കോ, ടികോമിനോ, അപേക്ഷ ലഭിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) നിലവിലുള്ള ഐ.ടി. കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി വന്ന മൊത്തം സ്ഥലം എത്രയെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഫ്രെയിംവർക്ക് എഗ്രിമെന്റിലേയും പാട്ടക്കരാറിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഐ.ടി./ഐ.ടി. അനുബന്ധ നിക്ഷേപങ്ങൾക്കായി ബാംഗ്ലൂരിലെ കേളചന്ദ്ര ഗ്രൂപ്പിന് 18 ഏക്കറും മാറാട്ട ലിമിറ്റഡിന് മൂന്ന് ഏക്കറും, ഡിജിറ്റൽ ഡിസൈൻസ് ക്ലസ്റ്ററിന് 5 ഏക്കറും ഹോളിഡേ ഗ്രൂപ്പിന് 5 ഏക്കറും ഭൂമി അലോട്ടു ചെയ്തിട്ടുണ്ട്. കൂടാതെ GEMS International Schools-ന് 8 ഏക്കറും, ബ്രിഗേഡ് ഗ്രൂപ്പിന് 5 ഏക്കറും ഭൂമി അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(സി) സ്മാർട്ട്സിറ്റി നിർമ്മിക്കുന്ന ആദ്യ ഐ.ടി. കെട്ടിടത്തിന് 10.8 ഏക്കർ സ്ഥലം വേണ്ടിവന്നു.

## സൈബർപാർക്കിന്റെ നിർമ്മാണം

**324 (664)** <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ഗവൺമെൻറ് സൈബർപാർക്കിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; സൈബർ പാർക്കിലേക്കാവശ്യമായ എന്തെല്ലാം അടിസ്ഥാന പ്രവർത്തികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയുടെ വികസനം ലക്ഷ്യംവച്ച് ഏറ്റവും ആധുനിക സംവിധാനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. 10000 ചതുരശ്രയടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്ററിൽ പ്രോജക്ട് ഓഫീസും, മൂന്ന് ഐ.ടി. കമ്പനികളും പ്രവർത്തിച്ചുവരുന്നു. ഒന്നാംഘട്ടമെന്ന നിലയിൽ 50000 ലിറ്റർ ശേഷിയുള്ള വാട്ടർ സപ്ലൈ സ്കീം സജ്ജീകരിച്ചു. ഗതാഗത

സൗകര്യത്തിനായി നാലുവരിപ്പാത പണിപൂർത്തീകരിച്ചു. ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷന്റെ വേണ്ട പ്രാരംഭ നടപടികൾ അവസാന ഘട്ടത്തിലാണ്.

## കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

**325 (665)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോരട്ടി ഇൻഫോപാർക്കിൻെറ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നും അറിയിക്കാമോ ;

(ബി) കൊരട്ടി ഇൻഫോപാർക്കിന് കൂടുതൽ ഭൂമി ലഭ്യമാക്കുന്നതിനും സെസ് പദവി ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇൻഫോപാർക്ക് കൊരട്ടിയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാർക്കിൽ 3.3 ലക്ഷം ചതുരശ്രയടി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബഹുനില ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഏകദേശം 74 കോടി രൂപ ചെലവ് പ്രതിക്ഷിക്കുന്ന പ്രസ്തുത ഐ.ടി. മന്ദിരം 2015 മേയ് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കൊരട്ടി ഇൻഫോപാർക്കിന് ഇപ്പോൾ ലഭ്യമായ 30 ഏക്കർ സ്ഥലം വൈഗ ത്രെഡ്സിന് ഗവൺമെന്റ് പാട്ടത്തിന് നൽകിയ സ്ഥലത്തുനിന്നും ഏറ്റെടുത്ത് നൽകിയതാണ്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റും വൈഗ ത്രെഡ്സും കക്ഷികളായി വിവിധ കേസുകൾ കോടതികളിൽ നിലനിൽക്കുന്നുണ്ട്. ഈ കേസുകൾ തീർപ്പായതിനുശേഷം വൈഗ ത്രെഡ്സിന്റെ പക്കൽ ബാക്കിവരുന്നസ്ഥലം ഏറ്റെടുത്ത് ഇൻഫോപാർക്ക് കൊരട്ടിക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇൻഫോപാർക്ക് കൊരട്ടിയിലെ നിലവിലുള്ള 30 ഏക്കറിൽ 18 ഏക്കർ സ്ഥലത്തിന് ഇതിനോടകം തന്നെ പ്രത്യേക സാമ്പത്തിക മേഖലാപദവി ലഭിച്ചിട്ടുണ്ട്.

## കണ്ണൂർ സൈബർപാർക്ക്

**326 (666)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എളമ്പം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന കണ്ണൂർ സൈബർപാർക്ക് നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) സൈബർപാർക്കിന്റെ കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഐ.ടി. പാർക്കിന് ലഭിച്ച 25.63 ഏക്കർ ഭൂമിയിലേയ്ക്ക് നേരിട്ടുള്ള ഗതാഗത സൗകര്യമില്ല. നിലവിലുള്ള പഞ്ചായത്ത് റോഡിൽനിന്നും ടി ഭൂമിയിലേയ്ക്ക് റോഡ് ഗതാഗതസൗകര്യം ലഭ്യമാക്കാൻ ഒരു ഏക്കർ ഭൂമിയോളം ആവശ്യമുണ്ട്. ഈ ഒരു ഏക്കർ ഭൂമിയിൽ 80 സെന്റ് സ്വകാര്യ വ്യക്തികളുടെ കൈവശവും, 20 സെന്റ് ഭൂമി മിച്ചഭൂമിയായി സർക്കാർ കൈവശത്തിലുമാണുള്ളത്. ഈ രണ്ട് ഭൂമികളും കെ.എസ്.ഐ.ടി.ഐ.എൽ. ഏറ്റെടുക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളും ഭൂമി കൈമാറ്റ നടപടികളും പുരോഗമിച്ചുവരികയാണ്. പ്രത്യേക സാമ്പത്തിക മേഖലയായ ഈ ഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണം 90% ഇതിനകം പൂർത്തീകരിച്ചു. 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടവും അതിന്റെ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) 2015 മാർച്ച് മാസത്തോടെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കാസർഗോഡ് ഐ.ടി. പാർക്ക്**

**327 (667)** <u>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച ഐ.ടി. പാർക്കിന്റെ എന്തൊക്കെ പ്രാരംഭ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഐ.ടി. പാർക്ക് എപ്പോൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിൽ 100 ഏക്കർ ഭൂമി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എല്ലിന് കൈമാറ്റം ചെയ്ത് കിട്ടിയെങ്കിലും പ്രസ്തുത കൈമാറ്റ ഉത്തരവിൽ റീ-സർവ്വേ നമ്പരിലെ പിശക് തിരുത്തികിട്ടിയത് 2012 ജൂലൈ മാസത്തിലാണ്. അതിനുശേഷം പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചു. അതിർത്തി ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിനും അനുബന്ധ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 2015 ഡിസംബർ മാസത്തോടെ ഐ.ടി. പാർക്ക് സജ്ജമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മിഷൻ 676 സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതി

**328 (668)** <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ&ബി) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സർക്കാർ സേവനങ്ങളും സർവീസുകളും ഡിജിറ്റലായും ഇലക്ട്രോണിക്കായും കൈകാര്യം ചെയ്യുവാൻ പ്രാപ്തമാക്കുക എന്നതാണ് സമ്പൂർണ്ണ

ഡിജിറ്റൽ സംസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ ഫയൽ സംവിധാനമായ ഇ-ഓഫീസ് സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുക, എല്ലാ സർക്കാർ വകുപ്പുകളിലും ഡിജിറ്റൽ ഡേറ്റാബേസ് ഉണ്ടാക്കുക, ഇ-മെയിലൂടെയും മറ്റും സർക്കാരുമായി ആശയ വിനിമയത്തിന് പൊതുജനങ്ങളെ പ്രേരിപ്പിക്കുക, പഞ്ചായത്തു തലംവരെ KSWAN കണക്ഷൻ ലഭ്യമാക്കുക, സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ച റോട്ടുകൂടി ഓൺലൈൻവഴി ലഭ്യമാക്കുക, സർക്കാരിലേക്കുള്ള പണമിടപാടുകൾ ഇ-പേയ്മെന്റ് ഗേറ്റ് വേവഴി നടത്തുക, പഞ്ചായത്ത് തലംവരെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) ഏർപ്പെടുത്തുക, സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുക എന്നീ കാര്യങ്ങളാണ് ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന ഇ-ഡിസ്ട്രിക്റ്റ്, ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ്, ഇ-പേയ്മെന്റ് ഗേറ്റ് വേ തുടങ്ങിയ നിരവധി പദ്ധതികളും സ്റ്റേറ്റ് ഡാറ്റാ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, സെക് വാൻ തുടങ്ങിയ ഐ.ടി. അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പാക്കി വരുന്നതിന് പുറമെ സർവ്വീസ് പ്ലസ്, ഇ-ഓഫീസ്, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് തുടങ്ങിയ നൂതന പദ്ധതികളും നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഇ-ഗവേണൻസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി&ഡി) നൂതന ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ, സർവീസ് പ്ലസ്, ഇ-ഓഫീസ്, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ സമയ ബന്ധിതമായും കാര്യക്ഷമതയോടുകൂടി പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്ന തിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാന അപ്പക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

### ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികൾ

**329 (669)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികളുടെ പേരുവിവരം ജീവനക്കാരുടെ എണ്ണം സഹിതം പ്രത്യേകമായി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പാർക്കുകളിൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പേരുവിവരം സഹിതം അറിയിക്കുമോ ;

(സി) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ഥാപനങ്ങൾ ഐ.ടി. (IT) പാർക്കുകളിൽ ആരംഭിക്കുവാനുള്ള തീരുമാനം അടിയന്തരമായി കൈക്കൊള്ളുമോ ;

(ഡി) ഐ.ടി (IT) മേഖലയെ കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിന് എല്ലാ ജില്ലകളിലും ഐ.ടി.(IT) പാർക്കുകളുടെ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് ശ്രമമുണ്ടാകുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി)

1. NRHM (National Rural Health Mission)
2. State Data Centre
3. KSITIL
4. ICT Academy
5. IIITM-K

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സർക്കാർ മേഖലയിൽ സംസ്ഥാനമൊട്ടാകെ ഐ.ടി. പാർക്കുകൾ നിർമ്മിക്കുക എന്നത് പ്രായോഗികവും പ്രാവർത്തികവുമല്ല. പ്രധാന നഗരങ്ങളായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവ ഐ.ടി. ഹബ്ബുകളായും മറ്റ് നഗരങ്ങളായ കൊല്ലം, ചേർത്തല, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ പ്രദേശങ്ങൾ സ്പോക്കുകളായും വികസിപ്പിച്ചുവരുന്നു. കോട്ടയം ജില്ലയിലെ പാലായിൽ INFOCITY എന്ന പേരിൽ ഒരു ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള

പ്രാരംഭ നടപടികൾ ആരംഭിച്ചു. സ്വന്തമായി ഭൂമിയും മൂലധനവുമുള്ള സ്വകാര്യ സംരംഭകർക്ക് സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന സംസ്ഥാനമൊട്ടാകെ ഐ.ടി. വികസനം വ്യാപിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കാസർഗോഡ് ജില്ലയിൽ ഹാംലറ്റ് പദ്ധതികളിൽ**

**330 (670)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികളിലാണ് വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ഈ കോളനികളെ വികസനത്തിനായി തിരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ;

(സി) മേൽ പദ്ധതിയിൻകീഴിൽ കൂടുതൽ കോളനികളെ ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ ; വിദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കമ്പള ഗ്രാമപഞ്ചായത്തിലെ മാവിനക്കട്ട എസ്.ടി. കോളനി, ബേദഡുക്ക ഗ്രാമപഞ്ചായത്തിലെ ചുള്ളി കോളനി, ബളാൽ ഗ്രാമപഞ്ചായത്തിലെ അരിങ്കല്ല് കോളനി എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളാണ് 2014-15 വർഷം ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയ്ക്കായി കാസർഗോഡ് ജില്ലയിൽ തെരഞ്ഞെടു ത്തിട്ടുള്ളത്.

(ബി) ഈ കോളനികളുടെ പിന്നോക്കാവസ്ഥയും ക്ലേശ ഘടകങ്ങളും പരിഗണിച്ചാണ് ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) കാസർഗോസ് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട മാവിനക്കട്ട എസ്.ടി കോളനിയിൽ ടി പദ്ധതി നടപ്പാക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ മാവിനക്കട്ട, കുണ്ടാങ്കാറട്ക്ക, പെൽത്തട്ക്ക എന്നീ കൊറഗ കോളനികളെ ഉൾപ്പെടുത്തി ഒരു ക്ലസ്റ്ററായി കണക്കാക്കി ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

**എസ്.ടി. പ്രൊമോട്ടർമാരുടെ നിയമനം**

**331 (671)** ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. ടി. പ്രൊമോട്ടർ നിയമനത്തിന് പ്രായപരിധി നിശ്ചയിച്ചത് ഒഴിവാക്കുമോ ;

(ബി) എസ്. ടി. പ്രൊമോട്ടർമാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം, യാത്രാബത്ത മുതലായ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഇവർക്ക് യൂണിഫോം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**ജനനി-ജന്മരക്ഷ ആരോഗ്യ പദ്ധതി**

**332 (672)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി ആദിവാസി മേഖലയിലെ നവജാത ശിശുക്കളുടെ മരണങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിലേത് പ്രത്യേകമായി ലഭ്യമാക്കുമോ ;

(ബി) ജനനി-ജന്മരക്ഷ ആരോഗ്യ പദ്ധതിപ്രകാരം ഈ സർക്കാരിൻെറ കാലത്ത് എത്ര തുക ഇവിടെ വിനിയോഗിച്ചിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) പ്രസ്തുത മേഖലയിൽ നവജാത ശിശുക്കളുടെ മരണനിരക്ക് കുറയുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് താഴെ ചേർക്കുന്നു :

2010 - 5

2011 – 3

2012 – 16

2013 – 31

2014 – 13 (നവംബർ വരെ)

ആകെ - 68

(ബി) 2013-14-15,31,000 രൂപ (പതിനഞ്ചു ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ)

2014-15-14,91,000 രൂപ (പതിനാല് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരം രൂപ)

നാളിതുവരെ ആകെ 30,22,000 രൂപ (മുപ്പത് ലക്ഷത്തി ഇരുപത്തി രണ്ടായിം രൂപ)

(സി) ജാതക് സോഫ്റ്റ് വെയർ ഉപയോഗിച്ചു കൊണ്ട് SAM/MAN കുട്ടികളെ കൃത്യമായി നിരീക്ഷിക്കുകയും, ഇവർക്ക് മൂന്ന് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ മുഖേന പ്രത്യേക പരിചരണവും ചികിത്സയും പോഷകഹാര വിതരണവും നടത്തി വരുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മൂന്നു വയസ്സിന് താഴെയുള്ള തൂക്ക കുറവുള്ള കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തി വരുന്നു. വിവാഹം കഴിഞ്ഞിട്ടുള്ള സ്ത്രീകൾക്കും ഗർഭിണികൾക്കും അയൺ ഗുളികകൾ വിതരണം ചെയ്തു വരുന്നുണ്ട്.

101 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സമൂഹ അടുക്കളകൾ മികച്ച രീതിയിൽ നടത്തി വരുന്നു. ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, പട്ടികവർഗ്ഗ പ്രമോട്ടർമാർ എന്നിവർ മുഖേന ഗർഭിണികളെ കൃത്യമായി പരിശോധനയ്ക്ക്

വിധേയമാക്കുന്നുണ്ട്.

**ജനനി ജന്മരക്ഷാ പദ്ധതി**

**333 (673)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനി ജന്മരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ മേഖലയിലെ നവജാത ശിശുമരണവും, പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും, കുട്ടികളുടെയും, ആരോഗ്യ സംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ഗർഭാവസ്ഥയുടെ 3 മാസംമുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസം 1000-രൂപ നിരക്കിൽ പരമാവധി 18 മാസം ധനസഹായം നൽകി വരുന്നു. പോസ്റ്റോഫീസ് വഴി മണിയോർഡറായി തുക എല്ലാ മാസവും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു.

(ഡി) ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കി വരുന്നത്.

**ഗോത്രവർഗ്ഗ ക്ഷേമപദ്ധതികൾക്കായുള്ള ഫണ്ട്**

**334 (674)** <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തനഗോത്ര വർഗ്ഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് അട്ടപ്പാടിയിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചത് ; എത്രതുക അട്ടപ്പാടിയിൽ മാത്രം ചെലവഴിച്ചു ;

(ബി) ഈ ഫണ്ട് ഉപയോഗിച്ച് ഇതിനകം നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ;

(സി) ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ ;

(ഡി) വ്യക്തികളും കുടുംബങ്ങളും കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും, അവയ്ക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും വിശദമാക്കുമോ ;

(ഇ) ഊരുകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി നടപ്പാക്കിയ കോളനികളുടെ പേരും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭവന നിർമ്മാണം, ഭക്ഷ്യസഹായ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റ്, പ്രത്യേക അംഗൻവാടി, ഹെൽത്ത് പ്രൊമോട്ടർമാർ, റോഡ് നിർമ്മാണം എന്നീ പദ്ധതികൾക്കായിട്ടാണ് വിനിയോഗിച്ചത്. ടി പദ്ധതിയിൽ ഇതുവരെ 6,00,89,271/- രൂപ ചെലവഴിച്ചു.

(ബി) അട്ടപ്പാടിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 2011 മുതൽ 2015 വരെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | ഭവന നിർമ്മാണം | 3,39,50,000 | 1,37,12,500 |
| 2. | മൊബൈൽ മെഡിക്കൽ യൂണിറ്റ് | 17,50,000 | 17,50,000 |
| 3. | ഭക്ഷ്യ സഹായ പദ്ധതി | 1,34,67,284 | 1,34,67,284 |
| 4. | പ്രത്യേക അംഗൻവാടി | 1,31,347 | 1,31,347 |
| 5. | ഹെൽത്ത് പ്രൊമോട്ടർ | 10,28,140 | 10,28,140 |
| 6. | റോഡ് നിർമ്മാണം | 11,04,89,729 | 3,00,00,000 |

(സി) അട്ടപ്പാടിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 2011 മുതൽ 2015 വരെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഭവന നിർമ്മാണം | 3,39,50,000 | 1,37,12,500 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് | 17,50,000 | 17,50,000 |
| 3 | ഭക്ഷ്യ സഹായ പദ്ധതി | 1,34,67,284 | 1,34,67,284 |
| 4 | പ്രത്യേക അംഗൻവാടി | 1,31,347 | 1,31,347 |
| 5 | ഹെൽത്ത് പ്രെമോട്ടർ | 10,28,140 | 10,28,140 |
| 6 | റോഡ് നിർമ്മാണം | 11,04,89,729 | 3,00,00,000 |

(ഡി) വ്യക്തികളും കുടംബങ്ങളും കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും, അവയ്ക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

| പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ഭവന | 3,39,50,000 | 1,37,12,500 | 14 ഊരുകളിലായി 97 കുടുംബങ്ങൾ |

| | | | |
|---|---|---|---|
| നിർമ്മാണം | | | |
| ഭക്ഷ്യ സുരക്ഷാ പദ്ധതി | 1,34,67,284 | 1,34,67,284 | അട്ടപ്പാടിയിലെ 19 ഊരുകളിലായി 594 കുടുംബങ്ങൾ |
| മെഡിക്കൽ യൂണിറ്റ് | 17,50,000 | 17,50,000 | അട്ടപ്പാടിയിലെ 19 ഊരുകളിൽ 220 മെഡിക്കൽ ക്യാമ്പിനായി 4016 രോഗികളെ പരിശോധിച്ച് ചികിത്സ നൽകി. |
| പ്രത്യേക അംഗൻ വാടി | 1,31,347 | 1,31,347 | 24 കുട്ടികൾ 2 ടീച്ചർ, 2 ആയ എന്നിവരുടെ ഹോണറേറിയം |
| പ്രൊമോട്ടർമാർ | 10,28,140 | 10,28,140 | 12 പ്രൊമോട്ടർമാരുടെ ഹോണറേറിയം |
| റോഡ് നിർമ്മാണം | 11,04,89,729 | 3,00,00,000 | അട്ടപ്പാടിയിലെ 7 ഊരുകളെ ബന്ധിപ്പിക്കുന്ന റോഡ് (ഊരുകളുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർക്കുന്നു)* |

(ഇ) ഊരുകൾ കേന്ദ്രീകരിച്ച് അട്ടപ്പാടിയിലെ വികസനത്തിന് നടപ്പാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി നടപ്പാക്കിയ കോളനികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ഭവന നിർമ്മാണം | 3,39,50,000 | 1,37,12,500 | അട്ടപ്പാടിയിലെ 14 ഊരുകളിലായി 97 പേർക്കുള്ള ഭവന നിർമ്മാണം (ഊരുകളുടെ ലിസ്റ്റ് അനുബന്ധം-2* ആയി ചേർക്കുന്നു.) |
| ഭക്ഷ്യസുരക്ഷാ പദ്ധതി | 1,34,67,284 | 1,34,67,284 | 19 ഊരുകളിലായി 594 കുടുംബങ്ങൾ |
| മെഡിക്കൽ യൂണിറ്റ് | 17,50,000 | 17,50,000 | 19 ഊരുകളിൽ 220 മെഡിക്കൽ ക്യാമ്പിനായി 4016 രോഗികളെ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ചികിത്സ നൽകി |
| പ്രത്യേക അംഗൻ വാടി | 1,31,347 | 1,31,347 | മുരുഗള, കിണറ്റുകര എന്നീ 2 ഊരുകളിലായി 24 കുട്ടികൾ, 2 ടീച്ചർ, 2 ആയ എന്നിവരുടെ ഹോണറേറിയം |
| പ്രൊമോട്ടർമാർ | 10,28,140 | 10,28,140 | 19 ഊരുകളിലും 12 പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. 12 പ്രൊമോട്ടർമാരുടെ ഹോണറേറിയം |
| റോഡ് നിർമ്മാണം | 11,04,89,729 | 3,00,00,000 | അട്ടപ്പാടിയിലെ 7 ഊരുകളെ ബന്ധിപ്പിക്കുന്ന റോഡ് |

കോളനികളുടെ ലിസ്റ്റ് അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു.*

**ആദിവാസി മേഖലയിലെ ശിശുമരണം**

**335 (675)** <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ ഇപ്പോഴും ശിശുമരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച അവലോകനത്തിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഈ മേഖലയിലെ ശിശുമരണം തടയുന്നതിനും രോഗപ്രതിരോധം സാധ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ ; ഈ കാരണങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന അവലോകന യോഗങ്ങളിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 6-6-2013 ന് ബഹു. മുഖ്യമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയും ഗ്രാമവികസന വകുപ്പ് മന്ത്രിയും, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും അട്ടപ്പാടി സന്ദർശിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 10-11-14, 11-11-14 തിയതികളിൽ ബഹു. വകുപ്പുമന്ത്രി വീണ്ടും അട്ടപ്പാടി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. കൂടാതെ സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉപാദ്ധ്യക്ഷനായുള്ള സമിതി 8-10-2013, 19-2-2014, 13-6-2014 തിയതികളിൽ യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തി പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശം സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു. ഇതിനുപുറമേ അട്ടപ്പാടിയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ദൗത്യം നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ ഓഫീസറായ എസ്. സുബ്ബയ്യ, ഐ.എ.എസ്സ് . (റിട്ട)നെ നിയോഗിക്കുകയും ടിയാന്റെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൃത്യമായി അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തു വരുന്നു.

ഈ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി 19-11-2014-ൽ സ.ഉ. (സാധാ) നമ്പർ 3030/2014/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.എ.എസ്സ്. കേഡറിലുള്ള ഒറ്റപ്പാലം സബ്കളക്ടർ ശ്രീ.നൂഹ്.പി.ബി. യെ നോഡൽ ഓഫീസറായും സൈലന്റ് വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡൻ കുമാരി.ശിൽപ്പയെ അട്ടപ്പാടി

ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(സി) വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശിശുമരണം തടയുന്നതിന് നടപടികൾ ഫലപ്രദമായി നടത്തിവരുന്നു.

**ആദിവാസി ശിശുമരണ റിപ്പോർട്ട്**

**336 (676)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി സങ്കേതത്തിലാണെന്നുണ്ടായതെന്ന് വെളിപ്പെടുത്താമോ ;

(സി) അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും, വൈദ്യസഹായക്കുറവും മൂലമാണ് ശിശുമരണം സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും, വൈദ്യസഹായം നൽകുന്നതിനും 2014-15 വർഷത്തിൽ എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ 162 ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) യഥാസമയം ചികിത്സ തേടുന്നതിനും മറ്റും പ്രയാസമുള്ള ഗതാഗത സൗകര്യം കുറഞ്ഞ വിദൂരമായ സങ്കേതങ്ങളിലാണ് ശിശുമരണങ്ങൾ ഉണ്ടായിട്ടുള്ളത്.

അട്ടപ്പാടിയിലെ മേലെക്കണ്ടിയൂരിലാണ് ശിശുമരണം കൂടുതൽ ഉണ്ടായിട്ടുള്ളത്.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഗുരുതരമായ പോഷകാഹാരകുറവ് അനുഭവപ്പെട്ട കുട്ടികളെ പരിചരിക്കുന്നതിന് ഈ മേഖലയിൽ റീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പ് വഴി വിവാഹിതരായ സ്ത്രീകൾക്ക് അയൺ ഫോളിക് ആസിഡ് ഗുളികയും വിതരണം നടത്തുന്നുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷണ ഭക്ഷണ വിതരണം ചെയ്യുന്ന "ശഭല പദ്ധതി" സൂമൂഹ്യനീതി വകുപ്പിന്റെ സമൂഹ അടുക്കള പദ്ധതി "അമൃതം ന്യൂട്രിമിക്സ്" എന്നിവ വിതരണം ചെയ്യുന്നു. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000-രൂപ വീതം ധനസഹായം അനുവദിക്കുന്ന "ജനനീ ജന്മരക്ഷ" പദ്ധതി നടപ്പാക്കി വരുന്നു. ടി. തുക മണി ഓർഡർ ആയി ഗുണഭോക്താക്കളുടെ കൈകളിൽ തന്നെ എത്തിക്കുന്നു.

(ഇ) സംസ്ഥാന സർക്കാർ ആദിവാസികളായ സ്ത്രീകളും, കുട്ടികളും, വൃദ്ധരും അനുഭവിക്കുന്ന പോഷകാഹാരകുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ നടപ്പുവർഷം 52199 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽ 6866 ലക്ഷം രൂപയും 3% പദ്ധതി വിഹിതമായി ലഭിച്ചിട്ടുള്ള 13922 ലക്ഷം രൂപയും ചേർത്ത് ആകെ 72987 ലക്ഷം രൂപ വിവിധ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വഴിയും, വകുപ്പിലൂടെയും നടപ്പാക്കുന്ന 84 പദ്ധതികളിലുമായി വിനിയോഗിച്ച് വിവിധ വികസന ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**ആദിവാസി മേഖലകളിലെ മാതൃശിശു മരണ നിരക്കും അട്ടപ്പാടി പാക്കേജും**

**337 (677)** <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലകളിൽ മാതൃശിശു മരണ നിരക്കുകൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ബി) അട്ടപ്പാടി പാക്കേജിൽ ശിശുമരണ നിരക്കുകൾ കുറയ്ക്കുന്നതിനും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) അട്ടപ്പാടി പാക്കേജ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ വിവിധ വകുപ്പുകളുടെ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും അടിയന്തരഘട്ടങ്ങളിൽ ചികിൽസയെത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ വിളർച്ച രോഗമുള്ള കുട്ടികളെ പരിചരിക്കുന്നതിന് 3 ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം സാമൂഹ്യനീതി വകുപ്പിന്റെ 101 സജീവ സാമൂഹ്യ അടുക്കളകൾ, അമൃതം ന്യൂട്രിമിക്സ് വിതരണം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര പദ്ധതിയായ ശബല കിറ്റ് വിതരണം, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ്, അയൺ ഗുളിക എന്നിവ നൽകുന്ന പദ്ധതി തുടങ്ങിയവയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇല്ല. വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ബാധകമല്ല.

## പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സ

**338 (678)** <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിലുള്ളത് ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) അടിയന്തര ചികിത്സവേണ്ട രോഗികൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ കാരണം ബുദ്ധിമുട്ടുന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാവപ്പെട്ട രോഗികൾക്ക് ബുദ്ധിമുട്ടില്ലാതെ തുടർന്നും വിദഗ്ധ ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിലൂടെ പരിയാരം മെഡിക്കൽ കോളേജിന് എത്ര രൂപ ലഭിക്കാനുണ്ട് ; കുടിശ്ശിക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പരിയാരം, മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം ആർ.സി.സി., ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്നി സ്ഥാപനങ്ങളിലാണ് നടപ്പാക്കിവരുന്നത് മാർഗ്ഗ നിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

(ബി) ഇല്ല. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) 3,41,13,401-രൂപയാണ് 2014 ആഗസ്റ്റ് 31 വരെ നൽകാൻ ബാക്കിയുള്ളത്. നടപ്പു സാമ്പത്തിക വർഷം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന് 7 കോടി രൂപയാണ് അനുവദിച്ചത്. ആയത് മെഡിക്കൽ കോളേജുകൾക്കും എല്ലാ പട്ടികവർഗ്ഗ വികസന ആഫീസർമാർക്കും ജില്ലാ മെഡിക്കൽ ആഫീസർമാർക്കുമാണ് നൽകിയിട്ടുള്ളത്. കൂടുതൽ തുക ടി ശീർഷകത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിയാരം മെഡിക്കൽ കോളേജിന് അധികമായി തുക അനുവദിക്കുന്നതാണ്.

**ആദിവാസി കുട്ടികളുടെ ദുരിതങ്ങൾ**

**339 (679)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി സമൂഹത്തിലെ കുട്ടികൾ പോഷകാഹാരക്കുറവും പട്ടിണിയുംമൂലം ദുരിതമനുഭവിക്കുന്നത് സർക്കാരിൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) അട്ടപ്പാടി മേഖലയിൽ ഈ വർഷം 15 വയസ്സിൽ താഴെയുള്ള എത്ര കുട്ടികളാണ് മരണപ്പെട്ടിട്ടുള്ളത് ; ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഡി) ഇതിൽ എത്രപേർ പോഷകാഹാരക്കുറവുകൊണ്ടും വൈദ്യ സഹായം ലഭ്യമാകാത്തത് കൊണ്ടും മരണപ്പെട്ടിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആദിവാസി സമൂഹങ്ങളിലെ കുട്ടികൾ പോഷകാഹാരകുറവും പട്ടിണിയുംമൂലം ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ അട്ടപ്പാടി മേഖലയിലെ ഒറ്റപ്പെട്ട നവജാത ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ യഥാസമയം വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിഷയങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർക്കിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നതിനുമായി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും അടിയന്തിര ഘട്ടങ്ങളിൽ ചികിൽസയെത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ വിളർച്ച രോഗമുള്ള കുട്ടികളെ പരിചരിക്കുന്നതിന് 3 ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം സാമൂഹ്യനീതിവകുപ്പിന്റെ 101 സജീവ സാമൂഹ്യ അടുക്കളകൾ, അമൃതം, ന്യൂട്രിമിക്സ് വിതരണം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര പദ്ധതിയായ

ശബല കിറ്റ് വിതരണം, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ്, അയൺഗുളിക എന്നിവ നൽകുന്ന പദ്ധതി തുടങ്ങിയവയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(സി) 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണ വിവരം ലഭ്യമല്ല. എന്നാൽ ഈ വർഷം അട്ടപ്പാടിയിൽ വ്യത്യസ്ത കാരണങ്ങളാൽ 13 നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

(ഡി) അമ്മമാരുടെ പോഷകാഹാരകുറവ്മൂലം ഈ വർഷം 5 നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. വൈദ്യസഹായം ലഭ്യമാകാത്തതുകൊണ്ട് ആരും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**വാമനപുരം മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർ**

**340 (680)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത് ; ഇവരിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട് ; ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്ര ;

(സി) ഇവർക്ക് ഭൂമിയും വീടും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വാമനനപുരം നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള പട്ടികവർഗ്ഗ ജനസംഖ്യ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | - | 64 |
| 2. പാങ്ങോട് ഗ്രാമപഞ്ചായത്ത് | - | 1082 |
| 3. നന്ദിയോട് ഗ്രാമപഞ്ചായത്ത് | - | 1572 |
| 4. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് | - | 2670 |
| 5. ആനാട് ഗ്രാമപഞ്ചായത്ത് | - | 14 |
| 6. പനവൂർ ഗ്രാമപഞ്ചായത്ത് | - | 245 |
| ആകെ | - | 5647 |

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു ;

| | | |
|---|---|---|
| 1. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | - | 14 |
| 2. പാങ്ങോട് ഗ്രാമപഞ്ചായത്ത് | - | 336 |
| 3. നന്ദിയോട് ഗ്രാമപഞ്ചായത്ത് | - | 458 |
| 4. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് | - | 804 |
| 5. ആനാട് ഗ്രാമപഞ്ചായത്ത് | - | 4 |
| 6. പനവൂർ ഗ്രാമപഞ്ചായത്ത് | - | 72 |
| ആകെ | - | 1688 |

വാമനപുരം നിയോജക മണ്ഡലത്തില ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലില്ല. വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ 760 ആണ്.

(സി) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ള 760 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത രണ്ട് വർഷത്തിനുള്ളിൽ വീട് നൽകുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വാമനപുരം നിയോജക മണ്ഡലത്തിലെ 74 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

**കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിലെ ആദിവാസികളെ പുനരധിവസിപ്പിക്കുതിന് നടപടി**

**341 (681)** ശ്രീ. റ്റി. യു കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിൽ വലിയ കഷ്ടതയിൽ ജീവിക്കുന്ന ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വരുന്ന കാലതാമസം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആദിവാസി ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിൽ ഉൾപ്പെടെ ഇവരുടെ ക്ഷേമത്തിന് സമയബന്ധിതമായ കർമ്മപരിപാടികൾ നടപ്പാക്കുന്നകാര്യം പിരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 54 പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ ഭൂമി വിതരണം ചെയ്യുന്നതാണ്.

(ബി) വനംവകുപ്പ് ഭൂമി ലഭ്യമാക്കിക്കഴിഞ്ഞാലുടൻതന്നെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള വിവിധ ക്ഷേമ പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിക്കാൻ കഴിയുന്നതാണ്.

**കൈത്താങ്ങ് പദ്ധതി**

**342 (682)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ക്ഷേമത്തിനായി കൈത്താങ്ങ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) അനാഥരായ ആദിവാസിക്കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വിശദമാക്കാമോ ;

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) ഉണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ടവരും, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികൾ/ മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ/ഗുരുതരമായ അസുഖങ്ങൾ മൂലം കുട്ടികളെ പോറ്റാൻ കഴിവില്ലാത്ത മാതാപിതാക്കളുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കു ന്നതിനും, അവരുടെ വിദ്യാഭ്യാസത്തിനുമായി ആനുകൂല്യം അനുവദിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

ടി പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾ ആരുടെ സംരക്ഷണ യിലാണോ കഴിഞ്ഞു വരുന്നത് അവരുടെ പേരിൽ പ്രതിമാസം 1000- രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു. കുട്ടികൾ വളർന്ന് സ്വയം തൊഴിൽ കണ്ടെത്തുന്നതുവരെയോ കുട്ടികൾക്ക് 18 വയസ്സാകുന്നതുവരെയോ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുന്നതാണ്.

**അട്ടപ്പാടി മേഖലയിലെ പ്രശ്നങ്ങൾ**

**343 (683)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിലെ നവജാതശിശുക്കളുടെ

മരണവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നോട്ടീസ് നൽകിയി ട്ടുണ്ടോ ;

(ബി) പ്രസ്തുത നോട്ടീസിന് മറുപടി നൽകിയിട്ടുണ്ടോ ;

(സി) അട്ടപ്പാടി മേഖലയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആദിവാസി തൊഴിലാളികൾക്ക് കുടിശ്ശികയായിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സാമൂഹ്യ അടുക്കള നിർത്തലാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാ ക്കാമോ ?

(ഇ) പുതിയ അട്ടപ്പാടി പാക്കേജിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെ ടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നിളിളുവരെ 1,17,64,092 രൂപ അട്ടപ്പാടി മേഖലയിൽ തെഴിലുറപ്പ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് കുടിശ്ശിക നൽകാനുണ്ട്. ഷോളയൂർ 10-10-2014 വരെയും, അഗളിയിൽ 13-10-2014 വരെയും പുതൂർ 18-10-2014 വരെയും മാത്രമേ തൊഴിലാളികൾക്ക് വേതനം നൽകിയിട്ടുള്ളൂ.

(ഡി) സമൂഹ അടുക്കള നിർത്തലാക്കിയിട്ടില്ല. താൽക്കാലികമായി ഉണ്ടായി രുന്ന തടസ്സങ്ങൾ നീക്കി സമൂഹ അടുക്കളയുടെ പ്രവർത്തനം പുന:രാരംഭിച്ചിട്ടുണ്ട്.

(ഇ) അട്ടപ്പാടിയിൽ പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊ ണ്ടിട്ടുണ്ട്.

**അട്ടപ്പാടി മേഖലയിൽ ചെലവഴിച്ച തുക**

**344 (684)**<u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധാകാരത്തിൽ വന്നതിന് ശേഷം പട്ടികവർഗ്ഗ വകുപ്പ് അട്ടപ്പാടി മേഖലയിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാ ക്കാമോ ;

(ബി) ചെലവഴിച്ച തുക എന്തിനൊക്കെയാണെന്നും ഇതിന്റെ ഉപഭോക്താക്കൾ ആരൊക്കെയാണെന്നും പ്രത്യേകം വിശദമാക്കാമോ ;

(സി) ചെലവഴിച്ച തുക സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 53.80 കോടി രൂപ ചെലവഴിച്ചു.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തുക ചെലവഴിച്ചത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലും ധനകാര്യ വകുപ്പും യഥാസമയം പരിശോധന നടത്തുന്നുണ്ട്. അപാകതയോ ക്രമക്കേടുകളോ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

**ആദിവാസി ജനത നേരിടുന്ന വിദ്യാഭ്യാസ-ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി**

**345 (685)** <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ജനത നേരിടുന്ന വിദ്യാഭ്യാസ-ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ആദിവാസികൾക്ക് ഭൂമിയും വീടും മറ്റ് അടിസ്ഥാനസൗകര്യങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനു പ്രത്യേക പദ്ധതി നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ആദിവാസികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രീമെട്രിക്തലത്തിലും പോസ്റ്റ്മെട്രിക്തലത്തിലും പൂർണ്ണമായി സൗജന്യ വിദ്യാഭ്യാസം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പ് നേരിട്ട് നൽകി വരുന്നുണ്ട്. കൂടാതെ നഴ്സറിസ്കൂൾ കുട്ടികൾക്കും, അവരെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്നതിന് രക്ഷകർത്താക്കൾക്കും പ്രത്യേക പ്രോൽസാഹനവും നൽകി

വരുന്നു. വകുപ്പിന്റെ നിയന്ത്രണത്തിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു സി.ബി.എസ്.ഇ. സ്കൂളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 107 പ്രീ-മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു ഇവിടെ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് താമസം, ഭക്ഷണം, പഠന ചെലവുകൾ തുടങ്ങിയ എല്ലാം സൗജന്യമായി ലഭ്യമാക്കി പട്ടികവർഗ്ഗ മേഖലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ നേരിടുന്ന വിദ്യാഭ്യാസ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച്, സമഗ്രആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിവരുന്നു. സർക്കാർ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകളും ടെസ്റ്റുകളും പുറമേനിന്നും നടത്തുന്നതിനുള്ള ചെലവ് സഹിതം ചികിത്സ പരിപൂർണ്ണമായി സൗജന്യമാണ്. കൂടാതെ മാരകരോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രോഗത്തിന്റെ തീവ്രത അനുസരിച്ച് അർഹമായ ധനസഹായം അനുവദിച്ച് നൽകിവരുന്നു. അരിവാൾ രോഗികൾക്ക് മാസം തോറും 1000-രൂപ നിരക്കിൽ സമാശ്വാസ ധനസഹായവും നൽകിവരുന്നു. കൂടാതെ 17 ജി.എ.ഡി.കളും ഒരു ആയുർവ്വേദ ആശുപത്രിയും 5 ഒ.പി. ക്ലിനിക്കുകളും 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പി.വി.റ്റി.ജി. മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. മേൽപ്പറഞ്ഞവയിൽ ചികിത്സതേടുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ മുഴുവനും പരിപൂർണ്ണമായും സൗജന്യമാണ്.

(ബി) സ്വന്തമായി ഭൂമിയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 'സമ്പൂർണ്ണ ഭവന പദ്ധതി' എന്ന സ്കീമിൽ വീടുകൾ നിർമ്മിച്ചുനൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി സ്വന്തം താല്പര്യപ്രകാരം കണ്ടെത്തി വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്നുണ്ട്.

(സി) കോർപ്പസ് ഫണ്ട്/പൂൾഡ് ഫണ്ട്/ഭവന നിർമ്മാണം/ഭക്ഷ്യ സഹായ പദ്ധതി/കൈതാങ്ങ്/ജനനി ജന്മരക്ഷ/ഹാംലറ്റ് വികസന പദ്ധതി/13-ാം ധനകാര്യ കമ്മീഷൻ അവാർഡ്/പെൺകുട്ടികളുടെ വിവാഹ ധനസഹായം/പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/ഊരുകൂട്ടങ്ങൾ/ഇടമലക്കുടി പാക്കേജ്/ വീടുകളുടെ അറ്റകുറ്റപ്പണി/ തൊഴിൽ പരിശീലനം/ഐ.ഇ.സി/.ഗോത്ര സാരഥി, അതിക്രമം തടയൽ നിയമം നടപ്പാക്കൽ, വനത്തിനുള്ളിൽ താമസിക്കുന്നവരുടെ വികസനം തുടങ്ങിയ വിവിധ

പദ്ധതികൾ ആദിവാസികളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്നു.

### അട്ടപ്പാടി സ്പെഷ്യൽ ഓഫീസർ

**346 (686)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ഗവൺമെന്റ് പദ്ധതികളുടെ ഏകോപനത്തിനായി നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ ചുമതലകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഒരു സ്ഥിരം സംവിധാനമാണോ ; അല്ലെങ്കിൽ അപ്രകാരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ മേഖയിലെ ആദിവാസികളുടെ ക്ഷേമത്തിനായി തൊഴിലുറപ്പ പദ്ധതികളുടെ മാതൃകയിൽ പ്രത്യേകപദ്ധതി തയ്യാറാക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 21-5-2013-ലെ സ.ഉ.679/2013/പജപവവിവ പ്രകാരം റിട്ട. ഐ.എ.എസ്സ്. ഉദ്യോഗസ്ഥൻ ഡോ. എസ്.സുബ്ബയ്യയ്ക്ക് അട്ടപ്പാടിയിലെ പദ്ധതി ഏകോപന ചുമതല നൽകിയിരുന്നു. തുടർന്ന് ഒറ്റപ്പാലം സബ്കളക്ടറെ ഇപ്പോൾ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനത്തിനും യഥാസമയങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ അവലോകനവും നടത്തുക എന്നതാണ് പ്രധാന കർത്തവ്യം.

(ബി) നിലവിൽ ഇത് ഒരു സ്ഥിരം സംവിധാനമായാണ് പ്രവർത്തിക്കുന്നത്.

(സി) തൊഴിലുറപ്പുപദ്ധതി അട്ടപ്പാടി മേഖലയിൽ വിജയകരമായി നടപ്പാക്കി വരുന്നതിനാൽ പ്രത്യേക പദ്ധതി പരിഗണനയിലില്ല.

### ആദിവാസികൾ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന സമരം

**347 (687)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന സമരവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത് ;

(ബി) പ്രസ്തുത സമരം അവസാനിപ്പിക്കുന്നതിനും ആവശ്യങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സമരസമിതിയുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത ആവശ്യങ്ങൾ പരിഗണിച്ച് സമരം അവസാനിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദിവാസി ഗോത്രമഹാസഭ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന സമരത്തിൽ പ്രധാനമായും താഴെപ്പറയുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ;

1. 2001 -ൽ സർക്കാരുമായി ഒപ്പിട്ട കരാർ വ്യവസ്ഥകൾ പാലിക്കുക.

2. പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കുന്ന നിയമം 1996) എക്സ്റ്റെൻഷൻ ഇൻഷെഡ്യൂൾഡ് ഏരിയ (PESA) നടപ്പിലാക്കുക.

3. വനാവകാശ നിയമം നടപ്പിലാക്കുക.

4. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കുക.

5. ആറളം ഫാം ഭൂമി ഭൂരഹിതർക്ക് നൽകുക.

6. പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് നൽകുക.

7. ആദിവാസി പുനരധിവാസം ഒരു മിഷൻ മാതൃകയിൽ നടപ്പിലാക്കുക.

8. മുത്തങ്ങ സമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാർക്ക് നഷ്ടപരിഹാരം നൽകുക.

9. ആറളം ഫാമിലെ പൈനാപ്പിൾ കൃഷി നിർത്തലാക്കുക.

10. ആറളം ഫാമിലെ കുടിവെള്ള പദ്ധതി നടപ്പിലാക്കുക.

11. ആറളം ഫാമിൽ വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ മതിൽ കെട്ടുക.

12. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സ്ത്രീയുടെ ബന്ധുക്കൾക്ക്

നഷ്ടപരിഷാരം നൽകുക.

(ബി) സമരം അവസാനിപ്പിക്കുന്നതിന് വിവിധ പട്ടികവർഗ്ഗ സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തി താഴെപ്പറയുന്ന വിഷയങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ട്:

1. 2001-ലെ കരാറിലെ മുഖ്യവ്യവസ്ഥയനുസരിച്ച് ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമിയുടെ ലഭ്യതയനുസരിച്ച് 1 ഏക്കർ മുതൽ 5 ഏക്കർ വരെ ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഏറ്റവും കൂടുതൽ ഭൂരഹിതരുള്ള വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർവീതം സ്വകാര്യഭൂമി ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗകര്യപ്രദമായ വിധം വിവിധ പ്രദേശങ്ങളിൽ വാങ്ങി നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (PESA)(പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കുന്ന നിയമം 1996) നടപ്പിലാക്കുന്നതിന് മുമ്പ് ഇതുസംബന്ധിച്ച് വിശദാംശങ്ങൾ പട്ടികവർഗ്ഗ സംഘടനകൾക്ക് ചർച്ച ചെയ്യുന്നതിന് വേണ്ടി നൽകുവാനും അവരുടെ നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾകൂടി കണക്കിലെടുത്ത ശേഷം മാത്രം അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു.

3. വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. നാളിതുവരെ 24,662 കൈവശാവകാശ രേഖകൾ വിതരണം ചെയ്തിട്ടുണ്ട്. തീർപ്പാക്കാത്ത കേസ്സുകൾ രണ്ട് മാസത്തിനകം തീർപ്പാക്കുന്നതിന് ജില്ലാ കളക്ടർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

4. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കു വേണ്ടി വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ച് ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. ആറളം ഫാമിലെ ഭൂമി പൂർണ്ണമായും പട്ടികവർഗ്ഗക്കാർക്ക് കൈമാറുന്നത് നിലവിൽ ഫാമിലെ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള തൊഴിലാളികളെയും ജീവനക്കാരെയും ബാധിക്കുമെന്നതിനാൽ വിശദമായ ചർച്ച ആവശ്യമുണ്ട്.

6. അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചുടുക്കുന്ന പദ്ധതി (കെ.എസ്സ്.റ്റി.ആക്ട് 1999) പ്രകാരം പാലക്കാട് ജില്ലയിലെ 120 പേർക്ക് 120 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

7. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവാസിപ്പിക്കുന്നതിന്

വേണ്ടി സംസ്ഥാനത്ത് ആദിവാസി പുനരധിവാസ വികസന മിഷൻ 2001 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. മിഷൻ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ റ്റി.ആർ.ഡി.എം.-ന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

8. മുത്തങ്ങയിൽനിന്നും കുടിയിറക്കപ്പെട്ട 447 പട്ടികവർഗ്ഗക്കാർക്ക് വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറിക്കിട്ടിയ വയനാട്ടിലെ 1179 ഏക്കർ ഭൂമി ഉപയോഗിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകി. ഇവർക്ക് ഭവന നിർമ്മാണത്തിന് 2.5 ലക്ഷം രൂപ വീതം അനുവദിച്ചു. കൂടാതെ സമരത്തിൽ പങ്കെടുത്ത് അറസ്റ്റിലായ പട്ടികവർഗ്ഗക്കാരുടെ 44 കുട്ടികൾക്ക് 1,00,000 രൂപ വീതം നഷ്ടപരിഹാരം അനുവദിച്ചു.

9. പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി അടുത്ത വർഷം അവസാനിക്കുന്നതാണ്.

10. ആറളം ഫാമിൽ കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവൃത്തി ജലനിധി മുഖേന ആരംഭിച്ചിട്ടുണ്ട്.

11. പുനരധിവാസ മേഖല വനമേഖലയുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ വേലി സ്ഥാപിക്കുന്നതിന് ആദ്യഘട്ടത്തിൽ 3 കി.മി. ചെയ്യുന്നതിന് 3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചുവരുന്നു.

12. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പട്ടികവർഗ്ഗ സ്ത്രീയുടെ അനന്തരാവകാശികൾക്ക് വനം വകുപ്പ് 3,00,000-രൂപ, റവന്യൂ വകുപ്പ് 10,000- രൂപ, പട്ടികവർഗ്ഗ വികസന വകുപ്പ് 2000-രൂപ എന്നിങ്ങനെ ധനസഹായം നൽകിയിട്ടുണ്ട്.

13. മുത്തങ്ങ സമരത്തിന്റെ ഭാഗമായി കുടിയിറക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) സമരക്കാരുമായി ആദ്യഘട്ടത്തിൽതന്നെ ബഹു. പട്ടികവർഗ്ഗക്ഷേമ വകുപ്പ് മന്ത്രി ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ സമരം ഒത്ത് തീർക്കുന്നതിന് ബഹു. മുഖ്യമന്ത്രി സമരസമിതി നേതാക്കളുമായും/സിവിൽ സമൂഹത്തിന്റെ പ്രതിനിധി കളുമായും ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ പട്ടികവർഗ്ഗ സംഘടനാ നേതാക്കളുമായും ബഹു. മുഖ്യമന്ത്രി 14-10-2014- ന് ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) ഭൂരിഭാഗം ആവശ്യങ്ങളിന്മേലും ഇതിനകം നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. ശേഷിക്കുന്ന ആവശ്യങ്ങളിലും സാധ്യതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം

**348 (688)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു യാത്രാസൗകര്യം ഒരുക്കുന്നതിന് 'ഗോത്ര സാരഥി' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പൊതുയാത്രാ സൗകര്യമില്ലാത്തതും വിദൂരവും ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്കു തങ്ങളുടെ വീട്ടിൽനിന്നും ദിവസവുംപോയി വരാനാകുന്ന വിധം സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇത്തരം സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഇവരുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 'ഗോത്രസാരഥി' പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുന്നതിനായി ഓരോ സ്കൂളിലും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 395 സ്കൂളുകളിൽ 2013-14 സാമ്പത്തിക വർഷം പദ്ധതി വിജയകരമായി നിർവഹിക്കുകയുണ്ടായി.

2014-15 വർഷത്തിൽ ടി പദ്ധതി നടത്തിപ്പിനായി അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ പുതിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ

അർഹതയുള്ള 321 സ്കൂളുകൾ തെരഞ്ഞെടുത്ത് ടി പദ്ധതി നടപ്പിലാക്കി വരുന്നു.

**ആദിവാസികളുടെ അവകാശങ്ങൾ**

**349 (689)** ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാവകാശ നിയമമനുസരിച്ചുള്ള അവകാശങ്ങൾ ആദിവാസികൾക്ക് ലഭ്യമാക്കുന്നതിൽ പട്ടികവർഗ്ഗവകുപ്പ് തികഞ്ഞ അനാസ്ഥ കാണിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനാവകാശ നിയമങ്ങൾ അനുസരിച്ച് തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ സംബന്ധിച്ച് അവബോധം പോലും ആദിവാസികൾക്ക് ഇല്ലാത്ത അവസ്ഥയാണിത് എന്ന കാര്യം അറിയാമോ ;

(സി) തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശത്തെക്കുറിച്ച് ബോദ്ധ്യമില്ലാത്ത ആദിവാസി സമൂഹം കൊടിയ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആദിവാസികൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ആ വിഭാഗത്തിൻെറ അജ്ഞത മുതലെടുത്ത് പലരും തട്ടിയെടുക്കുന്നതായ സ്ഥിതിവിശേഷം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് FRC രൂപീകരിക്കുകയും ഈ FRC മുഖേന ഊരുകൂട്ടങ്ങൾ കൂട്ടുകയും അതനുസരിച്ച് കോളനികളിൽ ബോധവൽക്കരണ ക്ലാസ് നടത്തുകയും അപേക്ഷ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വനാവകാശ കമ്മിറ്റി അംഗങ്ങൾ, എസ്.റ്റി. പ്രൊമോട്ടർമാർ, ഊര് മൂപ്പൻമാർ എന്നിവർക്ക് വിവിധ ജില്ലകളിൽവച്ച് വനാവകാശ നിയമത്തെപ്പറ്റി ക്ലാസ് നൽകിയിട്ടുണ്ട്.

(സി) നിലവിൽ അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കർശന നടപടി വകുപ്പ് സ്വീകരിക്കുകയും ആയതിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്.

**പട്ടികഗോത്രവർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി**

**350 (690)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷ കാഹാരം നൽകുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ :

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിന് 'ജനനീ ജന്മരക്ഷ' എന്ന പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

(സി) ഗർഭാവസ്ഥയുടെ 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസം 1000-രൂപാ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താവിന് ധനസഹായം നൽകിവരുന്നു. പോസ്റ്റാഫീസുകൾവഴി മണിയോർഡറായി ടി തുക എല്ലാ മാസവും ഗുണഭോക്താവിന് വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർമാർമുഖേന ലഭ്യമാകുന്ന

പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളായ പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമാണ് പ്രതിമാസം 1000-രൂപ വീതം അനുവദിക്കുന്നത്. ടി പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ

**351 (691)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികവർഗ്ഗ വികസനവകുപ്പ്, പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി, തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ജനവിഭാഗങ്ങളുടെ സ്ഥായിയായ സമഗ്രവികസന പദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ പത്തടിപാലം മുതൽ അടിച്ചിതൊട്ടി കോളനിവരെയുള്ള റോഡ് നിർമ്മാണത്തിന് 14.5 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 5 കോടി രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്.

## അട്ടപ്പാടിയിലെ സമൂഹ അടുക്കളകൾ

**352 (692)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ 2013 മുതൽ എത്ര സമൂഹഅടുക്കളകൾ (Community Kitchan) ആരംഭിച്ചു ; നിലവിൽ ഇപ്പോൾ എത്ര അടുക്കളകൾ പ്രവർത്തിക്കുന്നു ;

(ബി) പ്രസ്തുത അടുക്കളയിൽ എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് തയ്യാറാക്കുന്നത് ; ഈ അടുക്കളയിലൂടെ ശരാശരി എത്ര പേർക്ക് ഒരു ദിവസം ഭക്ഷണം നൽകുന്നുണ്ട് ;

(സി) ഓരോ അടുക്കളയും പ്രവർത്തിപ്പിക്കുന്നതിന് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് ; എത്ര രൂപയാണ് ചെലവാകുന്നത് ; ഒരാൾക്ക് എത്ര

രൂപയാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; എത്ര രൂപയാണ് ചെലവാകുന്നത് ; എപ്പോഴൊക്കെയാണ് തുക അനുവദിച്ചത് ;

(ഇ) പദ്ധതി നടപ്പാക്കുന്നത് ഏത് വകുപ്പാണ് ; ഏത് ഉദ്യോഗസ്ഥനാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത് ;

(എഫ്) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ സംഭരിക്കുന്നത് എപ്രകാരമാണ് ; സംഭരണവില എപ്രകാരമായിരുന്നെന്ന് വ്യക്തമാക്കുമോ ;

(ജി) പണം യഥാസമയം അനുവദിക്കാത്തതിനാൽ ഭക്ഷണ സാധനങ്ങൾ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഭക്ഷണ സാധനങ്ങൾ വാങ്ങിയ വകയിൽ ഏജൻസികൾക്കോ, സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ പണം നൽകാനുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) 186 സമൂഹ അടുക്കളകൾ ആരംഭിച്ചു. നിലവിൽ 101 എണ്ണം പ്രവർത്ത നക്ഷമമാണ്.

(ബി) ചോറും സാമ്പാറും നൽകി വരുന്നു. ഊരുകളുടെ ജനസംഖ്യാനുപാതം അനുസരിച്ച് 40 മുതൽ 150 പേർക്ക് വരെ ഒരു അടുക്കളയിൽനിന്നും ഭക്ഷണം നൽകി വരുന്നു.

(സി) ഓരോ അടുക്കളയ്ക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല.

അരി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്ക് പുറമേ ചുവടെ ചേർക്കുന്ന വിധത്തിൽ ഓരോ വ്യക്തിയ്ക്കും ചിലവ് നിശ്ചയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| വിറക് | - | 2 രൂപ |
| പച്ചക്കറി | - | 3 " |
| പാചകക്കൂലി | - | 3 " |

അരി, പലവ്യഞ്ജനങ്ങൾ എന്നിവയ്ക്കായി ഒരാൾക്ക് ശരാശരി 10 രൂപ ചെലവ് കണക്കാക്കുന്നു.

(ഡി) ആകെ രൂപ 2,24,36,066 - രൂപ അനുവദിച്ചിട്ടുണ്ട്.

2014 ജൂലൈ - 50 ലക്ഷം രൂപ

2014 ഓഗസ്റ്റ് -74,36,066- രൂപ

2014 നവംബർ - 1 കോടി രൂപ

(ഇ) സാമൂഹ്യനീതി വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സമൂഹ അടുക്കളക്കാവശ്യമായ അരിയും, പലവ്യഞ്ജനങ്ങളും സപ്ലൈകോ മുഖാന്തിരം വാങ്ങുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ സംയോജിത ശിശുക്ഷേമ വിഭാഗം ചുമതല വഹിക്കുന്നു.

(എഫ്) അരിയും പലവ്യഞ്ജനങ്ങളും സപ്ലൈകോമുഖേന വാങ്ങിക്കുകയും പച്ചക്കറി, വിറക് തുടങ്ങിയവ കുടുംബശ്രീ/എൻ.ആർ.എൽ.എം. ഗ്രൂപ്പുകളിൽ നിന്നും വിപണന നിരക്കിൽ വാങ്ങിക്കുകയും ചെയ്യുന്നു.

(ജി) ഇല്ല. 25-11-14 വരെയുള്ള ബില്ലുകൾ അനുസരിച്ച് 30,81,580.25-രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്.

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ**

**353 (693)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ അട്ടപ്പാടിയിൽ എത്ര ശിശുമരണം നടന്നിട്ടുണ്ടെന്ന് പറയാമോ ;

(ബി) ഈ മേഖലയിൽ അമ്മമാരിലും കുഞ്ഞുങ്ങളിലുമായി കണ്ടെത്തിയ പോഷകാഹാരക്കുറവുകാരണമാണ് ഇപ്രകാരം തുടർച്ചയായി ശിശുമരണം നടക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാരും മറ്റ് ഏജൻസികളും നടത്തിയ പഠന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ മേഖലയിലെ തുടർച്ചയായ ശിശുമരണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ നിയമസഭയിൽ നൽകിയ ഉറപ്പുകൾ ഗൗരവമായിക്കണ്ട് അവ പാലിക്കുന്നതിനും നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ;

(എഫ്) ശിശുമരണം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന ഉറപ്പ് നൽകിയതിനുശേഷം എത്ര കുട്ടികൾ മരിച്ചിട്ടുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അതിനെ തുടർന്ന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 63 ശിശുക്കൾ അട്ടപ്പാടി മേഖലയിൽ മരണപ്പെട്ടിട്ടുണ്ട്.

(ബി) ഗർഭിണിയായിരിക്കുമ്പോൾ മാതാവിന്റെ പോഷകാഹാരക്കുറവുമൂലം വേണ്ടത്ര വളർച്ചയില്ലാതെയും മാസം തികയാതെയുമുള്ള പ്രസവമാണ് ശിശു മരണങ്ങൾക്കുള്ള പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളത്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടി വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന 0-5 വയസ്സ് വരെ പ്രായത്തിലുള്ള കുട്ടികളുടെ ഫോട്ടോ, തൂക്കം, ഉയരം ഇവയെടുത്ത് ന്യൂട്രിഷണൽ സ്റ്റാറ്റസ് വിലയിരുത്തിയതിൽ കടുത്ത പോഷകാഹാരക്കുറവുള്ളതായി കണ്ടെത്തിയ 200 കുട്ടികൾക്ക് അഗളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും ന്യൂട്രിഷണൽ റീഹാബിലിറ്റേഷൽ സെന്ററിലും അധിക പോഷണ പരിചരണം നൽകിവരികയാണ്.

(ഡി) ശിശുമരണങ്ങൾ തടയുന്നതിന് കൈക്കൊണ്ടനടപടികൾ നിയമസഭയെ അറിയിച്ചിട്ടുണ്ട്.

(ഇ & എഫ്) മാസം തികയാതെയുള്ള ജനനം, തന്മൂലമുള്ള ന്യുമോണിയ, ശ്വാസതടസ്സം, ജന്മനായുള്ള ഹൃദയതകരാർ, തലച്ചോറിന്റെ വളർച്ച കുറവ് തുടങ്ങിയ കാരണങ്ങളാൽ 13 ശിശുമരണങ്ങൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**അട്ടപ്പാടിയിലെ ഏകോപന സമിതി**

**354 (694)** <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ സർക്കാർ പദ്ധതികളുടെ ഏകോപനത്തിന് ജനപ്രതിനിധികൾ അടങ്ങുന്ന ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഏകോപനസമിതിയ്ക്ക് എന്തെല്ലാം അധികാരങ്ങൾ നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) അട്ടപ്പാടി സന്ദർശിച്ച മന്ത്രിമാരുടെ റിപ്പോർട്ട് മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായോ ; ഉണ്ടെങ്കിൽ അതിനെ തുടർന്ന് എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് ; അവയിൽ നടപ്പിലാക്കിയവ ഏതൊക്കെ ; നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെ ;

(ഡി) അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ട്രഷറി നിയന്ത്രണ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഗവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പാലം സബ്കളക്ടർ കൺവീനറും എം.പി., എം.എൽ.എ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരടങ്ങുന്ന ഒൻപതംഗ ഏകോപന സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു.

(സി) മന്ത്രിസഭാ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അട്ടപ്പാടിയിലെ ഗിരിവർഗ്ഗക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രത്യേകമായി ട്രഷറി നിയന്ത്രണങ്ങളൊന്നുമില്ല.

**അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ ആരോഗ്യ സംരക്ഷണം**

**355 (695)** <u>ശ്രീ. എ. കെ. ബാലൻ</u> :
<u>ശ്രീമതി കെ. എസ്. സലീഖ:</u>
<u>ശ്രീമതി കെ. കെ. ലതിക</u> :
<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ ഇപ്പോഴുള്ള ഗർഭിണികളിൽ ഭൂരിപക്ഷവും ഗുരുതരമായ വിളർച്ചരോഗം ബാധിച്ചവരാണെന്നും ഇക്കാരണ

ത്താൽ ഇനിയും ശിശുമരണങ്ങൾ വർദ്ധിക്കാൻ ഇടയുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുവാനുദ്ദേശിച്ചുള്ള പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും മരണങ്ങൾ തുടരുന്നത് മൂലം അട്ടപ്പാടി മേഖലയിലെ ആദിവാസികൾ ഭീതിയിലാണ് കഴിയുന്നതെന്ന വസ്തുത അറിയാമോ ;

(ഡി) പല പദ്ധതികളുടെയും ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്കിടയിലെ നിസ്സഹരണവും പരസ്പരധാരണയായില്ലായ്മയും നിമിത്തം ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാവുകയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല. വിളർച്ചരോഗം ബാധിച്ചവരെ കണ്ടെത്തി അവരെ പരിശോധിച്ച് വേണ്ടത്ര ചികിത്സയും മറ്റും നൽകുന്നതിന് ആരോഗ്യവകുപ്പുമുഖേന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പ്രകാരം ഭക്ഷണം പാചകം ചെയ്തു നൽകിവരുന്നുണ്ട്.

(ബി) ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുന്നത് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരമാണ്. ടി പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശിശുമരണങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

(ഡി) വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി ഒരു നോഡൽ ആഫീസറെ ഇതിനകം നിയമിച്ചു കഴിഞ്ഞു.

**അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം**

**356 (696)** <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ കഴിഞ്ഞ വർഷം ഡിസംബർ മാസംവരെ എത്ര നവജാത ശിശുക്കളാണ് മരിച്ചിട്ടുള്ളത് ;

(ബി) 2014 ജനുവരിമുതൽ നവംബർ മാസംവരെ എത്ര നവജാതശിശുക്കളാണ് മരിച്ചിട്ടുള്ളത് ;

(സി) മരിച്ച കുട്ടികളുടെ കുടുംബത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(ഡി) ഭാവിയിൽ ഇത്തരത്തിലുള്ള മരണങ്ങൾ ഒഴിവാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) 13 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

(സി) പ്രത്യേകമായി സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.

(ഡി) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗ സ്ത്രീകൾക്കും കുട്ടികൾക്കും പോഷകകുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഗുരുതരമായ പോഷക കുറവുള്ള കുട്ടികളെ പരിചരിക്കുന്നതിന് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പ്മുഖേന വിവാഹിതരായ സ്ത്രീകൾക്ക് അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. സാമൂഹ്യ നീതിവകുപ്പിന്റെ സമൂഹ അടുക്കള പദ്ധതി നടപ്പാക്കിവരികയും അമൃതം ന്യൂട്രിമിക്സ് എന്നിവയും വിതരണം ചെയ്യുന്നുണ്ട്. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000-രൂപ വീതം ധനസഹായം അനുവദിക്കുന്ന ജനനീ ജന്മരക്ഷ പദ്ധതി നടപ്പാക്കിവരുന്നു. ടി തുക മണിഓർഡർ ആയി ഗുണഭോക്താക്കളുടെ കൈകളിൽ എത്തിക്കുന്നു.

**ആദിവാസികൾക്ക് ഭൂമി**

**357 (697)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ ഏതെല്ലാം ജില്ലകളിൽ എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂമി വിതരണവുമായി ബന്ധപ്പെട്ട് കോടതികളിൽ കേസ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ആലപ്പുഴ ജില്ലയിൽ നിലവിലുണ്ടായിരുന്ന കേസിലെ വിധിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ വിധിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി വയനാട് ജില്ലയിൽ വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറിക്കിട്ടിയ 1179.46 ഏക്കറിൽ നിന്നും മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 447 പേർക്ക് ഒരേക്കർ വീതം ഭൂമി നൽകുന്നതിന് മാറ്റിവച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിന് വേണ്ടി കല്ലട ഇറിഗേഷൻ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത 9.59 ഹെക്ടർ ഭൂമി കണ്ടെത്തിയെങ്കിലും തർക്കംമൂലം വിതരണം ചെയ്യുന്നതിന് സാധിച്ചില്ല. ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.* അതു പോലെ മുൻ വർഷങ്ങളിൽ ഓരോ ജില്ലയിലും വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ അനുബന്ധം (2)* ആയി ചേർക്കുന്നു.

(ബി) നിലവിൽ കോടതി കേസ്സുകളൊന്നും ഇല്ല. ആലപ്പുഴ ജില്ലയിൽ നിലവിലുണ്ടായിരുന്ന കേസിൽ സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ ഹൈക്കോടതി വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ആദിവാസികൾക്കിടയിലെ ശിശുമരണങ്ങൾ**

**358 (698)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>

<u>ശ്രീ. കെ. രാജു</u> :

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സംസ്ഥാനത്ത് ആദിവാസി കൾക്കിടയിൽ എത്ര ശിശു മരണങ്ങളുണ്ടായി ;

(ബി) ഈ ശിശുമരണങ്ങൾ സംഭവിക്കാനിടയായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ആദിവാസി വിഭാഗത്തിൽപ്പെടുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | 2012 | - | 44 |
| | 2013 | - | 94 |
| | 2014 | - | <u>20</u> |
| | | ആകെ | <u>158</u> |

(ബി) വിലയിരുത്തിയിട്ടുണ്ട്. ഗർഭിണിയായിരിക്കുമ്പോൾ മാതാക്കളുടെ പോഷകാഹാരക്കുറവ്മൂലം വേണ്ടത്ര വളർച്ചയില്ലാതെയും മാസം തികയാതെയും പ്രസവിച്ചതിനാലാണ് മരണം സംഭവിച്ചത്.

(സി) ഉണ്ട്. സംസ്ഥാനത്ത് അട്ടപ്പാടി മേഖലയിൽനിന്നുമാത്രമാണ് ഇത്തരം റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. ആദിവാസി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാ ഹാരക്കുറവുള്ളതായി ശ്രദ്ധയിൽവന്നതിനെ തുടർന്ന് അട്ടപ്പാടി മേഖലയിൽ 3 ന്യൂട്രിഷണൽ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. ഗുരുതരമായ പോഷകാഹാരകുറവുള്ള കുട്ടികളെ ഇവിടെ കിടത്തി ചികിൽസിക്കുന്നുണ്ട്. ഐ.സി.ഡി.എസ് അംഗൻവാടികൾവഴി പ്രത്യേക ന്യൂട്രിഷൻ കിറ്റുകൾ വിതരണം

ചെയ്യുന്നുണ്ട്. കേരളത്തിലെ എല്ലാ ആദിവാസികളായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി 'ജനനി ജന്മരക്ഷ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം 1000 രൂപാ നിരക്കിൽ പരമാവധി 18 മാസം ടി തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് മണിയോർഡറായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽനിന്നും അയച്ചുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ 101 സാമൂഹ്യ അടുക്കളകൾ ഊരുകളിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. സാമൂഹ്യനീതി വകുപ്പ് പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത് വരുന്നുണ്ട്. വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ് അയൺ ഗുളികകൾ എന്നിവ വിതരണം ചെയ്ത് വരുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്ക് ശഫല കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

## മിഷൻ 676-പട്ടികവർഗ്ഗ വിഭാഗത്തിന് സമ്പൂർണ്ണ ഭവന പദ്ധതി

**359 (699)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ നൽകാമോ ;

(സി) എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത് ;

(ഡി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനായി സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽപ്പെടുത്തി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി & സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതിയിലുൾപ്പെടുത്തി 2000 വീടുകൾ നിർമ്മിക്കുന്നതിനും ഹഡ്കോയിൽ നിന്നും ലഭ്യമാകുന്ന വായ്പ തുകയുപയോഗിച്ച് 2000 വീടുകളും ഐ.എ.വൈ. പദ്ധതി പ്രകാരം 9337 വീടുകളുമുൾപ്പെടുത്തി ടി പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) പഞ്ചായത്തുതലത്തിൽ സ്പെഷ്യൽ ഊരുകൂട്ടം വിളിച്ചുചേർത്ത് ഭവനരഹിതരുടെ പട്ടിക തയ്യാറാക്കി ഓരോ ഊരിലെയും മുഴുവൻ ഭവന രഹിതർക്കും വീട് ലഭിക്കുന്ന രീതിയിൽ അടുത്ത 2 വർഷം കൊണ്ട് എല്ലാവർക്കും വീട് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

**യുവജന നയം**

**360 (700)** <u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:

<u>ശ്രീ. വി. റ്റി. ബൽറാം</u> :

<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;

(ബി) യുവജനങ്ങളുടെ ക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) യുവജന നയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ എല്ലാ വിഭാഗം യുവജനങ്ങളുടെയും സർവ്വതോൻമുഖമായ

പുരോഗതി ലക്ഷ്യമാക്കി അവരുടെ ക്ഷേമവും - വികസനവും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ 2013 മാർച്ച് 4-ന് യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) യുവജനങ്ങളുടെ ക്ഷേമത്തിനായി യുവജന നയത്തിൽ വിവിധ തരം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാഭ്യാസം, തൊഴിൽ, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, കായികം, കലാസാംസ്കാരികം എന്നീ മേഖലകളിലായാണ് പരിപാടികൾ നടപ്പിലാക്കുന്നത്.

(സി) യുവാക്കൾക്കിടയിൽ ദേശീയ ബോധവും ദേശസ്നേഹവും വളർത്തുന്നതിലേക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്, എക്സൈസ് വകുപ്പുമായി ചേർന്ന് യുവജാഗ്രതാ യാത്ര, ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, സി-ഡിറ്റുമായി ചേർന്ന് പി.എസ്.സി/ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം, കൃഷി വകുപ്പുമായി ചേർന്ന് കാർഷിക വികസന പദ്ധതികൾ, പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ട്രൈബൽ ഫെസ്റ്റുകൾ, ടൂറിസം വകുപ്പുമായി ചേർന്ന് സാഹസിക പരിശീലന പരിപാടികൾ, വനം വകുപ്പ്, എൻ.എസ്.എസ്. മായി ചേർന്ന് പരിസ്ഥിതി ദിനാചരണ പരിപാടികൾ, Entrepreneurship Development Institute of India മായി ചേർന്ന് സംരംഭകത്വ വികസന പരിപാടികൾ, കേരള ഫോക് ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ, ഐ.ആർ.സി.റ്റി.സി.യുമായി ചേർന്ന് ഭാരത് ദർശൻ യാത്രകൾ, എൻ.എസ്.എസ്.മായിചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്കറൂട്സുമായി ചേർന്ന് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ്. മായി ചേർന്ന് പുനർജനി, ജീവദായിനി, യുവ മാധ്യമ ശില്പശാല, ചിത്രരചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാശില്പശാല, ചലച്ചിത്ര ശില്പശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം, യുവ നേതൃത്വ പരിശീലന ക്യാമ്പ്, യുവജനദിനാചരണം, പരിസ്ഥിതി ദിനാചരണം, എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ**

**361 (701)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. യുവജനനയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉതകുന്ന രീതിയിലാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനവും പരിപാടികളും ആസൂത്രണം ചെയ്തിട്ടുള്ളത്. യുവാക്കൾക്കായി സ്വയം സംരംഭക പരിശീലനങ്ങൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാമുകൾ, വ്യക്തിത്വ വികസന ക്യാമ്പുകൾ, സ്വയംതൊഴിൽ ബോധവൽക്കരണ പരിപാടികൾ, ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, കാർഷിക വികസന പദ്ധതികൾ, ഡി.റ്റി.പി./പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനങ്ങൾ, പുനർജ്ജനി, ജീവദായിനി, ജോബ്ഫെയറുകൾ ചലച്ചിത്ര-മാധ്യമ-സാഹിത്യ-വനിതാ ശില്പശാലകൾ, സാഹസിക പരിശീലന പരിപാടികൾ, കേരളോത്സവം, ട്രൈബൽ ഫെസ്റ്റുകൾ, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

(ബി) ഇല്ല.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ്, ടൂറിസം വകുപ്പ്, കായിക വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ്,

സാമൂഹ്യ ക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ്, സി-ഡിറ്റ്, എൻ.എസ്.എസ്, നോർക്ക റൂട്സ്, Entrepreneurship Development Institute of India, ഐ.ആർ.സി.റ്റി.സി, കേരള ഫോക് ലോർ അക്കാദമി എന്നീ സ്ഥാപനങ്ങളെയാണ് സഹകരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) യുവാക്കൾക്കിടയിൽ ദേശീയ ബോധവും ദേശ സ്നേഹവും വളർത്തുന്നതിലേക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരളോത്സവം, എക്സൈസ് വകുപ്പുമായി ചേർന്ന് യുവ ജാഗ്രതാ യാത്ര, ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, സി-ഡിറ്റുമായിചേർന്ന് പി.എസ്.സി./ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം, കൃഷി വകുപ്പുമായിചേർന്ന് കാർഷിക വികസന പദ്ധതികൾ, പട്ടികവർഗ്ഗ വികസന വകുപ്പുമായിചേർന്ന് ട്രൈബൽ ഫെസ്റ്റുകൾ, ടൂറിസം വകുപ്പുമായിചേർന്ന് സാഹസിക പരിശീലന പരിപാടികൾ, വനം വകുപ്പ്, എൻ.എസ്.എസ്. എന്നിവയുമായിചേർന്ന് പരിസ്ഥിതി ദിനാചരണ പരിപാടികൾ, Entrepreneurship Development Institute of India മായി ചേർന്ന് സംരംഭകത്വ വികസന പരിപാടികൾ, കേരള ഫോക് ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ, ഐ.ആർ.സി. റ്റി.സി. യുമായി ചേർന്ന് ഭാരത് ദർശൻ യാത്രകൾ, എൻ.എസ്.എസ്. മായി ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ്.മായി ചേർന്ന് പുനർജനി, ജീവദായിനി, യുവമാധ്യമ ശില്പശാല, ചിത്ര രചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശില്പശാല, ചലച്ചിത്ര ശില്പശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവനേതൃത്വ പരിശീലന ക്യാമ്പ്, യുവജനദിനാചരണം, പരിസ്ഥിതി ദിനാചരണം, എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

### യൂത്ത് റിസോഴ്സ് സെന്ററുകൾ

**362 (702)** ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭി ക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്ര സഹായം എന്തെല്ലാ മെന്ന് വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാ ക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് യുവജനക്ഷേമ ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇതിലേയ്ക്കായി കേന്ദ്രസഹായം ലഭിക്കുന്നില്ല.

(സി) ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാ ക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പെരിങ്ങമ്മല ബ്ലോക്ക് പഞ്ചായത്ത് ഇതിനായി സ്ഥലം അനുവദി ച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു പരീക്ഷണം എന്ന നിലയ്ക്ക് യൂത്ത് റിസോഴ്സ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതിനായി മൂന്ന് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയശേഷം മറ്റു ബ്ലോക്കുക ളിലേക്ക് വ്യാപിപ്പിക്കുന്നകാര്യം ആലോചിക്കുന്നതാണ്.

**യുവജനക്ഷേമ പ്രവർത്തനങ്ങൾ**

**363 (703)** <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ പരിപാടികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ ചെലവഴിച്ച തുകയുടെ മണ്ഡലഅടിസ്ഥാനത്തിലുള്ള വിവരങ്ങൾ വിശദമാക്കാമോ ;

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പരിപാടികൾ ഏതൊക്കെയാണെന്നും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എതൊക്കെയാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) യുവജനക്ഷേമ പരിപാടികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ ചെലവഴിച്ച തുകയുടെ മണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പരിപാടികൾ ചുവടെ ചേർക്കുന്നു :

2011-ൽ യുവകർമ്മസേന, മേഖലാപരിശീലന ക്യാമ്പ്, കേരളോത്സവം, ജോബ്ഫെസ്റ്റ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, യൂത്ത് അവാർഡ്, സാമൂഹ്യ ബോധവൽക്കരണ പരിപാടി എന്നിവ സംഘടിപ്പിച്ചു 2012-ൽ ജാഗരൺഭാരത് (നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്), ഗോത്രായനം (നാഷണൽ ട്രൈബൽ ഫെസ്റ്റ്), ജൻഡർ ഫെസ്റ്റ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, വനിതാ ശില്പശാല, വ്യക്തിത്വവികസന പരിപാടി, കേരളോത്സവം എന്നിവ സംഘടിപ്പിച്ചു.

2013-ൽ സംരംഭകത്വ വികസന പദ്ധതി, അക്ഷര യുവത്വം, ജാഗരൺഭാരത്, നാടിക, കേരളോത്സവം, സകർമ്മ (യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്) ഗോത്ര താളം, പട്ടികവർഗ്ഗ യുവജനങ്ങൾക്കായി ഭാരത ദർശൻ എന്നിവ സംഘടിപ്പിച്ചു.

2014-ൽ ജാഗരൺഭാരത്, ഷോർട്ട് ഫിലിം ഫെസ്റ്റ്, യുവമാധ്യമ ശില്പശാല, പുനർജനി പദ്ധതി എന്നിവ സംഘടിപ്പിച്ചു.

**യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ**

**364 (704)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങളുടെ സർവ്വതോൻമുഖമായ വികസനം ലക്ഷ്യമാക്കി യുവജന ക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) യുവജനങ്ങൾക്ക് ജോലി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) യുവജനങ്ങൾക്കിടയിൽ സേവന തത്പരതയും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിന് ആസൂത്രണം ചെയ്ത പരിപാടികൾ വിശദമാക്കാമോ ;

(ഡി) യുവജനങ്ങൾക്കിടയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്ത മാക്കുമോ ?

## ഉത്തരം

(എ) കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാശില്പശാല, ഡി.റ്റി.പി./പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽ ക്കരണം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ

യുവതികൾക്കായുള്ള ശില്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായിനി തുടങ്ങിയ പദ്ധതികൾ യുവജനങ്ങളുടെ വികസനത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നു.

(ബി) ജോബ് ഫെയർ, വ്യവസായ സംരംഭകത്വ പരിശീലനം, ഡി.റ്റി.പി/പി.എസ്.സി. ഓൺലൈൻ പരിശീലനം, സ്വയംതൊഴിൽ പരിശീലനം തുടങ്ങിയ പദ്ധതികൾ തൊഴിൽരഹിതരായ യുവ ജനങ്ങൾക്ക് ജോലി ലഭിക്കുവാൻ സഹായകരമായി ബോർഡ് സംഘടിപ്പിച്ചുവരുന്നു.

(സി) ജീവദായിനി, പുനർജനി, യുവകർമ്മസേന എന്നീ പദ്ധതികൾ യുവജനങ്ങൾക്കിടയിൽ സേവന തൽപ്പരതയും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) കേരളത്തിലെ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ. സംസ്ഥാന എക്സൈസ് വകുപ്പിന്റെയും എൻ.എസ്.എസ്. ന്റെയും സഹകരണ ത്തോടുകൂടി കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടുനിൽക്കുന്ന പരിപാടിയാണ് സംഘടിപ്പിച്ചത്. പ്രചാരണത്തിന്റെ ഭാഗമായി ലഘുലേഖ വിതരണം, തെരുവുനാടകം, സിനിമാ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു. കൂടാതെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത ക്ലബുകൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി ധനസഹായവും നൽകിവരുന്നുണ്ട്.

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ യുവജന മുന്നേറ്റ പദ്ധതികൾ**

**365 (705)** ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മൃഗശാലകൾ**

**366 (706)** ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ:

ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര മൃഗശാലകൾ ഇപ്പോൾ കേന്ദ്ര വൈൽഡ് ലൈഫിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ മൃഗശാലകളുടെ സംരക്ഷണത്തിന് ആവശ്യമായ വരുമാനം

പ്രവേശന ഫീസ് മുഖേന ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത മൃഗശാലകളുടെ പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നത് ഏത് ഗവൺമെന്റാണ് ;

(സി) മൃഗശാലകൾ ഇല്ലാത്ത ജില്ലകളിൽ ഗവൺമെൻറിൻെറ അംഗീകാര ത്തോട് കൂടി മൃഗശാലകൾ ആരംഭിയ്ക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം, തൃശ്ശൂർ, എന്നിവിട ങ്ങളിൽ പ്രവർത്തിക്കുന്ന മൃഗശാലകൾ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്.

(ബി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളുടെ സംരക്ഷണത്തിന് ആവശ്യമായ വരുമാനം പ്രവേശന ഫീസ് മുഖേന ലഭിക്കുന്നില്ല. കേരള സർക്കാർ ആവശ്യമായ ധനസഹായം നൽകുന്നു.

(സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ ഇല്ല.

## തിരുവനന്തപുരം മൃഗശാലയിൽ മരച്ചില്ലകളുടെ ശാസ്ത്രീയമായ സംസ്കരണം

**367 (707)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങൾക്ക് നൽകുന്ന പച്ചിലകളുടെ വേസ്റ്റായി മാറുന്ന മരച്ചില്ലകൾ വീടുകളിൽ കത്തിക്കാനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു മൂലം ജനവാസ കേന്ദ്രങ്ങളിൽ വിവിധ തരം പനികൾ പടർന്നു പിടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഉണ്ടാകുന്ന വേസ്റ്റുകൾ ശാസ്ത്രീയമായി

സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 Am]

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു ചോദ്യം ചോദിച്ചു. അത് ബഹു. ഡെപ്യൂട്ടി സ്പീക്കർ അനുവദിച്ച ചോദ്യമാണ്. ആ ചോദ്യത്തിന് മന്ത്രി മറുപടി നൽകില്ലായെന്ന് ഏത് റൂൾ പ്രകാരമാണ് നിലപാടെടുത്തത്; ഏത് റൂളിലാണ് അങ്ങനെയുള്ളത്....(ബഹളം)... അങ്ങനെ എവിടെയാണുള്ളത്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ആ പർട്ടിക്കുലർ ചോദ്യത്തെ സംബന്ധിച്ച് രണ്ട് മന്ത്രിമാർ മറുപടി പറഞ്ഞു. പ്രതിപക്ഷ നേതാവാണെങ്കിൽപ്പോലും ഒരു ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേയ്ക്ക് പ്രവേശിച്ചതിനുശേഷം ആ ചോദ്യമാണ് പ്രതിപക്ഷനേതാവ് ചോദിക്കുന്നതെന്ന് എനിക്കറിയില്ലായിരുന്നു. .....(ബഹളം)..... പ്രതിപക്ഷ നേതാവ് എന്ത് ചോദ്യമാണ് ചോദിക്കുന്നതെന്ന് എനിക്കറിയില്ലല്ലോ?

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, മെമ്പർമാരെല്ലാം തുടർച്ചയായി ഒരു ചോദ്യം ചോദിച്ചപ്പോൾ ആ ചോദ്യത്തിന് ഒരു തരത്തിലുള്ള ഉത്തരവും ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഉണ്ടാകാതെ വന്നപ്പോഴാണ് ഞാൻ എഴുന്നേറ്റ് ആ പ്രശ്നം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഡെപ്യൂട്ടി സ്പീക്കർ, ആ മന്ത്രിയെ രക്ഷിക്കാൻ വേണ്ടി ഈ സ്ഥാനം ദുരുപയോഗം ചെയ്യുകയാണ്. മന്ത്രിമാർക്കുവേണ്ടി ഈ സ്ഥാനം ദുരുപയോഗം ചെയ്യുകയാണ്. ....(ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയട്ടെ. അങ്ങയോട് ബഹുമാനമുള്ള ഒരാളാണ് ഞാൻ. ചെയറിന് അങ്ങയോട് ബഹുമാനമാണ്. പക്ഷേ അങ്ങ്

ചോദിക്കാൻ പോകുന്നത് എന്താണെന്ന് അറിയില്ലായിരുന്നു. ഒരു ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേയ്ക്ക് പ്രവേശിച്ചതിനുശേഷം ആദ്യത്തെ ചോദ്യവുമായി ബന്ധപ്പെട്ട് ചോദ്യം ചോദിച്ചാൽ അനുവദിക്കാൻ നിർവ്വാഹമില്ല. പ്രതിപക്ഷ നേതാവ് എപ്പോൾ ചോദ്യം ചോദിച്ചാലും അനുവദിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, സഭയിൽ അങ്ങ് വരുന്നതിനുമുമ്പ് വന്ന ആളാണ് ഞാൻ. അത് മനസ്സിലാക്കണം. സഹപ്രവർത്തകരായ മെമ്പർമാരുടെ ചോദ്യത്തിന് ഒരുത്തരവും പറയിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് ഞാൻ ഇക്കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അതിന് ഉത്തരം പറയിക്കാൻ താങ്കൾക്ക് കഴിഞ്ഞിട്ടില്ല. നിങ്ങൾ ഈ സ്ഥാനം മന്ത്രിമാർക്കുവേണ്ടി ദുരുപയോഗം ചെയ്യരുതെന്നാണ് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നത്.

മി.ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞാൻ ബഹുമാനത്തോടുകൂടി പറയട്ടെ, അങ്ങ് ഞാൻ വരുന്നതിനുമുമ്പ് വന്നു എന്നു മാത്രമല്ല, ഈ സഭയിലെ ഏറ്റവും പ്രായമുള്ള അംഗവും കൂടിയാണ്. ആ ബഹുമാനം ഞങ്ങൾ നിലനിർത്തുന്നു. ആ ബഹുമാനത്തോടുകൂടി അങ്ങയെ കാണുകയും ചെയ്യുന്നു. പക്ഷേ നിയമസഭയുടെ നടപടിക്രമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കാൻ ചെയറിന് അധികാരമില്ല എന്നുള്ളതുകൂടി അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

## II അടിയന്തരപ്രമേയം

### നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

മി. ഡെപ്യൂട്ടി സ്പീക്കർ: ധനപ്രതിസന്ധിയുടെ പേരിൽ പൊതുകമ്പോളത്തിൽ ഇടപെടാനുള്ള നടപടികൾ വേണ്ടെന്നുവച്ചും ഭക്ഷ്യസുരക്ഷാ പദ്ധതി കടലാസ്സിലൊതുക്കിയും സപ്ലൈകോയുടെ ലാഭം വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ച് സർക്കാർ കമ്പോളത്തിൽ നിന്നും പിന്മാറിയതിനാലും അരിയും പലവ്യഞ്ജനങ്ങളും പച്ചക്കറികളുമുൾപ്പെടെ സകല അവശ്യഭക്ഷ്യവസ്തുക്കൾക്കും വില കുതിച്ചുയർന്നതുമൂലവും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി. ദിവാകരൻ, പി. ശ്രീരാമകൃഷ്ണൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനുവേണ്ടി വിപണിയിൽ ഇടപെട്ട് മാർക്കറ്റ് വിലയേക്കാൾ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത നയം സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നടത്തിവരികയാണ്. അതിൽനിന്നും പിൻവാങ്ങുന്ന യാതൊരു സാഹചര്യവും ഒരു കാരണവശാലും ഉണ്ടാവുകയില്ല. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ വിപണിവില നിയന്ത്രിക്കുന്നത് പല ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ഉപഭോക്തൃ സംസ്ഥാനത്തെ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങളിൽ 13 ഐറ്റം സബ്സിഡി ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിവരുന്നു. സബ്സിഡി ഇനത്തിലുണ്ടായ വർദ്ധനവാണ് ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയമായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്. 2007-നുശേഷം 2014-ലാണ് മിക്ക സാധനങ്ങൾക്കും വില റിവൈസ് ചെയ്തത്. ഏഴുവർഷങ്ങൾക്കുശേഷമാണ് പ്രൈസ് റിവിഷൻ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടപ്പിലാക്കിയത്. അനിവാര്യമായ വർദ്ധനവ് എന്ന നിലയിലാണ് പ്രൈസ് റിവിഷൻ കൊണ്ടുവന്നത്. ആ സന്ദർഭത്തിലും 20 ശതമാനം മുതൽ 35 ശതമാനം വരെ വിലക്കുറവ് സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ ഇപ്പോഴും പൊതുജനങ്ങൾക്ക് എത്തിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മാവേലി സ്റ്റോറിന്റെ കൂടുതൽ ഔട്ട്ലെറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലായി തുടങ്ങിയിട്ടുണ്ട്. 96 മാവേലി സ്റ്റോറുകളാണ് കഴിഞ്ഞ മൂന്നര വർഷത്തെ ഈ ഗവൺമെന്റിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങിയത്. ഇത്തരത്തിലുള്ള ഔട്ട്ലെറ്റുകൾ ആരംഭിച്ചതും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതും കൂടുതൽ വിപണിയിലേക്കെത്തുവാനും കൂടുതലായി ജനങ്ങളിലേയ്ക്ക് എത്തിച്ചേരാനും വേണ്ടിയാണ്. ഭക്ഷ്യസുരക്ഷാ പദ്ധതി, കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകുന്ന സാഹചര്യത്തിൽ തുടങ്ങുവാൻ സംസ്ഥാനം തയ്യാറാണെന്നറിയിച്ചിട്ടുണ്ട്. ചില കാര്യങ്ങൾക്കുകൂടി വ്യക്തത വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അലോട്ട്മെന്റിൽ കുറവ് വരരുത് എന്നൊരാവശ്യം സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ട്. അതോടൊപ്പം ഡോർ ഡെലിവറി നടത്താനുള്ള സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ധർമ്മ

സ്ഥാപനങ്ങൾക്കുള്ള അലോട്ട്മെന്റിന്റെ കാര്യത്തിലും വ്യക്തത ആവശ്യമാണ്. ഈ മൂന്ന് കാര്യങ്ങളാണ് ഭക്ഷ്യസുരക്ഷാ നിയമവുമായി ബന്ധപ്പെട്ടുള്ള എല്ലാ ചർച്ചകളിലും സംസ്ഥാനം ഉന്നയിച്ചിട്ടുള്ളത്. ഈ വിഷയങ്ങൾ ഇപ്പോഴും ഉന്നയിക്കുന്നുണ്ട്. ഈ കാര്യങ്ങളിലുള്ള ക്ലാരിഫിക്കേഷനുകൾക്കനുസൃതമായി ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കേരളം തയ്യാറാണെന്നുള്ളത് രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള മറുപടി കേന്ദ്രത്തിൽനിന്നും ഇതുവരെ ലഭ്യമായിട്ടില്ല. സാമ്പത്തിക പ്രതിസന്ധിമൂലം കമ്പോളത്തിലുള്ള ഇടപെടൽ ഗവൺമെന്റ് വേണ്ടെന്നുവച്ചു എന്ന നിലയിലുള്ള ആക്ഷേപങ്ങൾ ശരിയല്ല എന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, വീണ്ടും വിലക്കയറ്റത്തെക്കുറിച്ച് ഒരു അടിയന്തരപ്രമേയം കൊണ്ടുവരാനുള്ള സാഹചര്യമുണ്ടായതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. കേരളത്തിലെ സാധാരണ ജനങ്ങളുടെ ദുരിതങ്ങൾ, ദയനീയമായ അവസ്ഥ എന്നിവയാണ് ഈ അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കം. ഒരാൾ കമ്പോളത്തിൽ പോയാൽ ഇപ്പോൾ കേരളത്തിലെ സ്ഥിതി എന്താണ്; ഒരു ഹോട്ടലിൽ പോയാൽ എന്താണ് സ്ഥിതി; ഒരു ലിറ്റർ മണ്ണെണ്ണയോ ഒരു കിലോ പഞ്ചസാരയോ വാങ്ങാൻ പോയാൽ സ്ഥിതിയെന്താണ്; നഗ്നമായ, ക്രൂരമായ കൊള്ളയടിയല്ലേ ഇവിടെ നടക്കുന്നത്; ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറഞ്ഞു, ഏഴുവർഷങ്ങൾക്കുശേഷം വിലവർദ്ധനവ് നടപ്പിലാക്കി എന്നത് ഗവൺമെന്റിന്റെ തീരുമാനമാണെന്ന്. കേരളത്തിലെ ജനങ്ങൾ വിലക്കയറ്റത്തിന്റെ കെടുതി അനുഭവിക്കുമ്പോൾ അവർക്ക് സഹായഹസ്തമായി എത്തുന്ന മൂന്ന് ഏജൻസികളാണ് നമുക്കുള്ളത്. അതിൽ ഏറ്റവും പ്രമുഖമായത് പൊതുവിതരണ സമ്പ്രദായമാണ്. മണ്ണെണ്ണ, ഗോതമ്പ്, അരി, പഞ്ചസാര എന്നിവയെല്ലാം ന്യായവിലയ്ക്ക് കേരളത്തിൽ വിതരണം ചെയ്തുകൊണ്ടിരുന്നതാണ്. റേഷൻ സാധനങ്ങൾക്ക് മുഴുവൻ അകാരണമായി രണ്ടുതരത്തിൽ വില വർദ്ധിപ്പിച്ചു. ആദ്യം, കേന്ദ്രഗവൺമെന്റ് വില വർദ്ധിപ്പിച്ചു. രണ്ടാമത് സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട സബ്സിഡിയെല്ലാം നിർത്തലാക്കി. രണ്ടാമത്തെ ഏജൻസി എന്നുപറയുന്നത് സപ്ലൈകോയാണ്. എന്റെ കൈവശമിരിക്കുന്നത് ഇന്നത്തെ മനോരമ പത്രമാണ്. (പത്രം ഉയർത്തിക്കാട്ടി) ഇന്നത്തെ പത്രത്തിൽ നിങ്ങൾ വായിച്ചു കാണുമല്ലോ; എന്തിനാണ് നമുക്ക് ഈ സപ്ലൈകോ? ഇത് രാഷ്ട്രീയ ക്കാരനാണോ എഴുതിയിരിക്കുന്നത്; എറണാകുളം മഹാരാജാസ് കോളേജ്

പ്രൊഫസർ അരവിന്ദാക്ഷൻ എഴുതിയിരിക്കുകയാണ്, ഉപ്പിന്റെയും മുളകിന്റെയും മല്ലിയുടെയും ക്രമാതീതമായ വില വർദ്ധനവിനെക്കുറിച്ചാണ്. കേരളത്തിലെ ഒരു പ്രൊഫസർ, ഭക്ഷ്യധാന്യങ്ങളുടെ വിലവർദ്ധനവ് കാരണം അദ്ദേഹത്തിന്റെ കുടുംബ ബഡ്ജറ്റുമായി യോജിച്ചുപോകാൻ കഴിയുന്നില്ല, പൊരുത്തപ്പെടുന്നില്ല എന്നെഴുതി യിരിക്കുകയാണ്. അതേസമയം ഇവിടെ കൊള്ളയടിക്കുന്നതാരാണ്; കമ്പോളത്തിൽ കാശുമായി ചെന്നാൽ സാധനമില്ല. പെൻഷൻകാരുടെ ഗതിയെന്താണ്; അവരെ നിങ്ങൾ നിരായുധരാക്കി. റേഷൻ കടയിൽ ഇപ്പോൾ എന്താണ് സ്ഥിതി; ഗോതമ്പ് കിട്ടുന്നുണ്ടോ; പഞ്ചസാരയും മണ്ണെണ്ണയും ലഭിക്കുന്നുണ്ടോ; അതിനെക്കുറിച്ച് അന്വേഷിക്കാൻ ആളുണ്ടോ; രണ്ടും മൂന്നും ലിറ്റർ മണ്ണെണ്ണ കൊടുത്തുകൊണ്ടിരുന്ന സ്ഥാനത്ത് അര ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ ലഭിക്കുന്നത്. പാവങ്ങളിൽ പാവങ്ങളായ ആളുകളുടെ പ്രശ്നങ്ങളാണ് പ്രധാനമായും നിയമസഭ ചർച്ച ചെയ്യേണ്ടത്. അല്ലാതെ അബ്കാരി ലൈസൻസിനെക്കുറിച്ചോ ലൈസൻസ് ആർക്ക് കൊടുത്തു, ആരെല്ലാം കോഴ വാങ്ങി എന്നുള്ളതിനെക്കുറിച്ചോ അല്ല. ഈ രാജ്യത്തെ പട്ടിണിപ്പാവങ്ങൾ ഒരു ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടു വന്നാൽ എന്ത് സൗജന്യമാണ് അവർക്ക് കിട്ടുന്നത്; കഴിഞ്ഞ നാലു കൊല്ലമായി എന്താശ്വാസമാണ് അവർക്ക് കിട്ടിയത്? ഞങ്ങൾ അഞ്ചുകൊല്ലം ഒരേ വില നിലവാരത്തിനാണ് സാധനങ്ങൾ കൊടുത്തുകൊണ്ടിരുന്നത്. മലയാള മനോരമ പത്രത്തിൽ 1-5-2011-ന് സപ്ലൈകോ കൊടുത്തിരിക്കുന്ന വിലനിലവാരമാണിത്. (പത്ര കട്ടിംഗ് ഉയർത്തിക്കാണിച്ചു) 2011-ൽ 12.70 രൂപയായിരുന്ന ഒരു കിലോ മട്ടയരിക്ക് നാല് വർഷത്തിനുള്ളിൽ എത്രയോ മടങ്ങ് വർദ്ധിച്ച് 38 മുതൽ 40 രൂപ വരെയായിരിക്കുകയാണ്. ചമ്പാ അരിക്ക് 16 രൂപയായിരുന്നത് 24 രൂപയായി. എല്ലാ സാധനങ്ങൾക്കും വില വർദ്ധിപ്പിച്ചു. പ്രൊഫസർ പറഞ്ഞിരിക്കുന്നത്, ഇതിന്റെ ഏകദേശ ആഘാതം മനസ്സിലാക്കാൻ ചില നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കഴിഞ്ഞ നവംബർ 5-നുണ്ടായ വിലക്കയറ്റം പരിശോധിച്ചാൽ മതിയെന്നാണ്. ചെറുപയറിന് പഴയവില 55 രൂപയും പുതിയ വില 77 രൂപയും ഉഴുന്നിന് പഴയവില 42 രൂപയും പുതിയ വില 76 രൂപയുമാണ്. തുവരപ്പരിപ്പിന് പഴയവില 45 രൂപയും പുതിയ വില 67 രൂപയും അരകിലോ മല്ലിക്ക് പഴയവില 60 രൂപയും പുതിയ വില 112 രൂപയും പഞ്ചസാരയ്ക്ക് പഴയവില 25 രൂപയും പുതിയ വില 27.50 രൂപയുമാണ്. ശബരി വെളിച്ചെണ്ണ ഒരു ലിറ്ററിന് പഴയവില 125 രൂപ; പുതിയ വില 151 രൂപ. വൻപയറിന് പഴയവില 39 രൂപയും പുതിയ വില 49 രൂപയുമാണ്. ശരാശരി 52 രൂപ വീതം പല സാധനങ്ങൾക്കും വില

കൂടിയിരിക്കുകയാണ്. ഇതിനെന്ത് ന്യായീകരണമാണുള്ളത്? വിലയിൽ കുറച്ചെങ്കിലും ആശ്വാസമുണ്ടായിരുന്നത് ത്രിവേണി സ്റ്റോറിലാണ്, അവയിപ്പോൾ പ്രവർത്തന രഹിതമാണ്. അവിടെയും വിജിലൻസ് വിഭാഗം കൈകാര്യം ചെയ്തു. സപ്ലൈകോയിൽ മന്ത്രിയോ മന്ത്രിയുടെ വകുപ്പോ അറിയാതെ വിജിലൻസുകാർ റെയ്ഡ് നടത്തി. കന്നുകാലികൾക്ക് കൊടുക്കുന്ന സാധനങ്ങളാണ് അവിടെയുള്ളതെന്നാണ് വിജിലൻസുകാർ പറഞ്ഞത്. കേസെടുത്തതായി പത്രങ്ങളിലെല്ലാം വാർത്ത വന്നു. ഡി.എസ്.ഒ.-യുടെ നിയമനത്തിലും കൺസ്യൂമർ ഫോറത്തിലെ മെമ്പറുടെ നിയമനത്തിലും തുടങ്ങി അഴിമതിയുടെ കൂത്തരങ്ങാണ് അവിടെ നടക്കുന്നതെന്നും അവിടം അഴിമതിയുടെ കേന്ദ്രമാണെന്നും പറയുന്നത് ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുന്ന പത്രങ്ങളാണ്. സി.ബി.ഐ. പ്രതിപ്പട്ടികയിലുള്ളവർ ഇപ്പോൾ സപ്ലൈകോയുടെ ഹെഡ്ഡാഫീസിൽ വർക്ക് ചെയ്യുകയാണ്. ഞങ്ങളുടെ ഭരണകാലത്ത് ടെർമിനേറ്റ് ചെയ്ത ഒരാളെ തിരിച്ചെടുത്തത് ഞെട്ടിപ്പിക്കുന്ന കാര്യമല്ലേ? ഏത് ഗവൺമെന്റായാലും അഴിമതി യാരോപണവുമായി ബന്ധപ്പെട്ട് പുറത്തുപോകുന്നവരെ എന്തടിസ്ഥാനത്തിലാണ് സർവ്വീസിൽ തിരിച്ചെടുക്കുന്നത്; ബ്ലാക്ക് ലിസ്റ്റിലുള്ളവരെല്ലാം ഇ-ടെണ്ടറിലൂടെ വീണ്ടും അകത്ത് കയറിയിരിക്കുകയാണ്. പുതിയ മെത്തേഡാണ് നടപ്പിലാക്കുന്നത്. ഇത് ഗവൺമെന്റ് അറിഞ്ഞുകൊണ്ടാണോ; അറിയാതെയാണോ; എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്; നിങ്ങൾക്കെല്ലാവർക്കും ഇക്കാര്യങ്ങൾ അറിയില്ലേ, നിങ്ങളെല്ലാം ഈ രാജ്യത്തെ സമൂഹവും ജനങ്ങളുമായി ബന്ധമുള്ളവരല്ലേ; നിങ്ങൾക്കെല്ലാം കാര്യങ്ങൾ അറിയാവുന്നതല്ലേ; പത്രം വായിച്ചിട്ട് എന്ത് നടപടിയാണെടുത്തതെന്ന് ജനങ്ങൾ നിങ്ങളോട് ചോദിക്കുന്നില്ലേ; കേരളത്തിലെ ജനങ്ങൾ എങ്ങോട്ടാണ് പോകേണ്ടത്; എല്ലാവർക്കും ഇഷ്ടംപോലെ മണ്ണെണ്ണ കൊടുക്കുകയാണെന്ന് ഫിഷറീസ് വകുപ്പുമന്ത്രി ഇവിടെയൊരു പ്രഖ്യാപനം നടത്തുകയുണ്ടായി. മണ്ണെണ്ണ കൊടുക്കുന്നില്ല. തീരദേശത്തെ പാവപ്പെട്ട മത്സ്യ ത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയുന്നില്ല. പാവപ്പെട്ട ആളുകൾക്ക് സ്റ്റൗ കത്തിച്ച് ഒരു ചായ ഇടാൻപോലും മണ്ണെണ്ണയില്ല. പണ്ട് പാചകത്തിനുവേണ്ടിയും വിളക്ക് കത്തിക്കുന്നതിനും മണ്ണെണ്ണ കൊടുത്തുകൊണ്ടി രുന്നതാണ്. അതെല്ലാം കേന്ദ്രം അവസാനിപ്പിച്ചു. കേന്ദ്രസർക്കാർ പുതിയൊരു നിയമം കൊണ്ടുവരുന്നുണ്ട്. അതിനെക്കുറിച്ച് സമയക്കുറവുകാരണം പറയുന്നില്ല. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതോടുകൂടി കേരളത്തിൽ നിരവധി വർഷങ്ങളായി നടന്നുവരുന്ന പൊതു വിതരണ സമ്പ്രദായം അവസാനിക്കും. കാരണം, ക്യാഷ് പേമെന്റാണ്. ഫുഡ് ഗ്രെയ്ൻസിന് ഗ്യാരണ്ടിയില്ല. ക്യാഷ് പേമെന്റ് നടത്തേണ്ടത്

സ്റ്റേറ്റാണ്. സ്റ്റേറ്റിന് പിന്നീട് എന്നെങ്കിലും റീ-ഇംബേഴ്സ്മെന്റ് നടത്തും. ഇന്ന് റേഷൻ കാർഡുള്ളവൻ കമ്പോളത്തിൽ പോയി കമ്പോളവിലയ്ക്ക് സാധനം വാങ്ങിയശേഷം സബ്സിഡി വാങ്ങാൻ ബാങ്കിൽ പോകണം. അതിന് ബാങ്ക് അക്കൗണ്ടും പാസ്സ്ബുക്കും ആധാർ കാർഡും വേണം. എന്തിനാണ് ആളുകളെ ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നത്? ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ ആവശ്യ മില്ലെന്ന് ഒരിക്കൽ ഗവൺമെന്റ് അറിയിച്ചതാണ്. ആ നിയമം കേരളത്തിലെ പൊതുവിതരണ സമ്പ്രദായം തകർക്കാൻ വേണ്ടിയുള്ളതാണ്. വിലക്കയറ്റം ഉണ്ടാവില്ലെന്ന് ഞാൻ പറയുന്നില്ല. വിലക്കയറ്റം ഉണ്ടാകും, അത് കഴിഞ്ഞ കാലത്തും ഉണ്ടായി. വിലക്കയറ്റം ഉണ്ടായാൽ കമ്പോളത്തിൽ ഇടപെടണം. ഉത്പാദനകേന്ദ്രങ്ങളിൽ ആളുകളെ നേരത്തെ അയച്ച് സംഭരണം നടത്തി ഗോഡൗണിൽ സ്റ്റോക്ക് ചെയ്യണം. അതിന് ഉദ്യോഗസ്ഥർ വേണം. ജനങ്ങളെ കള്ളക്കച്ചവടക്കാരുടെയും കരിഞ്ചന്തക്കാരുടെയും കൊള്ളക്കാരുടെയും പൂഴ്ത്തിവയ്പ്പുകാരുടെയും കൈകളിലേയ്ക്ക് എറിഞ്ഞുകൊടുക്കുകയല്ല വേണ്ടത്. നിയമത്തിൽ പറയുന്നത്, അനാവശ്യമായി ഫുഡ് ഗ്രെയ്ൻ സ്റ്റോക്ക് ചെയ്താൽ പിടിച്ചെടുക്കാമെന്നാണ്. ഒരു കൊല്ലം മുതൽ മൂന്ന് കൊല്ലം വരെ ശിക്ഷിക്കാം. ലൈസൻസ് ഇല്ലാത്ത ഗോഡൗണിൽ സാധനങ്ങൾ സൂക്ഷിച്ചാൽ കോൺഫിസ്കേറ്റ് ചെയ്യുകയും അത് പൊതു വിതരണ സമ്പ്രദായമനുസരിച്ച് വിതരണം ചെയ്യുകയും ചെയ്യാം. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിൽ ഏതെങ്കിലും ഒരു നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്ങനെയാണ് ഇത് കൺട്രോൾ ചെയ്യുന്നത്; കേരളം ഇപ്പോൾ ഭരിക്കുന്നത് മാഫിയകളാണ്. അവർ പൊതുവിതരണ സമ്പ്രദായം മുഴുവൻ കയ്യടക്കിയിരിക്കുകയാണ്. കുടിവെള്ളത്തിനുൾപ്പെടെ നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. കുടിക്കാൻ വെള്ളമില്ല. ആളുകൾ എങ്ങനെയാണ് ജീവിക്കുന്നത്; ബസ് ചാർജ് മൂന്നുതവണ വർദ്ധിപ്പിച്ചു. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെയിരുപ്പുണ്ട്. അദ്ദേഹത്തെ തൊട്ടാൽ കറന്റടിക്കും. കാരണം സർച്ചാർജ്ജ് കൂടി കയറ്റിയിട്ടുണ്ട്. വൈദ്യുതി ചാർജും ട്രാൻസ്പോർട്ട് ചാർജും ഫീസും വർദ്ധിപ്പിച്ചു. കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നില്ല. കഴിഞ്ഞ വർഷത്തെ യൂണിഫോമാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ കൊടുത്തിരിക്കുന്നത്. ഈ വർഷത്തെ യൂണിഫോം അടുത്തവർഷം കൊടുക്കാമെന്ന് പറയുകയാണ്. അപ്പോൾ ഒരു യൂണിഫോം രണ്ട് വർഷം ഇടണം. മരുന്ന് വാങ്ങാൻ നിവൃത്തിയില്ല. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം സിവിൽ സപ്ലൈസ് വകുപ്പിന് മരുന്ന് കടകൾ റെയ്ഡ് ചെയ്ത് മരുന്നുകൾ പിടിച്ചെടുക്കാം. എന്തുകൊണ്ട് പിടിച്ചെടുക്കുന്നില്ല;

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ, പതിനൊന്ന് മിനിട്ട് കഴിഞ്ഞു. ഇന്നലെ സഭ പിരിഞ്ഞത് രാത്രി ഒൻപത് മണിക്കാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഞാൻ നിർത്തുകയാണ്. പാവങ്ങളുടെ കാര്യമാണ്. കോഴയുടെ കാര്യമല്ല പറയുന്നത്. അങ്ങ് നല്ല ജനബന്ധമുള്ള ആളല്ലേ; റേഷൻ കടകളിൽ സാധനങ്ങളില്ലെന്നും വിലക്കയറ്റമാണെന്നും അങ്ങയോടും ആളുകൾ പറയുന്നില്ലേ; പഴയ മന്ത്രിയെന്നുള്ള നിലയിൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാർ അങ്ങയെ കണ്ടാൽ വിടുമോ; വിലക്കയറ്റമെന്ന കേരളത്തിന്റെ നിലവിളിയാണ് കേൾക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് കയ്യയച്ച് സഹായിക്കണം. നിങ്ങൾ നെല്ല് സംഭരിച്ചിട്ട് കാശ് കൊടുക്കുന്നില്ല, അവരെ പറ്റിച്ചു. സബ്സിഡിയുള്ള 13 ഐറ്റം 9 എണ്ണമാക്കി, നിയമസഭയിൽ ചർച്ച ചെയ്തിട്ടാണോ അത് ചെയ്തത്; 13 ഐറ്റം ഇപ്പോഴില്ല, ഒമ്പത് ഐറ്റമാക്കി നിജപ്പെടുത്തി. എല്ലാത്തിനും വിലകൂട്ടി. സാധനങ്ങൾ ഒന്നുമില്ല. സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽ എന്തിനാണ് നിത്യോപയോഗ സാധനങ്ങളുടെ വിലകൂട്ടാൻ ഫിനാൻസ് ഡിപ്പാർട്ട്മെന്റിലുള്ളവർ ഉപദേശിച്ചത്; എല്ലാ കാലത്തും എല്ലാ മാസവും വില വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽനിന്നും ശുപാർശ വരും. ഞാൻ മന്ത്രിയായിരുന്നപ്പോഴും വന്നിട്ടുണ്ട്. ഇത്തവണ ശ്രീ. അനൂപ് ജേക്കബിന്റെ മുന്നിലും വരും. കഴിഞ്ഞ മാസത്തെ വില നിലനിർത്തിയാൽ മതിയെന്ന് പറഞ്ഞ് അതിനെ വെട്ടുകയാണ് ചെയ്തിരുന്നത്. അതിലൊരു കുഴപ്പവുമില്ല. അന്ന് 17 കോടി രൂപ നഷ്ടത്തിലായിരുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനെ 17 കോടി രൂപ ലാഭത്തിലാക്കി. പ്രതിവർഷം 75 കോടി രൂപ ടാക്സ് കൊടുത്തു. 3,000 കോടി രൂപയുടെ ടേണോവറായി. 250 കോടി രൂപയുടെ സൗജന്യം കൊടുത്തു. ജനങ്ങളുടെ വിശ്വാസം നേടിയെടുത്ത് ആ സ്ഥാപനത്തെ നല്ലതായി നടത്തി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. സി. ദിവാകരൻ:</u> സർ, യു.പി.എ. സർക്കാരിന്റെ കാലത്ത് വിലക്കയറ്റത്തിനെതിരെ പാർലമെന്റിൽ നടന്ന ചർച്ചയിൽ ബി.ജെ.പി കോൺഗ്രസ്സിനെ പ്രതിക്കൂട്ടിലാക്കിയപ്പോൾ അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം പറഞ്ഞത്, വിലക്കയറ്റം തടയാൻ എന്റെ കയ്യിൽ മാന്ത്രിക വടിയില്ലെന്നാണ്. വിലക്കയറ്റം തടയണമെങ്കിൽ നിങ്ങൾ കേരളത്തെ നോക്കണം,

കേരളത്തിൽ എങ്ങനെയാണ് വിലക്കയറ്റം തടഞ്ഞതെന്ന് നോക്കണം എന്നാണ്. അതിന് നിങ്ങൾക്ക് കഴിയാഞ്ഞിട്ടല്ല, സാമൂഹിക പ്രതിബദ്ധതയില്ലാഞ്ഞിട്ടും പാവപ്പെട്ടവരോട് താൽപ്പര്യമില്ലാഞ്ഞിട്ടുമാണ്. പാവപ്പെട്ടവരോട് താൽപ്പര്യമുള്ള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ ഇരിക്കുമ്പോൾ ഈ കൊള്ള കമ്പോളത്തിൽ നടക്കാൻ പാടില്ല. അങ്ങ് ഇടപെട്ട് കമ്പോളം നിയന്ത്രിക്കുകയും കരിഞ്ചന്തക്കാരെ അറസ്റ്റ് ചെയ്യുകയും വേണം. കുറച്ചുപേരെ അറസ്റ്റ് ചെയ്താൽ കേരളത്തിലെ വിലക്കയറ്റം തീരും. എനിക്കറിയാം, അതെന്റെ അനുഭവമാണ്. മുഖ്യമന്ത്രി ഇടപെടണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നത് ജനങ്ങളുടെ പ്രാണവായുവാണ്, ആഹാരമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ് .......... 15 മിനിട്ടായി.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. നിങ്ങൾ ആളുകളെ പീനലൈസ് ചെയ്യരുത്. നിങ്ങളെ അധികാരത്തിൽ കൊണ്ടുവന്നതിന് പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരരുത്. അവരെ വെറുതെ വിട്ടേക്കണം. പണം മുഴുവൻ നിങ്ങൾ വാങ്ങുന്നുണ്ടല്ലോ, അതിനിയും വാങ്ങിക്കോ. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): സർ, ഈ ഗവൺമെന്റ് ജനങ്ങൾക്ക് സബ്സിഡിയിനത്തിൽ 13 ഐറ്റംസ് ഇപ്പോഴും കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അവ 9 ആയി കുറച്ചിട്ടില്ല. റേഷൻ വില വർദ്ധിപ്പിച്ചു വെന്നും അരിയും ഗോതമ്പും മണ്ണെണ്ണയും കിട്ടാത്ത സ്ഥലമുണ്ടെന്നും അദ്ദേഹം പറഞ്ഞു. അരിയും ഗോതമ്പും മണ്ണെണ്ണയും കിട്ടാത്ത സ്ഥലമുണ്ടെങ്കിൽ അതെവിടെ യാണെന്നും ഏത് റേഷൻ കടയിലാണെന്നും പറയണം. അരിയും ഗോതമ്പും മണ്ണെണ്ണയും അടക്കമുള്ള സാധനങ്ങളുടെ കൃത്യമായ നിലയിലുള്ള വിതരണം ഇന്ന് നമ്മുടെ പൊതുവിതരണ സംവിധാനം വഴി കൊടുക്കുന്നുണ്ട്. ഒരു റേഷൻ ഐറ്റംസിന്റെ വിലയും വർദ്ധിപ്പിച്ചിട്ടില്ല. ഒരു രൂപയ്ക്ക് അരി കൊടുക്കുന്ന ഒരു പ്രവർത്തനശൈലിക്കാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആരംഭം കുറിച്ചത്. ഈ ഗവൺമെന്റിന്റെ ഇക്കഴിഞ്ഞ മൂന്നരവർഷത്തെ കാലയളവിനുള്ളിൽ കൂടുതൽ ആധികാരികമായി വിപണിയിൽ ഇടപെടാൻ സാധിച്ചിട്ടുണ്ട്. ചെറിയൊരു ദാഹരണം പറയാം. 2010-11-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സപ്ലൈകോവഴി 68,247 ടൺ ഐറ്റംസാണ് സബ്സിഡിയിനത്തിൽ വിതരണം

ചെയ്തത്. 2013-14 സാമ്പത്തിക വർഷത്തിൽ ഈ ഗവൺമെന്റ് മുഖാന്തിരം വിതരണം ചെയ്തത് 2,37,000 ടൺ ഭക്ഷ്യധാന്യങ്ങളാണ്. 68,247-ൽ നിന്നും 2,37,000 ടൺ ഭക്ഷ്യധാന്യങ്ങൾ സബ്സിഡി ഇനത്തിൽ ഈ ഗവൺമെന്റ് സപ്ലൈകോ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ ക്വാണ്ടിറ്റി മാർക്കറ്റിലേയ്ക്ക് എത്തിച്ചുകൊണ്ട് ജനങ്ങൾക്ക് കൂടുതൽ ആശ്വാസം പകരുന്ന സാഹചര്യമൊരുക്കാൻ ഇതുവഴി ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 311 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ കോർപ്പറേഷൻ കഴിഞ്ഞ വർഷം വഹിച്ചത്. ഈ കണക്കുവച്ചു കൊണ്ടുതന്നെ ഇക്കാര്യത്തിൽ ഗവൺമെന്റ് എത്രമാത്രം പ്രതിജ്ഞാബദ്ധമാണെന്നും ബഹുമാനപ്പെട്ട അംഗത്തിന്റെതന്നെ വാക്ക് കടമെടുത്താൽ സാമൂഹ്യ പ്രതിബദ്ധത യോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നതിന്റെയും ഏറ്റവും വലിയ ഉദാഹരണമാണിത്. വിൽപ്പന നടത്തിക്കൊണ്ടിരുന്ന 13 ഇനങ്ങളിൽ നാലെണ്ണം കുറച്ചെന്നും ഇപ്പോൾ 9 എണ്ണമെയുള്ളൂവെന്നും പറയുന്നു. കുറച്ച നാലെണ്ണം ഏതാണെന്ന് അങ്ങ് പറയണം. ഒരെണ്ണംപോലും കുറച്ചിട്ടില്ല. സബ്സിഡി ഇനത്തിലുള്ള 13 സാധനങ്ങൾ ഇപ്പോഴും ഗവൺമെന്റ് വിതരണം ചെയ്യുന്നുണ്ട്.

മനോരമ പത്രത്തിൽ ഒരു പ്രൊഫസർ എഴുതിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ആ പ്രൊഫസർ പറഞ്ഞ കണക്കുകൾ തെറ്റാണ്. 77 രൂപയ്ക്കാണ് ചെറുപയർ വിൽപ്പന നടത്തുന്നതെന്നാണ് പ്രൊഫസർ പറഞ്ഞിരി ക്കുന്നത്. എന്നാൽ ചെറുപയർ 74 രൂപയ്ക്കാണ് വിൽപ്പന നടത്തുന്നത്. വില റിവൈസ് ചെയ്തു എന്നത് ഞാൻ സമ്മതിച്ചു. 2007-നുശേഷം 7 വർഷങ്ങൾ കഴിഞ്ഞ് വില റിവൈസ് ചെയ്തു. നിങ്ങളും റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത വിലയ്ക്കുശേഷം ഉഴുന്ന് 76 രൂപയ്ക്കാണ് വിൽപ്പന നടത്തുന്നതെന്ന് പറഞ്ഞു. എന്നാൽ 66 രൂപയ്ക്കാണ് ഉഴുന്ന് വിൽപ്പന നടത്തുന്നത്. അദ്ദേഹം പറഞ്ഞിരിക്കുന്നത് വെളിച്ചെണ്ണയ്ക്ക് 151 രൂപയെന്നാണ്. 139 രൂപയ്ക്കാണ് വെളിച്ചെണ്ണ വിൽപ്പന നടത്തുന്നത്. ഫാക്ച്വലായ തെറ്റുകൾ എന്തായാലും ആ ലേഖനത്തിൽ കടന്നു കൂടിയിട്ടുണ്ട്. 20% മുതൽ 35% വരെ വിലക്കുറവിൽ തന്നെയാണ് സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും 20-22% റേഞ്ചിലുള്ള കുറവ് തന്നെയായിരുന്നു ഉണ്ടാക്കി വച്ചിരുന്നത്. അതിൽനിന്ന് ഞങ്ങൾ പിന്നോട്ടുപോയിട്ടില്ല. 20 മുതൽ 35% വരെ കുറവുണ്ട്. ഏറ്റവും പുതിയ വിലവിവരപ്പട്ടികയെടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ ബഹുമാനപ്പെട്ട അങ്ങേയ്ക്കുതന്നെ അക്കാര്യം ബോധ്യമാകുന്നതാണ്.

മണ്ണെണ്ണയുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. മണ്ണെണ്ണ കിട്ടാനില്ല. മത്സ്യമേഖലയിൽ കഴിഞ്ഞ കാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്ന മണ്ണെണ്ണയിൽ യാതൊരു കുറവും

വരുത്തിയിട്ടില്ല. 1982-83 കാലയളവ് മുതലാണ് റേഷൻ വിഹിതത്തിൽ കിട്ടുന്ന മണ്ണെണ്ണ ഫിഷറീസ് സെക്ടറിനായി മാറ്റിവച്ചുകൊണ്ടിരിക്കുന്നത്. അത് ഇന്നും അതുപോലെ തുടരുന്നു. പി.ഡി.എസ്.-ൽ അത് കൃത്യമായ നിലയിൽ കൊടുക്കുന്നുമുണ്ട്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് എന്തുകൊണ്ടാണ് ഇപ്പോൾ കുറഞ്ഞതെന്ന് ചോദിച്ചാൽ, പണ്ട് സ്റ്റൗ കത്തിക്കാൻ മണ്ണെണ്ണ ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ എൽ.പി.ജി. കണക്ഷനുണ്ട്. വൈദ്യുതി വന്നതോടെ ഇപ്പോൾ മണ്ണെണ്ണ വിളക്കിന്റെ ആവശ്യവുമില്ല. എൽ.പി.ജി. കണക്ഷൻസ് കൂടുന്നതിനനുസൃതമായി കേന്ദ്രത്തിൽനിന്നുള്ള മണ്ണെണ്ണയുടെ വിഹിതം കുറയുന്നു. അദ്ദേഹം പറഞ്ഞതിൽത്തന്നെ അതിന്റെ ഉത്തരവുമുണ്ട്. മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എല്ലാ യോഗങ്ങളിലും കേരളം ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. നമുക്ക് ലഭിക്കുന്ന വിഹിതം കുറയരുത്, ഇക്കാര്യത്തിൽ ശക്തമായ നിലയിലുള്ള സമ്മർദ്ദം സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ കൊണ്ടുവരുന്നുണ്ട്.

അരിയുടെ വിലയെ സംബന്ധിച്ച് പറഞ്ഞു. നെല്ലിന്റെ താങ്ങുവില ഇപ്പോൾ 19 രൂപയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് പ്രാവശ്യം താങ്ങുവില വർദ്ധിപ്പിച്ചു. 19 രൂപയ്ക്ക് സംഭരിക്കുന്ന നെല്ല് 22 രൂപയ്ക്കോ 25 രൂപയ്ക്കോ അരിയായി കൊടുക്കണമെന്ന് പറഞ്ഞാൽ ഏത് മാന്ത്രികവിദ്യയിലൂടെയാണെന്ന് അദ്ദേഹം പറഞ്ഞാൽ അതുപോലെ ചെയ്യാം. 19 രൂപയാണ് നെല്ലിന്റെ താങ്ങുവില. ഇങ്ങനെ സംഭരിക്കുന്ന നെല്ലിന്റെ പ്രോസ്സസിംഗും മറ്റുള്ള ചാർജ്ജുകളും കഴിഞ്ഞ് വിപണിയിലെത്തുമ്പോഴുണ്ടാകുന്ന വിലയെ നിയന്ത്രിച്ച് നിർത്തുവാൻ ഈ ഗവൺമെന്റിന്റെ കൃത്യതയോടെയുള്ള ഇടപെടലിലൂടെ കഴിയുന്നുണ്ടെന്നാണ് എനിക്ക് പറയുവാനുള്ളത്.

പരിശോധനകൾ നടത്തുന്ന കാര്യത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് പൊതുവായി പതിമൂവായിരത്തോളം പൊതു ഇൻസ്പെക്ഷൻസ്/റെയ്ഡുകൾ നടത്തി 14 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഗവൺമെന്റ് വളരെ ശക്തമായ നിലയിലാണ് പൊതുവിപണിയിൽ ഇടപെട്ട് മുന്നോട്ടു പോകുന്നത്. സി.ബി.ഐ. കേസിൽപ്പെട്ടവർ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കും. അത്തരത്തിലുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ മുൻപിൽ വന്നാൽ തീർച്ചയായും അന്വേഷിക്കും, പരിശോധിക്കും. ഡി.എസ്.ഒ.-യുടെയും കൺസ്യൂമർ ഫോറം മെമ്പർമാരുടെയും കാര്യം പറഞ്ഞു. കൺസ്യൂമർ ഫോറം മെമ്പർമാരെ കഴിഞ്ഞ കാലത്ത് എങ്ങനെ യാണോ നിയമിച്ചിരുന്നത് അതേ മാനദണ്ഡം തന്നെയാണ് ഈ ഗവൺമെന്റും സ്വീകരിച്ചിരിക്കുന്നത്. മാനദണ്ഡങ്ങൾക്ക് ഒരു വ്യത്യാസവും വരുത്തിയിട്ടില്ല.

അങ്ങ് മന്ത്രിയായിരുന്നപ്പോൾ പിരിച്ചുവിട്ട ഒരാളെ തിരിച്ചെടുത്തു എന്ന് പറഞ്ഞു. അതൊരു വ്യക്തിയുടെ കാര്യമാണ്. കോടതി ആ ഉത്തരവ് ക്യാൻസൽ

ചെയ്ത് പുനഃപരിശോധിക്കാൻ ആവശ്യപ്പെടുന്ന സാഹചര്യമാണുണ്ടായത്. ഈ ഗവൺമെന്റ് എടുത്ത തീരുമാനമല്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പിരിച്ചുവിട്ട രണ്ട് ക്വാളിറ്റി മാനേജർമാരെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും തിരിച്ചെടുത്തിട്ടുണ്ട്. ആകെ ഒരാളെ മാത്രമാണ് തിരിച്ചെടുത്തിട്ടുള്ളത്. അത് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കോട്ടയം ജില്ലയിൽ നവംബർ 10-ാം തീയതി വരെയുള്ള നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തുതീർത്തു. ആലപ്പുഴ ജില്ലയിൽ നവംബർ 5-ാം തീയതി വരെയും പാലക്കാട് ജില്ലയിൽ നവംബർ 7-ാം തീയതി വരെയുമുള്ള തുക പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. ഒരു പാടശേഖരത്തിലും നെല്ല് കെട്ടിക്കിടക്കുകയില്ല; കാരണം, നെല്ല് സംഭരണം കൃത്യസമയത്തുതന്നെ നടക്കുന്നുണ്ട്. 29-11-2014 വരെ 1,28,000 ടൺ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുകയും അതിന്റെ വിലയായി 190 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക ഉടൻതന്നെ കൊടുത്തുതീർക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഗവൺമെന്റിന്റെ നയത്തിൽനിന്ന്, അതായത് വിപണിയിൽ ഇടപെടുന്ന സാഹചര്യത്തിൽനിന്ന് പിന്നോട്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. സപ്ലൈകോ മുഖാന്തിരവും ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ മുഖാന്തിരവും പൊതുവിതരണ ശൃംഖലകളിൽക്കൂടിയും സാമൂഹിക പ്രതിബദ്ധത അറിയിച്ചുകൊണ്ട് കൂടുതൽ ശക്തമായ നിലയിലുള്ള വിപണി ഇടപെടലുകളിലേയ്ക്കു സർക്കാർ പോകും. ഈ ഡിസംബർ 10-ാം തീയതി മുതൽ ക്രിസ്തുമസ് ചന്തകൾ ജില്ലാ ആസ്ഥാനങ്ങളിൽ തുടങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

[അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു]

10.00 AM]

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് പറഞ്ഞിട്ടുള്ള വസ്തുതകളൊന്നും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചിരിക്കുകയാണ്. അരിയുടെ വില 18 മുതൽ 20 രൂപ വരെയായിരുന്നത് ഇപ്പോൾ 45-ഉം 50-ഉം

രൂപയായി വർദ്ധിച്ചിരിക്കുകയാണ്. വെളിച്ചെണ്ണയ്ക്ക് ലിറ്ററിന് 60-65 രൂപവരെ ഉണ്ടായിരുന്നത് ഇപ്പോൾ 178 രൂപയായി. അതുപോലെ പഞ്ചസാരയുടെ വില 15 രൂപയായിരുന്നത് ഇപ്പോൾ 35 രൂപയായിരിക്കുകയാണ്. പയറിന് 30 രൂപയായിരുന്നത് 80 രൂപയും പാളയൻതോടൻ പഴത്തിന് 15 രൂപയായിരുന്നത് 40 രൂപയുമായിരിക്കുകയാണ്. മത്സ്യത്തിന്റെ കാര്യമെടുത്താൽ, 10 രൂപയുണ്ടായിരുന്ന ഒരു അയലയ്ക്ക് ഇപ്പോൾ 60 രൂപയാണ് വില. പച്ചക്കറിയുടെ വിലയും വാണംപോലെ കുതിച്ചുകയറുകയാണ്. ഈ വിലക്കയറ്റം നമ്മുടെ മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പമന്ത്രിയുമൊന്നും അറിയുന്നില്ലേ; അതോ അവർക്ക് മറ്റ് നിലയിൽ പണംവരുന്നതുകൊണ്ട് ഇതൊന്നും കാര്യമായി പരിഗണിക്കാത്തതാണോ; നിങ്ങൾ വായു ഭക്ഷിച്ചാണോ കഴിയുന്നത്? സപ്ലൈകോയുടെ കാര്യം വളരെ ദയനീയമാണ്, എന്തെങ്കിലും സാധനം അവിടെ നിന്ന് കിട്ടുന്നുണ്ടോ; കൺസ്യൂമർ ഫെഡ് പൂട്ടുന്ന സ്ഥിതിയിലായില്ലേ? ഇത്തരത്തിൽ വിലക്കയറ്റംകൊണ്ട് ജനങ്ങൾ വറചട്ടിയിൽ നിന്ന് എരിതീയിലേയ്ക്ക് എറിയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് ഒരു പരിഹാരവും കാണാൻ നിങ്ങൾക്ക് കഴിയുന്നില്ല. ജനങ്ങൾക്കുണ്ടാകുന്ന വിഷമതകൾ ഓരോ കോൺസ്റ്റിറ്റ്യുവൻസിയിലും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കേട്ടും നേരിട്ടും മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിനൊന്നും പരിഹാരമുണ്ടാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. എത്ര വലിയ വില വർദ്ധനവുണ്ടായാലും അതെല്ലാം നിസ്സാരമായി കരുതാൻതക്കവണ്ണമുള്ള വൻ വരുമാനം നിങ്ങൾക്ക് മറ്റു നിലയിൽ ലഭിക്കുന്നുണ്ട്. പക്ഷെ, കേരളത്തിലെ ജനങ്ങൾക്ക് ഈ വിലക്കയറ്റം ആ തരത്തിൽ നേരിടാൻ കഴിയുന്നതല്ല. അതുകൊണ്ട് നിങ്ങളുടെ ഇത്തരത്തിലുള്ള ദുരുപദിഷ്ടിതമായ സമീപനത്തെ അതിശക്തിയായി ജനങ്ങൾ എതിർക്കുകയാണ്. ജനങ്ങളുടെ ശക്തമായ എതിർപ്പിന്റെ പ്രതിഫലനം ഈ സഭയിൽ അറിയിക്കേണ്ടത് ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ഞങ്ങളുടെ ചുമതലയാണ്. എത്രപറഞ്ഞാലും അതിനെ അനുകൂലിച്ച്, മിണ്ടാതിരിക്കുന്ന, നിർഭാഗ്യവാനായ ഒരു ഡെപ്യൂട്ടി സ്പീക്കറാണ് ഇപ്പോൾ നമുക്കുള്ളത്. ഭരണകക്ഷിയെ ഏതെല്ലാം തരത്തിൽ സഹായിക്കാൻ കഴിയുമോ അതിനെല്ലാം സഹായകരമായ നിലപാട് അദ്ദേഹം എടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കിട്ടാതെ അവർ പട്ടിണിയിലാണ്. അത്തരം കാര്യങ്ങൾ ജനപ്രതിനിധികളായ ഞങ്ങൾ ഈ സഭയിൽ ഉന്നയിച്ച് അതിന് പരിഹാരം കാണണമെന്ന് പറയുമ്പോൾ അതെല്ലാം നിങ്ങൾ അവഗണിക്കുകയാണ്. ആശാ വർക്കർമാരുടെ സ്ഥിതിയെന്താണ്; ശമ്പളം വാങ്ങി കഴിയുന്ന ആളുകൾക്ക് ഇവിടെ ജീവിക്കാൻ കഴിയുന്നുണ്ടോ? ഇത്തരത്തിലുള്ള സ്ഥിതിയുണ്ടാക്കിയ നിങ്ങളുടെ ഈ ദുർനയത്തിൽ

ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി.)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വിലക്കയറ്റത്തിനാധാരമായ വിഷയങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത് സർക്കാരാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മേഖലകളിലെല്ലാം നിരക്ക് വർദ്ധിപ്പിക്കാനും അതുവഴി എല്ലാ സാധനങ്ങളുടെയും വിലയും ജീവിത ഭാരവും വർദ്ധിപ്പിക്കാനുമുള്ള സാഹചര്യം സർക്കാരുണ്ടാക്കുകയാണ്. വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള മേഖലകളിലെല്ലാം വർദ്ധനവുണ്ടായതുവഴി ജനങ്ങളുടെ ജീവിതഭാരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് വില വർദ്ധനവിനെയും കാണാൻ കഴിയുന്നത്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി ചരക്കു-കടത്തുകൂലി വർദ്ധിക്കുമ്പോൾ സ്വാഭാവികമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനജീവിതത്തെയും അത് സാരമായി ബാധിക്കുന്നു. ചരക്ക്-കടത്തുകൂലി വർദ്ധിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായുള്ള വിലവർദ്ധനവുമുണ്ടാകുന്നു. ഇവിടെ വകുപ്പുമന്ത്രി പറയുന്നത് പൊതു മാർക്കറ്റിലേതിനേക്കാൾ കുറഞ്ഞ വിലയക്ക് സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ടെന്നാണ്. എന്നാൽ പൊതു മാർക്കറ്റിലുണ്ടായ വിലവർദ്ധനവ് തടയാനുള്ള ഇടപെടൽ നടത്തുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും ബന്ധപ്പെട്ട വകുപ്പും പരാജയപ്പെടുന്നുവെന്നത് നഗ്നമായ യാഥാർത്ഥ്യമാണ്.

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും പൊതുവിതരണ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരെ നിയന്ത്രിക്കുയും ചെയ്യുകയെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. അതുപോലെ പൊതു മാർക്കറ്റിലെ വിലക്കയറ്റം തടയാനാവശ്യമായ ഇടപെടൽ നടത്തുകയും വേണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മാർക്കറ്റിൽ എത്ര വിലക്കയറ്റമുണ്ടായാലും കുഴപ്പമില്ലെന്നാണ്. ഒരർത്ഥത്തിൽ പറഞ്ഞാൽ, സർക്കാരിന്റെ മൗനാനുവാദത്തോടുകൂടിയാണ് പൊതുമാർക്കറ്റിലെ

വിലക്കയറ്റം എന്നുവേണം കരുതാൻ. മാർക്കറ്റിൽ ഓരോ സാധനത്തിനും വൻ വിലയാണെന്നുള്ള കാര്യത്തിൽ സർക്കാരിന് യാതൊരു തർക്കവുമില്ല. വില നിയന്ത്രിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തേണ്ട ഗവൺമെന്റ് മാർക്കറ്റ് വില എത്ര വർദ്ധിച്ചാലും അതിന്റെ 20 ശതമാനം കുറച്ചുകൊടുക്കുമെന്ന് മാത്രമാണ് പറയുന്നത്. നേരെ മറിച്ച്, നിശ്ചിതവിലയ്ക്ക് സാധനങ്ങൾ കൊടുത്തുകൊണ്ട് വിലനിയന്ത്രണം നടപ്പാക്കുകയായിരുന്നു കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഏഴ് വർഷത്തിനു ശേഷമാണ് വില വർദ്ധിപ്പിച്ചതെന്നാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സാധനങ്ങൾക്ക് 50 ശതമാനം മുതൽ 100 ശതമാനം വരെ വില വർദ്ധിപ്പിച്ചത് അടുത്ത ദിവസങ്ങളിലാണ്. രണ്ട് തവണ ആവർത്തിച്ച് വില വർദ്ധനവുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും ലഭ്യമാകുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഇതിനെതിരെ വൻതോതിലുള്ള പ്രക്ഷോഭം നാട്ടിൽ ഉയർന്നുവന്നെങ്കിലും ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിൽ ഇടപെടാനോ വില നിയന്ത്രിക്കാനോ വർദ്ധിപ്പിച്ച വിലയിൽ കുറവു വരുത്താനോ ഗവൺമെന്റ് തയ്യാറായിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനേയും ബന്ധപ്പെട്ട വകുപ്പിനെയും ധനകാര്യവകുപ്പ് സഹായിക്കുന്നില്ലെന്നുള്ളത് നേരാണ്. എന്നിരുന്നാലും വിലക്കയറ്റം ക്രമാതീതമാകുമ്പോൾ ജനങ്ങളിൽനിന്നുള്ള രോഷവും പ്രതിഷേധവും വർദ്ധിച്ചുവരുന്നുവെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ. സഭയിൽ ഈ വിഷയം ചർച്ചചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, കഴിഞ്ഞ സമ്മേളനത്തിൽ വിലക്കയറ്റത്തിനെതിരെയുള്ള അടിയന്തരപ്രമേയം ഞങ്ങൾ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ജനങ്ങളുമായി ബന്ധപ്പെടുന്ന ഒരു പ്രശ്നം പ്രതിപക്ഷം ഇപ്പോഴെങ്കിലും സഭയിൽ അവതരിപ്പിച്ചല്ലോ എന്നാണ്. പക്ഷേ ദൗർഭാഗ്യവശാൽ ഇന്നലെ തുടർന്ന അതേ മൗനംതന്നെ മുഖ്യമന്ത്രി ഇന്നും തുടരുകയാണ്. ഇന്നലെ അദ്ദേഹം മൗനിയായിരുന്നതിന് രാഷ്ട്രീയ കാരണങ്ങളുണ്ട്. ഇന്ന് ജനങ്ങളുമായി

ബന്ധപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം വന്നപ്പോൾ, സാധാരണ അടിയന്തര പ്രമേയങ്ങളിൽ ഇടപെട്ട് ഗവൺമെന്റിനുവേണ്ടി സംസാരിക്കുമായിരുന്ന മുഖ്യമന്ത്രി ഇന്ന് മിണ്ടിയിട്ടില്ല. ജനജീവിതവുമായി നേരിട്ട് ബന്ധപ്പെടുന്ന ഈ പ്രശ്നത്തിൽ സർക്കാർ ഒന്നും ചെയ്യാൻ പോകുന്നില്ലായെന്ന നിസ്സംഗതയാണ് സർക്കാരിനു വേണ്ടി മുഖ്യമന്ത്രി ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിനും ഡീസലിനും പെട്രോളിനും വില കുറയുമ്പോൾ അതിന്റെ ആത്യന്തികമായ പ്രയോജനം ഉപഭോക്താവിന് കിട്ടാതെ വരുന്നത് സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടാണ്. പൊതുവിപണിയിൽ ഇടപെടാൻ ധനകാര്യ വകുപ്പുമന്ത്രി പണം അനുവദിക്കാത്ത അവസ്ഥയുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയണം. കെ.എസ്.ആർ.ടി.സി.- യിൽ പെൻഷൻ കൊടുക്കുന്നില്ലെന്നുമാത്രമല്ല, പെൻഷൻ എന്ന് കൊടുക്കുമെന്ന ചോദ്യത്തിന് ഉത്തരവുമില്ല. സംസ്ഥാന സർക്കാർ മതിയായ പണം നീക്കിവയ്ക്കാത്തതുകൊണ്ടാണോ പൊതുവിപണിയിൽ ഇടപെടാത്തത്; പൊതുവിപണിയിലെ ഇടപെടൽ സംബന്ധിച്ച് കഴിഞ്ഞ നാളുകളുമായി താരതമ്യപ്പെടുത്തി എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി കണക്ക് പറയാത്തത്? ടേണോവറിന്റെ കണക്ക് മാത്രം പറഞ്ഞാൽ പോരാ, കഴിഞ്ഞ വർഷങ്ങളിൽ സപ്ലൈകോയും മാവേലി സ്റ്റോറുമടക്കമുള്ള പൊതുവിതരണസമ്പ്രദായം വഴി പൊതുവിപണിയിൽ ഓരോ ഇനവും എത്ര കിലോവീതം വില കുറച്ചുകൊടുത്തു, അതിന്റെ അളവ് ഈ വർഷം എത്ര വീതം വർദ്ധിപ്പിച്ചു എന്നുള്ള കണക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് സഭയിൽ വയ്ക്കാൻ കഴിയുമോ? ഇവിടെ വ്യക്തമായി മനസ്സിലാകുന്നത് പൊതു വിപണിയിൽ ക്വാണ്ടിറ്റിവൈസ് ഇടപെടൽ കുറഞ്ഞുവരുന്നു എന്നുള്ളതാണ്. സപ്ലൈകോയിൽ ഇപ്പോൾ സാധനങ്ങളൊന്നുമില്ല, സാധനങ്ങളുണ്ടായിട്ട് കാര്യവുമില്ല. കാരണം, പുറത്തുള്ള വിലയേക്കാൾ കൂടിയ വിലയ്ക്കാണ് സപ്ലൈകോയിൽ സാധനങ്ങൾ കൊടുക്കുന്നത്. പിന്നെ എന്തിനാണ് സർക്കാർ സംവിധാനം പൊതുവിപണിയിൽ ഇടപെടുന്നത്? അങ്ങാടിയിൽ കിട്ടുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ കൊടുത്തുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തേണ്ട പൊതുവിതരണ സമ്പ്രദായത്തിൽ വിപണി വിലയേക്കാൾ ഉയർന്ന വിലയാണെങ്കിൽ മാർക്കറ്റിൽ ഇടപെടാൻ കഴിയുമോ? വില നിയന്ത്രിച്ച് നിർത്താനുള്ള സർക്കാർ സംവിധാനം ഇവിടെ പരാജയപ്പെട്ടിരിക്കുകയാണ്. ജനങ്ങളുടെ ജീവിതത്തെയാണ് ഗവൺമെന്റ് പന്താടുന്നത്. സാധാരണജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ല. കുറഞ്ഞപക്ഷം നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്യാനുള്ള മനസ്സെങ്കിലും കാണിക്കണമായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങളോട് നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന സർക്കാർ

നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കേരളത്തിലെ ജനങ്ങൾ വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുമ്പോൾ ആ പ്രശ്നം നിയമസഭ ചർച്ച ചെയ്യണമെന്നത് ജനകീയ ആവശ്യമാണ്. അങ്ങനെയൊരാവശ്യമാണ് സഭയുടെ മുമ്പാകെ ഇന്ന് പ്രതിപക്ഷം കൊണ്ടുവന്നിട്ടുള്ളത്. ആ പ്രമേയത്തോടുള്ള ഗവൺമെന്റിന്റെ സമീപനം ദൗർഭാഗ്യകരമായിപ്പോയിയെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഏഴുവർഷ ത്തിനുശേഷം സപ്ലൈകോ വിലനിലവാരം പരിഷ്ക്കരിച്ചുവെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിതന്നെ ഇവിടെ പറഞ്ഞു. പക്ഷേ അങ്ങനെ പരിഷ്ക്കരിക്കുമ്പോൾ ആ വില ഒരു കാരണവശാലും മാർക്കറ്റ് വിലയേക്കാൾ കൂടാൻ പാടില്ല എന്ന നിഷ്കർഷ ഗവൺമെന്റിനുണ്ടാകേണ്ടതല്ലേ; അങ്ങനെയൊരു നിഷ്കർഷ മുന്നോട്ടുവച്ചു കൊണ്ടുള്ള പരിഷ്കരണമാണ് നടത്തിയിരുന്നതെങ്കിൽ അതിനൊരു സാധൂകരണ മുണ്ടാകുമായിരുന്നു. അങ്ങനെ ചെയ്യാത്തതുകൊണ്ട് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വിലയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ഈടാക്കുന്നത്. അതിനർത്ഥം മാർക്കറ്റിൽ ഇടപെടുകയെന്ന പ്രാഥമികമായ കർത്തവ്യത്തിൽനിന്നും ഗവൺമെന്റ് സ്വമേധയാ പിന്നോട്ടുപോയി എന്നാണ്. ജനങ്ങളെ കൊള്ളയടിക്കാൻ മാർക്കറ്റിനെ അനുവദിക്കുകയെന്ന ഹീനമായ വികാരമാണ് അതിലൂടെ പ്രകടമാകുന്നത്; ആ വികാരമാണ് ഗവൺമെന്റിനെ നയിക്കുന്നത്. ജനങ്ങളെ ആരൊക്കെ, എങ്ങനെയൊക്കെ കൊള്ളയടിച്ചാലും ഗവൺമെന്റിന് അതൊന്നും പരിഹരിക്കാനുള്ള മനസ്സില്ലെന്ന് മാത്രമല്ല, ജനങ്ങൾ ദുരിതം അനുഭവിക്കുമ്പോൾ വീണ വായിക്കുന്ന മനോഭാവമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അങ്ങനെയല്ലായിരുന്നുവെങ്കിൽ മുഖ്യമന്ത്രിയെങ്കിലും ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി ക്രമാതീതമായ വിലക്കയറ്റം തടയാനുള്ള പരിഹാരമാർഗ്ഗങ്ങൾ ആരായുമായിരുന്നു. അതിനുപോലും മെനക്കെടാതെ ജനങ്ങളെ ഇത്രയേറെ ദുരിതത്തിലാഴ്ത്തുന്ന ഗവൺമെന്റിന്റെ നിസ്സംഗതാ മനോഭാവം അങ്ങേയറ്റം ദൗർഭാഗ്യകരവും അത് ചർച്ച ചെയ്യാൻ തയ്യാറല്ലെന്ന നിലപാട് അതിലേറെ കുറ്റകരവുമാണ്. അത്തരം നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും

അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

### 1. തീരദേശവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിലെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ ഏറെ ഭീതിയിലും ആശങ്കയിലുമാണ് ഇപ്പോൾ കഴിയുന്നത്. ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു എന്നുപറയുന്നതുപോലെ മത്സ്യത്തൊഴിലാളികൾ വല്ലാത്ത പ്രതിസന്ധിയിൽ നിൽക്കുകയാണ്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം പുതിയ വീട് വയ്ക്കുന്നതിനോ നിലവിലുള്ളവ പുതുക്കി പണിയുന്നതിനോ സാധ്യമാകാത്ത അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004-ൽ ആഴക്കടൽ മത്സ്യബന്ധന നയം സമഗ്രമായി പഠിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ പുനഃപരി ശോധിക്കാനുമായി നിയോഗിച്ച കേന്ദ്ര ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. മീനാകുമാരി അദ്ധ്യക്ഷയായ കമ്മിറ്റി നൽകിയ റിപ്പോർട്ടും വളരെയേറെ പ്രയാസങ്ങളുണ്ടാക്കുന്നതാണ്. പുതിയ നിയമമനുസരിച്ച് കേരളത്തിൽ 12 നോട്ടിക്കൽ മൈൽ തീരപ്രദേശം (22 മൈൽ) തീരദേശ നിയന്ത്രണ മേഖലയിലാണ്. തീരദേശത്തോടൊപ്പംതന്നെ കടലും ആഴക്കടലും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. പരമ്പരാഗതമായി കടലോരത്ത് താമസിക്കുന്ന (200 മീറ്റർ ചുറ്റളവിലുള്ള) മത്സ്യത്തൊഴിലാളിക്ക് വീടുപോലും പണിയാൻ പാടില്ലെന്നാണ് നിയമം അനുശാസിക്കുന്നത്. 2010 സെപ്റ്റംബറിൽ ഇതുസംബന്ധിച്ച കരട് വിജ്ഞാപനം പുറത്തിറങ്ങിയെങ്കിലും 2011 ജനുവരി 6-ന് അന്തിമ വിജ്ഞാപനം പുറത്തിറങ്ങു ന്നതുവരെ സംസ്ഥാനം എതിരഭിപ്രായം രേഖപ്പെടുത്താതെ പോയത് ഖേദകരമാണ്. CRZ 1-ലെ പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ ഇതേ തീരപ്രദേശത്തെ CRZ 2-ൽപ്പെട്ട മുനിസിപ്പൽ പട്ടണപ്രദേശങ്ങളിൽ ഇത് ബാധകമല്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുമ്പോൾ 200 മീറ്റർ എന്നത് 50 മീറ്ററെങ്കിലുമാക്കി കുറയ്ക്കാനും മൊത്തം വസ്തുവിന്റെ മൂന്നിലൊരു ഭാഗത്തുമാത്രമേ തറ നിർമ്മിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥ ഭേദഗതി ചെയ്യാനും തീരദേശ നിയന്ത്രണംമൂലം

വീടുവയ്ക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് അതേ തീരത്തുതന്നെ വീട് വയ്ക്കാനുമുള്ള സംവിധാനമാണ് സർക്കാർ ഒരുക്കേണ്ടത്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ചുകൊണ്ട് തീരദേശവാസികളുടെ ആശങ്കയകറ്റണം.

കടലിൽ 200 നോട്ടിക്കൽ മൈൽവരെ, ഇന്ത്യൻ സമുദ്രത്തിൽ 200 മീറ്റർവരെ ആഴത്തിൽ മത്സ്യബന്ധനം സർവ്വസാധാരണമാണ്. എന്നാൽ 500 മീറ്ററിനപ്പുറംവരെ ആഴക്കടൽ മേഖലയിൽ ചൂഷണം ചെയ്യാത്ത മത്സ്യസമ്പത്തുണ്ട്. ഈ മത്സ്യവിഭവശേഷിയെ ചൂഷണം ചെയ്യാൻ വിദേശ കപ്പലുകൾക്ക് അനുമതി നൽകാനുള്ള നീക്കം പ്രതിഷേധാർഹമാണ്. വിദേശ കപ്പലുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് ലൈസൻസ് നൽകരുതെന്ന് 1996-ലെ മുരാരി കമ്മിറ്റി നിഷ്കർഷിച്ച കാര്യം വിസ്മരിക്കരുത്. വിദേശ കപ്പലുകളുടെ മത്സ്യബന്ധനംമൂലം തീരക്കടലിലെ മത്സ്യസമ്പത്ത് ദുർബലമാകുകയും തീരദേശനിയമം മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് കടുത്ത ഭീഷണിയാകുകയും ചെയ്യുകയാണ്. 400 ലക്ഷം മത്സ്യത്തൊഴിലാളികൾ ആഴക്കടൽ മത്സ്യബന്ധനംമൂലം മാറ്റിനിർത്തപ്പെടുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ തീരപ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്കുണ്ടായ ഭീതിയകറ്റാൻ തീരദേശ നിയന്ത്രണ നിയമം കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കാത്തവിധം നിയമനിർമ്മാണം നടത്താനും ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ആശങ്കകൾ ദൂരീകരിക്കാനും കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെടുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. പി. മുഹമ്മദ്]

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച പ്രശ്നം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ 550 കി. മീറ്ററിലധികം ദൂരം തീരപ്രദേശമുണ്ട്. തീരപ്രദേശത്ത് ജനസാന്ദ്രത കൂടുതലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു പ്രത്യേക വിഭാഗമെന്നത് തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളും പരമ്പരാഗതമായി അവിടെ താമസിക്കുന്നവരുമാണ്. അവർക്ക് അടിസ്ഥാനസൗകര്യങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. തീരദേശ പരിപാലന ചട്ടങ്ങളിൽ (CRZ Notification) മാറ്റങ്ങൾ വരുത്തി

യിരിക്കുകയാണ്. തീരദേശപരിപാലന നിയമം വന്നത് 19-2-1991-ലാണ്. 6-1-2011-ൽ അത് പരിഷ്കരിച്ചു. ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ കൊച്ചുവീടുകൾ പോലും പുതുക്കിപ്പണിയാനോ ഒരു മുറി അധികമായി പണിയാനോ സാധിക്കാത്ത സ്ഥിതിയാണ്. കസ്തൂരിരംഗൻ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുകൾ സംസ്ഥാനത്ത് വലിയ കോളിളക്കമുണ്ടാക്കിയവയാണ്. അവയൊന്നും ഇതുവരെ നടപ്പിലാക്കി യിട്ടില്ല; പക്ഷെ നടപ്പിലാക്കുമോ എന്ന ഭയത്തിലാണ് പ്രശ്നങ്ങളുണ്ടായത്. സംസ്ഥാന ഗവൺമെന്റ് അക്കാര്യത്തിൽ ശക്തമായി ഇടപെട്ടതിന്റെ ഫലമായി ചില മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ വരികയുണ്ടായി. ഫൈനൽ നോട്ടിഫിക്കേഷൻകൂടി വന്നാൽ കിഴക്കൻ മേഖലയിലെ ഭീതി മാറ്റിയെടുക്കാൻ സാധിക്കും. പക്ഷെ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച CRZ -ന്റെ പ്രശ്നങ്ങൾ ഭീതിയല്ല, അതിവിടെ നടപ്പിലായിക്കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നിലപാട് എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി വരുത്തേണ്ട മാറ്റങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നിവേദനം ആദ്യം കേന്ദ്ര പരിസ്ഥിതി വകുപ്പിന് നൽകുകയും അതിനുശേഷം പ്രധാനമന്ത്രിയെ ഞാൻ നേരിട്ടുകണ്ട് കേരളത്തിന്റെ ആശങ്ക അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി പ്രത്യേക താല്പര്യമെടുത്ത് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ആ കമ്മിറ്റി കേരളത്തിൽ വന്നപ്പോൾ മന്ത്രിസഭയിലെ എല്ലാ അംഗങ്ങളും ചേർന്ന് വേണ്ട കാര്യങ്ങളെക്കുറിച്ച് അവരോട് സംസാരിച്ചിട്ടുമുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രാധാന്യം പൂർണ്ണമായും കമ്മിറ്റിയെ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് വിജയിച്ചു. കമ്മിറ്റി വളരെ പോസിറ്റീവായിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു എന്നാണ് മനസ്സിലാക്കുന്നത്. നിശ്ചയമായും കേരളത്തിന്റെ ആശങ്കയ്ക്ക് പരിഹാരമാകുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ പൂർണ്ണ വിശ്വാസം. മത്സ്യത്തൊഴിലാളികളുടെയും പരമ്പരാഗതമായി അവിടെ താമസിക്കുന്നവരുടെയും വീടിന്റെയും ജീവനോപാധിയുടെയും കാര്യത്തിൽ സർക്കാർ ഒരു കോംപ്രമൈസിനുമില്ല. ടൂറിസം വികസനവുമായി ബന്ധപ്പെട്ട ആവശ്യ ങ്ങളുമുണ്ട്. അക്കാര്യം പരിസ്ഥിതി പ്രശ്നങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കട്ടെ. പക്ഷേ, പരമ്പരാഗതമായി അവിടെ താമസിക്കുന്നവരുടെ കാര്യത്തിൽ നമുക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ടാകണമെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. അക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ശക്തമായ നിലപാട് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഈ

വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട് തികച്ചും തൃപ്തികരമാണ്. അതുസംബന്ധിച്ച് എത്രയുംവേഗം തീരുമാനമെടുക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മറ്റൊരു പ്രശ്നം, വിദേശകപ്പലുകൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഡോ. മീനാകുമാരി അധ്യക്ഷയായ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ചാണ്. അതുസംബന്ധിച്ച ഒരു സബ്മിഷൻ ഇന്ന് സഭയിൽ വരുന്നുണ്ട്. ആ വിഷയത്തെക്കുറിച്ച് ഫിഷറീസ് വകുപ്പുമന്ത്രി മറുപടി പറയുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് തുടർന്നും പ്രവർത്തിക്കുമെന്ന് സഭയ്ക്ക് ഉറപ്പു നൽകുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഫിഷറീസ് വകുപ്പുമന്ത്രി മറുപടി പറയുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽത്തന്നെയും ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെടേണ്ട ഒരു വിഷയമാണത്. കാരണം, കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അഞ്ഞൂറ് മീറ്ററിനപ്പുറത്ത് മത്സ്യബന്ധനം നടത്താൻ വിദേശ കപ്പലുകൾക്ക് അനുമതി നൽകുന്നതിനുള്ള തീരുമാനം വളരെയധികം ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. മാത്രമല്ല, ആ കമ്മിറ്റി റിപ്പോർട്ടിൽത്തന്നെ പറയുന്നത് നമ്മുടെ തീരത്തുതന്നെ 4500-ലധികം ചെറുകിട ട്രോളർ ബോട്ടുകൾ ഇരുപത് മീറ്ററിനുതാഴെ മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുകയാണെന്നാണ്. ഈ റിപ്പോർട്ടിൽ പറയുന്ന മറ്റൊരു കാര്യം മാർത്താണ്ഡം, കുളച്ചൽ തുടങ്ങിയ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ ഒമാൻവരെ മത്സ്യബന്ധനത്തിന് പോകുന്നുണ്ട് എന്നാണ്. നമ്മുടെ മത്സ്യത്തൊഴിലാളികൾ ഈ രംഗത്ത് ഏറെ പരിചയമുള്ളവരാണ്. അതിനാൽ, സഹകരണ സംഘങ്ങളുണ്ടാക്കി, പരിചയസമ്പന്നരായ നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകി ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകാവുന്നവിധം കേരളത്തിന്റെ കാര്യത്തിൽ ഒരു പരിശോധന ആവശ്യമാണെന്നുള്ള കാര്യം കേന്ദ്രത്തെ ധരിപ്പിക്കുമോ എന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം വളരെ പ്രധാന്യമുള്ളതാണ്. ഇന്നത്തെ അജണ്ട പ്രകാരമുള്ള സബ്മിഷന് ഫിഷറീസ് വകുപ്പുമന്ത്രി മറുപടി പറയുമെന്നുള്ളതിനാലാണ് ഞാൻ പറയാത്തത്. ഈ വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. ഇക്കാര്യത്തിൽ

നിശ്ചയമായും മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. വിദേശകപ്പലുകൾ നമ്മുടെ ഏരിയയിലേയ്ക്ക് പരിധി കടന്നുവരുന്നത് ഒരിക്കലും യോജിക്കാൻ കഴിയുന്ന കാര്യമില്ല. ഫിഷറീസ് വകുപ്പുമന്ത്രി അതുസംബന്ധിച്ച് വിശദമായ മറുപടി ഇവിടെ പറയും.

## 2. ഇടക്കാലാശ്വാസം

ശ്രീ. സി. ദിവാകരൻ : സർ, അങ്ങയുടെ കീഴിൽ പ്രവർത്തിക്കുന്ന അഞ്ചു ലക്ഷത്തിൽപ്പരം വരുന്ന ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രശ്നത്തിലേയ്ക്കാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. അഞ്ചു വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണമെന്നുള്ളത് കാലാകാലങ്ങളായി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥയാണ്. അത് ലംഘിക്കുന്ന തരത്തിലേയ്ക്കാണ് ഇപ്പോൾ സംഭവഗതികൾ മാറുന്നത്. സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കേണ്ടിയിരുന്നത് 2014 ജൂലൈ മാസത്തിലാണ്. കുടിശ്ശിക വന്നിട്ട് ഇപ്പോൾ ആറുമാസമാകുന്നു. ശമ്പള കമ്മീഷനെ നിയമിച്ചെങ്കിലും പ്രാഥമിക റിപ്പോർട്ടുപോലും ഗവൺമെന്റിന് കൊടുക്കാതെ ശമ്പള കമ്മീഷൻ പ്രവർത്തനരഹിതമാകുകയും ഇപ്പോൾ കമ്മീഷന്റെ കാലാവധി ആറ് മാസത്തേയ്ക്കു കൂടി നീട്ടിയിരിക്കുകയുമാണ്. ഇനി ആറുമാസം കഴിഞ്ഞതിനുശേഷം ശമ്പള കമ്മീഷൻ റിപ്പോർട്ട് നൽകി, അനോമലിയുണ്ടെങ്കിൽ സർക്കാർ അത് പരിശോധിച്ച് വരുമ്പോഴേയ്ക്കും ശമ്പളപരിഷ്ക്കരണം എന്നുപറയുന്നത് ഒരു മരീചികയായി മാറിക്കഴിയും. സാമ്പത്തിക പ്രതിസന്ധിയില്ല എന്നാണ് ഇന്ന് നിയമസഭയിൽ ഏകകണ്ഠമായി ഭരണകക്ഷിയിലുള്ളവർ പറഞ്ഞത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞത് അങ്ങനെയൊരു സംഭവമേയില്ല എന്നാണ്. സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽ സ്വന്തം ജീവനക്കാർക്ക് എന്തുകൊണ്ട് ശമ്പളപരിഷ്ക്കരണത്തിൽ ഇങ്ങനെ കുടിശ്ശിക വരുന്നു? ആറുമാസമായിട്ടും യാതൊരനക്കവുമില്ല. ശമ്പളകമ്മീഷന്റെ കാലാവധി നീട്ടുന്നതോടെ വീണ്ടും ആറുമാസം കൂടി കാത്തിരിക്കണം. അതുകഴിഞ്ഞാലും എപ്പോൾ നടക്കുമെന്ന് യാതൊരു നിശ്ചയവുമില്ല. കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യം എന്താണ്? രാഷ്ട്രീയലക്ഷ്യമാണോ സാമ്പത്തിക ക്ലേശമാണോ എന്ന കാര്യം ഗവൺമെന്റ് വ്യക്തമാക്കണം. ശമ്പളപരിഷ്ക്കരണത്തിനുവേണ്ടി സർക്കാർ ജീവനക്കാർ ഇപ്പോൾ സമരത്തിന്റെ പാതയിലാണ്. അവരെ കൂടുതൽ പീഡിപ്പിക്കാതെ അവർക്ക് അർഹമായ ആനുകൂല്യങ്ങൾ താമസം കൂടാതെ കൊടുക്കണം. ശമ്പളകമ്മീഷന്റെ കാലാവധി

ആറുമാസംകൂടി നീണ്ടുപോകുന്നതുകൊണ്ട് ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കണം. അവരുടെ ഈ ആവശ്യത്തിന്മേൽ ഗവൺമെന്റ് നൽകിയ ഒരു മറുപടി ഞാനിവിടെ വായിക്കാം. "സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിലവിലുള്ള ശമ്പള പരിഷ്കരണം കഴിഞ്ഞ് പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോഴാണ് ഇടക്കാലാശ്വാസം അനുവദിക്കുന്നത്. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്." എന്ന രീതിയിൽ ഒരു മറുപടി കൊടുത്തിട്ടുണ്ട്. ഇപ്പോൾത്തന്നെ കാലതാമസമുണ്ടായി. കാലതാമസം ഇനിയും ഉണ്ടാകുകയാണ്. ഞാൻ രാവിലെ വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞത് സർക്കാർ ജീവനക്കാർക്കും ബാധകമാണ്. കമ്പോളത്തിൽ എല്ലാ സാധനങ്ങൾക്കും തീവിലയാവുകയും ജീവിത സാഹചര്യങ്ങൾ വല്ലാതെ മാറുകയും ജീവിതഭാരവും പ്രാരാബ്ധവും കൂടുകയും നികുതി ധാരാളം വരികയും ചെയ്തു. ഇതെല്ലാം സർക്കാർ ജീവനക്കാരെ വേട്ടയാടുന്ന വിഷയങ്ങളാണ്. അങ്ങനെ വരുമ്പോൾ കുടുംബ ബഡ്ജറ്റ് താറുമാറായിപ്പോകും. ജീവിക്കാൻവേണ്ടി അവർ അഴിമതിക്ക് പ്രേരിപ്പിക്കപ്പെടുകയാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണമെന്ന ആനുകൂല്യം യഥാസമയം കൊടുക്കാതെ വന്നാൽ അവർക്ക് ജീവിക്കാൻ വേറെ വഴി നോക്കേണ്ടിവരും. സർക്കാർ ജീവനക്കാർ അഴിമതിയിലേയ്ക്ക് പൊയ്ക്കൊള്ളൂ എന്നുള്ളതാണോ കേരളത്തിലെ ഗവൺമെന്റിന്റെ നയം? അല്ലെങ്കിൽ അവർ എങ്ങനെ ജീവിക്കുന്നു എന്ന് ഗവൺമെന്റ് മനസ്സിലാക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. ഞങ്ങൾ മറ്റാർക്കും വേണ്ടിയല്ല വാദിക്കുന്നത്. ഗവൺമെന്റ് ജീവനക്കാർക്കും അദ്ധ്യാപകർക്കുംവേണ്ടിയാണ്. ഗവൺമെന്റ് ഇപ്പോൾ ഞങ്ങളുടേതല്ല, നിങ്ങളുടെതാണ്. നിങ്ങൾക്കുവേണ്ടി സർവ്വീസ് നടത്തുന്നവരുടെ ശമ്പള പരിഷ്കരണം നടത്താതെ ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതിലുള്ള ഉദ്ദേശ്യം എന്താണ്? ഇവിടെ നടക്കുന്ന മറ്റ് അഴിമതികളെപ്പോലെ നിങ്ങളും ചെറിയ തോതിൽ അഴിമതി ചെയ്താലും കുഴപ്പമില്ല, എന്നാലും അർഹമായ കാശ് തരില്ല എന്നുപറയുന്നതുപോലെയാണ്. അത് ശരിയല്ല, കാടത്തമാണ്, അപരിഷ്കൃതമാണ്, ഇതൊരു ജനാധിപത്യഗവൺമെന്റിന് ഭൂഷണമല്ല. സാമ്പത്തിക പ്രതിസന്ധി യൊന്നും ഇവിടെയില്ലെന്ന് ധനകാര്യവകുപ്പുമന്ത്രി സഭയിൽ പറഞ്ഞിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം കൊടുക്കുന്നത് കാരുണ്യപൂർവ്വം പരിഗണിക്കണമെന്ന് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഗവൺമെന്റ് ജീവനക്കാരേയും അദ്ധ്യാപകരേയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനമാണ് ഈ ഗവൺമെന്റ്

എല്ലാക്കാലത്തും സ്വീകരിച്ചിട്ടുള്ളത്. ഇന്ന് അവർക്ക് ഡി.എ. കുടിശ്ശികയൊന്നുമില്ല. സാമ്പത്തിക പ്രതിസന്ധിയില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, അതുതന്നെയാണ് ഇന്നത്തെ സ്ഥിതി. നമുക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ആ ബുദ്ധിമുട്ട് എന്തുകൊണ്ട് വന്നതാണ്; ഞങ്ങൾ ചെലവാക്കാനുദ്ദേശിച്ചതിനേക്കാൾ കൂടുതൽ തുക വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നു. ഞങ്ങൾ ഇതുവരെ ചെലവഴിച്ചിട്ടില്ലാത്ത വിധത്തിലുള്ള തുക സാധാരണക്കാരെയും പാവപ്പെട്ടവരെയും സഹായിക്കാൻ വേണ്ടി വിനിയോഗിക്കുന്നു. ആരോഗ്യരംഗത്ത് ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. ഇങ്ങനെ പല മേഖലകളിലും ഗവൺമെന്റ് കൂടുതൽ ചെലവ് ചെയ്തു. അതുകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്; എന്നാൽ പ്രതിസന്ധിയില്ല. ജീവനക്കാരുടെ കാര്യത്തിൽ ഈ ബുദ്ധിമുട്ടുള്ള അവസരത്തിലും ഞങ്ങൾ യഥാസമയം ഡി.എ. കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സി. ദിവാകരൻ പറഞ്ഞതുപോലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി സമയത്തിനുതന്നെ കമ്മീഷനെ നിയമിച്ചു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കമ്മീഷന്റെ പ്രവർത്തനം അവസാനഘട്ടത്തിൽ എത്തിയിരിക്കുകയാണ്. അഞ്ചു വർഷത്തിലൊരിക്കലാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത്. അഞ്ചു വർഷത്തെ നില വച്ചുനോക്കിയാൽ 1-7-2014-ലാണ് പുതിയ ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടത്. ആ പരിധി കഴിഞ്ഞിട്ട് അഞ്ചുമാസം കഴിഞ്ഞതേയുള്ളൂ. അതായത് ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട സമയം കഴിഞ്ഞിട്ട് അഞ്ചുമാസം കഴിഞ്ഞു. അക്കാര്യം ഞങ്ങൾക്കറിയാം. അതുകൊണ്ട് ഞങ്ങൾ ആ നടപടികൾ വേഗത്തിലാക്കുകയാണ്. പക്ഷെ, അങ്ങ് ഞങ്ങൾക്കുനേരെ വിരൽ ചൂണ്ടിയപ്പോൾ ഒരു കാര്യം ബോധപൂർവ്വം മറന്നു, നിങ്ങളുടെ ഗവൺമെന്റ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് 19 മാസം കഴിഞ്ഞിട്ടാണ്. നിങ്ങൾ 19 മാസം കഴിഞ്ഞാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. അതുകൊണ്ട് ഞങ്ങൾക്കും 19 മാസത്തെ സമയമുണ്ടെന്ന് ഞാൻ പറയില്ല. അത് ഞങ്ങളുടെ സമീപനമല്ല. പക്ഷെ അഞ്ചുമാസം കഴിഞ്ഞെന്ന് പറഞ്ഞ് കുറ്റപ്പെടുത്തുമ്പോൾ, 1-7-2009-ൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണം 2011 ഫെബ്രുവരി മാസത്തിൽ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപാണ് നിങ്ങൾ നടപ്പിലാക്കിയതെന്ന കാര്യം വിസ്മരിക്കരുത്. അതിനെക്കുറിച്ച് അങ്ങ് പറഞ്ഞില്ല. കേരളത്തിൽ ഇതുസംബന്ധിച്ചുള്ള ധാരാളം precedents ഉണ്ട്.

തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ വന്നത് 2011 മാർച്ച് മാസം 1-ാം തീയതിയാണ്. അതിന് ഏതാനും ദിവസങ്ങൾക്കുമുമ്പുമാത്രമാണ്, 19 മാസം കഴിഞ്ഞിട്ടാണ് നോട്ടിഫിക്കേഷൻ ഇറക്കിയത്. ഒരു കാര്യം ഞാൻ പറയാം, ശമ്പള പരിഷ്കരണത്തിന് നിങ്ങളെടുത്ത അത്രയും സമയം ഞങ്ങൾ എടുക്കില്ല. ശമ്പളകമ്മീഷനെ സമയത്തു തന്നെ നിയമിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലെത്തിയിരിക്കുകയുമാണ്. എത്രയുംവേഗം റിപ്പോർട്ട് വാങ്ങി എത്രയും പെട്ടെന്ന് ശമ്പള പരിഷ്കരണ തീരുമാനം നടപ്പിലാക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. 19 മാസം വൈകിയിട്ടും ഇടക്കാലാശ്വാസം കൊടുക്കാത്തവരാണ് 7 മാസം കഴിഞ്ഞപ്പോൾ ഇടക്കാലാശ്വാസം കൊടുക്കണമെന്നാവശ്യപ്പെടുന്നത്. അതുകൂടി അങ്ങ് മനസ്സിലാക്കണം. ഏതായിരുന്നാലും ഏറ്റവും വേഗം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, അങ്ങ് എല്ലാ കാര്യങ്ങളും നന്നായി ഓർമ്മിക്കുന്ന ഒരാളാണ്. പക്ഷെ അങ്ങ് മറന്നുപോയ ഒരു കാര്യമുണ്ട്, എന്നെ ഓർമ്മപ്പെടുത്തിയതുപോലെ, അതിനുമുമ്പുണ്ടായിരുന്ന ഗവൺമെന്റ് നടപ്പിലാക്കാതെ പോയ എട്ടാം ശമ്പളപരിഷ്കരണവും അതിന്റെ അടുത്ത ശമ്പളപരിഷ്കരണവുമുൾപ്പെടെ രണ്ട് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടാണ് ഞങ്ങൾ അധികാരത്തിൽ നിന്ന് പോയത്. അതിൽ 19 മാസം ഒരു പ്രശ്നമല്ല. യു.ഡി.എഫ്.-ന്റെ കാലത്ത് ശമ്പളപരിഷ്കരണം നടപ്പിലാക്കിയില്ല, ആ ബാധ്യത ഞങ്ങൾ ഏറ്റെടുത്തു. രണ്ടാമത്തെ ശമ്പള പരിഷ്കരണവും നടപ്പിലാക്കി. 19 മാസം താമസിച്ചു എന്നുള്ളത് രേഖയല്ലേ, അത് ഞാൻ നിഷേധിക്കുന്നില്ല. ഏത് കാര്യം പറഞ്ഞാലും നാലു കൊല്ലമായി, എൽ.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെ നടന്നു, എന്നൊക്കെയാണ് അങ്ങ് സ്ഥിരമായി പറയുന്നത്. അങ്ങനെയൊന്നും ന്യായീകരിക്കരുത്. സർക്കാർ ജീവനക്കാരല്ലേ; അവരെ ഇത്തരത്തിൽ പന്താടാമോ? അങ്ങ് ഇവിടെ പറഞ്ഞു വികസന പ്രവർത്തനങ്ങൾ ഒരുപാട് ചെയ്തുവെന്ന്. അത് നല്ല കാര്യം. അതിന് സർക്കാർ ജീവനക്കാരെ ഇങ്ങനെ penalize ചെയ്യുന്നത് എന്തിനാണ്; അവരെ എന്തിനാണ് ശിക്ഷിക്കുന്നത്? കെ.എസ്.ആർ.ടി.സി. ജീവനക്കാർ എന്ത് പാപം ചെയ്തു; ഞങ്ങളുടെ ഭരണകാലത്ത് പെൻഷൻ ലഭിക്കാതെ കെ.എസ്.ആർ.ടി.സി. ജീവനക്കാർ ഇത്തരത്തിൽ നിലവിളിച്ചിട്ടുണ്ടോ; അതുകൊണ്ട് ഞങ്ങൾ ചെയ്ത നല്ല കാര്യങ്ങൾകൂടി അങ്ങ് പറയണം. കുറച്ചുദിവസം താമസിച്ചുവെന്നുള്ളത് ശരിയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. സി. ദിവാകരൻ, ചോദ്യം പറഞ്ഞില്ല.

ശ്രീ. സി. ദിവാകരൻ: സർ, ചോദ്യം ഇതുതന്നെയാണ്. ഞങ്ങളുടെ കാലത്ത് പാവപ്പെട്ട ജീവനക്കാർക്കും തൊഴിലാളികൾക്കുമെല്ലാം കൃത്യമായി ആനുകൂല്യങ്ങൾ കൊടുത്തിരുന്നു. കുടിശ്ശിക വരുത്തിയിരുന്നില്ല. ഡി.എ. പൂർണ്ണമായും കൊടുത്തു. ശമ്പളപരിഷ്കരണത്തെക്കുറിച്ച് ചോദിക്കുമ്പോൾ ഡി.എ. കൊടുത്തു എന്നു പറഞ്ഞാൽ എന്താണ് കാര്യം. ശമ്പളപരിഷ്കരണമാണ് ആവശ്യം. അങ്ങ് പറയുന്നത് ആറുമാസത്തേയ്ക്ക് ശമ്പളക്കമ്മീഷനെ വീണ്ടും എക്സ്റ്റന്റ് ചെയ്തു എന്നാണ്. കമ്മീഷൻ റിപ്പോർട്ട് വരുമ്പോഴേയ്ക്കും ഒരു കൊല്ലമാകും. അതുകൊണ്ടാണ് ഇടക്കാലാശ്വാസത്തെക്കുറിച്ച് ഒരു പ്രഖ്യാപനം നടത്തണമെന്ന് ഞങ്ങൾ പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ പറഞ്ഞുകഴിഞ്ഞു. ഏറ്റവും വേഗത്തിൽ ത്തന്നെ അത് നടപ്പിലാക്കും. ഒരു കാരണവശാലും ജീവനക്കാരുടെ ആവശ്യങ്ങൾ ഗവൺമെന്റ് തള്ളിക്കളയുകയില്ല, കഴിഞ്ഞ ഗവൺമെന്റിന്റെ ശമ്പളപരിഷ്കരണം എൽ.ഡി.എഫ്. ആണ് നടപ്പിലാക്കിയതെന്ന് പറയുകയാണെങ്കിൽ, ആ അർത്ഥത്തിൽ നിങ്ങളുടെ ശമ്പളപരിഷ്കരണവും ഈ ഗവൺമെന്റാണ് നടപ്പിലാക്കിയത്. 2011 ഫെബ്രുവരിയിലെ ശമ്പളത്തിലാണ് നിങ്ങൾ കൊടുക്കാൻ തുടങ്ങിയത്. മാർച്ച് 1-ന് ഇലക്ഷൻ പ്രഖ്യാപിച്ചു. അപ്പോൾ അതുകഴിഞ്ഞുവന്ന ഞങ്ങളുടെ ഗവൺമെന്റാണ് അതിന്റെ മുഴുവൻ ബാധ്യതയുമെടുത്ത് കുറവുകളൊക്കെ നികത്തി നടപ്പിലാക്കിയത്. ഏതായിരുന്നാലും ജീവനക്കാരുടെ കാര്യത്തിൽ കഴിഞ്ഞ മൂന്നരക്കൊല്ലവും ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനമുണ്ട്. അവരുടെ ഒരു പേമെന്റും അനാവശ്യമായി വച്ചുതാമസിപ്പിക്കില്ല. ജീവനക്കാരെക്കൂടി വിശ്വാസ ത്തിലെടുത്തുകൊണ്ടു തന്നെയാണ് എല്ലാ കാര്യങ്ങളിലും ഈ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. ഭാവിയിലും അങ്ങനെതന്നെയായിരിക്കും. ശമ്പള പരിഷ്കരണത്തിന്റെ കാര്യത്തിലും ആ സമീപനം തന്നെ സ്വീകരിക്കും.

# IV ക്രമപ്രശ്നം

## ഒരേ വിഷയം ആവർത്തിച്ച് ഉന്നയിക്കപ്പെടുന്നതു സംബന്ധിച്ച്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. 304(2) പ്രകാരം സബ്മിഷൻസിനെക്കുറിച്ച് പറയുന്നത്, It shall not relate to a matter which has been discussed in the same session or which is substantially to the matter already raised by a member under this rule

during the session; ഇന്നലെ അടിയന്തരപ്രമേയം കൊണ്ടുവന്നതും ഇതേ വിഷയം തന്നെയാണ്. ഇന്നലെ കൊണ്ടുവന്ന അതേ വിഷയംതന്നെ ചട്ടങ്ങൾക്ക് വിരുദ്ധമായി കൊണ്ടുവരികയാണ്. പ്രതിപക്ഷ നേതാവിനോട് ബഹുമാനമുണ്ട്. എന്നിരുന്നാലും ഇതൊരു കീഴ്വഴക്കമാകാൻ പാടില്ല. ഇന്നലെ അടിയന്തരപ്രമേയമായി വന്ന വിഷയം ഇന്ന് സബ്മിഷനായി കൊണ്ടുവരുന്നത് കീഴ്വഴക്കങ്ങൾക്ക് ചേർന്നതല്ല. ഇത് റൂളിനെതിരാണ്. ..........(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് ശരിയാണ്. നിമയസഭാ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ 304 (2)-ൽ പറയുന്നത് സഭയിൽ ഒരു പ്രാവശ്യം വന്ന വിഷയം വീണ്ടും ചർച്ച ചെയ്യാൻ പാടില്ല എന്നാണ്. എന്നാൽ പ്രതിപക്ഷ നേതാവ് തന്ന നോട്ടീസായതു കൊണ്ട് മാത്രമാണ് ഇന്നിവിടെ അനുവദിക്കുന്നത്. പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ആദരവും ബഹുമാനവും നിലനിർത്തിക്കൊണ്ട് ഈ സബ്മിഷൻ അവതരിപ്പിക്കാനുള്ള അനുവാദം നൽകുകയാണ്.

# V സബ്മിഷൻ

## 1. ബാർ കോഴ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സംസ്ഥാന സർക്കാരിന്റെ വിവാദ മദ്യനയത്തിനുപിന്നിലുള്ള കോടികളുടെ അഴിമതി സംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നപ്പോൾ ആരോപണങ്ങൾ സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അടിയന്തര അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് 1-11-2014-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിൻസൺ എം. പോളിന് ഞാൻ കത്ത് നൽകി. ആ കത്തിൽ സൂചിപ്പിച്ചതുപോലെ മന്ത്രിമാരുൾപ്പെട്ട ഗുരുതരമായ അഴിമതിക്കേസ്സുകളിൽ ഉടൻതന്നെ അന്വേഷണം നടത്തണമെന്നും 15 ദിവസത്തിനകം എഫ്.ഐ.ആർ. ഫയൽ ചെയ്യണമെന്നും ഇപ്പോഴത്തെ ഗവർണ്ണർ ജസ്റ്റിസ് പി. സദാശിവം അദ്ധ്യക്ഷനായിരുന്ന സുപ്രീംകോടതി ബഞ്ച് 2013 നവംബർ 12-ന് വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധി കാറ്റിൽപ്പറത്തി ക്കൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി 45 ദിവസത്തെ Quick verification ഉത്തരവ് പുറപ്പെടുവിച്ചു. ഇന്നലെ ബാർകോഴ സംബന്ധിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞ ആഭ്യന്തര വകുപ്പുമന്ത്രി സഭയെ അറിയിച്ചത് സംസ്ഥാനത്തെ വിജിലൻസ്

"കൂട്ടിലടച്ച തത്തയല്ല" എന്നും സ്വതന്ത്രമായി അന്വേഷണം നടത്തുന്ന ഏജൻസിയാണെന്നുമാണ്. എന്നാൽ സത്യമെന്താണ്; ഞാൻ കത്ത് നൽകിയത് വിജിലൻസ് ഡയറക്ടർക്കാണ്. വിജിലൻസിന്റെ ചട്ടപ്രകാരം എന്റെ കത്തിന് മേൽനടപടി സ്വീകരിക്കേണ്ടത് വിജിലൻസ് ഡയറക്ടറാണ്. പക്ഷെ ഇവിടെ വിജിലൻസ് ഡയറക്ടറെ മറികടന്ന് സുപ്രീംകോടതി വിധി കാറ്റിൽ പറത്തിക്കൊണ്ട് Quick verification ഉത്തരവ് നൽകുകയാണ് ആഭ്യന്തര വകുപ്പുമന്ത്രി ചെയ്തത്. ഇതുവഴി അദ്ദേഹം വിജിലൻസിനെ ശരിക്കും 'കൂട്ടിലടച്ച തത്ത' ആക്കിയിരിക്കുക യാണ്. ആരോപണ വിധേയനായ ശ്രീ. കെ. എം മാണിയെ തന്റെ ഇംഗിതത്തി നനുസരിച്ച് രക്ഷിക്കുന്നതിനുള്ള ഗൂഢതന്ത്രമാണ് മന്ത്രി നടത്തിയതെന്നുമാത്രമല്ല, മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രി സത്യസന്ധനാണെന്ന് മുൻകൂട്ടി പ്രഖ്യാപിക്കുകയും ചെയ്തു. ഇതിന്റെ അർത്ഥം Quick verification എന്ന പേരിൽ ശ്രീ. കെ. എം. മാണിയെ രക്ഷിക്കാൻ തെളിവുകൾ നശിപ്പിക്കുന്നതിനും അന്വേഷണം പ്രഹസനമാക്കുന്നതിനുമുള്ള നടപടിയാണ് ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ചതെന്നാണ്. അന്വേഷണം ചില exceptional കേസ്സുകളിൽ ആറാഴ്ചവരെ ആകാമെന്ന സുപ്രീംകോടതി നിരീക്ഷണമാണ് എഫ്.ഐ.ആർ. ഫയലിംഗ് നീട്ടിക്കൊണ്ടുപോകുന്നതിന് കാരണമായി ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞത്. എന്താണ് ഈ കേസ്സിൽ exceptional ആയി ഉള്ളതെന്ന് ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമാക്കണം. Exceptional ഒന്നുമില്ല, സംഗതി 'തുട്ടു വാങ്ങിയ' അളിഞ്ഞ അഴിമതിക്കേസ്സാണ്. സുപ്രീംകോടതി വിധിയനുസരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ എഫ്.ഐ.ആർ. ഫയൽ ചെയ്യേണ്ടതാണ്. അതിന് ആഭ്യന്തര വകുപ്പുമന്ത്രി 'exceptional' എന്ന ഇംഗ്ലീഷ് പദത്തെ ചാരി രക്ഷപ്പെടാൻ നോക്കണ്ട. ശ്രീ. കെ. എം. മാണിയെ രക്ഷിക്കാൻ ആഭ്യന്തര വകുപ്പുമന്ത്രി ഇങ്ങനെ പരിഹാസ്യനാകാതെ ഉടൻ എഫ്.ഐ.ആർ. ഫയൽ ചെയ്ത് അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടതാണ്. അത് ഉടൻ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച എല്ലാ കാര്യത്തിനും ഇന്നലെ ഞാൻ മറുപടി നൽകിയതാണ്. ബാറുകളുടെ നിരോധനം പിൻവലിക്കു ന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് ഒരു കോടി രൂപ കോഴ നൽകിയതായിട്ടുള്ള ഡോ. ബിജുരമേശിന്റെ ആരോപണങ്ങളുടെ അടിസ്ഥാനത്തിലും കോൺഗ്രസ്സ് മന്ത്രിമാരും ഉന്നത നേതാക്കളും കോഴ വാങ്ങിയെന്ന ആരോപണം സംബന്ധിച്ചും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ

കർശന നടപടി സ്വീകരിക്കണമെന്നുമുള്ള പ്രതിപക്ഷനേതാവിന്റെ കത്ത് വിജിലൻസ് ഡയറക്ടർക്കാണ് കൊടുത്തിട്ടുള്ളത്. ആ കത്ത് എനിക്കല്ല നൽകിയത്. Quick verification-ന് ഉത്തരവ് നൽകിയതും വിജിലൻസ് ഡയറക്ടർ തന്നെയാണ്. പത്രക്കാർ ചോദിച്ചപ്പോൾ വിജിലൻസ് ഡയറക്ടർ അന്വേഷത്തിന് ഏർപ്പെടുത്തി യിട്ടുണ്ടെന്ന് പറഞ്ഞതല്ലാതെ ഞാൻ ഇക്കാര്യത്തിൽ ഒരു ഡയറക്ഷനും കൊടുത്തിട്ടില്ല. കത്ത് കൊടുത്തത് ഡയറക്ടർക്ക്, ക്വിക്ക് വെരിഫിക്കേഷന് ഉത്തരവ് കൊടുത്തതും വിജിലൻസ് ഡയറക്ടറാണ്. അതല്ലാതെ ഞാൻ ഒരുത്തരവും ഇതുസംബന്ധിച്ച് കൊടുത്തിട്ടില്ല. ഇന്നലെ പറഞ്ഞത് ഞാൻ തിരുത്തുകയാണ്. അതിന്റെ വസ്തുത ഇതാണ്. പത്രക്കാർ ചോദിച്ചപ്പോൾ വിജിലൻസ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്നുള്ള നിലയിൽ ഞാൻ പറഞ്ഞതാണ്. പക്ഷേ ഉത്തരവ് കൊടുത്തത് വിജിലൻസ് ഡയറക്ടർ തന്നെയാണ്. ഞാൻ ഒരുത്തരവും കൊടുത്തിട്ടില്ല. ഇതിലൊരു കാര്യം മനസ്സിലാക്കേണ്ടത്, വിജിലൻസ് & ആന്റി കറപ്ക്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റ് ഒരു സത്വര അന്വേഷണത്തിന് അപ്പോൾത്തന്നെ ഉത്തരവിട്ട് നടത്തിവരികയാണ്. അഴിമതിയെ സംബന്ധിച്ചുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പരാതിയിൽ നേരിട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാനുള്ള യാതൊരു വസ്തുതയും ആ കത്തിലില്ലായിരുന്നു. ഒരു പത്ര വാർത്തയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഈ പരാതി വിജിലൻസ് ഡയറക്ടർക്ക് കൊടുത്തത്. ആ പരാതിയിൽ ഒരു കേസ്സെടുത്ത് അന്വേഷിക്കേണ്ടതായ വസ്തുതകളൊന്നു മില്ലായിരുന്നു. അതുകൊണ്ടാണ് സത്വര അന്വേഷണത്തിന് ഉത്തരവിട്ടത്. മാത്രമല്ല, ഇപ്പോൾ അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ചുള്ള അന്വേഷണ പുരോഗതി 2-12-2014-ൽ ഈ വിഷയം പരിഗണിക്കുന്ന ഹൈക്കോടതി മുമ്പാകെ അന്വേഷണ ഫയലും സാക്ഷിമൊഴികളും ഒരു സീൽഡ് കവറിൽ വിജിലൻസ് ഹാജരാക്കുന്നതാണ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമോ എന്നുള്ള കാര്യത്തിൽ സത്വര അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കാണ് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ വിജിലൻസ് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. പ്രസ്തുത കോടതി വിധി മറികടന്നുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എക്സപ്ഷണൽ കേസ് എന്താണെന്നുവച്ചാൽ സാക്ഷികളായി വരുന്ന ആളുകൾ നിരന്തരമായി കൂടുതൽ സമയം ചോദിക്കുകയാണ്. അങ്ങനെ ചോദിക്കുമ്പോൾ അവർക്ക് സമയം കൊടുക്കേണ്ടി വരുന്നു. ഈ സാഹചര്യമുള്ളതു കൊണ്ടാണ് സമയം നീണ്ടുപോയത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ആറാഴ്ച എടുക്കാം. മുപ്പത് ദിവസമാണ് ഇപ്പോൾ ആയിട്ടുള്ളത്. എത്രയുംപെട്ടെന്ന് സത്വര അന്വേഷണം പൂർത്തിയാക്കി.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അന്വേഷണം പൂർത്തിയായിട്ടില്ലെങ്കിൽ അത് പൂർത്തിയാകുന്നതിനു മുമ്പേ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും പങ്കെടുത്ത യു.ഡി.എഫ്.-ന്റെ ഉന്നതാധികാര സമിതിയോഗം ശ്രീ. കെ. എം. മാണി നിരപരാധിയാണെന്ന് പ്രഖ്യാപിച്ചില്ലേ? ഈ പ്രഖ്യാപനത്തോടുകൂടി, നിങ്ങൾ രണ്ടുപേരും എടുത്ത തീരുമാനത്തിന് വിരുദ്ധമായി ഏതെങ്കിലും ഒരു വിജിലൻസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർക്ക് കേരളത്തിൽ പ്രവർത്തിക്കാൻ ധൈര്യമുണ്ടാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, യു.ഡി.എഫ്.-ന്റെ ഒരു ഘടകകക്ഷി നേതാവ് എന്നുള്ള നിലയിൽ അദ്ദേഹത്തിന് യു.ഡി.എഫ്. കൂടി പിന്തുണ പ്രഖ്യാപിച്ചതാണ്. പൊളിറ്റിക്കലായി യു.ഡി.എഫ്.-ലെ ഒരു ഘടകകക്ഷി നേതാവിനെതിരെ ഉയർന്നുവന്ന ആരോപണങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് solidarity പ്രഖ്യാപിച്ചതാണ്. അല്ലാതെ കേസ്സന്വേഷണവുമായി ബന്ധപ്പെട്ട ഒരു കാര്യവും യു.ഡി.എഫ്. യോഗം ചർച്ച ചെയ്തിട്ടില്ല. ഇത് പുതിയ കാര്യമല്ല. ലാവ്‌ലിൻ കേസിൽ സി.ബി.ഐ. അന്വേഷണം നടക്കുമ്പോൾ പോളിറ്റ് ബ്യൂറോ കൂടി ശ്രീ. പിണറായി വിജയന് പിന്തുണ പ്രഖ്യാപിച്ചത് എന്തുകൊണ്ടാണ്? സി. ബി. ഐ. അന്വേഷണം വന്നതുകൊണ്ടാണോ.........അത് രാഷ്ട്രീയമാണ്. ......(ബഹളം)..... ഞാൻ അതിനെ തെറ്റായി പറഞ്ഞില്ല. ...........(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയട്ടെ. ...........(ബഹളം)........... നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, പ്ലീസ്....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സി.പി.ഐ. (എം.) കേന്ദ്രഭരണത്തിലില്ല; സി.ബി.ഐ.-യെ സംബന്ധിച്ച ഒരു നിലപാട് സി.പി.ഐ.(എം) അല്ല സ്വീകരിച്ചത്. നിങ്ങളാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. നിങ്ങളുടെ കീഴിലാണ് വിജിലൻസ്. നിങ്ങളാണ് സംസ്ഥാനത്തെ വിജിലൻസ് വകുപ്പുമന്ത്രി. നിങ്ങളാണ് ശ്രീ. കെ. എം. മാണി നിരപരാധിയാണെന്ന് പ്രഖ്യാപിക്കുന്നത്. അങ്ങനെ പ്രഖ്യാപിച്ചുകഴിഞ്ഞാൽ വിജിലൻസ് ഡയറക്ടർക്ക് പ്രവർത്തിക്കാൻ സാധിക്കുമോ? അതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അക്കാര്യം അങ്ങ് മനസ്സിലാക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന സാഹചര്യത്തിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയും പോളിറ്റ് ബ്യൂറോയും കൂടി

ഇക്കാര്യം പ്രഖ്യാപിക്കുന്നത്. ഞാൻ അതിനെ എതിർക്കുന്നില്ല. ...(ബഹളം)........ അത് പൊളിറ്റിക്കലായ......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയുന്നത് ആദ്യം കേൾക്കണം. ...........(ബഹളം)............... ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് ഏത് കാര്യത്തിനും സഭയിൽ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കരുത്. ആ രീതി ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി പറയുകയാണ്. ഏത് കാര്യത്തിനും സഭയിൽ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കാമെന്ന ധാരണ ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ എതിർക്കുന്നില്ല. അതാണ് 'It is the bounden duty of a political party or it is a bounden duty of a political coalition'. അത് മാത്രമാണ് ഇവിടെ നടന്നത്. അല്ലാതെ ക്യാബിനറ്റ് കൂടി ഇക്കാര്യത്തിൽ ഒരു തീരുമാനവുമെടുത്തിട്ടില്ല. ഒരു coalition government എന്ന നിലയിൽ പൊളിറ്റിക്കലായി ഒരു സപ്പോർട്ട് കൊടുത്തതാണ്. ഒരു കാരണവശാലും ഗവൺമെന്റ് ഈ കേസ്സന്വേഷണത്തിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ല, ഇടപെടുന്ന പ്രശ്നവുമുണ്ടാകില്ല. സ്വതന്ത്രവും നീതിപൂർവ്വവുമായ നിലയിൽ വിജിലൻസ് ഈ അന്വേഷണം മുന്നോട്ടുകൊണ്ടുപോകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മന്ത്രി പറയുന്നത് ഇതിൽ സാക്ഷികൾ ആരുംതന്നെ മൊഴിതരാൻ തയ്യാറാകുന്നില്ല എന്നാണ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താണ് അന്വേഷിക്കുന്നതെങ്കിൽ സാക്ഷികൾക്ക് സമൻസ് അയച്ചുകൂടേ? അപ്പോൾ സാക്ഷികൾ വരാൻ നിർബന്ധിതരാകുകയും സാക്ഷികൾക്ക് പറയാനുള്ള കാര്യം വിജിലൻസിന് രേഖപ്പെടുത്താനും സാധിക്കും. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കാത്തതുകൊണ്ട് ഒരു സാക്ഷിയും വരേണ്ട കാര്യമില്ല. ഇവിടെ കേസന്വേഷണം അട്ടിമറിച്ചിരിക്കുകയാണ്. ശ്രീ. കെ. എം. മാണി നിരപരാധി യാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. നിരപരാധിയാണെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഏത് വിജിലൻസ് ഓഫീസറാണ് ഈ കേസ് രജിസ്റ്റർ ചെയ്യുന്നത്? നിങ്ങൾ കൊടുത്ത നിർദ്ദേശപ്രകാരമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തത്. വിജിലൻസ് സ്വതന്ത്രമായി പ്രവർത്തിക്കുന്നില്ല. സ്വതന്ത്രമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ വിജിലൻസ് ഡയറക്ടർ ഇതിനകം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുമായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, വിജിലൻസ് നിഷ്പക്ഷവും നീതിപൂർവ്വവുമായ

നിലയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്ന കാര്യം ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. അന്വേഷണം ഏത് രീതിയിൽ നടക്കണമെന്ന് മന്ത്രി പറയുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ; അങ്ങ് ഈ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ആയിരുന്നില്ലേ? അന്വേഷണ ഉദ്യോഗസ്ഥർ കേസിന്റെ മെറിറ്റനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കും. It is a legal process. ആ ലീഗൽ പ്രോസസ്സിൽ കാര്യങ്ങൾ നടക്കട്ടെ. ഒരു ക്വിക്ക് വെരിഫിക്കേഷനിട്ടുകഴിഞ്ഞാൽ അതിന് സമയമുണ്ട്, അന്വേഷണം നടത്തുക, അതിന് തെളിവുകൾ ശേഖരിക്കുക തുടങ്ങിയ നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങനെയും സാക്ഷികൾ വന്നില്ലെങ്കിൽ നിങ്ങൾ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് അന്വേഷണ ഉദ്യോഗസ്ഥർ തീരുമാനിക്കേണ്ടകാര്യമാണ്, മന്ത്രി തീരുമാനിക്കേണ്ട കാര്യമല്ല. എനിക്ക് പറയാനുള്ളത് ഈ കാര്യത്തിൽ ഒരു അട്ടിമറിയുമുണ്ടായിട്ടില്ല, നിഷ്പക്ഷമായി അന്വേഷണം നടക്കുകയാണ്. കോടതിയുടെ മുമ്പാകെ ഇതിനകംതന്നെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും വിവരങ്ങൾ ആരാഞ്ഞതാണ്. അദ്ദേഹം എന്ത് മറുപടിയാണ് നൽകിയതെന്ന് അദ്ദേഹത്തിനറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇക്കാര്യത്തിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി മുന്നോട്ടുപോകുന്നതാണ്. …….(ബഹളം)…….

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ……(ബഹളം)…….. അങ്ങയുടെ സബ്മിഷൻ ഉന്നയിക്കാം. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ശ്രീ. സണ്ണി ജോസഫും നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷേ ശ്രീ. ജോസഫ് വാഴക്കന് അവതരിപ്പിക്കാവുന്നതാണ്.

## 2. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. ജോസഫ് വാഴക്കൻ: സർ, റബ്ബറിന്റെ കനത്ത വിലത്തകർച്ചമൂലം റബ്ബർ മേഖല അതീവഗുരുതരമായ……….(ബഹളം)………

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ….. പ്ലീസ് …… പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ വിളിച്ചു. …….(ബഹളം)…… എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് റൂളിംഗ് കൊടുക്കാനുള്ള അധികാരം ചെയറിനില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് സംസാരിക്കട്ടെ. ...(ബഹളം).......

ശ്രീ. എ. കെ. ബാലൻ: സർ, മാണിസാർ, നിരപരാധിയാണെന്ന് മുഖ്യമന്ത്രി പറയട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മാണിസാർ രാജിവയ്ക്കണം. രാജിവച്ച ശേഷം അന്വേഷണം നടത്തണം. എഫ്. ഐ. ആർ. ഇടാൻ പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ ഞാനെന്ത് റൂളിംഗാണ് നൽകേണ്ടത്? ഏതിനാണ് റൂളിംഗ്? എഫ്. ഐ. ആർ. ഇടാൻ പറയാൻ ചെയറിന് അധികാരമില്ല.

(പ്രതിപക്ഷാംഗങ്ങൾ ബാർ കോഴ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും സ്പീക്കറുടെ ഡയസ്സിൽ കയറി മൈക്കിലൂടെ മുദ്രാവാക്യം വിളിക്കുകയുമുണ്ടായി.)

മി. ഡെപ്യൂട്ടി സ്പീക്കർ: അകത്തുകയറിയാൽ നടപടിയുണ്ടാകും. ഡയസ്സിനുള്ളിൽ പ്രവേശിച്ചാൽ അംഗങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടിവരും. .......(ബഹളം)....... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. ...... (ബഹളം)........ സഭാനടപടികൾ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.55-ന് സഭ നിർത്തിവക്കുകയും. ഉച്ചയ്ക്കുശേഷം 12.25-ന് പുനരാരംഭിക്കുകയും ചെയ്തു.)

# VI **അറിയിപ്പ്**

## സഭയ്ക്കുള്ളിലെ അംഗങ്ങളുടെ മോശമായ പെരുമാറ്റം

മി. ഡെപ്യൂട്ടി സ്പീക്കർ: വളരെ നിർഭാഗ്യകരമായ സംഭവങ്ങളാണ് സഭയിൽ ഇന്ന് നടന്നത്. ഈ വിഷയം സംബന്ധിച്ച് ചെയർ ഭരണ-പ്രതിപക്ഷ കക്ഷികളുമായി സംസാരിച്ചെങ്കിലും യോജിച്ച ഒരു തീരുമാനമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച ചെയറിന്റെ അഭിപ്രായം ആദ്യം രേഖപ്പെടുത്തുകയാണ്.

ഇന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്നപ്പോഴുണ്ടായ സംഭവങ്ങൾ വളരെ

ദൗർഭാഗ്യകരമാണ്. സർവ്വശ്രീ വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നിവരും മറ്റ് ചില അംഗങ്ങളും സ്പീക്കറുടെ ഡയസ്സിൽ കയറുകയും ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ശ്രീ. വി. ശിവൻകുട്ടി ചെയറിന്റെ മൈക്ക് പിടിച്ച് വലിക്കുകയും പ്രസ്തുത മൈക്കിലൂടെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. അംഗങ്ങളുടെ ഈ പെരുമാറ്റം നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവും സഭയോടുള്ള കടുത്ത അനാദരവും ഗുരുതരമായ അച്ചടക്കലംഘനവുമാണ്. എന്തൊക്കെ പ്രകോപനങ്ങളുണ്ടായാലും വാച്ച് ആന്റ് വാർഡിനെ സഭയിലേയ്ക്ക് വിളിക്കരുതെന്ന സഭാദ്ധ്യക്ഷന്റെ തീരുമാനം കഴിഞ്ഞ 3 വർഷമായി പാലിച്ചുവരികയാണ്. ഇതൊരു ബലഹീനതയായി ബഹുമാനപ്പെട്ട ചില അംഗങ്ങൾ കണ്ടുവെന്ന് ഇന്നത്തെ സംഭവങ്ങൾ സൂചിപ്പിക്കുന്നു. സഭയുടെ ഉന്നതമായ അന്തസ്സ് നിലനിർത്തുന്നതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു. ദൗർഭാഗ്യകരമായ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് എല്ലാ കക്ഷിനേതാക്കന്മാരോടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ഇന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്ന സമയത്ത് സർവ്വശ്രീ വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ കയറുകയും മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. അങ്ങ് സൂചിപ്പിച്ചതുപോലെ, ശ്രീ. വി. ശിവൻകുട്ടി, ഡെപ്യൂട്ടി സ്പീക്കറുടെ മൈക്ക് പിടിച്ചുവലിക്കുകയും അതിലൂടെ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ അലങ്കോലപ്പെടുത്തുകയുമുണ്ടായി. മേൽപ്പറഞ്ഞ അംഗങ്ങളുടെ നടപടി സഭയോടുള്ള കടുത്ത അനാദരവും അച്ചടക്കലംഘനവുമാണ്. നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായതിനാൽ കടുത്ത അച്ചടക്കലംഘനം നടത്തിയ ശ്രീ. വി. ശിവൻകുട്ടിയെ ഇന്ന് സഭ പിരിയുന്നതുവരെ സഭയിൽനിന്നും സസ്പെന്റ് ചെയ്യണമെന്നും സർവ്വശ്രീ ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങളെ കർശനമായി താക്കീത് ചെയ്യണമെന്നുമുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ

പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

# VII റിപ്പോർട്ട് സമർപ്പണം

## കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ 18-ാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ 18-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതിയുടെ ചെയർമാനായ ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ഇന്നത്തെ എല്ലാ സബ്മിഷനുകളും റദ്ദാക്കുന്നു. സബ്മിഷനുകൾക്കുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ അതാത് അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

# IX നിയമനിർമ്മാണകാര്യം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 1. 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിയമവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിയമവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

### 2. 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(ശ്രീ. കെ. പി. മോഹനൻ): സർ, 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 3-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.32-ന് പിരിഞ്ഞു.)